- *This book is translated in Malayalam with due permission of the publishers (ipi). As per the agreement with the publishers we can only make copies of parts of the book  and not the entire book.*

ഡഗ്ളസ് ജക്കോബി

# ആത്മാവ്

ആത്മാവിന്റെ പ്രവർത്തനം
ശിഷ്യന്മാരുടെ ജീവിതത്തിൽ

# കൃപാർപ്പണം

ഒരു പുസ്തകമെഴുതുന്നത് വലിയ ഉദ്യോഗം ഉളവാക്കുന്ന ഒന്നാണ്. നൂറുകണക്കിന് ആളുകളുടെ കൂട്ടായ പ്രയത്നമില്ലാതെ അതു സാദ്ധ്യമാവില്ല - പ്രത്യേകിച്ച് ഈ പുസ്തകത്തിന്റെ കാര്യത്തിൽ. ഞാൻ കടപ്പെട്ടിരിക്കുന്ന കുറച്ചു പേരുകൾ അക്കൂട്ടത്തിൽ നിന്നും ഇവിടെ കുറിക്കുന്നു.

ടോം ജോൺസിന്റെയും ഡിപിഐ കുടുംബത്തിന്റെയും (ഷീലാ ജോൺസ്, കിം ഹാൻസൻ, ലാറി വുഡ്, ക്രിസ് കോസ്റ്റല്ലോ, ചാഡ് ക്രോസ്‌ലാന്റ്...) നിരന്തരമായ കഠിനാധ്വാനവും കഴിവുകളും ഇതു യാഥാർത്ഥ്യമാവാൻ കാരണമായുണ്ട്.

ക്രിസ്തീയ ശുശ്രൂഷയിൽ എന്നെ വളർത്തിക്കൊണ്ടു വന്നവരുടെ സർവ്വാത്മനായുള്ള കൂട്ടായ്മ എന്റെകൂടെയുണ്ട്, ഇതെല്ലാം പഠിക്കാനും പഠിപ്പിക്കാനും എഴുതാനുമെല്ലാം അവർ അനുവദിച്ചു (പ്രത്യകിച്ച് ആർതർ കുടുംബവും ബേർഡ് കുടുംബവുമെല്ലാം).

സഹഎഴുത്തുകാരുടെയും സുഹൃത്തുക്കളുടെയും നിരന്തര പ്രോത്സാഹനമാണ് അടുത്തത് (ഗോർഡൻ ഫെർഗൂസൻ, സാം ലെയ്ങ്ങ്, മാർടി വൂട്ടൻ, സ്റ്റീവ് കിന്നാർഡ് തുടങ്ങി അനേകം പേർ). ഞാനായിരുന്ന സഭയും വളരെ ശുഷ്കാന്തിയോടെ എന്റെ കൂടെയുണ്ടായിരുന്നു (മൈക് ഫോൺട്നോട്ടും ടെറിയും, ജിം ബ്ലോവും ഡോണയും, ക്ലെയ്ടൻ വാക്കറും ജീനും മറ്റെല്ലാ മുഴുവൻ സമയ പ്രവർത്തകരും).

അനേക വർഷങ്ങളായി ഞാൻ പഠിപ്പിച്ചുകൊണ്ടിരുന്നവരുടെ നിരന്തരമായ പ്രതികരണങ്ങളും എന്നെ ധാരാളമായി സഹായിച്ചുണ്ട് - ദൈവശാസ്ത്രപരമായി കൂടുതൽ പക്വതപ്രാപിക്കാനും, എഴുത്തുകാരനെന്ന നിലയിൽ കൂടുതൽ നന്നാകാനും.

മുകളിൽ പറഞ്ഞവരോടുള്ള കടപ്പാടുകൾ പറഞ്ഞറിയിക്കാൻ വയ്യാത്തതാണെങ്കിലും അതിനെല്ലാം ഉപരിയായി ഞാൻ കടപ്പെട്ടിരിക്കുന്നത് എന്നെ മനസ്സിലാക്കാനും എനിക്ക് ഇടം തരാനും ഹൃദയവിശാലത കാണിച്ച എന്റെ കുടുംബത്തോടാണ്, പ്രത്യേകിച്ച് ഭാര്യ വിക്കിയോട്.

ഈ പ്രക്രിയയിൽ ഭാഗഭാക്കായ അനേകരുള്ളതിനാൽ സകല പുകഴ്ചയും അംഗീകാരവും അവരുമായി പങ്കുവയ്ക്കപ്പെടേണ്ടവയാണ്, എനിക്കുള്ളതല്ല. ഒരു ശിശുവിനെ വളർത്തുന്നതിൻ ഒരു ഗ്രാമം തന്നെ വേണമെന്നുള്ളതുപോലെ, ഒരു പുസ്തകം ഉരുവാകുന്നതിന് ആലോചനയോടുകൂടിയുള്ള ഒരു പറ്റം കൂട്ടുകാരുടെ കൂട്ടായ്മ ആവശ്യമായുണ്ട്.

# ആമുഖം

ദൈവത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ ഏറ്റവും കൂടുതൽ തെറ്റിധാരണ പരന്നിരിക്കുന്നത് പരിശുദ്ധാത്മാവിനെക്കുറിച്ചുള്ളതിലാണ്. ദൈവീകവഴികൾ മനസ്സിലാക്കാനുള്ള താത്പര്യം പോലെതന്നെ പരിശുദ്ധാത്മാവിന്റെ വഴികളെക്കുറിച്ചു മനസ്സിലാക്കാനുള്ള താത്പര്യം ക്രിസ്ത്യാനികൾക്കുണ്ട് - കാരണം ഇതു രണ്ടും ഒന്നുതന്നെയാണ്. പരിശുദ്ധാത്മാവു നമ്മുടെ ജീവിതത്തിൽ അനുദിനം പ്രവർത്തിക്കുന്നതിനെക്കുറിച്ച് ആയിരക്കണക്കിനു പുസ്തകങ്ങൾ എഴുതപ്പെട്ടിട്ടുണ്ട് - തെറ്റും ശരിയും വ്യത്യസ്ത അളവുകളിൽ ഇവയിലെല്ലാം ഇടകലർന്നു കാണുന്നു. പിന്നെ എന്തിന് ഒരു പുസ്തകം കൂടി?

ഈ വിഷയം സമയബന്ധിതമായ ഒന്നല്ല എന്നതാണ് ഒരു കാര്യം. ആത്മാവിനെക്കുറിച്ച് കൂടുതലായി എഴുതാനോ വായിക്കാനോ നമുക്കു കഴിയില്ല. എളുപ്പം തൃപ്തിപ്പെടുത്താൻ കഴിയുന്നതിലുമുപരിയായ ഒരു താത്പര്യം ആത്മാവിനെ സംബന്ധിച്ച് ഇന്നു നിലവിലുണ്ട്. അതിനാലാണ് ഈ പുസ്തകം നിങ്ങൾ വായിക്കുന്നത്. യഥാർത്ഥത്തിലുള്ള ആത്മീയാനുഭവങ്ങൾ നമുക്കുണ്ടാകണമെന്ന് നാം ആശിക്കുന്നു. നിരാശരാകാനോ, മതാധിഷ്ടിതമായ ഉപായങ്ങളാൽ തെറ്റിധരിപ്പിക്കപ്പെടാനോ, മനഃശാസ്ത്ര പ്രചോദിതമായ രീതികളാൽ ആകർഷിക്കപ്പെടാനോ നാം ആഗ്രഹിക്കുന്നില്ല. കള്ളനാണയങ്ങളുടെ കുത്തൊഴുക്കിൽ യഥാർത്ഥത്തിലുള്ള ഒന്നിനെ കണ്ടെത്താൻ കഴിയുകയെന്നത് ദുഷ്കരമായ ഒരു പ്രക്രിയയതന്നെയാണ്.

നിങ്ങളുടെ ആഗ്രഹം സഫലീകരിക്കപ്പെടാതിരിക്കില്ല എന്നതാണ് സദ്വാർത്ത. പരിശുദ്ധാത്മാവിനെകുറിച്ചുള്ള സത്യവും, നിങ്ങളുടെ ജീവിതത്തിൽ പ്രവർത്തിക്കുന്ന ദൈവത്തിന്റെ ശക്തിയും നിങ്ങൾക്കു മനസ്സിലാക്കാൻ കഴിയും. പ്രകടമായ ആത്മീയ വളർച്ച നിങ്ങളുടെ ജീവിതത്തിൽ ഉണ്ടാകുന്നതു കാണാൻ നിങ്ങൾക്കു സാധിക്കും - പ്രയത്നിക്കാൻ നിങ്ങൾ തത്പരരാണെങ്കിൽ. ദൈവജ്ഞാനത്തിന്റെ ഖനിയിലേക്കു ആഴത്തിൽ ഇറങ്ങിച്ചെല്ലാനുള്ള ക്ഷമ നിങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകണം - നിങ്ങൾ തയ്യാറാണോ?

ക്രിസ്തീയ പുസ്തകശാലകളിൽ കുമിഞ്ഞു കൂടുന്ന തെറ്റായ ഉപദേശങ്ങൾ ഈ പുസ്തകമെഴുതുന്നതിനു മറ്റൊരു പ്രേരണയാണ്. ആത്മീയസ്ഥിരതയില്ലാത്ത (2 പത്രോസ് 3:16) ആളുകളെ വശീകരിക്കാൻ കഴിയുന്ന ന്യായീകരണങ്ങളും വിശദീകരണങ്ങളുമായി, തലയുമായി സകലബന്ധവും വിച്ഛേദിക്കപ്പെട്ടവരിൽ (കൊലോസ്യർ 2:19) തീ പടർത്തുന്നവയാണ് അത്തരം ഉപദേശങ്ങൾ. ആത്മാവിനെക്കുറിച്ചുള്ള തെറ്റും ശരിയും നമുക്കു മനസ്സിലാക്കിയെടുക്കാൻ കഴിയും എന്നത് ഒരു വലിയ കാര്യമാണ്. ദൈവവചനത്തെ ശരിയായ വിധത്തിൽ കൈകാര്യം ചെയ്യുന്നതിലൂടെ മാത്രമേ തെറ്റിൽ നിന്നും ശരിയെ വേർതിരിക്കാൻ നമുക്കു കഴിയുകയുള്ളൂ - കൃത്യതയോടും, ഭക്തിയോടും, സ്ഥിരതയോടും കൂടെ ദൈവവചനം കൈകാര്യം ചെയ്യുമ്പോൾ. മാംസേച്ഛകളെ പൂർത്തിവരുത്തുകയും, ആത്മാവിനെ കൃത്രിമമായി രുചിവർദ്ധിപ്പിച്ച പോഷകാംശമില്ലാത്ത കുറച്ചു ഭക്ഷണത്താൽ മാറ്റിനിറുത്തുകയും ചെയ്യാനുള്ള പ്രവണതകളെ ശക്തമായി നാം പരിത്യജിക്കണം.

വ്യക്തിപരമായി പരിശുദ്ധാത്മാവിൽ എനിക്കുള്ള താത്പര്യമാണ് ഈ പുസ്തകമെഴുതാനുള്ള മറ്റൊരു പ്രചോദനം. ശൈശവദശയിൽ കേട്ടു വളർന്നതും, പിന്നീട് കരിസ്മാറ്റിക് പ്രസ്ഥാനങ്ങളിലൂടെ അനുഭവിച്ചതും, അതിനുശേഷം വചനം സൂക്ഷ്മമായി പരിശോധിച്ചു പഠിച്ചും പഠിപ്പിച്ചും ചിലവഴിച്ച ഇരുപതോളം വർഷങ്ങളും എന്റെ മനസ്സിൽ നിരവധിയായ ചോദ്യങ്ങളും അവയ്ക്കുമറുപടികണ്ടെത്താനുള്ള തൃഷ്ണയും നിറയ്ക്കുകയായിരുന്നു - ഒരു പക്ഷേ, ഈ പുസ്തകം വായിക്കുന്ന നിങ്ങളാരെക്കാളും അനേകമിരട്ടി ചോദ്യങ്ങൾ. വേദപുസ്തകത്തിൽ നിന്നും ഞാൻ പഠിച്ചതും, എനിക്കുണ്ടായ അനുഭവങ്ങളുമെല്ലാം ഈ പുസ്തകത്തിൽ ഞാൻ പങ്കു വയ്ക്കുന്നുണ്ട്.

നമ്മിലുള്ള ആത്മീയവിശപ്പ് വലുതാണ്. ധൃതിയിൽ ലഭ്യമാകുന്ന, രുചിമുകുളങ്ങളെമാത്രം സന്തോഷിപ്പിക്കുന്ന ആകർഷകമായ ഭക്ഷണത്തിനു പിന്നാലെ പോയി ആ വിശപ്പു നശിപ്പിക്കാതെ, ദൈവം ധാരാളമായി നൽകുന്ന ആരോഗ്യപ്രദമായ ഖരഭക്ഷണം നമുക്കു സ്ഥിരമായി ഭക്ഷിക്കാം - ആദ്യം പാൽ കുടിച്ചു ശക്തിപ്പെട്ടിട്ട്.

## ആദ്യമായിട്ടെന്ന രീതിയിൽ വചനത്തെ പരിശോധിക്കുന്നത്

വചനം പഠിപ്പിക്കുന്നകാര്യങ്ങൾ എന്താണെന്നു മനസ്സിലാക്കാൻ ശ്രമിക്കാതെ, അവർ മുൻകൂട്ടി ധരിച്ചുവച്ചിരിക്കുന്ന കാര്യങ്ങൾ സ്ഥിരപ്പെടുത്താനും അവയ്ക്കുതകുന്ന വാദമുനകൾ കണ്ടെത്താനും അവരുടെ അറിവിനു മൂർച്ചകൂട്ടാനുമൊക്കെയായി ചിൽ ബൈബിൾ വായിക്കുകയും പഠിക്കുകയും

ചെയ്യാറുണ്ട്. വില്ല്യം ജെയിംസ് ഇപ്രകാരം പറഞ്ഞിരിക്കുന്നു: ഒരു വലിയ വിഭാഗം ആളുകൾ തങ്ങൾ ചിന്തിക്കുന്നുവെന്നു ചിന്തിക്കുമ്പോൾ വാസ്തവത്തിൽ ചെയ്യുന്നത് അവരുടെ മുൻധാരണകളെ ഒരു രീതിയിൽനിന്നും മാറ്റി മറ്റൊരു രീതിയിൽ കൂട്ടിയിണക്കുകയാണ്. ഞാനടക്കം ആർക്കുംതന്നെ മുൻധാരണകളോ മുൻവിധിയോ ഇല്ലാതെയില്ല. എന്നാൽ പരിശുദ്ധാത്മാവിന്റെയടുത്ത് എളിമയുള്ള ഒരു ഹൃദയത്തോടുകൂടി പുതുതായി സമീപിക്കാൻ നമുക്കു കഴിയും.

ഇതുവായിക്കുന്ന നിങ്ങൾ, മുൻധാരണകളെ കഴിവതും മാറ്റിനിർത്തുക. ഈ പുസ്തകത്തിലെ ചിലനിലപാടുകൾ നിങ്ങളെ ആനന്ദിപ്പിക്കുന്നതും അറിവുനൽകുന്നതുമായിരിക്കാം, എന്നാൽ ചിലനില പാടുകൾ ആശങ്കയുളവാക്കുന്നതും ആശയക്കുഴപ്പമുണ്ടാക്കുന്നതുമാകാം. എന്നാൽ, ഒരു പുതിയ മനസ്സോടെ ഈ പുസ്തകത്തെ സമീപിക്കാൻ മാത്രമാണ് ഞാൻ ആവശ്യപ്പെടുന്നത്.

ഈ വിഷയത്തെക്കുറിച്ച് നിങ്ങൾ ഒരു തീരുമാനമെടുത്തു കഴിഞ്ഞുവെങ്കിൽ ദയവായി ഈ പുസ്തകം വായിക്കരുത്. നിങ്ങൾക്കു സമയലാഭമാകും, ഈ പുസ്തകം മറ്റാർക്കെങ്കിലും പ്രയോജനപ്പെടുകയുമാകും. എന്നിരുന്നാലും വായിക്കുക, പര്യാലോചിക്കുക അതുവഴി പുതുക്കം പ്രാപിക്കുകയും ചെയ്യുക.

## പുസ്തകത്തിന്റെ ഒഴുക്ക്

ഒന്നാം ഭാഗത്ത്, നമ്മുടെ അനുദിന ജീവിതത്തിലുള്ള ആത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ചു പ്രതിപാദിക്കുന്നു, അതിന്റെ പ്രായോഗികതലത്തിലൂടെയാണ് പതിനാല് അദ്ധ്യായങ്ങളും കടന്നുപോകുന്നത്. രണ്ടാമത്തെ ഭാഗത്ത്, കൂടുതൽ സാങ്കേതികമായ കാര്യങ്ങളാണ് പ്രതിപാദ്യവിഷയമാക്കുന്നത്. അത്ഭുതങ്ങളോടുള്ള ആധുനിക സമൂഹത്തിന്റെ താത്പര്യവും, നവപെന്തക്കോസ്തുവൃത്തങ്ങളിൽ അതിനുള്ള സ്വാധീനവുമെല്ലാം. ചോദ്യങ്ങൾക്കുള്ള ഉത്തരമായിട്ടാണ് ഈ ഭാഗം എഴുതി തുടങ്ങിയത്, പിന്നീട് അത് അദ്ധ്യായ രൂപത്തിലാക്കി.

പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള അന്തിമ വാക്കാണ് ഈ പുസ്തകമെന്നു കരുതാൻ നിർവ്വാഹമില്ല. ചോദിക്കാൻ സാദ്ധ്യതയുള്ള എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടിയും ഈ പുസ്തകത്തിലില്ല. ദൈവത്തെക്കുറിച്ചും ദൈവസ്നേഹത്തെക്കുറിച്ചും നമുക്കു മനസ്സിലാക്കാൻ സാധിക്കാവുന്നതിന്റെ അപ്പുറം പരിശുദ്ധാത്മാവിനെക്കുറിച്ചു മനസ്സിലാക്കാൻ നമുക്കു കഴിയില്ല (എഫേസ്യർ 3:19). നമുക്കു മനസ്സിലാക്കാൻ കഴിയുന്നതിനേക്കാൾ ഏറെ കാര്യങ്ങൾ നമുക്കായി വെളിപ്പെടുത്തിയിരിക്കുന്നവനാണു ദൈവം. ആ സത്യത്തിന്റെ ആഴത്തിലേക്കു നമുക്കു പോകാൻ ഈ പുസ്തകം നമ്മെസഹായിക്കട്ടെ എന്നതാണ് എന്റെ പ്രാർത്ഥന. നമുക്ക് നേരേ പുസ്തകത്തിലേക്കു പോകാം.

ഡഗ്ലസ് ജെക്കോബി
ഷെവി ചേസ്, മേരിലാന്റ്
ജനുവരി 1998

# ഉള്ളടക്കം


## ഭാഗം 1: ജീവൻ നൽകുന്ന ആത്മാവ്

### ഉള്ളിൽനിന്നും പുറത്തേക്ക്

1. ആത്മനിറവുള്ള ഒരു വ്യക്തിയാണോ ഞാൻ? ..... 11
*(എന്നെ നിയന്ത്രിക്കുന്നത് എന്താണ്?)*

2. പരിശുദ്ധാത്മാവുമായുള്ള കൂട്ടായ്മ *(ഇതൊരു ബന്ധമാണ്.)* ..... 15

3. ശക്തിയുടെ ആത്മാവ് ..... 19
*(ശക്തനായ ഒരു മനുഷ്യനാകുന്നതിനായി - ഉള്ളിൽ നിന്നും).*

4. സ്നേഹത്തിന്റെ ആത്മാവ് ..... 23
*(സ്നേഹമുള്ള ഒരു മനുഷ്യനാകുന്നതിനായി - ഉള്ളിൽ നിന്നും)*

5. ആത്മനിയന്ത്രണത്തിന്റെ ആത്മാവ് ..... 29
*(കൂടുതൽ സംയമനമുള്ള ഒരു മനുഷ്യനാകുന്നതിനായി - ഉള്ളിൽ നിന്നും)*

6. ഞാനാണോ എന്റെ വളർച്ചയ്ക്കു തടസ്സം? ..... 34
*(സ്വഭാവത്തിലുള്ള മാറ്റം - ഉള്ളിൽ നിന്നും)*

### വരങ്ങളും കൃപയും നായകത്വവും

7. ഉപകരണങ്ങളടങ്ങിയ പെട്ടി തുറക്കാം *(ആത്മാവിന്റെ വരങ്ങൾ)* ..... *39*

8. ദശലക്ഷം കോടിരൂപയുടെ ഇൻഷുറൻസ് ..... 46
*(കൃപയെക്കുറിച്ചും ഉറപ്പിനെക്കുറിച്ചുമുള്ള വചനവാഗ്ദാനങ്ങൾ)*

9. ആത്മാവിനാൽ നയിക്കപ്പെടൽ ..... 52
*(ശിഷ്യരുടെ ജീവിതത്തിൽ അതെപ്രകാരമാണ്?)*

### തെറ്റായപ്രവർത്തനവും പ്രവർത്തനമില്ലായ്മയും

10. അസംബന്ധമല്ല! ഒരിക്കലും ..... 63
*(അന്ധവിശ്വാസത്താൽ നിറഞ്ഞവരുടെ മനഃസ്ഥിതി)*

11. ദൈവവുമായി ഒരു ഹോട്ട്ലൈൻ? ..... 70
*(ദൈവീകം? മാനസീകം? സാത്താനിലധിഷ്ഠിതം?)*

### സമ്പൂർണ്ണമാറ്റത്തിലേക്ക്

12. ശരിയായ തീക്ഷ്ണത *(പരിശുദ്ധ ആത്മാവ്)* ..... *81*

13. ആത്മാവു നിർബന്ധിക്കുന്നു ..... 85
*(നമ്മുടെ ജീവിതകാലത്തുതന്നെ ലോകമെങ്ങും സുവിശേഷമറിയിക്കാനായി)*

14. പടിഞ്ഞാറിന്റെ ആത്മാവ് *(ഉപഭോക്തൃസംസ്കാരമെന്ന ശാപം)* ..... *91*

15. ആത്മാവിലുള്ള സ്വാതന്ത്ര്യം ..... 101
*(ശരിയായ സ്വാതന്ത്ര്യവും തെറ്റായ സ്വാതന്ത്ര്യവും)*

## ഭാഗം 2:
## തെറ്റിധാരണകളുടെ കുരുക്കഴിക്കൽ


16. അത്ഭുതങ്ങൾ ഇന്ന്? ..... 105
*(ഉള്ളകാര്യം പറഞ്ഞാൽ...)*

17. സൂര്യനുകീഴെ ഒന്നും പുതിയതല്ല ..... 112
*(ക്രിസ്തീയതയ്ക്കു പുറത്തുള്ള അത്ഭുതങ്ങൾ)*

18. അപ്പസ്തോലപ്രവർത്തികളിലെ അത്ഭുതങ്ങൾ ..... 118
*(ചരിത്രവും താളവും കാരണവും)*

19. വചനത്തിന്റെ സ്ഥിരീകരണം ..... 126
*(അത്ഭുതങ്ങളുടെ വചനാനുസൃതമായ ഉദ്ദേശ്യം)*

20. അപ്പസ്തോലകരം *(അത്ഭുതവരങ്ങളുടെ കൈമാറ്റം)* ..... 132

21. വേറെയൊരു അടയാളവും നല്കപ്പെടുകയില്ല! ..... 136
*(അത്ഭുതകരമായവയെ തരം താഴ്ത്തിപ്പറയുന്ന യേശു)*

22. മാലാഖമാരുടെയും മനുഷ്യരുടെയും ..... 142
*(ഭാഷകളെക്കുറിച്ചുള്ള ചോദ്യങ്ങൾ)*

23. തെറ്റു തിരുത്തൽ, മാർഗ്ഗനിർദ്ദേശമല്ല ..... 150
*(1 കൊരിന്ത്യർ 12-14 അദ്ധ്യായങ്ങൾ)*

24. ഊഷ്മളവും അവ്യക്തവുമായ ഒരു തോന്നൽ ..... 167
*(പരിശുദ്ധാത്മാവിലുള്ള സ്നാനം)*

25. അക്ഷന്തവ്യമായ പാപം? ..... 178
*(ആർക്കാണു രക്ഷപ്രാപിപ്പാൻ കഴിയുക?)*

26. നിങ്ങൾ അറിയാൻ ആഗ്രഹിച്ചിരുന്നവ - 1 ..... 181
*(പ്രയാസകരമായ ചോദ്യങ്ങൾ)*

27. നിങ്ങൾ അറിയാൻ ആഗ്രഹിച്ചിരുന്നവ - 2 ..... 188
*(പ്രയാസകരമായ വേദഭാഗങ്ങൾ)*

28. പ്രേതപ്പിടുത്തക്കാർ ..... 196
*(ആത്മാവും മന്ത്രതന്ത്രങ്ങളും)*

# ഭാഗം 1
# ജീവൻ നൽകുന്ന ആത്മാവ്

## അകത്തുനിന്നു പുറത്തേക്ക്

ഉള്ളിൽവ്യാപരിച്ചു പുറത്തേക്കു പകരുന്ന സ്ഥായിയായ ഒരു ജീവിതമാറ്റം നമ്മിലുണ്ടാകാൻ വേണ്ടിയാണ് ദൈവം നമുക്കു പരിശുദ്ധാത്മാവിനെ നൽകിയത്. പെരുമാറ്റത്തിലുള്ള ചില പരിഷ്കരണം മാത്രം പോരാ. മറ്റുള്ളവരുടെ മുന്നിൽ നാം എന്തുചെയ്യുന്നു എന്നതിനെ അടിസ്ഥാനപ്പെടുത്തിയല്ല പകരം ഉള്ളിൽ നാം എന്താണ് എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് ക്രിസ്തീയതയെ വിലയിരുത്തുന്നത്. അകം ശുദ്ധമാകുമ്പോൾ പുറവും ശുദ്ധമാകപ്പെടും (മത്തായി 23:26).

യേശുക്രിസ്തുവിന്റെ ശിഷ്യനാകുന്ന ഒരുവ്യക്തിയുടെ ജീവിതത്തിന്റെ ഭാഗമായി ഉണ്ടാകേണ്ട പ്രകടമായ മാറ്റങ്ങളെ എടുത്തുകാണിക്കുക എന്നതാണ് ഈ ഭാഗത്തിന്റെ ലക്ഷ്യം.

**അദ്ധ്യായം 1**

# ആത്മനിറവുള്ള ഒരുവ്യക്തിയാണോ ഞാൻ?

## എന്നെ നിയന്ത്രിക്കുന്നത് എന്താണ്?

ടെലിവിഷൻ മുതൽ വീടുവാതിൽവരെ റിമോട് കൺട്രോളുപയോഗിച്ചു നിയന്ത്രിക്കുന്ന ഈ കാലഘട്ടത്തിൽ, നിയന്ത്രണമെന്ന വാക്കിന്റെ വിവിധതലങ്ങളെക്കുറിച്ച് നമുക്കുള്ള അവബോധം കുറേ യേറെയാണ്. എന്നാലും ഒരുവ്യക്തിയെന്ന നിലയിൽ നമ്മെ ആരെങ്കിലും നിയന്ത്രണവിധേയമാക്കു ന്നത് ഇപ്പോഴും എപ്പോഴും നമുക്ക് അരോചകമായ കാര്യം തന്നെയാണ്. കുത്തഴിഞ്ഞ ലൈംഗിക ജീവിതവും, ദ്രവ്യത്തിന്റെയും മദ്യത്തിന്റെയും ഉപയോഗവും, സാമ്പത്തിക ദുരുപയോഗവുമെല്ലാം നമ്മിൽ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കപ്പെടുവാൻ ഇടയായിത്തീരുന്നു; ഭീകരവാദവും, അഴിമതി യും, ദുർഭരണവുമെല്ലാം നമ്മുടെ രാഷ്ട്രത്തിന്മേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ഇട വരുത്തുന്നതുപോലെ.

നാം ഒറ്റയ്ക്കും നമ്മുടെ മുൻ തലമുറ കൂട്ടമായും വിതച്ചത് ഇപ്പോൾ നാം കൊയ്തു കൂട്ടുക യാണ്. സുവിശേഷത്തിന്റെ ഇപ്പോഴത്തെ മുഖ്യ എതിരാളി ആത്മാർത്ഥത കൈമോശം വന്ന ആളു കൾ തന്നെയാണ്. നമ്മെ നിരാശപ്പെടുത്താത്ത മുഖങ്ങൾ ഇപ്പോഴില്ല - നായകരും, രാഷ്ട്രനേതാക്ക ളും, കലാ കായിക രംഗത്തെ താരങ്ങളുമെല്ലാം നമുക്ക് സത്യസന്ധതയുടെ കാര്യത്തിൽ നിരാശ മാത്രം നൽകുന്നവരാണ്. സത്യം എന്താണ് എന്നതിനേക്കാൾ സത്യമെന്തായാലും അതുകൊണ്ടെന്തു പ്രയോജനം എന്ന ചോദ്യമാണ് ഇന്നിന്റെ പ്രസക്തി.

ഒരു സമൂഹമെന്ന നിലയിൽ നാം എത്രമാത്രം അനുഭവങ്ങളിൽ നിന്നും പാഠങ്ങൾ പഠിച്ചവ രാണ് എന്നത് തർക്കവിഷയമായേക്കാം, എങ്കിലും മാറിമാറി വരുന്ന കാഴ്ചപ്പാടുകളിൽ നിന്നും നാം പഠിച്ചെടുക്കുന്ന ഏകകാര്യം വേറെ ആരിലും വിശ്വസിക്കരുത് എന്നതാകാൻ സാദ്ധ്യത വളരെയേറെ യാണ്. നിയന്ത്രിക്കപ്പെടുകയെന്നതു നമ്മിലുണ്ടാക്കുന്നത് അസന്തുഷ്ടിയാണെങ്കിലും, നിയന്ത്രണങ്ങ ളില്ലാത്ത ജീവിതം നയിക്കാൻ ആരാലും കഴിയില്ല എന്നതാണ് ഇതിലെ വിരോധാഭാസം. ഒരുവൻ ഏതിൽ പരാജയപ്പെടുന്നുവോ അതിന് അവൻ അടിമപ്പെട്ടിരിക്കുന്നു (2 പത്രോസ് 2:19) എന്നു അപ്പ സ്തോലൻ പറഞ്ഞിരിക്കുന്നുവല്ലോ!(1) എന്തെങ്കിലുമൊന്നിന്റെ നിയന്ത്രണത്തിലാണു നാമോരുത്ത രും - ഭയത്തിന്റെയോ, കുടുംബ ബന്ധങ്ങളുടെയോ, ജീവിതപങ്കാളിയുടെയോ, കടക്കാരുടെയോ, മദ്യത്തിന്റെയോ, പണത്തിന്റെയോ ഒക്കെ. നമ്മിൽ നിറഞ്ഞിരിക്കുന്നത് എന്താണോ അതാണു നമ്മെ നിയന്ത്രിക്കുന്നതും നമ്മുടെ പെരുമാറ്റങ്ങളെ നിർവ്വചിക്കുന്നതും. നിങ്ങളിൽ നിറഞ്ഞിരിക്കുന്നതെ ന്താണ്?

### അതൊരു ദ്രാവകമാണോ?

അഭിഷേകം ചെയ്യുന്ന ഒന്നാണെങ്കിലും (അപ്പ 2:17), ജലത്തോടു പലതവണ സാമ്യപ്പെടുത്തി യിട്ടുണ്ടെങ്കിലും (യോഹന്നാൻ 7:38-39) ആത്മാവ് ഒരു ദ്രാവകമല്ല. പ്രാർത്ഥനയിൽ മുഴുകുമ്പോഴോ അല്ലെങ്കിൽ സഭയൊന്നിച്ചു ആരാധിക്കുമ്പോഴോ ഒക്കെ നമ്മുടെ വിശ്വാസസംഭരണിയിൽ നിറയുന്ന ഒരു കാര്യമല്ല ആത്മാവ്. വചനം വ്യക്തമായി പഠിപ്പിക്കുന്നതെന്തെന്നാൽ ആത്മാവ് ഒരു വ്യക്തിയാ ണെന്നാണ്. ത്രിത്വത്തിലെ മൂന്നാമൻ. വ്യക്തി എന്ന വാക്കുതന്നെ ലത്തീൻ ഭാഷയിലെ പേഴ്സൊണാ (കഥാപാത്രം, സ്വഭാവം എന്നൊക്കെ അർത്ഥം) എന്ന വാക്കിൽ നിന്നും ഉരുത്തിരിഞ്ഞതാണ്. വ്യക്തി യെന്നവാക്കിന് ഇപ്പോഴുള്ള അർത്ഥം സൂചിപ്പിക്കുന്നതുപോലെ സ്വതന്ത്രരായ മൂന്നു വ്യക്തികൾ എന്ന അർത്ഥത്തിൽ ത്രിത്വബന്ധത്തെ വ്യാഖ്യാനിക്കുന്നത് തെറ്റാണ്. (ആദ്യകാലത്തെ ക്രിസ്ത്യാനി കൾക്കിടയിൽ പോലും ഈ അബദ്ധധാരണയുണ്ടായിരുന്നു, മൂന്നുദൈവങ്ങളുടെ കൂട്ടായ്മയിൽ വിശ്വ സിക്കുന്ന മറ്റനേകം മതങ്ങളുടെ സ്വാധീനത്താലായിരിക്കാം ഇങ്ങനെ ഒരു ആശയക്കുഴപ്പമുണ്ടായ ത്). ദൈവം വേറൊരാളായി രൂപംമാറുന്നു എന്ന ആശയവും ശരിയായതല്ല.

ആത്മാവിനാൽനിറഞ്ഞു പൂരിതനാകണമെന്നതാണ് നമ്മുടെയെല്ലാവരുടെയും ആഗ്രഹം. നമ്മെ പുതുക്കുകയും സജീവമാക്കുകയും പ്രചോദിതമാക്കുകയും ചെയ്യുന്ന ആത്മനിറവ്. മുരടിച്ചതും ഇഴ യുന്നതും വിരസമായതുമായ ഒരു വ്യക്തിയാകാൻ ആർക്കാണ് ഇഷ്ടം?

യേശു ആത്മാവിനാൽ പൂർണ്ണമായും നിറഞ്ഞവനായിരുന്നു. ഈ ഭൂലോകത്തുള്ള മറ്റേതൊരു വ്യക്തിയെവച്ചു നോക്കുമ്പോഴും, ഒരുവ്യക്തിയെന്ന നിലയിൽ, മറ്റാരേക്കാളും കൂടുതലായി ആത്മാ

വിൽ നിറഞ്ഞിരുന്നത് അവനായിരുന്നു. അവൻ ജീവിച്ചതുപോലെ ജീവിക്കുവാനും, അവനിൽ വ്യാപരിച്ച ശക്തിയാൽ വ്യാപരിക്കുവാനും നാം ലക്ഷ്യം വയ്ക്കണം – ദൈവാത്മാവിന്റെ ശക്തിയിൽ.

## അന്യഗ്രഹജീവിയുടെ പരകായപ്രവേശം?

ഒരാളുടെ ശരീരത്തിൽ അനുവാദമില്ലാതെ കയറിക്കൂടി നിയന്ത്രണമേറ്റെടുത്തു വളർന്ന്, അവസാനം ആ ശരീരം തകർത്തു വെളിയിൽ വരുന്ന അന്യഗ്രഹജീവികളെക്കുറിച്ചു പ്രതിപാദിക്കുന്ന അനേകം സിനിമകൾ നാം കണ്ടിട്ടുണ്ട്. ദൈവത്തിന്റെ ശക്തി സത്യമായതാണ്. എന്നാലും അത് മുകളിൽ പറഞ്ഞതുപോലെയുള്ള ഒരു അന്യഗ്രഹജീവിയുടെ പരകായപ്രവേശം പോലെയുള്ളതല്ല. ഒരാളുടെ ശരീരത്തിൽ കയറിക്കൂടി, ശരീരത്തിന്റെ നിയന്ത്രണങ്ങളെല്ലാം ഏറ്റെടുത്ത് അവസാനം ശരീരത്തിന്റെ ഉടമയ്ക്ക് യാതൊരു അവകാശവുമില്ലാത്ത അവസ്ഥയിൽ എത്തിക്കുന്ന രീതിയല്ല ദൈവശക്തിയുടേത്. ദൈവം നമ്മിൽ വസിക്കുന്നത് ക്ഷണിക്കപ്പെട്ടു സ്വീകരിച്ച ഒരു അതിഥിയെപ്പോലെയാണ്.

ദൈവം ശക്തനാണ്, എന്നാൽ അവനൊരു വ്യക്തിയും കൂടിയാണ്. തന്റെ മക്കളുടെ ഹൃദയത്തിനുള്ളിൽ അവൻ വസിക്കുന്നു (യോഹന്നാൻ 14), ഒരു അന്യഗ്രഹജീവി വന്നു സ്ഥാനം കീഴടക്കിയതുപോലെയല്ല പകരം സ്നേഹത്തിന്റെ അവതാരമായി.

## ആത്മാവിനാൽ നിറഞ്ഞത്?

ഈ വാക്കുകേൾക്കുമ്പോൾ തന്നെ ഉച്ചത്തിൽ അലറിവിളിച്ചു നിലത്തുവീണുരുണ്ടു സ്വയം അവഹേളനപാത്രമാകുന്ന ആളുകളുടെ ഒരു ചിത്രമാണ് മിക്കവാറും നമ്മിലുണ്ടാകുന്നത്. ആത്മാവിൽ നിറയുക എന്നാൽ അവരെപ്പോലെ ആത്മനിയന്ത്രണമെല്ലാം നഷ്ടപ്പെട്ട് ഒരു രംഗം സൃഷ്ടിക്കലാണോ നമ്മിൽ നിന്നുണ്ടാകേണ്ടത്? ആ ചിന്തപോലും അസഹനീയമാണ്. ആധുനികമറുകണ്ടംചാടലിന്റെ ഇത്തരം രീതികൾ നിലനിൽക്കുമ്പോൾത്തന്നെ നാം വേദവാക്യത്തിൽ ഉറച്ചുനിൽക്കേണ്ടവരാണ്. ആത്മാവിനാൽ നിറയുക എന്നത് വചനത്തിൽ പറയുന്ന കാര്യം തന്നെയാണ്. ദൈവാത്മാവു നമ്മിൽ നിറയാതെ യേശുവിനെ അറിയേണ്ടതിന്റെ പൂർണ്ണതയിൽ അറിയാനും ഒരു ശിഷ്യനെന്ന നിലയിൽ നമ്മുടെ കഴിവിന്റെ പരമാവധി എത്താനും നമുക്കു കഴിയില്ല.

> ആകയാൽ അജ്ഞാനികളായിട്ടല്ല, ജ്ഞാനികളായിട്ടുതന്നെ നിങ്ങൾ എങ്ങനെ നടക്കുന്നുവെന്നു സൂക്ഷ്മതയോടെ നോക്കുവിൻ. ഇതുദുഷ്കാലമായതിനാൽ സമയം പരമാവധി പ്രയോജനപ്പെടുത്തുവിൻ. ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്നു ഗ്രഹിച്ചുകൊള്ളുവിൻ (എഫേസ്യർ 5:15-17)

വീഞ്ഞിൽ നിറയുന്ന ഒരു വ്യക്തി അതിന്റെ സ്വാധീനത്തിൽ ആയിത്തീരുന്നു. ആത്മാവിനാൽ നിറയുവാൻ പൗലോസ് ശിഷ്യന്മാരോടാവശ്യപ്പെടുന്നു. ആത്മാവിൽ നിറയുന്ന നാം എപ്രകാരമാണ് നമ്മുടെ വിലയേറിയ സമയം ചിലവഴിക്കുന്നത് എന്നതിലൂടെ ആ നിറവിന്റെ സ്വാധീനം വെളിപ്പെടുത്തുന്നു.

നമ്മിൽ നിറയുന്നതെന്തോ അതാണുനമ്മുടെ പെരുമാറ്റത്തിൽ പ്രതിധ്വനിക്കുന്നത്. ആത്മാവിനാൽ നിറയുന്ന നാം ദൈവത്താലാണു നിറയപ്പെടുന്നത്. നമ്മെക്കാണുമ്പോൾ ആളുകൾക്ക് ദൈവത്തെയാണ് ഓർമ്മവരുന്നത്. ക്രിസ്തുവിന്റെ പരിമളം അവർക്കനുഭവിക്കാൻ കഴിയും (2 കൊരിന്ത്യർ 2:14–16). ആത്മാവിൽ നാം നിറവുള്ളവരാകുമ്പോൾ മറ്റുള്ളവർക്കും അതുമനസ്സിലാക്കാൻ കഴിയും.

ത്രിത്വത്തിലെ മൂന്നുപേരും നമ്മിൽ പ്രകടമാകുന്നതിനെ സൂചിപ്പിക്കുന്ന വാക്കുകളായ ആത്മീയനാകുക, ക്രിസ്തുവിനു അനുരൂപനാകുക, ദൈവീകനാകുക എന്നീ മൂന്നുവാക്കുകളിലൂടെയും വ്യക്തമാക്കുന്നത്, ഇവരെല്ലാവരും നമ്മിൽ നിറയുക എന്നതാണ്. ഇതാണ് ഇതിന്റെ രത്നച്ചുരുക്കം.

## എങ്ങനെ ആത്മാവിനാൽ നിറയാം?

വീണ്ടും ജനിച്ചപ്പോൾത്തന്നെ നാം ആത്മാവു നിറഞ്ഞവരായി. മാനസാന്തരവും സ്നാനവും നമുക്കുനൽകുന്നതു പാപമോചനവും പരിശുദ്ധാത്മാവുമാണ്. ദൈവം നമ്മുടെ ഹൃദയത്തിലേക്കു കുടിയേറുന്നു (യോഹന്നാൻ 14:23). പഴയമനുഷ്യനെ നമ്മിൽനിന്നും നീക്കി, പുതിയ ജീവിതത്തിന്റെ ഉറവയെ നമ്മിൽ സ്ഥാപിച്ചു.[2] പൗലോസിന്റ ഉദാഹരണം നോക്കുക. അപ്പ 9:17ൽ, പൗലോസ് ആത്മാവിനാൽ നിറയപ്പെടുവാൻ പോവുകയാണെന്നാണ് അനന്യാസ് പറഞ്ഞത്.

എങ്കിലും ആത്മാവിൽ നിറയുക എന്നത് ക്രിസ്ത്യാനിയാകുക എന്ന കാര്യത്തിൽ മാത്രം ഒതുങ്ങുന്നതല്ല, പകരം (1) എഫേസ്യരുടെ പുസ്തകത്തിൽ നാം മുന്നേ കണ്ടതുപോലെ ആത്മീയ

തയിൽ ഉള്ള നിറവും, (2) പ്രത്യേകസാഹചര്യങ്ങളിൽ പ്രാർത്ഥനയ്ക്കു മറുപടിയായി നമ്മിൽ വർദ്ധിക്കുന്ന ആത്മീയവിശുദ്ധിയും കൂടിയാണ്. ഒന്നാമതായി; എഫേ 5:18ൽ പൗലോസ് ആത്മാവിൽ നിറയുക എന്നു പറയുമ്പോൾ അത് ഒരു കൽപനയായിട്ടാണ് നൽകുന്നത്, നമുക്ക് ഒഴികഴിവു പറയാൻ കഴിയുന്ന ഒരു കാര്യമല്ല ഇത്. മാത്രമല്ല ഇതൊരു തുടർ പ്രക്രിയയാണെന്നതും കൂടി ഇതിന്റെ ഗ്രീക്കുമൂലം വ്യക്തമാക്കുന്നു. ആത്മാവിൽ നിറയുക എന്നത് ആത്മാവിൽ നിറഞ്ഞു വളർന്നു കൊണ്ടിരിക്കുക എന്നതാണ്. ഒറ്റത്തവണ നടക്കുന്ന ഒരു കാര്യമല്ലിത്.

രണ്ടാമത്തേതിന്റെ ദൃഷ്ടാന്തം അപ്പസ്തോല പ്രവർത്തികളുടെ നാലാമദ്ധ്യായത്തിൽ നമുക്കു കാണാം. ആദ്യകാലഘട്ടത്തിലെ പീഡനപരമ്പരകൾ വർദ്ധിച്ചുയരുന്ന സാഹചര്യമാണിത്. പത്രോസും യോഹന്നാനും ന്യായാധിപസംഘത്തിൽ നിന്നും പുറത്താക്കപ്പെട്ടതിനു ശേഷം മറ്റു ശിഷ്യന്മാരോടു തങ്ങൾക്കു ലഭിച്ച ഭീഷണിയെക്കുറിച്ചു പറയുമ്പോൾ:

> അതു കേട്ടിട്ട് അവർ ഒരുമനസ്സോടെ ദൈവത്തോടു നിലവിളിച്ചു പ്രാർത്ഥിച്ചത്: ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലതും സൃഷ്ടിച്ച നാഥാ, ഞങ്ങളുടെ പിതാവും നിന്റെ ദാസനുമായ ദാവീദ് മുഖാന്തരം പരിശുദ്ധാത്മാവിനാൽ അരുളിചെയ്തവനേ, ജനതകൾ കലഹിക്കുന്നതും ജനങ്ങൾ വ്യർത്ഥമായതു നിരൂപിക്കുന്നതും എന്തിന്? ...... ഇപ്പോഴോ കർത്താവേ, അവരുടെ ഭീഷണികൾ നോക്കേണമേ; നിന്റെ വചനം പൂർണ്ണധൈര്യത്തോടുകൂടെ പ്രസ്താവിക്കുവാൻ നിന്റെ ദാസന്മാർക്കു കൃപനൽകണമേ. സൗഖ്യമാക്കുവാൻ നിന്റെ കൈ നീട്ടുന്നതിനാലും നിന്റെ പരിശുദ്ധദാസനായ യേശുവിന്റെ നാമത്താൽ അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടാകുന്നതിനാലും തന്നെ. ഇങ്ങനെ പ്രാർത്ഥിച്ചപ്പോൾ അവർ കൂടിയിരുന്ന സ്ഥലം കുലുങ്ങി; എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ദൈവവചനം ധൈര്യത്തോടെ പ്രസ്താവിച്ചു. (അപ്ര 4:24-31)

ഇവിടെ അവർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു എന്നു കാണുന്നു. ശക്തമായ ഒരു ജീവിതമാറ്റം സാദ്ധ്യമാക്കുന്നവിധം ദൈവം അവരിൽ കൂടുതൽ ആഴത്തിലുള്ള സ്വാധീനം ചെലുത്തി പ്രവർത്തിച്ചു - അവർ അവരെത്തന്നെ ദൈവേഷ്ടത്തിനായി വിട്ടുകൊടുത്തപ്പോൾ. അതിന്റെ ഫലമാകട്ടെ, ശക്തമായ രീതിയിൽ സുവിശേഷം പങ്കുവയ്ക്കലും.[3] നിങ്ങളുടെ നിയന്ത്രണം ദൈവത്തിന്റെ കയ്യിൽ ഏല്പിച്ചുകൊടുക്കാൻ നിങ്ങൾ തയ്യാറാണോ? അത്രമാത്രം ആശ്രയം നിങ്ങൾക്കുണ്ടോ? കർത്താവേ, ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കേണമേ! (ലൂക്ക 17:5)

## തെറ്റായ ആശയങ്ങൾ

ആത്മാവിനാൽ നിറയുകയെന്നാൽ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതും അന്യഭാഷ സംസാരിക്കുന്നതും ദൈവവുമായി ഒരു ഹോട്ട്ലൈൻ ബന്ധം നിലനിൽക്കുന്നതുമൊക്കെയാണന്നു പഠിപ്പിക്കുന്നയാളുകൾ ഉണ്ട്. ആത്മാവിലുള്ള സ്നാനത്താൽ അവർ പുതിയ ഒരു തലത്തിലേക്കെത്തിച്ചേരുന്നു എന്ന് അവർ കരുതുന്നു. സ്നാപകയോഹന്നാൻ ജനിക്കുന്നതിനുമുമ്പേതന്നെ ആത്മനിറവുള്ളവനായിരുന്നു എന്നു വേദപുസ്തകം പറയുന്നു (ലൂക്ക 1:15), എന്നാൽ അത്ഭുതപ്രവർത്തികളൊന്നും അവൻ ചെയ്തിട്ടില്ല (യോഹ 10:41).

രണ്ടുതരം വിശ്വസ്തത ബൈബിൾ നിലവാരത്തിലില്ലാത്തതാണ്. കുരിശിന്റെ പാദത്തിലെ നിലം പരന്നതാണ്, യേശുവിനെ അനുഗമിക്കാൻ ഇച്ഛിക്കുന്ന ഏതൊരുവനും സ്വയം നിഷേധിച്ച് തന്റെ നിയന്ത്രങ്ങളെല്ലാം യേശുവിനെ ഏല്പ്പിക്കേണ്ടുതാണ് (ലൂക്ക 9:23-26). പക്വതയിൽ ഏറ്റക്കുറച്ചിലുകൾ ഉള്ള ശിഷ്യന്മാർ ഉണ്ട്, എന്നാൽ വിശ്വസ്തതയിൽ അതു പാടുള്ളതല്ല.[4]

ഏറെക്കാലം ക്രിസ്ത്യാനിയായി ജീവിച്ചതിൽ നിന്നും ലഭിച്ച ജ്ഞാനത്തിലുള്ള നിറവുമല്ല ആത്മാവിന്റെ നിറവ്. മാംസത്തെ മാറ്റിനിറുത്തി ആത്മാവിന്റെ കല്പനകളെ അനുസരിക്കുന്നതുവഴിയുണ്ടാകുന്നതാണത്. ഓരോ ദിവസവും നാം നേരിടുന്നവെല്ലുവിളികളിൽ ദൈവേച്ഛപ്രവർത്തിക്കുന്നതിലൂടെ നാം ആർജ്ജിച്ചെടുക്കുന്നതാണത്, ഒറ്റ ദിവസത്തെ ഒരു അനുഭവമേയല്ല അത്. ദൈവത്തിന്റെ കയ്യിൽ എന്റെ കടിഞ്ഞാൺ ഞാൻ കൂടുതലായി ഏൽപ്പിക്കുന്തോറും കൂടുതലായുള്ള സ്വസ്ഥതയും സമാധാനവും ജീവിതവിജയവും എന്നിൽ നിറയുന്നത് ഞാൻ അനുഭവിച്ചറിഞ്ഞ സത്യമാണ്. ദൈവനിയന്ത്രണങ്ങളെ നിഷേധിച്ചപ്പോഴാകട്ടെ ജീവിതം നിയന്തണം വിടുകയും ചെയ്തു.

## ഞാൻ എല്ലാം സമർപ്പിക്കുന്നു

പരിശുദ്ധാത്മാവിനാലാണ് അകവും പുറവും മാറ്റാൻ നമുക്കു കഴിയുന്നത്. എന്നാൽ ആത്മാവുനമ്മെ ബലപ്രയോഗത്തിലൂടെ നയിക്കുന്നില്ല, പകരം നമ്മുടെ ജീവിതത്തിൽ നിറയാൻ നാം പരിശുദ്ധാത്മാവിനെ അനുവദിക്കണം, നാം അവനു നമ്മുടെ നിയന്ത്രങ്ങളേൽപ്പിച്ചു കീഴടങ്ങണം (ലൂക്ക 14:33)

നമ്മിൽ ദൈവാത്മാവു നിറഞ്ഞു പ്രവർത്തിക്കാൻ തുടങ്ങുമ്പോൾ നമ്മുടെ ജീവിതത്തിൽ പെട്ടെന്നു തന്നെ മാറ്റങ്ങളുണ്ടാകുന്ന മൂന്നു മേഖലകൾ ഏതൊക്കെയെന്ന് അടുത്ത മൂന്നു അദ്ധ്യായങ്ങളിൽ നമുക്കു പഠിക്കാം. ഓരോ അദ്ധ്യായത്തിനു ചുവടെയും ആത്മപരിശോധനയ്ക്കായി കുറച്ചു ചോദ്യങ്ങൾ ചേർത്തിരിക്കുന്നു. പരിശോധിക്കപ്പെടാത്ത ജീവിതം യോഗ്യമല്ലാത്ത ജീവിതമാണല്ലോ, സോക്രട്ടീസ് പറഞ്ഞതുപോലെ!

### ശോധനചെയ്യുവാൻ:

1. എന്താണ് എന്നെ നിയന്ത്രിക്കുന്ന സ്വാധീനശക്തകൾ?
2. ഞാൻ ആത്മാവിനാൽ നിറഞ്ഞവനാണോ? മറ്റുള്ളവർ എന്നെക്കുറിച്ച് അപ്രകാരം പറയുമോ?
3. ആത്മാവിന്റെ നിയന്ത്രണത്തിനായി വിട്ടുകൊടുക്കാത്ത രഹസ്യഭാഗങ്ങൾ എന്റെ ജീവിതത്തിലുണ്ടോ?
4. എന്നിൽ നിന്റെ ആത്മാവിനെ നിറയ്ക്കേണമേ, നിന്റെ ഹിതത്തിനനുസരിച്ച് എന്നെ നീ ഉപയോഗിക്കേണമേ എന്നു പ്രാർത്ഥിക്കാൻ എനിക്കു കഴിയുന്നുണ്ടോ?

### കുറിപ്പുകൾ

1. റോമർ 6:15-22 കൂടി നോക്കുക

2. ലൂക്കോസ് 11:24-26 പ്രകാരം, വൃത്തിയാക്കപ്പെട്ട ഒരു വീടു ശൂന്യമാക്കിയിട്ട് സാത്താന് ഒരു ക്ഷണം നൽകാതെ നാം സ്വയം രക്ഷിക്കേണ്ടതാണ്. ആത്മാവിനാൽ നിറയുമ്പോൾ നമ്മുടെ ശത്രുവിന് അവസരം ലഭിക്കാതെ പോകുന്നു.

3. ഇതേക്കുറിച്ചു കൂടുതൽ പതിമൂന്നാം അദ്ധായത്തിൽ വായിക്കാം.

4. സമർപ്പണം ഒരുകാര്യമാണ്, പക്വത വ്യത്യസ്തമായ മറ്റൊന്നും. ലൗകികമനുഷ്യനിൽനിന്നും ആത്മീയമനുഷ്യനിലേക്കുള്ള പരിവർത്തനമാണ് (1 കൊരിന്ത്യർ 3:1-4) ക്രിസ്ത്യാനിയുടെ വളർച്ച. എന്നാൽ കൂടുതൽ സമർപ്പിതനെന്നും കുറച്ചു സമർപ്പിതനെന്നുമുള്ള സാധ്യതകളൊന്നും ക്രിസ്തുവിലില്ല. നമ്മുടെ വേരുകൾ ആഴത്തിൽ ഊന്നുമ്പോൾ നാം കൂടുതൽ ഉയരത്തിലേക്കു കുതിക്കും, തീർച്ച. പിൻഗമിക്കുന്നോ ഇല്ലയോ എന്ന ഒരു സാധ്യതമാത്രമേയുള്ളൂ (യോഹന്നാൻ 6:60-69).

അദ്ധ്യായം 2

# പരിശുദ്ധാത്മാവുമായുള്ള കൂട്ടായ്മ

## ഇതൊരു ബന്ധമാണ്.

ഈ പുസ്തകം തീർക്കുന്നതിനുമുമ്പ്, തീർച്ചയായും നാം, അനേകവർഷങ്ങളിലൂടെ ഉരുത്തിരിഞ്ഞു വന്ന പല തെറ്റായ പഠിപ്പിക്കലുകളെക്കുറിച്ചും വിശദമായി നോക്കുന്നുണ്ട്. ആത്മാവു നമ്മിൽ വ്യാപരിക്കുന്നതിനെക്കുറിച്ചും നമ്മെ ചലിപ്പിക്കുന്നതിനെക്കുറിച്ചും നമുക്കു പരിശോധിക്കാം. ഇക്കാര്യത്തെക്കുറിച്ചുസംസാരിക്കുമ്പോൾ തീവ്രമായ പ്രതികരണങ്ങൾ നമ്മൾ ഒഴിവാക്കണം. പരിശുദ്ധാത്മാവുമായുള്ള ബന്ധത്തെയാണ് അവിടത്തോടുള്ള കൂട്ടായ്മയെന്നു പറയുന്നത്. ആ ബന്ധം കുറേ ചിട്ടകളെയും നിയമങ്ങളെയും മാത്രം അടിസ്ഥാനപ്പെടുത്തിയുള്ള ഒരു സംവിധാനമല്ല – ചിട്ടകളും നിയമങ്ങളും ഈ ബന്ധത്തിലെ അവഗണിക്കാനാവാത്ത ഘടകമാണെങ്കിൽ പോലും. പരിശുദ്ധാത്മാവുമായി ശിഷ്യന്മാർക്കുള്ള ബന്ധം ഇതിലെല്ലാമുപരി ഊഷ്മളവും, വ്യക്തിപരവും, ഇഴയടുപ്പവും ഉറപ്പും നല്കുന്നതുമായ ഒന്നാണ്.

### ദൈവീകമായ ഒരു അടുപ്പം

ഞങ്ങളുടെ വിവാഹബന്ധത്തിൽ കുറേ കാര്യങ്ങളിൽ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. അവ വചനാനുസൃതവുമാണ്. അവയിൽ നിലനിൽക്കുന്നത് ഞങ്ങളുടെ ബന്ധത്തെ സുശക്തമാക്കുന്നതാണെന്ന കാര്യം പലതവണ എനിക്കു ബോധ്യമായതുമാണ്. എന്റെ വിവാഹബന്ധം കൂടുതൽ ദൈവീകമാക്കുന്നതിനായി ചിന്തിക്കുകയും അതിനുള്ള തീരുമാനങ്ങളെടുക്കുകയും ചെയ്യുക എന്റെ ഉത്തരവാദിത്തമാണ്. ചിന്താശൂന്യതും, മൂല്യങ്ങളിൽ വിട്ടുവീഴ്ചവരുത്തുന്നതും എന്റെ ഭാര്യയുമായുള്ള ബന്ധത്തിന്റെ പാവനത നശിപ്പിക്കുകയും നിരാശ വർദ്ധിപ്പിക്കുകയും ചെയ്യുന്ന കാര്യങ്ങളാണ്. ഇതെല്ലാം വാസ്തവമാണെങ്കിലും, ഇതിലും ഉപരിയായി ഞാൻ വിലമതിക്കുന്ന ചിലകാര്യങ്ങൾ ഞങ്ങളുടെ ദാമ്പത്യത്തിലുണ്ട്. ഒരു വാക്കിൽ അതിനെ വിശദീകരിക്കണമെങ്കിൽ അടുപ്പം അല്ലങ്കിൽ ഗാഢബന്ധം എന്നവാക്കുപയോഗിക്കാം. ഞങ്ങൾ ജീവിതം പങ്കുവയ്ക്കുന്നവരാണ്. എന്റെ ഭാര്യ വിക്കി എന്റേതാണെന്നും ഞാൻ അവളുടേതാണന്നുമുള്ള ഒരു അവബോധം എന്നിൽ ആഴത്തിലുണ്ട്. ഞാൻ എന്തിലൊക്കെക്കൂടി കടന്നുപോയാലും, എന്തൊക്കെ നേരിടേണ്ടിവന്നാലും എല്ലാറ്റിലും എന്റെയൊപ്പം അവളുണ്ട് എന്ന ഒരു ഉറപ്പ് എനിക്കുള്ളതുപോലെ അവളിലും ശക്തമായുണ്ട്.

വചനം നാം പരിശോധിക്കുമ്പോൾ, പരിശുദ്ധാത്മാവുമായി ഇത്തരം ഒരു ബന്ധത്തെക്കുറിച്ച് വചനം ആഴത്തിൽ സംസാരിക്കുന്നതു നമുക്കു കാണാം. അതിൽ അത്ഭുതപ്പെടുവാൻ ഒന്നുമില്ലതാനും. ആത്മാവിനെ അറിയുകയെന്നത് ദൈവത്തെ അറിയുന്നതു തന്നെയാണ്. ആത്മാവിനെ അറിയുന്നത് ക്രിസ്തുവിനെ അറിയുകയെന്നതു തന്നെയാണ്. പിതാവും ക്രിസ്തുവുമായുള്ള നമ്മുടെ ബന്ധവും ഇതുപോലെ ശ്രേഷ്ഠവും വ്യക്തിപരവുമായ വാക്കുകളാലാണ് വചനത്തിൽ വിവരിച്ചിട്ടുള്ളത്. ദൈവം രാജാവാണ്, എന്നാൽ നമ്മെ സംബന്ധിച്ച് അവൻ പിതാവും കൂടിയാണ്. (കുറച്ചുകൂടി കൃത്യമായുള്ള ഒരു വാക്കാണ് അബ്ബാ എന്നത്).[1] യേശു നമ്മുടെ രക്ഷകനാണ്, എന്നാൽ നാം അവന്റെ സുഹൃത്തും കൂടിയായിരിക്കാനാണ് അവൻ ആഗ്രഹിക്കുന്നത്.

ഉള്ളിൽ നിറഞ്ഞു പുറത്തേക്കു വ്യാപരിക്കുന്ന ഒരു മാറ്റമാണ് നമുക്കുവേണ്ടത്, അത്തരമൊരുമാറ്റമാണ് ദൈവം ആഗ്രഹിക്കുന്നത്. എന്നാൽ അത്തരമൊരു മാറ്റം ഒരാൾക്കു സാദ്ധ്യമാകണമെങ്കിൽ ഒരു ഹൃദയബന്ധം കൂടിയേകഴിയൂ എന്നത് നമുക്കെല്ലാമറിയാവുന്ന ഒരു പരമാർത്ഥമാണ്. ഹൃദയശൂന്യനും, നിർവികാരനും, നിഷേധിയുമായ ഒരു വ്യക്തിയെ പരിഗണിക്കുക. അവനെ കുറച്ചു കർക്കശസാഹചര്യങ്ങളിലൂടെ മെരുക്കിയാൽ, കുറച്ചുപെരുമാറ്റങ്ങളിൽ മാറ്റം വരുത്താൻ സാധ്യമാകുമായിരിക്കും. എന്നാൽ തന്നെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നുവെന്ന് അവനു തോന്നുന്ന, അവന്റെ ഹൃദയം കവരാൻതക്ക ആത്മാർത്ഥയുള്ള ഒരു വ്യക്തിയുമായുള്ള സ്നേഹബന്ധം അവന്റെ ഹൃദയത്തിന്റെ ഉള്ളിൽ സ്ഥായിയായ മാറ്റങ്ങൾക്ക് ഇടയാക്കുന്നു.

ഇത്തരമൊരു ബന്ധത്തിലൂടെ ചെലുത്തുന്ന സ്വാധീനം മൂലമാണ് പരിശുദ്ധാത്മാവ് നമ്മിൽ സ്ഥായിയായ മാറ്റങ്ങളുണ്ടാക്കുന്നത്. എല്ലാ ബന്ധങ്ങളിലും എന്നപോലെ പരിശുദ്ധാത്മാവുമായുള്ള ബന്ധത്തിലും നിർവ്വചനങ്ങളെയും വിശദീകരണങ്ങളെയും മറികടക്കുന്ന ഒരു ഭാവമുണ്ട്. (ബുദ്ധിപരമായി മനസ്സിലാക്കാൻ വിഷമമുള്ള ഒരു ഭാവമാണിത്). കവികൾക്കും, ഭാവ ഗായകർക്കുമൊക്കെ കൂടുതൽ ഈ ഭാവത്തെ കുറച്ചുകൂടി വ്യക്തമായി വിശദീകരിച്ചുതരാൻ കഴിയുമായിരിക്കും!

## വലിയ മർമ്മം

എന്നാൽ വിശദീകരണം നൽകാൻ കഴിയാത്തതരത്തിലുള്ള, അവ്യക്തമായ ഒരു ബന്ധമല്ല പരിശുദ്ധാത്മാവുമായി നമുക്കുള്ളത്, അതിനാൽ നമുക്കു തോന്നിയ പോലെ ആ ബന്ധത്തെ നിർവ്വചിക്കാൻ കഴിയുകയുമില്ല. നമ്മെ എളിമപ്പെടുത്തുകയും നമ്മിൽ ഭയം നിറയ്ക്കുകയും ചെയ്യുന്ന/ ചെയ്യേണ്ട ഒരു ബന്ധമാണിത്. അവൻ നമ്മിൽ എപ്രകാരം ആയിരിക്കുന്നു, നമ്മെ എപ്രകാരം ശക്തിപ്പെടുത്തുന്നു, നമ്മുടെ സ്വഭാവത്തെ എപ്രകാരം മെനയുന്നു എന്നകാര്യങ്ങളൊക്കെ കൃത്യമായ അളവുകോൽ വച്ചു തിട്ടപ്പെടുത്തിയെടുക്കാനോ; അവൻ എപ്രകാരം നമ്മിൽ ചലിക്കുന്നു എന്നോ അല്ലങ്കിൽ അവൻ നമ്മെ എവിടേക്കു നയിക്കാൻ പോകുന്നു എന്നോ ഒന്നും മുൻകൂട്ടി നിർവ്വചിക്കാനോ സാദ്ധ്യമല്ല. എങ്കിലും  പരിശുദ്ധാത്മാവുമായുള്ള നമ്മുടെ ബന്ധം മനസ്സിലാക്കാൻ പറ്റാത്ത ഒരു പ്രഹേളികയോ അല്ലെങ്കിൽ രഹസ്യ മർമ്മമോ അല്ല. നമുക്കു ഗ്രഹിക്കാൻ കഴിയുന്നിടത്തോളം കാര്യങ്ങൾ വചനത്തിലൂടെ ദൈവം വ്യക്തമാക്കിയിട്ടുണ്ട്, എന്നിരുന്നാലും നമുക്കു മനസ്സിലാക്കാൻ കഴിയാത്ത – കാരണം അതു മനസ്സിലാക്കിയിട്ട് വലിയ കാര്യമൊന്നും ഇല്ല എന്നതു തന്നെ – ഒരു ഭാവവും ആ ബന്ധത്തിൽ നിലനിൽക്കുന്നുണ്ട്. ഭാര്യാ-ഭർതൃ ബന്ധത്തിൽ ക്രിസ്തുവും സഭയുമായുള്ള ബന്ധത്തോടു സമാന്തരത കണ്ടെത്താൻ ശ്രമിക്കുന്ന പൗലോസ് ഈ വാക്കുകളിൽ ചെന്നവസാനിക്കുന്നതു നമുക്കു കാണാൻ കഴിയും.

> അതു നിമിത്തം ഒരു മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരു ശരീരമായിത്തീരും. ഈ മർമ്മം വലുതാകുന്നു; ഞാൻ ക്രിസ്തുവിനെയും സഭയെയും ഉദ്ദേശിച്ചത്രേ പറയുന്നത് (എഫേസ്യർ 5:31-32)

ഗാഢമേറിയ അടുപ്പമുള്ള ബന്ധങ്ങൾ എന്നും ഒരു വലിയ മർമ്മം തന്നെയാണ്. വിശദീകരണങ്ങൾക്കു വിധേയപ്പെടാത്ത ഒരു തലം അതിനുണ്ട്. ബുദ്ധിക്കും, കണക്കുകൂട്ടലുകൾക്കും മുകളിലുള്ള ഒരു സ്വാധീനശക്തി അതിനുണ്ട്. അത്തരം ഗാഢമായ അടുപ്പമുള്ള ബന്ധങ്ങളിൽ ഏറ്റവും വലുതും അതുല്ല്യവുമായത് ദൈവത്തിന് തന്റെ ജനതയുമായുള്ള ബന്ധമാണ്. കർത്താവിനു തന്റെ ശിഷ്യരുമായുള്ള ബന്ധവും, പരിശുദ്ധാത്മാവിനു ക്രിസ്തുശിഷ്യനുമായുള്ള ബന്ധവും തതുല്ല്യമാണ്. നിങ്ങൾ ഒരാളെ ഗാഢമായി സ്നേഹിക്കുകയും അയാളോടു പൂർണ്ണസമർപ്പിതനാവുകയും ചെയ്യുകയും, അയാൾ നിങ്ങളോടും ഇതേവിധത്തിൽ തന്നെ പ്രതികരിക്കുകയും ചെയ്യുമ്പോൾ ഈ ലോകം നിലനിർത്തുന്ന ശക്തി നിങ്ങളുടെ ബന്ധത്തിൽ കുടികൊള്ളുകയും വലിയ നല്ലകാര്യങ്ങൾ സംഭവിക്കുകയും ചെയ്യും. അവയിൽ ചിലതു കാണാൻപോലും പറ്റുന്നതായിരിക്കില്ല, എന്നാൽ ചിലകാര്യങ്ങൾ നമുക്കു ചോദിക്കാനോ സങ്കൽപ്പിക്കാനോ കഴിയുന്നതിനേക്കാൾ കൂടുതൽ ശ്രേഷ്ടമായതായിരിക്കും (എഫേസ്യർ 3:20)

അടുത്ത അദ്ധ്യായങ്ങളിൽ വിശദീകരിക്കുന്ന സ്വഭാവരൂപീകരണത്തിനുപകരിക്കുന്നത് ഇത്തരത്തിലൊരു ബന്ധമാണ്. ഈ ബന്ധമില്ലെങ്കിൽ നാം മിനക്കെടുന്നത് കുറച്ചു പെരുമാറ്റ നവീകരണങ്ങൾക്കു മാത്രമാണ്, ഉള്ളിൽ നിന്നും രൂപപ്പെടുന്ന സ്വഭാവശ്രേഷ്ടതയ്ക്കല്ല.

## പിതാവും പുത്രനും – കൂടുതലും

ഈ ബന്ധത്തിന്റെ ഊഷ്മളതയെക്കുറിച്ച് ഏറ്റവും നന്നായി സംസാരിക്കുന്ന പുതിയ നിയമഭാഗം റോമക്കാർ 8:15–17 ആണ്. ആത്മാവിലുള്ള ജീവിതത്തെക്കുറിച്ചു പൗലോസ് ഈ അദ്ധ്യായത്തിൽ വിവരിക്കുമ്പോൾ, അപ്പസ്തോലൻ എഴുതുന്നു:

> നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിന് ദാസ്യത്തിന്റെ ആത്മാവിനെയല്ല, നാം അബ്ബാ പിതാവേ, എന്നു വിളിക്കുന്ന പുത്രത്വത്തിന്റെ ആത്മാവിനെയാണ് പ്രാപിച്ചത്. നാം ദൈവത്തിന്റെ മക്കളാകുന്നുവെന്ന് ആത്മാവ് തന്നെ നമ്മുടെ ആത്മാവിനോടുകൂടെ സാക്ഷ്യം പറയുന്നു. നാം മക്കളാണെങ്കിൽ അവകാശികളും ആകുന്നു; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്റെ കൂട്ടവകാശികളും തന്നെ; നാം അവനോടുകൂടെ തേജസ്കരിക്കപ്പെടേണ്ടതിന് അവനോടുകൂടെ കഷ്ടത അനുഭവിക്കേണ്ടതാകുന്നു.  (റോമർ 8:15-17)

ചെറിയ ഈ വേദഭാഗം ആത്മാവുമായുള്ള ബന്ധത്തിലെ അടുപ്പത്തിന്റെ ഭാഷയാണു സംസാരിക്കുന്നത്. 1. പുത്രത്വത്തിന്റെ ആത്മാവിനെയാണ് നിങ്ങൾക്കു ലഭിച്ചിരിക്കുന്നത്. നിങ്ങളിലേക്കു പ്രവേശിച്ച ആത്മാവു നിങ്ങളെ ദൈവകുടുംബത്തിലേക്കു സ്വീകരിക്കുന്നു. അതിനാൽ മേലിൽ നിങ്ങൾ ഒരു ദാസനോ വാടകയ്ക്കെടുത്ത കൂലിക്കാരനോ അല്ല. നിങ്ങൾ ഒരു സന്തതിയാണ് – പിന്നീടു നാം വായിക്കുന്നതുപോലെ അവകാശിയാണ്. 2. ആത്മാവിനാൽ നാം അബ്ബാ പിതാവേ എന്നു വിളിക്കുന്നു. നിലവിൽ ഉപയോഗത്തിലുള്ളതിൽ ഏറ്റവും അടുപ്പം തോന്നിക്കുന്ന വാക്കുപയോഗിച്ച്[(2)] നമ്മിലെ ആത്മാവ് പിതാവിനെ വിളിക്കുന്നു. 3. നാം ദൈവമക്കളാണന്ന കാര്യം പരിശുദ്ധാത്മാവു നമ്മുടെ

ആത്മാവിനോടു സാക്ഷ്യപ്പെടുത്തുന്നു. പരിശുദ്ധാത്മാവു നമ്മുടെ ആത്മാവിനോടു ഐക്യപ്പെട്ടിട്ട്, നാം ദൈവത്തിന്റെ മക്കളാണെന്ന ബോധ്യം നമ്മിൽ പുറപ്പെടുവിക്കുന്നു, അതുവഴി നാം ക്രിസ്തുവിനോടുകൂടെ കൂട്ടവകാശികളാണെന്നുള്ള ആത്മവിശ്വാസം നമ്മിൽ നിറയ്ക്കുന്നു.

ഇതിന്റെ അർത്ഥ തലങ്ങൾ മുഴുവൻ ഗ്രഹിക്കാൻ കഴിയുന്നവരായി നമ്മിൽ ആരുണ്ട്? എന്നാൽ നമുക്കുമനസ്സിലാക്കാൻ കഴിയുന്ന ഒന്നു തീർച്ചയായുമുണ്ട്, നമ്മിൽ വസിക്കാനും നമ്മോടൊപ്പമായിരിക്കാനും നമ്മുടെ സഹായത്തിനു ലഭ്യമായ ഒരാളായിത്തീരുവാനുമായി ദൈവം തന്നെത്തന്നെ സമർപ്പിച്ചിരിക്കുന്നു എന്ന സത്യമാണത്. ഈ തിരിച്ചറിവിനാൽ പുതുക്കം പ്രാപിക്കാത്തവരും, ധൈര്യം നേടാത്തവരും പ്രോത്സാഹനം ലഭിക്കാത്തവരും, നിർബ്ബന്ധിക്കപ്പെടാത്തവരുമായി നമ്മിൽ ആരുണ്ട്?

## വചനമുത്തുകൾ

നമുക്കു നൽകപ്പെട്ട വചനമുണ്ട് - ബൈബിൾ, നാം അതു വായിക്കുകയും അനുസരിക്കുകയും ചെയ്യണം. അല്ലെങ്കിൽ നാം വഴിതെറ്റി നമ്മെത്തന്നെ വഞ്ചിക്കുന്നവരായിത്തീരും. എന്നാൽ കേവലമൊരു പുസ്തകമല്ല നമുക്കുള്ളത്. റോമക്കാരുടെ 7:6ൽ പൗലോസു പറയുന്നു: ഇപ്പോഴോ, നമ്മെ ബന്ധിച്ചിരുന്ന ന്യായപ്രമാണം സംബന്ധിച്ചു മരിച്ചിരിക്കുന്നതുകൊണ്ട്, അക്ഷരത്തിന്റെ പഴക്കത്താലല്ല, ആത്മാവിന്റെ പുതുക്കത്തിൽത്തന്നെ ശുശ്രൂഷചെയ്യേണ്ടതിന് നാം ന്യായപ്രമാണത്തിൽ നിന്ന് മോചിതരായിരിക്കുന്നു. നമുക്കു നല്കപ്പെട്ട ഒരു പുസ്തകമുണ്ട്, എന്നാൽ ആ പുസ്തകം അനുസരിക്കാൻ നമ്മെ ശക്തരാക്കുന്ന ബന്ധവും നമുക്കായി നൽകിയിട്ടുണ്ട്.

നമ്മെ പുതുക്കുന്നതും ശക്തിപ്പെടുത്തുന്നതും താങ്ങുന്നതുമായ ആ ഒരു ബന്ധം ദൈവാത്മാവുമായി നമുക്കു പങ്കുവച്ച് ആസ്വദിക്കാൻ കഴിയുമെന്നു പ്രതിപാദിക്കുന്ന അനേകം വചനങ്ങളുണ്ട്. ചിലവ താഴെ നൽകുന്നു:

> എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും. അവൻ ഇതു തന്നിൽ വിശ്വസിക്കുന്നവർക്കു ലഭിക്കുവാനിരിക്കുന്ന ആത്മാവിനെക്കുറിച്ചാകുന്നു പറഞ്ഞത്. (യോഹന്നാൻ 7:38-39)
>
> പ്രത്യാശ നമ്മെ ലജ്ജിതരാക്കുന്നില്ല; ദൈവത്തിന്റെ സ്നേഹം നമുക്കു നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ! (റോമർ 5:5)
>
> എന്നാൽ പ്രത്യാശ നൽകുന്ന ദൈവം തന്നിൽ വിശ്വാസമർപ്പിക്കുന്ന നിങ്ങളെ സകല സന്തോഷവും സമാധാനവും കൊണ്ടു നിറയ്ക്കുമാറാകട്ടെ. അങ്ങനെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായിത്തീരട്ടെ (റോമർ 15:13)
>
> ഞങ്ങളുടെ ശുശ്രൂഷയാൽ ഉണ്ടായ ക്രിസ്തുവിന്റെ പത്രമായി നിങ്ങൾ വെളിപ്പെടുന്നുവല്ലോ. അത് മഷികൊണ്ടല്ല, ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാൽ അത്രേ; കല്പലകയിലല്ല, ഹൃദയം എന്ന മാംസപ്പലകയിൽത്തന്നെ എഴുതിയിരിക്കുന്നു. (2 കൊരിന്ത്യർ 3:3)
>
> ക്രിസ്തുവിന്റെ നാമം നിമിത്തം നിന്ദ സഹിക്കേണ്ടിവന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ; മഹത്ത്വത്തിന്റെ ആത്മാവായ ദൈവാത്മാവ് നിങ്ങളുടെമേൽ ആവസിക്കുന്നുവല്ലോ (1 പത്രോസ് 4:14)
>
> നിങ്ങളോ, പ്രിയമുള്ളവരേ, നിങ്ങളുടെ അതിവിശുദ്ധ വിശ്വാസം ആധാരമാക്കി നിങ്ങൾക്കുതന്നെ ആത്മീക അഭിവൃദ്ധി വരുത്തിയും പരിശുദ്ധാത്മാവിനാൽ പ്രാപിച്ചും നിത്യജീവനായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കരുണയ്ക്കായി കാത്തിരുന്നും ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊള്ളുവിൻ (യൂദാ 20-21)

ഓരോ ശിഷ്യനുമായും പരിശുദ്ധാത്മാവ് എത്രമാത്രം അടുത്ത ബന്ധത്തിലായിരിക്കുന്നുവെന്ന് ഓരോ വചനവും സാക്ഷിക്കുന്നു. പരിശുദ്ധാത്മാവ് നമ്മിൽ ഓരോരുത്തരിലും എത്രമാത്രം പ്രവർത്തനനിരതനാണെന്നതും ഓരോ വചനവും ഉറപ്പുനൽകുന്നു. ആത്മാവു നമുക്കു നൽകുന്ന ഫലങ്ങളെക്കുറിച്ചു നാം ഇനിവരുന്ന അദ്ധ്യായങ്ങളിൽ പഠിക്കുമ്പോൾ, അവയെല്ലാം സാദ്ധ്യമാകുന്നത് ഇത്തരമൊരു ബന്ധത്തിലൂടെയാണെന്നുള്ള വാസ്തവം നാം വിസ്മരിക്കരുത്. ബന്ധത്തിനടിസ്ഥാനപ്പെടുത്തിയല്ല എങ്കിൽ നാം വീണ്ടും പഴയ ആ ലിഖിതനിയമങ്ങളിലേക്കാണ് തിരിയുന്നത്. (ഗലാത്യരെക്കുറിച്ചു പൗലോസിനുണ്ടായിരുന്ന ആകുലതയും ഇതുതന്നെയായിരുന്നു).

> അപ്രകാരംതന്നെ ആത്മാവ് നമ്മുടെ ബലഹീനതയ്ക്കു തുണ നിൽക്കുന്നു. വേണ്ടതുപോലെ പ്രാർത്ഥിക്കേണ്ടത് എങ്ങനെയെന്ന് നാം അറിയുന്നില്ലല്ലോ. ആത്മാവുതന്നെ വ്യക്തമാകാത്ത വാക്കു

> കളോടുകൂടിയ ഞരക്കങ്ങളാൽ നമുക്കുവേണ്ടി മദ്ധ്യസ്ഥത വഹിക്കുന്നു. എന്നാൽ ആത്മാവ് വിശുദ്ധർക്കുവേണ്ടി ദൈവഹിതപ്രകാരം മദ്ധ്യസ്ഥത വഹിക്കുന്നതുകൊണ്ട് ആത്മാവിന്റെ ചിന്ത ഇന്നതെന്നു ഹൃദയങ്ങൾ പരിശോധിക്കുന്നവൻ അറിയുന്നു. (റോമർ 8:26-27)

പ്രത്യേകം ശ്രദ്ധകൊടുക്കേണ്ട ഒരു വചനഭാഗമാണിത്. 1. നമ്മുടെ ബലഹീനതകളിൽ ആത്മാവുനമ്മെ സഹായിക്കുന്നു - കുറ്റം വിധിക്കുന്നില്ല എന്ന് നമ്മെ വചനം ഓർമ്മിപ്പിക്കുന്നു. 2. ആത്മാവിന്റെ പ്രധാനകർത്തവ്യം പ്രാർത്ഥിക്കാനായി നമ്മെ സഹായിക്കുന്നതാണ് എന്നും നാം കാണുന്നു - അതുവഴി ദൈവവുമായി അടുത്ത ഹൃദയബന്ധം സ്ഥാപിക്കാൻ നമ്മെ സഹായിക്കുന്നു. 3. ആത്മാവിന്റെ പ്രധാന ലക്ഷ്യം എന്തെന്നും നമുക്കിവിടെ മനസ്സിലാക്കാൻ കഴിയുന്നു - ദൈവഹിതമെന്തെന്നു നാം തിരിച്ചറിയുക എന്നതാണത്. എല്ലാവരുടെയും ശ്രദ്ധപിടിച്ചു പറ്റുന്നതോ, വളരെ പ്രകടമായതോ ആയ ഒരു പ്രവൃത്തിയല്ല പരിശുദ്ധാത്മാവിന്റേത്, വചനത്തിലൂടെ ദൈവഹിതം വേർതിരിച്ചറിയിച്ച് അതുനിറവേറ്റാനായി നമ്മെ സഹായിക്കുന്ന സഹായകനാണ് പരിശുദ്ധാത്മാവ്.

പരിശുദ്ധാത്മാവുമായുള്ള കൂട്ടായ്മയുടെ അർത്ഥം ഇതാണ്. താൻ വ്യക്തിപരമായി എഴുതിയ ലേഖനം ഉപസംഹരിക്കാനായി പൗലോസ് ഇപ്രകാരമെഴുതിയതിന്റെ സാരാംശവും ഇതുതന്നെയാണ്.

> കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കുമാറാകട്ടെ. (2 കൊരിന്ത്യർ 13:14)

## ശോധനചെയ്യുവാൻ:

1. മറ്റുള്ളവരുമായുള്ള നിങ്ങളുടെ ബന്ധത്തിന്റെ ആഴം പൊതുവേ എപ്രകാരമുള്ളതാണ്? ദൈവവുമായുള്ള നിങ്ങളുടെ ബന്ധത്തിലും ഇതു പ്രതിഫലിക്കുന്നതു കാണാമോ?
2. ആത്മാവിനെ അവഗണിക്കുന്നത് ദൈവത്തെ അവഗണിക്കുന്നതുതന്നെയാണ്. യോഹന്നാൻ 4:24ലെ ദൈവം ആത്മാവാണ് എന്ന വചനം നിങ്ങളുടെ ജീവിതത്തിനു പുതിയ അർത്ഥം നല്കുന്നുണ്ടോ?
3. ദൈവവുമായും ദൈവാത്മാവുമായും ഉള്ള അടുപ്പം ഗാഢമാക്കുന്നതിനു നിങ്ങൾ പകരുന്ന പോഷണങ്ങൾ ഏവയാണ്?

## കുറിപ്പുകൾ:

1. മർക്കോസ് 14:36, റോമർ 8:15, ഗലാത്യർ 4:6 ഇവ കാണുക

2. ദ മൈൻഡ് ഓഫ് ജീസസ് എന്ന പുസ്തകത്തിൽ വില്യം ബാർക്ലേ ഈ വിഷയത്തിൽകുറച്ചുകൂടി ഉൾക്കാഴ്ച നല്കുന്നു, ദൈവത്തെ പിതാവെന്നു വിളിക്കാൻ യേശു പഠിപ്പിക്കുമ്പോൾ രണ്ടുവലിയ സത്യമാണ് ഉൾക്കൊള്ളിക്കുന്നത്:

1. അത്യപൂർവമായ അപൂർവത: ആദ്യമെഴുതിയ സുവിശേഷമായ മർക്കോസിൽ യേശു നാലു തവണ പിതാവേ എന്ന് അഭിസംബോധന ചെയ്യുന്നു - മർക്കോസ് 8:38, 11:25, 13:32, 14:36. കേസരിയാ ഫിലിപ്പിയിൽ വച്ചുള്ള പത്രോസിന്റെ ഏറ്റുപറച്ചിലിനു ശേഷം തന്റെ ശിഷ്യന്മാരോടുള്ള സംഭാഷണത്തിൽ മാത്രമാണ് യേശു പിതാവ് എന്ന വാക്കുപയോഗിക്കുന്നത്. എന്നുവച്ചാൽ ഇത് പൊതുവായി ഉപയോഗിക്കാനായി കൊടുത്തിട്ടുള്ള ഒരു പകരം വാക്കല്ല, മറിച്ച് ആ ബന്ധത്തിന്റെ ശ്രേഷ്ഠത മനസ്സിലാക്കുന്നവർക്കു വ്യക്തിപരമായി ഉപയോഗിക്കുവാനുള്ളതാണ്.

2. അത്യപൂർവ്വമായ ഗാഢബന്ധം: അബ്ബാ പിതാവേ (മർക്കോസ് 14:36) എന്ന വാക്കുകൾക്കു വിദൂരമായിപ്പോലും പകരം വയ്ക്കാവുന്ന വാക്കുകൾ യഹൂദ സാഹിത്യത്തിൽ നിലവിലില്ല. നവീന അറബിഭാഷയിലെ ജബാ എന്ന വാക്കിനോടു സാമ്യമുണ്ട് അബ്ബാ എന്ന വാക്കിന് - ഒരു ശിശു തന്റെ പിതാവിനെ വിളിക്കുന്ന സംബോധനയാണിത്. മറ്റു ഭാഷകളിലേക്കു ശരിയായ രീതിയിൽ പരിഭാഷപ്പെടുത്താൻ പറ്റുന്ന ഒരു വാക്കല്ല ഇത്, പരിഭാഷപ്പെടുത്താൻ ആരും ശ്രമിച്ചിട്ടുമില്ല.

പറഞ്ഞുമനസ്സിലാക്കാൻ പറ്റാത്തവിധം പരിശുദ്ധമായ ഒരു ദൈവീകബന്ധമാണ് ദൈവത്തെ പിതാവ് എന്നു പരിഗണിക്കുന്നത്. ആ ബന്ധത്തെക്കുറിച്ചു മനുഷ്യർക്ക് അവബോധം നൽകുവാനാണ് യേശു വന്നത്.

**അദ്ധ്യായം 3**

# ശക്തിയുടെ ആത്മാവ്

## ശക്തനായ ഒരു മനുഷ്യനാകുന്നതിനായി - ഉള്ളിൽ നിന്നും

നാമെല്ലാവരും ആത്മാവിനാൽ നിറഞ്ഞവരായിരിക്കേണ്ടതിന്റെ ആവശ്യകത നമ്മൾ കണ്ടു. ഇനി നമുക്കു പ്രായോഗിക തലങ്ങളിലേക്കുവരാം. ആത്മാവുമായുള്ള ബന്ധം വളരെ വ്യക്തിപരമായ ഒരു അടുപ്പമാണെന്ന കാര്യം കഴിഞ്ഞ അദ്ധ്യായത്തിൽ നാം കണ്ടു. ആത്മാവ് നമ്മിൽ എത്രമാത്രം വ്യക്തിപരമായും ശക്തമായും പ്രായോഗികതലത്തിൽ പ്രവർത്തിക്കുന്നുവെന്നു കാണുന്നത് ആശ്ചര്യാവഹമാണ്. പൗലോസ് തിമോത്തിക്കെഴുതുന്നതു നോക്കുക:

> ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും അച്ചടക്കത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്കു നൽകിയത്. അതുകൊണ്ട് നമ്മുടെ കർത്താവിന്റെ സാക്ഷ്യത്തെയും, അവന്റെ തടവുകാരനായ എന്നെയും കുറിച്ചു ലജ്ജിക്കാതെ, സുവിശേഷത്തിനായി ദൈവശക്തിക്ക് ഒത്തവണ്ണം നീയും എന്നോടുകൂടെ കഷ്ടത സഹിക്കുക. അവൻ നമ്മെ രക്ഷിക്കുകയും വിശുദ്ധമായ വിളിയാൽ നമ്മെ വിളിക്കുകയും ചെയ്തത്, നമ്മുടെ പ്രവൃത്തികൾ നിമിത്തമല്ല, പിന്നെയോ സകല കാലത്തിനും മുമ്പേ, നമ്മെക്കുറിച്ചുള്ള യേശുവിന്റെ ലക്ഷ്യത്താലും അവൻ നമുക്കു നൽകിയിരിക്കുന്ന അവന്റെ കൃപയാലുമത്രേ (2 തിമോത്തി 1:7-9)

നമ്മുടെ ജീവിതത്തിലുള്ള ആത്മാവിന്റെ സാന്നിദ്ധ്യം നമ്മെ വ്യത്യസ്തരാക്കുന്നു: ചുറ്റുമുള്ള നമ്മുടെ ലോകത്തിലുള്ളവരിൽ നിന്നും നമ്മെ വ്യത്യസ്തരാക്കുന്നതിനൊപ്പം നമ്മുടെ തന്നെ പഴയ ഭാവത്തിൽ നിന്നും ആത്മാവു നമ്മെ വ്യത്യസ്തരാക്കുന്നു. നാം വ്യത്യസ്തരാവുകയോ മാറ്റം വരുത്തുകയോ ചെയ്യുന്നില്ലെങ്കിൽ അതിനർത്ഥം ആത്മാവ് നമ്മിൽ ദുഃഖിച്ചിരിക്കുന്നു എന്നതാണ് (എഫേസ്യർ 4:30).[(1)] ആത്മാവിന്റെ ഏറ്റവും അടിസ്ഥാനപരമായ സവിശേഷതകളിൽ മുകളിൽ നാം വായിച്ച മൂന്നെണ്ണത്തെക്കുറിച്ചു നമുക്ക് ഈ മൂന്നു അദ്ധ്യായങ്ങളിലൂടെ പരിശോധിക്കാം - ശക്തി, സ്നേഹം, അച്ചടക്കം. ആദ്യത്തേത് ശക്തി.

### ശക്തിപരീക്ഷ!

നമുക്ക് ഒരു ശക്തി പരീക്ഷ നടത്തിനോക്കാം - നിങ്ങളിൽ ചിലർ തീർച്ചയായും ശക്തന്മാർ തന്നെയാണ്, ശാരീരികമായും ആത്മീകമായും.

- നിങ്ങളുടെ ശാരീരിക ആരോഗ്യം എങ്ങനെയുണ്ട്? ഒരു മാരത്തോൺ ഓടാൻ കഴിയുമോ?
- നിങ്ങൾ ഒരു ഉരുക്കുമനുഷ്യനാണോ? (ഞാൻ അല്ലേ അല്ല.)
- നിങ്ങളുടെ രാഷ്ട്രീയ സ്വാധീനം എത്രത്തോളമുണ്ട്? നിങ്ങൾ സംസാരിക്കുമ്പോൾ എഴുന്നേറ്റു നിന്നു ശ്രദ്ധിക്കുന്ന ആളുകളുണ്ടോ? തീർച്ചയായും നമുക്ക് ഒരു വോട്ടിന്റെ ശക്തിയുണ്ട്.
- നിങ്ങൾ എത്രമാത്രം ബുദ്ധിസാമർത്ഥ്യമുള്ളയാളാണ്? നിങ്ങളുടെ ചിന്തകൾക്ക് ഒരു ജ്ഞാനപീഠം കിട്ടാൻ സാദ്ധ്യതവല്ലതുമുണ്ടോ?
- സാമ്പത്തികമായി നിങ്ങൾ എത്രമാത്രം ശക്തനാണ്?
- അതൊക്കെ പോകട്ടെ, വൈകാരികമായി നിങ്ങൾ എത്ര ശക്തനാണ്? സമ്മർദ്ദം നിങ്ങളെ എളുപ്പം തകർക്കുമോ?
- പരാതിയും പിറുപിറുപ്പും കൂടാതെ എത്രമാത്രം കഠിനാധ്വാനം ചെയ്യാൻ നിങ്ങൾക്കു കഴിയും? മറ്റുള്ളവരിൽ നിന്നുമുള്ള പ്രശംസയും ശ്രദ്ധയും കിട്ടുന്നില്ലെങ്കിൽ പോലും നിങ്ങൾ ശരിയായതുചെയ്യുമോ?
- വേറൊന്ന്. നിങ്ങളുടെ ജീവിതപങ്കാളിയുമായുള്ള ബന്ധം എപ്രകാരമുള്ളതാണ്? മക്കളുമായുള്ളതോ?
- മറ്റു സഹപ്രവർത്തകരും സുഹൃത്തുക്കളുമായുമെല്ലാം ശ്രേഷ്ഠമായ ബന്ധങ്ങൾ കെട്ടിപ്പടുക്കാൻ നിങ്ങൾക്ക് എളുപ്പം കഴിയുന്നുണ്ടോ?

ഈ ചോദ്യങ്ങളുടെ ലക്ഷ്യം നിങ്ങൾക്ക് ഇതിനകം പിടികിട്ടിക്കാണും. നിങ്ങൾ ബലഹീനനാണ്, നാമെല്ലാവരും ബലഹീനരാണ്. നമ്മളിൽ മിക്കവാറും പേരും ജ്ഞാനികളോ, ബലവാന്മാരോ, കുലീനരോ ഒന്നും അല്ലായിരുന്നു (1 കൊരിന്ത്യർ 1:26). ലൗകീകമായുള്ള ബലങ്ങൾ നമ്മിലുണ്ടായിരുന്നപ്പോൾത്തന്നെ നമ്മിൽ വലിയ ബലഹീനതകളും ഉണ്ടായിരുന്നു. എന്നാൽ പരിശുദ്ധാത്മാവിന്റെ സഹായത്താൽ നമ്മിൽ എന്നന്നേയ്ക്കും നിലനിൽക്കുന്നതും പ്രസക്തവുമായ കാര്യങ്ങൾ സാദ്ധ്യമാകുന്നതിനായി നാം ഒരുക്കപ്പെട്ടുകഴിഞ്ഞു. നമുക്കുപയോഗിക്കാനായി - അതിൽകൂടുതൽ ദൈവ

ത്തിന്റെ ഉപയോഗത്തിനു നമ്മെ വിട്ടുകൊടുക്കുമ്പോൾ ദൈവത്തിനു നമ്മിൽ പ്രവർത്തിക്കാനായി - പുനഃരുത്ഥാനത്തിന്റെ ശക്തി നമ്മിൽ വ്യാപരിക്കുന്നതിനാലാണ് ഇത്.

## പുനഃരുത്ഥാനത്തിന്റെ ശക്തി

നമുക്കറിയാവുന്ന പല ശക്തികളുമുണ്ട്, വൈദ്യുതി, സോളാർ, ഗ്യാസ് മുതലായവ. എന്നാൽ ആത്മാവിന്റെ ശക്തി മറ്റേതു ശക്തിയേയും നിലം പരിശാക്കികളയും. യേശുവിനെ മരണത്തിൽനിന്നും ഉയിർപ്പിച്ച ശക്തിയാണ് ആത്മാവിന്റെ ശക്തി (റോമാക്കാർ 8:11). പുനരുത്ഥാനത്തിന്റെ ശക്തി താരതമ്യങ്ങൾക്കതീതമാണ്, വേറൊരു ശക്തിക്കും അടുത്തുപോലും വരുവാൻ കഴിയാത്തത്ര ഉന്നതമായതാണത്. എഫേസ്യർക്കുവേണ്ടിയുള്ള പൗലോസിന്റെ പ്രാർത്ഥന നമ്മുടെയും പ്രാർത്ഥനയാക്കാം:

> നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചിട്ട് അവന്റെ വിളിയാലുളള പ്രത്യാശ ഇന്നതെന്നും വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം ഇന്നതെന്നും വിശ്വസിക്കുന്ന നമുക്കുവേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിനുംതന്നെ. അവന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ അവൻ ക്രിസ്തുവിൽ വ്യാപരിച്ച് അവനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിക്കുകയും സ്വർഗ്ഗത്തിൽ തന്റെ വലതുഭാഗത്ത് ഇരുത്തുകയും ചെയ്തു. (എഫേസ്യർ 1:18-20)

ഉള്ളിൽ നിന്നും പുതുക്കം പ്രാപിക്കാൻ നമ്മെ സഹായിക്കുക എന്നതു മാത്രമല്ല പുനഃരുത്ഥാനത്തിന്റെ ശക്തിയാൽ നമുക്കു സാദ്ധ്യമാകുന്നത്, ലജ്ജകൂടാതെ വിശ്വാസം പങ്കുവയ്ക്കാൻ സഹായിക്കുക എന്നതും കൂടിയാണ് (2 തിമോത്തി 1:8). നമ്മെ ജീവനുള്ളതാക്കുകയും പുതുക്കുകയും പ്രചോദിപ്പിക്കുകയും ചെയ്ത് ക്ഷീണമില്ലാതെ യേശുവിന്റെ കാലടികൾ പിന്തുടരുവാനും, ഇടറാതെ ഓട്ടം ഓടുവാനും, കഴുകനെപ്പോലെ ചിറകടിച്ചുയരുവാനും ഈ ശക്തി നമുക്കു പ്രാപ്തി നൽകുന്നു.

## ശക്തിക്ഷയിച്ച ക്രിസ്തീയജീവിതം

തിമോത്തിക്കെഴുതിയ രണ്ടാം ലേഖനത്തിന്റെ മൂന്നാം അദ്ധ്യായത്തിൽ ദൈവമില്ലാത്ത നമ്മുടെ സമൂഹത്തിന്റെ സ്വഭാവ സവിശേഷതകളെക്കുറിച്ചു പൗലോസ് പ്രതിപാദിക്കുന്നുണ്ട്. മതാനുയായികൾ എന്നാണ് ഈ ആളുകൾ അവകാശപ്പെട്ടിരുന്നത്. മതമെന്നവാക്കു നൽകുന്നത് അസ്വീകാര്യതയുടെ ഒരു ഭാവമാണെങ്കിലും, ദൈവവചനങ്ങളെ അർത്ഥവത്താക്കുന്ന ശരിയായ മതം ഏറ്റവും ശ്രേഷ്ഠമായ ഒന്നാണ്. ദൈവീകതയുടെ ഒരു ഭാവമുണ്ടെങ്കിലും അതിന്റെ ശക്തിയില്ലാത്തയാളുകൾ വ്യാജവിശ്വാസികളാണ് (2 തിമോത്തി 3:5). അവർ ആത്മാവിനാൽ നയിക്കപ്പെടുന്നവർ അല്ല, കാരണം അവരെ സംബന്ധിച്ച് മാംസേച്ഛകളും ലൗകീകസുഖങ്ങളും കൂടുതൽ ആകർഷണീയമാണ് (റോമാക്കാർ 8:1214, 1 യോഹന്നാൻ 2:15-17).

വിദ്യുച്ഛക്തിബന്ധമില്ലാതെ ഒരു വാക്വം ക്ളീനർ ഉപയോഗിച്ചു വീടുവൃത്തിയാക്കുന്നതിനെക്കുറിച്ച് ആലോചിക്കുക! ആ യന്ത്രത്തിന്റെ ബ്രഷ് ഉന്തിയും തള്ളിയും വിയർത്തു ക്ഷീണിക്കുമെന്നല്ലാതെ ചെയ്യുന്ന കഠിനാദ്ധ്വാനത്തിനു ഫലമൊന്നു കാണുകയില്ല. കുറേയൊക്കെ പൊടിപടലങ്ങൾ മാറിയെന്നിരിക്കും എന്നിരുന്നാലും അങ്ങനെയാണോ ഈ യന്ത്രം ഉപയോഗിക്കേണ്ടത്, ഇപ്രകാരമുള്ള ഒരു വൃത്തിയാണോ ഈ യന്ത്രംകൊണ്ട് ഉദ്ദേശിക്കുന്നത്? അല്ല, ദൈവത്തിനു നമ്മെക്കുറിച്ചുള്ള പദ്ധതി ഒരിക്കലുമിതല്ല. ആത്മാവിന്റെ ശക്തിയെ ഉപയോഗിക്കുക, ദൈവത്തിന്റെ ശക്തി നിങ്ങളെ ഉണർത്തട്ടെ.

ഫലമില്ലാത്തതും നിരാശയുളവാക്കുന്നതുമായ ഒന്നല്ല ക്രിസ്തീയത. അവന്റെ കൽപനകൾ എളുപ്പമുള്ളതാണ്, ഭാരപ്പെടുത്തുന്നതല്ല (1 യോഹന്നാൻ 5:3, മത്തായി 11:30). കൽപനകൾ എളുപ്പമായതിനാലല്ല, പകരം അവയെ അനുസരിക്കാനുള്ള ശക്തി നല്കപ്പെടുന്നതിനാലാണ് ഇത് ഭാരമില്ലാത്തതാകുന്നത്. ദൈവാത്മാവിന്റെ ശക്തിയാലല്ലാതെ ദൈവകൽപ്പനകൾ അനുസരിക്കുക എന്നത് ദുഷ്കരം തന്നെ.

## ഉള്ളിൽ വ്യാപരിക്കുന്ന ശക്തി

ക്രിസ്തുവിലുള്ള ജീവിതത്തിന്റെ യഥാർത്ഥശക്തി നമ്മുടെ ഉള്ളിൽ നിന്നും പുറപ്പെടുന്നതാണ്. നമ്മുടെ നാട്ടിലെ ചിലമതങ്ങൾ പറയുന്നതുപോലെ നമ്മുടെ ഉള്ളിൽ നാം അറിയാതെ അടങ്ങിയിരിക്കുന്ന, നാം വെറുതെ തൊട്ടുണർത്തിയാൽമാത്രം മതിയാകുന്ന ഒരു മനഃശ്ശക്തിയല്ല ഇത്. ജീവനുണ്ട് എന്നകാരണത്താൽ ദൈവത്തിന്റെ അംശം നമ്മിൽ വാഴുന്നില്ല, നാം ക്രിസ്തുവിലാകുമ്പോൾ മാത്രം ലഭിക്കുന്ന ഒന്നാണത് (1 പത്രോസ് 1:3-4). മിക്കവാറും മതങ്ങൾ ശക്തിനോക്കുന്നത് ഒന്നുകിൽ പുറമേയാണ് അതല്ലെങ്കിൽ അവനവനിലാണ്. അത്തരം മതങ്ങളെ സംബന്ധിച്ച് നിങ്ങൾ ആ ശക്തിയെ ആവാഹിക്കുകയോ അല്ലെങ്കിൽ ഉണർത്തുകയോ ചെയ്യണം. പരിശുദ്ധാത്മാവിനെ സംബ

ഡിച്ച് അങ്ങനെയല്ല. ദൈവത്തിൽ നിന്നും പിടിച്ചുവാങ്ങേണ്ട ഒരു കാര്യമല്ല ഇത്, നമുക്ക് ദാനമായി ലഭിച്ചതാണ്.

> തന്റെ മഹത്ത്വത്താലും ശ്രേഷ്ഠതയാലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യശക്തി, ജീവനും ഭക്തിക്കും ആവശ്യമായതൊക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലോ. അവയാൽ അവൻ നമുക്കു വിലയേറിയതും അതിമഹത്തായതുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു. ഇവയാൽ നിങ്ങൾ ലോകത്തിന്റെ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞ് ദിവ്യസ്വഭാവത്തിനു കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു (1 പത്രോസ് 1:3-4)

ശക്തിയുടെ ഉറവിടം പുറമേയാണ് - ദൈവത്തിലാണ്, നമ്മിലല്ല. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുമ്പോഴാണ് അവന്റെ ആ ശക്തി നമ്മിൽ വസിക്കുന്നത്. ഉദാഹരണത്തിന്; നമ്മുടെ സൂര്യന്റെ ഉള്ളിൽ ദശലക്ഷക്കണക്കിനു ഡിഗ്രിയിലുള്ള ചൂടാണുള്ളത്, എന്നാൽ ഉപരിതലത്തിലേക്കു വരുമ്പോഴേക്കും അതു പതിനായിരങ്ങളിലേക്കായി കുറയും. പരിശുദ്ധാത്മാവു നമ്മിൽ വസിക്കുന്നതിനെക്കുറിച്ചു വിശദീകരിക്കുന്ന ഈ വേദഭാഗം നോക്കുക:

> അവൻ തന്റെ മഹത്വത്തിന്റെ ധനത്തിനു തക്കവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങളുടെ ആന്തരിക മനുഷ്യൻ ശക്തിയോടെ ബലപ്പെടേണ്ടതിന് കൃപ നല്കട്ടെ; വിശ്വാസത്താൽ ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി, വീതിയും നീളവും ഉയരവും ആഴവും എന്തെന്ന് സകല വിശുദ്ധന്മാരോടും കൂടെ ഗ്രഹിക്കേണ്ടതിനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിഞ്ഞ് ദൈവത്തിന്റെ സർവ്വപൂർണ്ണതയിലും നിങ്ങൾ നിറയപ്പെടുവാനുംതന്നെ. എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം സമൃദ്ധിയായി നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ പ്രവർത്തിക്കുവാൻ കഴിയുന്നവന് സഭയിലും ക്രിസ്തുവേശുവിലും സകലതലമുറകളിലും എന്നെന്നേക്കും മഹത്ത്വം ഉണ്ടാകട്ടെ. ആമേൻ. (എഫേസ്യർ 3:16-21)

പരിശുദ്ധാത്മാവിനെക്കുറിച്ച് അനേകകാര്യങ്ങൾ നമുക്കിവിടെനിന്നും മനസ്സിലാക്കേണ്ടതുണ്ട്:

- നമ്മിലെ ആന്തരികമനുഷ്യനിലാണ് ബലപ്പെടുത്തൽ പ്രക്രിയ നടക്കുന്നത്. നമ്മുടെ ശാരീരിക പേശിബലത്തെയല്ല, ശരീരത്തിനപ്പുറത്തുള്ള നമ്മിലെ മനുഷ്യനെയാണ് ആത്മാവ് ശക്തീകരിക്കുന്നത്. ആന്തരിക മനുഷ്യനിൽ നിറയുന്ന ഈ ശക്തിയുടെ വ്യാപരണം ഭൗതീകമനുഷ്യന്റെ പ്രവർത്തികളിലും ഊർജ്ജനിറവിലും പ്രതിഫലിക്കുന്നു. ഈ ഊർജ്ജപ്രവാഹം നിങ്ങൾക്കനുഭവിക്കുവാൻ കഴിയുന്നുണ്ടോ?

- ആത്മാവുനമ്മിൽ വസിക്കുന്നതിനനുസരിച്ച് ക്രിസ്തു നമ്മിൽ വസിക്കുന്നു. (അതിനർത്ഥം നമ്മിൽ നാല് ആത്മാക്കൾ ഉൾക്കൊള്ളുന്നു എന്നല്ല - നമ്മുടെ ആത്മാവിന്റെ കൂടെ പിതാവിന്റെയും പുത്രന്റെയും ആത്മാവും പരിശുദ്ധാത്മാവും. റോമാക്കാർ 8:9-11ൽ പിതാവും പുത്രനും പരിശുദ്ധാത്മാവും പരസ്പരം മാറ്റിയെഴുതിയിരിക്കുന്നതിന്റെ ഉദാഹരണം നമുക്കു കാണാം).

- ക്രിസ്തുവിന്റെ സ്നേഹം അറിയാനും അനുഭവിക്കാനുമുള്ള ശക്തിയാണു നമുക്കു ലഭിച്ചിരിക്കുന്നത്. അതാണു നമ്മെ മുന്നോട്ടു നയിക്കുന്നത്.

- പകരംപറയാൻ കഴിയാത്ത ആത്മാവിന്റെ ശക്തിയാൽ നമുക്കു സ്വപ്നം കാണാനോ സങ്കൽപ്പിക്കാനോ കഴിയുന്നതിനേക്കാൾ ഉപരിയായുള്ള കാര്യങ്ങൾ ദൈവം നമ്മിൽ പ്രവർത്തിക്കുന്നു. നമ്മുടെ അപകർഷചിന്തകളെ നമുക്ക് ആട്ടിപ്പായിക്കാം. ഈ വേദഭാഗത്തിന്റെ സാഹചര്യം നോക്കുകയാണെങ്കിൽ യഹൂദരെയും വിജാതീയരെയും ആത്മാവ് ഒരുമിപ്പിക്കുന്ന അത്ഭുതത്തെക്കുറിച്ചാണ് പൗലോസ് പ്രസ്താവിക്കുന്നതെങ്കിലും (എഫേസ്യർ 2:14-22), അത്ഭുതകരമായ മറ്റനേകം കാര്യങ്ങളും ആത്മാവിനു നിറവേറ്റാൻ സാധിക്കുമെന്നുള്ള സൂചനയും ഇതു നൽകുന്നുണ്ട്.

- സഭയിലൂടെ, ക്രിസ്തുവിൽ ഈ ശക്തി നമ്മിൽ വ്യാപരിക്കുന്നു. ഒരു ഒറ്റപ്പക്ഷിയായി നാം പറക്കുന്നത് ദൈവത്തിന്റെ സങ്കൽപ്പത്തിലില്ല. സകലവിശുദ്ധരോടുമൊത്താണ് നാം ആയിരിക്കേണ്ടത്. ക്രിസ്തീയത ഒരു കൂട്ടായ്മയാണ്.

- എല്ലാ തലമുറകളിലുമുള്ള ശിഷ്യന്മാർക്കുവേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതി ഇതാണ് - നിങ്ങൾക്കും നിങ്ങളുടെ കുട്ടികൾക്കും പേരക്കുട്ടികൾക്കുമായുള്ള പദ്ധതി. ഈ പദ്ധതിയെ നവീകരിക്കേണ്ടതിന്റെ ആവശ്യമില്ല. പരിപൂർണ്ണതയ്ക്ക് ഇനിയൊരു പൂർണ്ണത വരുത്തേണ്ടതില്ലല്ലോ!

## പവർകട്ട്?

ലോകം മുഴുവൻ സുവിശേഷമറിയിച്ച്, നമ്മുടെ ദൗത്യം നിറവേറ്റുന്നതിനുതകുന്ന സജ്ജീവവും ശക്തവുമായ ഒരു ആത്മീയ ജീവിതം നമുക്കുണ്ടാകണമെന്നതാണ് ദൈവഹിതം. സജ്ജീവമായ ആത്മീയജീവിതം നയിക്കാത്തവർ ഒഴുക്കിൽ നിന്നും തെന്നിമാറി കാലക്രമേണ വഴിതെറ്റി വീഴു

കയും ചെയ്യും. നിങ്ങളുടെ ജീവിതത്തിൽ ആത്മീയ പവർകട്ട് അനുഭവപ്പെടുന്നുണ്ടോ? അതിനു ദൈവത്തെ പഴിചാരേണ്ട. സ്വന്തമായി മസിൽപെരുപ്പിക്കാൻ ശ്രമിക്കാതെ, ശരിയായ ശക്തിസ്രോതസ്സിലേക്കു നിങ്ങളെയും കൂട്ടിയിണക്കുക.

ആത്മശോധനചെയ്യേണ്ട ഒരു കാര്യമിതാണ്: ശക്തമായതും സജീവമായതുമായ ഒരു ശിഷ്യത്വ ജീവിതം നയിക്കണമെന്ന ആത്മാർത്ഥമായ ആഗ്രഹം നിങ്ങൾക്കുണ്ടോ? ആത്മാവിന്റെ പ്രധാനപ്രവർത്തനമിതാണെന്ന കാര്യം നാം കണ്ടുകഴിഞ്ഞു. മാനസാന്തരവും ജീവിതമാറ്റവുമില്ലാത്ത ശബ്ദത്തിൽമാത്രം ഉത്സാഹമുള്ള ഒരു ആമേൻ പറയാൻ ആർക്കും എളുപ്പം കഴിയും. ആത്മാവിന്റെ ശക്തിയാൽ നമ്മുടെ ജീവിതത്തിൽ ശക്തമായ മാറ്റങ്ങളുണ്ടാക്കാൻ ദൈവം സഹായിക്കുന്ന മൂന്നു പ്രായോഗികമേഖലകൾ നമുക്കു താഴെക്കാണാം:

- *അതിരാവിലെ ഉണർന്ന് ദൈവവുമായി സമയം ചിലവഴിക്കാനുള്ള ഊർജ്ജം.* പുതിയ ഉണർത്തുപകരണങ്ങളിലെല്ലാം സാത്താൻ നേരിട്ടിടപെട്ടു ഘടിപ്പിച്ച ഒരു ബട്ടണുണ്ട് - സ്നൂസ് ബട്ടൺ. (മണിയടികേൾക്കുമ്പോൾ ആ ബട്ടൺ അമർത്തിയാൽ മണിയടി നിൽക്കുകയും അഞ്ചുമിനിട്ടിനു ശേഷം വീണ്ടും മണിയടിക്കുകയും ചെയ്യും, അതു തുടർന്നുകൊണ്ടേയിരിക്കും). അലസതയിലൂടെ ഒരു ദിവസത്തിന്റെ താളം തെറ്റിക്കാൻ വേണ്ടി മാത്രമുള്ള ഒരു സംവിധാനമാണിത്.

- *ഓരോദിവസത്തിന്റെയും ക്ളേശങ്ങളും കഠിനതകളും വരുമ്പോൾ അതിനെ സമചിത്തതയോടെ നേരിടുവാനുള്ള മനഃസ്സാന്നിദ്ധ്യവും ഊർജ്ജവും.* കഠിനമായി പ്രതികരിക്കുന്നയാളുകൾ ആത്മാവിന്റെ സ്വാധീനമുള്ളവരല്ല. യേശു ഒരിക്കലും അങ്ങനെ പെരുമാറുന്നതായി നാം കാണുന്നില്ല.

- *മറ്റുള്ളവരിലേക്കു ശ്രദ്ധ കൊടുത്തു ജീവിക്കുവാനുള്ള ഊർജ്ജം.* മറ്റുള്ളവരെ ഇടതടവില്ലാതെ സ്നേഹിക്കുന്നതിന് പരിശുദ്ധാത്മാവിന്റെ ശക്തി നമുക്കാവശ്യമുണ്ട്. (അതാണ് അടുത്ത അദ്ധ്യായത്തിലെ വിഷയം)

## മുമ്പെങ്ങുമില്ലാത്തരീതിയിൽ ശക്തൻ

മുമ്പെങ്ങുമില്ലാത്ത രീതിയിൽ ഉന്നതവും ബലവത്തുമായ ഒരു ആത്മീയജീവിതം നാം നയിക്കേണ്ടതിന്റെ ആവശ്യകത ഇന്നത്തെ കാലയളവിൽ ഏറ്റവും കൂടുതലാണ്. ബലവത്തായ ഒരു ആത്മീയ ജീവിതം നയിക്കുവാനുള്ള ആഗ്രഹവും തീരുമാനവും ഇന്നുതന്നെ നമ്മിലുണ്ടാക്കുക.

ശോധനചെയ്യുവാൻ:

1. എന്റെ വിശ്വാസ ജീവിതം ശക്തവും സുവിശേഷവൽക്കരണപൂർണ്ണവുമാണോ? ആത്മീയ വിളർച്ചയാണോ അതോ വളർച്ചയാണോ എന്നിലുള്ളത്?
2. മറ്റുള്ളവർക്ക് എന്റെ ആത്മീയതെക്കുറിച്ചുള്ള അഭിപ്രായം എന്താണ്? മറ്റുള്ള ശിഷ്യന്മാർക്ക് ഞാനൊരു പ്രോത്സാഹനമാണോ? ശിഷ്യരല്ലാത്തവർക്കോ?
3. ദൈവത്തിന്റെ വ്യാപാരത്തിനായി എന്നെത്തന്നെ വിട്ടുകൊടുത്താൽ എന്റെ ആവശ്യങ്ങൾക്കൊന്നും സമയവും സൗകര്യവും ഉണ്ടാവുകയില്ല എന്ന തോന്നൽ എന്നിലുണ്ടോ?

കുറിപ്പുകൾ:

1. മറ്റുള്ളവരുമായുള്ള നമ്മുടെ ബന്ധത്തെക്കുറിച്ചാണ് ഈ വചനം പരാമർശിക്കുന്നത്. മറ്റുള്ളവരുമായി നാം ഗാഢ ഐക്യത്തിൽ ആയില്ലെങ്കിൽ നാം പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുകയാണ്, നമ്മുടെ ഐക്യവും സഹകരണവും പരസ്പര അഭിവൃദ്ധിയും കാംക്ഷിക്കുന്ന പരിശുദ്ധനെ. (ആത്മാവിനെ ദുഃഖിപ്പിക്കുന്ന മറ്റു മേഘലകൾ വേറെയുണ്ടെങ്കിലും).

**അദ്ധ്യായം 4**

# സ്നേഹത്തിന്റെ ആത്മാവ്

## സ്നേഹമുള്ള ഒരു മനുഷ്യനാകുന്നതിനായി - ഉള്ളിൽ നിന്നും

നാം പഠിച്ചുകൊണ്ടിരിക്കുന്ന വേദഭാഗത്തിലേക്ക് (2തിമോത്തി 1:7) നമുക്കൊന്നുകൂടി നോക്കാം. നമുക്കു നൽകിയിട്ടുള്ളത് ശക്തിയുടെയും സ്നേഹത്തിന്റെയും ആത്മനിയന്ത്രണത്തിന്റെയും ആത്മാവാണ്. രണ്ടാമത്തെ ഗുണമായ സ്നേഹത്തെക്കുറിച്ചു നമുക്കിവിടെ പഠിക്കാം. സ്നേഹമില്ലാതെയുള്ള ശക്തി പരുഷവും ശബ്ദമയവും ആകർഷണീയതയില്ലാത്തതുമാണ്, അതിനാൽ സ്നേഹം ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ആത്മാവിലുള്ള സ്നേഹം നമ്മിൽ സജീവമല്ലാതെവരുമ്പോൾ ശക്തി ഉപയോഗശൂന്യമായ ഒന്നായി മാറുന്നു. സ്നേഹമില്ലാത്ത ശക്തി അതിന്റെ ഉദ്ദിഷ്ടലക്ഷ്യത്തിൽനിന്നും പിൻവാങ്ങി നമ്മെ കാഠിന്യമുള്ളവരും കരുതലില്ലാത്തവരും അധികാരപ്രിയരുമൊക്കെയാക്കി മാറ്റുന്നു - മുഴങ്ങുന്ന ചേങ്ങലയോ ചിലമ്പുന്ന കൈത്താളമോ ഒക്കെയാക്കി (1 കൊരിന്ത്യർ 13:1). ആത്മാവിലുള്ള സ്നേഹം നമ്മിലുള്ള ഒരു തോന്നലല്ല/വികാരമല്ല. വികാരങ്ങൾ സ്നേഹത്തിന്റെ ഭാഗമാണെങ്കിലും, ആത്മാവിലുള്ള സ്നേഹമെന്നത് തോന്നലുകളേക്കാൾ വലിയ ഒന്നാണ്. ഇതൊരു സമർപ്പണമാണ്. സ്നേഹത്തിന്റെ അന്തഃസത്ത ത്യാഗമാണെന്ന് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. ഒരാൾക്കു വേണ്ടി സഹിക്കാവുന്ന ത്യാഗത്തിന്റെ ആഴമാണ് അയാളോടുള്ള നമ്മുടെ സ്നേഹത്തിന്റെ അളവ്.

സ്നേഹത്തിന്റെ ആത്മാവുള്ള ഒരു വ്യക്തിയാണോ നിങ്ങൾ? (നിങ്ങളുടെ അഭിപ്രായമല്ല ഇതിന്റെ മറുപടി പകരം മറ്റുള്ളവർ നിങ്ങളെക്കുറിച്ച് എന്തു പറയുന്നു എന്നതാണ് - നിങ്ങളുടെ വീട്ടിലുള്ളവർ, കൂടെ ജോലി ചെയ്യുന്നവർ, നിങ്ങൾ വിശ്വാസം പങ്കുവയ്ക്കാൻ ശ്രമിക്കുന്ന അപരിചിതർ മുതലായവർ). ക്രിസ്തുവിന്റെ ആത്മാവു നമ്മിൽ വസിക്കുന്നില്ലെങ്കിൽ നമുക്കു വിശ്വാസജീവിതം മുഴുമിപ്പിക്കാനാവില്ല. ദൈവം അവന്റെ സ്നേഹത്തെ പരിശുദ്ധാത്മാവിലൂടെ നമ്മിലേക്കു ചൊരിഞ്ഞിരിക്കുന്നുവെന്നാണ് വചനം പ്രസ്താവിക്കുന്നത്:

> അതുമാത്രമല്ല, നാം നമ്മുടെ കഷ്ടതകളിലും പ്രശംസിക്കുന്നു; എന്തെന്നാൽ കഷ്ടത സഹിഷ്ണുതയെ ഉളവാക്കുന്നു എന്നു നാം അറിയുന്നു. സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു. പ്രത്യാശ നമ്മെ ലജ്ജിതരാക്കുന്നില്ല; ദൈവത്തിന്റെ സ്നേഹം നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ. (റോമർ 5:3-5)

നാം രക്ഷിക്കപ്പെട്ടപ്പോൾ തന്റെ സ്നേഹത്തിൽ കുറച്ചെടുത്തു നമ്മിലേക്കു തളിക്കുകയല്ല ദൈവം ചെയ്തത്, പകരം പരിശുദ്ധാത്മാവിലൂടെ അവന്റെ സ്നേഹം നമ്മിലേക്കു ചൊരിയുകയായിരുന്നു. നിങ്ങൾക്കത് അറിയാമായിരുന്നോ? നാം സന്നദ്ധമാകുന്നതനുസരിച്ച് നമ്മുടെ ഹൃദയത്തിൽ അവിടത്തെ സ്നേഹം നിറഞ്ഞുവർദ്ധിക്കുന്നു. പരിശുദ്ധാത്മാവിനാൽ പൂരിതമായ യേശുവിന്റെ ഹൃദയത്തിൽ സ്നേഹം നിറഞ്ഞുകവിഞ്ഞ് ഒഴുകുകയായിരുന്നല്ലോ?! അതുകൊണ്ടു തന്നെയാണ് നാം അവനെ പിൻതുടരുമ്പോൾ നമ്മിൽ അവന്റെ സമാധാനവും സന്തോഷവും നിറയുന്നത് - നാളേറേ ചെല്ലുന്തോറും അളവേറേയായും.

ഇംഗ്ലീഷിലെ സന്തോഷമെന്ന വാക്കിലെ അക്ഷരങ്ങൾ (JOY) കൊണ്ടു നമുക്ക് നമ്മുടെ ബന്ധങ്ങളെ നിർവ്വചിക്കാം. ജെ (J) എന്ന അക്ഷരം സൂചിപ്പിക്കുന്നത് ആദ്യസ്ഥാനം യേശുവിനാണെന്നും (Jesus), ഒ (O) എന്ന അക്ഷരം സൂചിപ്പിക്കുന്നത് രണ്ടാമത്തെ സ്ഥാനം മറ്റുള്ളവർക്ക് (Others) ആണെന്നും, വൈ (Y) എന്ന അക്ഷരം നിങ്ങൾക്ക് (You) അവസാനസ്ഥാനമെന്നുമാണ്. ഇതാണു ശരിയായ മുൻഗണനാക്രമം. നമുക്കിതു കൂടുതൽ വ്യക്തമായി പഠിക്കാം.

### ദൈവത്തോടുള്ള സ്നേഹം

അദൃശ്യനായ ദൈവം (1 തിമോത്തി 1:17) സ്നേഹമാണ്. കാണപ്പെടാത്തതിനെ ഹൃദയം കൊടുത്തു സ്നേഹിക്കുക എന്നത് ശ്രമകരം തന്നെയാണ്. (കാണുന്നവരെ സ്നേഹിക്കുന്നതു തന്നെ എനിക്കു പലപ്പോഴും വെല്ലുവിളിയാണ്!) ആത്മാവായ ദൈവത്തെ സ്നേഹിക്കുവാനായി നമുക്ക് ആത്മീയമായ ഒന്നിന്റെ സഹായം കൂടിയേ കഴിയൂ. ദൈവത്തെ സ്നേഹിക്കുക എന്നത് മറ്റു ചിലസമയങ്ങളെ വച്ചുനോക്കുമ്പോൾ ചിലസമയത്ത് വളരെ ഉത്സാഹത്തോടെ ചെയ്യാൻ കഴിയുന്ന ഒരു കാര്യമാണ് - മറ്റു സ്നേഹ ബന്ധങ്ങളെ സംബന്ധിച്ചും ഇതു തന്നെയാണ് വാസ്തവം. ഓരോ സമയത്തും നമുക്കു ദൈവത്തോടു തോന്നുന്ന വികാരങ്ങൾ വലിയവായിൽ സംസാരിക്കുന്നത് നമ്മുടെ

ഹൃദയത്തെക്കുറിച്ചു തന്നെയാണ്, ദൈവത്തിന്റെ ഹൃദയത്തെക്കുറിച്ചല്ല. ആരോ ഒരാൾ പറഞ്ഞതു പോലെ: ദൈവം ദൂരത്താണെന്നു നിങ്ങൾക്കു തോന്നുകയാണെങ്കിൽ, ആരാണു ദൂരത്തേക്കുമാറിയത് എന്നുകൂടി ചിന്തിക്കുക. ദൈവമാണോ?

നമ്മുടെ ഹൃദയത്തിൽ നിക്ഷേപിച്ചിരിക്കുന്ന ആത്മാവിനാൽ നമുക്കു ദൈവത്തെ കൂടുതൽ ആഴത്തിൽ സ്നേഹിക്കാൻ കഴിയും. അതി രാവിലെ ഇരുട്ടുള്ളപ്പോൾത്തന്നെ ഉണർന്ന്, പ്രാർത്ഥനയിലും ബൈബിൽ പഠനത്തിലും കൂടി ദൈവവുമായിട്ട് ശ്രേഷ്ഠമായ ഒരു സമയം ചിലവഴിക്കണമെന്നുള്ള അഭിവാഞ്ച നമ്മിൽ എത്ര ശക്തമാണ്? ദൈവത്തിന്റെ സ്വന്തം ഹൃദയമുള്ള പുരുഷൻ പറഞ്ഞതു പോലെ എന്റെ ബലമായ കർത്താവേ ഞാൻ നിന്നെ സ്നേഹിക്കുന്നു (സങ്കീ 18:1) എന്നു ഹൃദയത്തിൽനിന്നു പറയുവാൻ നമുക്കു കഴിയുമോ. സ്നേഹത്തിലെ ഊഷ്മളതയും അടുപ്പത്തിലെ ആശ്ചര്യതയും നഷ്ടപ്പെട്ട് ഉണങ്ങിവരണ്ട ഒരു കാര്യമായി ദൈവവുമായുള്ള ബന്ധം ശുഷ്കിച്ചു വരികയാണെങ്കിൽ അപകടം നാം മണത്തറിയേണ്ടതുണ്ട്. ആ ബന്ധത്തെ നമുക്കു തീർച്ചയായും വീണ്ടും ജ്വലിപ്പിക്കാം, ആളിക്കത്തിക്കാം (2 തിമോത്തി 1:6)

## പങ്കാളിയോടും മക്കളോടുമുള്ള സ്നേഹം

സ്നേഹം നാം പടുതുയർത്തേണ്ടതുണ്ട്. *ഹൃദയം പറയുന്നതുപോലെ* എന്ന വാക്ക് ഇക്കാലഘട്ടത്തിൽ എവിടെയും മുഴങ്ങിക്കേൾക്കുന്ന ഒന്നാണ്. എന്നാൽ യഥാർത്ഥമായതും ദൈവീകമായതുമായ സ്നേഹം തോന്നലുകളിൽ അധിഷ്ഠിതമല്ല, പിന്നെയോ, ഉയർച്ചയിലും താഴ്ചയിലും ഉയർന്നു താഴാതെ നിൽക്കുന്ന സമർപ്പണവും തീരുമാനവുമാണ്.

എന്റെ ഭാര്യയാകാൻ പോകുന്നവളുടെ സമീപത്തു വർഷങ്ങൾക്കുമുമ്പു ഞാൻ നിന്നതോർക്കുന്നു. വിവാഹശുശ്രൂഷചെയ്തയാൾ അന്നു പറഞ്ഞു, പ്രയാസകാലഘട്ടങ്ങൾ പിന്നീടുവരും, അക്കാലത്തു പോലും ഭാര്യയുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടാനായി സ്വന്തം താത്പര്യങ്ങളെ ഭർത്താവ് ത്യജിക്കേണ്ടതുണ്ട് എന്ന്. അതുകേട്ടപ്പോൾ എന്റെ ബുദ്ധിപറഞ്ഞു, അദ്ദേഹം പറഞ്ഞതു ശരിയാണ് എന്ന്, എന്നാൽ എന്റെ ഹൃദയം പറഞ്ഞതാകട്ടെ ഇവളോടുള്ള എന്റെ സ്നേഹത്തിനു കോട്ടം തട്ടാൻ ഒന്നിനെക്കൊണ്ടും കഴിയുകയില്ല എന്നായിരുന്നു. മറ്റുള്ളയാളുകളുടെ കാര്യത്തിൽ ശുശ്രൂഷകൻ പറഞ്ഞതെല്ലാം ശരിയായിരിക്കാം, എന്നാൽ ഞാൻ മറ്റുള്ളവരെപ്പോലെയൊന്നുമല്ല, ഞങ്ങൾ വ്യത്യസ്ഥരായിരിക്കുമെന്നൊക്കെ ഞാൻ ചിന്തിച്ചു. അദ്ദേഹം പറഞ്ഞതായിരുന്നു ശരി. എന്റെ മൗഢ്യം നിമിത്തം എല്ലാക്കാലത്തും സ്നേഹിക്കുകയും മാനിക്കുകയും ആനന്ദിക്കുകയും ചെയ്യുമെന്നു പ്രതിജ്ഞചെയ്തവളോടു അതുനിറവേറ്റാൻ ബുദ്ധിമുട്ടിയ ദിവസങ്ങൾ വരാൻ ഒത്തിരി കാത്തിരിക്കേണ്ടിവന്നില്ല. സ്നേഹം തീർച്ചയായും പ്രവർത്തിയാണ്.[1] സ്നേഹമെന്നത് സ്നേഹിക്കപ്പെടുന്നയാൾക്ക് ആദ്യപരിഗണന നൽകുന്നതാണ്. സുഖകരമായ ഒരു അനുഭൂതിയല്ല യഥാർത്ഥ സ്നേഹം.

> അങ്ങനെതന്നെ പ്രായം ചെന്ന സ്ത്രീകൾ മാന്യമായി പെരുമാറുന്നവരും ഏഷണി പറയാത്തവരും വീഞ്ഞിന് അടിമപ്പെടാത്തവരും നന്മ ഉപദേശിക്കുന്നവരുമായിരിക്കണം; അവർ യുവതികളായ സ്ത്രീകളെ പരിപാകതയുള്ളവരായി തങ്ങളുടെ ഭർത്താക്കന്മാരെയും മക്കളെയും സ്നേഹിക്കുവാൻ പഠിപ്പിക്കേണ്ടതിനുതന്നെ. (തീത്തൂസ് 2:3-4)

നാലാം വാക്യത്തിന്റെ ഉള്ളറയിലേക്കു പോകാൻ ഇനി നമുക്കു കഴിയും. ഭർത്താവിനെയും മക്കളെയും സ്നേഹിക്കാൻ ഒരു പെണ്ണിനെ പഠിപ്പിക്കേണ്ടതുണ്ടോ എന്ന ചോദ്യം വിശ്വാസ ജീവിതത്തിൽ പക്വതയില്ലാത്ത ഒരു കാലഘട്ടത്തിൽ എന്റെ മനസ്സിലുണ്ടായിരുന്നു. സ്നേഹം കഠിനാധ്വാനം ആവശ്യപ്പെടുന്ന ഒന്നാണെന്ന ബോധോദയം പിന്നീടാണ് എനിക്കുണ്ടായത്. സ്നേഹത്തിന്റെ രൂപം ത്യാഗമാണ്. ആത്മസമർപ്പണം എളുപ്പമായിട്ടുള്ളവർ ആരൊക്കെയുണ്ട്? യേശുവിനു പോലും സ്വന്തം താത്പര്യങ്ങളെ നമുക്കുവേണ്ടി മാറ്റിവയ്ക്കേണ്ടി വന്നു (മത്തായി 26:36–46). അപ്പോൾപിന്നെ നമ്മൾ എത്രമാത്രം പോരാടേണ്ടിവരും?

ഭാര്യമാരേ, ഭർത്താവിനെയും കുട്ടികളെയും സ്നേഹിക്കാൻ പരിശീലനം ആവശ്യമാണെന്ന തോന്നൽ നിങ്ങളിൽ ഉടലെടുത്തിട്ടുണ്ടോ? കുട്ടികൾ നിങ്ങളുടെ ഞരമ്പുകൾ പിടിച്ചു മുറുക്കുന്നതു നിങ്ങൾക്ക് അനുഭവഭേദ്യമാകുന്നുണ്ടോ? (ഉവ്വ് എന്നു പറയാൻ മടിക്കേണ്ട). പുരുഷന്മാരേ, ക്രിസ്തുവിനു സമാനമായ രീതിയിൽ ഭാര്യയെയും മക്കളെയും സ്നേഹിക്കുവാനുള്ള സഹായം മറ്റു പക്വത വന്ന ദമ്പതികളിൽ നിന്നും നിങ്ങൾ എടുക്കുന്നുണ്ടോ? അതോ നിങ്ങൾക്കു തോന്നുന്ന പോലെയാണോ അവരോടു പെരുമാറുന്നത്? കുടുംബപ്രാർത്ഥനകളും കുട്ടികളോടൊത്തുള്ള പരിശീലനസമയങ്ങളുമെല്ലാം നിങ്ങൾക്കൊരു ഭാരമാണോ? നിങ്ങളെ ഉന്നതങ്ങളിലേക്കു വിളിക്കേണ്ട ചുമതല നിങ്ങളെക്കാൾ ആത്മീയ പക്വത വന്ന നിങ്ങളുടെ ഭാര്യയ്ക്കാണോ?

നിങ്ങളുടെ കുടുബാന്തരീക്ഷം എത്രമാത്രം ദൈവീകമായതാണ്? ഈ ചോദ്യങ്ങളെല്ലാം നമ്മുടെ

ഹൃദയം കൊളുത്തിവലിക്കുന്നുവെങ്കിൽ നാം ആത്മാവിനു കീഴ്പ്പെട്ടിട്ടില്ല എന്നു തന്നെയാണ് അർത്ഥം – ആത്മാവു നമ്മിൽ പ്രവർത്തിക്കാൻ നാം അനുവദിക്കുന്നില്ല. എന്നാൽ ഇക്കാര്യത്തിൽ ഉപേക്ഷവരുത്തുകയോ ഹൃദയം കലങ്ങുകയോ വേണ്ട, നിങ്ങളെയും നിങ്ങളുടെ കുടുംബ ജീവിതത്തെയും ബന്ധങ്ങളെയും നവീകരിക്കാനാണ് ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ നമുക്കു നൽകിയിട്ടുള്ളത്.

## അടുത്ത ബന്ധുക്കളോടുള്ള സ്നേഹം

നമ്മുടെ അടുത്ത ബന്ധുക്കളെ (മാതാപിതാക്കളെയും, മുതിർന്ന മറ്റുള്ളവരെയും, ബന്ധുക്കളെയുമെല്ലാം) സ്നേഹിക്കുന്നതിനായും പരിശുദ്ധാത്മാവിന്റെ സഹായം നമുക്ക് ആവശ്യമുണ്ട്. ശിഷ്യരായതിനു ശേഷം ജീവിതത്തിലെ മുൻഗണനനാരീതിയിലുണ്ടായ വ്യത്യാസം നിമിത്തം ഇവരെമറക്കാനോ അല്ലങ്കിൽ അർഹമായ പ്രാധാന്യം അവർക്കുനല്കുവാനോ നമുക്കു സാധിക്കാതെ വരാറുണ്ട്. പലപ്പോഴും അവരിൽ നിന്നുണ്ടായ തിക്താനുഭവങ്ങളെ അവരുടെ നന്മകളേക്കാൾ കൂടുതലായി നമ്മെ സ്വാധീനിക്കാറുമുണ്ട് – അത്തരം പശ്ചാത്തലത്തിൽ നിന്നും വരുന്നവരെ സംബന്ധിച്ച്. അതു ശരിയല്ല. കുടുബാംഗങ്ങൾ ദൈവത്തിന്റെ വരദാനമാണെന്ന കാര്യം നാം മറക്കരുത്.

നമ്മുടെ വേരുകളായ കുടുബാംഗങ്ങളെ മാനിക്കുകയും കരുതുകയും ശുശ്രൂഷിക്കുകയും ചെയ്യുകയെന്നത് ദൈവത്തിന്റെ ദൃഷ്ടിയിൽ പ്രധാനപ്പെട്ടതാണ് (പുറപ്പാട് 20:12, 1 തിമോത്തി 5:4). മാതാപിതാക്കളോടുള്ള ആദരവിന്റെ കാര്യത്തിൽ അവർ നല്ലവരെന്നോ ചീത്തവരെന്നോ ഉള്ള വേർതിരിവ് വചനം കാണിക്കുന്നില്ല. അവരുടെ ഉദ്ദേശ ശുദ്ധിയെ ദൈവം ചോദ്യം ചെയ്യുന്നുമില്ല (എബ്രായർ 12:9–10). നിങ്ങളുടെ കുടുബാംഗങ്ങളിലൂടെ നിങ്ങൾ ഉപദ്രവിക്കപ്പെടുകയോ ദുരുപയോഗം ചെയ്യപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവരോടു പൊറുക്കാനും അവർ ചെയ്തതു മറന്ന് അവരോടു രമ്യതയിലാകുവാനും പരിശുദ്ധാത്മാവു നമ്മെ സഹായിക്കും. ഇതു നിങ്ങൾ ചെയ്യുന്നില്ലെങ്കിൽ നിങ്ങളുടെതന്നെ ഹൃദയം കഠിനമാകുവാനും രക്ഷ കൈമോശം വരുവാനും അതിടയാക്കും (എബ്രായർ 12:15). ഇതെന്റെ അഭിപ്രായമല്ല, യേശുവിന്റെ കല്പനയാണ് (മത്തായി 6:14–15). നിങ്ങൾ ക്ഷമിച്ചു മാതൃകകാട്ടുന്നില്ലെങ്കിൽ നിങ്ങളുടെ ഭാഗത്തുനിന്നും കുട്ടികളോടുണ്ടാകാവുന്ന വീഴ്ചകൾ നിങ്ങളുടെ കുട്ടികൾ ക്ഷമിക്കുമെന്നു തോന്നുന്നുണ്ടോ? കുട്ടികൾ നിങ്ങളുടെ ഹൃദയവും പ്രവർത്തികളും സസൂക്ഷമം നിരീക്ഷിക്കുകയും അവയെ അനുകരിക്കുകയും ചെയ്യുന്നു എന്നുള്ളതിന്റെ ഉത്തമ ഉദാഹരണം നിങ്ങൾതന്നെയാണ്, അല്ലേ?

## നഷ്ടപ്പെട്ട ആത്മാക്കളോടുള്ള സ്നേഹം

സ്നേഹം ദൈവീകമാണ്, ക്രിസ്ത്വാനുകരണമാണ്, കാരണം ദൈവം സ്നേഹമാണ് (1 യോഹന്നാൻ 4:8).[(2)] ദൈവം നമ്മെ സ്നേഹിക്കുന്നു, നമ്മളുമായുള്ള ബന്ധം മാനിക്കുന്നു, അതിനുവേണ്ടി അവൻ തന്റെ ജീവിതം നമുക്കായി നൽകി (യോഹന്നാൻ 3:16, 1 യോഹന്നാൻ 3:16, യോഹന്നാൻ 10:11, യോഹന്നാൻ 15:13). യേശുവിന്റെ ജീവിതത്തിന്റെ മുഴുവൻ ഭാവവും – തന്റെ പ്രാർത്ഥനയും ശുശ്രൂഷയും, കരുതലും, സ്നേഹവും, ആഭിമുഖ്യവും, സമയവും, ജീവിതവും മരണവുമെല്ലാം – മനുഷ്യരായിരുന്നു. ആ സ്നേഹജീവിതം അനുകരിക്കാനാണ് ദൈവം നമ്മെ വിളിച്ചിട്ടുള്ളത് (എഫേസ്യർ 5:1–2). തന്റെ ഏകജാതനെ നൽകാൻതക്കവണ്ണം... ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു എന്നുള്ള വചനം നമ്മുടെ പേരും നാം ചെയ്ത പ്രവർത്തിയും വച്ചു മാറ്റിയെഴുതിയാൽ എങ്ങനെയിരിക്കും? (...ചെയ്യാൻ തക്കവണ്ണം ബെന്നി ലോകത്തെ അത്രമാത്രം സ്നേഹിച്ചു). (കോഴിക്കോടൻ രീതിയിൽ – എന്താ ഇപ്പ എഴുത്വാ???) സത്യക്രിസ്ത്യാനിയുടെ അംഗീകാരമുദ്രയാണ് വിശ്വാസം പങ്കുവയ്ക്കൽ. നമ്മുടെ ചുറ്റുമുള്ള നഷ്ടപ്പെട്ട ആത്മാക്കളോടു വിശ്വാസം പങ്കുവയ്ക്കാൻ നമുക്കു താത്പര്യമില്ലെങ്കിൽ ദൈവസ്നേഹം നമ്മിലുണ്ട് എന്നു നമുക്കെങ്ങനെ പറയാൻ കഴിയും? എ ഡി 50ൽ പൗലോസ് തെസ്സലോനിക്കയിലുള്ള ശിഷ്യന്മാർക്ക് എഴുതിയതുപോലെ:

> ഇങ്ങനെ ഞങ്ങൾ നിങ്ങളോടുള്ള അതീവസ്നേഹം കൊണ്ട്, നിങ്ങൾക്ക് ദൈവത്തിന്റെ സുവിശേഷം മാത്രമല്ല, നിങ്ങൾ ഞങ്ങൾക്കു പ്രിയരായതിനാൽ ഞങ്ങളുടെ പ്രാണനും കൂടെ നൽകുവാൻ ഒരുക്കമായിരുന്നു. (1 തെസ്സലോനിക്ക 2:8)

പുറമേയുള്ളവരുമായുള്ള ബന്ധത്തിൽ സുവിശേഷം പങ്കുവയ്ക്കുന്നതുമാത്രമല്ല ദൈവം നോക്കുന്നത്, നമ്മുടെ ജീവിതം അവരുമായി പങ്കുവയ്ക്കുന്നതും കൂടിയാണ്. വചനം മാത്രം പങ്കുവച്ചതുകൊണ്ട് ആരുടെയെങ്കിലും ജീവിതത്തിൽ മാറ്റമുണ്ടായി എന്നു നമുക്കു കാണാൻ കഴിയുകയില്ല. ആളുകൾ ബന്ധങ്ങൾ കാംക്ഷിക്കുന്നവരാണ്, ക്രിസ്തീയത പങ്കുവയ്ക്കപ്പെടുന്നത് വ്യക്തിബന്ധങ്ങളിലൂടെയാണ്. നാം സംസാരിക്കുന്ന കാര്യങ്ങളുടെ പ്രായോഗിക ഉദാഹരണങ്ങൾ അവർക്കു നമ്മിൽ കാണേണ്ടതുമുണ്ട്; നമ്മുടെ ഉൾപ്രേരണ, ദീർഘക്ഷമ, നീതിബോധം, കുടുംബമൂല്യങ്ങൾ, മാറ്റം വരുത്തി മികച്ചതാകാനുള്ള സമർപ്പണം, ത്യാഗമനുഷ്ഠിക്കാനുള്ള ഉത്സാഹം മുതലായവ.

എന്നാൽ സഹവിശ്വാസികളുമായുള്ള ബന്ധത്തിന്റെ ആഴമില്ലായ്മ ഇവാഞ്ചലിസം കൊണ്ടു മൂടിവയ്ക്കുവാൻ കഴിയുമോ? വചനം അതനുവദിക്കുന്നില്ല (ഗലാത്യർ 6:10, ലൂക്കോസ് 15:3-7). ആത്മീയകുടുബത്തിലെ ബന്ധങ്ങൾ ശക്തിയുറ്റതല്ലെങ്കിൽ നമ്മുടെ വിശ്വാസം പങ്കുവയ്ക്കൽ വെറുമൊരു മുഖംമൂടിയണിയൽ മാത്രമാണ്. നമ്മുടെ ദൗത്യവും (മിഷൻ), ലക്ഷ്യവും വ്യക്തമായ രണ്ടു കാര്യങ്ങളാണ്. ലക്ഷ്യം ദൈവവുമായുള്ള ബന്ധവും സ്വർഗ്ഗപ്രവേശനവുമാണ്, എന്നാൽ ദൗത്യമാകട്ടെ നഷ്ടപ്പെട്ട ആത്മാക്കളെ നേടലാണ്. ഇവതമ്മിൽ മാറിപ്പോകുമ്പോഴാണ് നമുക്കു വഴിതെറ്റുന്നത്. എത്രയാളുകൾ നമ്മെ കേൾക്കുന്നു എന്നത് നമ്മുടെ സന്തോഷത്തിന്റെ കാരണമായി മാറുന്നത് ആത്മവഞ്ചനാപരമാണ്, ശരിക്കും കാരണമാകേണ്ടതാകട്ടെ ദൈവവുമായുള്ള ബന്ധമാണ് - മുൻവാകൃത്തിൽ പറഞ്ഞതല്ല.

വിശ്വാസം പങ്കുവയ്ക്കുന്നതു നിങ്ങളെ സംബന്ധിച്ചു ബുദ്ധിമുട്ടാണോ? ആകുലപ്പെടേണ്ട, ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു - ഭീരുത്വത്തിന്റെ ആത്മാവല്ലാത്ത സ്നേഹത്തിന്റെ ആത്മാവ്. അതിനു നാം കീഴ്വഴങ്ങുമ്പോൾ നമ്മുടെ ഭീരുത്വം മറികടക്കാനും, ലജ്ജിക്കാനിടയില്ലാത്തവണ്ണം ഒരുക്കപ്പെട്ടവരാകുവാനും നമുക്കു കഴിയും (2 തിമോത്തി 1:28)[3]

## കൂടെ താമസിക്കുന്നവരോടുള്ള സ്നേഹം

അവിവാഹിതരായ ആളുകളിൽ മിക്കവാറും പേർ കുറച്ചുപേരൊരുമിച്ച് വീടോ, മുറിയോ പങ്കുവച്ചു കഴിയുന്നവരാണ്. ആത്മാവിന്റെ പ്രവർത്തനം സസന്തോഷം നടക്കുന്ന ഒരു മേഖലയാണിത്. സ്നേഹനാണയത്തിന്റെ രണ്ടു വശങ്ങൾ ഇവയാണ്; പരസ്പരം വളരാനായി പ്രബോധിപ്പിക്കുക (കൊലോസ്യർ 1:28), പരസ്പരം ദീർഘക്ഷമ കാണിക്കുക (എഫേസ്യർ 4:2-3).

ഇതു രണ്ടും ദൈവകല്പനയാണ്. ദൈവം അനുശാസിക്കുന്ന നിലവാരം ശിഷ്യത്വമാണ്. സമർപ്പണമാണ് അതിന്റെ ഉൾക്കാമ്പ്, അതിൽ യാതൊരുവിധത്തിലുമുള്ള വിട്ടുവീഴ്ചകളുമില്ല. എത്ര നല്ല ഹൃദയമുള്ള ശിഷ്യനായാലും - എല്ലാ ശിഷ്യരും അടിസ്ഥാനപരമായി നല്ല ഹൃദയമുള്ളവരാണ് - മറ്റുള്ളവരുമായി ഉരസൽ ഉണ്ടാകുക സാധാരണമാണ്. അനുദിനമുണ്ടാകുന്ന വീഴ്ചകൾ - റൂം വൃത്തിയാക്കുന്നതിലുള്ള വീഴ്ച, സാമ്പത്തികമായുള്ള ഉത്തരവാദിത്വമില്ലായ്മ[4], ആശയവിനിമയത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ, ഭക്ഷണസമയത്തിലും കൂട്ടമായുള്ള പ്രാർത്ഥനാസമയത്തിലും വരുത്തുന്ന വിട്ടു വീഴ്ചകൾ, പരസ്പരം ചിലവഴിക്കാനുള്ള സമയമില്ലായ്മ ഇവയെല്ലാം - ബന്ധങ്ങളിൽ വലിയ വിള്ളലുകൾ വീഴ്ത്തുന്നു.

നിങ്ങളുടെ കൂടെതാമസിക്കുന്നവരോടു ദീർഘക്ഷമയും വൈകാരിക സ്ഥിരതയും നിങ്ങൾ കാണിക്കുന്നുണ്ടോ? ദൈവീക കാര്യങ്ങളിൽ വളരാൻ നിങ്ങൾ പരസ്പരം പ്രബോധിപ്പിക്കുന്നുണ്ടോ? അതോ ചിലപ്പോൾ വളരെ കർക്കശമനോഭാവവും മറ്റു ചിലപ്പോൾ എന്തുവിട്ടുവീഴ്ചയും ആകാം എന്ന മനോഭാവവുമാണോ? ഈ രണ്ടു തീവ്രമനോഭാവങ്ങളും ശിഷ്യത്വത്തിനു ചേർന്നതല്ല. നിങ്ങൾ വസിക്കുന്ന സ്ഥലത്തെ ശരിയായ ആത്മീയാന്തരീക്ഷത്തിന് നിങ്ങളുടെ സജീവമായ ഭാഗഭാഗത്വം ആവശ്യമായുണ്ട്.

അവിവാഹിതരായിരിക്കുന്ന കാലഘട്ടത്തിലെ നിങ്ങളുടെ ജീവിതക്രമ പരിശീലനം വിവാഹശേഷമുള്ള ജീവിതത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ പരിശീലനമാണ്.

## ശിഷ്യത്വ പങ്കാളികളോടുള്ള സ്നേഹം

ക്രിസ്തുവിൽ നിങ്ങളെ പക്വതയുള്ളവരാക്കുവാനായി നിങ്ങളോടൊത്തു പ്രവർത്തിക്കുന്നവരോടു നിങ്ങൾക്കുള്ള മനോഭാവമെന്താണ്? നിങ്ങളെ കണ്ടുകിട്ടുന്നത് അവരെ സംബന്ധിച്ച് ലോട്ടറി അടിക്കുന്നതു പോലെയാണോ? നിങ്ങളെ പഠിപ്പിക്കുന്നതും നിങ്ങളുടെ തെറ്റു തിരുത്തുന്നതും അവർക്കൊരു സന്തോഷകരമായ കാര്യമാണോ അതോ പേടിസ്വപ്നമാണോ? സന്ദേശത്തെയും സന്ദേശം നൽകുന്നയാളെയും തമ്മിൽ ശരിയല്ലാത്ത രീതിയിൽ കൂട്ടിക്കുഴക്കുന്നത് ചില ശിഷ്യന്മാർക്കു പറ്റുന്ന ഒരു തെറ്റാണ്. സദൃശവാക്യം 9:7-9ൽ പറയുന്ന പരിഹാസിയായി നമുക്കു പെരുമാറാതിരിക്കാം. ആരും നിങ്ങളുടെ കുറവുകൾ ചൂണ്ടിക്കാണിച്ചു തരുന്നില്ല എന്ന കാരണം കൊണ്ടു നിങ്ങൾ കുറ്റമറ്റവനും പരിപൂർണ്ണനുമാകുന്നില്ല. പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനു വഴങ്ങി ധാരാളം കാര്യങ്ങൾ പഠിക്കാനും അനേകം കാര്യങ്ങളിൽ മാറ്റം വരുത്താനും ഒരുങ്ങേണ്ട ഒരു മേഖലയാണിത്.

## വർണ്ണവിവേചനമില്ലാത്ത സ്നേഹം

ഇന്നത്തെ പൊതുവായുള്ള ക്രിസ്തീയ രീതിനോക്കിയാൽ ഞായറാഴ്ച ദിവസം മറ്റു ദിവസങ്ങളേക്കാൾ വിശുദ്ധമായ ഒരു ദിവസമാണ്. ഇതൊരു വിരോധാഭാസമാണ്, ഇതിനെ യേശു ഒരിക്കലും വച്ചുപൊറുപ്പിക്കുമായിരുന്നില്ല (യോഹന്നാൻ 17:22-23).

ശിഷ്യന്മാരുടെ സഭയിൽ, പരിശുദ്ധാത്മാവു അനുഗ്രഹീതമായ രീതിയിൽ പ്രവർത്തിക്കുന്ന മറ്റൊരു മേഖല വിവിധ വർണ്ണത്തിലും വിവിധ യോഗ്യതകളിലുമുള്ളവരുടെ ഊഷ്മളകൂട്ടായ്മയാണ്. കറുത്തവരും വെളുത്തവരും ഒരുമിച്ച് ആരാധിക്കുന്നു, വിവാഹബന്ധത്തിലേർപ്പെടുന്നു, വർണ്ണ വർഗ്ഗ വിവേചനങ്ങളില്ലാത്ത ആത്മാവിലുള്ള ഐക്യം നമുക്കിവിടെ കാണാം.

ഒരു പക്ഷേ ശിഷ്യനാകുന്നതിനു മുമ്പ് നിങ്ങളിൽ ഇതുപോലുള്ള വിവേചനമനോഭാവങ്ങൾ ഉണ്ടായിരുന്നിരിക്കാം. കറുത്ത വർഗ്ഗത്തിൽപ്പെട്ട ഒരു സഹോദരി, അമേരിക്കയിലെ സ്വാതന്ത്ര്യപ്രതിമയുടെ മുകളിൽ വച്ച് അനുഭവിച്ച പീഢനത്തെക്കുറിച്ചു സംസാരിച്ചതു ഞാൻ ഓർക്കുന്നു. വെളുത്ത വർഗ്ഗത്തിൽപ്പെട്ട ഒരാൾ അവളുടെ മുഖത്തുതുപ്പിയിട്ട് നീയെന്തിനിവിടെ വന്നുവെന്നു ചോദിച്ചു, ഇപ്പോൾത്തന്നെ ഇവിടെനിന്നും ഇറങ്ങിപ്പോകണമെന്ന് ആക്രോശിച്ചു. ഈ നൂറ്റാണ്ടിലും വർണ്ണ വർഗ്ഗവിവേചനം ശക്തമായി നിലവിലുണ്ട് എന്നത് പൊള്ളുന്ന ഒരു സത്യമാണ്. എന്നാൽ ആവകയൊന്നും സഭയിലേക്കു വരാതിരിക്കാൻ നമുക്കു ജാഗ്രത കാണിക്കാം. നിങ്ങളുടെ കൂട്ടുകാരും നിങ്ങൾ കൂട്ടായ്മ നടത്തുന്നവരും ഏതു കൂട്ടത്തിൽപ്പെട്ടവരാണ്? സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ജീവിതവിജയമടിസ്ഥാനപ്പെടുത്തിയും നിങ്ങളുടെ അതേ നിലവാരത്തിലുള്ളവരാണോ? ഒരേ തൂവൽപ്പക്ഷികളുമായുള്ള സൗഹൃദത്തെ സ്നേഹമെന്നു പറയാൻ കഴിയില്ല. എല്ലാ വർഗ്ഗവും വർണ്ണവും കവിയുന്നതാണ് ദൈവാത്മാവ്.

വർണ്ണവർഗ്ഗവെറിയന്മാർക്ക് സഭയിലുള്ള എകമനസ്സോടുകൂടിയ കൂട്ടായ്മ എല്ലാക്കാലത്തും സഹിക്കാൻ പറ്റാത്ത ഒന്നായിരുന്നു. ആത്മാവു നമ്മെ ഒന്നിച്ചു നിർത്തുന്നു (എഫേസ്യർ 4:4), വിവേചനങ്ങളില്ലാത്ത സ്വർഗ്ഗവാസത്തിലേക്കു (വെളിപാട് 7:9) നമ്മെ ഒരുക്കുകയും ചെയ്യുന്നു. എന്നാൽ ഇപ്പോഴും അത്തരം വിവേചനത്തിന്റെ അലകൾ നിങ്ങളിലുണ്ടെങ്കിൽ അപ്പസ്തോലനായ യോഹന്നാൻ പറയുന്നതു ശ്രദ്ധിക്കുക:

> അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ട് നാം സ്നേഹിക്കുന്നു. ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും തന്റെ സഹോദരനെ വെറുക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു. താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന് കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിക്കുവാൻ കഴിയുന്നതല്ല. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം എന്ന കല്പന നമുക്ക് അവനിൽ നിന്നു ലഭിച്ചിരിക്കുന്നു. (1 യോഹന്നാൻ 4:19-21)

നമ്മുടെ കൂടെയിരുന്നു ദൈവത്തെ ആരാധിക്കുന്ന കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാൻ കഴിയുന്നില്ലെങ്കിൽ കാണപ്പെടാത്ത ദൈവത്തെ നാം എപ്രകാരം സ്നേഹിക്കും? സ്നേഹിക്കാൻ സാദ്ധ്യമല്ലാത്ത ഏതെങ്കിലുമൊരു സഹോദരനോ സഹോദരിയോ നമ്മുടെ ജീവിതത്തിലുണ്ടെങ്കിൽ അതു നമ്മുടെ ദൈവസ്നേഹത്തിന്റെ പൊള്ളത്തരത്തെ വെളിപ്പെടുത്തുന്നു. നാം ഏറ്റവും കുറച്ചു സ്നേഹിക്കുന്ന ആളോടുള്ള അത്രയും സ്നേഹമേ നമുക്ക് യേശുവിനോടുള്ളൂ എന്ന് ആരോ പറഞ്ഞതു ഞാൻ ഓർക്കുന്നു. വ്യത്യസ്ഥതകൾ മറന്ന്, ഹൃദയം തുറന്ന്, ആഴത്തിൽ സ്നേഹിക്കാൻ നമുക്കു കഴിയുന്നത് ദൈവാത്മാവു നമ്മിൽ വാഴുമ്പോൾ മാത്രമാണ് (1 പത്രോസ് 1:22).

## ഒറ്റയ്ക്കോ, കൂട്ടമായോ?

സഭയിലെ ഐക്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു വിവരിക്കാൻ തക്ക കനമുള്ള വാക്കുകളില്ല. സാമുഹ്യമായും വർഗ്ഗ-വർണ്ണപരമായും മാത്രമല്ല, സംസാരത്തിലും തത്വങ്ങളിലും ദൈവശാസ്ത്രത്തിലുമെല്ലാം ഐക്യത്തിന്റെ പരിപൂർണ്ണത കൈവരിക്കേണ്ടതുണ്ട്. ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ സംരക്ഷിക്കുവാൻ ജാഗ്രതയോടെയിരിക്കുവിൻ എന്നു എഫേസ്യർ 4:3ൽ ആത്മാവു കല്പ്പിക്കുന്നു. (ആത്മാവ് അനൈക്യപ്പെടുമെന്ന് ഇവിടെ വിവക്ഷയില്ല, പകരം ചോദ്യചെയ്യപ്പെടുന്നതു നമ്മുടെ ഐക്യമാണ്). ഐക്യത്തിലായിരിക്കുന്ന ഒരു സഭയുടെ ഏഴു ലക്ഷണങ്ങൾ ചുവടെ കൊടുക്കുന്നു:

1. *നായകത്വത്തിലുള്ള ഐക്യം.* സൗഹൃദമനോഭാവവും സത്യസന്ധതയും തുറന്ന സംസാരവും സഭാനായകരുടെ മുഖമുദ്രയാകണം. നായകർ പരസ്പരവും, മറ്റു ശിഷ്യരുമായും.
2. *സാംസ്കാരികമായും സാമൂഹികമായും സാമ്പത്തികമായും ഉള്ള ഐക്യം.* ദൈവാത്മാവ് എല്ലാത്തരം ആളുകളെയും തന്നിലേക്കു വീണ്ടെടുക്കുന്നു.
3. *വിവാഹിതരെ സംബന്ധിച്ച് വിവാഹബന്ധത്തിലുള്ള പരിപൂർണ്ണ ഐക്യം.* സഭയെ സംബന്ധിച്ചും വ്യക്തിപരമായും ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് വിവാഹിതരായവർ തമ്മിലുള്ള ഐക്യം.

4. *പ്രാർത്ഥനയിലുള്ള ഐക്യം.* ഒരുമിച്ചു പ്രാർത്ഥിക്കുന്ന സഭ ഒരുമിച്ചു നിലനിൽക്കും – കുടുബത്തെ സംബന്ധിച്ച് ഇതു വാസ്തവമായിരിക്കുന്നതുപോലെ.
5. *പഠിപ്പിക്കലിലുള്ള ഐക്യത.* സഭയുടെ ആദ്യതത്വങ്ങളിലുള്ള നിലപാടിലെ ഐക്യം – വ്യക്തിപരമായ അഭിപ്രായങ്ങൾക്ക് ഇവിടെ സാധുതയില്ല.
6. *പാവപ്പെട്ടവരെ സ്നേഹിക്കുന്നതിലുള്ള ഐക്യം.* അശരണരായവരെ കരുതുന്നത് ഓരോ ശിഷ്യരുടെയും ഉത്തരവാദിത്വമാണ്.
7. *ദൗത്യത്തിലുള്ള ഐക്യം.* ഓരോ ശിഷ്യനും വിശ്വാസം പങ്കുവയ്ക്കുന്നതിൽ സജീവമാകുക.

ദൈവമക്കളെന്ന നിലയിൽ നാം ഐക്യപ്പെട്ടു നിന്നില്ലെങ്കിൽ ലോകം മുഴുവൻ സുവിശേഷമറിയിക്കുക എന്ന നമ്മുടെ ലക്ഷ്യം ഒരു ദിവാസ്വപ്നം മാത്രമായി അവശേഷിക്കും. അമേരിക്കയുടെ സ്വാതന്ത്ര്യ സമരകാലത്ത് മുൻ പ്രസിഡന്റ് ബെഞ്ചമിൻ ഫ്രാങ്ക്ളിൻ പറഞ്ഞത് ചിന്തോദ്ദീപകമാണ്. നാം ഒരുമിച്ചു തൂങ്ങിക്കിടന്നില്ലെങ്കിൽ (നിലകൊണ്ടില്ലെങ്കിൽ), അവർ നമ്മെ പ്രത്യേകം പ്രത്യേകം തൂക്കിലേറ്റും. നമ്മെ ഒരുമിപ്പിക്കാൻ ദൈവത്തെ നാം അനുവദിക്കാതെ / വഴങ്ങാതെ, ഈ ലോകത്തിലേക്കു വെളിച്ചം പടർത്താനുള്ള ആത്മാവിന്റെ പ്രവർത്തനത്തെ നമ്മിലൂടെ നിറവേറ്റാൻ നമുക്കു കഴിയില്ല.

## ശോധനചെയ്യുവാൻ:

1. സ്നേഹിക്കാൻ എനിക്കു കഴിയുകയില്ല എന്നു തോന്നിയ ആരെങ്കിലും നിങ്ങളുടെ ജീവിതത്തിലുണ്ടോ? (ഇപ്പോൾ ചിന്തിച്ചു നോക്കുമ്പോഴെങ്കിലും അപ്രകാരം തോന്നുന്നവർ)
2. ഞാൻ വിശ്വാസം പങ്കുവയ്ക്കുന്നത് ഒരു കടമനിർവ്വഹണം പോലെയാണോ? ക്രിസ്തുവിനോടുള്ള എന്റെ സ്നേഹം വിശ്വാസം പങ്കുവയ്ക്കലിലൂടെ മറ്റുള്ളവർക്കു കാണാൻ കഴിയുന്നുണ്ടോ?
3. ഏതെങ്കിലും തരത്തിലുള്ള വർഗ്ഗ വർണ്ണവിവേചനം എന്റെ ഹൃദയത്തിൽ നിഴലാടുന്നുണ്ടോ?
4. ഫോൺ വിളിക്കാനോ അടുത്തിടപഴകാനോ ഞാൻ മടിക്കുന്ന ആരെങ്കിലുമുണ്ടോ? അവരോട് അടുക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്? ക്ഷമിക്കാതെ ഏന്തെങ്കിലും കാര്യം ഞാൻ ഉള്ളിൽ വച്ചിട്ടുണ്ടോ? മറ്റുള്ളവരുമായി രമ്യതയിലാകാൻ ഞാൻ ഏതുവിധത്തിൽ സംസാരിക്കുന്നവനാകണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്? രമ്യതക്കുറവു പരിഹരിക്കാൻ ഞാൻ ഇനി എത്ര സമയമെടുക്കും?
5. ദൈവം സ്നേഹമാകുന്നു എന്ന പ്രസ്താവനയ്ക്ക് ഞാൻ എന്തു വിലനൽകുന്നുണ്ട്?

## കുറിപ്പുകൾ:

1. സി എസ് ലൂയിസ് നാലുതരത്തിലുള്ള സ്നേഹത്തെക്കുറിച്ചു പ്രതിപാദിക്കുന്നു. അഗാപ്പേ (ദൈവീകമായ തീവ്രസ്നേഹം), ഫീലിയ (സഹോദര സ്നേഹം), ഇറോസ് (ലൈംഗികതൃഷ്ണയോടെയുള്ള പ്രേമം), സ്റ്റോർജ് (കുടുബബന്ധത്തെ അടിസ്ഥാനമാക്കിയ സ്നേഹം) ഇവയാണവ.
2. ഞാൻ ആത്മീകനായ ഒരു വ്യക്തിയല്ലെങ്കിലും മറ്റുള്ളവരെ കരുതുകയും സ്നേഹിക്കുകയും ചെയ്താൽ എന്നിൽ ദൈവമുണ്ട് എന്ന ഒരു മുടന്തൻ ന്യായത്തിന് ഈ വചനം വകനൽകുന്നില്ല. ദൈവത്തിന്റെ ഗുണമാണ് സ്നേഹം, മറ്റനേകം ഗുണങ്ങളെപ്പോലെ.
3. റാൻഡി മകീനും, കെ മകീനും എഴുതിയ ദി മിഷൻ എന്ന പുസ്തകം ഞാൻ ശുപാർശ ചെയ്യുന്നു.
4. മാർക് ട്വൈൻ ഇപ്രകാരം കുറിച്ചിട്ടുണ്ട്: ജീവികാലം മുഴുവൻ നിലനിൽക്കുന്ന മധുരതരവും സ്ഥിരമായതും വിശ്വസ്തമായതും എന്തിനെയും അതിജീവിക്കുന്നതുമായ ഒരു ബന്ധമാണ് സുഹൃദ്ബന്ധം – പണം കടം ചോദിക്കുന്നതുവരെ. പണമിടപാടുകളെക്കുറിച്ച് ശിഷ്യന്മാർ മനസ്സിൽ സൂക്ഷിക്കേണ്ട ഒരു തത്വമാണ് സദൃശവാക്യം 19:17. കടം യഥാസമയത്തു തിരിച്ചുകൊടുക്കുന്നതിനെ ശ്ലാഘിക്കുന്ന ബൈബിൾ പിശുക്കുള്ള കരത്തെ അപലപിക്കുകയും ചെയ്യുന്നു,

**അദ്ധ്യായം 5**

# ആത്മനിയന്ത്രണത്തിന്റെ ആത്മാവ്

## കൂടുതൽ സംയമനമുള്ള ഒരു മനുഷ്യനാകുന്നതിനായി - ഉള്ളിൽ നിന്നും

ആത്മാവിലുള്ള ശക്തി ഊർജ്ജസ്വലവും, സ്നേഹം ഊഷ്മളവുമാണ്. എന്നാൽ ആത്മസംയമനമില്ലാത്തവരാണു നാമെങ്കിൽ തന്റെ ഹിതം ഭൂമിയിൽ നിറവേറ്റാനായി ദൈവം നമുക്കു നൽകിയിട്ടുള്ള അവസരങ്ങൾ ശരിയാം വണ്ണം വിനിയോഗിക്കാനോ, സ്നേഹിക്കാനായി അവൻ നമുക്കു തന്നിട്ടുള്ളവരോടു നീതിപുലർത്താനോ കഴിയാതെ വരും. ആത്മാവിന്റെ പ്രവർത്തിയുടെ മൂന്നാമത്തെ ഫലം നമുക്കിവിടെ പരിശോധിക്കാം - ആത്മസംയമനം.

കവചങ്ങളെ തുളച്ചു കയറുന്ന ഒരു ചോദ്യം ചോദിക്കാം: സകലത്തിലും ദൈവത്തിനു കീഴടങ്ങുക എന്ന കല്പന നിങ്ങളിൽ പ്രകടമാക്കുവാൻ തക്കവണ്ണമുള്ള ആത്മനിയന്ത്രണം നിങ്ങളുടെ ജീവിതത്തിലുണ്ടോ? ചുരുക്കിപറഞ്ഞാൽ, നമ്മുടെ ദൗത്യം ഫലശൂന്യവും നമ്മുടെ ജീവിതം നിരാശാപൂർണ്ണവുമായിത്തീരും - നമ്മിൽ ആത്മനിയന്ത്രണമില്ലെങ്കിൽ. എത്രമാത്രം സംയമന ശൂന്യരും മടിയരും നിഷ്ഫലരുമായിട്ടാണു നാം ജീവിച്ചുകൊണ്ടിരിക്കുന്നതെന്നാകിലും നമുക്കുമാറ്റം വരുത്താൻ സാധിക്കുമെന്നതാണ് സദ്വാർത്ത. അതാണ് ആത്മാവിലൂടെ സാദ്ധ്യമാകുന്നത്.

### അച്ചടക്കം ദൈവീകതയാണ്

ദൈവം കലക്കത്തിന്റെ ദൈവമല്ല സമാധാനത്തിന്റെ ദൈവമാണ് (1 കൊരിന്ത്യർ 14:33). കലക്കമില്ലാത്തതായ ആ സ്നേഹം നമ്മുടെ ജീവിതത്തിലും കാണപ്പെടുന്നുണ്ടോ? ഗ്രീക്കുഭാഷയിൽ കലക്കത്തിനുള്ളവാക്ക് കേയോസ് (chaos) എന്നാണ്, അതിന്റെ വിപരീതപദമാണ് കോസ്മോസ് (cosmos). ഇതിൽ ഏതുവാക്കാണ് നിങ്ങളുടെ ജീവിതത്തെ സംബന്ധിച്ച് അന്വർത്ഥമായത്? നിങ്ങളുടെ ചിന്താമണ്ഡലത്തെ സംബന്ധിച്ചോ? നിങ്ങളുടെ താമസസ്ഥലത്തെ സംബന്ധിച്ച് എന്താണവസ്ഥ? ബന്ധങ്ങളെ സംബന്ധിച്ചോ? സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ചോ? അച്ചടക്കം എന്നത് നാം എത്തിച്ചേർന്നു നിൽക്കുന്ന ഒരു ഫിനിഷിംഗ് പോയന്റല്ല. അച്ചടക്കം ദൈവീകമാണ്, ദൈവാത്മാവിനാൽ നടക്കുന്ന ഒരു പ്രവർത്തിയാണ് അത്.[1] ആത്മാവിനാൽ നയിക്കപ്പെടുന്നുവെന്ന് അവകാശപ്പെടുന്നുവെങ്കിലും വാക്കിലും പ്രവർത്തികളിലും സംയമനമില്ലാത്ത വ്യക്തി ദൈവാത്മാവിനെ പരിഹസിക്കുന്ന ഒരുവനാണ്.

പ്രായോഗികതലത്തിൽ, സുവ്യക്തമായി ഈ വിഷയം വിശകലനം ചെയ്യാനായി ഈ അദ്ധ്യായം വിനിയോഗിക്കാൻ ഞാൻ ഇച്ഛിക്കുന്നു.

### ആത്മനിയന്ത്രണത്തിനായുള്ള കുറുക്കുവഴികൾ

ഈ തലക്കെട്ടുനിങ്ങളെ ഉത്സാഹിയാക്കുന്നുവെങ്കിൽ നിങ്ങളുടെ പ്രശ്നമെന്താണെന്നത് സുവ്യക്തമാണ്. മാംസപേശികൾ സുദൃഢമാക്കുന്നതുപോലെതന്നെ കഠിനപരിശ്രമവും മടുപ്പുകാട്ടാതെ വീണ്ടും വീണ്ടുമുള്ള പരിശ്രമവും സ്വഭാവമഹിമ വളർത്തുന്നതിനും ആവശ്യമായുണ്ട്. സാംസ്കാരികമായി നോക്കുകയാണെങ്കിൽ ലോകമെങ്ങും സ്വഭാവമഹിമ ക്ഷയിച്ചുകൊണ്ടേയിരിക്കുന്നു എന്നു നമുക്കു കാണാം. ഭീകരതരമായ ഒരു അലംഭാവം ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു.[2] ഉടൻഫലം നല്കുന്നരീതികളും എളുപ്പമുള്ളവഴികളുമാണ് നാം നിരന്തരം തേടുന്നത് (മത്തായി 7:13). ആത്മനിയന്ത്രണത്തിന് കുറുക്കുവഴികളൊന്നും തന്നെ നിലവിലില്ല.

ദൈവാത്മാവിനെ നിങ്ങൾ ശ്രവിക്കുന്നുണ്ടോ? ആത്മാവിലൂടെ നൽകിയ വചനങ്ങൾ അച്ചടക്കത്തെക്കുറിച്ചുള്ള ദൈവഹിതമെന്തെന്ന് വ്യക്തമായി വെളിപ്പെടുത്തുന്നു. ദൈവീകശക്തിയാൽ ഉള്ളിൽ നിറഞ്ഞുകവിയുന്ന ഒരു സംയമനശീലത്തിനുടമയാകാൻ നമുക്കുകഴിയും.[3] താഴെക്കൊടുത്തിരിക്കുന്ന ഏഴു മേഖലകളിലും കുറുക്കുവഴികളൊന്നുമില്ല. അതിനാൽ ശ്രദ്ധയോടെ വായിക്കുക, ആഴത്തിൽ സംഗ്രഹിക്കുക, ആത്മനിയന്ത്രണത്തിന്റെ ആത്മാവു നിങ്ങളിൽ വാഴട്ടെ. അതാണ് ആത്മീയത, ക്രിസ്ത്വാനുകരണവും വചനവും അതുതന്നെയാണ്.

#### 1. ഉറക്കശീലങ്ങളിലെ അച്ചടക്കം

നിദ്രയിൽ നിന്നുണരുന്ന ആദ്യ പതിനാറു നിമിഷങ്ങൾ (സെക്കന്റുകൾ) നിങ്ങളുടെ അടുത്ത പതിനാറു മണിക്കൂറിനെ സ്വാധീനിക്കുന്നു എന്നാണു പറയപ്പെടുന്നത്. ഉറക്കമുണരാനുള്ള മണിയടി

യോടു പ്രതികരിക്കാൻ നിങ്ങൾക്ക് എത്രസമയം വേണം?

ഉറക്കമുണരുന്നതുമാത്രമല്ല ദൈവഹിതത്തിലുൾപ്പെട്ടത്, ഉറങ്ങാൻ പോകുന്നസമയത്തിലുള്ള ശിക്ഷണവും കൂടിയാണ് - ഉറക്കമിളപ്പ് ശിഷ്യൻമാർക്കു കൽപ്പിച്ചിട്ടുള്ള ഒരു കാര്യമാണെങ്കിൽപ്പോലും (2 കൊരിന്ത്യർ 6:5). ഉറക്കമിളക്കേണ്ടതിന്റെ ആവശ്യമുണ്ടാകുമ്പോൾ സന്തോഷത്തോടെ നാം അതു ചെയ്യണം. ഉറക്കത്തിന്റെ കാര്യത്തിലുള്ള അച്ചടക്കമില്ലായ്മ, മറ്റുകാര്യങ്ങളിലെ അച്ചടക്കരാഹിത്യവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.[4] എന്റെ ഉപദേശമിതാണ്: ഉറക്കമുണരുന്നതിന് എന്ന പോലെ ഉറങ്ങുന്നതിനും സമയക്ളിപ്തത വയ്ക്കുക, ഉണരാൻ ബുദ്ധിമുട്ടുണ്ടാവുകയില്ല.

തീരുമാനങ്ങളെടുക്കുവാനും അവ പാലിക്കുവാനും നാം കാണിക്കുന്ന ശുഷ്കാന്തി ആത്മാവിനു കീഴ്വഴങ്ങാനുള്ള നമ്മുടെ ശുഷ്കാന്തിയെയാണു കാണിക്കുന്നത്. ആത്മീയതയെന്നാൽ പക്വതയും സത്യസന്ധതയുമാണ്.[5]

## 2. സമയപാലനത്തിലെ അച്ചടക്കം

സമയപാലനത്തിൽ നമുക്കുള്ള ആത്മാർത്ഥത നമ്മുടെ ജീവിതത്തെക്കുറിച്ചു ഉറക്കെ സംസാരിക്കുന്ന ഒന്നാണ്. പതിവായി വൈകുന്നവരുടെ ജീവിതത്തിലെ പലമേഖലകളും താളം തെറ്റിയതാണെന്നു നമുക്കു കാണാൻ കഴിയും - സാമ്പത്തിക അച്ചടക്കവും, ജീവിതക്രമവും, ശരീരപരിപാലനവുമെല്ലാം ഇതിൽപ്പെടും. സമയനിഷ്ഠപാലിക്കാൻ കഴിയാതെവരുന്നതിന്റെ കാരണം നീട്ടിവയ്ക്കുന്ന സ്വഭാവം സ്വന്തമായുള്ളതാണ്. കാര്യങ്ങൾ യഥാസമയം ചെയ്യാതെ നീട്ടിവയ്ക്കുന്ന ഈ സ്വഭാവം ഒരു സമയമോഷ്ടാവാണ്. നിങ്ങൾ അത്തരത്തിലുള്ള ഒരു മോഷ്ടാവാണോ?

ചിലയാളുകൾ ജനിച്ചതു തന്നെ അഞ്ചുമിനിട്ട് വൈകിയാണ്. അത്തരമാളുകളാണ് ജോലിസ്ഥലത്തെ ഫലപ്രാപ്തി നശിപ്പിക്കുന്നത്, വിവാഹബന്ധത്തിൽ പിരിമുറുക്കം കൂട്ടുന്നത്, സഭായോഗങ്ങൾ അലങ്കോലമാക്കുന്നത്, തങ്ങൾക്കൊഴികെ മറ്റെല്ലാവർക്കും അസൗകര്യങ്ങൾ സൃഷ്ടിക്കുന്നത്. ചിട്ടയുടെയും ക്രമത്തിന്റെയും ദൈവമാണു നമ്മുടെ ദൈവം. നാം സമയം കൈകാര്യം ചെയ്യുന്നതും ചിട്ടയോടെയായിരിക്കണമെന്ന് ആ ദൈവാത്മാവ് ആഗ്രഹിക്കുന്നു. ഇന്ന സമയത്ത് ഒരു സ്ഥലത്ത് നാം എത്താമെന്നു പറഞ്ഞാൽ നമ്മുടെ അതേയെന്നത് അതേയെന്നുതന്നെ ആയിരിക്കട്ടെ. (മത്തായി 5:37, യാക്കോബ് 5:12)

വൈകിയെത്തിയവരോടു പരുഷമായോ പകവച്ചോ പെരുമാറാൻ ദൈവമനുവദിക്കുന്നുമില്ല - ചിലപ്പോൾ തക്കതായ എന്തെങ്കിലും കാര്യം ഉണ്ടായിരിക്കാം. (ഒരിക്കലെങ്കിലും വൈകാത്തവർ നമ്മിലാരും ഇല്ലല്ലോ!) അവർക്കു കൃപ നൽകാനും വഴക്കം കാണിക്കാനും നാം ഒരുങ്ങിയിരിക്കണം.[6] ഒരു കാര്യം ഉറപ്പായി മനസ്സിലാക്കുക: ദൈവാത്മാവിനു വഴങ്ങുന്നവർ ഉത്തരവാദത്തമുള്ളവരായിരിക്കും.

## 3. ശരീരാരോഗ്യത്തിലെ അച്ചടക്കം

മനുഷ്യശരീരത്തിന്റെ രൂപഭംഗിയെയോ അളവിനെയോകുറിച്ചു സംസാരിക്കുന്ന വചനങ്ങൾ നമുക്കില്ല. അതെല്ലാം ഭൂവിഭാഗത്തെയും ഭക്ഷണരീതികളെയും തലമുറകളായി നിലനിൽക്കുന്ന സാംസ്കാരിക ഘടകങ്ങളും ചേർന്ന് ഉരുത്തിരിയുന്നതാണ്. എന്നാൽ നാം ഗൗരവതരമായി പരിഗണിക്കേണ്ട ഒരു വചനം നമുക്കു മുന്നിലുണ്ട് - നമ്മുടെ ശരീരം ദൈവത്തിന്റെ ആലയമാണ് (1 കൊരിന്ത്യർ 6:19)[7].

ഈയാഥാർത്ഥ്യം നിങ്ങൾ ഉൾക്കൊള്ളുന്നുണ്ടോ? നിങ്ങളുടെ ഭക്ഷണരീതി എങ്ങനെയുള്ളതാണ്? വ്യായാമമോ? ഉണർവ്വില്ലാത്ത ഒരു ജീവിതത്തിനുടമയാണോ നിങ്ങൾ? ഉറക്കം തൂങ്ങി പൊണ്ണത്തടിവച്ചിട്ടുള്ള ഒരു യേശുവിനെ നമുക്കു സങ്കൽപ്പിക്കാൻ പോലുമാകുമോ? അവന്റെ കാലടികളെ നാം പിന്തുടരുമ്പോൾ കിതച്ചു തളർന്ന് അവനോടൊപ്പം പോകാൻപറ്റാത്തവരാകാതെ, അവനൊപ്പം നല്ല ഓട്ടം ഓടാൻ സഹായകമായവിധം തരക്കേടില്ലാത്ത ഒരു ശരീരാരോഗ്യം നമുക്കു സ്വന്തമാക്കാം. നമുക്ക് ആത്മാവിനെ അനുസരിച്ചു *നടക്കാം* (ഗലാത്യർ 5:22-25).

നിങ്ങളുടെ ശരീരാരോഗ്യം മെച്ചപ്പെടുന്നതോടൊപ്പം കൂടുതൽ കാര്യക്ഷമതയും ആത്മവിശ്വാസവും നിങ്ങളിൽ വർദ്ധിക്കും. നിങ്ങളാകുന്ന ദേവാലയത്തിന്റെ ഭംഗി എത്രമാത്രമുണ്ട്?

## 4. സാമ്പത്തിക കാര്യങ്ങളിലെ അച്ചടക്കം

ഈ പുസ്തകത്തിൽ വിവരിക്കാൻകഴിയുന്നതിൽ കൂടുതൽ കല്പനകൾ സാമ്പത്തിക കാര്യങ്ങളെക്കുറിച്ച് ആത്മാവു വെളിപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവിടെ നമുക്ക് അതിൽ ഒരു കാര്യം മാത്രം നോക്കാം - പലശിഷ്യരുടെയും സന്തോഷം കെടുത്തുന്ന ആ കാര്യമാണ് കടം. കടമൊന്നും

ബാക്കിവയ്ക്കരുതെന്ന് റോമാക്കാർക്കുള്ള ലേഖനത്തിൽ (റോമ 13:80) പൗലോസ് നിർദ്ദേശിക്കുന്നു. അനേകം ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ചു പരസ്പരം തിരിമറിനടത്തുന്ന ഒരാളാണോ നിങ്ങൾ. എന്റെ ഉപദേശം ഒരു കാർഡുമാത്രം കയ്യിൽ വച്ചിട്ട് ബാക്കിയെല്ലാം ഒഴിവാക്കുക. ഒരു കടം നില നിൽക്കുമ്പോൾ വേറൊരു കടം വരുത്തി വയ്ക്കില്ല എന്നു ദൃഢമായ തീരുമാനമെടുക്കുക. മറ്റു ശിഷ്യ രുമായി കടബാദ്ധ്യതകൾ നിങ്ങൾക്കുണ്ടോ? കാലക്രമേണ രണ്ടുപേരുടെയും ആത്മീയതയെ ഇതു പ്രതികൂലമായി ബാധിച്ചേക്കും. വാർദ്ധക്യകാലത്തിലേക്കു കരുതിവയ്ക്കുന്നതിനെക്കുറിച്ചു നിങ്ങൾ ചിന്തിക്കുന്നുണ്ടോ? തോന്നും പടി ചിലവഴിക്കണമെന്ന തോന്നൽ പരിശുദ്ധാത്മാവിൽ നിന്നുമുള്ള തോന്നലല്ല. ഭൗതികവസ്തുക്കളോടുള്ള അതിരുകടന്ന അഭിവാഞ്ഛയെ കരുതിക്കൊള്ളുക - അത്യാ ഗ്രഹമെന്നാണ് ബൈബിൾ ഇതിനെ വിളിക്കുന്നത് (എഫേസ്യർ 5:3, കൊലോസ്യർ 3:5). പതിനാലാം അദ്ധ്യായത്തിൽ ഈ വിഷയത്തെക്കുറിച്ചു കൂടുതൽ നിങ്ങൾക്കു വായിക്കാം.

### 5. സംസാരത്തിലെ അച്ചടക്കം

എന്തു പറയണം എങ്ങിനെ പറയണം എന്നു നിർദ്ദേശിക്കുന്ന നൂറുകണക്കിനു വചനങ്ങൾ ബൈബിളിൽ ഉണ്ട്. ഏറ്റവും കൂടുതൽ വിവേകം ഇക്കാര്യത്തിൽ നമുക്കു നൽകുന്ന വേദഭാഗം സദൃ ശവാക്യങ്ങളാണ്. നാവിനെക്കുറിച്ച് ഏറ്റവും ആലങ്കാരികമായി സംസാരിക്കുന്ന വേദഭാഗം യാക്കോ ബിന്റെ മൂന്നാം അദ്ധ്യായമാണ്. മത്തായി 12:26 തന്നെയാണ് ഏറ്റവും ബോധ്യം നൽകുന്ന വചനം. താഴെക്കൊടുത്തിരിക്കുന്ന വകഭേദങ്ങളെക്കുറിച്ചെല്ലാം വചനം നമുക്കു നിർദ്ദേശം നല്കുന്നുണ്ട്:

| | | |
|---|---|---|
| *നുണ, ചതി* | *പെരുപ്പിച്ചു പറയൽ* | *ഏഷണി, പരദൂഷണം* |
| *പ്രതിജ്ഞ, ആണ* | *മുഖസ്തുതി* | *ദുരുപദേശം* |
| *പരത്തിപറയൽ* | *വമ്പുപറയൽ* | *അശ്രദ്ധ, പരുഷത* |
| *വാഗ്ദാന വിശ്വസ്തത* | *വേദനപരിഗണിക്കാതെയുള്ള* | *സത്യസന്ധത, തുറന്ന മനോഭാവം* |
| *തർക്കം, വഴക്ക്* | *പരിഹാസം* | *പിറുപിറുപ്പും പരാതിയും* |
| *സാക്ഷ്യം* | *സ്തുതി* | *വിശ്വാസം ഏറ്റുപറയൽ* |
| *കള്ളസാക്ഷ്യം* | *പാപം എറ്റുപറയൽ* | *വഴുതൽ, അപക്വത* |
| *ഗുണപ്പെടുത്തൽ* | *സ്തുതിഗീതം* | *പടുതുയർത്തുന്ന വാക്കുകൾ* |

നിങ്ങളുടെ സംസാരത്തിന്റെ വിശാലമായ ലോകത്തിൽ ആത്മാവു നിങ്ങളിൽ പ്രവർത്തി ക്കുന്ന മേഖലകൾ തീർച്ചയായുമുണ്ട്. ഏതിലൊക്കെയാണ് നിങ്ങൾക്കു മാറ്റം ആവശ്യമായിട്ടുള്ളത്?

### 6. ഹൃദയ ശുദ്ധിയിലെ അച്ചടക്കം

ഇയ്യോബിന്റെ ഉടമ്പടി കേൾക്കാൻ ഇമ്പമായതും പറയാൻ എളുപ്പമായതുമാണ് (ഇയ്യോബ് 31:1). പാപത്തോടുള്ള യേശുവിന്റെ നിലപാട് നമ്മുടെ തല ലജ്ജയാൽ കുനിയാൻ ഇടയാക്കുന്ന താണ് (മത്തായി 5:29-30). ചിന്തയിലും വാക്കിലും പ്രവർത്തിയിലുമുള്ള പരിശുദ്ധിയാണ് ദൈവം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത് (സങ്കീർത്തനം 19:14). ലൈംഗീകമായ പരിശുദ്ധി ആത്മാവു നമ്മിൽനിന്നും പ്രതീക്ഷിക്കുന്നു. അശുദ്ധമായ ചിന്തകളും പ്രവർത്തികളും നമ്മുടെ മനഃസ്സാക്ഷിയെ കളങ്കപ്പെടുത്തുന്നു. പരിശുദ്ധാത്മാവിന്റെ വഴിനടത്തൽ നമ്മിലുണ്ടാകണമെങ്കിൽ നാം നിരന്തരമായി നമ്മെ ശുദ്ധീകരിച്ചേ പറ്റൂ. ദാവീദിനോടൊപ്പം നമുക്കും പ്രാർത്ഥിക്കാം:

> ദൈവമേ, നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിച്ച് സ്ഥിരമായ ഒരു ആത്മാവിനെ എന്നിൽ പുതുക്കണമേ. നിന്റെ സന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ; നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കുകയുമരുതേ; നിന്റെ രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരണമേ; മനസ്സൊരുക്കമുള്ള ആത്മാവിനാൽ എന്നെ താങ്ങേണമേ. അപ്പോൾ ഞാൻ അതിക്രമക്കാരോട് നിന്റെ വഴികൾ ഉപദേശിക്കും; പാപികൾ നിങ്കലേക്കു മനംതിരിയും. (സങ്കീർത്തനം 51:10-13)

പരിശുദ്ധിയിൽ നാം സുശിക്ഷിതരാകുമ്പോൾ നാം എന്തായിത്തീരും?

- സ്ഥിരതയും ഉറപ്പുമുള്ളവർ
- സന്തോഷമുള്ളവരും പ്രകാശമുള്ളവരും
- ഒരുക്കമുള്ള ഹൃദയം നമ്മിൽ ഉണ്ടാകും, ആരും പിറകേ നടന്നു തള്ളേണ്ടതില്ല.
- നാം മറ്റുള്ളവരെ കരുതുന്നവരാകും
- മറ്റുള്ളവർ ദൈവീക വഴിയിലേക്കു തിരിയും

പരിശുദ്ധിയുടെ ആത്മാവിനെ നിരസിക്കുമ്പോൾ നമുക്കെന്തു സംഭവിക്കും?

- സ്ഥിരതയും ഉറപ്പുമില്ലാത്തവരാകും
- ഉത്സാഹം നഷ്ടപ്പെടും, പ്രകാശം മങ്ങും
- ഒരുക്കമില്ലായ്മയും വിമർശന താത്പര്യവും നമ്മിൽ നിറയും
- നമ്മെക്കുറിച്ചുള്ള ചിന്തകളിൽ മുഴുകി ജീവിക്കുന്നവരാകും
- ദൈവീക ദൗത്യം കണ്ണിൽ നിന്നും മറയും.

വിശുദ്ധിയോടെ നമ്മെ സൂക്ഷിക്കാൻ നാം ആത്മാവിനെ അനുവദിക്കുന്നില്ലെങ്കിൽ അതിന്റെ അനന്ത രഫലങ്ങൾ ഗുരുതരമാണ്. ഇടുങ്ങിയ പാത വിട്ടുമാറിപ്പോയവരെക്കുറിച്ചു തിമോത്തിക്കുള്ള ഒന്നാമത്തെ ലേഖനത്തിൽ നാം ഇപ്രകാരം വായിക്കുന്നു:

> കല്പനയുടെ ലക്ഷ്യമോ, പരിശുദ്ധമായ ഹൃദയം, നല്ല മനസ്സാക്ഷി, ആത്മാർത്ഥമായ വിശ്വാസം എന്നിവയിൽനിന്നുളവാകുന്ന സ്നേഹമാകുന്നു.... വിശ്വാസവും നല്ല മനസ്സാക്ഷിയും മുറുകെപ്പിടിക്കുക; ചിലർ അതുപേക്ഷിച്ച് തങ്ങളുടെ വിശ്വാസക്കപ്പൽ തകർത്തുകളഞ്ഞു (1 തിമോത്തി 1:5, 19).

പരിശുദ്ധിയില്ലാത്തപ്പോൾ നല്ലമനസ്സാക്ഷി നമുക്കു കൈമോശം വരും, വിശ്വാസക്കപ്പൽ തകരുകയും ചെയ്യും. തീകൊണ്ടുള്ള ഒരു കളിയാണത് (സദൃശവാക്യങ്ങൾ 6:27), കാരണം അശുദ്ധിയിലായിരിക്കുമ്പോൾ നിങ്ങൾക്കു തന്നെ അറിയാം ആ അവസ്ഥ നിങ്ങളുടെ മനസ്സാക്ഷിയെയും ബോധ്യത്തെയും എപ്രകാരം ബാധിക്കുന്നുവെന്ന്. ജീവിതത്തിൽ പ്രലോഭനങ്ങൾ കൂടിക്കൂടി വരികയും വിശ്വാസകപ്പൽ തിരമാലയിൽപ്പെട്ട് ഉലയുകയും ചെയ്യുന്നുണ്ടോ? ആത്മാവ് വചനങ്ങളിലൂടെ ചൂണ്ടിക്കാണിക്കുന്ന വഴികളിൽ നടക്കുകയും, മറ്റുശിഷ്യരോടു നിങ്ങളുടെ ഹൃദയത്തെക്കുറിച്ചു തുറന്നു സംസാരിക്കുകയും ചെയ്യുമ്പോൾ നിങ്ങളുടെ ഹൃദയം വ്യത്യസ്തമാകുമെന്നതാണ് സദ്വാർത്ത.

## 7. പ്രാർത്ഥനയിലും ബൈബിൾ വായനയിലുമുള്ള അച്ചടക്കം

ദൈവവുമായുള്ള നമ്മുടെ ബന്ധമാണ് മുഴുവൻ ആത്മീയ ശക്തിയുടെയും സ്രോതസ്സ്. അപ്പോൾ ആ ശക്തി സ്രോതസ്സിൽ നിന്നും നമ്മെത്തന്നെ വിച്ഛേദിച്ചാൽ ദൈവം ആഗ്രഹിക്കുന്ന മാറ്റങ്ങൾ നിങ്ങളിൽ എപ്രകാരം സ്ഥാപിതമാകും? നാം ദൈവത്തോടു ചേർന്നു നടക്കുമ്പോൾ, നമ്മുടെ ജീവിതത്തിൽ മാറ്റം വേണമെന്ന മുറവിളി മുഴങ്ങിക്കേൾക്കുന്ന എല്ലാ മേഖലകളിലും നാം വിജയികളെക്കാൾ ശ്രേഷ്ഠരാകും (റോമർ 8:37).

പ്രാർത്ഥനയ്ക്കും ബൈബിൾ വായനയ്ക്കുമായി നാം മാറ്റി വയ്ക്കുന്ന സമയമേതായാലും അതിൽ നിഷ്ഠയുള്ളവരാകുക. ഉണർവ്വോടും ആത്മനിയന്ത്രണത്തോടും കൂടെ വചനം വായിച്ചു ദൈവവുമായി ബന്ധത്തിലാകാൻ സഹായിക്കും വിധമുള്ള സ്ഥലവും സമയവും നമുക്കു കണ്ടെത്താം (1 പത്രോസ് 4:7). സ്ഥിരതയോടുള്ള പ്രാർത്ഥനാസമയങ്ങൾ കൊണ്ടുവരുന്ന അനുഗ്രഹങ്ങൾ അതിശ്രേഷ്ഠമാണ്.

## അമിതമായ നിയന്ത്രണങ്ങൾ?

അമിതമാത്രയിൽ മരുന്നുകഴിക്കുന്നതുപോലെ സംയമനവും അമിതമാത്രയിൽ ആകുമോ? തീർച്ചയായുമതേ! സമയസൂചിയും കലണ്ടറും അനുദിനമുള്ള മാറ്റമില്ലാത്ത ടൈം ടേബിളും മാത്രം നോക്കി ജീവിക്കുന്ന ആളുകൾ നമുക്കു ചുറ്റും ഉണ്ട്. നടന്നുപോകുന്ന വഴിയിലുള്ള ഒരു പൂവിനെ നോക്കാനോ അതിന്റെ ഭംഗി ആസ്വദിക്കാനോ അറിയില്ലാത്തവർ. നിങ്ങൾ അങ്ങനെയുള്ള ഒരാളാണെങ്കിൽ ഇതിനകം തന്നെ ആരെങ്കിലും നിങ്ങളോടതു സൂചിപ്പിച്ചു കാണും. (ഇതിനെക്കുറിച്ചുള്ള അഭിപ്രായം മറ്റുള്ളവർ തന്നെ പറയട്ടെ, നിങ്ങളുടെ സ്വന്തം നിലപാട് നീതിയുക്തമായെന്നു വരില്ല - പ്രത്യേകിച്ചു നിങ്ങൾക്കു ആത്മസംയമനത്തിന്റെ കുറവുണ്ടെങ്കിൽ). നമ്മിൽ മിക്കവാറും പേർ ഇത്തരത്തിലുള്ള ആളുകളല്ല എന്നതാണ് വാസ്തവം. നേരായ ഒരു സന്തുലിതാവസ്ഥയെക്കുറിച്ചു ചിന്തിക്കുന്നതിനുമുൻപ് നിങ്ങളുടെ മടിയെയും അലസതയെയും ആദ്യം ആട്ടിപ്പായിക്കേണ്ടതുണ്ട്.

## പരിശ്രമശീലം

ക്രിസ്തീയജീവിതം വിജയപൂർവ്വകമായി നയിക്കണമെങ്കിൽ ആത്മനിയന്ത്രണം അനിവാര്യമാണ്. ചിട്ടയായ പരിശീലനമില്ലാത്തവർ (1 തിമോത്തി 4:8, എബ്രായർ 5:11-14) ഓട്ടം പൂർത്തിയാക്കാൻ കഴിയാതെ കളത്തിനു പുറത്താകും. ദൈവം നമുക്കു ആത്മനിയന്ത്രണത്തിന്റെ സത്യാത്മാവിനെയാണു നല്കിയിരിക്കുന്നത്. നമ്മുടെ ആത്മാവിനെ ദൈവാത്മാവിനു കീഴടക്കാം, ഉള്ളിൽനിന്നുമുള്ള സ്ഥായിയായ മാറ്റങ്ങൾ ആത്മാവിനാൽ വരുത്തിയവരായിത്തീരാൻ നമുക്കു പ്രാർത്ഥിക്കാം.

## ഉയരങ്ങളിലേക്ക്

എനിക്കേറ്റവും പ്രിയപ്പെട്ട ഒരു കാവ്യശകലത്തോടെ ഈ അദ്ധ്യായം നമുക്കു ചുരുക്കാം - പ്രശസ്തനായ ആംഗലേയകവി ലോംഗ് ഫെല്ലോയുടെ രചന:

മഹാന്മാരായവർ എത്തിപ്പെട്ടതും നിലനിർത്തിയതുമായ ഉയരങ്ങൾ
ഒരു രാത്രിയിൽ അവരെ തേടിയെത്തിയതല്ല.
അവരുടെ സഹജീവികൾ നിദ്രയിലാണ്ടപ്പോൾ, അവർ
രാത്രിയാമങ്ങളിൽ ഉന്നതത്തിലേക്കു യാത്രചെയ്തു നേടിയതാണ്.

ശോധനചെയ്യുവാൻ:

1. കൂടുതൽ സംയമനശീലം പാലിക്കാനായി ആത്മാവു നിങ്ങളെ അടുത്തകാലത്തായി കൂടുതൽ പഠിപ്പിക്കാൻ ശ്രമിക്കുന്നുണ്ടോ?
2. കഠിനാധ്വാനിയെന്നവാക്ക് നിങ്ങളുടെ ജീവിതത്തെനോക്കി പറയാൻ കഴിയുമോ (1 കൊരി 15:9–10)?
3. സഭയിൽ സ്ഥിരമായി വൈകിയെത്തുന്ന തരക്കാരനാണോ നിങ്ങൾ? ദൈവത്തോടും സഭയോടും ഇതുമൂലം നിങ്ങൾ കാണിക്കുന്ന അനാദരവ് എത്രമാത്രമാണെന്നു നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ? ആരാധനയ്ക്കിടയിൽ വൈകി കയറിവരുന്ന നിങ്ങളുടെ ആരാധന എത്ര തൃപ്തികരമാണ്?
4. നിങ്ങൾക്ക് ആത്മനിയന്ത്രണം ഏറ്റവും കുറവാണെന്നു തോന്നുന്ന കാര്യമേതാണ്? ആത്മാവിന്റെ ശക്തിയാൽ നിങ്ങൾക്ക് എങ്ങിനെ അതിനെ മറികടക്കാൻ പറ്റും?

കുറിപ്പുകൾ:

1. വില്യം ബ്ലേക് (1757–1827) പറഞ്ഞതു ശരിയാണ്: മറ്റൊരുവനു നന്മചെയ്യുന്നവൻ അതിന്റെ സൂക്ഷ്മാംശങ്ങളിലാണ് നന്മ ചെയ്യേണ്ടത്. പൊതുവായ നന്മയെക്കുറിച്ചു വാഴ്ത്തി പറയുന്നത് നെറികെട്ടവനും കപടഭക്തനും മുഖസ്തുതിക്കാരനുമാണ്. കലയും ശാസ്ത്രവുമെല്ലാം അതിന്റെ സൂക്ഷ്മാംശങ്ങളിലാണ് ശ്രേഷ്ഠതരമാകുന്നത്.

2. വോൾടയർ (1694–1778) ഉദ്ബോധിപ്പിക്കുന്നു: അലസതെ വെറുക്കുക. ഏറ്റവും ശ്രേഷ്ഠമായ ലോഹത്തിന്മേൽ കയറിപ്പറ്റുന്ന തുരുമ്പിനെപ്പോലെയാണിത്. വ്യക്തിപരമായ തലത്തിൽ നിന്നും സാമൂഹ്യമായ തലത്തിലേക്കു നോക്കുകയാണെങ്കിൽ – മഹാത്മാഗാന്ധി കണിശമായി സാമൂഹ്യതിന്മകളെപ്പറ്റി പറഞ്ഞിരിക്കുന്നു:

   1. തത്വദീക്ഷയില്ലാത്ത രാഷ്ട്രീയം,
   2. അധ്വാനിക്കാതെ നേടുന്ന സമ്പത്ത്,
   3. ധാർമ്മികതയില്ലാത്ത വാണിജ്യം,
   4. മനസ്സാക്ഷിയില്ലാത്ത ആനന്ദം,
   5. സ്വഭാവശ്രേഷ്ഠതയില്ലാത്ത വിദ്യാഭ്യാസം,
   6. മനുഷ്യത്വമില്ലാത്ത ശാസ്ത്രം,
   7. ത്യാഗമില്ലാത്ത ആരാധന.

3. ശിക്ഷണത്തിൽ അഭ്യാസം നേടുന്ന പ്രക്രിയയെ ലഘുകരിക്കാനായി ഒന്നും എഴുതിയിട്ടില്ല എന്ന് ഇതിന് അർത്ഥമില്ല. സദൃശവാക്യങ്ങളും, സ്റ്റീഫൻ കോവെയുടെ ദ സെവൻ ഹാബിറ്റ്സ് ഓഫ് ഹൈയ്ലി ഇഫക്ടീവ് പീപ്പിൾ, റിച്ചാർഡ് ടെയ്‌ലറുടെ ദി ഡിസിപ്ലിൻഡ് ലൈഫ് എന്നീ പുസ്തകങ്ങളും വായിക്കുക.

4. ദൈവമെന്നെ തട്ടിയുണർത്തിയപ്പോൾ ഞാൻ ഉണർന്നു എന്നു സ്ഥാപിക്കാനായി ഉപയോഗിക്കാനുള്ള വചനമല്ല സങ്കീർത്തനം 3:5. രാത്രിയിൽ ഞാൻ മരിച്ചില്ല എന്നതാണ് സങ്കീർത്തകൻ വിഭാവനം ചെയ്തത്. അതേസമയംതന്നെ, പന്ത്രണ്ടുമണിക്കൂർ ഉറങ്ങിയില്ലെങ്കിൽ എന്റെ ദിവസം പാഴായെന്നു പറയുന്നവർക്കു താങ്ങായി നിൽക്കുന്ന ഒരു വചനമല്ല സങ്കീർത്തനം 127:2. ദൈവത്തിലാശ്രയിച്ചു ജീവിക്കുന്നതിനെക്കുറിച്ചാണ് അവിടെ സൂചിപ്പിക്കുന്നത്.

5. ഉറക്കത്തെക്കുറിച്ചു സംസാരിക്കുന്ന സദൃശവാക്യങ്ങൾ – 6:9–11, 19:15, 24:30–34, 26:14

6. 1 തിമോത്തി 3:15, 2 തിമോത്തി 4:9 എന്നീ വചനങ്ങൾ സ്ഥിരമായിട്ടു വൈകിവരുന്നവർക്ക് ആശ്വാസം കണ്ടെത്താനുള്ള വചനങ്ങളല്ല. സ്ഥിരമായി വൈകിവരുന്നവരെക്കുറിച്ചല്ല ഞാൻ മുൻപിലത്തെ വാചകത്തിൽ സൂചിപ്പിച്ചതും.

7. കുറച്ചു അദ്ധ്യായങ്ങൾക്കു മുമ്പ് നാം കാണുന്ന 1 കൊരിന്ത്യർ 3:16 ഒരു ശിഷ്യന്റെ ശരീരത്തെക്കുറിച്ചല്ല പ്രതിപാദിക്കുന്നത്, പകരം ശിഷ്യന്മാരുടെ ശരീരത്തെക്കുറിച്ചാണ് (സഭയെക്കുറിച്ച്).

**അദ്ധ്യായം 6**

# ഞാനാണോ എന്റെ വളർച്ചയ്ക്കു തടസ്സം?

## സ്വഭാവത്തിലുള്ള മാറ്റം - ഉള്ളിൽ നിന്നും

വേഗത്തിൽ കുതിക്കുന്ന ഒച്ചുകൾ! പ്രയോഗം തന്നെ വിരോധാഭാസമാണ് - എന്നാൽ ഇതിന്റെ അർത്ഥം ഉടൻതന്നെ നമുക്കു മനസ്സിലാക്കാം. എന്റെ വളർച്ചയ്ക്കുള്ള തടസ്സം ഞാൻ തന്നെയാണോ എന്നു ചോദിക്കാത്തവരായി നമ്മിൽ ആരും തന്നെയില്ല. ശുഭവാർത്തയെന്തെന്നാൽ നമ്മുടെ വളർച്ച നമ്മിൽത്തന്നെ തട്ടി ഗതിമുട്ടി നിൽക്കുന്നില്ല എന്നതാണ്. മാറ്റം വരുത്താൻ കഴിയാത്തവരായി നമ്മിൽ ആരും തന്നെയില്ല. ലോകത്തിൽ ലഭ്യമായ ഏതൊരു വ്യക്തിത്വവികസന പരിപാടിയേക്കാളും, ചികിത്സയെക്കാളും, തത്വജ്ഞാനത്തെക്കാളും, മതതീക്ഷ്ണതയെക്കാളും ഏറെ മികച്ചതായും വേഗത്തിലുമുള്ള യഥാർത്ഥമാറ്റം നമുക്കു സാധിക്കും - ആത്മാവിന്റെ ശക്തിയാൽ. 1995ലെ ക്രിസ്മസിന് എനിക്കു ലഭിച്ച ഒരു സമ്മാനം ഇതിനെക്കുറിച്ച് ഓർമ്മിപ്പിക്കുന്നതാണ്. കുറേ ഒച്ചുകളുടെ പടമുള്ള ഒരു ടൈ ആയിരുന്നു ആ സമ്മാനം. എല്ലാ ഒച്ചുകളും ഒരേ ദിശയിൽ ചലിച്ചുകൊണ്ടേയിരിക്കുന്നു, എന്നാൽ അതിൽ ഒരെണ്ണംമാത്രം മറ്റുള്ളവരുടെയെല്ലാം മുമ്പേ - ഒച്ചിനാലാകുംവിധം - മുന്നേറിക്കൊണ്ടിരിക്കുന്ന ഒരു ചിത്രമായിരുന്നു അതിലുണ്ടായിരുന്നത്.

ആഴത്തിലുള്ള സ്വഭാവമാറ്റത്തിന് സമയം ആവശ്യമാണ്. വേഗത തീരെയില്ലാത്ത ഒരു പ്രക്രിയയാണത്, ഈ മെല്ലെപ്പോക്കുതന്നെ നമ്മിൽ നിരാശജനിപ്പിക്കുന്ന ഒന്നാണ്. എങ്കിലും ഹൃദയം കലങ്ങേണ്ട, ആത്മാവു നമ്മെ വേഗത്തിലോടുന്ന ഒച്ചിനെപ്പോലെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്ഥമാക്കും. ലോകത്തിലുള്ള നമ്മുടെ സുഹൃത്തുക്കളുമായി താരതമ്യം ചെയ്യുമ്പോൾ അവരെക്കാൾ വളരെയേറെമുന്നിൽ സ്വഭാവരൂപീകരണത്തിലും വ്യക്തിത്വവികസനത്തിലും നാമായിരിക്കുന്നതു നമുക്കു കാണാൻ കഴിയും. ആത്മാവു ചൂണ്ടിക്കാട്ടുന്ന വചനങ്ങൾ അനുസരിച്ച്, അവധാനതയോടെ നാം മുന്നേറുമ്പോൾ മറ്റുള്ളവരിൽനിന്നും കാതങ്ങൾ അകലെയായി നമ്മെ നമുക്കു കാണാം.

അതിവേഗത്തിലുള്ള മാറ്റം ദൈവത്തിന്റെ രീതിയല്ല - ഒരുകാലത്തും. വിളവു പാകമാകാൻ മാസങ്ങളെടുക്കുമെന്നറിയാത്ത ഒരു കർഷകനുമില്ല. ശിശു അമ്മയുടെ ഉദരത്തിനുവെളിയിൽ വരാൻ പാകമാകുന്നത് ഒൻപതുമാസങ്ങൾക്കു ശേഷമാണ്. ശരീരവടിവു നേടുന്നതിന് അനേകകാലത്തെ അക്ഷീണയത്നം ആവശ്യമായുണ്ട്. വേഗതകൂട്ടാനുള്ള പ്രാർത്ഥനയ്ക്ക് ഇക്കാര്യത്തിൽ പ്രസക്തിയില്ല. ഒരു യുവശിഷ്യൻ പ്രാർത്ഥിച്ചതു പോലെയല്ല കാര്യങ്ങൾ ദൈവം നടത്തുന്നത്. ഇതായിരുന്നു ആ പ്രാർത്ഥന - ദൈവമേ, എനിക്കു നീ കൂടുതൽ ക്ഷമ നൽകണമേ - ഇപ്പോൾത്തന്നെ അതു നീ നിറവേറ്റിത്തരണമേ!

### രൂപാന്തരം

സ്വഭാവത്തിലോ സംയമനത്തിലോ ഉള്ള സ്ഥായിയായ മാറ്റത്തെയാണ് രൂപാന്തരമെന്നു പറയുന്നത്. ദൈവീകവും ത്യാഗഭരിതവുമായ ഒരു മനോഭാവം രൂപാന്തരപ്രക്രിയയ്ക്ക് ആവശ്യമാണ്. റോമാക്കാർക്കുള്ള ലേഖനത്തിൽ പൗലോസ് ഇതുവ്യക്തമാക്കുന്നു:

> സഹോദരൻമാരേ, ഞാൻ ദൈവത്തിന്റെ കാരുണ്യംമൂലം നിങ്ങളെ പ്രബോധിപ്പിക്കുന്നു: നിങ്ങൾ ആത്മിക ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുവിൻ. ഈ ലോകത്തിന് അനുരൂപരാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന് മനസ്സുപുതുക്കി രൂപാന്തരപ്പെടുവിൻ. (റോമർ 12:1-2)

രണ്ടിലൊരു കാര്യം നമുക്കു തിരഞ്ഞെടുക്കാം, ഒന്നുകിൽ ലോകത്തിന് അനുരൂപരാകാം അല്ലെങ്കിൽ മനസ്സുപുതുക്കി രൂപാന്തരം പ്രാപിക്കാം. നിലനിൽക്കുന്ന രൂപാന്തരം വരുന്നത് പുറത്തുനിന്നും അകത്തേക്കല്ല, പകരം അകത്തുനിന്നും പുറത്തേക്കാണ്. സ്വഭാവരൂപീകരണം കൊണ്ടുവരുന്നത് പരിശുദ്ധാത്മാവാണ്.

## ഫ്രൂട്ട്സലാഡ്

ചെറുപ്പ കാലത്ത് ഞാൻ ഏറ്റവും ഇഷ്ടപ്പെട്ടിരുന്ന ഒരു വിഭവമായിരുന്നു ഫ്രൂട്ട്സലാഡ്. അതിനുമുകളിൽ വയ്ക്കാറുള്ള ചുവന്ന ചെറിപഴമാണ് ഞാൻ ആദ്യം അകത്താക്കുന്നത്. പരിശുദ്ധാത്മാവു നമ്മിൽ പുറപ്പെടുവിക്കുന്ന ഫലങ്ങൾ ഒരു ഫ്രൂട്ട്സലാഡിൽ അടങ്ങിയിരിക്കുന്നതിലും കൂടുതലായുള്ള ഫലങ്ങളാണ് - ഗലാതൃരുടെ പുസ്തകം ഒൻപതെണ്ണം ചൂണ്ടിക്കാട്ടുന്നു, ബൈബിളിലുടനീളം എടുത്തുകാട്ടുന്ന മറ്റനേകം ഫലങ്ങളും. പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ എന്നു പറയുന്നതു ക്രിസ്തുയേശുവിന്റെ അടിസ്ഥാന സ്വഭാവസവിശേഷതകളല്ലാതെ മറ്റൊന്നുമല്ല. ഈ ഫലങ്ങൾ ആത്മാവുനമ്മിൽ ഉണർത്തി വളർത്തുന്നു, ക്രിസ്തുവിനനുയോജ്യരായ വ്യക്തിത്വമുള്ളവരാക്കി ആത്മാവു നമ്മെ രൂപാന്തരപ്പെടുത്തുന്നു.

> ജഡത്തിന്റെ അഭിലാഷം ആത്മാവിനും ആത്മാവിന്റെ അഭിലാഷം ജഡത്തിനും എതിരാണ്; നിങ്ങൾ ഇച്ഛിക്കുന്നതു ചെയ്യുവാൻ കഴിയാത്തവിധം അവ പരസ്പര വിരുദ്ധങ്ങളാണ്. ആത്മാവിനെ അനുസരിച്ചു നടക്കുന്നുവെങ്കിൽ നിങ്ങൾ ന്യായപ്രമാണത്തിൻ കീഴിൽ ഉള്ളവരല്ല. ജഡത്തിന്റെ പ്രവൃത്തികൾ... ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മനിയന്ത്രണം എന്നിവയാകുന്നു; ഇവയ്ക്കെതിരായി ഒരു ന്യായപ്രമാണവുമില്ല. ക്രിസ്തുയേശുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിച്ചിരിക്കുന്നു. ആത്മാവിനാൽ നാം ജീവിക്കുന്നുവെങ്കിൽ ആത്മാവിനെ അനുസരിച്ചു നടക്കുകയും വേണം. (ഗലാത്യർ 5:17-18, 22-25)

പാപപ്രകൃതിയും (ഗ്രീക്കു ഭാഷയിൽ ഇതിനു മാംസം എന്നവാക്കാണുപയോഗിച്ചിരിക്കുന്നത്) ആത്മാവും വിപരീതമായ രണ്ടുകാര്യങ്ങളാണ്. ഇവരണ്ടും നമ്മുടെ അന്തഃരംഗത്തിൽ പരസ്പര വിരുദ്ധമായി പോരാടുന്നു. മാംസത്തെ തുച്ഛീകരിക്കാനും ആത്മാവിന്റെ ഫലങ്ങളിൽ വളരുവാനുമായി നാം ചെയ്യേണ്ട ഒന്നുണ്ട്. പതിനെട്ടാം വാക്യം അതു വ്യക്തമാക്കുന്നു - നാം ആത്മാവിനെ അനുസരിച്ചു നടക്കണം. (ഒൻപതാം അദ്ധ്യായത്തിൽ നമുക്കിതു കൂടുതലായി നോക്കാം).

ശിഷ്യനായതിനു ശേഷമുള്ള ആദ്യകാലങ്ങളിൽ ആത്മാവിന്റെ ഈ ഫലങ്ങളെ ഞാൻ കാര്യമായി ഗൗനിച്ചിരുന്നില്ല, പകരം ആത്മാക്കളെ നേടുന്ന ഫലം പുറപ്പെടുവിക്കലിനാണ് ഞാൻ ഊന്നൽ കൊടുത്തത്. അക്കാലത്തു മറ്റുള്ളവരുമായി ഇക്കാര്യം പറഞ്ഞ് ഉരസലുകൾ ഉണ്ടായിട്ടുള്ളതു വെറുതെയല്ല. പിന്നീട് എനിക്കുമനസ്സിലായി ഈ ഫലങ്ങളെല്ലാം പരസ്പരം കൈകോർത്തിരിക്കുന്നവയാണ് എന്ന്. അക്ഷമരും അപകർഷതയുള്ളവരും സംയമനശീലമില്ലാത്തവരും ദുഃഖിതരുമായി നടന്നാൽ നമുക്കെത്രമാത്രം പ്രവർത്തനനിരതരും ആത്മാക്കളെ നേടുന്നവരുമാകാൻ കഴിയും? യോഹന്നാൻ 15:8ൽ യേശു അർത്ഥമാക്കുന്നത് ആത്മാവിന്റെ ഫലങ്ങൾ മാത്രമാണ് എന്നു വാദിക്കുന്നവർ സാധാരമയായി ആത്മാക്കളെ നേടുന്ന ഫലം പുറപ്പെടുവിക്കാത്തവരുമാണ്. സ്നേഹവും ആനന്ദവും ആത്മാവിന്റെ ദാനങ്ങളാണ് (ഗലാത്യർ 5:22, 2 തിമോത്തി 1:7). മറ്റുള്ളവരെ ക്രിസ്തുവിൽ പക്വതവരുത്താൻ നാം ഉപകരണമാകുമ്പോൾ അതുനമ്മിൽ ആനന്ദം നിറയ്ക്കുന്നു (ലൂക്ക 10:21, 1 തെസ്സലോനിക്യർ 3:8). ജീവിതത്തിലെ അനുകൂല സാഹചര്യങ്ങളിലൂടെ നമുക്കു ലഭിക്കുന്ന സന്തോഷം ആത്മാവു നല്കുന്ന ആനന്ദമായി കണക്കാക്കാൻ പറ്റില്ല (അപ്പ 14:17). വ്യക്തിപരമായ സമാധാനം ദൈവാത്മാവിന്റെ അത്ഭുതകരമായ മറ്റൊരു ദാനമാണ് (ഗലാത്യർ 5:22, റോമർ 14:17), മറ്റുള്ളവരുടെ ജീവിതത്തിൽ സമാധാനത്തിനു വഴികാട്ടിയാകാൻ ഈ ദാനമില്ലാതെ നമുക്കെങ്ങിനെ കഴിയും? സഭയിലെ ആനന്ദം അംഗസംഖ്യയുടെ വളർച്ചയുമായും ബന്ധപ്പെട്ടിരിക്കുന്നു (അപ്പ 9:31)

ആത്മാവു നമുക്കു പ്രത്യാശയും നൽകുന്നു (ഗലാത്യർ 5:5, റോമർ 15:13, 5:5). ഈ പട്ടികയിലേക്കു ചേർക്കാനായി ഇനിയും അനേകം കാര്യങ്ങളുണ്ട്. ചുരുക്കത്തിൽ, ആത്മാവു നമ്മെ കൂടുതൽ കൂടുതലായി ക്രിസ്തുവിനു അനുരൂപരാക്കി തീർക്കുന്നു.

## പോരാട്ട വിജയം

ക്രിസ്തുവിനോടു നാം കൂടുതൽ അനുരൂപരാകുന്നതെപ്പോഴാണ്? എന്റെ ഹിതമല്ല നിന്റെ ഹിതം എന്നിൽ നിറവേറട്ടേയെന്നു നാം പ്രാർത്ഥിക്കുമ്പോൾ പോലും നമ്മിൽ നടക്കുന്ന ദേഹം-ദേഹി പോരാട്ടം നാം തിരിച്ചറിയണം, കാരണം ഈ പോരാട്ടം സാങ്കൽപ്പികമല്ല, യഥാർത്ഥത്തിലുള്ളതാണ് (ഗലാത്യർ 5:16-17). മാംസം അലസവും സ്വാർത്ഥവും സംയമനമില്ലാത്തതും സ്വയം പൂരണം തേടുന്നതുമാണ്. എന്നാൽ ആത്മാവോ കഠിനാധ്വാനിയും നിസ്വാർത്ഥനും സുശിക്ഷിതനും വിശ്വാസം പങ്കിടുന്നതിൽ ഉത്സാഹിയുമാണ്. ഇവർ തമ്മിലുള്ള യുദ്ധത്തിൽ നമ്മുടെ ഇച്ഛാശക്തിയെ ആത്മാവിന്റെ പക്ഷത്തിലേക്കു നാം ചായ്ക്കുമ്പോൾ നമ്മിൽ ഉരുത്തിരിയുന്ന രൂപാന്തരം നമ്മെ സ്വതന്ത്രമാക്കുന്ന ഒന്നാണ്.

ആത്മാവു കർത്താവാകുന്നു; കർത്താവിന്റെ ആത്മാവുള്ളിടത്ത് സ്വാതന്ത്ര്യം ഉണ്ട്. എന്നാൽ നമ്മുടെ മൂടുപടം അണിയാത്ത മുഖത്ത് കർത്താവിന്റെ തേജസ്സ് കണ്ണാടിയിൽ എന്നപോലെ പ്രതി ഫലിക്കുന്നു; ആത്മാവായ കർത്താവിൽനിന്ന് തേജസ്സിന്മേൽ തേജസ്സുപ്രാപിച്ച് അതേ സാദൃശ്യ മായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ച് അതേ സാദൃശ്യമായി രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു. (2 കൊരിന്ത്യർ 3:17-18)

ആത്മാവു നൽകുന്ന സ്വാതന്ത്ര്യം അത്യധികം ശ്രേഷ്ഠമായതാണ് (പതിനഞ്ചാം അദ്ധ്യായം കൂടി നോക്കുക). ഓരോ പുതുവർഷവും വരുമ്പോൾ നാം കൂടുതൽ പുതുമയുള്ളവരും കൂടുതൽ സ്വതന്ത്രരും കൂടുതൽ രൂപാന്തരം പ്രാപിച്ചവരുമായി മാറുന്നതു നമുക്കു കാണാൻ കഴിയും – ആത്മാവിനാൽ നയിക്കപ്പെടുന്നവരാണു നാമെങ്കിൽ. ആറുമാസം മുമ്പുണ്ടായിരുന്നതിനേക്കാൾ കൂടുതലായി നാം ഇപ്പോൾ ക്രിസ്തുവിനോട് അനുരൂപരല്ലെങ്കിൽ നാം വളർച്ചമുരടിച്ചവരാണ്. ഇപ്പോഴത്തെ നിങ്ങളുടെ അവസ്ഥ ഇതാണെങ്കിൽ ഒരുകാര്യം വ്യക്തമായി മനസ്സിലാകേണ്ടതുണ്ട് – നിങ്ങളെ പ്രതി ആത്മാവു ദുഃഖിച്ചിരിക്കുകയാണ്, കാരണം നിങ്ങൾ ക്രിസ്തുവിൽ പക്വതയുള്ളവരാകണമെന്ന ആഗ്രഹം അവനിൽ ശക്തമാണ്. താഴെപ്പറയുന്ന കാര്യങ്ങൾ നമുക്കു ശോധനചെയ്യാം:

- ദൈവത്തിന്റെ സ്ഥാനപതികളാകാനായി അവൻ നമുക്കു നല്കുന്ന അവസരങ്ങൾ കാര്യക്ഷമതയോടെ ഉപയോഗിക്കുന്നുണ്ടോ?
- സന്ദേശങ്ങളും ക്ളാസ്സുകളും ഉപദേശങ്ങളും ഗൗരവമായി ശ്രദ്ധിക്കുന്നുണ്ടോ? (കുറിപ്പുകൾ എഴുതുന്നത് ഉപകാരപ്രദമാണ്).
- പ്രധാനപ്പെട്ട തീരുമാനങ്ങളെടുക്കുന്നതിനുമുമ്പ് പക്വതയുള്ള ശിഷ്യന്മാരോടു അഭിപ്രായമാരായാറുണ്ടോ?
- ബൈബിളും ബൈബിളധിഷ്ഠിതമായ മറ്റു ആത്മീയഗ്രന്ഥങ്ങളും സ്ഥിരതയോടെ വായിക്കുന്നുണ്ടോ?
- വിനയവും കൃതജ്ഞതയുമുള്ള ഒരു ഹൃദയം കാത്തുസൂക്ഷിക്കുന്നുണ്ടോ? (പരാതിയും പിറുപിറുപ്പും കർത്താവു വിലക്കിയിരിക്കുന്നു – ഫിലിപ്പിയർ 2:14).
- സുതാര്യതയും ആത്മാർത്ഥതയും എപ്രകാരമുണ്ട്? (സ്വഭാവമാറ്റവും തീക്ഷ്ണതയുമൊന്നും അഭിനയിക്കാൻ കഴിയുന്നതല്ല. അപ്രകാരം ചെയ്താൽ നിങ്ങൾ ചിന്തിക്കുന്നതിനേക്കാൾ കൂടുതൽ നാശമായിരിക്കും ഫലം – നിങ്ങളാരാണെന്ന് ആർക്കുമറിയായ്കയാൽ നിങ്ങളെ സഹായിക്കാനും ആരാലുമാവില്ല)
- ബലഹീനതകളിൽ മാറ്റമുണ്ടാക്കണമെന്നുള്ള പ്രാർത്ഥന എത്ര ഉത്സാഹപൂർണ്ണമാണ്?

## വ്യക്തിത്വവും സ്വഭാവവും

നമ്മുടെ അടിസ്ഥാനവ്യക്തിത്വം പൂർണ്ണമായും വിട്ടുമാറുകയില്ല – നമുക്കിഷ്ടപ്പെട്ടാലും ഇല്ലെങ്കിലും. ശിഷ്യനായതിനു ശേഷവും നിങ്ങൾ എന്ന വ്യക്തി നിങ്ങൾ തന്നെയാണ്. നിങ്ങളുടെ വ്യക്തിത്വത്തിലെ ചില അടിസ്ഥാനസവിശേഷതകൾ ഒരിക്കലും മാറുകയില്ല – മാറേണ്ടതുമില്ല. സഭയിലെ നനാത്വത്തിലെ ഏകത്വത്തിന്റെ ഒരു സൗകുമാര്യമിതാണ്. ശാരീരികമായോ, വൈകാരികമായോ, ബുദ്ധിപരമായോ, കുടുംബപശ്ചാത്തലപരമായോ ഒക്കെ നമ്മുടേതിൽ നിന്നും പാടേവ്യത്യസ്ഥമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയുമായി താരതമ്യം ചെയ്തിട്ട് അനാവശ്യമായ ഒരു കുറ്റബോധം നമ്മിൽ നിറയ്ക്കേണ്ടതില്ല. പാപം പാപമാണ്, ദൈവകൽപ്പനകൾ കൽപ്പനകൾ തന്നെയാണ്. വ്യക്തിത്വത്തിലുള്ള വ്യത്യാസങ്ങളോ ജനിതകഘടകങ്ങളോ ഒന്നും പാപത്തിനു ന്യായീകരണമാകുന്നില്ല, കൽപ്പനകൾ അനുസരിക്കുന്നതിൽ വിട്ടുവീഴ്ചയും അനുവദിക്കുന്നില്ല. എന്നിരുന്നാലും നമ്മുടെ വ്യക്തിത്വം നമ്മുടെ സ്വഭാവത്തിൽ നിന്നും വ്യത്ഥമായ ഒന്നാണ്.

നാം ഇടതടവില്ലാതെ പരിശ്രമിക്കുമ്പോൾ ആത്മാവു നമ്മിൽ സ്വഭാവ മഹിമ വളർത്തിയെടുക്കുന്നു. താഴെക്കൊടുത്തിരിക്കുന്ന രണ്ടു വചനങ്ങളും കുറുക്കുവഴികൾ നമുക്കു വാഗ്ദാനം നൽകുന്നില്ല:

എന്റെ സഹോദരന്മാരേ, നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ അതു സകലത്തിലും സന്തോഷം എന്നു കരുതുവിൻ. നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സഹിഷ്ണുത ഉളവാക്കുന്നു എന്ന് അറിയുന്നുവല്ലോ. എന്നാൽ നിങ്ങൾ ഒന്നിലും കുറവില്ലാതെ പക്വതയും പൂർണ്ണതയും ഉള്ളവരാകേണ്ടതിന് നിങ്ങളുടെ സഹിഷ്ണുതയ്ക്ക് പൂർണ്ണഫലം ഉണ്ടാകട്ടെ (യാക്കോബ് 1:2-4).

അതുമാത്രമല്ല, നാം നമ്മുടെ കഷ്ടതകളിലും പ്രശംസിക്കുന്നു; എന്തെന്നാൽ കഷ്ടത സഹിഷ്ണുതയെ ഉളവാക്കുന്നു എന്ന് നാം അറിയുന്നു. സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശ

യെയും ഉളവാക്കുന്നു. പ്രത്യാശ നമ്മെ ലജ്ജിതരാക്കുന്നില്ല; ദൈവത്തിന്റെ സ്നേഹം നമുക്കു നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ (റോമർ 5:3-5).

സ്വഭാവരൂപീകരണം പേശികളുടെ വളർച്ചപോലെ വളരെ പതുക്കെ കാലക്രമേണയായി നടക്കുന്ന ഒരു പ്രക്രിയയാണെന്നു കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞുവല്ലോ. അനുഭവങ്ങൾ കർക്കശസ്വഭാവമുള്ള ഒരു അദ്ധ്യാപകനാണ്, കാരണം അത് ആദ്യം പരീക്ഷനൽകുന്നു അതിനുശേഷം പാഠം പഠിപ്പിക്കുന്നു എന്ന് ആരോ പറഞ്ഞുവച്ചിട്ടുണ്ട്. ശിഷ്യനായതിനുശേഷം തങ്ങൾ പ്രതീക്ഷിച്ചതുപോലെ വേഗത്തിലും ശക്തമായും സ്വഭാവമാറ്റങ്ങൾ ഉണ്ടായില്ലയെന്നു പറഞ്ഞു നിരാശരായി കുറച്ചുമാസങ്ങൾക്കു ശേഷം വിശ്വാസം വിട്ടുപോയ എത്രപേരെ നാം കണ്ടിരിക്കുന്നു? നമുക്കു നാം മതിയായ രീതിയിൽ പരിഗണ കാണിക്കേണ്ടിയിരിക്കുന്നു - അലസതയ്ക്ക് ഇടം നല്കാതെ. എന്നാൽ അതേ സമയം തന്നെ നാം നമ്മെ മുന്നോട്ടു തള്ളിവിടുകയും വേണം - പരിശ്രമശീലത്തോടെ.

ഒരേ സമയംതന്നെ ക്ഷമകാണിക്കുകയും മുന്നോട്ടു തള്ളുകയും ചെയ്യണം!! ആശയക്കുഴപ്പമുണ്ടാക്കുന്ന ആശയങ്ങളാണ് ഇതെന്നു നമുക്കു തോന്നാം. എന്നിരുന്നാൽ പോലും ഈ രണ്ടു പ്രക്രിയകളെയും നാം തുല്ല്യ പ്രാധാന്യത്തോടെ പരിഗണിക്കണം. തീക്ഷ്ണതയുടെ കാര്യത്തിൽ നാം വിട്ടുവീഴ്ച ചെയ്യരുത്. ഇക്കാര്യത്തിൽ പരിപൂർണ്ണമായ തുലനം നിലനിർത്തിയ യേശുവിനെ നാം അനുകരിക്കണം.

## ഇതിലെ രഹസ്യമെന്താണ്?

ഈ മാറ്റങ്ങളെല്ലാം നമ്മുടെ പരിശ്രമത്താൽ ഉണ്ടാകുന്നവയാണെന്ന തോന്നൽ ഉണ്ടാക്കുന്നവയാണ് മുകളിൽ പറഞ്ഞ തത്വങ്ങൾ. അവിശ്വാസികൾക്കു പോലും കഠിനശ്രമത്തിലൂടെ പുകവലി നിറുത്താനും മദ്യപാനം അവസാനിപ്പിക്കാനും കഴിയുന്നുണ്ടല്ലോ? ആവശ്യമായത്രയും കാലം കാത്തിരുന്നു ശ്രമിച്ചാൽ എന്തും നമുക്കു നേടാൻ കഴിയുമല്ലോ? എന്നാൽ നിൽക്കൂ, അങ്ങിനെയല്ല!

വീഞ്ഞു പാകമാകുന്നതുപോലെ, കാലക്രമേണ സാദ്ധ്യമാകുന്ന മാറ്റങ്ങളല്ല ആത്മാവിനാൽ സാദ്ധ്യമാകുന്നത്. ആത്മാവിന്റെ സഹായമില്ലാതെ മാറാൻ ശ്രമിക്കുന്നത് എത്ര സമയമെടുത്തിട്ടായാലും വ്യഥാവിലുള്ള അദ്ധ്വാനമാണ്. സ്ഥായിയായ ഒരു മാറ്റവും കാലക്രമേണ നമ്മിൽ നിർമ്മിതമാകുന്നില്ല. സ്ഥായിയായമാറ്റം നമ്മിലുണ്ടാകുന്നത് ക്രിസ്തുവിന്റെ ആത്മാവിന്റെ പ്രവർത്തിയോടു നമ്മൾ പരിപൂർണ്ണമായി കീഴടങ്ങുമ്പോഴാണ് - ഇക്കാര്യം വചനം അവ്യക്തതകളൊന്നുമില്ലാത്ത രീതിയിൽ വിശദമാക്കുന്നു.

സ്വന്തം പരിശ്രമത്താൽ മാത്രം സ്ഥായിയായ മാറ്റങ്ങൾ നിങ്ങളിലുണ്ടാക്കാൻ കഴിയുമെന്നു ആർക്കെങ്കിലും ഇപ്പോഴും തോന്നുന്നുണ്ടെങ്കിൽ നിങ്ങൾക്കു ശുഭഭാഗ്യമുണ്ടാകട്ടെയെന്നു മാത്രം ഞാൻ ആശംസിക്കുന്നു.

ഉള്ളിൽ നിന്നുമുണ്ടായി പുറത്തേക്കു വ്യാപരിക്കുന്ന മാറ്റമാണ് ആത്മാവിനാൽ നമ്മിൽ സൃഷ്ടിക്കപ്പെടുന്നത്. നിങ്ങളുടെ വളർച്ച നിങ്ങളിൽ തന്നെ തട്ടി ഗതിമുട്ടി നിൽക്കുന്നില്ല. നിങ്ങളിൽ നടക്കുന്ന സ്ഥായിയായ സ്വഭാവരൂപീകരണം ദൈവത്മാവ് നിങ്ങൾക്കു വെളിവാക്കിത്തരുന്നതു നിങ്ങൾക്കു തന്നെ കാണാൻ കഴിയും.

### ശോധനചെയ്യുവാൻ:

1. എന്റെ ജീവിതത്തിൽ മാറ്റം വരുത്താൻ ശ്രമിച്ചിട്ടും സാധിക്കാതെ നിരാശബാധിക്കുന്ന ഏതെങ്കിലും മേഘലയുണ്ടോ?
2. മാറ്റത്തിന്റെ ഒരു നിഴലാട്ടം മാത്രമാണോ എന്നിലുള്ളത്? അതോ ദൈവാത്മാവാൽ ഉള്ളിൽ നിന്നുമുണ്ടാകുന്ന സ്ഥായിയായ മാറ്റമാണോ എനിക്കുണ്ടാകുന്നത്?
3. ഗലാത്യർ അഞ്ചാം അദ്ധ്യായത്തിൽ വിവരിക്കുന്ന പരിശുദ്ധാത്മാവിന്റെ ദാനങ്ങളിൽ ഏതൊക്കെയാണ് എന്നിൽ വ്യക്തമായുള്ളത്? ഏതൊക്കെയാണ് ബലഹീനമായിരിക്കുന്നത്?
4. ആറുമാസം മുമ്പുള്ള ഞാനും ഇപ്പോഴുള്ള ഞാനും തമ്മിലുള്ള വ്യത്യാസമെന്താണ്? എന്തൊക്കെ വളർച്ചയാണ് എന്നിൽ പ്രകടമായിട്ടുള്ളത്?
5. കൂടുതലായി ക്രിസ്തുവിന് അനുരൂപമാകപ്പെട്ടു രൂപാന്തരപ്പെടുവാനായി എന്തും ചെയ്യാൻ ഞാൻ ഒരുക്കമാണോ?

## വരങ്ങളും കൃപയും നായകത്വവും

അകത്തുനിന്നു പുറത്തേക്കു പരക്കുന്ന ഒരു ജീവിതമാറ്റം നമ്മിലുണ്ടാകാൻ വേണ്ടിയാണ് ദൈവം നമുക്കു പരിശുദ്ധാത്മാവിനെ നൽകിയത് എന്നു നാം കണ്ടു. എന്നാൽ ആത്മാവു നമ്മിൽ പ്രവർത്തിക്കുന്ന രീതികളെക്കുറിച്ചുള്ള ചർച്ച ഇതുകൊണ്ടു തീരുന്നില്ല. ദൈവത്തിന്റെ വരങ്ങളെക്കുറിച്ചും കൃപയെക്കുറിച്ചും നായകത്വത്തെക്കുറിച്ചും ധാരാളം സംസാരിക്കാനുണ്ട്.

ഈ വിഷയങ്ങൾ പൊതുവേ ആവശ്യത്തിനു പഠിപ്പിക്കുന്ന വിഷയങ്ങളല്ല. വരങ്ങളെക്കുറിച്ചു കൂടുതൻ ഊന്നൽ നൽകിയാൽ നാം പെന്തക്കോസ്തു സാദൃശത്തിലേക്കു പോകുമോ എന്നൊരു ആശങ്ക ഇല്ലാതെയില്ല. കൃപയെക്കുറിച്ചു കൂടുതൽ ഊന്നൽ നൽകിയാൽ സഭാമക്കൾ അവരുടെ ദൗത്യത്തിൽ മന്ദീഭവിച്ചു പോകുമോ എന്നൊരു ആശങ്കയും ഇല്ലാതില്ല. ഈവക കാരണങ്ങളാൽത്തന്നെ, പരിശുദ്ധാത്മാവിലുള്ള നയിക്കലിനെക്കുറിച്ചും പഠിപ്പിക്കാൻ മുതിരുന്നില്ല – വചനം അതു പഠിപ്പിക്കുന്നുവേങ്കിലും.

ദൈവത്തിന്റെ വരങ്ങളും കൃപയും നായകത്വവും നമ്മുടെ ജീവിതത്തിലേക്കു കൊണ്ടുവരുന്ന അളവറ്റ അനുഗ്രഹങ്ങളെക്കുറിച്ചു പഠിക്കാൻ രണ്ടാമത്തെ ഈ ഭാഗം നമുക്കുപയോഗിക്കാം. നമ്മിലൂടെ സഭയിലും, സഭയിലൂടെ ലോകത്തിലുടനീളവും.

**അദ്ധ്യായം 7**

# ഉപകരണങ്ങളടങ്ങിയ പെട്ടി തുറക്കാം

## ആത്മാവിന്റെ വരങ്ങൾ

ജന്മദിനത്തിലോ മറ്റു വിശേഷ ദിവസങ്ങളിലോ ഒക്കെ ഒരു സമ്മാനം കിട്ടുന്നത് നമുക്കോരോരുത്തർക്കും ഇഷ്ടമുള്ള കാര്യമാണ്. എന്റെ സഹപ്രവർത്തകരുടെ കാര്യത്തിലാണെങ്കിൽ ജോലികൾ എളുപ്പം ചെയ്തുതീർക്കാൻ സഹായകരമായ സമ്മാനങ്ങളാണ് അവർക്കേറ്റവും പ്രിയപ്പെട്ടവ - വീട്ടിലും ജോലിസ്ഥലത്തും പ്രയോജനപ്പെടുന്ന ഉപകരണങ്ങൾ, വൈദ്യുതി ഉപകരണങ്ങൾ, ഡയറികൾ എന്നിങ്ങനെ. ഇത്തരത്തിൽ ലഭിച്ച സമ്മാനങ്ങളിൽ എനിക്കേറ്റവും പ്രിയപ്പെട്ടത് ഒരു കത്തിയാണ് (പേടിക്കേണ്ട, ഇതൊരു മാരകായുധമല്ല!) എന്റെ സുഹൃത്ത് മൈക്ക് ടാലിവർ എനിക്കു നൽകിയ സ്വിസ്സ് സൈന്യത്തിന്റെ ഒരു കത്തിയാണത്. അതുകൊണ്ടു കുപ്പിതുറക്കാം, മീൻ ചിതമ്പൽകളയാം, ചെറിയ സുഷിരങ്ങൾ ഇടാം, കോർക്കുമാറ്റാം, അക്ഷരങ്ങൾ വലുതാക്കികാണാം, അറക്കാം, മുറിക്കാം, ചെത്താം, എഴുതാം, സ്ക്രൂ മുറുക്കാം, ഉരക്കാം, അളവെടുക്കാം അങ്ങനെ മറ്റനേകം കാര്യങ്ങൾ ചെയ്യാനായി ഉപയുക്തമാക്കിയ ഒരു കത്തിയാണത്, അവസരമേതായാലും ആ ഉപകരണം കൊണ്ട് ഒരു പ്രയോജനമുണ്ടാകും - അതിനാൽ ഞാൻ യാത്രചെയ്യുന്നിടത്തൊക്കെ അന്നുമുതൽ എന്റെ കൂടെയുണ്ടാകുമത്. എത്ര നല്ല ഒരു സമ്മാനം!

### കൂട്ടായ പ്രവർത്തനം

ഒരു സ്വിസ്സ് സൈനീക കത്തിയേക്കാൾ എത്രയോ അധികം മഹത്തായ ഒരു കാര്യമാണ് ദൈവം ശിഷ്യന്മാർക്കായി നൽകിയിരിക്കുന്നത്? അവൻ നല്കുന്ന ആത്മീയവരങ്ങൾ സഭയിലുടനീളം പടർന്നിരിക്കുന്നു. ചിലർ എഴുതും, ചിലർ വൃത്തിയാക്കും, ചിലർ മൂർച്ചകൂട്ടും. ചിലരാണെങ്കിൽ പലരീതികളിൽ അനുഗ്രഹീതരുമാണ്. എന്തെങ്കിലുമൊരു കഴിവ് എല്ലാവർക്കുമുണ്ട്. ഈ വരങ്ങളെല്ലാം സഭയിലുടനീളമായി ചൊരിഞ്ഞിരിക്കുന്നു എന്നതാണ് ഇതിന്റെ സവിശേഷത - സ്വിസ്സ് കത്തിപോലെ എല്ലാം ഒന്നിൽ അല്ലെങ്കിൽ ഒരാളിൽ കുടികൊള്ളുന്നില്ല. ഇത്തരമൊരു സവിശേഷതയാണ് സഭയെ ഒരു കൂട്ടായ പ്രവർത്തനമേഘലയാക്കുന്നത് - ജോൺ ഡോൺ പറഞ്ഞതുപോലെ ഒരു മനുഷ്യനും ഒരു ദ്വീപല്ല.

> എനിക്കു ലഭിച്ചിരിക്കുന്ന കൃപയാൽ ഞാൻ നിങ്ങളിൽ ഓരോരുത്തരോടും പറയുന്നു: നിങ്ങൾ നിങ്ങളെക്കുറിച്ചുതന്നേ വേണ്ടതിലധികം ഭാവിക്കരുത്. ദൈവം നൽകിയ വിശ്വാസത്തിന്റെ അളവനുസരിച്ചു നിങ്ങളെത്തന്നെ സമചിത്തതയോടെ വിലയിരുത്തുവിൻ. നമ്മിൽ ഓരോരുത്തർക്കും ഒരു ശരീരവും അതിൽ പല അവയവങ്ങളുമുണ്ടല്ലോ. ഈ അവയവങ്ങൾക്കെല്ലാം ഒരേ പ്രവൃത്തിയല്ല ഉള്ളത്. അതുപോലെ, പലരായനാം ക്രിസ്തുവിൽ ഏകശരീരമത്രേ, ഓരോരുത്തരും മറ്റെല്ലാവരുടെയും വകയുമാണ്. നമുക്കുലഭിച്ച കൃപയനുസരിച്ചു വിഭിന്ന വരങ്ങളാണു നമുക്കുള്ളത്. ഒരുവന്റെ വരം പ്രവചനമാണെങ്കിൽ അവൻ അതു തന്റെ വിശ്വാസത്തിന്റെ അളനുസരിച്ചു വിനിയോഗിക്കട്ടെ. (റോമർ 12:3-6)

സഭയിലൂടെ പ്രവർത്തിക്കുന്ന ദൈവം വിവിധവരങ്ങൾ നൽകി അവളെ പ്രവർത്തന സജ്ജയാക്കുന്നു. സഭയ്ക്കുമുന്നിലുള്ള പലവിധമായ ആവശ്യങ്ങൾ മുന്നിൽ കണ്ടാണ് ഈ വരങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. മനുഷ്യന്റെ കൈകൾക്ക് പലകാര്യങ്ങൾ ചെയ്യാൻ കഴിവുനൽകിയിരിക്കുന്നതുപോലെ ചിലർക്ക് പലകഴിവുകളും ദൈവം നൽകിയിരിക്കുന്നു. നിങ്ങൾക്കു നൽകപ്പെട്ട വരങ്ങൾ എന്തൊക്കെയാണെന്നാണു നിങ്ങൾ കരുതുന്നത്? സഭയിലെ ഓരോരുത്തരും അവരവരുടെ ആയുധങ്ങൾ ഒത്തൊരുമയോടെ ഉപയോഗിക്കുമ്പോൾ പിതാവുനമ്മെ ഭരമേൽപ്പിച്ച ദൗത്യം നിറവേറപ്പെടും (യോഹ 17:4).

### ഒരുനിമിഷം!

ആത്മാവിന്റെ വരദാനങ്ങൾ എനിക്കോ? അതൊക്കെ ആദിമസഭയിലുള്ള ശിഷ്യന്മാർക്കുമാത്രമുള്ളതാണെന്നാണു ഞാൻ വിചാരിച്ചത്! എല്ലാ വരങ്ങളും നിലച്ചുപോകുമെന്നു വചനം സംസാരിക്കുന്നില്ല. ചില പ്രത്യേക വരങ്ങളാണു നിലച്ചു പോകുന്നത് - അപ്പസ്തോലരാകാനുള്ളവരം, അന്യഭാഷാവരം മുതലായവ.(1) ഈ നവയുഗത്തിലെ തെറ്റായ പഠിപ്പിക്കലുകളുടെ സ്വാധീനത്തിൽ പെട്ട് നിലവിലുള്ള വരങ്ങളെ അവഗണിക്കാനാവില്ല. മറ്റുള്ളവർ ആത്മവരങ്ങളെ ദുഷിക്കുന്നുവെന്നു

വച്ച് നാം ശരിയായ വരങ്ങൾ വേണ്ടവിധം ഉപയോഗിക്കുന്നതിൽ നിന്നും പൂർണ്ണമായും അകന്നു നിൽക്കേണ്ടതില്ല.

തെളിവിനായി, ആത്മവരങ്ങളുടെ പട്ടിക നമുക്കു ശ്രദ്ധയോടെ പരിശോധിക്കാം. ആത്മാവിന്റെ വരങ്ങളെപ്പറ്റി സംസാരിക്കുന്ന അഞ്ചുവേദഭാഗങ്ങൾ പുതിയനിയമത്തിലുണ്ട് – റോമർ 12:6–8, 1 കൊരിന്ത്യർ 12:28, 1 പത്രോസ് 4:10–11, 1 കൊരിന്ത്യർ 12:8–10, എഫേസ്യർ 4:11 ഇവയാണവ. ഇതിലെല്ലാം കൂടി ഇരുപതോളം വരങ്ങളെക്കുറിച്ചു സംസാരിക്കുന്നുണ്ട്. ആത്മാവിന്റെ വരങ്ങളെക്കുറിച്ചു പരാമർശിക്കുന്ന പഴയനിയമത്തിലെ വചനങ്ങൾ ഇതിനേക്കൂടാതെ വേറെയുമുണ്ട് (പുറപ്പാട് 31:3–5).

## ആത്മീയ വരങ്ങളും അത്ഭുത വരങ്ങളും

എന്നാൽ എല്ലാ ആത്മീയ വരങ്ങളും അത്ഭുത വരങ്ങളല്ലേയെന്നു ചിലപ്പോൾ ചോദിച്ചേക്കാം. അങ്ങിനെയല്ല. അത്ഭുത വരങ്ങൾ എന്ന ഒരു പ്രയോഗം വചനത്തിലില്ല. ആധുനികകാലത്തെ ഒരു പ്രയോഗമാണത്. ദൈവം നമ്മുടെയിടയിൽ സജീവമാണെന്നും, ഇടതടവില്ലാതെ നമുക്കുവേണ്ടി പ്രയത്നിക്കുന്നുവെന്നും നമുക്കറിയാം, എന്നാൽ ദൈവത്തിന്റെ ഈ വ്യാപാരങ്ങളെ നാം അത്ഭുതകരമെന്നു വിശേഷിപ്പിക്കാറില്ല. അസാധാരണമായി ദൈവം എന്തെങ്കിലും ചെയ്യുന്നതിനെയാണ് നാം അത്ഭുതമെന്നു കരുതുന്നത്. ഉദാഹരണത്തിന്: ഒരാൾക്ക് പുതിയ ഒരു ഭാഷ വേഗത്തിൽ പഠിച്ചെടുക്കാനുള്ള കഴിവു ദൈവം നൽകിയാൽ അതിനെ ഒരു അനുഗ്രഹമായിട്ടാണു നാം പരിഗണിക്കുന്നത്, അത്ഭുതമായിട്ടല്ല. എന്നാൽ താൻ കേട്ടിട്ടുപോലുമില്ലാത്ത ഒരു ഭാഷ പെട്ടന്നൊരു സമയം സംസാരിക്കാൻ അയാൾക്കു കഴിഞ്ഞാൽ അത് ഒരു അത്ഭുതമായിട്ടു നമുക്കു പരിഗണിക്കാൻ കഴിയും. പുതിയ നിയമപുസ്തകത്തിൽ വിവരിക്കുന്ന ചില അത്ഭുതങ്ങൾ തീർച്ചയായും അത്ഭുതവരങ്ങൾ തന്നെയാണ്. രോഗസൗഖ്യം, പ്രവചനം, അന്യഭാഷാവരം മുതലായവ അവയിൽ ചിലതാണ്. എന്നാൽ മറ്റുള്ളവയാകട്ടെ ഒട്ടും തന്നെ അത്ഭുതകരമായതല്ല എന്നും നമുക്കു മനസ്സിലാക്കാൻ കഴിയും – സാമ്പത്തികമായി സഹായിക്കുന്നതും, കരുണകാണിക്കുന്നതും, ശുശ്രൂഷിക്കുന്നതുമെല്ലാം അവയിൽപ്പെടുന്നു. ആത്മീയ വരങ്ങളും അത്ഭുതവരങ്ങളും തമ്മിൽ കൂട്ടിക്കുഴക്കുന്നത് കൂടുതൽ ആശയക്കുഴപ്പത്തിനിടയാകും.

വരം എന്നതിന്റെ ഗ്രീക്കുവാക്ക് കരിസ്മ എന്നതാണ്, അതിന് അത്ഭുതവുമായി ബന്ധമൊന്നുമില്ല. പൗലോസ് തന്റെ ബ്രഹ്മചര്യത്തെക്കുറിച്ചു സംസാരിക്കുന്നതിന് കരിസ്മ എന്ന വാക്കാണ് ഉപയോഗിക്കുന്നത് (1 കൊരിന്ത്യർ 7:7). നിത്യജീവനെക്കുറുച്ചു റോമാക്കാർക്കുള്ള ലേഖനത്തിൽ വിവരിക്കുന്നതും ഈ വാക്കുകൊണ്ടാണ് (റോമർ 6:23). അത്ഭുതവരങ്ങളായി കണക്കാക്കാൻ കഴിയാത്ത ഒരു പറ്റം വരങ്ങളെക്കുറിച്ചു റോമാക്കാരുടെ പന്ത്രണ്ടാം അദ്ധ്യായത്തിൽ സംസാരിക്കുന്നതിനും കരിസ്മ എന്നവാക്കാണുപയോഗിക്കുന്നത്. പ്രോത്സാഹനവും, ആവശ്യങ്ങൾ നിറവേറ്റലും, സായകത്വവുമെല്ലാം അത്ഭുതവരങ്ങളല്ലല്ലോ? ഇതെല്ലാം കൂടിനോക്കുമ്പോൾ ആത്മീയവരങ്ങളിൽ അത്ഭുതവരങ്ങളും അത്ഭുതകരമല്ലാത്ത വരങ്ങളും ഉണ്ടെന്നു നമുക്കു വ്യക്തമാകും. ഈ ആശയങ്ങളിൽ ഒരു വ്യക്തതയുണ്ടായാലേ ഈ വിഷയത്തിൽ കൂടുതൽ പഠനങ്ങളിലേക്കു നമുക്കു കടക്കുവാൻ കഴിയൂ.

1 കൊരിന്ത്യർ 12:8–10 വാക്യങ്ങളിൽ പറയുന്ന വരങ്ങൾ അത്ഭുതവരങ്ങളാണ്, എന്നാൽ 1 കൊരിന്ത്യർ 12:48ൽ പറയുന്നവ അത്ഭുതവരങ്ങളിൽപ്പെടാത്തവയുമാണ്. റോമർ 12:6–8 വാക്യങ്ങളിലാവട്ടെ പ്രവചനവരമൊഴികെ മറ്റുള്ളതെല്ലാം അത്ഭുതകരമല്ലാത്ത വരങ്ങളാണ്. എഫേസ്യർ 4:11 ലെ വരങ്ങളെല്ലാം പഠിപ്പിക്കുന്നതിനുപയുക്തമായ വരങ്ങളാകയാൽ വ്യത്യസ്ഥമായ ഒന്നാണ്. എന്നാൽ എല്ലാക്രിസ്ത്യാനികൾക്കും വേണ്ടി എഴുതിയിട്ടുള്ളതാണ് 1 പത്രോസ് 4:10 – വിവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകരായി ഓരോരുത്തരും അവരവർക്കു ലഭിച്ചിട്ടുള്ള വരം മറ്റുള്ളവരുടെ ശുശ്രൂഷയ്ക്കായി വിനിയോഗിക്കുവിൻ.

എല്ലാ ക്രിസ്ത്യാനിക്കും ഒന്നോ അതിലധികമോ വരങ്ങൾ നല്കപ്പെട്ടിരിക്കുന്നു എന്നത് ഈ വാക്യങ്ങളിലൂടെ മനസ്സിലാക്കാൻ കഴിയും (റോമർ 12:6, 1 കൊരിന്ത്യർ 1:7, എഫേസ്യർ 4:7, 1 പത്രോസ് 4:10). ആദ്യനൂറ്റാണ്ടിലെ സഭയിലെ എല്ലാ ശിഷ്യന്മാർക്കും അത്ഭുതവരങ്ങൾ ഉണ്ടായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നില്ല, അതേസമയം തന്നെ ആദ്യനൂറ്റാണ്ടുമുതൽ ഇന്നുവരെയുള്ള എല്ലാ ശിഷ്യന്മാർക്കും ഏതെങ്കിലും ആത്മീയ വരങ്ങൾ നൽകപ്പെട്ടിട്ടുണ്ടെന്നുള്ള കാര്യത്തിൽ എനിക്കുറച്ച വിശ്വാസവുമുണ്ട്. നമ്മുടെ തന്നെ ചെറിയ സഭയിലേക്കു നോക്കുമ്പോൾ ചിലകാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കാൻ കഴിയും – ചിലദൗത്യങ്ങൾ നിറവേറ്റാൻ ചിലർക്ക് പ്രത്യേകമായ കഴിവുകളുണ്ട്, മറ്റുള്ളവരേക്കാൾ വ്യത്യസ്ഥമായതായി. നമുക്കോരോരുത്തർക്കും വ്യത്യസ്ഥങ്ങളായിട്ടുള്ള ഗുണങ്ങളും കഴിവുകളുമുണ്ട് – അതിന്റെ മഹത്വം നാം ദൈവത്തിനു നൽകിയാലും ഇല്ലെങ്കിലും. എല്ലാ ശിഷ്യന്മാർക്കും ഒരു കരിസ്മയെങ്കിലും നൽകപ്പെട്ടിട്ടുണ്ട്. ജോൺ സ്കോട്ട് പറഞ്ഞതുപോലെ: ദൈവത്തിന്റെ പ്രവർത്തനമേഘല പ്രധാനമായും സാധാരണപ്രകൃതിയാണ് പ്രകൃത്യാതീതമായ കാര്യങ്ങളല്ല. ചരിത്രത്തിലൂടെയാണ് അവൻ പ്രവർത്തിക്കുന്നത് അത്ഭുതങ്ങളിലൂടെയല്ല.[(2)]

നാം കഴിക്കുന്ന ഭക്ഷണത്തിനു ദൈവത്തോടു നന്ദിപറയാറുണ്ട്. (ഓരോ തവണ ഭക്ഷണം കഴിക്കുമ്പോഴും പുതിയനിയമത്തിൽ ദൈവത്തിനു നന്ദി പറയുന്നതു നാം കാണുന്നുണ്ട്). ദൈവമാണു ദാദാവ്, അതിനാൽ അവനു നന്ദിപറയുന്നത് ഉചിതവുമാണ്. എന്നാൽ ഈ അന്നം ദൈവം അത്ഭുതകരമായി പാചകംചെയ്തു നമ്മുടെ മുന്നിലെത്തിച്ചതാണെന്നു നാം പറയാറില്ല - യേശു നേരിട്ടുവന്നു ഭക്ഷണം പാകം ചെയ്തു നൽകിയ ചരിത്രമുണ്ടെങ്കിലും (യോഹന്നാൻ 21:9)!

## എല്ലാ ദാനങ്ങളും ദൈവത്തിൽനിന്നുമാണ്

ഒരാൾക്കുള്ള കഴിവുകളെക്കുറിച്ചു നാം സംസാരിക്കുമ്പോൾ, ആ ദാനങ്ങൾ ദൈവമാണ് അയാളിൽ നിക്ഷിപ്തമാക്കിയത് എന്നു നമ്മൾ അംഗീകരിക്കുന്നുണ്ട്. യാക്കോബ് പറയുന്നതുപോലെ:

> എന്റെ പ്രിയ സഹോദരന്മാരേ, വഴിതെറ്റിപ്പോകരുത്. എല്ലാ നല്ല ദാനങ്ങളും പൂർണ്ണവരങ്ങളൊക്കെയും ഉയരത്തിൽനിന്ന്, വെളിച്ചങ്ങളുടെ പിതാവിൽനിന്ന് ഇറങ്ങി വരുന്നു. അവനിൽ മാറ്റമോ മാറ്റത്തിന്റെ നിഴലോ ഇല്ല. (യാക്കോബ് 1:16-17)

ക്രൈസ്തവരെന്നോ അക്രൈസ്തവരെന്നോ വേർതിരിവില്ലാതെ ദൈവം എല്ലാവർക്കും തന്റെ ദാനങ്ങൾ നൽകുന്നു (മത്തായി 5:45). ദൈവം തന്റെ ദാനങ്ങൾ ഉദാരതയോടെ നമുക്കു നൽകിയതിനാൽ ആ ഉദാരത മറ്റുള്ളവരുടെയടുത്തു നമുക്കും പ്രകടിപ്പിക്കാം. ദാനമായി ലഭിച്ചതു ദാനമായിത്തന്നെ നൽകാം (മത്തായി 10:8).

## വരങ്ങൾ നമുക്കു ലഭിക്കുന്നതെപ്പോളാണ്?

സ്നാന സമയത്താണോ ദൈവം നമുക്കു വരങ്ങൾ നൽകുന്നത്? ശരിയായ ഒരു ബന്ധം ദൈവവുമായുണ്ടാകുന്നതിനു മുമ്പ് ദൈവം അത്തരക്കാർക്കു വരങ്ങൾ നൽകുന്നുണ്ടോ? നാം ക്രിസ്തുവിനെ അനുഗമിക്കുന്നതിനുമുമ്പുതന്നെ ദൈവത്തിന്റെ ദാനങ്ങൾ നമുക്കു സ്വീകരിക്കുവാൻ കഴിയുന്നുവെന്നാണ് ഞാൻ വിശ്വസിക്കുന്നത്. നമ്മുടെ മാനസാന്തരത്തിനു ശേഷം ദൈവം ആ ദാനങ്ങളെ കൂടുതൽ അവനനുരൂപമായി മെനഞ്ഞു നമ്മിൽ ശക്തിപ്പെടുത്തുന്നു. ആർ ഡബ്ളിയു സ്റ്റോട്ട് പറയുന്നതു നോക്കുക:

> ക്രിസ്തുവിലാകുന്നതിനുമുമ്പ് പഠിപ്പിക്കാനുള്ള കഴിവില്ലാതിരുന്ന ഒരാൾക്ക് പഠിപ്പിക്കാനുള്ള വരങ്ങൾ നൽകാനോ, അല്ലെങ്കിൽ മറ്റുള്ളവരോടു സൗഹൃദബന്ധമോ അനുകമ്പയോ ഇല്ലാത്ത ഒരു സ്വഭാവത്തിന്റെ ഉടമയ്ക്ക് പ്രോത്സാഹത്തിന്റെ വരങ്ങൾ നൽകാനോ ദൈവത്തിനു കഴിയില്ലെന്നുണ്ടോ? ദൈവത്തിനാൽ എല്ലാം സാദ്ധ്യമാണ്. എന്നാൽ താളലയങ്ങളുടെയും അടുക്കും ചിട്ടയുടെയുമായ ബൈബിളിലെ നമ്മുടെ ദൈവം ശ്രുതിഭംഗത്തെയും ചിട്ടയില്ലായ്മയെയും പ്രോത്സാഹിപ്പിക്കുന്നില്ല. ഒരാളുടെ സ്വാഭാവിക കഴിവുകളെ ദൈവം കൂടുതൽ തനിക്കനുയോജ്യമാക്കി മാറ്റുന്നു. പ്രോത്സാഹനത്തിന്റെ പുത്രൻ എന്നറിയപ്പെട്ടിരുന്ന ബർണ്ണബാസ് (അപ്പ 4:36) കയ്യയച്ചു സഹായിക്കുന്നതിനും (അപ്പ 4:37) വ്യക്തിപരമായ സൗഹൃദങ്ങളിലൂടെ മറ്റുള്ളവരിൽ ദൈവീക സ്വാധീനം ചെലുത്തുന്നതിനും (അപ്പ 9:26–27, 11:25–26) കഴിവുള്ളയാളായിരുന്നു. അദ്ദേഹം സ്വാഭാവികമായും ഇതുപോലത്തെ വ്യക്തിത്വമുള്ള ഒരു വ്യക്തി തന്നെ ആയിരുന്നിരിക്കണം. പഠിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനുമുള്ള (ഫിലിപ്പിയർ 2:1) ദാനങ്ങളെ സംബന്ധിച്ച്, ഇങ്ങനെ സ്വാഭാവികമായുണ്ടായതിനെ ക്രിസ്തുവിലായതിനുശേഷം കൂടുതൽ ദൈവീകമാക്കി മാറ്റിയതാണെന്നു നമുക്കു മനസ്സിലാക്കാൻ കഴിയും.(3)

ശിഷ്യനായ സമയത്തു ലഭിച്ച ഒരു ദാനമല്ലാത്തതിനാൽ ഒരു വരം ദൈവീകദാനമല്ലെന്നു പറയാൻ കഴിയില്ല. പൗലോസിന്റെ ജനനത്തിനു മുമ്പാകെ തന്നെ ദൈവം തന്റെ ജോലിക്കായി അവനെ ഒരുക്കി (ഗലാത്യർ 1:15–16), യിരമ്യാവിനെപ്പോലെ (യിരമ്യ 1:5). നമ്മിൽ മറഞ്ഞിരിക്കുന്ന കഴിവുകൾ ഒരു അവസരം ലഭിക്കുമ്പോൾ മറനീക്കി പുറത്തു വരാറുണ്ട്. അത്ഭുതവരമല്ലാത്ത ഒരു വരം ദൈവത്തിൽ നിന്നുള്ളതല്ല എന്നു സമർത്ഥിക്കാൻ ആർക്കും കഴിയില്ല.

1 കൊരിന്ത്യർ 12:12–26 ൽ പറയുന്ന വരങ്ങളെ ശരിയായ വിധത്തിൽ വിലയിരുത്താൻ ഈ കാഴ്ചപ്പാടിനാൽ നമുക്കു കഴിയുന്നു. ഓരോ അംഗങ്ങൾക്കും ഓരോ വരമുണ്ട് അല്ലെങ്കിൽ ഉത്തരവാദിത്തമുണ്ട്. വിശ്വാസം പങ്കുവയ്ക്കുന്നതു (ഇവാഞ്ചലിസം) പോലെയുള്ള കാര്യങ്ങൾ ചിലർക്കുള്ള പ്രത്യേക വരദാനമാണെന്ന് ഇതിനർത്ഥമില്ല. സുവിശേഷകരെ ദൈവം സഭയ്ക്കൊരു ദാനമായി നൽകിയെന്നു എഫേസ്യർ 4:11ൽ പറയുന്നു. എല്ലാവരും സുവിശേഷകരല്ല (ഇവാഞ്ചലിസ്റ്റ്), എന്നാൽ എല്ലാവരും സുവിശേഷം പങ്കുവയ്ക്കേണ്ടവരാണ്. എനിക്കതിനുള്ള വരമില്ല എന്ന ഒരു മുടന്തൻ ന്യായമുപയോഗിച്ച് ദൈവകൽപ്പകളെ അനുസരിക്കാതിരിക്കാതിരിക്കുന്നത് അനുവദനീയമല്ല. അതു പാപമാണ്.

### ഒരു അപവാദം

മുകളിൽ പറഞ്ഞ തത്വത്തിന് അപവാദമായ ഒരു സാഹചര്യമുണ്ട്. ആദ്യനൂറ്റാണ്ടിൽ ചിലരിൽ ആത്മാവിനെ ചൊരിഞ്ഞതിലൂടെ അത്ഭുതകരമായ വരദാനങ്ങൾ അവർക്കു ലഭിച്ചതു നമുക്കു കാണാൻ സാധിക്കും – അതിൽ ഭൂരിഭാഗം പേർക്കും അപ്പസ്തോലന്മാരുടെ കൈവയ്പ്പു വഴിയാണ് ഈ ദാനങ്ങൾ ലഭിച്ചത്.[(4)] ഇത്തരത്തിലുള്ള സാഹചര്യങ്ങളിലോരോന്നിലും ചരിത്രപരമായ ഒരു പ്രാധാന്യവും ലക്ഷ്യവും നമുക്കു കാണാൻ കഴിയും. നമ്മുടെ ഈ തലമുറ അന്നത്തെ തലമുറയിൽ നിന്നും വ്യത്യസ്ഥരാണ് – അവർക്കുണ്ടായിരുന്ന പ്രത്യേകസാഹചര്യങ്ങൾ ഇന്നു നിലവിലില്ല. (തുടർന്നു വരുന്ന 16, 17, 18, 20, 26 അദ്ധ്യായങ്ങളിൽ ഇതെക്കുറിച്ചു നമുക്കു വിശദമായി പഠിക്കാം).

## നിങ്ങളിൽ സ്വാഭാവികതയുണ്ടോ?

നിങ്ങൾ നല്ല ഒരു ക്രിക്കറ്റ് കളിക്കാരനാണെന്നു വിചാരിക്കുക. നിങ്ങൾക്കുള്ള കഴിവു എവിടെനിന്നും ലഭിച്ചു എന്നു ചോദിച്ചാൽ അതെന്നിൽ സ്വാഭാവികമായി അല്ലെങ്കിൽ പ്രകൃത്യാ ഉള്ളതാണ്, ദൈവം പ്രത്യേകമായി ഒന്നു ചെയ്തതല്ല എന്നു പറയാൻ കഴിയുമോ? ഞാൻ നേടിയെടുത്ത കഴിവാണ് ഇതെന്നു ഒരാൾ പറയുന്നത് അയാളുടെ അജ്ഞതയിൽ വേരൂന്നിയ അഹങ്കാരം വളർന്നു വലുതായതിനാലാണ്. നിങ്ങൾക്കുള്ള കഴിവുകൾ എവിടെനിന്നും ലഭിച്ചതാണ്? നിങ്ങളുടെ ജനിതകപ്രത്യേകതകൾ തീരുമാനിച്ചതു നിങ്ങൾ തന്നെയാണോ? നിങ്ങളുടെ വളർച്ചയുടെ വിവിധ ദശകൾ നിങ്ങൾതന്നെ രൂപം കൊടുത്തതാണോ? നിങ്ങൾ ജനിച്ച ദേശവും കാലവും നിങ്ങൾക്കു ലഭിച്ച അവസരങ്ങളും നിങ്ങൾ തന്നെ തെരഞ്ഞെടുത്തതാണോ? ചെറുപ്രായത്തിൽ തന്നെ വിശപ്പടക്കാനായി പത്തു പതിനഞ്ചു മണിക്കൂർ പണിയെടുക്കേണ്ടിവരുന്ന ബാല്യക്കാർ നമ്മുടെ ഈ ലോകത്തിലുണ്ട്. നിങ്ങൾക്കു പോഷകാഹാരവും രോഗപ്രതിരോധ കുത്തിവയ്പ്പുകളും മറ്റും സമയാസമയം ലഭ്യമാക്കിയതു നിങ്ങൾതന്നെയാണോ?

മറ്റുള്ളവർ നിങ്ങൾക്കു ലഭ്യമാക്കിത്തന്ന കാര്യങ്ങളിൽ എത്രയെണ്ണത്തെക്കുറിച്ചു നിങ്ങൾ സ്വയം നേടിയതാണെന്ന വിശ്വാസം വച്ചുപുലർത്തുന്നുണ്ട്. നിങ്ങളുടെ ചിന്താധാരയിൽ നിന്നും കർത്താവിനെ നിങ്ങൾ അകറ്റി നിർത്തുന്നുണ്ടോ? സ്വാഭാവിക കഴിവുള്ള ഒരാളെപ്പോലും ദൈവമാണു കരുതുന്നതും പോഷിപ്പിക്കുന്നതും. സച്ചിൻ ഒരു അസാധാരണവ്യക്തിയാണെന്നു നാം പറഞ്ഞാലും സച്ചിന്റെ കളി അതിമാനുഷികമാണെന്നു നമുക്കു പറയാൻ കഴിയില്ല. സച്ചിനിലുള്ള സകല നല്ല കഴിവുകളും ദൈവീകദാനമാണ് – നേരിട്ടായാലും അല്ലെങ്കിലും. നമ്മെ സംബന്ധിച്ചും ഇതുതന്നെയാണു സത്യം. പൗലോസ് പറഞ്ഞതുപോലെ: നിന്നെ മറ്റുള്ളവരിൽനിന്ന് വ്യത്യസ്ഥനാക്കുന്നത് ആര്? ലഭിച്ചതല്ലാതെ നിനക്ക് എന്താണുള്ളത്? ലഭിച്ചതാണെങ്കിൽ ലഭിച്ചതല്ലാത്തതുപോലെ പ്രശംസിക്കുന്നതെന്തിന്?

### ഭാഗഭാക്കാകുക

ദൈവം വിഭാവനം ചെയ്തതുപോലെയുള്ള സഭയാകണമെങ്കിൽ, നാം ഓരോരുത്തരും നമ്മുടെ ദാനങ്ങൾ വിനയപൂർവ്വം സഭയ്ക്കു ലഭ്യമാക്കണം. ദൈവം ആരെയും വെറും കയ്യോടെ വിട്ടിട്ടില്ല, ദൈവരാജ്യത്തിൽ ഏതെങ്കിലുമൊക്കെ വിധത്തിൽ നമ്മെക്കൊണ്ട് ആവശ്യമുണ്ട്. നിങ്ങളുടെ വരങ്ങളുടെ നിർണ്ണയം അതി കഠിനമായ ഒരു കാര്യമല്ല, മിക്കവാറും ദാനങ്ങൾ ദൈവം തന്നെ നിങ്ങൾക്കു വ്യക്തമാക്കി തന്നിട്ടുണ്ട്. ഇക്കാര്യത്തിൽ നിങ്ങളെ സഹായിക്കാൻ സഹവിശ്വാസികൾക്കു കഴിയും, മറഞ്ഞിരിക്കുന്ന വരങ്ങളുടെ കാര്യത്തിലാണെങ്കിൽ പോലും.

ചുരുക്കി പറഞ്ഞാൽ, ആത്മീയ വരങ്ങൾ നമ്മിൽ ഇന്നുമുണ്ട്, പ്രത്യേക ലക്ഷ്യങ്ങൾക്കായി ദൈവം നൽകിയ അത്ഭുത വരദാനങ്ങൾ അവയുടെ ഉദ്ദിഷ്ഠലക്ഷ്യങ്ങൾ നിറവേറ്റിയതിനുശേഷം നിലച്ചുപോയെങ്കിലും. നമുക്കു നമ്മുടെ വരങ്ങളെ നന്നായി ഉപയോഗിച്ചു സഭയെ ശുശ്രൂഷിക്കാം.

## ആത്മവരങ്ങളുടെ ലഘു പട്ടിക

അനേകം ആത്മവരങ്ങളെക്കുറിച്ചു വചനം സംസാരിക്കുന്നുണ്ട്, അവയിൽ ചിലത് കുറേ വരങ്ങളെ പ്രതിനിധീകരിക്കുന്നവയാണ്, ചിലതു മറ്റു വരങ്ങളുമായി ഇടകലർന്നു വരുന്നവയാണ്. അതിനാൽ താഴെക്കൊടുത്തിരിക്കുന്ന പട്ടിക പൂർണ്ണമായ ഒന്നല്ല.

| | |
|---|---|
| കലാപരമായ സൃഷ്ടികൾക്കുള്ള കഴിവ് | പുറപ്പാട് 31:3, 35:31 |
| സംതൃപ്തി | സഭാപ്രസംഗി 3:13, 5:19 |
| പ്രവചനം | റോമർ 12:6 |
| ശുശ്രൂഷ | റോമർ 12:7 |
| അദ്ധ്യാപനം | റോമർ 12:7 |
| പ്രോത്സാഹനം | റോമർ 12:8 |

| | |
|---|---|
| സാമ്പത്തിക ദാനം | റോമർ 12:8 |
| നായകത്വം | റോമർ 12:8 |
| കരുണ | റോമർ 12:8 |
| ബ്രഹ്മചര്യം | 1 കൊരിന്ത്യർ 7:7 |
| ജ്ഞാനത്തിന്റെ വചനം | 1 കൊരിന്ത്യർ 12:8 |
| പരിജ്ഞാനത്തിന്റെ വചനം | 1 കൊരിന്ത്യർ 12:8 |
| വിശ്വാസം | 1 കൊരിന്ത്യർ 12:9 |
| രോഗശാന്തി | 1 കൊരിന്ത്യർ 12:9 |
| അത്ഭുതപ്രവർത്തികൾ | 1 കൊരിന്ത്യർ 12:10 |
| ആത്മാക്കളുടെ വിവേചനം | 1 കൊരിന്ത്യർ 12:10 |
| ഭാഷാവരം | 1 കൊരിന്ത്യർ 12:10 |
| വ്യാഖ്യാനവരം | 1 കൊരിന്ത്യർ 12:10 |
| അപ്പസ്തോലസ്ഥാനം | 1 കൊരിന്ത്യർ 12:28 |
| ഭരിക്കുവാനുള്ള വരം | 1 കൊരിന്ത്യർ 12:28 |
| സുവിശേഷകന്മാരാകാനുള്ള വരം | എഫേസ്യർ 4:11 |
| ഇടയന്മാരാകാനുള്ള വരം | എഫേസ്യർ 4:11 |
| അതിഥി സല്ക്കാരം | 1 പത്രോസ് 4:9 |
| വിവിധങ്ങളായവ | 1 പത്രോസ് 4:10 |

## കരിസ്മാറ്റിക് (ആത്മവരങ്ങൾ നിറഞ്ഞ) സഭ

ഒരു യഥാർത്ഥസഭ ആത്മവരങ്ങളാൽ നിറഞ്ഞ സഭയാണെന്നു നമ്മൾ കണ്ടു. ദൈവത്തിൽ നിന്നുമാണ് നമുക്കുള്ള ദാനങ്ങൾ പുറപ്പെടുന്നതെന്നും, ആ വരങ്ങളെ ലോകത്തെമാറ്റാനുള്ള അവന്റെ ജോലിക്കായി ഉപയോഗിക്കണമെന്നും നാം മനസ്സിലാക്കി. ദൈവരാജ്യത്തിലായിരിക്കുന്ന നാം നമുക്കു ലഭിച്ച വരങ്ങളെക്കുറിച്ച് ഉറക്കെ സംസാരിക്കേണ്ടതുണ്ട്. ശിഷ്യരെന്ന നിലയിൽ നാം കരിസ്മാറ്റിക്കായവരാണ് - ആത്മീയ വരങ്ങൾ ഉള്ളവരാണ്.

സഭയിലെ മക്കളെ തന്റെ വേലയ്ക്കായി ഒരുക്കുന്നതിനുവേണ്ടി ദൈവം നല്കുന്ന വരങ്ങളെ ഉൾക്കൊള്ളാത്ത ഒരു ശാസ്ത്രവും വചനപ്രകാരമുള്ളതല്ല, എന്നുമാത്രമല്ല അത്തരം ചിന്തകളൊന്നും ലോകം മുഴുവൻ സുവിശേഷമെത്തിക്കുന്നതിൽ വിജയിക്കുകയുമില്ല. ഉപകരണങ്ങളടങ്ങിയ ആ പെട്ടി നമുക്കു തുറക്കാം, വേണ്ടവിധത്തിൽ വേലചെയ്യുകയും ആകാം.

ശോധനചെയ്യുവാൻ:

1. ദൈവരാജ്യത്തിനുപയുക്തമായ രീതിയിൽ എനിക്കു നല്കപ്പെട്ടിട്ടുള്ള വരങ്ങൾ ഏതൊക്കെയാണ്?
2. എന്റെ കഴിവുകളെക്കുറിച്ച് സഭാനായകർക്ക് അറിവുണ്ടോ? എനിക്കു കഴിവുള്ള മേഘലകളിൽ സഭയെ ശുശ്രൂഷിക്കാൻ ഞാൻ മുൻകൈ എടുക്കുന്നുണ്ടോ?
3. എന്നിലില്ലാത്ത ആത്മീയവരങ്ങൾ ഉണ്ടെന്നു ഞാൻ നടിക്കുന്നുണ്ടോ?
4. ഞാൻ ഒരു സഹവേലക്കാരനാണോ? എന്നെക്കുറിച്ചു മറ്റുള്ളവർ അപ്രകാരം കരുതുന്നുണ്ടോ? അതോ എന്റെ മാത്രം വ്യവസ്ഥകളിലാണോ ഞാന് ഉത്സാഹിയായിട്ടുള്ളത്?
5. ആത്മവരങ്ങൾ അപഗ്രഥിക്കാനുള്ള പ്രവൃത്തി പരിചയ പത്രത്തിലൂടെ ഒരു അവലോകനം നടത്തുക (അപ്പൻഡിക്സ് 1 നോക്കുക).

കുറിപ്പുകൾ:

1. വരങ്ങളെക്കുറിച്ചു മൂന്നു കാഴ്ചപ്പാടുകളാണ് പൊതുവായുള്ളത്. അവയെല്ലാം നിലച്ചുപോയു - ഒന്നും നിലനിൽക്കുന്നില്ല, ഒന്നും നിലച്ചു പോയിട്ടില്ല - എല്ലാം നിലനിൽക്കുന്നു, ചിലതു നിലനിൽക്കുന്നു - ചിലതു നിലച്ചുപോയി എന്നിങ്ങനെയുള്ള കാഴ്ചപ്പാടുകളാണ് അവ. ആദ്യത്തെകാഴ്ചപ്പാട് കരിസ്മാറ്റിക് കാരല്ലാത്തവരുടേതാണ്, രണ്ടാമത്തേതാകട്ടെ കരിസ്മാറ്റിക് കാരുടെയും. മുന്നാമത്തെ നിലപാടാണ് ശരിയായതെന്നാണ് എന്റെ പക്ഷം, അതിനു തക്കതായ കാര്യകാരണങ്ങൾ ഞാൻ ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്.
2. ജോൺ ആർ ഡബ്ള്യു സ്കോട്ടിന്റെ സ്നാനവും നിറവും എന്ന പുസ്തത്തിൽന്നിന്നും അനുവാദത്തോടെ ചേർത്തിരിക്കുന്നത്.

3. യോവേൽ രണ്ടാം അദ്ധ്യായത്തിൽ പ്രവചിച്ചിട്ടുള്ള ആത്മാവിന്റെ വർഷം അപ്പ 2ലെ പെന്ത ക്കോസ്തു നാളിൽ നിറവേറി. അപ്പസ്തോലന്മാരുടെ കൈവയ്പിനെക്കുറിച്ച് ഇരുപതാം അദ്ധ്യായ ത്തിൽ കൊടുത്തിട്ടുണ്ട്. ഒരു ഉദാഹരണം ഇവിടെ കുറിക്കാം: സ്തെഫാനോസും ഫിലിപ്പോസും. അപ്പ 6:6ൽ അപ്പസ്തോലന്മാർ ഇവർ ഇരുവരുടെയും മേൽ കൈവച്ചു. അപ്പ 6:8ൽ സ്തെഫാനോ സിന് അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതായി നമുക്കുകാണാം, അപ്പ 8:6ൽ ഫിലിപ്പോസും അത്ഭുത ങ്ങൾ പ്രവർത്തിക്കുന്നതുകാണാം. എന്നാൽ അത്ഭുതങ്ങൾ പ്രവർത്തിക്കാനുള്ള വരം മറ്റുള്ള വർക്കു പകർന്നു നൽകാനുള്ള കഴിവ് ഫിലിപ്പോസിനില്ലായിരുന്നുവെന്ന് തെളിവുകളിലൂടെ നമുക്കു മനസ്സിലാക്കാൻ കഴിയും. അപ്പ 8:14ൽ ശമരിയാദേശക്കാരുടെ മേൽ കൈവച്ചത് അവനല്ല, പകരം അപ്പസ്തോലന്മാരെ വിളിച്ചു വരുത്തുകയാണു ചെയ്തത്. അവരുടെ കൈവയ്പിനാൽ അത്ഭുതങ്ങൾ പ്രവർത്തിക്കാനുള്ള വരങ്ങൾ കൈമാറ്റം ചെയ്യുന്നതുകണ്ട് മന്ത്രവാദിയായ ശിമ യോൻ അത്ഭുതപ്പെട്ടു (അപ്പ 8:18).

4. 1 കൊരിന്ത്യർ 13:8ൽ പരാമർശിക്കുന്നത് അത്ഭുതകരമായ വരങ്ങളെക്കുറിച്ചാണ്. കൂടുതൽ വിശ നമായ ഒരു പഠനത്തിന് ഇരുപത്തിമൂന്നാം അദ്ധ്യായം നോക്കുക.

**അപ്പൻഡിക്സ് 1**

# എന്റെ സ്ഥാനമെവിടെയാണ്?

## ആത്മവരങ്ങളുടെ അവലോകനം

ഞാൻ എനിക്കു ലഭിച്ച കൃപയാൽ നിങ്ങളിൽ ഓരോരുത്തനോടും പറയുന്നു: നിങ്ങൾ ഉള്ളതിലധികം ഭാവിക്കാതെ ദൈവം അവനവന് വിശ്വാസത്തിന്റെ അളവ് പങ്കിട്ടതനുസരിച്ച് സമചിത്തതയോടെ സ്വയം വിലയിരുത്തുവിൻ. (റോമർ 12:3)

| ആത്മീയ വരങ്ങൾ | തീർച്ചയായുമുണ്ട് (മറ്റുള്ളവർ പറയാറുണ്ട്) | ഉണ്ടെന്നു തോന്നുന്നു | തീർച്ചയായുമില്ല |
|---|---|---|---|
| ഭരിക്കുവാനുള്ള വരം | | | |
| കലാപരമായ കഴിവ് | | | |
| ബ്രഹ്മചര്യം | | | |
| സംതൃപ്തി | | | |
| ദാനം | | | |
| പ്രോത്സാഹനം | | | |
| സുവിശേഷകൻ | | | |
| ആതിത്ഥ്യം | | | |
| നായകത്വം | | | |
| ഇടയൻ | | | |
| കരുണ | | | |
| അദ്ധ്യാപനം | | | |
| വിവിധങ്ങൾ: | | | |

1. ഇന്നു നിലവിലില്ലാത്ത അത്ഭുതവരങ്ങൾ ഈ പട്ടികയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. (ഏഴാം അദ്ധ്യായം നോക്കുക). ഉദാ; ഇന്നു നിങ്ങൾക്ക് അപ്പസ്തോലനാകാൻ സാദ്ധ്യമല്ല, എന്നാൽ അപ്പസ്തോലർ ചെയ്തപോലെ മിഷനറിയായി പ്രവർത്തിക്കാം. ആദ്യനൂറ്റാണ്ടിലെ അത്ഭുതരോഗശാന്തി വരം ഇന്നു ലഭിക്കുകയില്ല, എങ്കിലും വിശ്വാസത്തോടെ രോഗശാന്തിക്കായി പ്രാർത്ഥിച്ചു ഫലംകാണാം.
2. വിവിധങ്ങളായ വരങ്ങൾ (1 പത്രോസ് 4:10): ഏതൊക്കെയാണെന്ന് എടുത്തുപറയാത്തവയാണിത്.

**അദ്ധ്യായം 8**

# ദശലക്ഷം കോടിരൂപയുടെ ഇൻഷുറൻസ്

## കൃപയെക്കുറിച്ചും ഉറപ്പിനെക്കുറിച്ചുമുള്ള വചനവാഗ്ദാനങ്ങൾ

അമേരിക്കയിലെ ഒരു വലിയ ഇൻഷൂറൻസ് കമ്പനിയുടെ ഉപ പ്രധാനിയായിരുന്നു എന്റെ പിതാവ് ചാൾസ് ജക്കോബി. സംഖ്യാശാസ്ത്രത്തിലെ ബിരുദസമ്പാദനവും രണ്ടാം ലോകമഹായുദ്ധകാലത്തിലെ സൈന്യസേവനവും കഴിഞ്ഞ് ഇൻഷൂറൻസ് കമ്പനിയുടെ തലപ്പത്തു സ്ഥാനം ലഭിക്കാനുള്ള കടുകട്ടിയായ പരീക്ഷകൾ വിജയിച്ചാണ് അദ്ദേഹം ആ സ്ഥാനത്തെത്തിയത്. ഇൻഷൂറൻസ് പോളിസികൾക്കു പല നല്ല ഗുണങ്ങളുമുണ്ടെന്നു നമുക്കറിയാം. ഒരു ദിവസം 150 രൂപവച്ചു നിക്ഷേപിച്ചാൽ മുപ്പതു വയസ്സിൽ മരിച്ചാൽ ആശ്രിതർക്ക് അഞ്ചുകോടിയിൽപരം രൂപലഭിക്കുന്ന ഒരു പോളിസിയെക്കുറിച്ചു അടുത്തകാലത്തു ഞാൻ പത്രത്തിൽ വായിച്ചത് ഓർക്കുന്നു, ചെറുപ്പത്തിൽ ജീവൻ നഷ്ടപ്പെടുന്ന ഒരാളുടെ ആശ്രിതരെ സംബന്ധിച്ചു ഇത് മഹത്തരം തന്നെയാണ്. എന്നാൽ ദൈവത്തിന്റെ പോളിസി ഇതിലും എത്രമേൽ അധികം ശ്രേഷ്ഠമായതാണ്! ആർക്കും എളുപ്പത്തിൽ അടച്ചുതീർക്കാൻ കഴിയുന്ന പ്രീമിയത്തിന്മേൽ ആരെക്കൊണ്ടും ചിന്തിക്കാൻപോലും കഴിയാത്തത്ര വാഗ്ദാനങ്ങൾ. ഈ ഇൻഷുറൻസിന്റെ പ്രയോജനം മറ്റുള്ളവർക്കല്ല, മറിച്ച് പണമടയ്ക്കുന്നവനു തന്നെയാണ് എന്നതാണ് മറ്റൊരു പ്രത്യേകത.

ദൈവം നമുക്കു നൽകിയിരിക്കുന്നതു പരാജയസാദ്ധ്യതയേയില്ലാത്ത ഒരു പദ്ധതിയായിട്ടുപോലും കൃപയെക്കുറിച്ചും ആത്മവിശ്വാസത്തെക്കുറിച്ചും രക്ഷയെക്കുറിച്ചും ചിലരിൽ ആശയക്കുഴപ്പമുണ്ടാകുന്നത് എന്തിനാണ്? വചനത്തിലൂടെ ദൈവം നൽകുന്ന ഉറപ്പുകൾ സ്വീകാര്യമല്ലാത്തതും ഉറപ്പിനായി മറ്റുവഴികൾ തേടുന്നതും എന്തിനാണ്?

ശിഷ്യരെന്ന നിലയിൽ ദൈവത്തിന് ഏറ്റവും പ്രിയപ്പെട്ട പുത്രന്മാരും പുത്രിമാരുമായ നമുക്ക് അവിടുത്തെമുമ്പിൽ കൽപ്പിച്ചുനൽകിയിട്ടുള്ള സ്ഥാനമാനങ്ങളിൽ ആത്മാഭിമാനവും സുരക്ഷിതത്വവും കണ്ടെത്താൻ സഹായിക്കുകയെന്നതാണ് ഈ അദ്ധ്യായത്തിന്റെ ലക്ഷ്യം. ദൈവം നമുക്കു നൽകിയിട്ടുള്ള പോളിസി ശതകോടികളുടെ കണക്കുകളുമായി താരതമ്യം ചെയ്യാൻ സാധിക്കുന്ന ഒന്നല്ല. ഇക്കാ ര്യം മനസ്സിലാക്കുന്നത് നമ്മിലെ ആത്മാവിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നത് നമ്മൾ ഉടൻതന്നെ തിരിച്ചറിയാൻ പോകുന്നു.

### കൃപയോ, അനുസരണമോ?

തെറ്റായ രീതിയിൽ വചനത്തെ വിശദീകരിക്കുന്ന പശ്ചാത്തലത്തിൽ നിന്നും വന്നിരിക്കുന്നവരായതിനാലാണ് ഈ ആശയക്കുഴപ്പം ചിലരിൽ ഉണ്ടാകുന്നത്. കൃപയ്ക്കുപകരം അനുസരണത്തെയും, ആത്മാവിനു പകരം ന്യായപ്രമാണത്തെയും, പുതിയ നിയമത്തിനു പകരം പഴയനിയമത്തെയും, പിതാവിനുപകരം പുത്രനെയും പോലും ചിലർ ഉയർത്തിപ്പിടിക്കുന്നു. കൃപയ്ക്കു പകരമായതല്ല അനുസരണം, ദൈവത്തിന്റെ സ്നേഹത്തിനു പകരമായതല്ല അവിടത്തെ ക്രോധവും. ഇവയെക്കുറിച്ചുള്ള ആശയക്കുഴപ്പങ്ങൾ ദൈവത്തിൽ നിന്നുമുള്ളതല്ല (റോമർ 11:22, ആവർത്തനം 7:9–10).

വേദപുസ്തകത്തിലെ ആയിരക്കണക്കിനു വരുന്ന അദ്ധ്യായങ്ങളിൽ നിന്നും ഒന്നും മനസ്സിലാക്കിയില്ലെങ്കിൽപോലും ഒരുകാര്യം വിട്ടുപോകാൻ ഇടയില്ല – ദൈവം ക്ഷമിക്കുന്നവനാണ്, നമുക്കൊരു പുതിയ തുടക്കം നൽകുന്നതിൽ സന്തോഷിക്കുന്നവനുമാണ്. നിങ്ങൾക്ക് ഒരു പുതിയ തുടക്കത്തിന്റെ ആവശ്യം തോന്നുന്നുണ്ടോ? ദൈവം വിഭാവനം ചെയ്തതുപോലെ നിങ്ങൾ അവിടത്തെ കൃപ അനുഭവിക്കുന്നില്ലായിരിക്കാം. ദൈവത്തിന്റെ ഹിതം നിറവേറ്റുന്നതിനു പകരം അവനവനിലേക്കു നോക്കി ലജ്ജിതരായി ഇരിക്കേണ്ടതില്ല. ഒരിക്കലും കൃപയ്ക്കുപകരമായി അനുസരണയെ സ്ഥാപിക്കരുത്. ഇതല്ലെങ്കിൽ അത് എന്നതല്ല പകരം ഇതു അതും എന്ന ഒരു നിലപാടാണ് വചനം ഇക്കാര്യത്തിൽ കൈക്കൊള്ളുന്നത്.

### അഭിരുചി പരിശോധനാ പരീക്ഷ

അമേരിക്കയിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചി പരിശോധിച്ച് ഭാവിയിലേക്കുള്ള വഴികളും കോളേജിലേക്കുള്ള പ്രവേശനവും നിർണ്ണയിക്കാനായി ഒരു പരീക്ഷയുണ്ട്. വൈദ്യശാസ്ത്രപഠനത്തിനാഗ്രഹിക്കുന്നവർക്കും നിയമപഠനത്തിനാഗ്രഹിക്കുന്നവർക്കും എഞ്ചിനീയറിംങ് മേഖല പിന്തുടരാനാഗ്രഹിക്കുന്നവർക്കുമെല്ലാം വിവിധങ്ങളായ അഭിരുചി പരീക്ഷകൾ വിജയിക്കേണ്ടതുണ്ട്. ശിഷ്യരെന്ന നിലയിൽ നാം പങ്കെടുത്തു വിജയിക്കേണ്ടത് കൃപയെക്കുറിച്ചുള്ള

ധാരണയെ അളക്കുന്ന പരീക്ഷയാണ്. സ്വന്തമായ നിലയ്ക്കു കാര്യങ്ങൾ ചെയ്യുന്നയാളാണോ അതോ ദൈവകൃപയെ ആശ്രയിക്കുന്നയാളാണോ എന്നതാണു നാം ഈ പരീക്ഷയിലൂടെ അവലോകനം ചെയ്യുന്നത്. (സുപ്രധാനമായ ഒരു കാര്യമാണിത് - ഗലാത്യർ 3:3)

ദൈവസ്നേഹത്തിന്റെ ആഴവും ഉന്നതിയും നീളവും വീതിയും മനസ്സിലാക്കാൻ സാധിക്കാത്തവരെസംബന്ധിച്ച് അവരുടെ പെരുമാറ്റങ്ങളിലും മാനസികവ്യാപാരങ്ങളിലും വളർച്ചാരീതികളിലും ഈ അപരാപ്തത മുഴച്ചു നിൽക്കുന്നതു നമുക്കു കാണാൻ കഴിയും. താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഏറ്റവും സത്യസന്ധമായ ഉത്തരങ്ങൾ നൽകുക.

1. എന്റെ വികാരങ്ങൾ / തോന്നലുകൾ ആണോ എന്നെ ഭരിക്കുന്നത്? അതെ / അല്ല
   (എന്റെ വികാരങ്ങളെ വിലയിരുത്തുന്നത് ഞാൻതന്നെയാണോ?)

2. എന്റെ ഉള്ളു കലുഷിതമാണോ? അതെ / അല്ല
   (വിഷാദരോഗമോ, കുറ്റബോധമോ എന്നെ ഭരിക്കുന്നുണ്ടോ?)

3. എന്റെ പഴയവഴികളിലേക്കു ഞാൻ വഴുതിവീഴാറുണ്ടോ? അതെ / അല്ല

4. ദൈവം തന്ന അസംഖ്യമായ അനുഗ്രഹങ്ങളെപ്രതി നന്ദിയുള്ള ഒരു ഹൃദയം എന്നിൽ ഇല്ലാതെ വരുന്നുണ്ടോ? അതെ / അല്ല

5. ലോകമോഹങ്ങൾ എന്നെ വലയ്ക്കുന്നുണ്ടോ? അതെ / അല്ല
   (എന്നിലുള്ള ലൗകീകതയെക്കുറിച്ചു മറ്റുള്ളവർ പരാമർശിക്കാറുണ്ടോ?)

6. വിശ്വാസം പങ്കുവയ്ക്കുന്നതിൽ ഞാൻ പതിവുവിട്ടു പിന്നോട്ടാണോ? അതെ / അല്ല

7. ജീവിതസാഹചര്യങ്ങൾ നല്ലതായിരിക്കുമ്പോൾ രക്ഷിക്കപ്പെട്ടവനാണെന്നുള്ളതോന്നൽ മോശസാഹചര്യങ്ങളിലായിരിക്കുന്നതിനേക്കാൾ ശക്തമാണോ? അതെ / അല്ല

8. ഞാൻ ഒട്ടും വഴക്കമില്ലാത്തവനും ബലം പിടുത്തമുള്ളവനുമാണോ? അതെ / അല്ല
   അയവില്ലാത്തരീതിയിൽ പെരുമാറുന്നവനാണോ?

9. ജീവിതത്തിലെ മറ്റുകാര്യങ്ങളാണോ എന്റെ ഭൂരിഭാഗം ഊർജ്ജവും സമയവും കവരുന്നത്, ദൈവീകകാര്യങ്ങളല്ലാതെ (യോനാ 2:8)? അതെ / അല്ല

10. എന്റെ രക്ഷയെക്കുറിച്ചു ഞാൻ ഇടയ്ക്കിടെ സന്ദേഹപ്പെടാറുണ്ടോ? അതെ / അല്ല

മാർക്കിടൽ: ഓരോ അതെയെന്ന ഉത്തരത്തിനും പൂജ്യം മാർക്കും, അല്ലയെന്ന ഉത്തരത്തിനു നൂറുമാർക്കും നൽകുക.

ലഭിച്ച മാർക്കിന്റെ വിലയിരുത്തൽ:
000-200 : ഈ അദ്ധ്യായം കൊണ്ടു നിങ്ങൾക്കു ഗുണമുണ്ടാകുമോ?
300-600 : ദൈവത്തെക്കുറിച്ചു കുറച്ചുകൂടി കൂടുതൽ അറിയേണ്ടതുണ്ട്?
700-900 : ഈ അദ്ധ്യായം നിങ്ങൾക്കൊരു പുതുക്കസമയമാകും.
1000 (!) : നിങ്ങളുടെ പേരു കൃപയെന്നാണോ?

കൃപയെക്കുറിച്ചുള്ള നിങ്ങളുടെ അഭിരുചി എന്താണ്? കൂടുതൽ ചോദ്യങ്ങൾക്കും നിങ്ങൾക്കുള്ള മറുപടി അതേയെന്നാണെങ്കിൽ ദൈവകൃപയെക്കുറിച്ചു നിങ്ങൾക്കുള്ള അവബോധം തീരെ ആഴമില്ലാത്തതാകാനാണു സാദ്ധ്യത.

പ്രവർത്തികളിൽ അധിഷ്ഠിതമായ ആത്മപ്രചോദനം കാലങ്ങൾ കഴിയുമ്പോൾ ബലഹീനമായതാകും. ആത്മീയ പക്വത കൈ വരുന്നതിന് അതൊരു വലിയ തടസ്സവുമായിത്തീരും. തന്റെ കുട്ടിയിലെ കഴിവുകൾക്ക് അംഗീകാരം നല്കാത്ത ഒരു പിതാവു കുട്ടിയുടെ വികസനത്തിനു തടസ്സം നില്കുന്നതുപോലെയും, വിമർശനാത്മകമായി മാത്രം പെരുമാറുന്ന ഒരുഭാര്യ തന്റെ ഭർത്താവിന്റെ ആത്മവിശ്വാസം നശിപ്പിക്കുന്നതു (നേരേതിരിച്ചും) പോലെയുമാണ് കൃപയെക്കുറിച്ചുള്ള തെറ്റായ പഠിപ്പിക്കലിനു കീഴിൽ പ്രവർത്തിക്കുന്നവരുടെ ആത്മീയതയ്ക്കു സംഭവിക്കുന്നത്.

## കൃപയുടെ ആത്മാവ്

പരിശുദ്ധാത്മാവ് കൃപയുടെ ആത്മാവാണെന്ന കാര്യം നിങ്ങൾക്കറിയാമോ? താഴെക്കൊടുത്തിരിക്കുന്ന രണ്ടു വേദഭാഗങ്ങൾ നോക്കുക, ഒന്നു പഴയനിയമത്തിലേയും മറ്റൊന്നു പുതിയനിയമത്തിലേയും:

> ഞാൻ ദാവീദ്ഗൃഹത്തിന്മേലും യെരുശലേം നിവാസികളുടെമേലും കൃപയുടെയും യാചനകളുടെയും ആത്മാവിനെ പകരും; തങ്ങൾ കുത്തിയവങ്കലേക്ക് അവർ നോക്കും; ഏകജാതനെക്കുറിച്ചു വിലപിക്കുന്നതുപോലെ അവർ അവനെക്കുറിച്ചു വിലപിക്കും; ആദ്യജാതനെക്കുറിച്ചു വ്യസനിക്കുന്നതു പോലെ അവർ അവനെക്കുറിച്ചു വ്യസനിക്കും. (സെഖര്യാവ് 12:10)

> ദൈവപുത്രനെ ചവിട്ടിക്കളയുകയും തന്നെ വിശുദ്ധീകരിച്ച ഉടമ്പടിയുടെ രക്തത്തെ അശുദ്ധമെന്നു കരുതുകയും കൃപയുടെ ആത്മാവിനെ നിന്ദിക്കുകയും ചെയ്തവൻ എത്ര കാഠിന്യമേറിയ ശിക്ഷയ്ക്കു പാത്രമാകും എന്നു വിചാരിക്കുവിൻ. (എബ്രായർ 10:29)

പരിശുദ്ധാത്മാവു കൃപയുടെ ആത്മാവാകയാൽ, ദൈവകൃപയെ സ്വീകരിക്കാതെ വരുന്നവരുടെ ജീവിതത്തിൽ ആത്മാവിന്റെ പ്രവർത്തനം തടസ്സപ്പെടുന്നു എന്നതാണ് ഇതിൽനിന്നും നമുക്കു വായിച്ചെടുക്കാൻ പറ്റുന്നത്. അങ്ങനെ നമ്മെ ഉള്ളിൽ നിന്നും മാറ്റുന്നതിനും തന്റെ ഫലങ്ങളായ സന്തോഷവും സമാധാനവും മറ്റും നമ്മിൽ വിളയിക്കുന്നതിനും ആത്മാവിനു സാധിക്കാതെവരും.

## പാപത്തെ മറികടക്കലും ദൈവത്തിനായുള്ള തീക്ഷ്ണതയും

ഒരാൾ ആത്മീയമായി വളരുന്നില്ലെങ്കിൽ ദൈവകൃപയെ അയാൾ പ്രയോജനരഹിതമായി അടച്ചുവച്ചിരിക്കുകയാണെന്നാണു നമുക്കു മനസ്സിലാക്കാൻ കഴിയുന്നത് - പാപത്തോടു ഇല്ല എന്നു പറയാനും യേശുവിനുവേണ്ടി ഉത്സാഹപൂർണ്ണമായ ജീവിതം എന്നും നയിക്കാനും നമ്മെ പഠിപ്പിക്കുന്ന ദൈവകൃപയെ. മെഡിറ്ററേനിയൻ ദ്വീപായ ക്രേത്തിലെ സഭാനായകനായ തീത്തുസിന് പൗലോസ് എഴുതുന്നതു നോക്കുക:

> എന്തെന്നാൽ സകല മനുഷ്യരുടെയും രക്ഷയ്ക്കായി ദൈവകൃപ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അഭക്തിയും ലൗകീകമോഹങ്ങളും ഉപേക്ഷിക്കുവാനും ഈ ലോകത്തിൽ സമചിത്തതയോടും നീതിയോടും ദൈവഭക്തിയോടുംകൂടെ ജീവിക്കുവാനും അത് നമ്മെ ഉപദേശിക്കുന്നു. മഹാദൈവവും നമ്മുടെ രക്ഷകനുമായ യേശുക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷതയ്ക്കായും അനുഗ്രഹീതമായ പ്രത്യാശയ്ക്കായും നാം കാത്തിരിക്കുന്നു. അവൻ നമ്മെ സകല അധർമ്മത്തിൽനിന്നും വീണ്ടെടുത്ത് സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ള സ്വന്തം ജനത്തെ തനിക്കായി ശുദ്ധീകരിക്കേണ്ടതിന് തന്നെത്തന്നെ നമുക്കായി സമർപ്പിച്ചു. (തിത്തൂസ് 2:11-14)

പൗലോസിന്റെ എഴുത്താണിയിൽ നിന്നും വമിച്ചത് ആത്മീയ വിദ്യുത് പ്രവാഹമാണ്. നാം ആത്മീയമായി നന്നായി ചെയ്യുമ്പോൾ ദൈവാത്മാവുനമ്മെ ഉള്ളിൽ നിന്നും മാറ്റിയെടുക്കുന്നു - എത്രമഹനീയത, എത്ര ശ്രേഷ്ഠമായ ഒരു അനുഭവം!

## കൃപനമ്മെ കഠിനാധ്വാനിയാക്കുന്നു

നിങ്ങൾ എത്രമാത്രം കഠിനാധ്വാനം ചെയ്യുന്ന ഒരാളാണ്? നിങ്ങളിലെ അലസതയ്ക്കു ശാസന ലഭിക്കാറുണ്ടോ? ദൈവവചനമനുസരിച്ചു മടി ഒരു പാപമാണ് (സദൃശവാക്യം 6:6-11, സഭാപ്രസംഗി 10:18, മത്തായി 25:26, എബ്രായർ 6:12). (അദ്ധ്വാനമാണ് ആരാധനയെന്നു കരുതുന്നവർക്ക് അവരുടേതായ പ്രശ്നങ്ങളുമുണ്ട്). കൊരിന്തിലെ ശിഷ്യന്മാരോടുള്ള തന്റെ സംസാരത്തിലൂടെ പൗലോസ് എത്രമാത്രം ദൈവകൃപയെ മാനിക്കുന്നുണ്ടെന്നു നമുക്കു മനസ്സിലാക്കാൻ കഴിയും.

> ഞാൻ അപ്പസ്തോലരിൽ ഏറ്റവും ചെറിയവനല്ലോ; ദൈവസഭയെ പീഡിപ്പിച്ചതിനാൽ അപ്പസ്തോലൻ എന്ന പേരിനു ഞാൻ യോഗ്യനുമല്ല. എങ്കിലും ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവകൃപയാൽ ആകുന്നു; എന്നോടുള്ള അവന്റെ കൃപ നിഷ്ഫലമായിട്ടില്ല; എങ്കിലും അവരെല്ലാവരെക്കാളും ഞാൻ അത്യന്തം അദ്ധ്വാനിച്ചിരിക്കുന്നു; എന്നാൽ ഞാനല്ല, എന്നോടുകൂടെയുള്ള ദൈവകൃപയത്രേ. (1 കൊരിന്ത്യർ 15:9-10)

കൃപയെ മാനിക്കുന്ന ഒരു ഹൃദയത്തിന്റെ സ്വാഭാവിക പ്രതികരണമാണ് യേശുക്രിസ്തുവിനോടുള്ള സമർപ്പിത ജീവിതം. പൗലോസിനെപ്പോലെ യേശുവിനുവേണ്ടി കഠിനാധ്വാനം ചെയ്ത മറ്റൊരാളുമുണ്ടാവുകയില്ല. മരിച്ചതിനു ശേഷം താൻ ക്രിസ്തുവിനെക്കാണാൻ പോവുകയാണെന്ന ആത്മധൈര്യം ഇത്രത്തോളം പങ്കുവച്ച വേറൊരാളുമില്ല (ഫിലിപ്പിയർ 1:21-23, 2 തിമോത്തി 4:6-8). വിനയത്തിലും ദൈവകൃപയെ മാനിക്കുന്നതിലും പൗലോസു വളർച്ച പ്രാപിച്ചു കൊണ്ടിരുന്നെന്നു തന്റെ ജീവിത സാക്ഷ്യം മൂലം പലരും മനസ്സിലാക്കുന്നു.

| വർഷം | വാക്യം | പ്രസ്ഥാവന | താരതമ്യക്കൂട്ടം |
|---|---|---|---|
| എ ഡി 56 | 1 കൊരി 15:9 | അപ്പസ്തോലരിൽ ഏറ്റവും ചെറിയവൻ | അപ്പസ്തോലർ |
| എ ഡി 60 | എഫേ 3:8 | ദൈവജനത്തിൽ ഏറ്റവും എളിയവൻ | വിശ്വാസികൾ |
| എ ഡി 65 | 1 തിമോ 1:15 | പാപികളിൽ അഗ്രഗണ്യൻ | ലോകജനത |

സ്വന്തം അയോഗ്യതയെക്കുറിച്ചും ദൈവകൃപയുടെ വലുപ്പത്തെക്കുറിച്ചും പൗലോസിൽ വളർന്നു വരുന്ന അവബോധം നമുക്കിവിടെ കാണാം. താൻ താരതമ്യം ചെയ്യുന്നയാളുകളുടെ വ്യാപ്തി വികസിക്കുന്നതും നമുക്കിവിടെ കാണാം. നിങ്ങൾ പൊതുവേ ആരുമായാണ് നിങ്ങളെത്തന്നെ താര തമ്യം ചെയ്യുന്നത്? വിനയത്തിൽ നിങ്ങൾ വളരുന്നുണ്ടോ? (ഉവ്വ് എന്ന മറുപടി ആരെങ്കിലും ഉറക്കെ പറയുന്നതു നിങ്ങളാരെങ്കിലും കേട്ടോ?!) ദൈവകൃപയെ മാനിക്കുന്നതിൽ നാം വളരുകയും അതു വഴി കൂടുതൽ മികച്ച കഠിനാധ്വാനികളായി നാം മാറുകയും ചെയ്യുന്നില്ലെങ്കിൽ, നാം എന്തായിട്ടാണു മാറുന്നത്?

## കൃപനല്കുന്ന ഉറപ്പ്

രക്ഷയെക്കുറിച്ചുള്ള ഉറപ്പാണ് നമുക്കു ആത്മവിശ്വാസം നൽകുന്നത്. ക്രിസ്തുവിൽ പൂർണ്ണാ ശ്രയമർപ്പിക്കാമെന്ന വാഗ്ദാനം വചനം നമുക്കു നല്കുന്നു എങ്കിലും, ദൈവത്തിന്റെ ആത്മാവു നമ്മിൽ വസിക്കുന്നുവെന്ന വിശ്വാസം ഇളക്കമുള്ള ഒരുകാര്യമായി ചിലപ്പോഴെങ്കിലും നമുക്കു തോന്നാം – പഴയ ഞാനല്ല ഈ ഞാൻ എന്ന തോന്നലിനും. ചിലയാളുകൾ അവരുടെ സ്നാനത്തെക്കുറിച്ചു പോലും സംശയിക്കുന്നു, കാരണം ദൈവകൃപയെക്കുറിച്ചുള്ള അവരുടെ വിശ്വാസം അത്രകണ്ടു ചെറുതായതാണ്. നാം നിത്യജീവനർഹരാണെന്ന കാര്യത്തിൽ വചനം നൽകുന്ന ഉറപ്പു നമുക്കുണ്ട്.

ഞാൻ വചനം പഠിപ്പിച്ചുകൊണ്ടിരുന്ന ഒരു യുവാവുമായുള്ള സംസാരത്തിനിടയിൽ അവൻ പറഞ്ഞു, ഞാൻ രക്ഷിക്കപ്പെട്ടവനാണോ അല്ലയോ എന്ന കാര്യം എനിക്കറിയേണ്ട, അതിനെക്കുറിച്ചു ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല, എനിക്കതു അറിയുകയും വേണ്ട എന്ന്. യേശുവിനായി ജീവിതം സമർപ്പിക്കാൻ അവൻ പിന്നോക്കം നിൽക്കുന്ന ഒരാളായിരുന്നു.

നിനക്ക് അതിനെക്കുറിച്ചറിയാൻ അതിയായ ആകാംക്ഷയുണ്ട്. ഇല്ലായെന്നു പയുന്നത് വീടിനു തീപിടിച്ചു എന്നറിഞ്ഞിട്ടും അതു കെട്ടോ അതോ ആളിക്കത്തുന്നോ എന്നെനിക്കറിയേണ്ട എന്നു പറ യുന്നതിനു സമമാണ് – രണ്ടായാലും കുഴപ്പമില്ല, ഞാൻ എന്റെ മുറിവിട്ടു പുറത്തിറങ്ങാൻ പോകു ന്നില്ല എന്ന മനോഭാവത്തോടെ. ഇവിടെ ഇങ്ങനെയിരിക്കുന്നതാണ് എനിക്കിഷ്ടം. ശുദ്ധമായ അസം ബന്ധംതന്നെയല്ലേ അത്? നിങ്ങൾക്കു നിങ്ങളുടെ രക്ഷയെക്കുറിച്ചറിയാൻ തീർച്ചയായും താത്പര്യ മുണ്ട്. നിങ്ങൾക്കറിയാനും കഴിയും:

> ആ സാക്ഷ്യമോ ദൈവം നമുക്കു നിത്യജീവൻ തന്നു, ആ ജീവൻ അവന്റെ പുത്രനിൽ ഉണ്ട് എന്നു ള്ളതുതന്നെ. പുത്രനുള്ളവനു ജീവൻ ഉണ്ട്; ദൈവപുത്രനില്ലാത്തവനു ജീവൻ ഇല്ല. ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്കു ഞാൻ ഇതെഴുതിയിരിക്കുന്നത് നിങ്ങൾക്കു നിത്യജീവൻ ഉണ്ടെന്ന് നിങ്ങൾ അറിയേണ്ടതിന് ആകുന്നു. (1 യോഹന്നാൻ 5:11-13)

ദൈവപുത്രനിൽ നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? വെളിച്ചത്തിലാണോ നിങ്ങൾ നടക്കുന്നത് (1 യോഹന്നാൻ 1:7)? ആണെങ്കിൽ നിങ്ങളുടെ പാപങ്ങൾ സമയാസമയം ക്ഷമിക്കപ്പെടുന്നു എന്ന വാഗ്ദാനം നിങ്ങൾക്കു സ്വന്തമായുണ്ട്.

## പുനഃരുറപ്പു നൽകുന്ന കൃപ

നമ്മുടെ പാപങ്ങൾ കഴുകിക്കളഞ്ഞപ്പോൾ നമുക്കെല്ലാവർക്കുമൊരു വലിയ ഉറപ്പു ലഭിച്ചി രുന്നു (അപ്പ 22:16). എന്നിരുന്നാലും മുന്നോട്ടു നാം പോകുന്ന വഴികളിൽ ആ ഉറപ്പ് വീണ്ടുമൊന്നു സ്ഥിരപ്പെടുത്തുന്നതു നല്ല ഒരു കാര്യമാണ്. ദൈവകൃപയെക്കുറിച്ചു കൂടുതലായി മനസ്സിലാക്കാനുള്ള ചില ആശയങ്ങൾ ചുവടെ നൽകുന്നു:

1. ചിലസമയത്തു നമുക്കുണ്ടാകുന്ന ഇരുട്ടിന്റെ വികാരങ്ങൾ നാം നഷ്ടപ്പെട്ട അവസ്ഥയായി പരിഗണിക്കരുത്. പാപത്തിൽ അകപ്പെടുമ്പോൾ ഇരുട്ടിലകപ്പെട്ടെന്ന ഒരു അവസ്ഥ നാം ജീവിത ത്തിൽ വീണ്ടും രുചിക്കാനിടയാകും. നമ്മിലെ പഴയമനുഷ്യനുമായുള്ള ബന്ധം വീണ്ടുമൊന്നുകൂടി പുനഃസ്ഥാപിക്കുന്നു എന്ന തോന്നൽ നാം ചെയ്ത പാപം നമുക്കു നൽകുന്നു. എന്നാൽ ഈ തോന്നൽ തെറ്റാണ്, കാരണം നമ്മിലെ പാപപ്രകൃതി മരിച്ചിരിക്കുന്നു (റോമക്കാർ 6:6, ഗലാത്യർ 2:20, 5:24, 6:14). പാപത്തെതുടർന്നു വരുന്ന കുറ്റബോധം സാധാരണമാണ്, എന്നാൽ വിശ്വാസം തകർക്കുന്ന വിനാ ശകരമായ കുറ്റബോധം വേറേയൊരുകാര്യം തന്നെയാണ്.

2. പന്തുകളിക്കിടയിൽ ഗോളടിക്കാനായി നമുക്കു കിട്ടിയ ഒരു അവസരം നാം വെളിയിലേക്ക ടിച്ചു പാഴാക്കിക്കളഞ്ഞുവെങ്കിൽ നമ്മുടെ പ്രതികരണം ആ അടി മോശമായിപ്പോയി എന്നായിരി ക്കും. അതിനർത്ഥം നാം നമ്മുടെ ഉത്തരവാദത്തെക്കുറിച്ചു കൂടുതൽ ബോധ്യമുള്ളയാളാണ് എന്ന താണ്. അതിനുശേഷം നാം വീണ്ടും കളിയിൽ മുഴുകും, തലയിൽ കൈവച്ചുകൊണ്ടു കളിതീരുന്നതു വരെ സ്തബ്ധനായി നിൽക്കുകയില്ല. എന്റെ പ്രവർത്തി മോശമായിപ്പോയി എന്നു പറയുന്നതും ഞാൻ മോശമാണെന്നു പറയുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഓരോ തവണ തെറ്റപറ്റു മ്പോഴും നിങ്ങളെ ചെളിയിൽകൂടി വലിച്ചിഴയ്ക്കേണ്ടതില്ല. അത് ആത്മീയമായ ഒരു ചിന്തയല്ല. ബൈബി ളിൽ എങ്ങും അപ്രകാരം പറഞ്ഞിട്ടുമില്ല. വീണിടത്തുനിന്നുമെഴുന്നേറ്റു മുന്നോട്ടുതന്നെ നടക്കുക (യിരമ്യ 8:4). സ്വതന്ത്രനായിരിക്കുക!

3. ദൈവകൃപയെ ആശ്രയിക്കുന്നതിനേക്കാൾ എളുപ്പമാണ് നമ്മുടെ രക്ഷയെ സംശയിക്കുന്ന തെന്ന് ആരോ പറഞ്ഞുവച്ചിട്ടുണ്ട്. മോശമായ ഒരു സമയത്തിലൂടെ കടന്നു പോകുമ്പോഴെല്ലാം അവരുടെ മാറ്റത്തെ ചോദ്യം ചെയ്യുന്നയാളുകൾ കുറച്ചുണ്ട്. ചെയ്യാൻ ഏറ്റവും എളുപ്പമുള്ള കാര്യവു മിതാണ്. ദൈവത്തെകുറ്റംചാരുന്നതിനു തുല്ല്യമായ ഒന്നാണിത്. ദൈവം വിചാരിച്ചിരുന്നെങ്കിൽ എനി ക്കീഗതി വരുമായിരുന്നില്ല എന്ന ഒരു കുറ്റപ്പെടുത്തൽ. യേശു തോമസിനോടു പറഞ്ഞതുതന്നെ യാണ് അത്തരമാളുകൾ അവരോടുതന്നെ പറയേണ്ടത്; സംശയിക്കേണ്ട, വിശ്വസിപ്പിൻ (യോഹ ന്നാൻ 20:27)

4. ആത്മീയമായി ശരിയായ രീതിയിൽത്തന്നെ ശിഷ്യരായതിനുശേഷം പിന്നോക്കം പോയവ രുമുണ്ട്. കൊരിന്തിലെ സഭയെ നോക്കുക. അവിടത്തെ സഭയിൽ പടലപിണക്കങ്ങളും, പത്ഥ്യോപദേ ശത്തെസംബന്ധിച്ച ആശയക്കുഴപ്പങ്ങളും, അപവാദമായ പാപങ്ങളും, എല്ലാമുള്ളതായി നാം വായി ക്കുന്നുണ്ടെങ്കിലും, ആ പുസ്തകത്തിൽ എവിടെയും കൊരിന്തിലെ ശിഷ്യന്മാർ ശരിയായ ശിഷ്യരല്ല യെന്നോ അല്ലങ്കിൽ അവർ വീണ്ടും സ്നാനപ്പെടണമെന്നോ പൗലോസ് പറഞ്ഞു കാണുന്നില്ല. മന്ത്ര വാദിയായ ശിമയോന്റെ ജീവിതമാറ്റം ശരിയായതല്ലയെന്നു വിശ്വസിക്കാൻ അനേകം സാഹചര്യങ്ങ ളുണ്ട്. അവനോടുപോലും നീ പോയി ശരിയായ ക്രിസ്ത്യാനിയായിട്ടു വരൂ എന്നു പറയുന്നില്ല (അപ്പ 8:9-24). അവന്റെ ഹൃദയം നേരെയുള്ളതാക്കാനാണ് ആവശ്യപ്പെടുന്നത്.

മാനസാന്തരപ്പെട്ടതിനു ശേഷം വീണുപോകാൻ സാദ്ധ്യതയില്ലാതെയില്ല. യിരമ്യ 34:8-17 വാ ക്യങ്ങളിൽ ജനം മാനസാന്തരപ്പെട്ടു തങ്ങളുടെ അടിമകളെ മോചിപ്പിക്കുന്നതു നമുക്കു കാണാം, എന്നാൽ അവർ അതിൽനിന്നും പിൻവാങ്ങി ആ അടിമകളെ തിരിച്ചെടുക്കുന്നു. ദൈവം അവരോടു പറഞ്ഞതെന്താണ്? നിങ്ങൾ ഇന്നു തിരിഞ്ഞു... (യിരമ്യ 34:15). മാനസാന്തരത്തിനു ശേഷമുള്ള അപ ഭ്രംശം അവരുടെ മാനസാന്തരത്തെ വിലയില്ലാതാക്കുന്നില്ല. അവർ മാനസാന്തരപ്പെട്ടവരാണെങ്കിലും പിന്നീടു പിൻവാങ്ങി. യേശുവിനെ നിങ്ങൾ രക്ഷകനായി സ്വീകരിച്ചത് നിങ്ങളുടെ സ്വതന്ത്രമായ ഇച്ഛ യിലൂടെയാണ്. അതിനുശേഷവും തീരുമാനമെടുക്കുവാനുള്ള നിങ്ങളുടെ അവകാശത്തിന്മേൽ ആരും നിയന്ത്രണമേർപ്പെടുത്തുന്നില്ല. ശരിയായതു ചെയ്യാനോ ചെയ്യാതിരിക്കാനോയെല്ലാം തീരുമാനിക്കു ന്നതു നിങ്ങളാണ്.

5. ഇന്നതു ചെയ്യണം ഇന്നതു ചെയ്യരുത് എന്ന നിർദ്ദേശക്കൂട്ടങ്ങളിലോ, സഭയുടെ പരിപാടിക ളിലുള്ള സമർപ്പണത്തിലോ ഒക്കെ മുറുകെപ്പിടിക്കുന്ന സഭാനേതാക്കളുണ്ട്. (ഞാനും അത്തരം നിർദ്ദേ ശങ്ങൾക്ക് ആമേൻ പറയും). കൃപയെക്കുറിച്ചും പുനഃരുറപ്പിനെക്കുറിച്ചുമൊക്കെ പ്രസംഗങ്ങളിൽ കൂടു തൽ കേൾക്കാറുമില്ല - അത്തരം ആശയങ്ങൾ ആളുകൾ തങ്ങളുടെ അലസതയ്ക്കും ഒഴിവുകഴിവു കൾ ഉണ്ടാക്കുന്ന പ്രകൃതത്തിനും വളമായെടുക്കുമെന്ന ഭയമാണ് അതിനു കാരണം. എന്നാൽ പ്രാസം ഗികരോടു ഞാൻ പറയുന്നു; ഇതിൽ മാറ്റം വരുത്തണം. നമുക്കു നൽകപ്പെട്ടിരിക്കുന്ന സുവിശേഷം പ്രഥമമായും പ്രധാനമായും ദൈവകൃപയുടെ സുവിശേഷമാണ് (അപ്പ 20:24). കൃപയെക്കുറിച്ചു സംസാരിക്കുന്നില്ലെങ്കിൽ നിങ്ങൾ സംസാരിക്കുന്നതു സുവിശേഷമല്ല. എന്നാൽ പ്രാസംഗികരല്ലാ ത്തവരോടു ഞാൻ പറയുന്നത്, പ്രാസംഗികരുടെ കുറവുകൾ നിലനിൽക്കേത്തന്നെ - ഞാനും കുറവു കൾ ഉള്ള ഒരു പ്രാസംഗികനാണ് - കൃപയെക്കുറിച്ചു വ്യക്തമായ കാഴ്ചപ്പാടും സമർപ്പണത്തെക്കു റിച്ചു സംതുലിതമായ ഒരു ബോധ്യവും നിങ്ങൾ വളർത്തിയെടുക്കണം. വചനത്തിൽ ആഴത്തിലിറ ങ്ങുക, നിങ്ങളുടെ ബോധ്യവും വിശ്വാസവും ദൈവത്തോടൊത്തുള്ള നടത്തവും ശക്തിപ്പെടുത്തുക.

6. ദൈവവേലയിൽ നാം കൂടുതലായി മുഴുകുമ്പോൾ അവന്റെ കൃപയെ നാം അത്രയധികം കൂടുതലായി മാനിക്കും. ശിഷ്യത്വത്തിലധിഷ്ഠിതമല്ലാത്ത ഒരു സഭയിലെ ചെറുപ്പക്കാരുടെ കൂട്ടത്തോടു ഒരിക്കൽ ഞാൻ, നിങ്ങൾക്കെത്രപേർക്കു നിങ്ങളുടെ രക്ഷയെക്കുറിച്ചു ഉറപ്പുണ്ടെന്ന ഒരു ചോദ്യം ചോദിച്ചു. കണ്ണടച്ചു പിടിച്ചുകൊണ്ട് രക്ഷിക്കപ്പെട്ടവരെന്നു ആത്മവിശ്വാസമുള്ളവരോടു കയ്യുയർത്താൻ ഞാൻ ആവശ്യപ്പെട്ടു. പകുതി കൈകൾപോലുമുയർന്നില്ല. വർഷങ്ങൾക്കുശേഷം സഭയോടും സഭാം ഗങ്ങളോടും സമർപ്പണമുള്ള ഒരുകൂട്ടത്തോട് ഈ ചോദ്യം തന്നെ ഞാൻ ചോദിച്ചു. എകദേശം മുഴു

വൻ പേരും കൈകളുയർത്തുന്നതു കാണാൻ എനിക്കു കഴിഞ്ഞു. അവരുടെ പ്രവർത്തികളാലാണ് അവർ സ്വർഗ്ഗം നേടുന്നതെന്ന് അവരെ പഠിപ്പിച്ചതുകൊണ്ടല്ല ഇതു സാധിച്ചത്.

## അവസാനമായി..

ഈ പ്രപഞ്ചത്തിലെ തന്നെ ഏറ്റവും സുരക്ഷിതരും ആത്മാവിശ്വാസമുള്ളവരുമായ ഒരുകൂട്ടം ആളുകളാകേണ്ടവരാണ് ശിഷ്യരായ നാം. ഒന്നുമില്ലെങ്കിലും നമുക്കുള്ള ഇൻഷുറൻസ് പോളിസി ചിന്തിക്കാൻ കഴിയുന്നതിനുമപ്പുറമല്ലേ! ആത്മാവു നമ്മിലുണ്ടോയെന്നുള്ള ശങ്കയ്ക്കു യാതൊരുവിധത്തിലും ഇടയില്ല.

ആത്മാവു നമ്മിലുണ്ടോ എന്ന ചോദ്യമല്ല, പകരം നമ്മൾ ആത്മാവിന്റേതായുണ്ടോ എന്ന ചോദ്യമാണ് കൂടുതൽ പ്രസക്തമായത്. ദൈവകൃപയാൽ നമ്മുടെ ജീവിതം നവീകരിക്കാനും പുനർരൂപപ്പെടുത്താനും ദൈവാത്മാവിനു കഴിയുന്നു. ഈ ജീവിതത്തിൽ നാം പരിപൂർണ്ണരാകുന്നില്ല. അതിനാൽ മനസ്സു ശാന്തമാക്കുക, ദൈവത്തിന്റെ കൃപയ്ക്കു കൃതജ്ഞതയുള്ളവരാകുക, ദൈവാത്മാവിന്റെ പ്രവർത്തി നമ്മിൽ നടക്കട്ടെ.

### ശോധനചെയ്യുവാൻ:

1. എന്റെ രക്ഷയെക്കുറിച്ചു ഞാൻ ആത്മവിശ്വാസമുള്ളവനാണോ, അതോ ചഞ്ചലപ്പെടുന്നുണ്ടോ?
2. കൃപയ്ക്കു പകരമായി അനുസരണയെ പ്രതിഷ്ഠിക്കുന്ന തെറ്റായ ദൈവശാസ്ത്രം എന്നെ സ്വാധീനിക്കുന്നുണ്ടോ?
3. എന്റെ ആത്മവിശ്വാസത്തെ ചോർത്തിക്കളയുന്ന കാര്യങ്ങൾ എന്തൊക്കെയാണ്? അക്കാര്യങ്ങളിലൊക്കെ എപ്രകാരം എനിക്കൊരു മാറ്റം വരുത്താം?

**അദ്ധ്യായം 9**

# ആത്മാവിനാൽ നയിക്കപ്പെടൽ

## ശിഷ്യരുടെ ജീവിതത്തിൽ അതെപ്രകാരമാണ്?

ദൈവത്തിന്റെ ദാനങ്ങളെക്കുറിച്ചും അവിടുത്തെകൃപയെക്കുറിച്ചും ആത്മവിശ്വാസം കൂടുതൽ ആർജ്ജിച്ചവരായതിനാൽ നമുക്കിനി ദൈവത്തിന്റെ വഴികാട്ടലിനെക്കുറിച്ചു നോക്കാം. ദൈവഹിത മിന്നതെന്ന് നമുക്കു തിരിച്ചറിയാൻ കഴിയുന്നതെപ്രകാരമാണ്. ആത്മാവിനാൽ നയിക്കപ്പെടുകയെ ന്നത് ദൈവത്താൽ നയിക്കപ്പെടുന്നതോ യേശുവിനാൽ നയിക്കപ്പെടുന്നതോ ആണെന്നു നാം ഈ അദ്ധ്യായത്തിൽ മനസ്സിലാക്കാൻ പോകുന്നു. ഈ പ്രയോഗങ്ങളെല്ലാം അർത്ഥമാക്കുന്നതു ഒരേകാര്യം തന്നെയാണ്.

### ആത്മീയ ദിശനോക്കിയന്ത്രം?

നമ്മിലുള്ള ഉൾവെളിച്ചത്തെ പിൻതുടർന്നാൽ നാം തെറ്റുവരാത്ത ശരിയായ പാതയിലായി രിക്കും ചരിക്കുക എന്നത് യുഗങ്ങളായി വളരെ ജനസമ്മതിനേടിയ ഒരു ആശയമാണ് - ഇപ്പോഴുമതു സജീവമായ ഒരു ചിന്താസരണിയാണ്. ചെറിയകാര്യങ്ങളെക്കുറിച്ചു വേവലാതിപ്പെടേണ്ട എന്ന തന്റെ പുസ്തകത്തിൽ റിച്ചാർഡ് കാൾസൻ നൽകുന്ന ഒരു ഉപദേശം നോക്കുക (ആ പുസ്തകത്തിലെ മറ്റു ചില ഉപദേശങ്ങൾ നല്ലവയാണ്):

> ജീവിതത്തിൽ നിങ്ങളെ നയിക്കാനായി തെറ്റുവരുത്താത്ത ഒരു നിയന്ത്രണ ഘടകം നിങ്ങ ളുടെ ഉള്ളിൽ നിലനിൽക്കുന്നുണ്ട്. നിങ്ങളുടെ വികാരങ്ങളെ അടിസ്ഥാനമാക്കിമാത്രം പ്രവർത്തിക്കുന്ന ഈ വഴികാട്ടി അസന്തുഷ്ടിയും ആശയക്കുഴപ്പങ്ങളും ഉണ്ടാക്കുന്ന തെറ്റാ യപാതയിലാണോ, അല്ലെങ്കിൽ, സന്തോഷവും മനഃസമാധാനവും നൽകുന്ന ശരിയായ പാത യിലാണോ നിങ്ങൾ പോകുന്നത് എന്ന കാര്യത്തിൽ നിങ്ങൾക്കു വ്യക്തത തരും. നിങ്ങളുടെ വികാരങ്ങൾ ഒരു ഉഷ്ണമാപിനിയായി പ്രവർത്തിച്ചുകൊണ്ട്, നിങ്ങളുടെ ആന്തരിക താപവ്യ ത്യാസത്തെക്കുറിച്ചുള്ള സൂചനകൾ നൽകും.

ക്രിസ്തീയ പുസ്തകശാലകളിൽ ലഭിക്കുന്ന ഭൂരിഭാഗം സാഹിത്യത്തിലും മുഴച്ചു നിൽക്കുന്ന ആശയവുമിതാണെന്ന കാര്യം മനോവിഷമമുണ്ടാക്കുന്ന ഒന്നാണ്. ആത്മാവിനാൽ നയിക്കപ്പെടുക യെന്നതും ഇത്തരമൊരുകാര്യമാണെന്നു ധരിച്ചുവച്ചിരിക്കുന്ന അനേകരുണ്ട്. താഴെക്കൊടുത്തിരിക്കുന്ന വചനങ്ങൾ തങ്ങൾക്കു ബാധകമല്ലയെന്നു പറയാൻ കഴിയുന്നത്ര ആത്മീയ വിശുദ്ധിയുള്ള ആളുകൾ നിലവിലുണ്ടോ?

> ചിലപ്പോൾ ഒരു വഴി മനുഷ്യനു നല്ലതെന്നു തോന്നും; അതിന്റെ അവസാനമോ മരണത്തിന്റെ വഴി കളാകുന്നു. (സദൃശവാക്യങ്ങൾ 14:12)

> ഹൃദയം എല്ലാറ്റിനേക്കാളും കാപട്യവും ദുഷ്ടതയും ഉള്ളതാകുന്നു; അത് ആരാഞ്ഞറിയുന്നവൻ ആര്? (യിരമ്യ 17:9)

ഉറപ്പായ ഒരു കാര്യമെന്തെന്നാൽ നമ്മുടെ തന്നെ തോന്നലുകളെയും വികാരങ്ങളെയും അടി സ്ഥാനപ്പെടുത്തിയെടുക്കുന്ന തീരുമാനങ്ങൾ അപകടകരമാണെന്നതാണ്. നമ്മുടെ തോന്നലുകളുടെ പിന്നാലെ പോകുന്നതിനെ ആത്മാവിന്റെ നായകത്വമായി കരുതുന്നത് അസംബന്ധമാണ്, അതു നിങ്ങളെ ശരിയായ വഴിയിൽ ചരിക്കുന്നവരാക്കുന്നില്ല. (ദിശാനോക്കിയന്ത്രം (ജൈറോസ്കോപ്) പ്രവർത്തിക്കുന്നത് ഭൂഗുരുത്വാകർഷണബലത്തിന്റെയും ആ യന്ത്രത്തിലുള്ള ഡിസ്കുകളുടെ തിരി ച്ചിലിന്റെയും അടിസ്ഥാനത്തിലാണ്. നമ്മുടെ ജീവിതത്തിലും അനുദിനം യേശുവിനെ പിൻതുടരുന്ന പ്രവർത്തനത്താലും, ദൈവവചനം നൽകുന്ന ഗുരുത്വാകർഷണത്താലും നയിക്കപ്പെടുന്നില്ലെങ്കിൽ നമ്മിലെ ദിശനോക്കിയും വഴിതെറ്റിക്കും).[1]

### സകല സത്യത്തിലേക്കും നയിക്കും?

നവപെന്തക്കോസ്തുകാർ[2] ആത്മാവാൽ നയിക്കപ്പെടുന്നെന്നു അവകാശപ്പെടാനായി ഉപ യോഗിക്കുന്ന രണ്ടു വചനങ്ങളാണ് യോഹന്നാന്റെ 14:26 ഉം, 16:13 ഉം. ആ വചനങ്ങളെ നമുക്കു നോ ക്കാം.

> എങ്കിലും പിതാവ് എന്റെ നാമത്തിൽ അയയ്ക്കുവാനിരിക്കുന്ന പരിശുദ്ധാത്മാവ് എന്ന ആശ്വാസപ്രദൻ നിങ്ങൾക്കു സകലതും ഉപദേശിച്ചു തരുകയും ഞാൻ നിങ്ങളോടു പറഞ്ഞതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും. (യോഹന്നാൻ 14:26)

> സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും; അവൻ സ്വന്തമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്കു വെളിപ്പെടുത്തിതരുകയും ചെയ്യും. (യോഹന്നാൻ 16:13)

ആദ്യമായി, ആരോടാണ് യേശു ഇവിടെ സംസാരിക്കുന്നത്? തന്നെ ബന്ധനസ്ഥനാക്കുന്നതിനുമുന്നെ, യേശു തന്റെ അപ്പസ്തോലന്മാരോടു സംസാരിക്കുന്നഭാഗമാണിത്. യേശു പറഞ്ഞതൊക്കെയും ഓർമ്മിപ്പിക്കുമെന്നും, മുഴുവൻ സത്യത്തിലേക്കും വഴിനടത്തുമെന്നും വാഗ്ദാനം ചെയ്തത് അവരോടാണ്, നമ്മോടല്ല. താൻ പഠിപ്പിച്ചതെല്ലാം കേട്ടവരാണ് അവർ, എങ്കിലും മനുഷ്യ സഹജമായ ഓർമ്മക്കുറവ് നിമിത്തം കേട്ടകാര്യങ്ങൾ മുഴുവനുമായി ഓർമ്മിച്ചെടുത്തു രേഖപ്പെടുത്താൻ തടസ്സമായേക്കും - ദൈവീകമായ ഒരു ഇടപെടൽ ഇല്ലെങ്കിൽ. രണ്ടാമത്തെ വാഗ്ദാനമാകട്ടെ തന്റെ മരണശേഷം ആരംഭിക്കാനിരിക്കുന്ന സഭയെ സജ്ജമാക്കുന്നതിലേക്കാണ്. ഈ രണ്ടുവാഗ്ദാനങ്ങളും പുതിയ നിയമത്തിൽ നിറവേറിയിരിക്കുന്നു. യേശുവിന്റെ ജീവിതവും ഉപദേശങ്ങളും സുവിശേഷങ്ങളിലും, സഭയിൽ അവയുടെ പ്രായോഗികതയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ അപ്പസ്തോലപ്രവർത്തികൾ മുതൽ വെളിപാടുവരെയുള്ള പുസ്തകങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നു. എല്ലാ ക്രിസ്ത്യാനികളും അപ്പസ്തോലതുല്യരാണെന്നുള്ളതിനോ, അല്ലെങ്കിൽ നമുക്കുവേണ്ടി പ്രത്യേകമായ കാര്യങ്ങൾ ആത്മാവിനു വെളിപ്പെടുത്താനുണ്ടെന്നതിനോ ഉള്ള ഒരു സൂചനയും വചനത്തിലെങ്ങും കാണുന്നില്ല.[(3)]

## വചനം പറയുന്നത്...

ആത്മാവിനാൽ നയിക്കപ്പെടുകയെന്നത് വചനത്തിൽ പറയുന്ന കാര്യം തന്നെയാണ്. പ്രയാസമെന്താണെന്നുവച്ചാൽ ഈ ആശയത്തെ കോട്ടിയോ അല്ലെങ്കിൽ സൗകര്യപൂർവ്വം പുനഃപരിവർത്തനം ചെയ്തോയൊക്കെ ദശലക്ഷക്കണക്കിനാളുകൾ വചനത്തിൽ ഉദ്ദേശിച്ചിട്ടില്ലാത്ത രീതിയിൽ ഉപയോഗിക്കുന്നു എന്നതാണ്. ആത്മാവു നമ്മുടെ ഹൃദയത്തിലേക്കുവന്നുകഴിഞ്ഞാൽപ്പിന്നെ, ജീവിതത്തിലൂടെയും അതിലെടുക്കേണ്ടിവരുന്ന തീരുമാനവൈതരണികളിലൂടെയും നമ്മെ നയിക്കുവാനായി നമ്മുടെ ഉള്ളിൽ യാന്ത്രികമായി പ്രവർത്തിക്കുന്ന ഒരു സമ്പ്രദായം സ്ഥാപിക്കപ്പെടുന്നു എന്ന ആശയമാണ് ഏറെ ജനസമ്മതിയാർജ്ജിച്ച ഒന്ന്. നേരത്തേ സൂചിപ്പിച്ചതുപോലത്തെ ഒരു ദിശനോക്കിയന്ത്രം. എന്നാൽ ബൈബിൾ ഇതിനെക്കുറിച്ചെന്താണു പറയുന്നത്? വളരെ വ്യക്തമായ രണ്ടു വചനങ്ങൾ നമുക്കു പരിശോധിക്കാം:

> ആകയാൽ സഹോദരന്മാരേ, നാം ജഡത്തെ അനുസരിച്ചു ജീവിക്കേണ്ടതിന് ജഡത്തിനോടല്ല കടപ്പാടുള്ളവരാകുന്നത്. നിങ്ങൾ ജഡത്തെ അനുസരിച്ചു ജീവിക്കുന്നുവെങ്കിൽ നിശ്ചയമായും മരിക്കും; ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികൾ നിർജ്ജീവമാക്കുന്നുവെങ്കിലോ നിങ്ങൾ ജീവിക്കും. ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവർ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു. നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിന് ദാസ്യത്തിന്റെ ആത്മാവിനെയല്ല, നാം അബ്ബാ പിതാവേ, എന്നു വിളിക്കുന്ന പുത്രത്വത്തിന്റെ ആത്മാവിനെയാണ് പ്രാപിച്ചത്. (റോമർ 8:12-15)

> ആത്മാവിനെ അനുസരിച്ചു നടക്കുവിൻ; എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കുകയില്ല എന്ന് ഞാൻ പറയുന്നു. ജഡത്തിന്റെ അഭിലാഷം ആത്മാവിനും ആത്മാവിന്റെ അഭിലാഷം ജഡത്തിനും എതിരാണ്; നിങ്ങൾ ഇച്ഛിക്കുന്നതു ചെയ്യുവാൻ കഴിയാത്തവിധം അവ പരസ്പരവിരുദ്ധങ്ങളാണ്. ആത്മാവിനെ അനുസരിച്ചു നടക്കുന്നുവെങ്കിൽ നിങ്ങൾ ന്യായപ്രമാണത്തിൻ കീഴിൽ ഉള്ളവരല്ല. (ഗലാത്യർ 5:16-18)

ആത്മാവിനാൽ നയിക്കപ്പെടുകയെന്നാൽ നമ്മുടെ പാപപ്രകൃതിയെ അല്ലെങ്കിൽ മാംസേച്ഛകളെ നശിപ്പിക്കുകയെന്നതാണെന്ന് ഈ രണ്ടു വേദഭാഗത്തിലും നാം കാണുന്നു. ദൈവത്തിന്റെ ധാർമ്മികമൂല്യങ്ങളിലേക്കാണ് ആത്മാവു നമ്മെ നയിക്കുന്നത്. പ്രകൃത്യാതീതമായ രീതിയിൽ നമ്മുടെ അനുദിന വ്യാപാരങ്ങളിൽ ഇടപെടുന്നതിനേക്കുറിച്ചല്ല.

അനുദിന ജീവിതത്തിലെ മിക്കവാറും തീരുമാനങ്ങൾ നാം തന്നെ എടുക്കേണ്ടവയാണ്, ദൈവീകമായ ഒരു ഇടപെടൽ ഇല്ലാതെതന്നെ. എന്നിരുന്നാലും പ്രാർത്ഥനയോടും ഉപദേശസ്വീകരണത്തോടും വചനതാത്പര്യങ്ങളെ ശ്രദ്ധാപൂർവ്വം പരിശോധിച്ചു നോക്കിയുമാണ് ഈ തീരുമാനങ്ങൾ നാം എടുക്കേണ്ടത് എന്ന കാര്യം ശിഷ്യന്മാരോടു എടുത്തുപറയേണ്ടതില്ലല്ലോ.

## പഴയനിയമ പശ്ചാത്തലം

ആത്മാവിനാൽ നയിക്കപ്പെടുകയെന്നാൽ ജഡത്തെ മരിച്ചതാക്കുക എന്നതാണെന്നു നാം കണ്ടുകഴിഞ്ഞു (റോമർ 8, ഗലാത്യർ 5). പുതിയനിയമത്തിലെ ഭൂരിഭാഗം വചനങ്ങളും ഇതു സാക്ഷീ കരിക്കുന്നു. എന്നാൽ പഴയ നിയമത്തിൽ ഇതേക്കുറിച്ച് എന്താണു പറയുന്നതെന്നു നമുക്കു നോക്കാം.

ദൈവത്തെ അനുസരിക്കുന്നതിനായി ആത്മാവു നമ്മെ നയിക്കുന്നു എന്ന് യെഹെസ്കേൽ 36:27 സൂചിപ്പിക്കുന്നു (അതു തന്നെയാണു നമ്മുടെയും ആഗ്രഹം എന്ന അനുമാനത്തിൽ - സങ്കീ 40:8, 25:5 ഇവനോക്കുക). തീരുമാനമെടുക്കാനുള്ള നമ്മുടെ സ്വാതന്ത്ര്യത്തെ ആത്മാവു കയ്യടക്കി വയ്ക്കുന്നില്ല. സങ്കീ 143:10 ഈ വിഷയത്തിൽ എനിക്ക് ഇഷ്ടമുള്ള ഒരു വചനമിതാണ്:

> നിന്റെ ഇഷ്ടം ചെയ്യുവാൻ എന്നെ പഠിപ്പിക്കേണമേ. നീ എന്റെ ദൈവമാകുന്നുവല്ലോ; നിന്റെ നല്ല ആത്മാവ് എന്നെ നീതിയുള്ള നിലത്തേക്കു നടത്തുമാറാകട്ടെ. (**സങ്കീ 143:10**)

ആത്മാവാൽ നയിക്കപ്പെടുകയെന്നത് അച്ചടക്കപൂർണ്ണമായ ഒരു ജീവിത രീതി അവലംബി ക്കുകയെന്നതാണ്, കുറുക്കു വഴികൾ തേടുന്നതല്ല. (കരിസ്മാറ്റിക് ചിന്താഗതിയിൽ നിന്നും എത്ര വ്യത്യസ്തമാണ് വേദപുസ്തകത്തിലെ ആശയമെന്നു നോക്കുക. അവരെ സംബന്ധിച്ച് ആത്മാവി നാൽ നയിക്കപ്പെടുകയെന്നാൽ ഏറ്റവും എളുപ്പമുള്ളതും സന്തോഷമുളവാകുന്നതുമായ മാർഗ്ഗം കണ്ടെ ത്തുകയെന്നതാണ്). നാം ആത്മാവിനെ അനുസരിക്കണം. ആത്മാവിനാൽ നയിക്കപ്പെടുകയെന്നത് ഒരു പഠനപ്രക്രിയകൂടിയാണ്, നമ്മിലെ ഉൾപ്രേരണകളും പെട്ടെന്നുള്ള പ്രതികരണങ്ങളും അനുസ രിച്ചു പ്രവർത്തിക്കുകയെന്നതല്ല.

ചരിത്രപരമായ ഒരു ദൃഷ്ടാന്തം സംഖ്യ 10:31ൽ നമുക്കു കാണാം. പകൽ ഒരു മേഘസ്തംഭ ത്തിനാൽ ദൈവം ഇസ്രായേൽ മക്കളെ നയിച്ചു - രാത്രി അഗ്നിസ്തംഭത്തിനാലും. ഇത്രവലിയ ഒരു വഴികാട്ടി അവരുടെ മുന്നിൽനിന്ന് ദൈവവഴിയിൽ അവരെ നയിക്കുമ്പോൾ വഴിതെറ്റാനുള്ള സാദ്ധ്യത വിദൂരമല്ലേ! എന്നിട്ടും ഒരു നല്ല വഴികാട്ടിയെ മോശ തിരഞ്ഞതെന്തിനാണ്? നീ ഞങ്ങൾക്കു കണ്ണാണ് എന്നു അവൻ ഹോബാബിനോടു പറഞ്ഞു. ദൈവത്തിന്റെ വഴികാട്ടൽ ഉണ്ടായിട്ടുപോലും താഴെ മണ്ണിൽ ദൈനംദിനമായി അനേകകാര്യങ്ങളിൽ തീരുമാനമെടുക്കേണ്ട ചുമതല മോശയ്ക്കുതന്നെ യായതിനാലാണ് ഈ അഭ്യർത്ഥനയെന്നു നമുക്കു മനസ്സിലാക്കാൻ കഴിയും.

പ്രായോഗികമായി നമുക്കു മനസ്സിലാക്കാവുന്ന കാര്യമിതാണ്: ദൈവം നമ്മെ മേഘ സ്തംഭത്തിലൂടെ വഴികാട്ടുന്നു (പൊതുവായുള്ള വചനമൂല്യങ്ങളാലും മറിച്ചൊരു വഴിയില്ലാത്ത തര ത്തിലുള്ള സംഭവങ്ങളാലും കരുതലിനാലും), അതേസമയം തന്നെ ആളുകളിലൂടെയും ചിന്തായു ക്തിയിലൂടെയും സാമാന്യബോധത്തിലുടെയും വ്യക്തമായ വചനതത്വങ്ങളാലും അനുദിനം നയി ക്കുകയും ചെയ്യുന്നു. സ്വന്തശക്തിയിൽ ആശ്രയിക്കാതെയും എന്നാൽ ആത്മീയതയെന്ന പേരുള്ള ബോധശൂന്യമായ മറ്റൊരു തലത്തിലേക്കു പോകാതെയും നാം ഒരു സംതുലനം കാത്തുസൂക്ഷിക്കേ ണ്ടതുണ്ട്.

വഴിനടത്തൽ വചനത്തിലൂടെതന്നെയാണ് എങ്കിലും, സങ്കീ 143:10ലും, യെഹെസ്കേൽ 36:27ലും കണ്ടതുപോലെ വചനത്തോടുള്ള അനുസരണത്തിന്റെ കാര്യത്തിൽ ആത്മാവു നമ്മെ പൊതുവായി സഹായിക്കുന്നു. ദൈവഹിതപ്രകാരം, നമുക്കുമനസ്സിലാക്കാൻ കഴിയാത്ത വഴികളിൽ ആത്മാവു നമ്മിൽ വ്യാപരിക്കുന്നു. മേഘത്തൂണിലൂടെ ദൈവം നയിച്ചമാതൃക മനസ്സിൽസൂക്ഷിച്ചുകൊണ്ട് ദൈവം നമ്മെ നയിക്കുന്ന വിധത്തിന്റെ ദൈവീകവും മാനുഷികവുമായ വശങ്ങൾ പരിഗണിക്കാം.

## പാപത്തെക്കുറിച്ചുള്ള ബോധ്യം

സഭായോഗം മുടങ്ങാനായി ആത്മാവെന്നെ നയിച്ചു, മക്ഡൊണാൾഡ്സിൽ പോയി ഭക്ഷണം കഴിക്കാൻ ദൈവാത്മാവെന്നെ നയിച്ചു എന്നൊക്കെ പറയുന്നതു വചനവിരുദ്ധമാണ്. എന്നാൽ നവ പെന്തക്കോസ്തുവൃത്തങ്ങളിൽ കേട്ടുവരുന്ന ഭാഷാശൈലി ഇതാണ് - ഏതെങ്കിലും ഒരു തീരുമാന മെടുക്കുന്നതിനായി ആത്മാവു വ്യക്തിപരമായി പ്രേരിപ്പിച്ചു എന്ന രീതിയിൽ. എന്നാൽ എന്റെ ഭക്ഷ ണപ്രേമം അവസാനിപ്പിക്കാൻ ദൈവാത്മാവെന്നെ സഹായിച്ചുവെന്നോ, വർണ്ണവ്യത്യാസമില്ലാതെ എല്ലാവർഗ്ഗക്കാരെയും ഒരേപോലെ സ്നേഹിക്കാൻ ആത്മാവെന്നെ സഹായിച്ചുവെന്നോ ഒക്കെയുള്ള പ്രസ്താവനകൾ നാം കേൾക്കുന്നതു വിരളമായാണ്. പാപത്തെക്കുറിച്ചുള്ള ബോധ്യം വരുത്തുന്ന താണ് ആത്മാവിന്റെ പ്രഥമകർത്തവ്യങ്ങളിലൊന്ന് എന്ന കാര്യം ബൈബിൾ വ്യക്തമാക്കി പറയുന്നു.

> അവൻ (ആത്മാവു) വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോക ത്തിനു ബോധ്യം വരുത്തും. അവർ എന്നിൽ വിശ്വസിക്കാത്തതുകൊണ്ട് പാപത്തെക്കുറിച്ചും, ഞാൻ പിതാവിന്റെ അടുക്കൽ പോകുകയും നിങ്ങൾ ഇനിയും എന്നെ കാണാതിരിക്കുകയും ചെയ്യുന്നതു

കൊണ്ട് നീതിയെക്കുറിച്ചും, ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ന്യായവിധി യെക്കുറിച്ചും തന്നെ (യോഹന്നാൻ 16:8-11)

പ്രസംഗിക്കപ്പെട്ട വചനം പ്രസംഗിച്ചോ ഇല്ലയോ എന്നതിനെക്കുറച്ചൊരു ബോധ്യമാണു ദൈവാത്മാവു നൽകുക എന്ന ഒരു തോന്നലാണ് ആദ്യം നമുക്കിതുവായിക്കുമ്പോൾ ഉണ്ടാവുക. അങ്ങനെയല്ല. ദൈവവചനമാണ് മനുഷ്യനു ബോധ്യം നൽകുന്നതും (യിരമ്യ 23:22), അവനെ വിശ്വാസത്തിലേക്കു നയിക്കുന്നതും (റോമർ 10:17). പഴയനിയമകാലത്തു പ്രവാചകരിലൂടെ ദൈവം തന്റെ ജനതയോടു സംസാരിച്ചുവെന്നു നെഹമ്യാവ് 9:20-30ൽ നമുക്കു കാണാം. അക്കാലത്തെ കള്ളപ്രവാചകരുടെ പ്രധാന അയോഗ്യതയെന്തായിരുന്നു എന്നു വച്ചാൽ, പാപത്തെക്കുറിച്ചുള്ള ബോധ്യം ജനങ്ങൾക്കു നല്കാൻ അവർക്കു കഴിയാത്തതായിരുന്നു (വിലാപങ്ങൾ 2:14). പാപത്തിൽ നിന്നു മാനസാന്തരപ്പെടാനുള്ള ബോധ്യം നമ്മിൽ ജനിക്കുന്നത് ദൈവവചനത്തിലൂടെ പരിശുദ്ധാത്മാവു പ്രവർത്തിക്കുമ്പോഴാണ്. എന്നെ സ്നേഹിക്കുന്ന ദൈവീക സഹോദരങ്ങൾ ശക്തമായ സന്ദേശങ്ങളിലൂടെയും നേരിട്ടുള്ള വെല്ലുവിളികളിലൂടെയും എന്നെ മാറ്റത്തിലേക്കുവിളിച്ചതിനെയോർത്തു ഞാൻ ദൈവത്തിനു സ്തോത്രം ചെയ്യുന്നു. ആ വെല്ലുവിളികൾ എനിക്കാവശ്യമായിരുന്നു. അവ ഏറ്റെടുത്തു നാം മാറ്റം വരുത്തുമ്പോൾ ദൈവനാമം മഹത്വപ്പെടുന്നു.(4)

ഒരിക്കൽക്കൂടി പറയട്ടെ; ദൈവത്തിന്റെ ധാർമ്മിക ഹിതത്തിലേക്കാണ് (നേരായപാതയിലേക്ക്(5)) പാപത്തെക്കുറിച്ചുള്ള ബോധ്യം നൽകി ദൈവാത്മാവു നമ്മെ നയിക്കുന്നത്. എന്നാൽ അതു മാത്രമല്ല ദൈവാത്മാവു ചെയ്യുന്നത് - അതുമാത്രമായിരുന്നെങ്കിൽ ഈ പുസ്തകം നന്നേ ചെറുതായാനേ. എന്നാൽ ഇക്കാലത്തെ വർണ്ണശബളമായ ക്രിസ്തീയലോകത്ത് ഏറ്റവും അവഗണിക്കപ്പെടുന്ന ആത്മാവിന്റെ പ്രധാനപ്പെട്ട ഒരു വ്യാപാരമാണ് ഇത്.

## വിശ്വാസത്തിലുള്ള സഹോദരീസഹോദരന്മാരിലൂടെയുള്ള വഴിനടത്തൽ

ദൈവീകരായ സഹോദരീസഹോദരന്മാരിൽ നിന്നും ഉപദേശം സ്വീകരിച്ചു പദ്ധതികൾ ഒരുക്കുമ്പോൾ നാം വിജയപാതയിലാണെന്നു വചനം ആവർത്തിച്ചു പഠിപ്പിക്കുന്നു (സദൃശവാക്യം 12:5, 12:15, 13:10, 15:22, 19:20, 20:08). ഉപദേശ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതു നമുക്കു സഹായകരമാണ് - ഉപദേശം തരുന്നവർ ദൈവപ്രചോദിതരായതുകൊണ്ടല്ല, പകരം അവരുടെ കാഴ്ചപ്പാടും അനുഭവങ്ങളും നാം തീരുമാനമെടുക്കേണ്ട വിഷയത്തിലുള്ള നമ്മുടെ കാഴ്ചപ്പാടിനെ വിശാലമാക്കുന്നതുകൊണ്ടാണ്. അതുകൊണ്ടാണ് ഉപദേശകന്മാരുടെ പെരുക്കം വിജയം സുനിശ്ചിതമാക്കുന്നത്.

സ്വാഭാവികമായും, ശിഷ്യരല്ലാത്ത ആളുകളിൽ നിന്നും ചിലകാര്യങ്ങളിൽ കുറ്റമറ്റ ഉപദേശങ്ങൾ നമുക്കു സ്വീകരിക്കാനാകും - ആ മേഖലകളിൽ പ്രഗല്ഭരായ ആളുകളിൽ നിന്നും. നിങ്ങൾ ആശ്രയം വയ്ക്കുന്ന വാഹനപരിചാരകൻ (മെക്കാനിക്) ഒരു ശിഷ്യനാകണമെന്നില്ല. എന്നാൽ നിങ്ങളുടെ വിവാഹത്തെക്കുറിച്ചും ആത്മീയജീവിതത്തെക്കുറിച്ചുമെല്ലാം പുറമേയുള്ള ആളുകളുടെ അടുത്ത് ഉപദേശത്തിനു പോകുന്നത് അവിവേകമായിരിക്കും (സദൃശവാക്യം 13:20, ഏശയ്യ 19:11, യെഹെസ്കേൽ 11:2)

മറ്റുള്ളവരിൽനിന്നുമുള്ള നല്ല ഉപദേശങ്ങളിലൂടെ ദൈവം പ്രവർത്തിക്കുന്നു, എങ്കിലും അവർ ദൈവപ്രചോദിതമായ ഉപദേശങ്ങളല്ല നൽകുന്നത് എന്ന കാര്യം നാം വിസ്മരിക്കരുത്. ഏതെങ്കിലുമൊരു സ്ഥാനമലങ്കരിക്കുന്നയാളുകൾ, തങ്ങളുടെ സ്ഥാനമഹിമകൊണ്ട് തങ്ങളുടെ ഉപദേശങ്ങൾ ദൈവഹിതമാണെന്നു ധരിച്ചുവയ്ക്കാൻ പാടില്ല. ഇത്തരം ആശയം ചിന്താശൂന്യവും വചനവിരുദ്ധവുമാണെന്നു മാത്രമല്ല, ദുരുപയോഗത്തിനുള്ള സാദ്ധ്യകൾ ഏറെയുള്ളതുമാണ്. വ്യക്തമായ വചനസൂചനയില്ലെങ്കിൽ ഉപദേശങ്ങൾ മാനുഷികമായ അഭിപ്രായങ്ങൾമാത്രമാണ് എന്നകാര്യം തർക്കമറ്റതാണ്.

നമ്മെ ആത്മീയമായി വഴിനടത്താനായി ഒരുവ്യക്തിയുണ്ടെങ്കിൽപോലും (ശിഷ്യത്വം നൽകുന്നയാൾ), അനേകരുടെ സഹായം ദൈവവഴികൾ തിരിച്ചറിയാനായി നമുക്കു സഹായകമാകുന്നു. ദൈവജനതയെ ആത്മാവുനയിക്കുന്ന ഒരു വഴി തീർച്ചയായുമിതാണ്.

ദൈവഹിതത്തെക്കുറിച്ചു വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്ന വേറൊരു വഴി വിശ്വാസത്തിൽ ജീവിക്കുന്ന സ്ത്രീ പുരുഷന്മാരുടെ ജീവിതമാതൃക പിൻതുടരുന്നതാണ് (1 കൊരിന്ത്യർ 4:15-17, 11:1, ഫിലിപ്പിയർ 4:9, എബ്രായർ 6:11-12, 13:7)

## ഒരു വ്യക്തിയോടുള്ള ആകർഷണവും (പ്രേമം) ആത്മാവും

ജീവിതപങ്കാളിയെ കണ്ടെത്തുന്നതിൽ ദൈവഹിതം തിരിച്ചറിയുന്നതാണ് ബുദ്ധിമുട്ടേറിയ

മറ്റൊരു മേഖല. ഒരു വ്യക്തിയോടു തോന്നുന്നസ്നേഹവികാരങ്ങളും യഥാർത്ഥസ്നേഹവുമായി എങ്ങിനെ വേർതിരിച്ചറിയും? വൈകാരികമായ സ്നേഹതള്ളലും ദൈവീകമായസ്നേഹവും തമ്മിൽ അന്തരങ്ങൾ ഒരുപാടുണ്ട്. അതിനാൽ പ്രേമപൂർവ്വകമായ തോന്നലുകളെ ആത്മാവിന്റെ പ്രചോദന മായി സ്വീകരിക്കുന്നത് വിവേകപൂർണ്ണമായ ഒരു കാര്യമേയല്ല.

ആത്മീയതമുറ്റിയ വാക്കുകളാൽ തങ്ങളുടെ ദാമ്പത്യ പരാജയം ഒളിപ്പിച്ചു വയ്ക്കുന്ന അനേ കരെ ഞാൻ കണ്ടിട്ടുണ്ട്. (ഈ ആൾ എനിക്കുള്ളതല്ല എന്ന് ആത്മാവു എന്നോടു സംസാരിച്ചു എന്നും മറ്റും) ശിഷ്യനായ ഒരാൾ മറ്റൊരു ശിഷ്യനെ മാത്രമേ വിവാഹം കഴിക്കാവൂ എന്നകാര്യ ത്തിൽ വചനത്തിൽ മറ്റൊരഭിപ്രായമില്ല (1 കൊരിന്ത്യർ 7:39, 2 കൊരിന്ത്യർ 6:14, എസ്രാ 9-10 അദ്ധ്യാ യങ്ങൾ).

ബഹുമാന്യമായ ഒരു ഉദാഹരണം ഉൽപ്പത്തി 29ൽ യാക്കോബിൽ നമുക്കു കാണാം. റാഹേ ലിനുവേണ്ടി ഏഴുവർഷം ലൈംഗീകശുദ്ധിയോടെ യാക്കോബ് ജോലിചെയ്തു. അവളോടുള്ള സ്നേഹം നിമിത്തം, വർഷങ്ങൾ കടന്നുപോയത് അവൻ അറിഞ്ഞില്ല. (യഥാർത്ഥസ്നേഹമില്ലായിരുന്നെങ്കിൽ ഏഴുവർഷം ഏഴുയുഗമായി അനുഭവപ്പെട്ടേനേ!) ജീവിതപങ്കാളിയെ തിരഞ്ഞെടുക്കുന്ന സമയത്ത് വന്നുഭവിക്കാവുന്ന ഈ വാരിക്കുഴികൾ തിരിച്ചറിയുക:

- ഒരു ബന്ധത്തിലേക്ക് എടുത്തുചാടുന്നത്.
- വിശ്വാസിയല്ലാത്ത ഒരു പുരുഷനുമായോ / സ്ത്രീയുമായോ വൈകാരിക അടുപ്പം വളർത്തുന്നത്.
- പങ്കാളിയെ തിരഞ്ഞെടുക്കുന്നതിനായി അടയാളങ്ങൾ തേടുന്നത് (ഞാൻ നോക്കുന്ന സമയ ത്തുതന്നെ അവൾ എന്നെയും നോക്കുകയാണെങ്കിൽ അവൾ തീർച്ചയായും എനിക്കുള്ളതാ ണ്). നിങ്ങളുടെ ഈ കളിയിൽ ദൈവം പങ്കുകാരനാണെന്നതിന് യാതൊരു ഉറപ്പുമില്ല.
- വചനനിർദ്ദേശങ്ങളെ കാറ്റിൽ പറത്തുന്നത് (ആത്മീയനല്ലാത്ത/ആത്മീയയല്ലാത്ത ഒരാളുമായി, അവർ പിന്നീടുമാറ്റം വരുത്തുമെന്ന ഒരു ശുഭാപ്തിവിശ്വാസത്തോടെ അടുക്കുന്നത് അപകട കരമായ ഒരു കെണിയാണ്.
- നിങ്ങളുടെ നിലവാരങ്ങളിൽ മർക്കടമുഷ്ടിമനോഭാവം പുലർത്തി ഒരാളെ തിരഞ്ഞെടുക്കാ നായി ശ്രമിക്കുന്നത് (അവിവാഹിതനെന്ന/അവിവാഹിതയെന്ന നിങ്ങളുടെ അവസ്ഥ നീണ്ടു പോകാൻ മാത്രമേ ഇതുപകരിക്കൂ).
- ഒരു ബന്ധം വേർപെടുമ്പോൾ ദൈവത്തിലുള്ള ആശ്രയമില്ലാതെ അതിനെ നേരിടുന്നത്. വളരെ ആഴത്തിലുള്ള ഒരു ആത്മീയ മനം മടുപ്പിലേക്കായിരിക്കും അതു നിങ്ങളെ കൊണ്ടു വന്നെത്തിക്കുക.

## വചനത്താലുള്ള വഴിനടത്തൽ

ആത്മീയമായി നമ്മെ വഴിനടത്തുന്നതു വചനമാണ് - കാരണം വചനം ദൈവാത്മാവിനാൽ പ്രചോദിതമായതാണ്. വചനം വ്യക്തമായി പറയുന്ന നിർദ്ദേശങ്ങൾ അനുസരിക്കാതെ വരുമ്പോൾ നിങ്ങൾ ആത്മാവിനെ ധിക്കരിക്കുകയാണു ചെയ്യുന്നത്. വചനത്തിന്റെ അധികാരത്തിനും മേലേ യായി ആത്മാവു തങ്ങൾക്കു നേരിട്ടുള്ള ബോധ്യങ്ങൾ നൽകുന്നു എന്നു കരുതുന്ന ആളുകൾ അനേകരുണ്ട്. സ്വയം നീതിമാൻ ചമയുന്നതിനുവേണ്ടിയാണ് അവർ ഈ പ്രതിവാദമുന്നയിക്കുന്നത്. വചനത്തിലൂടെ നിങ്ങൾ പറഞ്ഞകാര്യങ്ങൾ ആത്മാവ് എനിക്കുവ്യക്തമാക്കിത്തന്നാൽ ഞാൻ മാറ്റം വരുത്താം എന്ന ഒരു വാദമുഖം. എന്നാൽ ആത്മാവു നമ്മെ ബോധ്യപ്പെടുത്തുന്നതു വചനങ്ങളിൽകൂ ടിയാണ് എന്നതാണ് നഗ്നസത്യം (2തിമോത്തി 3:16-17, യോഹന്നാൻ 16:8).

വചനം നാം ഹൃദ്യസ്ഥമാക്കുകയും (യിരമ്യ 31:33) അവയെ അനുസരിക്കുന്നതിലേക്കായി നമ്മുടെ ഹൃദയത്തെ നിരന്തരം പരിശീലിപ്പിക്കുകയും ചെയ്യുമ്പോൾ മറ്റുള്ളവരുടെ ഉപദേശമില്ലാതെ തന്നെ നമ്മെ നയിക്കാൻ ആത്മാവിനു കഴിയുന്നു. നമ്മുടെ രണ്ടാം പ്രകൃതമായി അതു മാറുന്നു. എന്നാൽ ഈ രണ്ടാം പ്രകൃതം പോലും തെറ്റാവരമായി കരുതാൻ പാടില്ല. വചനം തന്നെയാണ് അന്തിമമായുള്ള അധികാരസ്രോതസ്സ്.

## ആത്മാവിനാൽ നയിക്കപ്പെടുക - സംഗ്രഹം

അന്ധവിശ്വാസം നിറഞ്ഞമനസ്സുകളെക്കുറിച്ചു പരിശോധിക്കുന്ന അടുത്ത അദ്ധ്യായങ്ങളിലേക്കു പോകുന്നതിനുമുമ്പ് നമുക്കു പഠിച്ചകാര്യങ്ങൾ ഒന്നു ക്രോഡീകരിക്കാം.

- ആത്മാവു നമ്മെ നയിക്കുന്നതു നമുക്കുണ്ടാകുന്ന തോന്നലുകളിലൂടെയല്ല. പ്രചോദിപ്പിക്കുന്ന തിനെക്കുറിച്ചും, ആന്തരികവികാരങ്ങളെക്കുറിച്ചും, രഹസ്യവെളിപാടുകളെക്കുറിച്ചുമൊക്കെ യുള്ള അവകാശവാദങ്ങൾ വെറും പൊള്ളയായ മാനസികവ്യാപാരങ്ങൾ മാത്രമാണ്.

- മുഴുവൻ സത്യത്തിലേക്കും നയിക്കും എന്ന വാഗ്ദാനം നൽകപ്പെട്ടതു അപ്പസ്തോലന്മാർക്കാണ്.

- പാപത്തെക്കുറിച്ചു നമ്മെ ബോധ്യപ്പെടുകയും അവയെ മറികടക്കാനായി നമ്മെ സഹായിക്കുകയും ചെയ്യുകയെന്നതാണ് പരിശുദ്ധാത്മാവിന്റെ പ്രഥമ പ്രവർത്തനം. (റോമർ 8, ഗലാത്യർ 5 എന്നീ അദ്ധ്യായങ്ങൾ ഇതുവ്യക്തമാക്കുന്നു.)

- ആത്മാവിനാൽ നയിക്കപ്പെടുകയെന്നാൽ നമുക്കുസ്വന്തമായി തീരുമാനമെടുക്കാൻ കഴിയാത്ത ഒരു അവസ്ഥയെന്നതല്ല.

- ദൈവവചനത്തിൽ നാം ആഴത്തിൽ വേരൂന്നിയവരാകുമ്പോൾ, നമ്മുടെ ഉൾവിളി വചനാനുസൃതമാകാം. എന്നാലും ഇതു തെറ്റാവരമല്ല എന്ന കാര്യം പ്രത്യേകം സ്മരിക്കണം.

- ദൈവത്തോടും അവന്റെ വചനത്തോടുമുള്ള അനുസരണത്തിനെ ആത്മാവിനോടുള്ള അനുസരണമായി പഴയനിയമം തുലനപ്പെടുത്തുന്നു.

- പാപത്തെക്കുറിച്ചുള്ള ബോധ്യം പരിശുദ്ധാത്മാവു നൽകുന്നു. ആത്മീയനായ ഒരു വ്യക്തി മറ്റുള്ളവർക്ക് ഉന്നതങ്ങളിലേക്കുള്ള ഒരു വിളിയാണ്. വചനസത്യങ്ങളെക്കുറിച്ച് ആഴത്തിലുള്ള ബോധ്യം കേൾവിക്കാരിൽ ഉണ്ടാക്കുന്ന ഒരു സന്ദേശമാണ് ആത്മീയമായ സന്ദേശം.

- വചനതത്വങ്ങളിൽ അധിഷ്ഠിതമായാണ് ആത്മാവു നമ്മെ നയിക്കുന്നത്.

- ജീവിതപങ്കാളിയാക്കാനുള്ള ഇഷ്ടം ഒരാളോടു തോന്നുന്ന സന്ദർഭം വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ട ഒരു കാര്യമാണ്.

- വചനത്തിൽ പക്വത പ്രാപിച്ച സഹോദരീ സഹോദരന്മാരിലൂടെ ആത്മാവു നമ്മെ വഴിനടത്തുന്നു.

## എനിക്കിതു നല്ല അനുഭവമാണ്

അനേകം പേരുടെ മതമെന്നത് ഒരു നല്ല തോന്നലിൽ അല്ലെങ്കിൽ അനുഭൂതിയിൽ ഊന്നിയ ഒന്നാണ്. നല്ല ഒരു അനുഭൂതിയിൽ തെറ്റൊന്നുമില്ല, എങ്കിലും അതു ആത്മീയതയായി തെറ്റിധരിക്കരുത്. ആത്മീയതയെന്നാൽ നല്ല ഒരു അനുഭൂതിയെന്നതിനപ്പുറം ദൈവവചനത്തെ അനുസരിക്കലാണ് എന്നതു മനസ്സിലാക്കാത്തതാണ് അടിസ്ഥാനപരമായ തെറ്റ്. അവിടത്തെ വചനം എന്തുപറയുന്നു എന്നുമനസ്സിലാക്കി അതനുസരിക്കുന്നതിനേക്കാൾ പ്രധാനമായി പരിഗണിക്കുന്നത്, ദൈവത്തിന്റെ ചിന്താധാരയെ നമ്മുടെ വരുതിയിലാക്കണമെന്ന ചിന്തയാണ് (സ്വയം ദൈവമാകണമെന്ന ചിന്ത). ചുരുക്കത്തിൽ വ്യക്തിപ്രഭാവമാണ് ഇവിടെ വാഴുന്നത്.

ധാരാളം ആളുകൾ തീരുമാനമെടുക്കുന്നത് തങ്ങളുടെ വികാരങ്ങളെ അധിഷ്ഠിതമാക്കിയാണ്. അവർ ദൈവഹിതത്തിനായി നോക്കുന്നതു സ്വന്തം ഹൃദയത്തിലേക്കു തന്നെയാണ്, ദൈവം അവിടെയിരുന്നാണു സംസാരിക്കുന്നതെന്ന ധാരണയാണ് ഇതിനു കാരണം. ദൈവം നൽകുന്ന ഉൾപ്രേരണയെക്കുറിച്ചും, വചനത്തിലും വാക്കുകളിലും സ്വപ്നങ്ങളിലും കാലാവസ്ഥയിലുമൊക്കെയുള്ള അടയാളങ്ങൾ വ്യാഖ്യാനിക്കുന്നതിനെക്കുറിച്ചുമൊക്കെ അവർ ജാഗരൂകരായി കഴിയുന്നു. ഇങ്ങനെ ചെയ്യുമ്പോഴാണ് അവർ ആത്മാവിനാൽ നയിക്കപ്പെടുന്നത് എന്ന തോന്നലിൽ അവർ മുഴുകുന്നു. ദൈവവചനം യഥാർത്ഥത്തിൽ എന്തുപറയുന്നു എന്നതിനെക്കുറിച്ച് അവർക്കറിയില്ല എന്നതാണു സങ്കടകരമായ യാഥാർത്ഥ്യം.

## സ്വർഗ്ഗീയാനന്ദം?

ജോൺ ബുനിയൻ (1628–88) എഴുതിയ ദി പിൽഗ്രിംസ് പ്രോഗ്രസ് എന്ന പുസ്തകത്തിൽ നിന്നുമുള്ള ഒരു ഭാഗമാണ് താഴെ കൊടുത്തിരിക്കുന്നത്. ഒരു ക്രിസ്ത്യാനിയും ഒരു അറിവില്ലാത്തവനും തമ്മിലുള്ള സംഭാഷണ ശകലമാണ് ഇത്.

ക്രി: വരൂ, എന്തൊക്കെയുണ്ടു വിശേഷം? നിങ്ങളുടെ ആത്മാവും ദൈവവുമായുള്ള ബന്ധം എങ്ങിനെയുണ്ട്?

അറി: ഞാൻ നടക്കുന്ന വഴികളിലെല്ലാം എന്നിലേക്കു വരുന്ന നല്ല തോന്നലുകളുടെ നിറസാന്നിദ്ധ്യം കൊണ്ട് പ്രത്യാശാ പൂർണ്ണനായി ഞാൻ കഴിയുന്നു.

ക്രി: എന്തൊക്കെയാണ് ആ ശുഭചിന്തകൾ? എന്നോടു പറയാമോ?

അറി: പറയാമോന്നോ? ഞാൻ ദൈവത്തെക്കുറിച്ചും സ്വർഗ്ഗത്തെക്കുറിച്ചും മാത്രം ചിന്തിക്കുന്നു.

ക്രി: ശപിക്കപ്പെട്ടവരും സാത്താനും ഇതു തന്നെയാണല്ലോ ചിന്തിക്കുന്നത്?

അറി: ഞാൻ ചിന്തിക്കുക മാത്രമല്ല, അവയെ ആഗ്രഹിക്കുകയും ചെയ്യുന്നു.

ക്രി: അവിടെയെത്താൻ താത്പര്യമില്ലാത്ത അനേകരും ഈ ആഗ്രഹം വച്ചു പുലർത്തുന്നവരാണ്. കൊതിച്ചിട്ടും ഒന്നും കിട്ടാത്ത മടിയന്റെ ആത്മാവിനെപ്പോലെ (സദൃ 13:4).

അറി: എന്നാൽ ഞാനങ്ങനെയല്ല, ഞാൻ അവയെക്കുറിച്ചു ചിന്തിക്കുകയും അതിനുവേണ്ടി സകലതും ഉപേക്ഷിക്കുകയും ചെയ്യുന്നു.

ക്രി: അപ്പറഞ്ഞതു മുഴുവൻ ശരിയാണോ? എല്ലാം ഉപേക്ഷിക്കുകയെന്നത് എന്താണെന്നു മനസ്സിലാക്കുകപോലും ചെയ്യാത്തവരാണ് സാധാരണഗതിയിൽ എല്ലാം ഉപേക്ഷിച്ചെന്നു പറയുന്നത്. ദൈവത്തിനുവേണ്ടിയും സ്വർഗ്ഗത്തിനുവേണ്ടിയും സകലതും ഉപേക്ഷിക്കാൻ താങ്കൾക്കു പ്രചോദനമായതെന്താണ്?

അറി: എന്റെ ഹൃദയം അതെന്നോടു പറഞ്ഞു.

ക്രി: സ്വന്തം ഹൃദയത്തിൽ ആശ്രയിക്കുന്നവൻ മൂഢനാകുന്നു എന്നല്ലേ ജ്ഞാനിയായവൻ പറഞ്ഞിരിക്കുന്നത്? (സദൃ 28:26)

അറി: അപ്പറഞ്ഞതു നീചന്റെ ഹൃദയത്തെക്കുറിച്ചാണ്, എന്റെ ഹൃദയം നന്മയേറിയതാണ്.

ക്രി: താങ്കളെക്കുറിച്ച് അതെങ്ങിനെ പറയാൻ കഴിയും?

അറി: സ്വർഗ്ഗത്തിലുള്ള പ്രത്യാശയാൽ എന്റെ ഹൃദയം എന്നെ ആശ്വസിപ്പിക്കുന്നു.

ക്രി: പ്രത്യാശിക്കാൻ യാതൊരർഹതയുമില്ലാത്ത കാര്യങ്ങളെക്കുറിച്ചും പ്രത്യാശവച്ചു പുലർത്തുന്ന ഒരു ഹൃദയമാണല്ലോ മനുഷ്യന്റേത്! ചതിനിറഞ്ഞ ഒന്നല്ലേ ഹൃദയം?

അറി: എന്നാൽ എന്റെ ഹൃദയവും എന്റെ ജീവിതവും പരസ്പരപൂരകങ്ങളാണ്, അതിനാൽ എന്റെ പ്രത്യാശ സത്യമായതാണ്.

ക്രി: നിങ്ങളുടെ ഹൃദയവും ജീവിതും പരസ്പരം ചേർന്നിരിക്കുന്നതാണെന്ന് താങ്കളോട് ആരാണു പറഞ്ഞത്?

അറി: എന്റെ ഹൃദയം എന്നോടു പറഞ്ഞു.

ക്രി: ഞാനൊരു കള്ളനാണോ എന്നു നിങ്ങളുടെ ഹൃദയത്തോടു സ്വയം ചോദിച്ചാൽ ലഭിക്കുന്ന ഉത്തരമെന്തായിരിക്കും? ദൈവവചനം നൽകുന്ന സാക്ഷ്യമല്ലാതെ മറ്റൊരു സാക്ഷ്യവും ഇക്കാര്യത്തിൽ വിശ്വാസയോഗ്യമല്ല.

അറി: നല്ലഹൃദയത്തിലല്ലാതെ നല്ല ചിന്തകൾ ഉണ്ടാകുമോ? നല്ല ജീവിതമല്ലേ ദൈവകൽപ്പനകൾ അനുസരിക്കുന്ന ജീവിതം?

ക്രി: ശരിയാണ്; നല്ല ഹൃദയത്തിലേ നല്ല ചിന്തകളുണ്ടാകൂ, ദൈവകൽപ്പനകൾ അനുസരിക്കുന്ന ജീവിതമാണ് നല്ല ജീവിതം. എന്നാൽ ഇങ്ങനെയൊരു ജീവിതം ജീവിക്കുന്നതും അങ്ങിനെയാണു ജീവിക്കുന്നതെന്നു ചിന്തിക്കുന്നതും തമ്മിൽ അജഗജാന്തര വ്യത്യാസമുണ്ട്.

ക്രിസ്താനി പറഞ്ഞതല്ലേ ശരി? ദൈവകൽപ്പനകൾ അനുസരിക്കുന്നത് ഒരു കാര്യം എന്നാൽ അവ അനുസരിക്കുന്നു എന്ന സങ്കൽപ്പത്തിൽ ജീവിക്കുന്നത് തീർച്ചയായും മറ്റൊരു കാര്യമല്ലേ?

## യേശുവിന്റെ ടെക്സസ് സന്ദർശനം?

പ്രശസ്ത കരിസ്മാറ്റിക് എഴുത്തുകാരനും വാഗ്മിയുമായ കെന്നെത്ത് ഹാഗിൻ, ദൈവാത്മാവിനാൽ നിങ്ങൾക്കും നയിക്കപ്പെടാം എന്ന തന്റെ പുസ്തകത്തിൽക്കൂടി വെളിപ്പെടുത്തുന്ന കുറച്ചു കാര്യങ്ങളുണ്ട്. ടെക്സസിലെ ഒരു ആഡംബര ഹോട്ടൽ മുറിയിൽ യേശു തന്നെ കാണാൻ വന്നതിനെക്കുറിച്ചും യേശുവുമായി താൻ നടത്തിയ അരമണിക്കൂർ സംഭാഷണത്തെക്കുറിച്ചും അദ്ദേഹം ആദ്യമേ സംസാരിക്കുന്നു. താൻ കണ്ട യേശുവിന് അഞ്ചടി പതിനൊന്നിഞ്ചു പൊക്കവും 290 കിലോ ഭാരവുമുണ്ട് - ആദ്യനൂറ്റാണ്ടിലെ പാലസ്തീൻകാരെ വച്ചു നോക്കുമ്പോൾ ആളൊരു തടിമാടൻ തന്നെ. (5അടി 6ഇഞ്ചിൽ കൂടുതൽ ഉയരമുള്ള ഒരു അസ്ഥികൂടവും ഇതുവരെ പുരാവസ്തുഗവേഷകർ അവിടെനിന്നു കണ്ടെത്തിയിട്ടില്ല).

യേശു വന്നു തന്നെ കാണാൻതക്കവണ്ണം പ്രധാനപ്പെട്ട ഒരു ആളാണു താൻ എന്നു വിശ്വസിക്കുന്ന ഏതൊരാളേയും അയാളുടെ പ്രസ്താവനയെയും വളരെ ശ്രദ്ധയോടെ മാത്രമേ നാം പരിഗണിക്കാവൂ എന്നാണു ഞാൻ വിശ്വസിക്കുന്നത്. ദൈവാത്മാവു നമ്മുടെ ആത്മാവിലൂടെ നമ്മെ നയിക്കുന്നു എന്ന് അവകാശപ്പെടുന്ന ഹാഗിനെപ്പോലെ ഒരാളെ സംബന്ധിച്ചാകുമ്പോൾ പ്രത്യേകിച്ചും.

അകമേയുള്ള സാക്ഷ്യത്തിലൂടെയാണ് ദൈവം പ്രധാനമായും തന്റെ മക്കളെ നയിക്കുന്നത് എന്നുകൂടി ഹാഗിൻ പ്രസ്താവിക്കുന്നു. ദൈവവചനത്താൽ നിങ്ങളുടെ മനസ്സിനെ നവീകരിച്ചുകൊണ്ടിരുന്നാൽ നിങ്ങളുടെ ആത്മാവു നിങ്ങളോടു ചെയ്യാൻ പറയുന്നതെല്ലാം ശരിയായതായിരിക്കും, ഹാഗിൻ പഠിപ്പിക്കുന്നു. നിങ്ങളുടെ ഹൃദയം പറയുന്നതു കേൾപ്പിൻ[6] എന്നു പേരിട്ടിട്ടുള്ള ഒരു അദ്ധ്യായവും ആ പുസ്തകത്തിലുണ്ട്.

തന്റെ പുസ്തകത്തിന്റെ അവസാനഭാഗത്ത് അദ്ദേഹം പറയുന്നു: ഞാൻ പറഞ്ഞവസ്തുതകൾ നിങ്ങൾ അനുസരിച്ചാൽ... കുറച്ചു കാലം കഴിയുമ്പോൾ നിങ്ങളുടെ ജീവിതത്തിലെ അപ്രധാനമായ കാര്യങ്ങളിൽപ്പോലും ദൈവഹിതം തിരിച്ചറിയാൻ നിങ്ങൾക്കു കഴിയും. നിങ്ങൾക്കു വഴികാട്ടിയായി അതേ എന്നോ അല്ല എന്നോ ഉള്ള ഉത്തരം വേണ്ടമാത്രയിൽത്തന്നെ നിങ്ങൾക്കു ലഭിക്കും. എങ്ങിനെ പ്രവർത്തിക്കണമെന്നത് നിങ്ങളുടെ ആത്മാവു നിങ്ങൾക്കു വിവേചിച്ചു തരും.

രണ്ടു കാര്യങ്ങളാൽ ഈ നിഗമനങ്ങൾ തെറ്റു നിറഞ്ഞതാണ്:

1. ജീവിതത്തിലെ അപ്രധാനകാര്യങ്ങളിൽപോലും ദൈവത്തിനു താത്പര്യമുണ്ട് എന്ന ഒരു മുൻധാരണ ഇവിടെ കാണുന്നു. ദൈവം നമ്മുടെ ജീവിതത്തിൽ എമ്പാടും പ്രവർത്തിക്കുന്നു എന്നതിൽ തർക്കമില്ല. അവനിലാണു നാം ജീവിക്കുന്നതും ചലിക്കുന്നതും ഇരിക്കുന്നതും (അപ്പ 17:28), തന്റെ പുത്രന് അനുയോജ്യരാകായി അവൻ നമ്മെ മുൻനിശ്ചയിച്ചിരിക്കുന്നു (റോമർ 8:29), സകലകാര്യങ്ങളിലും അവൻ നമുക്കു നന്മയ്ക്കായി പ്രവർത്തിക്കുന്നു (റോമർ 8:28), വ്യക്തിപരമായ ഒരു ശ്രദ്ധ അവനു നമ്മുടെ മേലുണ്ട്. എന്നിരുന്നാലും നമ്മുടെ ജീവിതത്തിലെ ചെറിയകാര്യങ്ങളിൽ പോലും അവനു പദ്ധതിയുണ്ട് എന്നതിനു തെളിവ് എവിടെയാണുള്ളത്? സമയവും അവസരങ്ങളും എല്ലാവർക്കും ബാധകമായവയാണ് (സഭാപ്രസംഗി 9:11). വചനം നൽകുന്ന സൂചനകൾ അവ്യക്തമാണ്, ഹാഗിൻ തന്റെ വാദങ്ങൾ തെളിയിക്കാൻ ഉപയോഗിക്കുന്ന വചനങ്ങൾ അവ്യക്തമായ സൂചനകളേ നൽകുന്നുള്ളൂ.

2. നമ്മുടെ തോന്നലുകളെ പൂർണ്ണമായും ആശ്രയിക്കാമെന്ന അബദ്ധജഢിലമായ വിശ്വാസത്തെ ഇതു സാധൂകരിക്കുന്നു. അപ്രകാരം ചെയ്യുന്നതിലൂടെ ദൈവേഷ്ടവും നമ്മുടെ ഇച്ഛയും തമ്മിൽ വച്ചുമാറുന്ന ഒരു അപകടകരമായ രീതി പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഇതിൽനിന്നുമുളവാകുന്ന ഒരു ഉപ സിദ്ധാന്തമെന്തെന്നാൽ നിങ്ങളുടെ തോന്നലുകൾ അനുസരിച്ചു ജീവിക്കുക, നിങ്ങൾ ചെയ്യുന്നതെല്ലാം ശരിയായിരിക്കും, നിങ്ങൾക്കു തെറ്റുപറ്റുകയേയില്ല എന്നതാണ് - കാരണം നിങ്ങൾക്കുള്ള തോന്നലുകൾ തരുന്നത് ദൈവാത്മാവല്ലേ? അങ്ങിനെ വരുമ്പോൾ ഒരാൾ ചെയ്യുന്നതിന്റെയെല്ലാം ഉത്തരവാദിത്വം ദൈവത്തിനാണ്, അയാൾക്കു വ്യക്തിപരമായ ഉത്തരവാദത്തമില്ല. കൂടുതൽ അന്ധവിശ്വാസത്തിലൂന്നിയ ഒരു ജീവിതത്തിലേക്കു ഈ രീതിയിൽ ജീവിക്കുന്ന ഒരാളെ നയിക്കുവാനേ ഇത്തരം ആശയങ്ങൾ പ്രയോജനപ്പെടൂ. എന്താണിതിന്റെ അർത്ഥം എന്ന ഒരു ചോദ്യം ഓരോ കാര്യത്തെപ്രതിയും അയാളുടെ നാവിൽ ഉണ്ടായിരിക്കും.

## നിങ്ങൾ എന്നെ വിധിക്കുകയാണ്!

അബദ്ധവിശ്വാസത്തിൽപ്പെട്ടുഴലുന്ന ആളുകളോടു നാം സ്നേഹം കാണിക്കണം. നീലിന്റെയും ഡാരിന്റെയും കഥ നിങ്ങളോടു പങ്കുവയ്ക്കാം.

1982ൽ ഞാൻ ആദ്യമായി ലണ്ടനിൽ വന്നസമയത്ത് എന്റെ വീടിനുതാഴെയുള്ള നിലയിൽ താമസിച്ചിരുന്ന ആസ്ട്രേലിയക്കാരനായ ചെറുപ്പക്കാരനെ പരിചയപ്പെട്ടു. ആത്മീയജീവിതത്തോടു ആഭിമുഖ്യമുണ്ടായിരുന്ന നീലുമായി അടുത്ത ദിവസങ്ങളിൽ ഞാൻ ബൈബിൾ പഠിക്കാനാരംഭിച്ചു. വെളിപാട് 3:14-22 വചനങ്ങൾ കുറച്ചു വെല്ലുവിളി ഉയർത്തുന്ന ഒരു ഭാഗമായി വന്നു, കാരണം അതു നമ്മെ വിശുദ്ധിയിൽ ജീവിക്കാനായി വിളിക്കുന്ന ഒരു വേദഭാഗമാണ് (അദ്ധ്യായം 12ൽ ഇതേക്കുറിച്ചു കൂടുതൽ). ദൈവവുമായി ശരിയായ ഒരു ബന്ധത്തിലാണോ അവൻ ജീവിക്കുന്നത് എന്ന ചോദ്യത്തിന് അതേയെന്നായിരുന്നു നീലിന്റെ ഉത്തരം. അതേയെന്നെങ്ങിനെ പറയാൻ കഴിയും എന്നു ഞാൻ ചോദിച്ചു. ഞാൻ രക്ഷിക്കപ്പെട്ടവനാണെന്നു എനിക്കറിയാം എന്നതായിരുന്നു ഉത്തരം. അതെങ്ങിനെ നീലിനറിയാം എന്ന ചോദ്യത്തിന്, എന്റെ ഹൃദയത്തിൽ എനിക്കറിയാം എന്നവൻ പറഞ്ഞു. നീൽ, നാമിപ്പോൾ വായിച്ച ദൈവവചനത്തെക്കുറിച്ചു നിനക്കെന്താണു പറയാനുള്ളത് എന്നു ഞാൻ ചോദിച്ചപ്പോൾ, നിങ്ങളെന്നെ വിധിക്കാൻ വരുന്നു, ഇതേപ്പറ്റി എനിക്കിനി ഒന്നും സംസാരിക്കാനില്ല എന്ന മറുപടിയാണ് തിരിച്ചു ലഭിച്ചത്.

തണുത്ത ഒരു മനോഭാവത്തോടെയാണ് അവൻ ദൈവവചനത്തെ കണ്ടത് എന്നു പറയുന്നതിൽ അഭംഗിയില്ല. ആത്മരക്ഷയെ തന്റെ തോന്നലുകളെമാത്രം അടിസ്ഥാനപ്പെടുത്തി തീരുമാനിക്കുന്ന ഒരാളോടു നാം വചനം പങ്കുവച്ചിട്ടും അനങ്ങാപ്പാറപോലെ നിൽക്കുകയാണെങ്കിൽ നമുക്കു കാര്യമായൊന്നും ചെയ്യാനില്ല. പിൻവാങ്ങുക, വീണ്ടു സമീപിക്കുക. പിന്നീടും മർക്കടമുഷ്ടിതന്നെ കാണിക്കുകയാണെങ്കിൽ അടുത്തയാളിലേക്കു നീങ്ങുക (മത്തായി 10:14). ദൈവം അവന്റെ ഹൃദയം മാറ്റട്ടെയെന്നു നമുക്കു പ്രാർത്ഥിക്കാം (2 തിമോത്തി 2:26).

എന്നാൽ ഡാരിൻ എത്ര വ്യത്യസ്തനാണ്! മേരിലാന്റ് സംസ്ഥാനത്തു ഞങ്ങൾ ആദ്യമായി ചെന്നപ്പോൾ സഭയിൽ വന്നു എന്റെ പ്രസംഗം കേൾക്കാനിടയായ ഡാരിൻ, സഭായോഗത്തിനു ശേഷം

കൂടുതൽ സമയം കൂട്ടായ്മക്കായി വേണമെന്നാവശ്യപ്പെട്ടു. അടുത്ത അഞ്ചുദിവസത്തിനുള്ളിൽ അവ നൊരു സുവിശേഷപ്രസംഗപഠന കോഴ്സിനു ചേരാനായി പോകാനിരിക്കുക കൊണ്ടു വേഗം തന്നെ സമയം വേണമെന്നുമവൻ ആഗ്രഹിച്ചു.

ഞങ്ങൾ കൂടിയിരുന്നു സംസാരിച്ചപ്പോൾ തന്റേതായ രീതിയിൽ സമർപ്പിതനും വിശ്വാസം പങ്കുവയ്ക്കുന്നതിൽ തത്പരനുമായ ഡാരിൻ തോന്നലുകളെയും അനുഭവങ്ങളെയുമാസ്പദമാക്കി യാണ് തന്റെ ആത്മരക്ഷയെ ഉറപ്പാക്കിയിരുന്നതെന്നു വ്യക്തമായി. തനിക്ക് അന്യഭാഷ സംസാരി ക്കാനുള്ള കഴിവുണ്ടെന്ന വിശ്വസിച്ച അവൻ സുവിശേഷത്തെ തെറ്റായിട്ടാണു മനസ്സിലാക്കിവച്ചിരു ന്നത് (അപ്പ 19:1–5). മൂന്നുദിവസത്തെ തീക്ഷ്ണമായ ബൈബിൾ പഠനത്തിനു ശേഷം, തന്റെ പഴയ കൂട്ടുകാരെ അവരുടെ തെറ്റു മനസ്സിലാക്കുന്നതുൾപ്പെടെ, ഒരു ശിഷ്യനായിത്തീരാനുള്ള തീരുമാനം ഡാരിൻ സ്വീകരിച്ചു. ശക്തമായ എതിർപ്പുകൾ ഉണ്ടായിട്ടുപോലും താൻ പോകാനായി ഇരുന്ന കോഴ്സിനു പോകേണ്ടതില്ല, പകരം ശിഷ്യത്വത്തിലൂന്നിയ ഒരു ജീവിതം നയിക്കുന്നവരോടു കൂടെ പ്രവർത്തിക്കണം എന്നുമവൻ തീരുമാനിച്ചു. പിന്നീട് അടുത്തുള്ള ഒരു സർവ്വകലാശാലയിൽ ചേർന്നു പഠിത്തം തുടർന്ന ഡാരിൻ ഇന്നും സന്തോഷവും സംതൃപ്തിയുമുള്ള ജീവിതം നയിക്കുന്ന ഒരു ശിഷ്യനായി ജീവിക്കുന്നു. വചനത്തിനു മുന്നിൽ താനെവിടെയാണു നിൽക്കുന്നതെന്നു ഡാരിനെ മനസ്സിലാക്കികൊടുത്ത് (എഫേസ്യർ 4:25) യഥാർത്ഥ ദിശയിലേക്കു തന്നെ നയിക്കുന്ന പുതിയ സുഹൃത്തുക്കളെക്കുറിച്ചു ഉത്സാഹവാനാണു ഡാരിൻ. (നീലുമായി നോക്കുമ്പോൾ എത്ര വ്യത്യസ്തൻ!)

വിധിയാളൻ കർത്താവാണ് – നമ്മുടെ ഹൃദയവിചാരങ്ങളും അന്തിമവിധിയും തൂക്കിനോക്കി നിശ്ചയിക്കുന്നത് അവൻതന്നെ. എന്നാൽ നമ്മളും ക്രിസ്തുവിൽ പരസ്പരം വിധിക്കുകയും സഹാ യിക്കുകയും ഉപദേശിക്കുകയും പഠിപ്പിക്കുകയും പരസ്പരമുയർത്തുകയും ചെയ്യണമെന്നു വചനം നമ്മെ പഠിപ്പിക്കുന്നു (മത്തായി 7:1–6, 1 കൊരിന്ത്യർ 5:12–13, 6:15, യോഹന്നാൻ 7:24, കൊലോസ്യർ 1:28–29). ശിഷ്യരായ നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നതുപോലെ, ചിലർ തിരുത്തപ്പെടാൻ സന്ന ദ്ധരാണ്, ചിലർ അത്രയ്ക്കങ്ങുപോരാ (സദൃശവാക്യങ്ങൾ 9:7–9, 12:1).

തെറ്റായ പഠിപ്പിക്കലുകൾ ഒരാളുടെ ആത്മീയ ജീവിതത്തിലും ആത്മരക്ഷയിലും ചെലുത്തുന്ന ദുഃസ്വാധീനത്തെ നാം വിലകുറച്ചുകാണരുത്. പ്രധാനപ്പെട്ട വചന തത്ത്വങ്ങളെക്കുറിച്ചു പഠിപ്പിക്കു മ്പോൾ സ്നേഹത്തിൽ സത്യം സംസാരിക്കുന്ന പ്രകൃതം നമുക്കു വളർത്തിയെടുക്കാം (എഫേസ്യർ 4:15).

### അവസാനമായി..

പരിശുദ്ധാത്മാവിനു ഏതുസമയത്തും ഏതുവഴിയിലും പ്രവർത്തിക്കാം, നമുക്കു മനസ്സിലാ കാത്ത രീതികളിൽ നമ്മെ നയിക്കുകയും ചെയ്യാം. അവനെക്കുറിച്ചുള്ള നമ്മുടെ അറിവിനാലോ ചിന്തകളാലോ നിയന്ത്രിക്കപ്പെടുന്നവനല്ല പരിശുദ്ധാത്മാവ്. മനുഷ്യനിർമ്മിതമായ നിർവചനങ്ങളു ടെയും സമവാക്യങ്ങളുടെയും ചട്ടക്കൂട്ടിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെ ഒതുക്കുവാൻ ശ്രമിച്ചാലും അവ വിജയിക്കുകയില്ല. എന്നിരുന്നാലും വചനങ്ങൾക്കനുസരണമായാണ് പരിശുദ്ധാ ത്മാവു ദൈവമക്കളെ വഴിനടത്തുന്നത്, വചനങ്ങൾക്കു വിപരീതമായി അവൻ പ്രവർത്തിക്കുകയുമി ല്ല. ജനസമ്മതിയുള്ള മതമാകട്ടെ, വചനങ്ങൾക്കുവിപരീതമായ രീതിയിൽ, ദൈവത്തെ അനുസരി ക്കുന്നതിലുമുപരിയായ പ്രാധാന്യം ദൈവത്തെ അനുഭവിക്കുന്നതിനു നൽകുന്നു.

ദൈവവചനത്തിലേക്കു നാം ആളുകളെ നയിക്കണം. വികാരങ്ങളും തോന്നലുകളും മാറിമ റിയും എന്നാൽ അവിടത്തെ സത്യവചനം ജീവിതം മുഴുവൻ വള്ളിപുള്ളി തെറ്റാതെ നിലനിൽക്കും (1പത്രോസ് 1:25). വചനം വായിച്ചു പഠിക്കാനും അനുസരിക്കാനും അതുവഴി പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാനുമായി ആളുകളെ നമുക്കു പ്രോത്സാഹിപ്പിക്കാം.

### ശോധനചെയ്യുവാൻ:

1. വചനത്തിലൂടെ പരിശുദ്ധാത്മാവു എന്നെ നയിക്കുന്നുണ്ടോ? ആ വഴിനടത്തിപ്പിനെക്കുറിച്ചു ഞാൻ ബോധവാനാണോ?
2. എന്റെ മാംസത്തിന്മേൽ ആത്മാവിനു ജയമുണ്ടോ?
3. അന്ധവിശ്വാസങ്ങളും ഉൾപ്രേരണകളും എന്നെ സ്വാധീനിക്കുന്നുണ്ടോ? പരിശുദ്ധാത്മാവു എന്നെ എങ്ങനെ നയിക്കുന്നു എന്നകാര്യത്തെക്കുറിച്ചു വ്യക്തതയുള്ള ഒരുവനാണോ ഞാൻ, അതോ ആശയക്കുഴപ്പങ്ങളുള്ളയാളാണോ?

കുറിപ്പുകൾ:

1. 1 യോഹന്നാൻ 2:18–20 വാക്യങ്ങളെക്കുറിച്ച് ഒരു വാക്ക്. ഒരു വ്യക്തിയിലോ അല്ലെങ്കിൽ ഒരു പ്രഭാഷകനിലോ ദൈവത്തിന്റെ അഭിഷേകം ഉണ്ട് എന്നു പറയുന്നത് ഇക്കാലത്ത് ഒരു ശൈലിയായി തീർന്നിട്ടുണ്ട്. ദൈവഹിതത്തെക്കുറിച്ചുള്ള തിരിച്ചറിവും ദൈവത്തിന്റെ വഴിനടത്തലും അടങ്ങിയ ഒരു പ്രചോദനം ദൈവത്തിൽ നിന്നുമുണ്ടെന്നാണ് ഈ വാക്കിലൂടെ സൂചിപ്പിക്കുന്നത്. പരിശുദ്ധാത്മാവിനാൽ നമുക്കുള്ള അഭിഷേകത്തെക്കുറിച്ച് ഈ വചനത്തിലൂടെ വ്യക്തമാക്കുന്നത്, നമ്മെ പഠിപ്പിച്ച അടിസ്ഥാന നിർദ്ദേശങ്ങളെയും സത്യങ്ങളെയും ഉപേക്ഷിച്ച് പുതിയൊരു വഴിയിലേക്ക് കള്ള പ്രവാചകർ നമ്മെ കൊണ്ടു പോകുന്നതിനെതിരെയാണ്. ആകയാൽ നാം ചിന്തിക്കേണ്ട കാര്യം, ഇന്ന് പ്രാസംഗികർ അവകാശപ്പെടുന്ന അഭിഷേകത്തിന് ഇവിടെപറയുന്ന അഭിഷേകവുമായി ബന്ധമുണ്ടോ എന്നതാണ്. തീർച്ചയായുമില്ല. ദൈവഹിതത്തെക്കുറിച്ചു ഒരു ആന്തരിക ശബ്ദപ്രവാഹമെന്ന രീതിയിലല്ല അഭിഷേകത്തെക്കുറിച്ച് ഇവിടെ സംസാരിക്കുന്നത്.

2. നവപെന്തക്കോസ്തുകാർ എന്നു പറയുന്നത് പെന്തക്കോസ്തുകാരുടെ പഠിപ്പിക്കൽ അനുസരിച്ചു പോരുന്ന പെന്തക്കോസ്തു സഭയെക്കുറിച്ചല്ല. ഇന്നത്തെ പ്രധാന ക്രിസ്തീയ വിഭാഗങ്ങളിലും കണ്ടു വരുന്ന കരിസ്മാറ്റിക് പ്രസ്ഥാനത്തെ സൂചിപ്പിക്കാനാണ് ഈ വാക്കുപയോഗിക്കുന്നത്. അവർ പെന്തക്കോസ്തുകാരുടെ ദൈവശാസ്ത്രത്തെയാണ് പിന്തുടരുന്നത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, പെന്തക്കോസ്തുസഭയല്ലാത്ത സഭാവിഭാഗങ്ങളിൽ, പെന്തക്കോസ്തു ചിന്തകളോട് അനുഭാവം പുലർത്തി പ്രവർത്തിക്കുന്ന കൂട്ടരെയാണ് നവപെന്തക്കോസ്തു വൃത്തങ്ങൾ എന്ന വാക്കിനാൽ സൂചിപ്പിക്കുന്നത്.

കരിസ്മാറ്റിക് പ്രസ്ഥാനത്തിലുള്ള വിവിധങ്ങളായ ഉപദേശങ്ങളും, അവയിലുള്ള വഴിത്തിരിവുകളും, പെന്തക്കോസ്തു സഭയിലെ ഉപദേശങ്ങളിൽ നിന്നുള്ള അവരുടെ വ്യത്യാസങ്ങളും പരിഗണിച്ച് നവപെന്തക്കോസ്ത് എന്ന വാക്കാണ് ഇവിടന്നങ്ങോട്ട് ഈ പുസ്തകത്തിൽ ഉപയോഗിക്കുന്നത്.

3. അപ്പസ്തോലികവും പ്രവാചികവുമായ ഈ ദൗത്യങ്ങളുടെ പൂർത്തികരണമാണ് ഇന്ന് സഭയുടെ അടിസ്ഥാനമായിത്തീർന്നിരിക്കുന്നത് (എഫേസ്യർ 2:20). അടിസ്ഥാനം സുസ്ഥിരമാക്കികഴിഞ്ഞതിനാൽ ഇനി ഈ ശുശ്രൂഷയ്ക്കു സാധുതയില്ല - അപ്പസ്തോലന്മാരും പ്രവാചകരും.

4. വിശ്വാസത്തിലേക്കു നാം വരുന്നത് വചനത്തിന്റെ കേൾവിയിലൂടെയാണന്ന വാസ്തവം റോമർ 10:13–17 വചനങ്ങൾ സുവ്യക്തമാക്കുന്നുണ്ട്. നമുക്കു മനസ്സിലാക്കാൻ പറ്റുന്ന ക്രമം ഇതാണ്: വചനം കേൾക്കുക--വിശ്വസിക്കുക--കർത്താവിന്റെ നാമം വിളിക്കുക—രക്ഷിക്കപ്പെടുക. വചനം കേൾക്കുകയോ മനസ്സിലാക്കുകയോ ചെയ്യുന്നതിനുമുമ്പേ രക്ഷിക്കപ്പെടും എന്നു അനേകർ വിശ്വസിക്കുന്ന ഈ സമൂഹത്തിൽ ഈ തിരിച്ചറിവ് പ്രധാനപ്പെട്ട ഒന്നാണ്. ഈ ക്രമത്തിന്റെ പ്രായോഗികമായ ഒരു ദൃഷ്ടാന്തത്തിന് അപ്പ 22:1–16 നോക്കുക.

5. വചനപശ്ചാത്തലം കൂടുതൽ നോക്കുവാൻ സദൃശവാക്യം 2:13, 4:11, 4:25–27, എബ്രായർ 12:13, മർക്കോസ് 1:3 (ഏശയ്യ 40:3മായി താരതമ്യം ചെയ്യുക) എന്നീ വചനങ്ങൾ നോക്കുക.

6. അപ്പോകൃഫയിലെ സഭാപ്രസംഗി 37:13ലും ഇപ്രകാരമൊരു ഉപദേശം കാണാം - നിങ്ങളുടെ ഹൃദയം നൽകുന്ന ഉപദേശം സർവ്വാത്മനാ സ്വീകരിക്കുക, അതിലും മികച്ച ഒരു ഉപദേശം തരാൻ ആർക്കുമാവില്ല.

# തെറ്റായപ്രവർത്തനവും പ്രവർത്തനമില്ലായ്മയും

കപടവിനയത്തിലും ദൂതന്മാരെ ആരാധിക്കുന്നതിലും രസിക്കുകയും സ്വന്തം ദർശനങ്ങളിൽ ആശ്രയിക്കുകയും തന്റെ ജഡമനസ്സിനാൽ വ്യർത്ഥ മായി അഹങ്കരിക്കുകയും ചെയ്യുന്നവൻ ആരും നിങ്ങളെ അയോഗ്യരാ ക്കാതിരിക്കട്ടെ. അവൻ ശിരസ്സുമായി ഗാഢബന്ധം പുലർത്തുന്നില്ല... (കൊലോസ്യർ 2:18-19)

തെറ്റായ ദൈവശാസ്ത്രം വിശ്വാസികളെ പ്രവർത്തനമില്ലായ്മയിലേക്കോ അല്ലെങ്കിൽ തെറ്റായ പ്രവർത്തനങ്ങളിലേക്കോ ആണു നയിക്കുന്നത്. യേശുവിന്റെ ആത്മാവിനെക്കുറിച്ചു അനേകം മ്ളേച്ഛമായ പഠിപ്പിക്കലുകൾ ഈ കാലഘട്ടത്തിൽ പ്രചാരത്തിലുണ്ട് - ഒൻപതാം അദ്ധ്യായത്തിൽ സൂചിപ്പിച്ചതുപോലെ. പ്രധാനപ്പെട്ട വിഷയങ്ങളിൽനിന്നുമുള്ള വഴിമാറലിനും ആത്മീയമായ ഒരു സ്വയം പുകഴ്ത്തലിനു മൊക്കെയാണ് തോന്നലുകൾക്കും അനുഭവങ്ങൾക്കും അർഹമായതിലധികം പ്രാധാന്യം നൽകിയാൽ സാധാരണയായി സംഭവിക്കുന്നത്. അതിന്റെ അനന്തരഫല മാണ് പ്രവർത്തനമരവിപ്പ്.

ഇത്തരമൊരു കൃത്രിമ ആത്മീയതയുടെ വലയത്തിൽ അകപ്പെട്ടവരെ സംബ ന്ധിച്ച്, അവർ ഒരു ചാക്രികതയിൽ അകപ്പെട്ടിരിക്കുകയാണ്: ശ്രദ്ധമാറിപ്പോകൽ-പ്ര വർത്തനമാന്ദ്യം-കൂടുതൽ ശ്രദ്ധമാറിപ്പോകൽ-കൂടുതൽ പ്രവർത്തമാന്ദ്യം...

അബദ്ധജഢിലമായ വിശ്വാസത്തിലും അന്ധവിശ്വാസത്തിലും വേരൂന്നിയതരം ക്രിസ്തീയ വിശ്വാസങ്ങളെ അടുത്ത രണ്ടു അദ്ധ്യായങ്ങളിൽ നമുക്കു പരിശോധിക്കാം.

**അദ്ധ്യായം 10**

# അസംബന്ധമല്ല! ഒരിക്കലും.

## അന്ധവിശ്വാസത്താൽ നിറഞ്ഞവരുടെ മനഃസ്ഥിതി

കറുത്ത പൂച്ചയെയും കാലി കുടത്തെയും പതിമൂന്നെന്ന അക്കത്തെയും സംബന്ധിച്ച ഒരു അദ്ധ്യായമാണോ ഇത്? അല്ലേ അല്ല. ചില ക്രിസ്തീയവിശ്വാസികളിലേക്കു അരിച്ചിറങ്ങുന്ന അന്ധ വിശ്വാസമനോഭാവത്തെക്കുറിച്ചാണ് ഈ അദ്ധ്യായം പ്രതിപാദിക്കുന്നത്. ഇത്തരം ദൈവശാസ്ത്രം നിർമ്മിക്കുന്ന കെണിക്കുഴികളിൽ വീഴുന്നത് ഒഴിവാക്കാനും, വീണവരെ കരകയറ്റാൻ സഹായിക്കാനും ആശയക്കുഴപ്പം നിറഞ്ഞ ഈ ആത്മീയതയുടെ വിശ്വാസസംഹിതകൾ നാം മനസ്സിലാക്കേണ്ടത് അത്യാ വശ്യമാണ്.

അന്ധവിശ്വാസമെന്ന വാക്കിന്റെ ഓക്സ്ഫർഡ് നിഘണ്ഡുവിലെ അർത്ഥം നമുക്കു നോക്കാം: 1. ബുദ്ധിക്കുനിരക്കാത്ത ഒരു മതാധിഷ്ഠിതവിശ്വാസം അല്ലെങ്കിൽ പ്രവർത്തനരീതി – അറിവില്ലാ യ്മയോ ഭയമോ മൂലം ഉടലെടുത്ത ഒരു മതസിദ്ധാന്തമോ, സാന്മാർഗ്ഗ ദർശനമോ, പെരുമാറ്റശീലമോ മറ്റോ. 2. പ്രകൃത്യാതീതമായതിനെക്കുറിച്ച് എന്തും വിശ്വസിക്കുന്ന രീതി, അറിവില്ലാത്തതിനെക്കു റിച്ചോ മറഞ്ഞിരിക്കുന്നതിനെക്കുറിച്ചോ ഒക്കെയുള്ള ബുദ്ധിക്കുനിരക്കാത്ത ഭയം, തെറ്റായ ദിശയി ലേക്കു തിരിഞ്ഞ ഭയഭക്തി. 3. ഇത്തരം ചിന്താഗതികളെ അടിസ്ഥാനമാക്കി രൂപപ്പെടുത്തിയ മതമോ ദർശനമോ പ്രവർത്തനരീതിയോ ഒക്കെ.

ദൈവഹിതത്തെ അനുസരിക്കുന്നതിനേക്കാളുപരിയായി അവന്റെ ഹിതം അനുഭവിക്കുക എന്ന ചിന്തയാണ് പ്രധാനമായും ഈ പ്രമാണത്തിലുള്ള തെറ്റ്. ക്രിസ്തീയ സത്യവിശ്വാസം തങ്ങളുടെമാത്രം അവകാശമാണെന്നു കുറച്ചുപേർ ധരിച്ചുവച്ചിരിക്കുന്ന അവസ്ഥ. അന്ധവിശ്വാസത്തിൽ മുഴുകി ജീവി ക്കുന്ന ക്രിസ്ത്യാനികൾ, തങ്ങൾ വളരെ തീവ്രമായ ബോധ്യമുള്ളവരാണെന്നാണ് അവകാശപ്പെടുക. ഫ്രാങ്ക്ളിൻ ഡി റൂസ്‌വെൽറ്റിന്റെ നിർവചനം നോക്കുക: തീവ്രതയോടെ പ്രവർത്തിക്കുന്ന ഒരാൾ രണ്ടു കാലും വായുവിൽ ഉറപ്പിച്ച ഒരാളാണ്.

അന്ധവിശ്വാസത്താൽ നയിക്കപ്പെടുന്ന മനസ്സുകളുടെ മൂന്നു സവിശേഷതകളാണ് നാം ഈ അദ്ധ്യായത്തിൽ പരിശോധിക്കുന്നത് – അനുഭവങ്ങളെ ആഗ്രഹിക്കുക, വികാരങ്ങൾ അടിസ്ഥാനപ്പെ ടുത്തി ചിന്തിക്കുക, യുക്തിക്കുനിരക്കാത്ത കാര്യങ്ങൾ ശരിവയ്ക്കുക. ഇത്തരം ഇടുങ്ങിയ ചിന്താഗ തികൾ നമ്മെ ക്രിസ്തുവിൽ നിന്നും അകറ്റുന്നതാണെന്നു നാം നേരത്തേ കണ്ടുകഴിഞ്ഞു. ചിതറുന്ന ചിന്തകൾ പ്രവർത്തനമരവിപ്പിനെ കൊണ്ടുവരുന്നു.

### അനുഭവകാംക്ഷ

അന്ധവിശ്വാസപ്രചോദിതമായ ഒരു മനസ്സിനെ സംബന്ധിച്ച് അനുഭവങ്ങളാണ് ആത്മീയത യുടെയും – ആത്മരക്ഷയുടെ പോലും – അടിസ്ഥാനവും അളവുകോലും. അനുഭവങ്ങളുടെ എണ്ണവും വലുപ്പവും കൂടുന്നതനുസരിച്ച് അയാൾ ഉൾപ്പെടുന്ന കൂട്ടത്തിൽ അയാൾക്കുള്ള മാനവും അയാളുടെ തന്നെ ആത്മാഭിമാനവും വർദ്ധിക്കുന്നു. അനുഭവങ്ങളെ തെറ്റാണെന്നു പറയാൻ നമുക്കു കഴിയില്ല, എന്നാൽ അവയ്ക്കു കൽപ്പിക്കുന്ന വിശദീകരണങ്ങളാണ് പഥ്യോപദേശത്തിലും ധാർമ്മികതയിലും തെറ്റുകളുണ്ടാക്കുന്നത്.

താത്പര്യജനകമായ അനുഭവങ്ങൾ ആഗ്രഹിക്കാത്ത ആരുമില്ല. (നിരീശ്വരവാദികൾ പോലും അനുഭവങ്ങൾ കാംക്ഷിക്കുന്നവരാണ്). ബോയ് സ്കൗട്ടിൽ ജോലിചെയ്തിരുന്ന നാളുകളിൽ ഒരു ദിവസം കാട്ടിനുള്ളിൽ ദൈവത്തെക്കുറിച്ചു ആഴമുള്ള ചിന്തകളിൽ മുഴുകി ഞാനിരുന്ന സമയമോർക്കു ന്നു. കയ്യിലുണ്ടായിരുന്ന പേനാക്കത്തികൊണ്ട് അടുത്തുണ്ടായിരുന്ന മരത്തിൽ ഒരു കുരിശുഞാൻ വരഞ്ഞു, അതിനുശേഷം അതിന്മേൽ ഏഴുപ്രാവശ്യം ആഞ്ഞുകുത്തി. ഉടൻതന്നെ ഒരു ഇടിവെട്ടി, ആകാശം ഇരുണ്ടുകൂടി ശക്തമായ ഒരു മഴപെയ്തു, മഴയോടൊപ്പം ശക്തമായ ഒരു കൊടുങ്കാറ്റും വന്നു. മഴ ഒന്നു ശമിച്ചനേരം പടാപടായെന്നിടിക്കുന്ന ഹൃദയത്തോടെ ഭയചകിതനായി ഞാൻ ആ മ രത്തിന്റെ സമീപത്തുനിന്നും നടന്നകന്നുപോയി. കുറച്ചു ദൂരം ചെന്നു തിരിഞ്ഞുനോക്കിയപ്പോൾ ഇലകളുടെ ഇടയിൽക്കൂടി ഞാൻ കോറിവച്ചു കുത്തിയ ആ കുരിശിലേക്കു സൂര്യരശ്മി വീണിട്ട്, ആ മരത്തൊലിയിൽന്നിന്നും അത്യധികം വെണ്മയോടെ എന്റെ കണ്ണിലേക്കു പ്രതിധ്വനിച്ചു. എന്തൊരു അനുഭവമായിരുന്നു അത്! ആത്മഹർഷത്തോടെ ഉയർത്തപ്പെട്ട ഒരു അവസ്ഥയായിരുന്നു എനിക്കപ്പോൾ – ദൈവം തന്നെത്താൻ എനിക്കുമുന്നിൽ വെളിപ്പെട്ടതുപോലെ.

ഈ അനുഭവത്തിന്റെ അർത്ഥമെന്താണെന്ന് എനിക്കറിയില്ല. എന്നാൽ ഇത്തരം ഒരു അനുഭവംമാത്രം തങ്ങളുടെ ആത്മരക്ഷയുടെ അച്ചാരമായി പരിഗണിക്കുന്നയാളുകൾ അനേകരാണ്. അനുഭവങ്ങൾ പങ്കുവയ്ക്കുന്നതും, സാക്ഷ്യങ്ങൾ നൽകുന്നതുമെല്ലാം മറ്റുള്ളവർക്കു പ്രചോദനം നൽകുന്ന കാര്യങ്ങൾ തന്നെയാണ്. അതിശയകരമായ അനുഭവങ്ങൾ കൂടുതലായി ഉണ്ടാകുമ്പോൾ തങ്ങളുടെ ആത്മരക്ഷ കൂടുതലായി ഉറപ്പായി എന്നും ചിലർ ചിന്തിക്കുന്നു. ഏകദേശം സമാന മാനസിക ഘടനവച്ചുപുലർത്തിയ മാലാഖാവന്ദകരായ കൊലോസ്സിലെ ആത്മീയപുംഗവന്മാരോടു പൗലോസ് സംസാരിക്കുന്നതു നോക്കുക:

> കപടവിനയത്തിലും ദൂതന്മാരെ ആരാധിക്കുന്നതിലും രസിക്കുകയും സ്വന്തം ദർശനങ്ങളിൽ ആശ്രയിക്കുകയും തന്റെ ജഡമനസ്സിനാൽ വ്യർത്ഥമായി അഹങ്കരിക്കുകയും ചെയ്യുന്നവൻ ആരും നിങ്ങളെ അയോഗ്യരാക്കാതിരിക്കട്ടെ. അവൻ ശിരസ്സുമായി ഗാഢബന്ധം പുലർത്തുന്നില്ല... (കൊലോസ്യർ 2:18-19)

കൊലോസ്സിലെ ശിഷ്യന്മാരെ ആശയക്കുഴപ്പത്തിലാക്കിയ ഇത്തരക്കാർ തങ്ങൾക്കുണ്ടായ അനുഭവങ്ങളെക്കുറിച്ചു വാതോരാതെ വർണ്ണിച്ചു സംസാരിച്ചു. (യഹൂദമതത്തിലൂന്നിയ ജ്ഞാനവാദികളായ വേർപാടുകാരാണവർ). കൂടുതലായ അനുഭവങ്ങൾ തങ്ങൾക്കുണ്ടാകുമ്പോൾ തങ്ങൾ കൂടുതലായി ആത്മീയരാവുകയാണെന്നാണ് അവർ തെറ്റായി ധരിച്ചത്. എന്നാൽ അവർ ക്രിസ്തുവെന്ന ശിരസ്സുമായി ബന്ധമറ്റവരാണെന്ന കാര്യം തിരിച്ചറിയുന്നില്ല; ആത്മീയമായ ജ്ഞാനത്തെ സംബന്ധിച്ചാകട്ടെ അവർക്ക് ഒരു എത്തും പിടിയുമില്ലായിരുന്നു. അനുഭവങ്ങളുടെ പിറകേ പോകുന്ന അതീവദൈവികരായ ആളുകളെ സംബന്ധിച്ചും ഇതുതന്നെയാണു സത്യം. ആത്മീകമായ അനുസരണയെ ആത്മീകമായ അനുഭവങ്ങൾ കൊണ്ടു മൂടിവയ്ക്കുന്നതാണ് അവരുടെ സുവിശേഷം. ക്രിസ്തുവിന്റെ ക്രൂശിനേക്കാൾ മുന്തിയ ഒരു സ്ഥാനമാണ് പറന്നു നടക്കുന്ന അവരുടെ ആത്മാവിനവർ കല്പിക്കുന്നത്.

## വികാരങ്ങൾ അടിസ്ഥാനമാക്കിയുള്ള ചിന്ത

നവീനപെന്തക്കോസ്തുകാരുടെ മനഃസ്ഥിതിയെക്കുറിച്ചു നാം ഒൻപതാം അദ്ധ്യായത്തിൽ കണ്ടു. അത്തരം ആളുകൾ തോന്നലുകളെ അടിസ്ഥാനമാക്കി മാത്രം തീരുമാനങ്ങൾ എടുക്കുന്നവരാണ്. ദൈവഹിതം ആരായാനായി അവർ നോക്കുന്നതു തങ്ങളുടെ തന്നെ ഹൃദയത്തിലേക്കാണ്, കാരണം ദൈവം സംസാരിക്കുന്നത് അവിടെനിന്നാണെന്ന് അവർ വിശ്വസിക്കുന്നു. നിത്യജീവിതത്തിലെ സംഭവങ്ങളും, ചുറ്റുമുള്ള ലോകത്തുനടക്കുന്ന കാര്യങ്ങളും, കേൾക്കുന്ന വാക്കുകളും, കാലാവസ്ഥയും, സ്വപ്നങ്ങളുമെല്ലാം ആത്മാവു നൽകുന്ന സൂചനകളായി അവർ പരിഗണിക്കുന്നു. നമ്മുടെ ജീവിതത്തിലെ അപ്രധാനകാര്യങ്ങളിൽപോലും ദൈവഹിതമുണ്ടെന്നുള്ള ധാരണയും, നമ്മുടെ തന്നെ ഹൃദയവികാരങ്ങളെ നമുക്കു മാർഗ്ഗദർശിയായി എടുക്കാമെന്ന വിശ്വാസവും ഇക്കൂട്ടരുടെ തെറ്റായ ചിന്താഗതികളാണ്. ദൈവഹിതവും മനുഷ്യമാർഗ്ഗങ്ങളുമായി അവിഹിതമായ രീതിയിലൊരു കൂട്ടിക്കുഴക്കലും അതുവഴിയുണ്ടാകുന്ന ആശയക്കുഴപ്പവും ഇവിടെ മുഴച്ചുനിൽക്കുന്നു.

നമുക്കെല്ലാവർക്കും ഇടയിൽ ചിലകാര്യങ്ങൾ പൊതുവായതാണ്. പാരമ്പര്യസഭകളിലെ വചനങ്ങളോടുള്ള തണുപ്പൻ മനോഭാവത്തെയും, എല്ലാറ്റിനെയും ഔദ്യോഗികകാഴ്ചപ്പാടിൽ കാണുന്നതിനെയും ബൈബിൾ വിശ്വാസികളായവർ ഒരേപോലെ വിമർശിക്കുന്നു.[1] ഇതുപോലുള്ള പാരമ്പര്യരീതികളിൽനിന്നും വരുന്നവർ ഒരു പുതിയ അനുഭവം തേടുന്നതിൽ നമുക്കു തെറ്റുപറയാനും കഴിയില്ല.[2]

- ഇവിടെ ദൈവം സജീവമാണ്, അവിടെയാണെങ്കിൽ മനംമടുപ്പിക്കുന്ന ആചാരങ്ങൾമാത്രം...
- അവർ വചനത്തെ ഇപ്രകാരം സമീപിക്കുമ്പോൾ എന്റെ കുട്ടികൾ എങ്ങനെ വിശ്വാസത്തിലേക്കുവരും?
- സംസാരം ധാരാളം, ശക്തിയില്ല, സഭയ്ക്കു ജീവനുമില്ല.
- കൂട്ടായ്മ വളരെ തണുപ്പനാണ്, പുതുതായി വരുന്നവരില്ല, വന്നാലും അവരോടു പരിഗണനയില്ല. സഭാംഗമാണെങ്കിലും ഞാനും പുറത്തുള്ള ഒരു ആളെപ്പോലെയാണ്.
- നിദ്രയുളവാക്കുന്ന പ്രസംഗം, പറയുന്നകാര്യങ്ങൾ അദ്ദേഹം പോലും വിശ്വസിക്കുന്നുണ്ടെന്നു തോന്നുന്നില്ല.
- ജീവിതത്തിലെന്തൊക്കെയോ അപര്യാപ്തതകൾ ഉണ്ടെന്നു എനിക്കു തോന്നുന്നു - അതെന്തായാലും ഇവിടെയതിനു പരിഹാരം കണ്ടെത്താൻകഴിയുമെന്നെനിക്കു തോന്നുന്നില്ല.

ആത്മീയമായ ഈ ദാരിദ്ര്യം ക്രിസ്തീയ സഭകളിൽ പടർന്നു പിടിക്കുമ്പോൾ (ആമോസ് 8:11-12), വികാരങ്ങളെ തൃപ്തിപ്പെടുത്തുന്ന ഒരു പുതുമയന്വേഷിച്ച് ആളുകൾ പോകുന്നതു സ്വാഭാവികം മാത്രം. ഇക്കാര്യം നാം മനസ്സിലാക്കുമ്പോഴാണ് അത്തരത്തിൽ വഴിമാറി പോകുന്ന ആളുകളെ

സഹായിക്കാൻ നമുക്കു കഴിയുന്നത്. തണപ്പനായ ക്രിസ്തീയവിശ്വാസത്തിൽ നിന്നുമാറുവാൻ ആഗ്രഹിക്കുന്ന ഇത്തരമാളുകളെ കാണുമ്പോൾ കണ്ടില്ലെന്നു നടിക്കുകയോ, ഭീഷണിയായി തോന്നുകയോ, ഔന്നത്യം നടിച്ചു മാറിനിൽക്കുകയോ ചെയ്യരുത്.

## യുക്തിക്കുനിരക്കാത്തവ സ്വീകരിക്കുന്ന അവസ്ഥ

ആധുനികമതങ്ങളിൽ ഭൂരിഭാഗത്തിലും വ്യക്തമായ ഒരു യുക്തിഭദ്രതയില്ലായ്മ നമുക്കു കാണാൻ കഴിയും. അവർ നിരത്തുന്ന കാര്യകാരണങ്ങളും വാദസിദ്ധാന്തങ്ങളും അവർ നൽകുന്ന വിദ്യാഭ്യാസം പോലും നാം കരുതലോടെ സമീപിക്കണം, കാരണം അവരുടെ തെറ്റായ സിദ്ധാന്തങ്ങൾ വചനത്തെ തെറ്റായി വിശദീകരിക്കുന്നതിൽ നിന്നും ഉളവായവയും വഴിതെറ്റിക്കുന്നവയുമാണ്. ദൈവത്തിന്റെ ജ്ഞാനത്തെയും മഹത്വത്തെയും സൃഷ്ടിപരതയെയും ബുദ്ധിയെയുമെല്ലാം ശാസ്ത്രീയമായ (അടുക്കും ചിട്ടയോടും കൂടിയ) പഠന-നിരീക്ഷണ-ഗവേഷണങ്ങളിലൂടെ ഗ്രഹിച്ചെടുക്കുന്നതിനു പകരം അവർ എല്ലാം സംശയദൃഷ്ടിയോടെ കാണുന്നു. നവീനപെന്തക്കോസ്തു മനസ്സുകളെ സംബന്ധിച്ച് യുക്തിയെന്നത് ഒരു വലിയ വെല്ലുവിളിയാണ്.

അവരുടെ സാഹിത്യമേഖലയിലും ഈ യുക്തിഭദ്രതയില്ലായ്മ കാണാം. നാലാം കാലമെന്ന പോൾ ചോവിന്റെ പുസ്തകം ഉദാഹരണമാണ്. തെക്കൻ കൊറിയയിലെ സീയോളിലെ അഞ്ചുലക്ഷത്തോളം അംഗസംഖ്യയുള്ള യോയ്ദോ ഫെല്ലോഷിപ്പിന്റെ (അസംബ്ളീസ് ഓഫ് ഗോഡ്) ആത്മീയാചാര്യനാണ് ചോ. ആമുഖമെഴുതിയ റോബർട്ട് ഷുള്ളർ[2] (പതിനായിരത്തിനടുത്തു അംഗസംഖ്യയുള്ള കാലിഫോർണിയയിലെ ക്രിസ്റ്റൽ കത്തീഡ്രൽ നയിക്കുന്നു) പറയുന്നതു നോക്കുക: ഈ പുസ്തകത്തിൽ വായിക്കുന്നവയെ മസ്സിലാക്കാൻ ശ്രമിക്കേണ്ട, അവ ആസ്വദിച്ചാൽ മാത്രം മതി.

മനസ്സിലാക്കണ്ട, കണ്ണുമടച്ചു സ്വീകരിച്ചാൽമതിയെന്ന ചിന്തയിൽ നിന്നാണ് പ്രശ്നങ്ങൾ ആരംഭിക്കുന്നത്. ദീർഘദർശിയായ ഒരു ആളാണ് ചോ, എന്നാൽ തന്റെ പുസ്തകത്തിന് ഇത്തരമൊരു ആമുഖം യുക്തിയോടെ ചിന്തിക്കുന്നവരെ അകറ്റിനിർത്തുകയേ ഉള്ളൂ. നമുക്കു ഗ്രഹിക്കാനാവാത്ത കാര്യങ്ങൾ നിലവിലുണ്ടെന്നകാര്യം വാസ്തവമാണ് (സങ്കീർത്തനം 131:1), എന്നാൽ തങ്ങൾ പറയുന്നതുമുഴുവൻ കണ്ണുമടച്ചു വിശ്വസിക്കണമെന്നു പറയുന്നതു സ്വീകരിക്കാനാവാത്ത കാര്യമാണ്. ക്രിസ്തീയതത്വങ്ങൾ സത്യവും സുബോധത്തോടെയുള്ളതുമാണെന്ന് വചനം ശ്ലാഘിക്കുന്നു (അപ്പ 26:25).

യുക്തിസഹമല്ലാത്ത വേറൊരു പ്രസ്ഥാവന മെൽ താരിയുടേതാണ്. തന്റെ വായനക്കാരോട് അവരുടെ ബുദ്ധിയാകുന്ന കൊച്ചു കമ്പ്യൂട്ടറിനെ എടുത്ത് ഒരു പേടകത്തിലാക്കി ചന്ദ്രനിലേക്കു പറത്തിവിടുക, അപ്പോൾ ദൈവം നിങ്ങളുടെ ഹൃദയത്തെ ഉപയോഗിക്കുന്നതു കാണാം എന്നദ്ദേഹം ഉപദേശിക്കുന്നു. അവിശ്വസനീയം! തീരുന്നില്ല. ശാസ്ത്രവും ക്രിസ്തീയവിശ്വാസവും തമ്മിലുള്ള വ്യത്യാസമെന്തെന്നാൽ, അനുഭവത്തിലൂടെയാണ് ശാസ്ത്രത്തിൽ വിശ്വാസം ഉണ്ടാകുന്നത് എന്നാൽ ക്രിസ്തീയതയിൽ വിശ്വാസത്തിലൂടെയാണ് അനുഭവങ്ങൾ ഉണ്ടാകുന്നത്. കൂടുതൽ ചോദ്യങ്ങളൊന്നും ചോദിക്കാതെ പറയുന്നതങ്ങു വിശ്വസിക്കണം, അപ്പോൾ എല്ലാം വ്യക്തമാകും എന്നതാണു താരിയുടെ മതം. വിശ്വാസത്തെക്കുറിച്ചു ദൈവവചനം സംസാരിക്കുന്നതിൽ നിന്നും നേരേ വിപരീതമായ ഒരു സമീപനമാണിത്. അടയാളങ്ങളുടെയും സാക്ഷ്യങ്ങളുടെയും ബലത്തോടെയാണ് നാം വിശ്വസിക്കുന്നത്. (യോഹന്നാന്റെ സുവിശേഷം ഇക്കാര്യത്തിന്റെ പ്രാധാന്യം എടുത്തു കാണിക്കുന്നു - 14:11, 5:31-40)

ഒരു ഉദാഹരണം കൂടി. അന്യഭാഷപറയാൻ പഠിപ്പിക്കുന്ന ഒരു ഓഡിയോ കസെറ്റിൽ നൽകുന്ന നിർദ്ദേശം കേട്ടുഞാൻ സ്തബ്ധനായിപ്പോയി. നിങ്ങളുടെ മസ്തിഷ്കത്തെ ന്യൂട്രലിൽ ആക്കുക, നാവിനെ ഏറ്റവും കൂടിയ ഗീയറിൽ ഇടുക, ആക്സിലറേറ്റർ മാക്സിമം അമർത്തുക എന്നതാണു നിർദ്ദേശം. ചിന്തയെ നിർവ്വീര്യമാക്കുക? വേണ്ട, നന്ദി! കാരണം യേശുവും (മത്തായി 22:37), പൗലോസും (കൊലോസ്യർ 3:2), പത്രോസും (1 പത്രോസ് 1:13) പറയുന്നത് ഇതിനു വിരുദ്ധമായാണ്.

## ന്യൂട്രലിൽ നിന്നും ഒന്നാം ഗീയറിലേക്ക്

ശരി, നാം അന്ധവിശ്വാസപൂരിതരായ മനസ്സുള്ളവരെ കണ്ടു. ഇനി നമുക്കവരെ എങ്ങിനെ കൂടുതൽ യുക്തിസഹമായ ഒരു ചിന്തയിലേക്കും വിശ്വാസത്തിലേക്കും നയിക്കാൻ കഴിയും? ന്യൂട്രലിൽ നിന്നും ഒന്നാം ഗീയറിലേക്ക് അവരെ എങ്ങിനെ മാറ്റും?

സത്യം നമ്മെ സ്വതന്ത്രമാക്കും (യോഹന്നാൻ 8:32). എന്നാലിത് ഒരു വിശദീകരണത്താൽ വികാരപരമായി നേടുന്ന ഒരു സ്വാതന്ത്ര്യമല്ല. ശരിയായ കുറച്ചു നിർദ്ദേശങ്ങളേക്കാളുപരിയായി വസ്തുനിഷ്ഠമായ ഒരു പ്രകൃതമാണ് സത്യത്തിന്. ദൈവം സത്യം വെളിപ്പെടുത്തുന്നു, മനുഷ്യർ അതു സ്വീകരിക്കുന്നു, ദൈവകുടുംബത്തിൽ ആ സത്യമവനെ മഹത്തായ ഒരു സ്വാതന്ത്ര്യത്തിലേക്കു നയി

ക്കുന്നു. അന്ധവിശ്വാസത്താൽ ആവരണമായിരിക്കുന്ന മനസ്സുള്ള ഒരാളെ സത്യത്തിലേക്കു കൂട്ടിക്കൊണ്ടുവരണമെങ്കിൽ നാം അയാളുടെ ചിന്താമണ്ഡലത്തിൽ കാതലായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

## അസംബന്ധമല്ല! (എന്നാലും സൗമ്യതയോടെ കൈകാര്യം ചെയ്യുക)

ശരിയായ ആത്മീയതയിലേക്കു വരാനായി നാം മറ്റു സുഹൃത്തുക്കളെ സഹായിക്കാനൊരുമ്പെടുമ്പോൾ വീണുപോകാവുന്ന ചില കെണികളെ സൂക്ഷിക്കുക:

### *ഒരാളുടെ അനുഭവത്തിനെതിരായി തർക്കിക്കുന്നത്.*

ഒരാളുടെ അനുഭവത്തെ നിസ്സാരമാക്കി സംസാരിക്കുന്നത് അയാളെ അവഹേളിക്കുന്നതുമാത്രമല്ല, ബുദ്ധിശൂന്യതകൂടിയാണ്. അവർക്കുണ്ടായി എന്നവർ അവകാശപ്പെടുന്ന അനുഭവങ്ങൾ ഉണ്ടായിട്ടില്ല എന്നു പറയുന്നതിൽ ഒരു ന്യായവുമില്ല. അനുഭവത്തിന്റെ അർത്ഥം വിശദീകരിച്ചതിനെക്കുറിച്ചു നമുക്കുവേണമെങ്കിൽ ന്യായവാദം നടത്താം, എന്നാൽ അനുഭവത്തെ കുറച്ചു കാണിക്കാൻ പറ്റില്ല. ഒരു മാലാഖയെകണ്ടെന്ന് ഒരുവൾ പറഞ്ഞാൽ അവൾ എന്തോ കണ്ടിട്ടുണ്ടെന്നാണു നാം കരുതേണ്ടത്. മാലാഖയായിരുന്നോ അല്ലയോ എന്നും, നല്ല മാലാഖയാണോ അതോ ചീത്തമാലാഖയാണോ എന്നും ദർശനമാണോ അതോ മതിഭ്രമമാണോ എന്നുമൊക്കെ പിന്നീടു നമുക്കു തീരുമാനിക്കാം. അവരുടെ അനുഭവം അവരെ സംബന്ധിച്ചു ഒരു യാഥാർത്ഥ്യമാണ്. ചിലസമയത്ത് ആളുകൾ തങ്ങളുടെ അനുഭവത്തെ പെരുപ്പിച്ചു പറയുമെങ്കിലും സാധാരണക്കാർ അവർക്കുണ്ടായ അനുഭവങ്ങളെക്കുറിച്ചു പൊതുവേ സത്യസന്ധമായിത്തന്നെയാണു സംസാരിക്കാറ്.

അവർ എനിക്കായി പ്രാർത്ഥിച്ചു എന്റെ കുടൽപ്പുണ്ണെല്ലാം സുഖമായി എന്ന് ഒരാൾ പറയുമ്പോൾ, നിങ്ങൾക്കു സൗഖ്യമൊന്നും ലഭിച്ചിട്ടില്ല എന്നു പറയുന്നത് എത്ര ചിന്താശൂന്യതയും പരുഷവുമാണ്? അൾസറെല്ലാം അവിടെത്തന്നെയുണ്ട്, നിങ്ങൾക്കു വേദനയില്ലായെന്നു തോന്നുന്നതേയുള്ളൂ എന്നു പറയുന്നതും വിനയമില്ലായ്മയാണ്. അവർ അവകാശപ്പെടുന്നതിനെക്കുറിച്ചു നിങ്ങൾക്കു സംശയം തോന്നുമായിരിക്കാം എന്നാൽ അവരുടെ അനുഭവത്തെ ഇല്ലാത്ത ഒരു കാര്യമായി ചിത്രീകരിക്കാൻ കഴിയില്ല. (യുക്തിക്കു നിരക്കുന്ന വേറൊരു വിശദീകരണം നൽകാൻ പാടില്ല എന്ന് ഇതിനർത്ഥമില്ല).

ഒരാൾക്കു രോഗസൗഖ്യം ലഭിച്ചിട്ടുണ്ടാവാം വേറൊരാൾക്ക് ആനന്ദനിർവൃതിയിലേക്കു നയിക്കുന്ന ഊഷ്മളമായ ഒരു അനുഭവമുണ്ടാവാം, എന്നാൽ അവരുടെ അനുഭവങ്ങളെ തൃണവൽക്കരിക്കുന്നതു സംസാരം വഴിതെറ്റാനും ബന്ധം മുറിയുവാനുമേ ഇടയാവുകയുള്ളൂ. കാരണം അനുഭവിച്ച ഒരു കാര്യത്തെ ഇല്ലാത്ത ഒരു കാര്യമെന്നു ബൗദ്ധികമായി സ്ഥാപിക്കാൻ ആർക്കും കഴിയുകയില്ല. അതിനാൽ സഹോദങ്ങളെ, ഇക്കാര്യത്തെക്കുറിച്ച് ഒരു തർക്കത്തിലേക്കു നിങ്ങളെ സ്വയം വലിച്ചിഴയ്ക്കരുത്.

ക്രിസ്തീയ പശ്ചാത്തലത്തിൽ നിന്നുമല്ലാത്തവർക്കും അവരുടെ ജീവിതത്തിൽ ശക്തമായ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്, അതും തള്ളിക്കളയാനാവില്ല. അന്വേഷിപ്പിൻ കണ്ടെത്തുമെന്ന വാഗ്ദാനം (മത്തായി 7:7) നോക്കുക. ക്രിസ്ത്യാനിയല്ലാത്ത ഒരാൾ സത്യത്തിലേക്കു തന്നെനയിക്കേണമേയെന്നു ദൈവത്തെവിളിച്ചപേക്ഷിക്കുകയും സത്യമന്വേഷിക്കുകയും ചെയ്യുമ്പോൾ ദൈവം അവന്റെ പ്രാർത്ഥന കേട്ടു അവൻ കടന്നുപോകുന്ന സാഹചര്യങ്ങളിലൂടെ ശരിയായ വഴിയെക്കുറിച്ചു അവനു കൂടുതൽ ബോധ്യം നൽകുകയും ചെയ്യുന്നതു മാനസീകമായ ഒരു അവസ്ഥയാണെന്നോ അല്ലെങ്കിൽ സാത്താന്റെ പ്രവർത്തനമാണെന്നോ വിശദീകരിക്കാൻ സാധിക്കുമോ?

അനുഭവങ്ങളെക്കുറിച്ചു തർക്കിക്കുന്നതിലും ഫലപ്രദമായ കാര്യം ജീവിതത്തെക്കുറിച്ചും, ശിഷ്യത്വത്തെക്കുറിച്ചും സംസാരിക്കുന്നതാണ്. ഞാൻ ഉപരിപഠനം പൂർത്തിയാക്കിയ 1980ലെ ഉഷ്ണകാലത്ത് സ്കാൻഡിനേവിയയിലേക്കുള്ള ഒരു യാത്രാമദ്ധ്യേ ഒരു ഫിന്നിഷ് യുവാവിനെ കാണാനിടയായി. ഞാൻ ബൈബിളുമായി നടക്കുന്നതുകണ്ട് ഒരു കാപ്പികുടിക്കാൻ അദ്ദേഹമെന്നെ ക്ഷണിച്ചു. ദൈവമാണ് നിങ്ങളെ എന്റെ ജീവതത്തിലേക്കു കൊണ്ടുവന്നത് എന്നെനിക്കു തോന്നുന്നു ഡഗ്ലസ്, എന്ന് അവൻ പറഞ്ഞു. കാപ്പികുടിയും നീണ്ട സംസാരവും കഴിഞ്ഞതിനുശേഷം ആ മനുഷ്യൻ കുമ്പിട്ടുനിന്നിട്ട് അന്യഭാഷയെന്ന രീതിയിൽ സംസാരിക്കാൻ തുടങ്ങി. അതവസാനിച്ചപ്പോൾ ഞാൻ ചോദിച്ചു:

*ഈ പറഞ്ഞതിന്റെ അർത്ഥമെന്താണ്?*
*അന്യഭാഷ, മനസ്സിലായില്ലേ?* – അവൻ മറുപടി പറഞ്ഞു.
*എനിക്കതു മനസ്സിലായി, അനേകം പേർ അതു ചെയ്യുന്നുണ്ട്. ഒരുകാര്യം പറയൂ, നിങ്ങളുടെ ബൈബിൾ പഠനം എങ്ങിനെയുണ്ട്, എല്ലാ ദിവസവും വേദപുസ്തകം വായിക്കുമോ?*

*എല്ലാ ദിവസമൊന്നുമില്ല.*
*ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ?*
*ഇല്ല.*
*ആഴ്ചയിൽ ഒരിക്കൽ?*
*ഞാൻ സമയമുണ്ടാക്കാൻ ശ്രമിക്കാറുണ്ട്, പക്ഷേ...*
*താങ്കൾ പറഞ്ഞതു ശരിയാണ്, ദൈവമാണ് നിങ്ങളെ എന്നിലേക്കു കൊണ്ടുവന്നത്. നിങ്ങൾക്കായൊരു ദൂത് എനിക്കുണ്ട് - എല്ലാ ദിവസവും ബൈബിൾ വായിക്കുക. നിങ്ങളുടെ തോന്നലുകളെ ആസ്പദമാക്കി ആത്മരക്ഷയെ കണക്കാക്കാതിരിക്കുക, വചനമനുസരിച്ചു ജീവിക്കുക.*

അവനെ സംബന്ധിച്ച് ആ വെല്ലുവിളി അർഹമായതായിരുന്നു. അന്യഭാഷയെക്കുറിച്ചുള്ള ഒരു മാനസികവ്യാപാരവിശദീകരണം നൽകുന്നതിനേക്കാൾ എത്രയോ പ്രയോജനപ്രദമാണത്. ദൈവവചനത്തെ അടിസ്ഥാനപ്പെടുത്തിയാണു നാം ആത്മരക്ഷയെ കണക്കാക്കേണ്ടത് എന്നു വിശദീകരിക്കാൻ നമുക്കു കഴിയണം (1 യോഹന്നാൻ 2:3–6, 5:13).

### *പരിഹാസം*

വിശ്വാസത്താൽ രോഗസൗഖ്യം ലഭിക്കുമെന്നു നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ പിന്നെയെന്തിനാണ് നിങ്ങൾ കണ്ണട ധരിച്ചിരിക്കുന്നത്? എന്നരീതിയിലുള്ള പരിഹാസചുവയുള്ള പ്രസ്താവനകൾ ഒരു ഗുണവും ചെയ്യാൻ പോകുന്നില്ല. രോഗസൗഖ്യം നൽകാനുള്ള വരം ലഭിച്ചവർക്കുപോലും എല്ലാവരെയും സൗഖ്യമാക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ഒരു വാസ്തവമാണ്. ത്രോഫിമോസിനെ പൗലോസ് മിലെത്തോസിൽ രോഗിയായി വിട്ടു (2 തിമോത്തി 4:20), ഉദരരോഗത്തെപ്രതി വീഞ്ഞുകുടിക്കാൻ തിമോത്തിയോട് ആവശ്യപ്പെട്ടു (1 തിമോത്തി 5:23), മൂന്നുപ്രാവശ്യം താൻ പ്രാർത്ഥിച്ചിട്ടും തന്റെ മാംസത്തിലെ മുള്ള് ദൈവം എടുത്തു കളഞ്ഞില്ല (2 കൊരിന്ത്യർ 12:8)

പരിഹാസത്തിന്റെ ഗതിയുമിതുതന്നെയാണ്.

### *ദൈവത്തിന്റെ പ്രവർത്തിയെ നിഷേധിക്കൽ*

വചനമനുസരിക്കുന്നവരായാലും ഇല്ലെങ്കിലും, ദൈവം എല്ലാവരുടെയും പ്രാർത്ഥന കേൾക്കുന്നവനും സർവ്വരുടെയും ജീവിതത്തിൽ പ്രവർത്തിക്കുന്നവനുമാണ്. നല്ല പ്രവർത്തികളെയും ആത്മാർത്ഥമായ മതവിശ്വാസത്തിൽ നിന്നുമുളവായ അനുഭവങ്ങളെയും സാത്താനു സമർപ്പിക്കുകയെന്നത് അത്യന്തം തെറ്റായതാണ്. ദൈവം പാപികളെ കേൾക്കുന്നില്ല എന്ന ഒരുന്യായവാദം പറഞ്ഞ്, അവിശ്വാസികളുടെ ജീവിതത്തിൽ ദൈവപ്രവർത്തികൾക്കു സ്ഥാനമില്ല എന്നു പ്രസ്താവിക്കുന്നതു വചനവിരുദ്ധമാണ് (യോഹന്നാൻ 9:31ൽ ഇക്കാര്യം പറയുന്നതു ഫരിസേയരാണ്. അവർ പറഞ്ഞതു തെറ്റാണെന്നാണ് യേശു മറുപടി പറയുന്നത്).

ദൈവം എല്ലാവരുടെയും ജീവിതത്തിൽ പ്രവർത്തിക്കുന്നു - അവനെ അന്വേഷിക്കുന്നവരുടെ ജീവിതത്തിൽ തീർച്ചയായും (മത്തായി 7:7, അപ്പ 14:17, 2 രാജാക്കന്മാർ 5:1–15).

### *അടിസ്ഥാനപരമായി..*

ആത്മീയമായ അനുഭവങ്ങൾ ആത്മരക്ഷയെ ഉറപ്പുവരുത്തുന്നില്ല എന്നതാണു ഇവയെ സംബന്ധിച്ച അടിസ്ഥാന പ്രമാണം. അത്ഭുതപ്രവർത്തികൾ ദൈവവുമായുള്ള ബന്ധം ശരിയായതാണെന്നതിന്റെ ഒരു ഉറപ്പും നൽകുന്നില്ല. ശക്തമായ പ്രവചനങ്ങളോ അടയാളങ്ങളോ പ്രവർത്തിക്കുന്നവർ വിശ്വാസയോഗ്യരാണെന്നു നിർബന്ധവുമില്ല. 1 ശമുവേൽ 19:23ൽ ശൗലിനുമേൽ ആത്മാവു വർഷിച്ചതായും അവൻ പ്രവചിച്ചതായും കാണുന്നു. എന്നാൽ അവൻ രക്ഷിക്കപ്പെട്ടു എന്ന് ഇതിനർത്ഥമുണ്ടോ? ഇല്ല, ദൈവം അവനെ കൈവിട്ടുകഴിഞ്ഞിരുന്നു (1 ശമുവേൽ 16:14). കാരണം തനിക്കു നൽകപ്പെട്ട നിർദ്ദേശങ്ങൾ അനുസരിക്കാതെ തന്റെ ഹൃദയത്തിലുള്ള ദുഷ്ടത ശൗൽ പ്രകടമാക്കിയിരുന്നു. അതുമാത്രമല്ല, തനിക്കൊരു ഭീഷണിയായി വളർന്നുവരുന്നെന്നു തോന്നിയ ദാവീദിനെതിരെ തന്റെ അസൂയ ജ്വലിക്കയാൽ അവനെ വധിക്കാനായി പലപ്രാവശ്യം ഒരുമ്പെടുകയും ചെയ്തു. ശൗലിന്റെ രാജത്വസ്ഥാനം പുറന്തള്ളിയതിനു ശേഷവും ദൈവം അവനിൽ ആത്മാവിനെ വർഷിച്ചു (തന്റെ പദ്ധതികൾക്കായി), അവന്റെ മുന്നേപോയിരുന്ന മൂന്നു സൈന്യവ്യൂഹത്തിനുമേലും.

ദൈവം തനിക്കു നൽകിയ നിർദ്ദേശത്തിലുമുപരിയായി മറ്റൊരു മനുഷ്യൻ പറഞ്ഞതിനെ സ്വീകരിക്കയാൽ ചെറുപ്പക്കാരനായ ഒരു പ്രവാചകനു തന്റെ ജീവൻ കൊടുക്കേണ്ടിവന്നു (1 രാജാക്കന്മാർ 13). ആളുകൾ ചെയ്യുന്ന അത്ഭുതപ്രവർത്തികളുടെ സ്വാധീനത്താൽ അവരെ അനുസരിക്കുന്നതിലുള്ള അപകടത്തെക്കുറിച്ച് ഏറ്റവും വ്യക്തമായി സംസാരിക്കുന്നു എന്നു ഞാൻ വിചാരിക്കുന്ന പഴയനിയമ വേദഭാഗമാണ് താഴെക്കൊടുക്കുന്നത്:

> നിങ്ങളുടെ ഇടയിൽ ഒരു പ്രവാചകനോ സ്വപ്നക്കാരനോ എഴുന്നേറ്റ് ഒരു അടയാളമോ അത്ഭുതമോ അറിയിക്കുകയും, ആ അടയാളമോ അത്ഭുതമോ സംഭവിക്കുകയും ചെയ്തിട്ട് അവൻ നിന്നോട്: നാം ചെന്ന് നീ അറിഞ്ഞിട്ടില്ലാത്ത അന്യദൈവങ്ങളെ ആരാധിക്കാം എന്നു പറഞ്ഞാൽ, ആ പ്രവാചകന്റെയോ സ്വപ്നക്കാരന്റെയോ വാക്ക് നീ അനുസരിക്കരുത്; നിങ്ങളുടെ ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും നിങ്ങൾ സ്നേഹിക്കുന്നുവോ എന്ന് അറിയേണ്ടതിന് നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളെ പരീക്ഷിക്കുകയാകുന്നു. നിങ്ങളുടെ ദൈവമായ യഹോവയെ നിങ്ങൾ അനുസരിച്ചു ഭയപ്പെടുകയും അവന്റെ കൽപനകൾ പ്രമാണിച്ച് അവന്റെ വാക്കു കേൾക്കുകയും അവനെ ആരാധിച്ച് അവനോടു ചേർന്നിരിക്കുകയും വേണം. മിസ്രയീംദേശത്തുനിന്നു നിങ്ങളെ കൊണ്ടുവന്നവനും അടിമവീട്ടിൽ നിന്നു വീണ്ടെടുത്തവനുമായ നിങ്ങളുടെ ദൈവമായ യഹോവയ്ക്കെതിരായി നീ നടക്കേണ്ടതിന്, ആ പ്രവാചകനോ സ്വപ്നക്കാരനോ സംസാരിക്കുകയും നിന്റെ ദൈവമായ യഹോവ കല്പിച്ച വഴിയിൽ നിന്ന് നിന്നെ തെറ്റിക്കുവാൻ ശ്രമിക്കുകയും ചെയ്തതുകൊണ്ട് അവൻ മരണശിക്ഷ അനുഭവിക്കണം; അങ്ങനെ നിന്റെ മദ്ധ്യേനിന്നു ദോഷം നീക്കിക്കളയണം. (ആവർത്തനം 13:1-5)

അത്ഭുതകരമെന്നു തോന്നുന്ന ഒരു സംഭവത്തിൽ കൂടി ദൈവം നമ്മുടെ ഹൃദയ ശുദ്ധിയും അവനോടു നമുക്കുള്ള സമർപ്പണവും പരീക്ഷിക്കുകയാകാം.(4)

## വ്യാജ അടയാളങ്ങളെക്കുറിച്ച്

എന്റെ അനുഭവം ശരിക്കും നടന്നതാണ്, ഇതു വ്യാജമല്ല എന്നു അനേകർ എന്നോടു പറഞ്ഞിട്ടുണ്ട്. എന്നാൽ ശരിയായതാണെന്നതിനുള്ള ഉറപ്പെന്താണെന്നു ചോദിച്ചാൽ എന്റെ മനസ്സങ്ങനെ പറയുന്നു എന്ന ഒരു മറുപടിയാണു മിക്കവാറും ലഭിക്കുക. ആ പ്രതികരണത്തിനൊരു പ്രശ്നമുണ്ട്. ശരിയായതും വ്യാജമായതും തമ്മിൽ തിരിച്ചറിയുവാൻതക്ക വിവേകമുള്ള വ്യക്തികൾ ആരാണ്?

അനേകവർഷങ്ങൾക്കുമുമ്പ് ഇഗ്ലണ്ടിൽവച്ചു ഞാൻ പോലീസിന്റെ പിടിയിൽ അകപ്പെട്ടിട്ടുണ്ട്, വ്യാജനാണയം ഉപയോഗിച്ചുവെന്ന കുറ്റത്തിന്. ഒരു വീഡിയോ ഗെയിമിൽ ഉപയോഗിച്ച നാണയത്തുട്ട് എന്റെ കാഴ്ചപ്പാടിൽ യാതൊരു കുഴപ്പവുമില്ലാത്തതായിരുന്നു, എന്നാൽ അതു ആ യന്ത്രത്തിൽ കുരുങ്ങി. ഗെയിമിന്റെ ഉടമസ്ഥർ പോലീസിനെ വിവരമറിയിച്ചു. കുറച്ചുനേരത്തെ ചോദ്യംചെയ്യലിനു ശേഷം ഇത്തരം വ്യാജനാണയങ്ങൾ ഒത്തിരി ഇറങ്ങിയിട്ടുണ്ട്, മേലിൽ സൂക്ഷിക്കണം എന്നൊരു മുന്നറിയിപ്പോടെ എന്നെ അവർ വിട്ടയച്ചു.

സമർത്ഥമായി ഉണ്ടാക്കിയ ഒരു വ്യാജനെയും യഥാർത്ഥമായതിനെയും തമ്മിൽ തിരിച്ചറിയണമെങ്കിൽ നമ്മുടെ കയ്യിൽ രണ്ടിന്റെയും മാതൃകയുണ്ടാകണം അല്ലെങ്കിൽ അവയെ തിരിച്ചറിയാനുള്ള വൈദഗ്ദ്യം ഉണ്ടാകണം. ഇതു വ്യാജനാണ് അല്ലെങ്കിൽ ഇതു യഥാർത്ഥമായതാണ് എന്നു പറയുവാനുള്ള സാങ്കേതികത നമ്മുടെ കൈവശമില്ല തന്നെ.

അത്ഭുതങ്ങൾ ഒരാളുടെ ആത്മരക്ഷ ഉറപ്പുവരുത്തുന്നില്ല എന്നു സാക്ഷ്യപ്പെടുത്തുന്ന ചില വചനങ്ങൾ ഇതാ:

**ആവർത്തനം** 13:1–11 നാം വചനത്തിൽ ഉറച്ചു നിൽക്കുമോ എന്നു നോക്കാനായി ദൈവം നമ്മെ പരീക്ഷിക്കുന്നതാകാം. നമ്മോടു വളരെ അടുപ്പമുള്ള സുഹൃത്തുക്കളോ, കുടുംബാംഗങ്ങളോ ഒക്കെയായിരിക്കാം ഇപ്രകാരമുള്ള ചതിയിൽ അകപ്പെട്ടിരിക്കുന്നത് – എന്നാലും വൈകാരികമായ ഒരു സമീപനം ഇക്കാര്യത്തിൽ അരുത്.

**1 ശമുവേൽ** 19:18–24 ദൈവവുമായി ശരിയായ ബന്ധത്തിലല്ലാത്തവരുടെമേൽ പോലും ആത്മാവു വർഷിക്കപ്പെടാം. അത്ഭുതങ്ങൾക്ക് ദൈവം നിശ്ചയിച്ച ഒരു ഉദ്ദേശമുണ്ട്. എന്നാൽ ദൈവം അതിനായി ഉപയോഗിക്കുന്നയാളുടെ ആത്മരക്ഷയെക്കുറിച്ച് ഇതൊരു ഉറപ്പല്ല.

**1 രാജാക്കന്മാർ** 13:1–26 ദൈവവചനത്തെ ചോദ്യംചെയ്യാനായി മറ്റൊരു വ്യാജപ്രവാചകൻ മുന്നോട്ടുവന്നപ്പോൾ കേടുപാടു സംഭവിച്ചത് ദൈവകൽപ്പന ലഭിച്ചവനാണ്.

**മർക്കോസ്** 13:22 വ്യാജന്മാരായ മിശിഹാമാരും അത്ഭുതം പ്രവർത്തിക്കും. ഇന്നു കാണുന്ന പല മതാധിഷ്ഠിത കൂട്ടങ്ങളും അത്ഭുതപ്രവർത്തകരെ ചുറ്റിപ്പറ്റിയുള്ളതാണ്.

**അപ്പ** 19:13 യഹൂദരും ഭൂതങ്ങളെ പുറത്താക്കിയിരുന്നു. ഭൂതബാധ ഒഴിപ്പിക്കൽ യേശുവിന്റെ കൂടെയല്ലാത്തവരും ചെയ്തിരുന്നു (മർക്കോസ് 9:38–40)

**2 തെസ്സലോനിക്യർ** 2:9–11 സത്യം മനസ്സിലാക്കണമെങ്കിൽ സത്യത്തെ അകമഴിഞ്ഞു സ്നേഹിക്കണം. അതല്ലങ്ങിൽ നാം സ്നേഹിക്കുന്നതിനെ പിന്തുടരാനായി നമ്മുടെ ഹൃദയം കഠിനമാക്കുന്ന പ്രക്രിയയ്ക്ക് ദൈവം ഏല്പ്പിച്ചുകൊടുക്കും.

**വെളിപാട്** 13:13, 16:14, 19:20 വ്യാജഅടയാളങ്ങളുടെയും അത്ഭുതങ്ങളുടെയും ഉദാഹരണങ്ങളാണിവ. (ഈ വചനങ്ങൾ ഏറെദ്യോതകമായിട്ടുള്ളവയാണ്. മുകളിലെ തെസ്സലോനിക്യയിൽ

നിന്നുള്ള വചനങ്ങൾ സൂചിപ്പിക്കുന്നതുപോലെതന്നെ, ഇവിടത്തെ വചനങ്ങളും സാക്ഷിക്കുന്നത് സാത്താന് അത്ഭുതങ്ങൾ ചെയ്യാനുള്ള കഴിവില്ല എന്നുതന്നെയാണ്. അവൻ അത്ഭുതങ്ങളുടെ വ്യാജൻമാരെ സൃഷ്ടിക്കുകയാണു ചെയ്യുന്നത്).

ദൈവകൽപ്പനകളനുസരിച്ചു പ്രവർത്തിക്കുന്നതാണ്, അത്ഭുതം പ്രവർത്തിക്കുന്നതല്ല, ആത്മരക്ഷയെ ഉറപ്പുവരുത്തുന്നത്. യേശുതന്നെ തീർത്തു പറഞ്ഞതുപോലെ:

> എന്നോട് കർത്താവേ കർത്താവേ എന്നു പറയുന്ന ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്. കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ? എന്ന് പലരും ആ ദിവസം എന്നോടു ചോദിക്കും. അന്നു ഞാൻ അവരോട്: ഞാൻ നിങ്ങളെ ഒരിക്കലും അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും. (മത്തായി 7:21-23)

## അവസാനമായി..

അന്ധവിശ്വാസങ്ങളെ നമുക്കു തള്ളിക്കളയാം. ശ്രദ്ധപതറുമ്പോൾ പ്രവർത്തനമാന്ദ്യമാണു സംഭവിക്കുന്നത്. ആത്മാവിന്റെ ശരിയായ പ്രവർത്തനത്തെക്കുറിച്ചു നമുക്കു മറ്റുള്ളവരെ പഠിപ്പിക്കാം

ശോധനചെയ്യുവാൻ:

1. അന്ധവിശ്വാസങ്ങൾ എന്നിൽ സ്വാധീനം ചെലുത്തുന്നുണ്ടോ? അടയാളങ്ങൾക്കുവേണ്ടി നോക്കിയിരിക്കുന്ന ഒരു വ്യക്തിയാണോ ഞാൻ? അതോ വചനത്തിലൂടെ ദൈവം കൽപ്പിച്ച കാര്യങ്ങൾ ഉത്തരവാദിത്വബോധത്തോടെയുള്ള തീരുമാനങ്ങളിലൂടെ അനുദിനം പാലിക്കാൻ ഉറ്റുശ്രമിക്കുന്നവനാണോ?
2. അന്ധവിശ്വാസത്തിൽ മുഴുകിയിരിക്കുന്ന ഒരാളെ വചനസത്യത്തിലേക്കുവഴിനടത്തുവാനുള്ള ദീർഘക്ഷമ എന്നിലുണ്ടോ?

കുറിപ്പുകൾ:

1. മൂന്നാം നൂറ്റാണ്ടിൽ ഉദയം ചെയ്ത മഠാധിഷ്ടിത സമൂഹങ്ങൾ ഈ മനംമടുപ്പിൽ നിന്നും ഉളവായതാണ്. അക്കാലത്തെ കത്തോലിക്കാസഭയിലെ ആത്മീയമന്ദതയ്ക്കെതിരായി ഉയർന്നുവന്ന ഒരു പ്രതികരണമാണിത്. ആളുകൾ സഭവിട്ട് ഇതുപോലുള്ള കൂട്ടങ്ങളിൽ ചേക്കേറുകയും സന്യാസവും, ദൈവത്തിൽനിന്നുമുള്ള പുതിയ വെളിപാടുകളും അവനുമായി അടുപ്പമുണ്ടാക്കുന്ന അനുഭവങ്ങളും കാംക്ഷിക്കുന്നവാരി തീരുകയും ചെയ്തു. ലോകത്തിലെ എല്ലാ പ്രധാനമതവിഭാഗങ്ങളിലും ഇത്തരത്തിലുള്ള പ്രതികരണങ്ങളുടെ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെയാണ് വ്യവസ്ഥാപിതമതത്തിലുള്ള മനംമടുപ്പിനെ അതിജീവിക്കാനായി ഇന്നും ആളുകൾ നവപെന്തക്കോസ്തുവൃത്തങ്ങളിൽ അഭയം തേടുന്നത്.
2. നവപെന്തക്കോസ്തുവൃത്തങ്ങളെക്കുറിച്ച് അനേകം പഠനങ്ങൾ നടന്നിട്ടുണ്ട്. റസ്സൽ പി സ്പിറ്റിലും സംഘവും ചേർന്നു നടത്തിയ ഒരു സർവ്വേഫലത്തിൽ ഏകദേശം 82 ശതമാനം ആളുകൾ മുമ്പു ഭാഗഭാക്കായിരുന്ന അവരുടെ സഭാസാഹചര്യങ്ങളെപ്രതി അസന്തുഷ്ടരും അസംതൃപ്തരായിരുന്നു എന്നു കാണാം. ഒരു കരിസ്മാറ്റിക് കൂട്ടത്തെ തേടാൻ അവർക്ക് അതൊരു കാരണമാവുകയും ചെയ്തു.
3. വിമാനത്തിലെ സഹായിയെ കൈകാര്യം ചെയ്തതിൻ ഷുള്ളർക്കെതിരെ 1997 ജൂൺ 28ന് 50ലക്ഷം ഡോളർ നഷ്ടപരിഹാരമാവശ്യപ്പെട്ട് കോടതികയറ്റപ്പെട്ടു. കുറച്ച പണം പിഴയടച്ച്, മാപ്പുപറഞ്ഞു കേസിൽ നിന്നും രക്ഷപ്പെട്ട ഷുള്ളർ പിന്നീട് ഞാൻ കൈവയ്പിന്റെ ആളാണ് എന്നു ആ സംഭവത്തെക്കുറിച്ചു തമാശയും പറഞ്ഞു.
4. എന്നാൽ കരിസ്മാറ്റിക്കുകാർ വിഗ്രഹാരാധനയെ ശുപാർശചെയ്യുന്നവരല്ല എന്ന മറുവാദമുണ്ട്. ഗലാത്യർ 1:7, 2 കൊരിന്ത്യർ11:34 എന്നീ വചനങ്ങൾ ഉപകാരപ്രദമാണ്.

**അദ്ധ്യായം 11**

# ദൈവവുമായി ഒരു ഹോട്ട്ലൈൻ?

## ദൈവീകം? മാനസീകം? സാത്താനിലധിഷ്ഠിതം?

കോളേജു ജീവിതമാരംഭിച്ചസമയത്ത് എന്റെ മാതാപിതാക്കൾ എനിക്കൊരു ഫോൺ സമ്മാനിച്ചു - ചുവന്ന നിറത്തിലുള്ള ഒന്ന്. സഹപാഠികളോടു സംസാരിക്കാനും ഭക്ഷണം വരുത്താനും ആളുകളെ കളിയാക്കാനും പെൺകുട്ടികളോടു സല്ലപിക്കാനും ചെസ്സുകളിക്കാനുമൊക്കെ ഉതകുന്ന രീതിയിലുള്ള ഒരു സ്വകാര്യഫോണായിരുന്നു അത്. വെളുത്തനിറമുള്ള ഞങ്ങളുടെ വീടിനകത്ത് സ്വന്തമായി ചുവന്ന നിറത്തിലുള്ള ഒരു ഫോണുള്ള എന്നിലെ യുവാവിന് അതൊരു ഹോട്ട്ലൈൻ തന്നെയായിരുന്നു. (രാജ്യത്തെ പരമാധികാരിയുടെ ഫോണിനെയാണ് ഹോട്ട്ലൈൻ എന്നു വിളിക്കുന്നത്).

വ്യക്തിപരമായി ഞാൻ കുറച്ചുപേർക്കെങ്കിലും വേണ്ടപ്പെട്ടവനാണെന്ന ബോധ്യം നമുക്കോരോരുത്തർക്കും അത്യാവശ്യമായതാണ്. എന്നാൽ അത്തരം ആവശ്യങ്ങൾ നിറവേറപ്പെടാതെ വരുന്നതിനാൽ ഉളവാകുന്ന ഏകാന്തതയും മറ്റുള്ളവർക്കു ഞാൻ സ്വീകാര്യനല്ല എന്ന തോന്നലും, ചെയ്ത പാപങ്ങളുടെ കുറ്റബോധംപോലും മറികടക്കാനുപയോഗിക്കുന്ന ഒരു ഉപായമാണ് സാങ്കൽപിക ലോകത്തിലുള്ള ഒരു ജീവിതം. ചിലയാളുകൾ ദൈവവുമായി തങ്ങൾക്ക് ഒരു ഹോട്ട്ലൈൻ ബന്ധമുണ്ടെന്ന രീതിയിൽ ജീവിക്കുന്നു - അതായത് വചനത്തിൽ അധിഷ്ഠിതമാണോ അല്ലയോ എന്നതോ, മറ്റുമുതിർന്ന വിശ്വാസികളുടെ ജ്ഞാനമോ ഒന്നും ഒത്തുനോക്കാതെ, ഇക്കൂട്ടരോടു ദൈവം നേരിട്ടും ഉറപ്പായും സംസാരിക്കുന്നുവെന്ന ഒരു മിഥ്യാബോധം. നവപെന്തക്കോസ്തുവൃത്തങ്ങളിൽ ഈ ഹോട്ട്ലൈൻ ബന്ധത്തിന് വലിയ വിലയാണുള്ളത്.

## മരിച്ചവനെ ഉയർപ്പിക്കൽ?

എന്റെ സഹപ്രവർത്തകൻ ഡഗ്ലസ് ആർതർ ബോസ്റ്റൻ സർവ്വകലാശാലയിൽ വച്ച്, തനിക്കു ദൈവവുമായുള്ള ഒരു ഹോട്ട്ലൈൻ ബന്ധമുണ്ടെന്നവകാശപ്പെട്ട ഒരു വനിതയെ കണ്ടുമുട്ടി. അത്ഭുത പ്രവർത്തികൾ ചെയ്യാൻ കഴിയുമെന്നും അവർ പറഞ്ഞു. അവൾ ആരെയെങ്കിലും മരണത്തിൽനിന്നു ഉയർപ്പിച്ചിട്ടുണ്ടോ എന്നു ചോദിച്ചു. ഉണ്ടോയെന്നു ചോദിച്ചാൽ ഉണ്ടെന്ന് അവൾ മറുപടി പറഞ്ഞു.

ഒരു കാർ അപകടത്തിൽ പെട്ടപ്പോൾ ഞാൻ അവിടേയ്ക്കു ചെന്നു. അവിടെ വഴിയരികിൽ ആ അപകടത്തിൽപെട്ട ഒരാൾ മരിച്ചു കിടക്കുന്നുണ്ടായിരുന്നു. ഞാൻ അയാളുടെ മേൽ കൈവച്ചു പ്രാർത്ഥിച്ചു, അയാളെ മരണത്തിൽ നിന്നും രക്ഷിച്ചു.

സ്തബ്ധനായ ആർതർ അവളോട്; അയാൾ മരിച്ചുവെന്നു നിങ്ങൾക്കെങ്ങിനെ അറിയാമെന്നു ചോദിച്ചു. കാരണം അപകടത്തിൽ പെടുന്നവർ ബോധരഹിതരാകുന്നതു സ്വാഭാവികമാണ്.

ഇല്ല, അയാൾ മരിച്ചതുതന്നെയാണ് എന്നവൾ തിരിച്ചടിച്ചു.

സമ്മതിച്ചു, അയാൾ മരിച്ചുവെന്നു നിങ്ങൾക്കെങ്ങിനെ മനസ്സിലായി എന്നുമാത്രമാണ് ഞാൻ ചോദിക്കുന്നതെന്നു ആർതർ ചോദിച്ചു.

ഓ, എനിക്കങ്ങിനെ തോന്നി എന്നവൾ മറുപടി പറഞ്ഞു.

അങ്ങനെ പറയരുത്, ആർതർ പറഞ്ഞു. ശരി, ഇനിയുമതുചെയ്യാൻ നിങ്ങൾക്കു കഴിയുമോ?

തീർച്ചയായും, അതു ദൈവഹിതമാണെങ്കിൽ.

ദൈവത്തിനതു ചെയ്യണമെന്നു ആഗ്രഹമുണ്ടെന്ന കാര്യം ആത്മാവു നിങ്ങളോടു പറയുമായിരിക്കും.

അതെ, ആത്മാവെന്നോടു സംസാരിക്കും.

ആത്മാവെന്നോടു സംസാരിക്കും? ഇതിനെയാണ് ദൈവവുമായുള്ള ഹോട്ട്ലൈൻ എന്നു പറയുന്നത്. ഇത്തരത്തിൽ ദൈവവുമായി ഒരു ഇലക്ട്രിക് പ്ലഗുപോലെ ബന്ധപ്പെട്ടിരിക്കുന്നവരെന്നു അവകാശപ്പെടുന്നവരോടു യുക്തിഭദ്രമായി സംസാരിക്കാൻ പോലും കഴിയില്ല.

എന്തിനും ഏതിനും എളുപ്പ വഴികണ്ടെത്തുന്ന ആധുനികലോകത്തിലെ രീതികൾ യേശുവിലേക്കുവരുന്നവരിലും സ്വാധീനം ചെലുത്തിയിട്ടുണ്ട്. എല്ലാവരും തേടുന്നത് എളുപ്പ വഴികളാണ്. തങ്ങൾ വരുന്ന വാഹനത്തിൽത്തന്നെ ഇരുന്ന് സഭായോഗത്തിൽ പങ്കെടുത്തു പോകാൻ സൗകര്യമൊരുക്കുന്ന അവസ്ഥ അമേരിക്കയിൽ വർഷങ്ങളായി നിലവിലുണ്ട്. ഫ്ളോറിഡയിലാകട്ടെ ഒരു നാണയം നിക്ഷേപിച്ചാൽ ഒരു അപ്പക്കഷണവും വീഞ്ഞും തരുന്നതിനൊപ്പം ആ ദിവസത്തെ ചിന്താ

വിഷയവും കൂടി കേൾപ്പിച്ചു തരുന്ന മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. പത്തുമിനിട്ടിനുള്ളിൽ സഭായോഗത്തിൽ പങ്കെടുത്തു സുഖകരമായ ഒരു അനുഭവവുമായി പോകുന്ന ആ രംഗം ഒന്നാലോചിച്ചുനോക്കുക. എത്ര സൗകര്യപ്രദം! കൂട്ടായ്മയുടെ പൊല്ലാപ്പുകൾ ഒന്നുമില്ല. ഓട്ടത്തിനിടയ്ക്കുള്ള ആത്മീയാരാധന. വേദനയില്ലാത്ത ക്രിസ്തീയത. ത്യാഗവും ബലിയുമൊന്നും അതിന്റെ ഭാഗമേയല്ല. ഇതു തന്നെയാണ് പ്രശ്നത്തിന്റെ കാതൽ.

ദൈവഹിതമറിയുന്നതിലുള്ള ആശയക്കുഴപ്പങ്ങൾ നിലനിൽക്കുന്ന പത്തു കാര്യങ്ങളെ നമുക്ക് ഈ അദ്ധ്യായത്തിൽ പരിഗണിക്കാം. ദൈവവുമായുള്ള ഒരു ഹോട്ട്ലൈൻ ബന്ധം ഈ കാലഘട്ടത്തിൽ നിലവിലില്ല എന്നതും.

## പ്രവചനവരം

ആധുനിക കൂട്ടങ്ങൾ പലതും തങ്ങൾക്കിടയിൽ പ്രവാചകന്മാരും പ്രവാചികമാരും ഉണ്ടെന്ന അവകാശവാദമുന്നയിക്കുന്നവരാണ്. ദൈവം തന്റെ വചനം വെളിപ്പെടുത്താനായി ഒരാളെ പ്രത്യേകമായി ഉപയോഗിക്കുന്നു എന്ന ചിന്ത തീർച്ചയായും അഭിമാനം തോന്നിപ്പിക്കുന്ന ഒന്നാണ്. അത്തരം ആളുകൾ ദൈവവുമായി ബന്ധപ്പെട്ടിരിക്കുന്നോ ഇല്ലയോ എന്നത് വ്യത്യസ്തമായ ഒരു കാര്യമാണ്.

അപ്പസ്തോലരോടൊപ്പം പ്രവാചകരും ഒന്നുചേർന്നാണ് സഭയ്ക്ക് അടിസ്ഥാനമിട്ടതെന്ന് എഫേസ്യർ 2:20 പഠിപ്പിക്കുന്നു. എഫേസ്യർക്കായുള്ള ലേഖനത്തിൽ (2:20, 3:5, 4:11) പറയുന്ന പ്രവാചകർ പുതിയനിയമത്തിലെ പ്രവാചകരാണ്, പഴയ നിയമത്തിലേതല്ല. സുവിശേഷങ്ങളുടെ രചനയിൽ ഈ പ്രവാചകദൗത്യം നമുക്കു ദർശിക്കാൻ കഴിയും. അഗാബസിലും ഫിലിപ്പിന്റെ പെൺമക്കളിലും പ്രവാചകത്വം നമുക്കു കാണാം (അപ്പ 11:28, 21:9–10). ഈ പ്രവാചകവരം ഇന്നു നിലവിലില്ല. അടിസ്ഥാനം ആദ്യമായും ഒരിക്കലായും പണിയുന്നതാണ്. അതിനുമീതെ കെട്ടിടം വന്നു കഴിഞ്ഞാൽപിന്നെ വീണ്ടും അടിസ്ഥാനമിടേണ്ടതില്ല. ആദ്യനൂറ്റാണ്ടിലുണ്ടായിരുന്ന പ്രവാചക ദൗത്യത്തിന് ഇന്നു പ്രസക്തിയില്ല.

പ്രവാചകർ ഇന്നുണ്ടായിരുന്നെങ്കിൽ അപ്പസ്തോലരും ഉണ്ടാകുമായിരുന്നു, കാരണം അവരെ രണ്ടുപേരെയും ഒരുമിച്ചാണു നമുക്കു കാണാൻ കഴിയുന്നത് (എഫേ 2:20, 3:5, 4:11). എന്നാൽ അപ്പസ്തലന്മാർ ഇന്നു നിലവിലില്ല. ഒരാൾ അപ്പസ്തോലസ്ഥാനത്തെത്തണമെങ്കിൽ ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനു ദൃക്സാക്ഷിയായിരിക്കണം (1 കൊരിന്ത്യർ 9:1, അപ്പ 1:22), അത്ഭുതങ്ങളും അടയാളങ്ങളും വിര്യപ്രവർത്തികളും ചെയ്യണം (2 കൊരിന്ത്യർ 12:12). മറ്റുകാര്യങ്ങൾക്കൊപ്പം യേശുവിന്റെ വചനങ്ങൾ അത്ഭുതകരമായ കൃത്യതയോടെ ഓർത്തിരിക്കാൻ ആത്മാവിനാൽ പര്യാപ്തപ്പെടുത്തിയവരുമാകണം (യോഹന്നാൻ 14:26, 16:13). ആയതിനാൽ അപ്പസ്തോലന്മാർ ഇന്നു നിലവിലില്ല. (മോർമോൺ സഭയുടെ വീക്ഷണങ്ങൾ വചനവിരുദ്ധമായവയാണ്).

ഒരിക്കൽക്കൂടി പറയട്ടെ, അപ്പസ്തോലന്മാരുടെ കാലഘട്ടം കഴിഞ്ഞതിനാലും, പ്രവാചകരെ അപ്പസ്തോലരുടെ തോളോടു ചേർത്തു പുതിയനിയമം സംസാരിക്കുന്നതിനാലും, പുതിയനിയമത്തിൽ കാണുന്ന വരുവാനിരിക്കുന്ന കാര്യങ്ങളെ മുന്നേറേ പ്രവചിക്കുന്ന പ്രവാചകർ ഇന്നു നിലവിലില്ല. എന്നാൽ വരുവാൻ പോകുന്ന ഭവിഷ്യത്തുകളെക്കുറിച്ചു മുന്നറിപ്പു നൽകുന്ന പ്രസംഗ/പ്രവാചകരെ നമുക്കിന്നാവശ്യമുണ്ട്, വചനത്തിലേക്കു നമ്മെ ശക്തമായ രീതിയിൽ തിരിച്ചുവിളിക്കാനായി.

## *ആത്മാക്കളുടെ വിവേചനം*

1 കൊരിന്ത്യർ 12:10ൽ ആത്മാക്കളുടെ വിവേചനത്തെക്കുറിച്ചു സംസാരിക്കുന്നു, അതേസമയം 1 യോഹന്നാൻ 4:1ൽ ആത്മാക്കളെ പരീക്ഷിക്കണമെന്നും കൽപ്പിക്കുന്നു. ഒരാളിലുള്ളതു നല്ല ആത്മാവാണോ അതോ ദുരാത്മാവാണോ, ദൈവം ചെയ്യാനാഗ്രഹിക്കുന്നത് ഇന്നതാണോ അല്ലയോ എന്നൊക്കെ അങ്ങിനെയങ്ങു പറയാൻ കഴിയുമെന്നാണ് നവീനപെന്തക്കോസ്തുകാരുടെ അവകാശവാദം. ഈ അവകാശവാദത്തിന് ബൈബിൾ വചനങ്ങളുമായി യാതൊരുവിധ പൊരുത്തവുമില്ല. ഇത്തരം ഒരു ദാനമുണ്ടെന്നവകാശപ്പെടുന്നവർ ഇക്കാര്യത്തിൽ വിവേചനബുദ്ധിയല്ല കാണിക്കുന്നത്!

പ്രവചനപരമായ ഒരു സന്ദേശത്തെയും ആത്മാവെന്നവാക്കിനാൽ സൂചിപ്പിക്കുന്നുണ്ട്. വിചിത്രമെന്നു തോന്നാമെങ്കിലും, 2 തെസ്സലോനിക്യർ 2:2ൽ ആത്മാവെന്നുപയോഗിച്ചിരിക്കുന്ന ഗ്രീക്കു വാക്കിന് പ്രവചനമെന്നും പ്രവചനപരമായ സന്ദേശമെന്നും അർത്ഥമുണ്ട്. ആത്മാവെന്ന വാക്കു കേൾക്കുമ്പോൾത്തന്നെ ശരീരമില്ലാത്ത ഒന്ന് എന്നുള്ള ഒരു ചിത്രമാണ് നമ്മിൽ ഉണ്ടാകുന്നത്. എന്നാൽ ഇത് എല്ലായ്പ്പോഴും ശരിയല്ല. ആത്മാവ് ഒരു സന്ദേശവുമാകാം. 1 തെസ്സലോനിക്യർ 5:19–22, 1 കൊരിന്ത്യർ 14:29 എന്നീ വചനങ്ങൾ ഈ വിഷയത്തെക്കുറിച്ചു കൂടുതൽ അവബോധം നമുക്കു നൽകുന്നു – പ്രവചനങ്ങളെ ഏതുരീതിയിലാണു സമീപിക്കേണ്ടത് എന്നതിനെക്കുറിച്ച്.

ആദ്യനൂറ്റാണ്ടിലെ സഭയിലെ പ്രവാചകവരത്തിൽ നിന്നുമുളവാകുന്ന പ്രവചനപരമായ സന്ദേശങ്ങളെ അളന്നു തൂക്കുന്ന പ്രക്രിയയ്ക്കാണ് ആത്മാക്കളുടെ വിവേചനമെന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഇതാണിതിന്റെ സാരം.

## *ഭാഗ്യപരീക്ഷണം നടത്തൽ / നറുക്കെടുക്കൽ*

എന്തുചെയ്യണമെന്നുറപ്പില്ലാതിരുന്ന ഗിദേയോൻ ദൈവഹിതമറിയുവാനായി കുറിയിടുന്ന തുനാം ന്യായാധിപർ 6:36–40 വചനങ്ങളിൽ കാണുന്നു – ദൈവം തന്റെ ഹിതമൊന്നും വെളിപ്പെടുത്താഞ്ഞിട്ടല്ല അവനതു ചെയ്തത്. ദൈവത്തിനൊരു അന്ത്യശാസനം കൊടുക്കുന്നതുപോലെയാണ് കുറിയിടുന്നതിലൂടെ ചെയ്യുന്നത് – നിന്റെ ഇഷ്ടം ഇതാണെങ്കിൽ നീയെനിക്ക് ഇന്ന അടയാളം കാണിച്ചുതരൂ, അല്ലെങ്കിൽ അതു നിന്റെ ഹിതമല്ലയെന്നു ഞാനങ്ങു കണക്കാക്കും.

കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ ഭാഗമായിരുന്ന സമയത്തു ഞാൻ പതിവായി തീരുമാനങ്ങളെടുക്കാൻ ഉപയോഗിച്ചിരുന്ന കുറി ഗതാഗത നിയന്ത്രണ വിളക്കായിരുന്നു. കർത്താവേ അതു പച്ചയാണെങ്കിൽ ഞാനതു ചെയ്യും, ചുവപ്പാണെങ്കിൽ ചെയ്യില്ല, മഞ്ഞയാണെങ്കിൽ ഇപ്പോൾ തീരുമാനമൊന്നും എടുക്കാതെ പിന്നീടത്തേക്കു മാറ്റും. അടയാളങ്ങളന്വേഷിക്കുന്ന ഒരു മനോഭാവമാണ് ദൈവഹിതം വ്യക്തമാക്കുന്നതിനായുള്ള അടയാളങ്ങൾ അന്വേഷിക്കുന്നത്. ഇതുപോലുള്ള നാണയമെറിയൽ രീതി ഇന്നു വളരെ പ്രചാരത്തിലുള്ളതാണ്. എന്നാൽ ഇതു ആത്മീയമായി ശരിയായ ഒന്നാണോ? കുറച്ചു ചിന്തകൾ:

1. ഗിദേയോന്റെ വിശ്വാസം വളരെ ബലക്ഷയത്തോടു കൂടിയതായിരുന്നു, തന്നെക്കുറിച്ചുള്ള ദൈവഹിതം ദൈവവചനം വെളിവാക്കിയിട്ടുപോലും.
2. ഗിദേയോന്റെ പരീക്ഷയെക്കുറിച്ചു ദൈവം നല്ലാതായൊന്നും സംസാരിച്ചിട്ടില്ല. ദൈവത്തോട് ഒരു അടയാളം ചോദിക്കുന്നത് അവനെ പരീക്ഷിക്കുന്നതാണെന്ന് ഏശയ്യ 7:11–12ൽ വചനം വ്യക്തമാക്കി പറയുന്നു.
3. ദൈവത്തെ പരീക്ഷിക്കുന്നതിനുള്ള പ്രലോഭനത്തെ യേശു എതിർത്തു (മത്തായി 4:7). യേശുവിന്റെ നിഷേധത്തിനു കാരണം ആവർത്തനം 6:16 ആണ്. ധിക്കാരപരവും സ്വാർത്ഥപരവുമായ ഹൃദയമാണ് ദൈവത്തെ പരീക്ഷിക്കുന്നത് – ഗിദെയോന്റെ അവസ്ഥ ഇതല്ലായിരുന്നു.
4. ഈ കളിയിൽ ദൈവം കൂടുന്നുണ്ടോ ഇല്ലയോ എന്ന് അറിയാൻ കഴിയാത്തതാണ് ഇത്തരം കാര്യങ്ങളെ അടിസ്ഥാനമാക്കി ദൈവഹിതം മനസ്സിലാക്കുന്നതിലുള്ള വലിയ പ്രശ്നം. നമുക്കു കിട്ടുന്ന ഉത്തരം ദൈവഹിതമാണെന്നതിന് യാതൊരു അടിസ്ഥാനവുമില്ല – ഒത്തുനോക്കാൻ വഴിയുമില്ല. (തെളിഞ്ഞിരിക്കുന്ന വിളക്കു പച്ചയായാൽ പോലും, അതു ദൈവം നൽകുന്ന ഒരു മറുപടിയാണോ എന്ന സംശയം നിലനിൽക്കും. ഈ പരീക്ഷ ദൈവഹിതം വെളിപ്പെടാൻ യോഗ്യമായ പരീക്ഷയാണോ എന്നതും.)
5. നമ്മുടെ നിർദ്ദേശങ്ങൾക്കനുസരിച്ചു ദൈവം പ്രവർത്തിക്കണമെന്നതിന് യാതൊരു ഉറപ്പുമില്ല. സ്വർഗ്ഗത്തിൽ വസിക്കുന്ന അവന് അവന്റെ ഇഷ്ടം നടത്താനുള്ള പരിപൂർണ്ണ അധികാരമുണ്ട് (സങ്കീർത്തനം 115:3). അവന്റെ വചനം നാം അനുസരിക്കുന്നതിനു ബദലായി നമ്മുടെ വ്യവസ്ഥകൾ ദൈവത്തിനുമുന്നിൽ നിരത്താൻ നമുക്കു സാദ്ധ്യമല്ല.
6. ഒരു വഴി/വാതിൽ തുറന്നു തരുവാനായി നാണയമെറിയുന്നതിനു പ്രസക്തിയില്ല. (1 കൊരിന്ത്യർ 16:9, 2 കൊരിന്ത്യർ 2:12, കൊലോസ്യർ 4:3, വെളിപാട് 3:8). കുറിയിട്ടുകിട്ടുന്നതിന്റെ ഫലമെന്തായാലും അതിനു വിപരീതമായതോ അല്ലെങ്കിൽ രണ്ടിനും മദ്ധ്യത്തിലുള്ളതോ ആയ ഒരു വഴിതിരഞ്ഞെടുക്കാനാവും. എന്നാൽ വാതിലിന്റെ കാര്യത്തിലാവട്ടെ, ദൈവമതു തുറന്നാൽ മാത്രമേ നമുക്കതിലൂടെ പോകാൻ കഴിയൂ. (അല്ലെങ്കിൽ മൂക്കിനു പരുക്കുപറ്റും!)

## *ക്രിസ്തുവിന്റെ സമാധാനം.*

താഴെക്കൊടുത്തിരിക്കുന്ന ലളിതമായ നടപടിയിലൂടെ ദൈവഹിതം അറിയുവാൻ കഴിയുമെന്ന ഒരു നിർദ്ദേശം വളരെ പ്രചാരത്തിലുള്ള ഒന്നാണ്:

1. വിഷയത്തെക്കുറിച്ചു പ്രാർത്ഥിക്കുക.
2. പ്രാർത്ഥിച്ചെടുത്ത തീരുമാനത്തെപ്രതി നിങ്ങളുടെ ഹൃദയം സമാധാനത്തിലാണോ എന്നു നോക്കുക.
3. ഹൃദയത്തിൽ ആകുലതയുണ്ടെങ്കിൽ വീണ്ടും വീണ്ടും ആ വിഷയം വച്ചു പ്രാർത്ഥിക്കുക, ഹൃദയസമാധാനം കൈവരുന്നതുവരെ.
4. ഹൃദയത്തിൽ സമാധാനം നിറഞ്ഞാൽ നിങ്ങൾ ദൈവഹിതം കണ്ടെത്തിയെന്ന് ഉറപ്പാണ്.

ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയത്തിൽ വാഴട്ടെയെന്ന (കൊലോസ്യർ 3:15) വചനത്തെ അടിസ്ഥാനമാക്കി ചമച്ചിരിക്കുന്ന ഒരു കാഴ്ചപ്പാടാണിത്. എന്നാൽ ഈ വചനത്തിന്റെ പശ്ചാത്തലം നോക്കുക: ദൈവഹിതമാരായുന്നതിനെക്കുറിച്ചല്ല പകരം പരസ്പരമുള്ള ബന്ധത്തെക്കുറിച്ചാണ് ഈ വചനം പ്രതിപാദിക്കുന്നത്. തന്റെ സഹപ്രവർത്തകനായ തീത്തോസ് കൂടെയില്ലാതിരുന്നതിനാൽ തനിക്കു ഹൃദയസമാധാനം ഉണ്ടായില്ല എന്നു പൗലോസു പറയുന്നതിനെയും (2 കൊരിന്ത്യർ 2:12-13) ഇതിനായി കൂട്ടുപിടിക്കാറുണ്ട്. ക്രിസ്തുവിന്റെ സമാധാനമെന്നുള്ള ഈ ആശയം വചനങ്ങളെ കുറച്ചു വലിച്ചു നീട്ടിയുണ്ടാക്കിയതാണെന്നു നിങ്ങൾക്കും തോന്നുന്നില്ലേ?

## *പ്രാർത്ഥനയ്ക്കു ലഭിച്ച മറുപടി*

ദൈവം നിങ്ങളുടെ പ്രാർത്ഥനകേട്ടു എന്നു നിങ്ങൾക്കു സംഭവിച്ച കാര്യങ്ങളിലൂടെ മനസ്സിലായാൽ ദൈവവുമായി നേരിട്ടുള്ള ഒരു ബന്ധം നിങ്ങൾക്കുണ്ടെന്ന കാര്യം ഉറപ്പിച്ചോളൂ എന്നതാണ് മറ്റൊരു ചിന്താഗതി. നിങ്ങളുടെ പേര് ജീവന്റെ പുസ്തകത്തിൽ എഴുതപ്പെട്ടു, നിങ്ങളുടെ ആത്മാവു രക്ഷിക്കപ്പെടുകയും ചെയ്തു. നമ്മുടെ പ്രാർത്ഥനകൾ ദൈവം മിക്കവാറും സമയങ്ങളിൽ കേൾക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നുവെങ്കിലും എല്ലാ അവസ്ഥയിലും ഇങ്ങനെതന്നെയാണു ദൈവം പ്രതികരിക്കുന്നതെന്നു പറയാൻ കഴിയില്ല. മാത്രവുമല്ല, കാര്യങ്ങളുടെ ഗതി നിയന്ത്രിക്കുവാൻ കഴിയുന്നതു ദൈവത്തിനുമാത്രമല്ല.

ദൈവം എന്റെ പ്രാർത്ഥനകൾ കേട്ടു വ്യക്തമായ മറുപടി നൽകിയിട്ടില്ലെന്നു പറയാൻ എനിക്കും കഴിയില്ല. ചോദിക്കാത്ത കാര്യങ്ങളിൽപ്പോലും ദൈവകരത്തിന്റെ ശക്തമായ ഇടപെടൽ എനിക്കു കാണാൻ കഴിയുകയും ചെയ്തിട്ടുണ്ട്. പ്രാർത്ഥനയുടെ ശക്തി വലുതാണ്. പ്രാർത്ഥനയിലൂടെ ദൈവസന്നിധിയിലേക്കു കടക്കുന്ന ഒരു ശിഷ്യനും അവിടത്തെ സാന്നിദ്ധ്യവും പ്രാർത്ഥനയുടെ മൂല്യവും അവഗണിക്കാൻ കഴിയുകയുമില്ല. എന്നിരുന്നാലും പ്രാർത്ഥന വിശ്വാസവുമായി ബന്ധപ്പെട്ടിരിക്കുന്ന ഒന്നാണ്. അതിനാൽത്തന്നെ സംശയത്തിന് ഇട എപ്പോഴുമുള്ളതുമാണ് - ചിലപ്പോൾ ഒരു ശതമാനത്തിലും കുറവാണെങ്കിൽ കൂടി. പരിപൂർണ്ണമായ ഉറപ്പുള്ളിടത്ത് വിശ്വാസത്തിനു പ്രസക്തിയെന്താണ്? വിശ്വാസമെന്നത് അതല്ലതാനും (2 കൊരിന്ത്യർ 5:7). ചുരുക്കത്തിൽ പ്രാർത്ഥനയുടെ ഉത്തരം (1) മൂല്യം നിർണ്ണയിക്കാൻ വിഷമമായതാണ്, (2) ശാസ്ത്രീയമായ ഒരു വിശകലനത്തിനു സാധുതയില്ലാത്തതാണ്, കൂടാതെ (3) അവിശ്വാസികൾക്കുപോലും അവകാശപ്പെടാവുന്നതാണ്.

## *അശരീരി*

തങ്ങളുടെ തലയ്ക്കുള്ളിൽ ദൈവത്തിന്റെ ശബ്ദം മുഴങ്ങുന്നു എന്നു ചിലയാളുകൾ പറയുമ്പോൾ അതു ദൈവീകമായ കാര്യമാണോ അതോ സാത്താന്യമായതാണോ? അത്തരം ആളുകൾക്ക് എന്തോ പ്രശ്നമുണ്ടെന്നാണ് അത്തരത്തിൽപ്പെട്ട അനേകരെ ബൈബിൾ പഠിപ്പിക്കാനായി ഞാൻ ശ്രമിച്ചതിൽനിന്നും എനിക്കു മനസ്സിലായിട്ടുള്ളത്. ദൈവത്തിൽ നിന്നും അനേകം പ്രവചനങ്ങൾ ലഭിച്ച ഒരു സ്ത്രീയെ എനിക്കറിയാം. ദൈവം തന്നോടുസംസാരിക്കുന്നതിൽ ഉത്സുകയായി കാതോർത്തിരുന്ന ഒരു ദിവസം അവൾ കേട്ടത് യിസ്മായിൽ എന്നാണ് - ഈ ഹീബ്രൂവാക്കിന്റെ അർത്ഥം ദൈവം കേൾക്കുന്നു എന്നതാണ്! അതുതന്നെയാണ് അവളും ശ്രമിച്ചുകൊണ്ടിരുന്നത് (ജിജ്ഞാസയുയർത്തുന്ന ഒരു തലതിരിവ്).

കേൾക്കാവുന്ന ശബ്ദത്തിൽ ദൈവം നമ്മോടു സംസാരിക്കുന്നതിനെ ഇല്ലെന്നു സമർത്ഥിക്കാൻ വചനങ്ങളുടെ അടിസ്ഥാനത്തിൽ കഴിയുകയില്ല എങ്കിലും അതിന്റെ അങ്ങേയറ്റത്തെ രൂപത്തിലുള്ള പ്രസ്താവനകൾ വിശ്വാസയോഗ്യമായതല്ല. ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ ഒരുപാടു യത്നിക്കേണ്ടി വരും.

ശബ്ദങ്ങൾ കേൾക്കുന്നതിനു ദൈവശാസ്ത്രപരമായ ഒരു വിശദീകരണമെന്താണ്? ആന്തരികശബ്ദത്തിനൊരു താങ്ങായി പലരും ഉപയോഗിക്കുന്ന വചനം ഏശയ്യ 31:21 ആണ്. എന്നാൽ ഈ വചനത്തിന്റെ പശ്ചാത്തലം പരിശോധിക്കുമ്പോൾ ആത്മീയഗുരുക്കന്മാരുടെയും ദൈവീകപ്രവാചകരുടെയും ശബ്ദം കേൾക്കുന്നതിനെക്കുറിച്ചാണ് ഏശയ്യ സംസാരിക്കുന്നതെന്നു നമുക്കു വ്യക്തമാകും, ആത്മാവിന്റെ മർമരങ്ങളെക്കുറിച്ചല്ല. (ഈ കാര്യത്തെക്കുറിച്ചു കൂടുതൽ വായിക്കുന്നതിനായി അദ്ധ്യായം 27ന്റെ തുടക്കം നോക്കുക). വ്യക്തികളോടു ദൈവം നേരിട്ടു സംസാരിച്ചതിനെക്കുറിച്ചു നാം വചനത്തിൽ വായിക്കുന്നുണ്ട് - അബ്രാഹാം, ശലമോൻ എന്നിവർ പലപ്രാവശ്യം ദൈവം സംസാരിച്ചതു കേട്ടത് നമുക്കു കാണാൻ കഴിയും. പത്രോസിനോടും ഫിലിപ്പോസിനോടും അനനിയാസിനോടും ഓരോ അവസരത്തിൽ സംസാരിക്കുന്നതു നാം അപ്പസ്തോല പ്രവർത്തികളിൽ വായിക്കുന്നുണ്ട്. യേശു തന്റെ പിതാവിന്റെ വാക്കുകൾ കേട്ട മൂന്ന് അവസരവും നമുക്കറിയാം. ദൈവം ശക്തമായുപയോഗിച്ച ആളുകളോടുപോലും നേരിട്ടു സംസാരിക്കുന്നത് ഒരു അപൂർവ്വതയാണെന്നി

രിക്കേ, തങ്ങളോടു ദൈവം കൂടുതൽ അടുപ്പിച്ചു സംസാരിക്കുന്നു എന്നു ചിലർ അവകാശപ്പെടുന്നതു വിചിത്രംതന്നെയല്ലേ?

ചുരുക്കിപറയുമ്പോൾ, ശബ്ദം കേട്ടുവെന്ന് ഒരാൾ അവകാശപ്പെടുമ്പോൾ അതുനിഷേധിക്കാൻ നമുക്കു കഴിയില്ല എന്നിരുന്നാലും എല്ലാത്തരം പശ്ചാത്തലത്തിലും എല്ലാത്തരം മനോഭാവത്തിലുമുള്ള ആളുകൾ വിവിധങ്ങളായ ശബ്ദങ്ങൾ കേൾക്കുന്നവരാകയാൽ ഇതിനെക്കുറിച്ച് കാര്യമാത്രപ്രസക്തമായ ഒരു ആത്മീക നിഗമനത്തിലെത്താൻ ശ്രമിക്കുന്നത് പ്രയോജനപരമല്ല.

## *സ്വപ്നങ്ങൾ*

നാമെല്ലാവരും സ്വപ്നങ്ങൾ കാണുന്നവരാണ്. ഒരു യുവാവായിരുന്ന സമയത്ത് ആകാശത്തുനിന്നുമിറങ്ങിവരുന്ന ടൊർണാഡോ ചുഴലിക്കാറ്റിനെ സ്ഥിരമായി സ്വപ്നം കാണാറുണ്ടായിരുന്നു. അതു ദൂരെ ആകാശത്തുനിന്നും ചുഴിഞ്ഞിറങ്ങുന്നതും, അതിന്റെ വരവു കണ്ടിട്ട് ഞാൻ ആളുകളോടുരക്ഷപെടാൻ പറയുമ്പോൾ അവർ എന്നെ പരിഗണിക്കാതെ കടന്നുപോകുന്നതും ഞാനിപ്പോഴും ഓർക്കുന്നു. ഇരുട്ടിന്റെ മറവിൽനിന്നും പാഞ്ഞടുക്കുന്ന രക്തരക്ഷസുകളെയും ഭീകരജീവികളെയും ഹിറ്റലറുടെ നാറ്റ്സി സൈന്യത്തിനുമുന്നിൽനിന്നും ഓടി രക്ഷപ്പെടാനുള്ള പാച്ചിലുമെല്ലാം അനേകതവണ കണ്ടിരിക്കുന്നു. (ചെറുപ്പത്തിൽ ഞാൻ കണ്ടിരുന്ന ഇത്തരം സിനിമകളുടെ എണ്ണം തീർച്ചയായും കൂടുതലായിരുന്നു). 1991ലെ സോവിയറ്റ് അധിനിവേശത്തിനുമുമ്പ് ആ രാജ്യത്ത് ഒരു നദിയുടെ മീതെ ഞാൻ നടക്കുന്നതും, സോവിയറ്റ് രഹസ്യപ്പോലീസ് എന്നെ അറസ്റ്റുചെയ്ത് മയക്കുമരുന്നു നൽകുന്നതും ഞാൻ അവരുടെ പിടിയിൽ നിന്നും രക്ഷപ്പെടുന്നതുമെല്ലാം ഞാൻ സ്വപ്നത്തിൽ കണ്ടിട്ടുണ്ട്. ഞാൻ റഷ്യയിൽ പോയതുകൊണ്ടോ അവിടത്തെ ചിതറിയ ഓർമ്മകൾ കൂട്ടിച്ചേർക്കാനുള്ള ശ്രമമായിട്ടോ ആണോ ഈ സ്വപ്നങ്ങൾ ഞാൻ കണ്ടത്? അതോ ഭാവിയിൽ ഞാൻ അവിടെ പോകുമെന്നുള്ള മുന്നറിയിപ്പുതരാനാണോ? റഷ്യയുടെ ഒരു രഹസ്യപ്പോലീസ് ഏജന്റുമായി ഞാനും എന്റെ ഭാര്യയും പിന്നീട് ഭക്ഷണം കഴിച്ചതിനെക്കുറിച്ചു മുന്നേ പറയാനായിരുന്നോ? അതോ റഷ്യയെന്ന രാജ്യത്തോട് എനിക്കുണ്ടായിരുന്ന താത്പര്യത്തിൽ നിന്നുമുടലെടുത്തതാണോ ഈ സ്വപ്നങ്ങൾ? ആർക്കറിയാം?

നമ്മെ സംബന്ധിച്ചു പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ചാണു നാം സാധാരണയായി സ്വപ്നം കാണാറുള്ളത്. സ്വപ്നത്തെക്കുറിച്ചു ധാരാളം വിശദീകരണങ്ങളുമുണ്ട്. (സ്വപ്നവും നമ്മുടെ ഉൾപ്രേരണകളുമായി ബന്ധമുണ്ടെന്ന കാര്യം മനസ്സിലാക്കാൻ ഫ്രോയ്ഡിന്റെ തത്വങ്ങൾ ഒന്നും പഠിക്കേണ്ടതില്ല). ബൈബിൾ ചരിത്ര കാലഘട്ടങ്ങളിൽ ദൈവീകമായ ഇടപെടലിനായി സ്വപ്നങ്ങളെ ഉപയോഗിച്ചിരുന്നതായി നമുക്കറിയാം. എന്നാൽ ദൈവം ഈ രീതിയിൽ ഇടപെടുന്നതും സംസാരിക്കുന്നതും തുടരുന്നുവെന്നതിനു വേദപുസ്തകത്തിൽ തെളിവില്ല. (27-ാം അദ്ധ്യായത്തിലെ പതിനാലാം ചോദ്യം ഇതിനെക്കുറിച്ചു വിശദമായി പ്രതിപാദിക്കുന്നുണ്ട്).

ഒരാളുടെ സ്വപ്നങ്ങളെ അമിതമായ താത്പര്യത്തോടെ കാണേണ്ടതില്ല, അതു നിങ്ങളെക്കുറിച്ചും സാത്താനെക്കുറിച്ചും യേശുവിനെക്കുറിച്ചുമാണെങ്കിൽ പോലും. ദൈവം നമ്മുടെ ശ്രദ്ധയെ ആക ർഷിക്കാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ലെങ്കിലും, അതിനു നമുക്കു വലിയ ഉറപ്പൊന്നും പറയാൻ കഴിയില്ല (ഇയ്യോബ് 4:12-17, 33:14-18).

## *വിലയൊന്നും കൊടുക്കേണ്ടാത്ത ദൈവശാസ്ത്രം*

വചനം വ്യാഖ്യാനിക്കുന്നതിനായി നവപെന്തക്കോസ്തു സഭകളിൽ പൊതുവേ നൽകുന്ന നിർദ്ദേശമെന്തെന്നാൽ, ഒരാൾ വചനം വായിക്കുമ്പോൾ ആത്മാവ് അതിന്റെ അർത്ഥം വെളിപ്പെടുത്തിക്കൊടുക്കുമെന്നതാണ്. ശരിയായമനോഭാവത്തോടെയും ദൈവവുമായുള്ള പൂർണ്ണസമാധാനത്തോടെയും നിങ്ങൾ വചനം വായിക്കുമ്പോൾ നിങ്ങളുടെ ആത്മാവിൽ തോന്നുന്നതിനെ പൂർണ്ണമായും വിശ്വസിക്കാം എന്നിങ്ങനെ പോകുന്നു അവരുടെ വിശദീകരണം. 1 കൊരിന്ത്യർ 2:14, യോഹന്നാൻ 16:13, 14:26 എന്നീ വചനങ്ങളെ യുക്തിഭദ്രമല്ലാത്ത രീതിയിൽ വിശദീകരിച്ചാണ് ഇങ്ങനെയൊരുപദേശം നൽകുന്നത്. എന്നാൽ അപ്പസ്തോലന്മാരോടുള്ള ഒരു നിർദ്ദേശമാണിത് എന്നതു വചനത്തിൽ വ്യക്തമാണ്. എന്നാൽ അത് എല്ലാവരോടുമായി പറയുന്നതാണെന്ന രീതിയിലാണു വിശദീകരണം നടത്തുന്നത്.

വചനത്തെ അതിന്റെ പശ്ചാത്തലത്തിൽ നിന്നും അടർത്തിയെടുത്തു ഉപയോഗിക്കുന്ന രീതിയാണിത്. അവസാനകാലത്തെക്കുറിച്ച് ലണ്ടനിലെ ഒരു പാസ്റ്ററിന് ഒരു സ്വപ്നം ഉണ്ടായി - വിശ്വാസികൾ എടുക്കപ്പെടുന്നതും വലിയ സഹനവും ഇസ്രായേലിന്റെ മാനസാന്തരവും സമുദ്രത്തിൽ നിന്നും വന്ന ഭീകരജീവിയും നരകവും അന്തിക്രിസ്തുവും രാഷ്ട്രീയ മാറ്റങ്ങളും എല്ലാം ഉൾപ്പെടെയുള്ള ഒരു സ്വപ്നം. ഈ സ്വപ്നം ദൈവത്തിൽ നിന്നുമാണെന്നു ആ വനിതയ്ക്കെങ്ങിനെയറിയാം?

വെളിപാടു പുസ്തകം അതു ശരിവയ്ക്കുന്നു - അവരുടെ മറുപടി. വെളിപാടു പുസ്തകം അവർ കണ്ട സ്വപ്നത്തെക്കുറിച്ചാണു സംസാരിക്കുന്നതെന്ന് അവർക്കെങ്ങിനെയറിയാം? ദൈവം അതു സ്വപ്നത്തിലെന്നെ കാണിച്ചു. ചാക്രികമായ അല്ലെങ്കിൽ ഒന്നിന്റെ വാലിൽപിടിച്ചു മറ്റൊന്നു പറയുന്ന ഒരു വട്ടം കറക്കി വിശദീകരണമാണിത്.

ശിഷ്യത്വത്തിലേക്കു വരുവാൻ ശ്രമിച്ചുകൊണ്ടിരുന്ന ഒരു വ്യക്തിയെ ഞാൻ ഓർക്കുന്നു. നാമെല്ലാവരും ചെയ്യേണ്ടിയിരുന്നതുപോലെ ഒരു ജീവിതശൈലീമാറ്റം അദ്ദേഹത്തിനും വേണമായിരുന്നു. (ബൈബിൾ അതിനെ മാനസാന്തരമെന്നു വിളിക്കുന്നു). സ്വവർഗ്ഗ ലൈംഗീകത പാപമാണെന്നു ഞങ്ങൾ പഠിപ്പിച്ചു കൊടുത്തപ്പോൾ ആളിലൊരു ഇളക്കമുണ്ടായി. വേദപുസ്തകം അതിനെക്കുറിച്ചു പറയുന്നതു വ്യക്തമായി മനസ്സിലായ ശേഷവും അയാൾ വാദിച്ചു: എന്നാൽ ആത്മാവെന്നോടു പറയുന്നു ഇതിലൊരു കുഴപ്പവുമില്ല എന്ന്, ഞാൻ വ്യത്യസ്തനാണെന്ന് ആത്മാവെനിക്കുറപ്പുതന്നുവെന്നും. വേദപുസ്തകത്തിനു വിരുദ്ധമായ നിലപാടെടുക്കുന്ന പരിശുദ്ധാത്മാവോ? ആത്മാവിന്റെ വാളിനു പക്ഷഭേദമില്ല (എഫേസ്യർ 6:17). നിങ്ങൾക്കിതു കേട്ടിട്ട് യുക്തിഭദ്രമായ ഒരു ചിന്താഗതിയായി തോന്നുന്നുണ്ടോ? എനിക്കും തോന്നുന്നില്ല. മാനസാന്തരപ്പെടാനും യേശുവിനെ രക്ഷിതാവായി സ്വീകരിക്കുവാനും അദ്ദേഹം തയ്യാറായില്ല എന്നതു പ്രത്യേകം പറയേണ്ടതില്ലല്ലോ!

വേദപുസ്തകത്തിന്റെ അധികാരത്തെ അപഹസിക്കുന്ന രീതിയിൽ സംസാരിക്കുന്ന ചിലയാളുകളുമുണ്ട്. അവരുടെ വാദഗതിയിതാണ്: തിരുവെഴുത്തുകൾ ദൈവമല്ല എഴുതിയതെന്നു നിങ്ങൾ മനസ്സിലാക്കണം, ദൈവം മനുഷ്യരെ പ്രചോദിപ്പിച്ചതിനാൽ അവർ എഴുതിയതാണിതെല്ലാം. മനുഷ്യരാൽ ചെയ്യപ്പെട്ടതൊന്നും പരിപൂർണ്ണമായതല്ല... (കെന്നെത്ത് ഹാഗിൻ ആത്മാവിനാൽ നിങ്ങൾക്കും നയിക്കപ്പെടാം എന്ന പുസ്കതത്തിൽ എഴുതിയത്). അതിനാൽ അവർ അവർക്കു സ്വീകാര്യമായവ തിരഞ്ഞെടുക്കുന്നു. മുകളിൽ സൂചിപ്പിച്ച വചനവിരുദ്ധത ഇക്കാര്യത്തിലും മുഴച്ചു നില്ക്കുന്നു.

## *കുറിയിടൽ*

നറുക്കെറുപ്പിലൂടെ പരിശുദ്ധാത്മാവ് ഇന്നു നമ്മെ വഴികാട്ടുന്നുണ്ടോ? ചീട്ടു മടിയിലിടുന്നു, അതിന്റെ ഓരോ തീർപ്പും യഹോവയിൽ നിന്നു വരുന്നു എന്നു സദൃശവാക്യങ്ങൾ 16:33ലും, നറുക്കിടൽ തർക്കങ്ങളെ അവസാനിപ്പിക്കുന്നു; ശക്തരായ കക്ഷികൾക്കിടയിൽ അതു തീർപ്പുണ്ടാക്കുന്നു എന്നു 18:18ലും എഴുതിയിരിക്കുന്നു. സ്വർഗ്ഗീയഹിതമറിയുന്നതിനായി പണ്ടുണ്ടായിരുന്നവർ പതിവായി കുറിയിട്ടിരുന്നു (ലേവ്യ 16:8–10, സംഖ്യ 26:55–56, 33:54, 34:13, 36:2, യോശുവ 14:2, 18:6, 8, 10–11, 19:1, 10, 17, 24, 32, 40, 51, 21:4, 10, ന്യായാധിപർ 20:9, 1 ശമുവേൽ 14:41–42, 1 ദിനവൃത്താന്തം 6:54, 24:5, 7, 31, 25:8–9, 26:13–16, നെഹെമിയ 10:34, 11:1, എസ്തേർ 3:7, 9:24, സങ്കീ 22:18, യെഹെസ്കേൽ 21:21–22, 24:6, യോവേൽ 3:3, ഒബദിയ 1:11, മീഖ 2:5, നാഹും 3:10, മത്തായി 27:35, മർ 15:24, ലൂക്കോസ് 1:9, 23:24, യോഹ 19:24, അപ്പ 1:26 എന്നിവ ഉദാഹരണം). പേർഷ്യാക്കാരും പുരിമിലൂടെ തീരുമാനമെടുത്തിരുന്നെന്നു നാം എസ്തേറിന്റെ പുസ്തകത്തിൽ വായിക്കുന്നു. മറ്റുള്ളവരിൽ നിന്നും വിഭിന്നമായി, ദൈവഹിതം ആരായുന്നവർക്ക് അവൻ വ്യക്തമായ മറുപടി നൽകുമെന്ന വാഗ്ദാനം ദൈവം ഇസ്രായേൽ ജനത്തിനു നൽകിയിരുന്നു.

ലേവ്യർക്കുള്ള നിർദ്ദേശമനുസരിച്ച്, പുരോഹിതൻ ഒരു എഫോദു ധരിച്ചിരുന്നു - അതിനോടു ബന്ധിച്ചു ദൈവഹിതമാരായാനുള്ള ഊറീമും തുമ്മീമും കൂടെയുണ്ടായിരുന്നു. (അതെയെന്നു പറയുന്നതും അല്ല എന്നു പറയുന്നതും). (പുറപ്പാട് 28:30, ലേവ്യ 8:8, സംഖ്യ 27:21, ആവ 33:8, 1 ശമുവേൽ 28:6, എസ്രാ 2:63, നെഹെ 7:65). ഒരു തർക്കം തീർക്കാനായി ചിലസാഹചര്യങ്ങളിൽ നറുക്കിടുന്നതിനോടെനിക്കു വിയോജിപ്പുമില്ല. എന്നാൽ നറുക്കെടുപ്പു നൽകുന്ന ഫലം ദൈവഹിതമാണെന്നു പൂർണ്ണമായും നമുക്കു വിശ്വസിക്കാൻ കഴിയുമോ?

രണ്ടു നിയമങ്ങളും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാത്തവർക്കാണ് ആശയക്കുഴപ്പം ഉണ്ടാകുന്നത്. പുതിയനിയമമനുസരിച്ചു കുറിയിട്ടു ദൈവഹിതമറിയാൻ ഉദ്യമിച്ച - നമുക്കറിയാവുന്ന - അവസാനത്തെ അവസരം യൂദാസിനു പകരക്കാരനെ തേടുന്ന കാര്യത്തിലായിരുന്നു. കുറിനിശ്ചയം അവർ ദൈവഹിതമായെടുത്തു (അപ്പ 1:21–26). യഹൂദരുടെ ഈ രീതി പിന്നീടു പുതിയനിയമത്തിൻ കീഴിലുള്ളവർ ഉപയോഗിച്ചതിന്റെ യാതൊരു സൂചനകളുമില്ല.

കുറിയിട്ടാൽ ദൈവഹിതം അറിയാൻ കഴിയുമെന്നതിനു യാതൊരു ഉറപ്പും ഇന്നു നമുക്കില്ല. നമുക്കു തീരുമാനങ്ങളെടുക്കാൻ സഹായകമായ മൂല്യങ്ങളും തത്വങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കൽപ്പനകളും ഇന്നു നമുക്കു ലഭ്യമാണ് - വചനത്തിൽ!

## *കർത്താവയച്ചത്*

സുന്ദരിയായ ഒരു പെൺകുട്ടി എന്റെ ജീവിതത്തിലേക്കു കടന്നു വന്നു, അവൾ ക്രിസ്ത്യാനിയല്ലെങ്കിൽപ്പോലും അവളോടൊപ്പം പോകണമെന്ന് എന്റെ മനസ്സു പറഞ്ഞു. കർത്താവാണ് അവളെ എന്റെ ജീവിത്തിലേക്കയച്ചത്, അവൾ കർത്താവിന്റെ ഹിതമാണ്. ഈ കർത്താവയച്ചു എന്നു പറയുന്നതിന്റെ അർത്ഥമെന്താണ്? കർത്താവയച്ചതു നന്മായാകാം അല്ലെങ്കിൽ വേദനയിൽക്കൂടി കടത്തിവിടുന്നതോ ദൗർഭാഗ്യകരമായതോ ആയ തിന്മയാകാം. എന്തെങ്കിലും സംഭവിക്കാൻ ദൈവം അനുവദിച്ചു അല്ലെങ്കിൽ ഇടയാക്കി എന്നും കർത്താവയച്ചത് എന്ന പ്രയോഗത്തിന് അർത്ഥമുണ്ട്. അവന്റ പദ്ധതിക്കും അവന്റെ കരുതലിനും കീഴിലുള്ള ഒരു കാര്യം.

അംഗരക്ഷകരുടെ അശ്രദ്ധമൂലം അപകടത്തിലായ ശൗലിനെ 1 ശമുവേൽ 26-ാം അദ്ധ്യായത്തിൽ നമുക്കു കാണാം. ദാവീദിനും അബിശായിക്കും അവനെ കൊല്ലാൻ എളുപ്പമായിരുന്നു, എന്നാൽ അവർ ശൗലിന്റെ കുന്തവും വെള്ളപാത്രവും മാത്രമാണെടുത്തത്. എന്നാൽ അബിശായിയുടെ വാദം നോക്കുക: കർത്താവ് ഇന്ന് അങ്ങയുടെ ശത്രുവിനെ അങ്ങയുടെ കയ്യിൽ ഏല്പിച്ചു (26:8). നോക്ക്, കർത്താവിൽ നിന്നുള്ളതാണിത്, ദൈവഹിതമാണ് ഈ സംഭവങ്ങൾ കാണിക്കുന്നതു ദാവീദേ എന്നു പറഞ്ഞു തർക്കിക്കുകയാണു അബിശായി ചെയ്യുന്നത്. എന്നാൽ അതിനും മുകളിലുള്ള ഒരു ദൈവഹിതമുണ്ടെന്ന കാര്യം ദൈവീകനായ ദാവീദിനറിയാമായിരുന്നു. 1 ശമുവേൽ 24:6ലും ഇത്തരത്തിലുള്ള മറ്റൊരു സാഹചര്യം നാം കാണുന്നു. പ്രകൃതിയുടെ വിളികേൾക്കാനായി ഒരു ഗുഹയിലേക്കു കയറിയ ശൗൽ പൂർണ്ണമായും കാവലില്ലാത്തവനായി. എന്നാൽ അപ്പോഴും ദൈവത്തിന്റെ അഭിഷിക്തനുനേരേ കയ്യോങ്ങാൻ ദാവീദു തുനിഞ്ഞില്ല (26:11).

1 രാജാക്കന്മാർ 12:15ൽ നല്ല ഉപദേശത്തെ തിരസ്കരിച്ച് റെഹോബോവാം എടുത്ത ബുദ്ധിശൂന്യമായ തീരുമാനം ദൈവത്തിൽ നിന്നുമായിരുന്നു എന്നാണു പറയുന്നത്. അതിനർത്ഥം തീരുമാനമെടുത്തയാൾ ദൈവീകനായ ഒരു വ്യക്തിയായിരുന്നു എന്നതേയല്ല. റെഹോബോവാമിന്റെ തീരുമാനം ഇസ്രായേലിന്റെ പിളർപ്പു പൂർണ്ണമാകുന്നതിനിടയായി, എന്നാലും ആ തീരുമാനത്തെ ദൈവത്തിൽ നിന്നുമുള്ളത് എന്നു വിശേഷിപ്പിച്ചു. ന്യായാധിപർ 14:4ലും ഇത്തരമൊരു സാഹചര്യം കാണാം. അവിശുദ്ധമായ ഒരു വിവാഹബന്ധത്തിലേക്കു ശിംശോൻ കടന്നതിനെക്കുറിച്ച്.

ദൈവഹിതത്തിന്റെ വ്യക്തമായ സൂചനകളല്ല സംഭവങ്ങൾ നൽകുന്നത്, തീർച്ച. ദൈവം അനുവദിക്കുകയോ നടപ്പിൽ വരുത്തുകയോ ചെയ്യാതെ ഒരു കാര്യവും സംഭവിക്കുന്നില്ല, ആയതിനാൽ നടക്കുന്ന എല്ലാക്കാര്യങ്ങളും ദൈവത്തിന്റെ പരമാധികാരത്തിനും ഇച്ഛയ്ക്കും കീഴിലാണ് എന്നത് അനിഷേധ്യമായ ഒരു സത്യമാണ്. സംഭവങ്ങളിലൂടെ ദൈവം നമ്മുടെ മനോഭാവങ്ങളെയും ഉൾപ്രേരണകളെയും പരീക്ഷിക്കുകയും ചെയ്യുന്നു.

ഈ സത്യം വെളിപ്പെടുത്തുന്ന ഒരു വചനഭാഗമാണ് സംഖ്യ 20:2–12. മോശ ദൈവത്തോടു അനുസരണക്കേടുകാണിക്കുന്നതാണ് ഈ ഭാഗത്തു നാം കാണുന്നത്, പാറയോടു സംസാരിക്കുന്നതിനു പകരം അവൻ പാറയിൽ രോഷത്തോടെ അടിച്ചു. അവന്റെ പ്രവർത്തിയുടെ ഫലമായി വെള്ളം പുറത്തേക്കൊഴുകിയില്ല – അതോ ഒഴുകിയോ? നിങ്ങൾ തന്നെ നോക്കുക.

പുറത്തുവന്ന ഫലം ചെയ്ത രീതിയെ ന്യായീകരിക്കുന്നില്ല. ഫലം നല്ലതായതുകൊണ്ട് ചെയ്ത രീതിയിലെ അനീതി ന്യായീകരിക്കപ്പെടുന്നുമില്ല. ദൈവം തങ്ങളുടെ പ്രവർത്തിയെ അനുഗ്രഹിച്ചതിനാൽ തങ്ങൾ ചെയ്തതു ശരിയായ കാര്യമാണെന്നു വിശ്വസിക്കുന്ന അനേകർ നമുക്കു ചുറ്റുമുണ്ട്. നമ്മുടെ തെറ്റുകൾ പോലും ശരിയായി ഉപയോഗിക്കുന്നവനാണു ദൈവം എന്നകാര്യത്തിൽ നമുക്കു ദൈവത്തെ സ്തുതിക്കാം. എന്നാൽ അതിനർത്ഥം നമ്മുടെ തെറ്റുകളെയും മറുതലിക്കലിനെയും ദൈവം അംഗീകരിക്കുന്നു എന്നതല്ല.

## ആശയക്കുഴപ്പത്തിലായിരിക്കുന്നവരെ സഹായിക്കൽ

മുകളിൽ പറഞ്ഞ പത്തു കാര്യങ്ങളാൽ സ്വാധീനിക്കപ്പെട്ട മതപശ്ചാത്തലത്തിൽ നിന്നുമുള്ള ആളുകളെ സഹായിക്കാൻ വലിയ ക്ഷമയും ശ്രദ്ധയോടെയുള്ള നിർദ്ദേശങ്ങളും നൽകേണ്ടതുണ്ട്. താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക:

1. അവർ പറയുന്നതു ശ്രദ്ധയോടെ കേൾക്കുക.
2. യുക്തിയോടെ ചിന്തിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുക, സഹായിക്കുക. ചിന്തയോടുകൂടിയല്ലാതെ സംസാരിക്കുമ്പോൾ അവരെ സൗമ്യമായി തിരുത്തുക. നിങ്ങളുടെ കാര്യകാരണങ്ങൾ നിരത്തുമ്പോൾ പടിപടിയായി അവരെ അതിലേക്കു കൂട്ടിക്കൊണ്ടു വരിക.
3. അവർ വികാരാധീനരാകുമ്പോൾ അവർക്കതു ചൂണ്ടിക്കാണിച്ചു കൊടുക്കുക.

4. ദൈവം നമ്മോടു സംസാരിക്കുന്നതു വചനത്തിലൂടെയാണ്, അനുഭവങ്ങളിലൂടെയല്ല എന്ന കാര്യം ശ്രദ്ധയോടെ ഊന്നിയൂന്നി ഓർമ്മിപ്പിക്കുക.
5. ക്ഷമയോടെ അവരെ കൈകാര്യം ചെയ്യുക.
6. നിങ്ങളുടെ ചിന്തകൾ വ്യക്തവും തെളിവുള്ളതും ആക്കുക.
7. വചനം ഉപയോഗിച്ചുമാത്രം പഠിപ്പിക്കുക. (വികാരങ്ങളെ/തോന്നലുകളെക്കുറിച്ചു ഈ പാഠാന്ത്യത്തിൽ നൽകിയിരിക്കുന്ന വചനങ്ങൾ പ്രയോജനപ്പെടും).

## ആശയക്കുഴപ്പമുണ്ടാക്കുന്ന സഹായി

ദൈവവുമായി ഹോട്ട്ലൈൻ ബന്ധമുണ്ടെന്നുള്ള തോന്നലാൽ ആത്മീയവങ്കത്തം നടിച്ചു മിഥ്യാബോധത്തിൽ അകപ്പെട്ടിരിക്കുന്നവരെ നാം സഹായിക്കാൻ ശ്രമിക്കുമ്പോൾ, സഹായിക്കാനായി നാം പങ്കുവയ്ക്കുന്ന വചനങ്ങൾ അവരെ ആശയക്കുഴപ്പത്തിലാക്കാനും മതി. വചനത്തോടുള്ള അവരുടെ മതിപ്പ് അവരുടെ ഹോട്ട്ലൈൻ ബന്ധം ഇല്ലാതെയാക്കുന്നു. പൗലോസിന്റെ ലേഖനങ്ങളെക്കുറിച്ചു പത്രോസ് സംസാരിക്കുമ്പോൾ പറയുന്നു:

> അദ്ദേഹം തന്റെ എല്ലാ ലേഖനങ്ങളിലും ഈ കാര്യങ്ങളെഷ്പറ്റി എഴുതിയിരിക്കുന്നു. അവയിൽ ഗ്രഹിക്കാൻ പ്രയാസമുള്ള ചില കാര്യങ്ങൾ ഉണ്ട്. അറിവില്ലാത്തവരും അസ്ഥിരചിത്തരുമായ ചിലർ, മറ്റു തിരുവെഴുത്തുകളെ എന്നപോലെ ഇവയെയും, തങ്ങളുടെ നാശത്തിനായി കോട്ടിക്കളയുന്നു. അതുകൊണ്ടു പ്രിയരെ, നിങ്ങൾ ഇതു നേരത്തേ അറിഞ്ഞിരിക്കയാൽ അധർമ്മികളുടെ തെറ്റിലകപ്പെട്ടു സ്വന്തം സ്ഥിരത വിട്ടു വീണുപോകാതിരിഷാൻ സൂക്ഷിച്ചുകൊള്ളുവിൻ. (2 പത്രോസ് 3:16-17)

വചനങ്ങൾ കോട്ടിക്കളയപ്പെടുന്നു. വചനം കയ്യിലെടുക്കുന്ന ഇത്തരം ആളുകളുടെ മുൻധാരണകളെ ന്യായീകരിക്കാനാണ് വചനം ഉപയോഗിക്കപ്പെടുന്നത്. അറിവില്ലാത്തവരും അസ്ഥിരചിത്തരുമായ ചിലർ ശരിക്കും ആശയക്കുഴപ്പത്തിലാണ്.

ഞാൻ ഒരു ഇവാഞ്ചലിസ്റ്റായി അവരോധിക്കപ്പെട്ടതിനു ശേഷമുള്ള ദിവസങ്ങളിൽ ലണ്ടനിലെ സഭയുടെ കാര്യാലയത്തിലേക്ക് കത്തുന്ന കണ്ണുകളും തുകൽ ചെരിപ്പും തലയിൽ വലിയ ഒരു കെട്ടും നീണ്ടു കിടക്കുന്ന ഒരു അങ്കിയുമായി ഒരാൾ കയറിവന്നു. കയ്യിൽ ഒരു വടിയുമുണ്ടായിരുന്നു. ആരാണദ്ദേഹം എന്നു ഞാൻ അന്വേഷിച്ചു. നിങ്ങൾക്കെന്നെ അറിയില്ലേ എന്ന ചോദ്യത്തോടെ അയാൾ എന്നെ തുറിച്ചു നോക്കി. അയാളോടു സഹതാപം തോന്നിയതിനാൽ കയറിയിരിക്കൂ, നമുക്കു സംസാരിക്കാം എന്നു ഞാൻ പറഞ്ഞു. ദയവായി അങ്ങാരാണെന്ന് എനിക്കു മനസ്സിലാക്കിത്തരൂ എന്നു ഞാൻ അദ്ദേഹത്തോടു അഭ്യർത്ഥിച്ചു. അതിനയാൾ ഞാനാണു ആൽഫയും ഒമേഗയും എന്നു മറുപടി പറഞ്ഞു. ഏശയ്യപുസ്തകത്തിലും (41:4, 44:6) വെളിപാടുപുസ്തകത്തിലും (1:8, 21:6, 22:13) ദൈവത്തിനു നൽകിയിരിക്കുന്ന നാമമയാൾ സ്വന്തമാക്കി എടുത്തിരിക്കുകയാണ്.

മിസ്റ്റർ ആൽഫ, താങ്കൾ എന്തുഭാഷയാണു സംസാരിക്കുന്നത്? എന്നു ഞാൻ ചോദിച്ചതിന് ആൽഫയും ഒമേഗയും എല്ലാഭാഷയും സംസാരിക്കും എന്നയാൾ പറഞ്ഞു.

ശരി, അപ്പോൾ, വെർബാ മെയ് പോടേസ് കോംപ്രിഹെൻറേ? ലോക്കിറിസ്നേ ലാറ്റിനം? ലത്തീൻ ഭാഷയിൽ ഞാൻ ചോദിച്ചു? ഒരക്ഷരം മിണ്ടാതെ ആയാൾ എന്നെ തുറിച്ചു നോക്കിയതേയുള്ളൂ. ഹെലെനിഡ്രേയ്സ്? എന്നു ഗ്രീക്കിലേക്കു മാറി ചോദിച്ചു. അപ്പോഴും അവസ്ഥയ്ക്കു മാറ്റമൊന്നുമില്ല.

നിങ്ങൾ എന്താണർത്ഥമാക്കുന്നതെന്ന് എനിക്കു മനസ്സിലായില്ല, അവസാനം അയാൾ പറഞ്ഞു.

ആൽഫയും ഒമേഗയുമായയാൾക്ക് ലത്തീനും ഗ്രീക്കും തീർച്ചയായുമറിയാം. നിങ്ങൾക്ക് ഇവ രണ്ടും അറിയാത്തതിനാൽ തീർച്ചയായും നിങ്ങൾ അവകാശപ്പെടുന്നയാളല്ല എന്നെനിക്കു തോന്നുന്നു എന്നു ഞാൻ അയാളോടു പറഞ്ഞു. അയാളുടെ നോട്ടം കൂടുതൽ രൂക്ഷമായപ്പോൾ എന്നിലൊരു ഭയം നിറഞ്ഞു, പ്രത്യേകിച്ച് അയാളുടെ കയ്യിലിരുന്ന വടിയെ സംബന്ധിച്ച്. എനിക്കു പോകേണ്ട സമയമായി എന്നു പറഞ്ഞ് അയാളെ വാതിൽവരെ അനുഗമിച്ചു ശുഭദിനം നേർന്നു പറഞ്ഞയച്ചു. പിന്നീട് അയാളെ അവിടെയെങ്ങും കണ്ടിട്ടില്ല എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ!

## നിങ്ങൾ ഇത് അംഗീകരിക്കുന്നുണ്ടോ?

എല്ലാ മനുഷ്യരും മി. ആൽഫയെപ്പൊലെ മിത്ഥ്യാബോധത്തിൽ ജീവിക്കുന്നവരല്ല. എന്നിരുന്നാലും ദൈവത്തിന്റെ മനസ്സു മനസ്സിലാക്കാനുള്ള ഒരു രഹസ്യ അവബോധം തങ്ങളിലുണ്ടെന്നു

വിശ്വസിക്കുന്ന അനേകം പേർ സഭകളിൽ ഉണ്ട്, എന്നാൽ വചനത്തെക്കുറിച്ചുള്ള അവബോധം അവർക്കു തീരെയില്ലതാനും. വചനം പൂർണ്ണമായി വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു എന്ന് അവർ പറയുന്നുണ്ടെങ്കിലും വചനത്തെ നേർക്കു നേർ കാണുമ്പോൾ ഈ ഭാഗം ദൈവ നിവേശിതമല്ല, അല്ലെങ്കിൽ ഈ വചനത്തിന് ഇപ്പോൾ പ്രസക്തിയില്ല, അതുമല്ലെങ്കിൽ ഇതു നിങ്ങളുടെ വിശദീകരണമാണ് എന്നൊക്കെയാണ് അവർ പ്രതികരിക്കുന്നത്. അവർ ശരിക്കും വിശ്വസിക്കുന്നത് അവരിൽമാത്രമാണ്, അവരുടെ വിശ്വാസത്തെ അവിടെയും ഇവിടെയുമൊക്കെ വചനം തുണയ്ക്കുന്നുമുണ്ട്. എന്നാൽ അവരെ വെല്ലുവിളിക്കുന്ന ഒരു വചനം അവർ നേരിടുമ്പോൾ വചനത്തിന്റെ അധികാരമൊക്കെ ജലരേഖയാകും, അവരുടെ തോന്നലുകൾ ദൈവവചനവും.

ഞാൻ എന്റെ തോന്നലുകളെ വിശ്വസിക്കുന്നു, ദൈവവും എന്റെ വഴിയിൽത്തന്നെയാണു ചിന്തിക്കുന്നതെന്ന് ചില വചനങ്ങൾ ശരിവയ്ക്കുന്നു. ചിലയിടങ്ങളിൽ അങ്ങനെയല്ലായെന്നത് ദൗർഭാഗ്യകരമാണ്. എന്നാലും ഞാൻ ചിന്തിക്കുന്നതുതന്നെയാണു ശരി - ഇതാണ് അവർ അവരോടു തന്നെ പറയുന്നത്. വചനത്തെ നാം എപ്രകാരം കൈക്കൊള്ളണമെന്ന ദൈവ കൽപ്പനയെ (1 തെസ്സലോനിക്യർ 2:13, 1:5) തെല്ലും മാനിക്കാത്ത ഒരു ആത്മ വഞ്ചനയുടെ അവസ്ഥയിലാണ് ഇവർ ആയിരിക്കുന്നത്.

അടിസ്ഥാനപരമായ ഒരു ചോദ്യമെന്തെന്നാൽ സത്യം നാമെങ്ങനെ തിരിച്ചറിയും? എന്നതാണ്. ശ്രദ്ധയോടെ നിരീക്ഷിക്കുക! ദൈവവുമായി തങ്ങൾക്കൊരു ഹോട്ട്ലൈൻ ഉണ്ട് എന്ന രീതിയിൽ തങ്ങളെത്തന്നെ വചനത്തിന്റെ അധികാരപരിധിയിൽ നിന്നും മാറ്റിനിറുത്തുന്ന അനേകർ നമുക്കു ചുറ്റുമുണ്ട്. വചനത്തിൽ മാത്രമധിഷ്ഠിതമായ ഒരു ജീവിതമാണു തങ്ങൾ നയിക്കുന്നതെന്നാണ് അവർ അവകാശപ്പെടുന്നത്, എന്നാൽ വചനസത്യങ്ങളെ നേരിടുമ്പോൾ അതിനു കീഴ്പെടാനുള്ള മനോഭാവം കാണിക്കാതെ അവരുടെ ആത്മീയപൊള്ളത്തരം അവർതന്നെ വെളിയിൽ കാണിക്കുന്നു.

## മനശാസ്ത്രപരമോ, സാത്താന്യമോ അതോ ദൈവീകമോ

ദൈവവുമായി ഒരു ഹോട്ട്ലൈൻ ബന്ധമുണ്ട് എന്നു പറയുന്ന ഒരാളെ ഇനി കാണുമ്പോൾ അയാളുടെ രീതികൾ ഇനി നിങ്ങൾക്കു മനസ്സിലാക്കാൻ കഴിയും. ഈ കാര്യങ്ങൾ തീർച്ചയായും മാനസികമാണെന്നാണ് എന്റെ അഭിപ്രായം (തീർച്ചയായും ദൈവീകമല്ല). സാത്താനിൽ നിന്നുള്ളതല്ലായിരിക്കാം, എന്നിരുന്നാലും അതുണ്ടാക്കുന്ന ആശയക്കുഴപ്പവും ശ്രദ്ധചിതറിക്കലും തത്വത്തിൽ സാത്താന്റെ പ്രവർത്തികളെ സഹായിക്കുന്ന ഒന്നാണ്. ആ രീതിയിൽ നോക്കുമ്പോൾ അതു സാത്താനിൽ നിന്നുള്ളതുമാണ്.

ദൈവവുമായി നേരിട്ടൊരു ബന്ധത്തിനു ശ്രമിക്കുന്നവർ തീക്ഷ്ണതയുള്ളവർ തന്നെയാണ്, എന്നാൽ ഇതു അറിവിനെ അടിസ്ഥാനപ്പെടുത്തിയുള്ളതല്ല (സദൃശവാക്യങ്ങൾ 19:2, റോമാക്കാർ 10:2). ഒരിക്കൽക്കൂടി; ദൈവവുമായി ഒരു ഹോട്ട്ലൈൻ ബന്ധമുള്ള ആരും ഈ കാലഘട്ടത്തിൽ ഇല്ല. അങ്ങനെയുണ്ടെന്നു പറയുന്ന ആളുകൾ ദൈവവചനത്തെ കളങ്കപ്പെടുത്തുകയും അപമാനിക്കുകയും മറ്റുള്ളവരുടെ ശ്രദ്ധപതറിക്കുകയും മാത്രമല്ല ചെയ്യുന്നത്, ആത്മാവിന്റെ ശരിയായ പ്രവർത്തിയായ ജീവിതമാറ്റവും അതിന്മൂലമുള്ള ദൈവരാജ്യത്തിന്റെ വളർച്ചയുമാണ് തടസ്സപ്പെടുത്തുന്നത്. ഇത്തരം കളികൾക്ക് ഒരു അവസാനം ഉണ്ടാകേണ്ടിയിരിക്കുന്നു.

### ശോധനചെയ്യുവാൻ:

1. ഈ വിവരങ്ങൾ വച്ചിട്ട് എനിക്കു സഹായിക്കാൻ കഴിയുന്ന ആരെങ്കിലുമുണ്ടോ? പ്രത്യേകിച്ച് ദൈവത്തെക്കുറിച്ചും അവന്റെ ആത്മാവിനെക്കുറിച്ചും ആശയക്കുഴപ്പത്തിലായിരിക്കുന്നവരെ?
2. ഒരു വചനം വായിക്കുമ്പോൾ അതിനെക്കുറിച്ച് ആദ്യമേതന്നെ എന്നിലുണ്ടാകുന്ന തോന്നലിൽ ഉറച്ചു നിൽക്കുന്ന തരത്തിലുള്ള ഒരാളാണോ ഞാൻ? അതോ ആ വചനത്തിന്റെ പശ്ചാത്തലം കൂടുതൽപഠിച്ച് തീരുമാനമെടുക്കാനുള്ള ക്ഷമകാണിക്കുന്നവനാണോ?
2. ക്രിസ്തുവിനെ അറിയുന്നതിനു മുമ്പുണ്ടായിരുന്ന ചില അന്ധവിശ്വാസങ്ങളുടെ സ്വാധീനം എന്നിലിപ്പോഴുമുണ്ടാകാനുള്ളതിന്റെ സാദ്ധ്യത എത്രമാത്രമുണ്ട്?

# തോന്നലുകൾ/വികാരങ്ങൾ

**സദൃ 3:5, 14:12, 16:2, 28:26, യിര 17:9**

ഒരു ആത്മീയവഴികാട്ടിയായി നമ്മുടെ തോന്നലുകളെ എടുക്കുന്നത് അബദ്ധമാണ്.

**1 ശമു 13:12, 1 രാജാ 13:1, 2 രാജാ 5:10–15**

നമ്മുടെ വികാരങ്ങൾക്കടിസ്ഥാനമായി നാം പോകുന്നത് വലിയ പ്രയാസങ്ങളിൽ നമ്മെ ക്കൊണ്ടെത്തിക്കും.

**ഗലാ 1:6–9, 2 കൊരി 11:3–4**

സുവിശേഷത്തെ തുച്ഛീകരിക്കാനുള്ള അവകാശം ആർക്കുമില്ല. യേശു പ്രസംഗിച്ചതിനും കുറ വായ ഒരു സമർപ്പണത്തെക്കുറിച്ചു സംസാരിക്കുന്നവരെ സൂക്ഷിക്കുക.

**യിരമ്യ 23:16**

പത്തുകാര്യങ്ങൾ ഈ ഭാഗത്തുനിന്നും നമുക്കു മനസ്സിലാക്കാം

1. വാ 16: തങ്ങൾ ദൈവത്തിൽ നിന്നുള്ളവയാണു സംസാരിക്കുന്നതെന്ന് വ്യാജപ്രവാചകർ അവകാശപ്പെടുന്നു
2. വാ 16: അവരുടെ സ്വന്തം മാനസീകവ്യാപാരത്തിൽ നിന്നുമാണ് അവർ സംസാരിക്കുന്നത്, അവ ദൈവത്തിൽ നിന്നുള്ളവയല്ല.
3. വാ 22: അവർ ദൈവവചനത്തിൽ വെള്ളം ചേർക്കുന്നു.
4. വാ 25–26: അവരുടെതന്നെ വ്യാമോഹങ്ങളാണ് അവർ ദർശനങ്ങളായി പ്രഖ്യാപിക്കുന്നത് (സംഖ്യ 12:6–ാം വാക്യത്തോടു താരതമ്യം ചെയ്യുക). വ്യാജമായ വാഗ്ദാനങ്ങൾ നൽകുന്ന അവർ ദൈവത്തോടുള്ള ജനതയുടെ സമർപ്പണത്തെ ബലപ്പെടുത്തുകയാണു ചെയ്യുന്നത് (വാ 27).
5. വാ 28–29: ദൈവം അവരിലൂടെ സംസാരിക്കുന്നുവെന്ന ഒരു മൂഢസങ്കൽപ്പത്തിൽ വ്യാപരി ക്കുന്നവരാണ് അവർ എന്നാൽ ദൈവം അപ്രകാരം ചെയ്യുന്നില്ല. അവരുടെ സന്ദേശ ത്തിന് ദൈവവചനവുമായി യാതൊരു ബന്ധവുമില്ല.
6. വാ 30: അവർ സന്ദേശങ്ങൾ പരസ്പരം കടം വാങ്ങുന്നു, പ്രവചനങ്ങൾ പരസ്പരം മാറ്റി അരുളിച്ചെയ്യുന്നു.
7. വാ 31–32: അവർ ജനത്തിനു യാതൊരു ആത്മീയ അഭിവൃദ്ധിയുമുണ്ടാക്കുന്നില്ല, പകരം അവരെ വഴിതെറ്റിക്കുകയാണു ചെയ്യുന്നത്.
8. വാ 35: ദൈവം തങ്ങളോടു സംസാരിക്കണമെന്ന തീക്ഷ്ണമായ ആഗ്രഹം അവരിലുണ്ട്.
9. വാ 36: അവരുടെ വാക്കുകളും ദൈവവചനവും തമ്മിൽ വലിയ അന്തരമുള്ളതുകൊണ്ട് അവർ ദൈവഹിതത്തെക്കുറിച്ചു പൂർണ്ണമായും ആശയക്കുഴപ്പത്തിലായവരാണ്.
10. വാ36: അവരുടെ പ്രവർത്തിയുടെ അന്തിമഫലമോ? ദൈവവചനത്തെ വളച്ചൊടിക്കലും.

**യൂദാ 19**

ദൈവീകരല്ലാത്ത മനുഷ്യർ സഭയെ ഭിന്നിപ്പിക്കുന്നു.

**ലൂക്കോസ് 9:23**

നമ്മുടെ സ്വന്തം തോന്നലുകളെ നിഷേധിക്കലാണ് ശിഷ്യത്വം, അവയെ പിന്താങ്ങുന്നതിലല്ല. വികാരങ്ങളെ നിഷേധിക്കുന്നത് ക്രിസ്തുവിനെ സ്വീകരിക്കലാണ്, വികാരങ്ങളെ സ്വീകരി ക്കുന്നതാവട്ടെ ക്രിസ്തുവിനെ നിഷേധിക്കലുമാണ്.

**മത്തായി 7:21–23**

ദൈവവചനം അനുസരിക്കാത്ത അത്ഭുതപ്രവർത്തകർ ആത്മരക്ഷപ്രാപിച്ചവരല്ല – അവർ ആത്മാർത്ഥതയുള്ളവരാണെങ്കിൽ പോലും. (മത്തായി 7:23ന്റെ കൂടുതൽ വിശദീക രണത്തിനായി 1 കൊരിന്ത്യർ 8:3 നോക്കുക)

# സമ്പൂർണ്ണമാറ്റത്തിലേക്ക്

ആത്മീയ യാഥാർത്ഥ്യത്തിൽ അധിഷ്ഠിതമല്ലാത്ത തെറ്റായ തീക്ഷ്ണതയെക്കുറിച്ചു മൂന്നാം ഭാഗത്തു നാം മനസ്സിലാക്കി. അത്തരം മതരീതികൾ ആഴത്തിലുള്ള ഒരു മാറ്റം ജീവിതത്തിൽ കൊണ്ടുവരാൻ അശക്തമായതാണ്.

ദൈവത്തിന്റ സത്യാത്മാവ് നമ്മെ ഉള്ളിൽ നിന്നും മാറ്റുന്നവനാണ് – ആദ്യതലത്തിൽ. പിന്നീട്, പിന്നീടുമാത്രമാണ് രണ്ടാമത്തെ തലത്തിലൂള്ള സമൂലമാറ്റം സാധ്യമാവുകയുള്ളൂ – ലോകത്തിനു രക്ഷ. സുഖലോലുപതയിൽ മുഴുകിയിരിക്കുന്ന സ്ത്രീപുരുഷന്മാർ ലോകത്തെ തലകീഴായ്മറിക്കാൻ കെല്പുള്ളവരല്ല (അപ്പ 17:6).

തർക്ക വിഷയങ്ങളിൽ വ്യക്തത കൊണ്ടുവരുവാനും യേശുവിനോടുള്ള സമർപ്പണം സമ്പൂർണ്ണമായതാക്കുവാനുമാണ് നാലാമത്തെ ഈ വിഭാഗം ശ്രമിക്കുന്നത്. യേശുവിനെ അനുഗമിക്കുമ്പോൾ സുഖലോലുപത കൈമോശം വരുന്ന ഒരു സംഗതിയായിത്തീരും. ദൈവാത്മാവു നമ്മെ മന്ദഗതിയിൽനിന്നും നമ്മെ ഇളക്കി പുറത്തു ചാടിക്കട്ടെ.

**അദ്ധ്യായം 12**

# ശരിയായ തീക്ഷ്ണത
## പരിശുദ്ധ ആത്മാവ്

ദൈവാത്മാവിനെ പരിശുദ്ധാത്മാവെന്നു വിളിക്കുന്നതു വെറുതെയല്ല. പരിശുദ്ധമെന്ന വാക്കു പലരുടെയും മനസ്സിലേക്കു കൊണ്ടുവരുന്നതു പലതരം തോന്നലുകളാണ് - ഗൗരവപൂർണ്ണം, നിഗൂഢം, അങ്ങേലോകത്തെ സംബന്ധിച്ചത്, ഭയമുളവാക്കുന്നത് എന്നിങ്ങനെ. എന്നാൽ വിശുദ്ധിയെന്നത് ഭക്തിയും ആത്മസമർപ്പണവും പവിത്രതയും സംബന്ധിച്ചതാണെന്ന കാര്യം ശിഷ്യരായവർക്കു വ്യക്തമാണ്.

ദൈവത്തോടുള്ള വ്യക്തിപരമായ ഭക്തിയെക്കുറിച്ചും, അവനുവേണ്ടി നമ്മുടെ ജീവിതത്തെ സമർപ്പിക്കുന്നതിനെക്കുറിച്ചുമാണു നാം ഇവിടെ സംസാരിക്കുന്നത്. ദൈവത്തിനു വേണ്ടിയും അവന്റെ രാജ്യത്തിനുവേണ്ടിയും വലിയ കാര്യങ്ങൾ ചെയ്യുന്നതിനെക്കുറിച്ചാണ് ഇത്. ഒരു വീരയോദ്ധാവിനെപ്പോലെ ചിന്തിക്കുകയും വിശ്വസിക്കുകയും സ്വപ്നം കാണുകയും ജീവിക്കുകയും മരിക്കുകയും ചെയ്യുന്നതിനെക്കുറിച്ചാണു നാമിവിടെ സംസാരിക്കുന്നത്. മനുഷ്യരാശിക്കുവേണ്ടി എന്തെങ്കിലും ചെയ്യാതെ മരിക്കുന്നതിൽ നാം ലജ്ജിക്കണമെന്നു ഹോറേസ് മാൻ സൂചിപ്പിച്ചതുപോലെ. നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ അക്ഷയമായി സ്നേഹിക്കുന്ന ഏവരോടും കൂടെ കൃപ ഉണ്ടായിരിക്കുമാറാകട്ടെ (എഫേസ്യർ 6:24) എന്നു പൗലോസ് സൂചിപ്പിച്ചതുപോലെ. പുറം തൊലിയിൽ കൂടുതൽ ആഴത്തിൽ കാണപ്പെടുന്ന ഒന്നാണ് യഥാർത്ഥ തീക്ഷ്ണത. ആഴ്ചയിലൊരിക്കൽ ക്ഷണനേരത്തേക്കു ധരിക്കുന്ന ഞായറാഴ്ച ഭക്തിവസ്ത്രമല്ല ദൈവീകമായ തീക്ഷ്ണതയെന്നത്. നമ്മുടെ ജീവിതത്തെ മുഴുവനുമായാണ് ദൈവം വിലയ്ക്കുവാങ്ങിച്ചത്, കുറച്ചു ഭാഗമായല്ല.

### ഭീകരനായ ഒരു വന്യമൃഗത്താൽ കീറിമുറിക്കപ്പെട്ടത്

നാം ദൈവത്തിനുവേണ്ടിയാണ് ജീവിക്കേണ്ടത് എന്ന ആശയം എന്റെ ബാല്യകാലത്തുതന്നെ ഞാൻ കേട്ടുവളർന്നതാണ് - ഞായറായഴ്ച ക്ലാസ്സുകളിലൂടെ. യേശുവിനുവേണ്ടി എല്ലാം ഉപേക്ഷിച്ചു ദരിദ്രരായി ജീവിച്ച വ്യക്തികളെക്കുറിച്ചു ഞാൻ കേൾക്കുമ്പോഴെല്ലാം എന്റെ മനസ്സും മന്ത്രിക്കും - എനിക്കും അപ്രകാരം ജീവിക്കണം എന്ന്. പഴയ സ്തുതിഗീതങ്ങളും മെഴുകുതിരികളും, കബറിടസന്ദർശനങ്ങളുമെല്ലാം ദൈവത്തെക്കുറിച്ചുള്ള ചിന്തകളും ആകർഷണീയതയും നിറഞ്ഞവതന്നെയാണ്. ആറോ ഏഴോ വയസ്സു പ്രായമുള്ളപ്പോൾ ഞാൻ കേട്ട ഒരു ആത്മീയഗീതത്തിലെ വരികൾ ഇപ്പോഴുമെനിക്കോർമ്മയുണ്ട്. (ഇഗ്ലീഷ് പാട്ടിലെ വരികളുടെ അർത്ഥം ഏകദേശം ഇപ്രകാരമാണ്):

> ദൈവവിശുദ്ധരെക്കുറിച്ചുള്ള ഒരു പാട്ടു ഞാൻ പാടും
> ക്ഷമാലുക്കളും സുധീരരും സത്യം നിറഞ്ഞവരും
> അവർ കഠിനാധ്വാനം ചെയ്തു പൊരുതി ജീവിച്ചു മരിച്ചു
> അവർ മനസ്സിലാക്കിയ നല്ല ദൈവത്തിനായി
>
> അവരിൽ ഒരുവനൊരു വൈദ്യനും മറ്റെയാൾ ഒരു പുരോഹിതനുമാണ്
> വേറൊരാളാകട്ടെ ഭീകരനായ ഒരു വന്യമൃഗത്താൽ കീറിമുറിക്കപ്പെട്ടവനും
> അതിനാൽ കാര്യമായ ഒരു കാരണവും എനിക്കുനിരത്താനില്ല
> ഞാനും അവരിൽ ഒരുവനാകാതിരിക്കാൻ

ആ പാട്ടിലെ വരികൾ പത്തു പന്ത്രണ്ടു വർഷത്തോളം എന്റെ ഉറക്കം കെടുത്തിയിരുന്നു, പ്രത്യേകിച്ച് ഭീകരനായ വന്യമൃഗത്തെക്കുറിച്ചുള്ളത്. ജീവിതം സമർപ്പിക്കാനായി മരണം കൈവരിക്കുവാൻ പോലും യോഗ്യമായ എന്തെങ്കിലും കാര്യം ഈ ലോകത്തിലുണ്ടോ? ദൈവവചനം കാര്യഗൗരവത്തോടെ പഠിക്കാൻ തുടങ്ങുന്നതുവരെ ഈ തോന്നലുകൾ എനിക്കു പേടിസ്വപ്നമായിരുന്നു. സമർപ്പിതമായ ഒരു ജീവിതത്തിനായി ഒരു അവസരം കാത്തിരുന്ന ഒരുവനായിരുന്നു ഞാൻ എന്ന കാര്യം എനിക്കു വ്യക്തമാകുന്നു - തിരിഞ്ഞുനോക്കുമ്പോൾ (നിങ്ങളെ സംബന്ധിച്ചും അതു ശരിയായതാകാം). തങ്ങൾ പഠിപ്പിക്കുകയും (പാടുകയും) ചെയ്തരീതിയിൽത്തന്നെ സമർപ്പിതരായി ജീവിക്കുന്ന ഒരു കൂട്ടം ആളുകളെ കണ്ടപ്പോൾ ഞാൻ കേട്ട പഴയ ഗാനം എനിക്കോർമ്മവന്നു, ശരിയായ ഒരിടത്താണ് ഞാൻ എത്തിപ്പെട്ടിരിക്കുന്നതെന്ന് എനിക്കു മനസ്സിലായി.

ജീവിക്കാൻ അർത്ഥപൂർണ്ണമായ ഒരു കാര്യം നോക്കിയിരിക്കുകയാണ് ഈ ലോകം. അത്തരം ചിന്തയാൽ പലകാര്യങ്ങൾക്കും വേണ്ടി ജനങ്ങൾ ഒത്തുകൂടും, അതൊന്നും ശരിയായ വിധത്തിൽ അർത്ഥപൂർണ്ണമായ കാര്യമായിരിക്കണമെന്നില്ല. യേശുവിനുവേണ്ടി ജീവിക്കുന്നത് മറ്റെന്തിനേക്കാളും അർത്ഥപൂർണ്ണമായ ഒരു കാര്യമാണെന്ന കാര്യം നാം അവർക്കു മനസ്സിലാക്കി കൊടുക്കണം. അതിനുവേണ്ടി ജീവിക്കാൻ മാത്രമല്ല ആവശ്യമെങ്കിൽ മരിക്കാനും - നമുക്കുള്ള വിളി അതാണെങ്കിൽ.

## പരിശുദ്ധിയെ മാറ്റിവയ്ക്കാനാകുമോ?

വേണമെങ്കിൽ നമുക്കു സ്വീകരിക്കാവുന്ന ഒരു കാര്യമാണോ പരിശുദ്ധി? നിങ്ങളുടെ ഇഷ്ടത്തിനനുസരിച്ചു തിരഞ്ഞെടുക്കാവുന്ന സഭകളും, ആരെയും വിധിച്ചുകൂടാകയും, ഒക്കെ മുദ്രാവാക്യങ്ങളായിട്ടുള്ള ഈ ആധുനിക കാലഘട്ടത്തിൽ ശബ്ദം വളരെ താഴ്ത്തിമാത്രം പറയുന്ന കാര്യങ്ങളുടെ കൂട്ടത്തിൽ ഉപേക്ഷിക്കപ്പെട്ടതായി കിടക്കുന്ന ഒന്നാണോ വിശുദ്ധി? അതോ നാം നടന്നേപറ്റൂ എന്നാവശ്യപ്പെട്ടു കൊണ്ട് യേശു നമുക്കായി അടയാളപ്പെടുത്തിയിട്ട ഇടുക്കുവഴിയാണോ വിശുദ്ധി? സ്ഫുടമായ വാക്കുകളിലൂടെ എബ്രായ ലേഖകൻ എഴുതിയിരിക്കുന്നു:

> എല്ലാവരോടും സമാധാനത്തിൽ വർത്തിച്ചു വിശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ; വിശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല. (എബ്രായർ 12:14)

വചനങ്ങൾ സുവ്യക്തമാണ്: ഇഷ്ടത്തിനനുസരിച്ചു സ്വീകരിക്കാവുന്ന ഒരു കാര്യമല്ല വിശുദ്ധി. ലോകം പരിഹസിച്ചോട്ടെ, ഉപരിപ്ലവമായ മതതീക്ഷ്ണതയും ഫെലിക്സുപോലും (അപ്പ 24:25) രണ്ടു കയ്യും നീട്ടി സ്വീകരിക്കുന്ന തരത്തിലുള്ള ദൈവശാസ്ത്രവും കൊണ്ടു നടക്കുന്നവർ അധിക്ഷേപിച്ചോട്ടെ. മന്ദോഷ്ണത വേണമെങ്കിൽ സ്വീകരിക്കാവുന്ന ഒരു പോംവഴിയല്ല കാരണം പരിശുദ്ധനായ ദൈവം വേണമെങ്കിൽ തിരഞ്ഞെടുക്കാവുന്ന ഒരു പോംവഴിയല്ല. ദൈവം വിശുദ്ധനാകയാൽ നമ്മളും വിശുദ്ധരാകണമെന്നത് ഒരു ദൈവകൽപ്പനയാണ് (1 പത്രോസ് 1:15-16, ലേവ്യ 11:44-45, 19:2, 20:7).

## വിശുദ്ധി ആത്മാവിൽ നിന്നും വരുന്നു

പരിശുദ്ധാത്മാവു നമ്മെ വിശുദ്ധിയുള്ളവരാക്കുന്നു എന്നു കേട്ടു വിസ്മയിക്കേണ്ട. പുതുജീവിതം നമ്മുടെ സിരകളിൽ പകർന്നു തന്നതിനോടൊപ്പം നമ്മിൽ നിറഞ്ഞു പൂരിതമാകുവാനായി ആത്മാവു നമ്മിൽ വിശുദ്ധിയും നിറച്ചു. പരിശുദ്ധാത്മാവുണ്ടെന്ന് അവകാശപ്പെടുന്ന ഓരോരുത്തനും വിശുദ്ധിയിൽ ജീവിക്കേണ്ടതുണ്ട്, അല്ലെങ്കിൽ കളിതീർന്നു. അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും (മത്തായി 7:20). വിശുദ്ധി കൂടാതെ ആർക്കും ദൈവത്തെകാണുവാൻ സാദ്ധ്യമല്ല.

കാലക്രമേണ, വിശുദ്ധിയെക്കുറിച്ചുള്ള നിലവാരം ആദിമസഭയിൽ താണുപോയെങ്കിലും - പ്രത്യേകിച്ച് മുന്നൂറുകളിൽ ക്രിസ്തീയതയെ നിയമവിധേയമാക്കിയതിനുശേഷം - ദൈവം തന്റെ ശിഷ്യന്മാർക്കായുള്ള നിലവാരം താഴ്ത്തിയിട്ടില്ല.[1] റോമാക്കാരുടെ 12:11ൽ നാമിപ്രകാരം വായിക്കുന്നത് അതുകൊണ്ടാണ്: ഉത്സാഹത്തിൽ ക്ഷീണിക്കാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ സേവിക്കുവിൻ. സ്പന്ദനമില്ലാത്ത നിർജ്ജീവമായ മതവും, സജീവമായ തുടിക്കുന്ന വിശ്വാസവും തമ്മിലുള്ള വ്യത്യാസം ഈ തീക്ഷ്ണതയും ജ്വലനവും ഊഷ്മളതയുമാണ്. ചത്തതിനു ജീവനുണ്ടെന്നു വരുത്തിത്തീർക്കാനായി നടത്തുന്ന ഏതൊരു വിശദീകരണവും കണ്ണുള്ളവർക്കു വിശ്വസിക്കാനാകുന്നതല്ല. ജീവനുള്ള വിശ്വാസത്തിനു സ്പന്ദനമുണ്ട് കാരണം അതിനു ദൈവാത്മാവിന്റെ ഊർജ്ജമുണ്ട് (യാക്കോബ് 2:26)

## ചൂടുള്ളപ്പോൾ ഉണ്ട്

ചൂടുള്ളപ്പോൾ ഉണ്ട് ഇല്ലാത്തപ്പോൾ ഇല്ല എന്നർത്ഥം വരുന്ന ഒരു പഴഞ്ചൊല്ലു നിലവിലുണ്ട്. എന്നിരുന്നാലും നാം എപ്പോഴും ചൂടുള്ളവരായിരിക്കണമെന്നാണ് ദൈവവചനം നമ്മോടു കൽപ്പിക്കുന്നത്, തണുപ്പുള്ളവനോ മിതോഷ്ണനോ ആകാനല്ല.

> ലവോദിക്യയിലെ സഭയുടെ ദൂതന് എഴുതുക: വിശ്വസ്തനും സത്യവാനുമായ സാക്ഷിയും ദൈവസൃഷ്ടിയുടെ മൂലവുമായ ആമേൻ എന്നവൻ അരുളിച്ചെയ്യുന്നത്: ഞാൻ നിന്റെ പ്രവൃത്തികൾ അറിയുന്നു; നീ ശീതവാനുമല്ല ഉഷ്ണവാനുമല്ല. നീ ശീതവാനോ ഉഷ്ണവാനോ ആയിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ നീ ശീതവാനുമല്ല, ഉഷ്ണവാനുമല്ല, കേവലം മന്ദോഷ്ണവാനായിരിക്കയാൽ ഞാൻ നിന്നെ എന്റെ വായിൽ നിന്നു തുപ്പിക്കളയും. (വെളിപാട് 3:14-16)

ഒരു കാലത്ത് ആത്മീകമായി ഉഷ്ണവാന്മാരായിരുന്നതും ഇപ്പോൾ മിതോഷ്ണതയുടെ സുഖസൗകര്യത്തിലേക്കു വീണുപോയതുമായ ഒരു സഭയ്ക്കായി എഴുതിയ വാക്കുകളാണിത്. പിന്നീടു

കുറച്ചു ദശാബ്ദങ്ങൾക്കു ശേഷവും ഈ സഭ മാനസാന്തരപ്പെട്ടില്ല എന്നത് സങ്കടകരമായ ഒരു യാഥാർത്ഥ്യമായി അവശേഷിച്ചു, ശാസന കിട്ടിയ മറ്റു സഭകൾ മാനസാന്തരപ്പെട്ടപ്പോൾ - എഫേസൂസും ഫിലദെൽഫിയയും ഉദാഹരണമാണ്. രണ്ടാം നൂറ്റാണ്ടിലെ ചരിത്രകാരന്മാർക്കു ലവോദിക്ക്യയിലെ സഭയെക്കുറിച്ച് ഒന്നും പറയാനുണ്ടായിരുന്നില്ല. വിശ്വാസത്തിലും ആളുകളുടെ എണ്ണത്തിലും ക്ഷയിച്ച ഈ സഭ കാലക്രമേണ ചിത്രത്തിലില്ലാതെയായി.

ഹൃദയത്തിലേക്കും വിശ്വാസത്തിലേക്കും മനോഭാവത്തിലേക്കും മാത്രമല്ല യേശു നോക്കുന്നത് - പ്രവർത്തികളിലേക്കും കൂടിയാണ്. സമർപ്പണത്തിന്റെ കാര്യം വരുമ്പോൾ പരസ്പര പൂരകങ്ങളായ വാക്കുകളാണ് വിശുദ്ധിയും ഊഷ്മളതയും. മിതോഷ്ണതയെക്കാൾ കർത്താവിനു സ്വീകാര്യമായത് തണുപ്പുള്ളവനായിരിക്കുന്നതാണെന്ന കാര്യം വചനം സാക്ഷിക്കുന്നു (മലാഖി 1:10, വെളിപാട് 3:15). മതപരമായ അനുഭവങ്ങൾ ഇവയ്ക്കു പകരമായി വയ്ക്കാനാവില്ല. അത്ഭുതകഥകൾ ശേഖരിക്കുകയും ആത്മീയമായ ഒരു മുരൾച്ചയുണ്ടാക്കലുമല്ല ദൈവമക്കളുടെ ഉത്തരവാദിത്വം, ദൈവത്തിന്റെ ജോലിചെയ്യുകയെന്നതാണ് (മത്തായി 7:21-23).

ദൈവത്തിനായും അവന്റെ വചനത്തിനായും അവന്റെ ഹിതത്തിനായും അവന്റെ ജനത്തിനായും അവന്റെ പദ്ധതികൾക്കായും ഉഷ്ണവാന്മാരായിരിക്കുന്നവനാണോ നിങ്ങൾ?

## അകമേ ജ്വലിക്കുന്നത്

സ്പന്ദനം പരിശോധിച്ചറിയുവാൻ പോലും പറ്റാത്ത രീതിയിൽ നിർജ്ജീവരായിരിക്കുന്ന അനേക ദശലക്ഷങ്ങൾ തങ്ങൾ ക്രിസ്ത്യാനികളാണെന്ന് അവകാശപ്പെടുന്നവരാണ്. നിർജ്ജീവമായ വിശ്വാസം നിർജ്ജീവമായ ലക്ഷ്യങ്ങൾക്കായി നിലകൊള്ളുന്ന നിർജ്ജീവമായ സഭയിൽ നിർജ്ജീവമായ ഭാരം കൂട്ടിവയ്ക്കുന്നു.

അടുപ്പത്തിരിക്കുന്ന വെള്ളം തിളച്ചോയെന്നു നോക്കാൻ നിങ്ങളോടു നിങ്ങളുടെ സുഹൃത്ത് ആവശ്യപ്പെടുകയാണെന്നു വിചാരിക്കുക. അതിപ്പോൾ തിളയ്ക്കുന്നുണ്ടാകുമെന്ന് അവൻ പറയുന്നു.

കൈ പൊള്ളാതെ ശ്രദ്ധാപൂർവ്വം തൊട്ടുനോക്കിയ നിങ്ങൾ അറിഞ്ഞത് തണുപ്പു പൂർണ്ണമായും മാറാത്ത ഒരു കലം വെള്ളമാണ്. എന്നാൽ അതു വന്നു സുഹൃത്തിനോടു പറഞ്ഞപ്പോൾ അവനതു വിശ്വസിക്കാതെ വീണ്ടും പോയി നോക്കാൻ ആവശ്യപ്പെടുന്നു.

വീണ്ടും പോയി നോക്കിയപ്പോഴും നിങ്ങൾകണ്ടത് മിതോഷ്ണമായ വെള്ളമാണ്.

അതു തീർച്ചയായും തിളയ്ക്കുന്നുണ്ട്, എന്നാൽ അത് അകമേയാണ് എന്നു നിങ്ങളുടെ സുഹൃത്തുനിങ്ങളോടു പറഞ്ഞാൽ നിങ്ങൾ എന്തു വിചാരിക്കും?

ഹൃദയമാണു കാര്യം ചൂടല്ല, ഇളം ചൂടുവെള്ളം പക്വത പ്രാപിക്കാൻ സമയമെടുക്കും എന്നീ മധുര വാക്കുകൾകൊണ്ട് വെള്ളം ശരിക്കും തിളയ്ക്കുന്നുണ്ട് എന്നു നിങ്ങളുടെ സുഹൃത്ത് വാദിച്ചാൽ നിങ്ങൾ വെള്ളം തിളച്ചതായി അംഗീകരിക്കുമോ, അതോ ചൂട് തണുപ്പ് തിളപ്പ് എന്നീ കാര്യങ്ങളോടുള്ള നിങ്ങളുടെ സുഹൃത്തിന്റെ കാഴ്ചപ്പാടിനെ സംശയിക്കുമോ? സുഹൃത്താകട്ടെ തന്റെ നിലപാടിനെ ന്യായീകരിക്കാനായി മറ്റുപല വാദമുഖങ്ങളും നിരത്തുന്നു: ഒരു വെള്ളവും പരിപൂർണ്ണമല്ല, ഓരോ വെള്ളത്തിനും അതിനു പറ്റുന്ന രീതിയിലുള്ള ഒരു ചൂടുനിലവാരം നിലനിർത്താനുള്ള അവകാശമുണ്ട്, ചൂടായിരിക്കുക എന്നതിനേക്കാൻ നല്ലതായിരിക്കുക എന്നതാണ് വെള്ളത്തെ സംബന്ധിച്ചു പ്രധാനം, ചൂടുള്ളതായിരിക്കുന്നതിനേക്കാൾ പ്രധാനപ്പെട്ടതാണ് ചൂടായിക്കൊണ്ടിരിക്കുക എന്നത് എന്നിങ്ങനെ. മന്ദോഷ്ണത്തെ ന്യായീകരിക്കുന്ന ദൈവശാസ്ത്രം കൂടുതൽ ചൂടുപിടിക്കുന്നു - അകമേയുള്ള തിളപ്പിലാണു ഞാൻ വിശ്വസിക്കുന്നത്, മറ്റുള്ള വെള്ളത്തിന്റെ ചൂടിനെ നമുക്കു വിധിക്കാതിരിക്കാം, ചൂടുള്ളവരായി മാത്രമിരിക്കുക എന്നത് പക്ഷപാതപരമാണ്. ഇത്തരം വാദമുഖങ്ങളുയർത്തുന്ന നിങ്ങളുടെ സുഹൃത്തിന്റെ ആശയങ്ങളെ ചോദ്യം ചെയ്യേണ്ടതില്ലേ?

ശുദ്ധതയെ സംബന്ധിച്ചും ഇതുതന്നെയാണു സത്യം. ശിഷ്യത്വത്തിൽ ജീവിതസമർപ്പണം ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ആത്മീയ തീക്ഷ്ണതയുടെ നിലവാരം നിർണ്ണയിക്കുന്നത് ദൈവം തന്നെയാണ് മനുഷ്യനല്ല. ശുദ്ധതയ്ക്ക് ഒരു അതിർവരമ്പു നിർണ്ണയിച്ച ശേഷം ഇത്രയുമൊക്കെ മതി എന്നു നിശ്ചയിക്കുന്നതിനുള്ള അധികാരം മനുഷ്യർക്കില്ല.

## യഥാർത്ഥ തീക്ഷ്ണതയും അല്ലാത്തതും

യഥാർത്ഥമായ ഒരു തീക്ഷ്ണതയാണോ നിങ്ങൾക്കുള്ളത്, അതോ പെരുപ്പിച്ചു കാട്ടുന്നതരത്തിലുള്ളതാണോ? സമർപ്പണത്തിലും ഭക്തിയിലും ശിഷ്യത്വത്തിലും വിശുദ്ധിയിലുമെല്ലാം വ്യാജമുഖം നിങ്ങൾ കാണിച്ചാൽ ദൈവത്തിനെന്തു തോന്നും? അനനിയാസിന്റെയും സഫീറയുടെയും കഥ (അപ്പ 5:1-11) ഇക്കാര്യത്തിലെ ദൈവമനസ്സു വെളിവാക്കുന്നു. തങ്ങളുടെ അവസ്ഥയെക്കുറിച്ചു സത്യം സംസാരിക്കാതെ വലിയഭാവം നടിച്ച അവർ പരിശുദ്ധാത്മാവിനോടു കള്ളം പറഞ്ഞുവെന്നും (വാ 3), ദൈവാത്മാവിനെ പരീക്ഷിച്ചുവെന്നുമാണ് (വാ 9) വചനം പറയുന്നത്. നമ്മെ പരിശു

ദ്ധനാക്കാൻ ദൈവാത്മാവിനെ അനുവദിക്കാതെ വിശ്വാസത്തെ പരിഹാസ്യമായ രീതിയിൽ നാം കൈകാര്യം ചെയ്യുമ്പോൾ ദൈവം അവഹേളിക്കപ്പെടുകയാണു ചെയ്യുന്നത്.

ആളുകളുടെ മുന്നിൽ അഭിനയിക്കുന്നതും ആഴമില്ലാത്തതും ഉപായം കാണിക്കുന്നതുമായ മതരീതിയിൽ നിന്നും നമുക്കു മാറിനിൽക്കാം. ശരിയായ രീതിയിലുള്ള ഒരു തീക്ഷ്ണത നമുക്കുള്ള വരാകാം.

## മിന്നിത്തിളങ്ങുന്ന സമർപ്പണം

തീക്ഷ്ണതയില്ലാത്തവരാണു നാമെങ്കിൽ ദൈവമക്കളെന്നവകാശപ്പെടാൻ നമുക്കു കഴിയുമോ? ജ്ഞാനത്തിൽ അധിഷ്ഠിതമല്ലാത്ത തീക്ഷ്ണത തങ്ങളുടെ മതത്തോടു കാണിക്കുന്ന അനേകം ആളുകളുണ്ട് (റോമർ 10:12). വലിയ ശബ്ദത്തിലുള്ള ആമേനും ബഹളമയമായ പെരുമാറ്റവുമല്ല തീക്ഷ്ണതയെന്നത്, അതു പരിശുദ്ധാത്മനിറവും അതിൻഫലമായി ഉണ്ടാകുന്ന സ്വഭാവ സവിശേഷതകളും ജീവിതത്തിൽ പ്രകടമാകുന്നതാണ്. മാർക് ടൊയ്ൻ പറഞ്ഞതുപോലെ: ഒരു നല്ല ഉദാഹരണമാവുകയെന്നതിനെ മാറ്റിനിറുത്താൻ യോഗ്യതയുള്ള അനേകകാര്യങ്ങളില്ല. അത്തരം തീക്ഷ്ണത മറ്റുള്ളവർ നമ്മിൽ കാണുമ്പോൾ അതു ശരിയായതാണെന്ന് അവരും ശരിവയ്ക്കും.

നിങ്ങൾ ആരാണെന്നതും നിങ്ങൾ ആർക്കുള്ളതാണെന്നതും ഒരിക്കലും മറക്കരുത്. പരിശുദ്ധനായ ദൈവത്തിന്റെ പരിശുദ്ധ സഭയിൽ അവന്റെ പരിശുദ്ധ ശുശ്രൂഷയ്ക്കായി തിരഞ്ഞെടുക്കപ്പെട്ട വിശുദ്ധ ജനമാണു നാം. അതിനായുള്ള നമ്മുടെ തീക്ഷ്ണത യഥാർത്ഥമായതാകണം. എന്നാൽമാത്രമേ ഈ ലോകത്തെ മാറ്റിമറിക്കാൻ നമുക്കു കഴിയുകയുള്ളൂ.

### ശോധനചെയ്യുവാൻ:

1. തീക്ഷ്ണതയുള്ള ഒരു ക്രിസ്ത്യാനിയാണോ ഞാൻ? ഞാൻ മന്ദോഷ്ണവാനാണോ അതോ ഉഷ്ണവാനാണോ? എന്നെ പിറകോട്ടു പിടിച്ചുനിർത്തുന്നതായ എന്തെങ്കിലും ഉണ്ടോ?
2. വിശുദ്ധിയെന്നത് കേവലം ഒരു തോന്നലല്ല, പകരം ദൈവത്തിനായി ജ്വലിക്കുന്ന ഒരു വ്യക്തിയാവുക എന്നതാണ് എന്ന തിരിച്ചറിവ് എനിക്കുണ്ടോ?
3. കാര്യങ്ങൾ പെരുപ്പിച്ചു കാട്ടുന്ന ഒരു സ്വഭാവമാണോ എന്നിലുള്ളത്? എന്റെ വേരുകൾ ആഴത്തിലുള്ളതാണോ?
4. ക്രിസ്തുവിനെ അറിയുന്നതിനേക്കാൾ, ആത്മീയത കാണിക്കുന്നതിനായി ഒരു ശബ്ദഘോഷം മുഴക്കുന്നതിൽ താല്പര്യം കാണിക്കുന്നതരം മതരീതിയിൽനിന്നു ഞാൻ വിമുക്തനാണോ?

### കുറിപ്പുകൾ:

1. ആദിമസഭയിൽ ആദ്യത്തെ മൂന്നു നൂറ്റാണ്ടുകൾ പരിശുദ്ധിയുടെ കാര്യത്തിൽ ഉയർന്ന നിലവാരം പ്രതീക്ഷിക്കുന്ന കാലഘട്ടമായിരുന്നു. രണ്ടാം നൂറ്റാണ്ടിലെ സഭാപിതാവിൽ നിന്നുള്ള ഒരു സന്ദേശത്തിൽ നിന്നും എടുത്തത്: നമ്മുടെ സ്നാനം വിശുദ്ധവും മാലിന്യമേൽക്കാതെയും നാം കാത്തുസൂക്ഷിക്കുന്നില്ലയെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കാൻ കഴിയുമെന്നുള്ളതിന് എന്ത് ഉറപ്പാണു നമുക്കുള്ളത്? വിശുദ്ധിയുടെയും നീതിയുടെയും പ്രവർത്തികൾ നമ്മിൽ നിന്നുമില്ലെങ്കിൽ നമുക്കുവേണ്ടി പക്ഷപാതം ചെയ്യാൻ ആർക്കു കഴിയും? (ക്ലെമന്റ് രണ്ടാം പുസ്തകം). ആദിമസഭാപിതാക്കളോ അവരുടെ എഴുത്തുകാരോ എഴുതിരിക്കുന്നവ വായിച്ചാൽ നമുക്കു വളരെ ഗുണം ചെയ്യും. ആദിമസഭയിലെ പരിശുദ്ധിയുടെ നിലവാരത്തെക്കുറിച്ചും, പിന്നീട് അതിൽ നിന്നും വ്യതിചലിച്ച് ഇന്നുകാണുന്ന നിലവാരത്തിലേക്കു എത്തിച്ചേർന്നുവെന്നും മനസ്സിലാക്കുന്നത് നമുക്കു വ്യക്തമായ കാഴ്ചപ്പാടുകൾ നൽകുന്നവയാണ്.

**അദ്ധ്യായം 13**

# ആത്മാവു നിർബന്ധിക്കുന്നു

## നമ്മുടെ ജീവിതകാലത്തുതന്നെ ലോകമെങ്ങും സുവിശേഷമറിയിക്കാനായി

നാലാമദ്ധ്യായത്തിൽ സംസാരിച്ചതുപോലെ ദൗത്യവും ലക്ഷ്യവും രണ്ടു കാര്യങ്ങളാണ്. ദൈവവുമായി ഒരു ശ്രേഷ്ടബന്ധത്തിൽ ജീവിക്കുന്നതും സ്വർഗ്ഗത്തിൽ എത്തിച്ചേരുന്നതുമാണ് നമ്മുടെ ലക്ഷ്യം, എന്നാൽ ലോകത്തെ മാറ്റുന്നതാണു നമ്മുടെ ദൗത്യം. (ഇവ തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാതിരുന്നാൽ ആത്മീയമായി ക്ഷീണിതരാകാൻ അധികം സമയം വേണ്ടി വരില്ല).

ദൗത്യത്തിനു രണ്ടു മുഖമുണ്ട്. വചനം പ്രസംഗിക്കുന്നതും ദരിദ്രരെ സഹായിക്കുന്നതും. ഒരു വ്യക്തിയുടെ വൈദ്യശാസ്ത്രപരമായതും സാമ്പത്തികമായതുമായ അവസ്ഥയെക്കാളുപരി പ്രാധാന്യമർഹിക്കുന്നത് അയാളുടെ ആത്മാവിന്റെ അവസ്ഥയാണെന്നുള്ളതിൽ നമുക്കു രണ്ടു പക്ഷമില്ല. എന്നിരുന്നാലും ദൈവത്തിന്റെ വിളിയിലെ രണ്ടു ഭാഗത്തെയും നാം ഗൗരവമായിത്തന്നെ കാണുന്നു. യഥാർത്ഥ ക്രിസ്ത്യാനികൾ ദരിദ്രരെ സ്നേഹിക്കുന്നു. യഥാർത്ഥ ക്രിസ്ത്യാനികൾ നഷ്ടപ്പെട്ടവരെ സ്നേഹിക്കുന്നു, തങ്ങൾക്കുള്ളതെല്ലാം അവരുമായി പങ്കുവയ്ക്കകയും ചെയ്യുന്നു. ഇതിൽ ഏതെങ്കിലുമൊന്നിനെ അവഗണിക്കുന്നതു നീതിപൂർവ്വകമായ ഒരു കാര്യമല്ല.

സുവിശേഷം പങ്കുവയ്ക്കുവാനുള്ള നമ്മുടെ ഉത്തരവാദിത്വത്തെക്കുറിച്ച് ഈ അദ്ധ്യായത്തിലും പാവപ്പെട്ടവരോടുള്ള നമ്മുടെ ഉത്തരവാദിത്വത്തെക്കുറിച്ചു അടുത്ത അദ്ധ്യായത്തിലും നമുക്കു പരിശോധിക്കാം. സുവിശേഷം പ്രസംഗിക്കുവാനും ദരിദ്രരെ ശുശ്രൂഷിക്കുവാനുമായി യേശു തന്റെ ശിഷ്യന്മാരെ നിയോഗിച്ചയച്ചതുപോലെ, ഈ രണ്ടു ദൗത്യത്തിനുമായി ആത്മാവു നമ്മെ ഇന്നു നിയോഗിക്കുന്നു (മർ 3:14).

### സഭയുടെ ജീവരക്തം

ലോകസുവിശേഷവല്ക്കരണമെന്നത് ശിഷ്യന്മാരെന്ന നിലയിൽ നമ്മുടെ ഏറ്റവും തീവ്രമായ അഭിലാഷമാകണം. ആദ്യ നൂറ്റാണ്ടിലെത്തന്നെ ദൈവത്തിന്റെ ആഗ്രഹവും, സഭയ്ക്കു ലഭിച്ച മലമുകൾ ആജ്ഞയും, പുതിയനിയമസഭയുടെ ജീവരക്തവും ഇതുതന്നെയാണ്. ഇന്നും അതിനു വ്യത്യാസമില്ല. ഇതുനമുക്കു ചെയ്യാൻ കഴിയുമെന്നതു നാം താഴ്മയോടെ തിരിച്ചറിയുന്നുവെങ്കിലും, മനുഷ്യവംശത്തിലെ അവസാനത്തെ തലമുറയാകില്ല നമ്മുടേത് എന്നതും നാം അംഗീകരിക്കുന്നു (1 തെസ്സലോനിക്യർ 5:1). ക്രിസ്തുവിനെ സകലജാതികളിലും എത്തിക്കുകയെന്നത് തീർച്ചയായും നമ്മുടെ പൊതുലക്ഷ്യമാണ് - നമ്മുടെ ഈ തലമുറയിൽത്തന്നെ ഭൂമിമുഴുവൻ സുവിശേഷം നിറയ്ക്കുന്നതിനായി നമുക്കുള്ളതെല്ലാം ഉപയോഗിക്കുകയെന്നത്.

പരിശുദ്ധാത്മമാവിനാൽ പ്രചോദിതരായി സുവിശേഷം പ്രസംഗിച്ച ആദ്യനൂറ്റാണ്ടിലെ നമ്മുടെ സഹോദരീ സഹോദരന്മാർ ഉണ്ടാക്കിയ പുകിലുകൾ ചെറുതൊന്നുമല്ല. അപ്സൈഡ് ഡൗൺ എന്നു പേരിട്ടു നമ്മുടെ സഭയിൽ അവതരിപ്പിച്ച സംഗീതവിരുന്നിന്റെ ദൗത്യഗാനം അപ്പസ്തോലപ്രവർത്തി പുസ്തകത്തിന്റെ അന്തസത്ത വരച്ചുകാട്ടുന്നു:

> തലകുത്തനെ, ലോകത്തിന് ഒരു കുലുക്കമാവശ്യമുണ്ട്,
> കാരാഗൃഹങ്ങളും ചങ്ങലകളും പൊട്ടിത്തകരേണ്ടതുണ്ട്!
> രണ്ടായിരം വർഷം! എന്നിട്ടും നാമിപ്പോഴും മാലിന്യങ്ങൾക്കും നിലവിളികൾക്കും നടുവിലാണ്.
>
> കേവലശക്തിമാത്രമുള്ള നമുക്ക് ആ സ്വപ്നങ്ങൾ വീണ്ടും ഉണർത്താനാകും.
> ഈ ഗോളത്തെ നേടാനും ഈ ലോകത്തെതിരിക്കാനുമൊരു മാർഗ്ഗമുണ്ട് -
> വേറൊരു രീതിയിൽ പറഞ്ഞാൽ:
> നമുക്കിതുമുഴുവൻ തലകീഴാക്കി മറിക്കാം.

ലോകം തലകീഴായ്മറിക്കുന്നതിനായി നാം ഒരുമിച്ചു പ്രവർത്തിക്കണമെന്നത് ആത്മാവിന്റെ

കല്പനയാണ് (അപ്പ 17:6ൽ നിന്നാണ് ഈ പ്രയോഗമുണ്ടായത്). വേദപുസ്തകം മുഴുവൻ പ്രചോദിപ്പിച്ച പരിശുദ്ധാത്മാവ്, ഇക്കാര്യത്തെക്കുറിച്ചുസംസാരിക്കുന്നതു സുവ്യക്തമായ ഉറച്ചശബ്ദത്തിലാണ്. യുറോപ്പും ഏഷ്യയും, ആഫ്രിക്കയും ആസ്ത്രേലിയയും അമേരിക്കയും അടക്കമുള്ള മുഴുവൻ ലോകവും നാം സുവിശേഷവത്ക്കരിക്കണം, കാരണം ദൈവമക്കളെന്ന നിലയിൽ നാം ദൈവത്തിന്റെ ഹിതം നിറവേറ്റാൻ ബാധ്യസ്ഥരാണ്. ഇക്കാര്യത്തിൽ നമുക്കൊരു ഒഴിവുകഴിവുമില്ല. വിമർശകരെ പ്രീതിപ്പെടുത്താനുള്ള തത്രപ്പാടിൽ മഹത്തായ ഈ ദൗത്യം നമുക്കു കൈമോശപ്പെടുത്താതിരിക്കാം (നെഹെമിയ 6:1–14).

## സ്വയം പ്രസംഗിക്കുന്ന സുവിശേഷം

മറ്റുള്ളവരുമായി പങ്കുവയ്ക്കണമെന്ന തീക്ഷ്ണമായ ആഗ്രഹമുള്ള ഒരു സദ്വാർത്ത നമ്മുടെ കൈവശമുള്ളപ്പോൾ അതു പങ്കുവയ്ക്കുന്നത് ഒരു ബുദ്ധിമുട്ടായി തോന്നുകയില്ല. ഈ അദ്ധ്യായം ഞാനെഴുതിയത് എന്റെ മകൻ ജെയിംസിന്റെ ഒമ്പതാം ജന്മദിനത്തിലാണ്. ഒരു നായ്ക്കുട്ടിയെ സ്വന്തമാക്കണമെന്ന ആഗ്രഹം ഞാനും വിക്കിയും പലപ്രാവശ്യം ചർച്ചചെയ്തു മാറ്റിവച്ചതാണ് – കുട്ടികൾ തീരെ ചെറുതാണ് എന്നതും മാറ്റിവയ്ക്കാനൊരു കാരണമായിരുന്നു കഴിഞ്ഞകാലങ്ങളിൽ. അതിനാൽ ഞങ്ങൾ നായ്ക്കുട്ടികളെ വിൽക്കുന്ന സ്ഥലത്തുചെന്നു, അവിടെയുള്ള ഓമനനായ്ക്കുട്ടികളെയെല്ലാം കണ്ടു, അവസാനം ഒരു കോക്കർ സ്പാനിയേലിനെ മകനു ജന്മദിന സമ്മാനമായി തിരഞ്ഞെടുത്തു. കുട്ടികൾ സ്കൂളിൽ നിന്നും വരുന്നതുവരെ വീടിനു താഴെയുള്ള അറയിൽ നായ്ക്കുട്ടിയെ സൂക്ഷിച്ചു. കുട്ടികളുടെ കണ്ണുകെട്ടിയിട്ട്, വാലുമാട്ടിനിൽക്കുന്ന ഒരു സമ്മാനം കിട്ടുമ്പോഴുള്ള ജെയിംസിന്റെ മുഖഭാവമൊക്കെ ഒപ്പിയെടുക്കാനായി ക്യാമറയൊക്കെ ഒരുക്കിവച്ചു. ഞാൻ നിലയറയിലേക്കോടി നായ്ക്കുട്ടിയെക്കൊണ്ടുവന്നു കുട്ടികൾക്കുമുന്നിൽ അവതരിപ്പിച്ചു. സന്തോഷത്താൽ ശബ്ദമുഖരിതമായ ആ സമയം ജെയിംസ് നായക്കുട്ടിക്കു കൊളംബസ് എന്ന പേരുമിട്ടു.

കുട്ടികൾക്കായി ഞങ്ങൾ ഒരുക്കിവച്ച ശുഭവാർത്ത തീർച്ചയായും എരിതീപോലെയുള്ളതായിരുന്നു (യിരമ്യ 20:9). അതു പങ്കുവയ്ക്കാൻ താമസമെടുത്താൽ തീർച്ചയായും തകർത്തുവെളിയിൽ വരുമായിരുന്നു. ഇത്തരത്തിലുള്ള വാർത്തകൾ സ്വയം പ്രസംഗിക്കുന്നവയാണ്. ക്രിസ്തുവിനെ അറിയിക്കുവാനായി അവന്റെ ആത്മാവു നമ്മെ ത്വരിതപ്പെടുത്തിക്കൊണ്ടേയിരിക്കുന്നു (യോഹന്നാൻ 15:26 കാണുക).

## നാമിതാ പോകുന്നു

ആത്മീയതയില്ലായ്മയെ ചെറുക്കുവാനും ആത്മാവിനെ അനുസരിക്കുവാനുമുള്ള നമ്മുടെ തീരുമാനം എത്ര ദൃഢമായതാണ്. വർഷങ്ങൾമുമ്പു ഞാനും എന്റെ സഹോദരനും കൂടി കാറുമെടുത്തു പല ക്രിസ്തീയ യോഗങ്ങളിൽ പങ്കെടുത്തു കറങ്ങിസഞ്ചരിച്ച ഒരു സമയമുണ്ടായിരുന്നു. ആദ്യത്തെയോഗം സുവിശേഷം പങ്കുവയ്ക്കുന്നതിനെക്കുറിച്ചായിരുന്നു. ഇവാഞ്ചലിസം ഒരു ദാനമാണെന്നു പ്രഭാഷകൻ, വിദഗ്ദ്ധരുടെ അഭിപ്രായമെല്ലാം കൂട്ടിനെടുത്തുകൊണ്ടു കണക്കുകൂട്ടി പറഞ്ഞു, പത്തുശതമാനം ക്രിസ്ത്യാനികൾക്കുമാത്രമേ ഈ ദാനം സ്വന്തമായുള്ളൂ എന്നും സ്ഥാപിച്ചു. ബാക്കി തൊണ്ണൂറുശതമാനം പേർക്കും അതൊരു ദാനമല്ല.

വരങ്ങളും കൽപനകളും തമ്മിൽ വലിയൊരു വ്യത്യാസമുണ്ട്. ഉദാഹരണമായി: പരസ്പരം പ്രോത്സാഹിപ്പിക്കാനുള്ള ഒരു കല്പന നമുക്കെല്ലാവർക്കും ബാധകമായതാണ് (എബ്രായർ 3:13), എന്നാൽ ചില ശിഷ്യന്മാർക്ക് പ്രോത്സാഹിപ്പിക്കാനുള്ള വരം ലഭിച്ചിട്ടുണ്ട് (റോമർ 12:8) – അത്തരക്കാരെ സംബന്ധിച്ച്, മറ്റുള്ളവർക്കു താരതമ്യേന ബുദ്ധിമുട്ടായി തോന്നുന്ന കാര്യം കൂടുതൽ എളുപ്പമുള്ളതായി തോന്നും. ചിലയാളുകളെ സംബന്ധിച്ചു ചിലകല്പനകൾ അനുസരിക്കാൻ എളുപ്പമായെന്നുവന്നേക്കാം എന്നാലും ഇത് എനിക്കുള്ള വരമല്ല എന്ന ഒരു പ്രസ്താവനയുടെ കീഴിൽ ഒരു കല്പനയെയും അപ്രധാനമാക്കി ഒതുക്കാൻ പാടില്ല. വിശ്വാസം പങ്കുവയ്ക്കുകയെന്നത് നമ്മുടെ ഇഷ്ടത്തിനു തിരഞ്ഞെടുക്കാൻ കഴിയുന്ന ഒന്നല്ല.(1)

പ്രഭാഷകൻ കത്തിക്കയറുന്നതിനിടയ്ക്ക് യേശു സൗഖ്യമാക്കിയ പത്തു കുഷ്ഠരോഗികളെക്കുറിച്ചു ഞാൻ ഓർത്തു. അതിൽ ഒരാൾമാത്രമാണു നന്ദിയറിയിക്കാനായി തിരിച്ചെത്തിയത്. (പത്തുശതമാനക്കണക്ക് ഈ സംഭവമനുസരിച്ചു ശരിയാണെങ്കിലും, പ്രഭാഷകന്റെ സിദ്ധാന്തത്തെ ഈ വചനം ശരിവയ്ക്കുന്നില്ല, എതിർക്കുകയാണു ചെയ്യുന്നത്). പ്രഭാഷണം കഴിഞ്ഞപ്പോൾ ഞാൻ എന്റെ സഹോദരൻ സ്റ്റീവിനോടു പറഞ്ഞു എനിക്കു പോകണമെന്ന്. കാരണം വലിയ ദൗത്യത്തെ ഇപ്രകാരമൊരു ഒഴുക്കൻ സിദ്ധാന്തം പറഞ്ഞു തരം താഴ്ത്തിയിട്ട്, അതിനുപകരമായി മന്ദോഷ്ണമായ ഒരു സമർപ്പണത്തെ ന്യായീകരിക്കുന്നതിനെ പിന്തുണയ്ക്കാൻ എനിക്കാവില്ല.

നിങ്ങൾ എങ്ങനെയാണ്? മറ്റുള്ളവരിൽ നാം ഉണ്ടാക്കുന്ന സ്വാധീനത്തെ താഴ്ത്തിക്കാണുന്ന

വരുമായി ചങ്ങാത്തം കൂടുന്നവരാണോ നിങ്ങൾ? എനിക്കും കുഴപ്പമൊന്നുമില്ല, നിങ്ങൾക്കും എന്ന തരത്തിലുള്ള സിദ്ധാന്തങ്ങൾ മുറുകെപിടിച്ചിരിക്കുന്ന ഗ്രൂപ്പുമായോ സഭയുമായോ നിങ്ങൾക്ക് ആഭിമുഖ്യമുണ്ടോ? വേറൊരു രീതിയിൽ ചോദിക്കുകയാണെങ്കിൽ നിങ്ങൾ വിശ്വാസം പങ്കുവയ്ക്കുന്നതിനിടയിലുള്ള സമയം എത്രമാത്രമുണ്ട് - മണിക്കൂറുകൾ? ദിവസങ്ങൾ? പതിവായി സഭയിലേക്കു സുഹൃത്തുക്കളെ കൊണ്ടുവരുന്നുണ്ടോ? പരിശുദ്ധാത്മാവ് ശക്തിയുടെയും സ്നേഹത്തിന്റെയും ആത്മനിയന്ത്രണത്തിന്റെയും ആത്മാവാണെന്ന കാര്യം ഓർക്കുക. വലിയ ദൗത്യത്തെ ലഘൂകരിച്ചു കാണിക്കുന്ന രീതിയിലുള്ള ഒരു പ്രഭാഷണം നിങ്ങളുടെ ചിന്തകളിൽ രൂപപ്പെടുമ്പോൾ നിങ്ങൾ പറയണം - ഞാൻ ഇതാ പോകുന്നു.

## ആത്മാവിന്റെ പ്രവർത്തികൾ

ആദ്യനൂറ്റാണ്ടിലെ ശിഷ്യന്മാർക്കു സുവിശേഷത്തെ മൂടിവയ്ക്കാനുള്ള താത്പര്യമല്ല ഉണ്ടായിരുന്നത്, പകരം അതു കൂടുതൽ വെളിപ്പെടുത്താനായിരുന്നു - പ്രത്യേകിച്ചു പെന്തക്കോസ്തു നാളിനുശേഷം. സ്തെഫാനോസിന്റെ വധത്തിനുശേഷമുണ്ടായ വലിയ പീഡനത്തിൽപ്പെട്ടു ചിതറിപ്പോയവരെല്ലാം താന്താങ്ങളുടെ വഴിയിൽ വചനം പ്രസംഗിച്ചു - നായകന്മാരും അപ്പസ്തോലന്മാരും മാത്രമല്ല അതു ചെയ്തത് (അപ്പ 8:1,4). സഭയുടെ രൂപീകരണവും ആദ്യത്തെ മൂന്നു ദശാബ്ദക്കാലത്തെ സഭയുടെ വളർച്ചയുടെയും രേഖാചിത്രമാണ് അപ്പസ്തോലരുടെ പ്രവർത്തികൾ എന്ന പുസ്തകം. സഭയുടെ ശക്തമായ വളർച്ചയിൽ നിന്നും വളരെയധികം കാര്യങ്ങൾ നമുക്കിവിടെ പഠിക്കാനുണ്ട്.

- ശിഷ്യന്മാരെല്ലാം ധൈര്യത്തോടെ വിശ്വാസം പങ്കുവച്ചത്.
- സഭയ്ക്കുണ്ടായ ആഗോള പീഡനം.
- സഭയുടെ ശക്തമായ വളർച്ച.

അതേ പരിശുദ്ധാത്മാവു നമ്മെ ഇന്നും ശക്തിപ്പെടുത്തുന്നതിനാൽ, അക്കാലത്തെ ശിഷ്യന്മാരെ ഉപയോഗിച്ചതുപോലെ ഇന്നു നമ്മെയും പരിശുദ്ധാത്മാവിന് ഉപയോഗിക്കാൻ കഴിയില്ലേ? പരിശുദ്ധാത്മാവു നിറഞ്ഞ അക്കാലത്തെ ശിഷ്യന്മാരെ നഷ്ടപ്പെട്ടുപോയ ജനതയിലേക്കു സുവിശേഷമെത്തിക്കാനായി ദൈവമുപയോഗിച്ചതിനെക്കുറിച്ചു നാം ഹൃദയപൂർവ്വം പഠിക്കേണ്ടതല്ലേ?

പത്രോസിന്റെയും പൗലോസിന്റെയും പ്രവർത്തികളെക്കുറിച്ചു മാത്രമാണ് ഈ പുസ്തകം സംസാരിക്കുന്നത് എന്നതിനാൽ അപ്പസ്തോലപ്രവർത്തികൾ എന്ന പേര് ശരിക്കും യോജിക്കുന്നതല്ല. പരിശുദ്ധാത്മാവിന്റെ പ്രവർത്തികൾ എന്ന് ലൂക്കോസിന്റെ രണ്ടാമത്തെകൃതിക്കു പേരിടണമെന്നാണ് പല പണ്ഢിതരും അഭിപ്രായപ്പെടുന്നത്. കാരണം ക്രിസ്തീയ പ്രസ്ഥാനത്തിന്റെ പ്രധാനശക്തിദായകനും തലവനുമായി പ്രവർത്തിച്ചത് പരിശുദ്ധാത്മാവുതന്നെയാണ്.[2] അപ്പസ്തോലപ്രവർത്തിപുസ്തകത്തിന്റെ ഒഴുക്കുമനസ്സിലാക്കാൻ ഈ താക്കോൽ നാം ഉപയോഗിക്കേണ്ടതുണ്ട്. വിശ്വാസം പങ്കുവയ്ക്കുന്നതിനായി നമുക്കു ശരിയായമാർഗ്ഗനിർദ്ദേശം തരുന്ന നിയമജ്ഞൻ തീർച്ചയായും പരിശുദ്ധാത്മാവുതന്നെയാണ്. ആത്മാവുനമ്മെ നയിക്കുന്ന ചില വഴികൾ നോക്കാം:

### *ധൈര്യം പകരുന്നു*

ഭീരുത്വമെന്നതു പരിശുദ്ധാത്മാവിന്റെ രീതിയേയല്ല.[3] വിശ്വാസം പങ്കുവയ്ക്കുന്നതിനു തടസ്സമായി നമ്മിലുള്ള കുറവുകളെ തീർത്തു ശക്തിപ്പെടുത്താനായി പരിശുദ്ധാത്മാവും കൂടെയുണ്ട്. സാഹചര്യങ്ങൾ നിങ്ങളെ തളർത്തുന്നുണ്ടോ? ആദ്യകാലങ്ങളിൽ നിങ്ങൾക്കുണ്ടായിരുന്ന ധൈര്യം ഇപ്പോൾ കൈമോശം വന്നിരിക്കുകയാണോ? പീഡനപർവ്വങ്ങൾ ആദ്യകാലത്തെ ശിഷ്യന്മാരെ ക്ലേശത്തിലാക്കിയപ്പോൾ അവർ പ്രാർത്ഥിച്ച രീതിയിൽ നമുക്കും പ്രാർത്ഥിച്ചു ശക്തി നേടാം: ഇപ്പോഴോ കർത്താവേ, അവരുടെ ഭീഷണികൾ നോക്കേണമേ; നിന്റെ വചനം പൂർണ്ണ ധൈര്യത്തോടെ പ്രസ്താവിക്കുവാൻ നിന്റെ ദാസന്മാർക്കു കൃപ നല്കേണമേ (അപ്പ 4:29). അവരുടെ പ്രാർത്ഥനയ്ക്കു മറുപടി കിട്ടിയോ? ഇത്തരത്തിലുള്ള ഏതെങ്കിലും ഒരു പ്രാർത്ഥനയ്ക്ക് ദൈവം ഉത്തരം നൽകാതെ വരുമോ?

> ഇങ്ങനെ പ്രാർത്ഥിച്ചപ്പോൾ അവർ കൂടിയിരുന്ന സ്ഥലം കുലുങ്ങി; എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ദൈവവചനം ധൈര്യത്തോടെ പ്രസ്താവിച്ചു (അപ്പ 4:31).

അത്ഭുതം തന്നെയല്ലേ സംഭവിച്ചത്? അവർ കൂടുതൽ ധൈര്യത്തിനായി ആഗ്രഹിച്ചു, അതിനുവേണ്ടി അവർ പ്രാർത്ഥിച്ചു, മുമ്പെങ്ങും ഉണ്ടായതിനേക്കാൾ സുധീരരായി അവർ ആ പ്രാർത്ഥനായോഗത്തിൽ നിന്നും തിരിച്ചുപോയി. ആകസ്മികമായി ഒന്നിച്ചു സംഭവിച്ച ഒരു കാര്യമാണോ ഇത്? തീർച്ചയായുമല്ല. ധൈര്യത്തിന്റെ കാര്യത്തിൽ വളരാനാഗ്രഹിക്കുന്ന ഓരോരുത്തരെയും തന്റെ ആത്മാവിനാൽ ശക്തിപ്പെടുത്താനായി ദൈവം താത്പര്യത്തോടെ നോക്കിയിരിക്കുന്നു.

## *നഷ്ടപ്പെട്ടവരിലേക്കു ആത്മാവിനാൽ എത്തിപ്പെടുക*

വിശ്വാസം പങ്കുവയ്ക്കുന്ന കാര്യത്തിൽ ആത്മാവെത്രമാത്രം ഉൾപ്പെട്ടിരിക്കുന്നു എന്നതിന് അപ്പസ്തോലപ്രവർത്തി പുസ്തകം സാക്ഷിയാണ്.[4] മറ്റുള്ളവരിലേക്ക് എത്തിപ്പെടുവാനായി പരിശുദ്ധാത്മാവു ഇടയാക്കിയതിനുള്ള ഉദാഹരണങ്ങൾ നമുക്കു നോക്കാം:

- ദൈവരാജ്യത്തിന്റെ ആസന്നമായ വരവിനെക്കുറിച്ചും അപ്പസ്തോലരുടെ ദൗത്യത്തെക്കുറിച്ചുമെല്ലാം യേശു ആത്മാവിനാൽ സംസാരിക്കുന്നു (അപ്പ 1:2).

- പ്രായോഗികമായ രീതിയിൽ സുവിശേഷവൽക്കരണദൗത്യം നിറവേറ്റാനായി ആത്മാവു ശിഷ്യന്മാരെ നയിക്കുന്നു - ആദ്യം പട്ടണത്തിലും, പിന്നീട് ചുറ്റുപാടുമുള്ള ദേശങ്ങളിലും ഗ്രാമങ്ങളിലും, അതിനുശേഷം ദൂരെദിക്കുകളിലും (അപ്പ 1:8).

- യേശുവിന്റെ സദ്വാർത്ത കേൾക്കാൻ തക്കവണ്ണം ഒരു അന്താരാഷ്ട്ര ജനക്കൂട്ടത്തെത്തന്നെ ആദ്യ പ്രസംഗത്തിൽ ആത്മാവു കൂട്ടിച്ചേർത്തു (അപ്പ 2:5).

- സുവിശേഷം പങ്കുവയ്ക്കുവാനുള്ള ധൈര്യം നൽകി ആത്മാവു ആദ്യകാലത്തെ ശിഷ്യന്മാരുടെ പ്രാർത്ഥനകേട്ടു (അപ്പ 4:31).

- കടുത്ത എതിർപ്പിനിടയിലും വിശ്വസ്തരായ ശിഷ്യന്മാരെ ധീരതയോടെ സംസാരിക്കാനായി ഒരുക്കി (അപ്പ 5:2732).

- വംശ വർഗ്ഗ വ്യത്യാസമൊന്നും ദൈവരാജ്യ പ്രവേശനത്തിന് ഒരു തടസ്സമല്ലായെന്നകാര്യം ആത്മാവു സ്പഷ്ടമാക്കി (അപ്പ 8:14-17).

- എവിടെ പ്രസംഗിക്കണമെന്നും എവിടേക്കുപോകണമെന്നുമുള്ള നിർദ്ദേശങ്ങൾ ആദ്യകാല ദൗത്യവാഹകർക്ക് ആത്മാവു നൽകി (അപ്പ 8:29,39).

- ആത്മീയതയിലും എണ്ണത്തിലും വളരാനായി ആത്മാവു സഭയെ പ്രോത്സാഹിപ്പിച്ചു (അപ്പ 9:31).

- സുവിശേഷത്തിലെ ആന്തരിക സത്തയ്ക്കാണ്, ബാഹ്യമായ കാര്യങ്ങളെക്കാൾ പ്രാധാന്യം കൊടുക്കേണ്ടത് എന്ന സത്യം ആത്മാവു നാടകീയമായിത്തന്നെ വ്യക്തമാക്കികൊടുത്തു - പ്രത്യേകിച്ച് വിജാതീയർ സഭയിലേക്ക് ആനയിക്കപ്പെട്ടപ്പോൾ (അപ്പ 10:44-48, 11:12-18).

- ഒരു വ്യക്തിയിൽ വിശ്വാസവും ആത്മാവും നിറഞ്ഞപ്പോൾ അനേകർ രക്ഷയിലേക്കുവരാൻ ഇടയാക്കി (അപ്പ 11:24).

- ദൗത്യയാത്രകൾ നിനച്ചതും (അപ്പ 13:2), നടത്തിയതും (അപ്പ 13:4) പരിശുദ്ധാത്മാവുതന്നെ.

- ചിലസമയത്ത് ദൗത്യപദ്ധതികളെ പരിശുദ്ധാത്മാവു തടസ്സപ്പെടുത്തി (അപ്പ 16:6-7).

- ക്രിസ്തുവിലേക്കു നയിക്കപ്പെട്ടവരെ പരിപാലിക്കാൻ നായകരെയും, പ്രത്യേകിച്ച് മൂപ്പൻമാരെയും ആത്മാവു അവരോധിച്ചു (അപ്പ 20:28).

അതേ ആത്മാവുതന്നെ നമ്മുടെ ഈ തലമുറയിലും നായകരെ ഉയർത്തിക്കൊണ്ടുവരുവാനും ജനതകളെ വേർതിരിച്ചിരുന്ന വർണ്ണവിവേചനത്തിന്റെയും സ്വേച്ഛാധിപത്യ ഭരണകൂടങ്ങളുടെയും മറ്റും മതിലുകൾ തകർത്തു സുവിശേഷത്തിനു വാതിൽ തുറന്നു കൊടുക്കുവാനായി പ്രവർത്തിക്കുന്നു എന്നകാര്യം നമുക്ക് ആത്മവിശ്വാസമുളവാക്കുന്നാണ്. വലിയദൗത്യത്തിൽ യേശു പറഞ്ഞുനിർത്തിയത് ഇപ്രകാരമാണ്: ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട്, ആമേൻ. പരിശുദ്ധാത്മാവിലൂടെ നടത്തുന്ന തുടർ പ്രവർത്തനങ്ങളിലൂടെയല്ലേ യേശു തന്റെ വാഗ്ദാനം നിറവേറ്റുന്നത്?

## *ആത്മാവു ഹൃദയങ്ങളെ മാറ്റുന്നു*

സുവിശേഷം പങ്കുവയ്ക്കുന്ന കാര്യത്തിൽ ആത്മാവും നമ്മോടു കൂടെ പ്രവർത്തിക്കുന്നു. നമുക്കു നമ്മുടെ ബുദ്ധിയിൽ ആശ്രയിക്കേണ്ടതില്ല, പകരം പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ആശ്രയിക്കാം (1 കൊരിന്ത്യർ 2:1-5). ക്രിസ്തുവിനെ അറിയാത്തവരുടെ ഹൃദയത്തിൽ ബോധ്യം വരുത്തുന്നത് പരി

ശുദ്ധാത്മാവാണ്[5] (യോഹന്നാൻ 16:8). ലോകം മുഴുവൻ ക്രിസ്തുവിനായി നേടുന്നതിനായുള്ള ആത്മാവിന്റെ പദ്ധതി ഇതാണ്:

- യേശുവിന്റെ ശിഷ്യന്മാരുടെ ഹൃദയത്തെ ആത്മാവു മാറ്റുന്നു.
- പോകുന്നിടത്തെല്ലാം ശിഷ്യന്മാർ വചനം പ്രസംഗിക്കുന്നു.
- ആത്മാവു വചനത്തിലൂടെ പ്രവർത്തിച്ചു നഷ്ടപ്പെട്ടവരുടെ ഹൃദയത്തിൽ മാറ്റമുണ്ടാക്കുന്നു.

## അവസാനമായി..

യേശു നല്കിയ വലിയകല്പന (മത്തായി 28:18-20) ആദിമകാലത്തെ ശിഷ്യന്മാർ നെഞ്ചോടു ചേർത്തു പിടിച്ചുകൊണ്ട്, സുവിശേഷവൽക്കരണത്തിനായുള്ള യേശുവിന്റെ പദ്ധതി സകല ധൈര്യത്തോടും കൂടി നടപ്പിൽ വരുത്തി. മെഡിറ്ററേനിയൻ സമുദ്രത്തിനുചുറ്റുമുള്ള ഒട്ടുമിക്കവാറും രാജ്യങ്ങളും അപ്പസ്തോലന്മാരുടെ കാലത്തുതന്നെ സുവിശേഷവൽക്കരിക്കപ്പെട്ടു, കൂടാതെ യൂറോപ്പിന്റെയും ഏഷ്യയുടെയും ആഫ്രിക്കയുടെയും ഉൾപ്രദേശങ്ങളിലേക്കു സുവിശേഷമെത്തിക്കാനുള്ള അനേകം വഴികൾ മെനയുകയും ചെയ്തു. എ ഡി 313ൽ ക്രിസ്തീയതയ്ക്കു നിയമസാധുത നൽകുന്നതിനു മുമ്പുണ്ടായ നൂറ്റാണ്ടുകളിൽ ലോകം മുഴുവനും തന്നെ - ഒരു രീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിൽ - സുവിശേഷം എത്തിച്ചേർന്നു. (പ്രൊട്ടസ്റ്റന്റ് നവീകരണ കാലഘട്ടത്തിനു മുമ്പുതന്നെ.)

ആദിമകാലത്തെ കൊച്ചുസഭ വളർന്നുവികസിച്ചുവെങ്കിലും പിന്നീട് അതു പിന്നോക്കം പോയി. എന്നാൽ നമ്മുടെ ഈ കാലഘട്ടത്തിൽ ആ ദീപശിഖ വീണ്ടുമെരിയിച്ച് അതിന്റെ വിജയപ്രയാണം തുടരുവാനായി പരിശുദ്ധാത്മാവു വഴിയൊരുക്കുന്നു. ആദിമകാലത്തെ സഭാചരിത്രകാരന്മാരെക്കുറിച്ചു (ക്ലെമന്റ്, ഇഗ്നാത്തിയോസ്, ടെർടൂലിയൻ, ഓറിഗൻ മുതലായവർ) ഗവേഷണം നടത്തുന്നയാളായ ഡേവിഡ് ബെർക്കോട്ട് ഇപ്രകാരം രേഖപ്പെടുത്തുന്നു:

> പുരാതനകാലത്തെ ആളുകളുടെ മനോഭാവത്തെയും ജീവിതരീതിയെയും മൂല്യബോധങ്ങളെയും വെല്ലുവിളിച്ച ഒരു വിപ്ലവമായിരുന്നു ക്രിസ്തീയത. കുറച്ചു ഉപദേശങ്ങളുടെ ഒരു സങ്കരമെന്നതിലുപരിയായി തുല്യംവയ്ക്കാനില്ലാത്ത ഒരു ജീവിത രീതിയായിരുന്നു അത്. റോമാസാമ്രാജ്യത്തിന്റെ സകലവിധമായ സൈന്യ-സാമ്പത്തീക-സാമൂഹിക ശക്തികൾക്കും അവരെ തടയാനായില്ല. എന്നാൽ മൂന്നൂറുവർഷങ്ങൾക്കുശേഷം ഈ വിപ്ലവം ഭാഗികമായി തണുത്തുറഞ്ഞു.
>
> ക്രിസ്തുവിന്റെ അനുയായികളിൽ പലരുടെയും അനുസരണയോടുകൂടിയ ദൈവാശ്രയം കൈമോശം വന്നതാണ് ഈ വീഴ്ചയുടെ പ്രധാന കാരണം. മാനുഷികമായ മാധ്യമങ്ങളാൽ, ലോകത്തിന്റെ രീതികളനുസരിച്ചു ക്രിസ്തീയതയെ നവീകരിക്കാമെന്നവർ സങ്കൽപിച്ചു. അവരുടെ ശ്രമങ്ങൾ ക്രിസ്തീയതയെ നവീകരിച്ചില്ല, പകരം നശിപ്പിക്കുകയത്രേ ചെയ്തത്. നവീകരണം ആവശ്യമായ രീതിയിലുള്ള ഒരു കുഴപ്പവും ആദിമ ക്രിസ്തീയ സഭയ്ക്കുണ്ടായിരുന്നില്ല. എന്നാൽ നാലാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ ക്രിസ്തീയതയെ നവീകരിക്കണമെന്നു വിശ്വസിച്ചു. ക്രിസ്തീയതയെന്നാൽ സഹനവും ഒറ്റപ്പെടലും അല്ലാതെ അനുഗ്രഹവും അഭിവൃദ്ധിയുമാണെന്നുവന്നാൽ ലോകം മുഴുവൻ സുവിശേഷവല്ക്കരിക്കാനാകും എന്നയുക്തിവാദത്തിലവർ ഉറച്ചു. എന്നാൽ അവസാനം സംഭവിച്ചതോ; സഭ ലോകത്തെ മാറ്റിമറിക്കുകയ്ല്ല, പകരം ലോകം സഭയിലെ ഭൂരിഭാഗത്തെയും മാറ്റിമറിക്കുകയാണുണ്ടായത്.
>
> ലോകവുമായുള്ള ആ വിവാഹബന്ധം സഭ തുടരുന്നു, ലോകത്തെപ്രീതിപ്പെടുത്തുന്ന മാർഗ്ഗങ്ങളിലൂടെ ക്രിസ്തീയതയെ ജനസമ്മതിയുള്ളതാക്കി തീർക്കാമെന്നു ക്രിസ്ത്യാനികളും വ്യാമോഹിക്കുന്നു. ആദിമകാലത്തെ ലളിതമായ വിശുദ്ധിയിലേക്കും, കലർപ്പില്ലാത്ത സ്നേഹത്തിലേക്കും അനുദിന കുരിശേന്തലിലേക്കും തിരിഞ്ഞു പോകാതെ സഭ നവീകരിക്കപ്പെടാൻ പോകുന്നില്ല. ലോകവുമായുള്ള വിവാഹബന്ധം വേർപെടുത്താതെ സഭയ്ക്കു രക്ഷയില്ല, ആ വേർപെടുത്തലിന് ദൈവത്തിന്റെ സർവാത്മ ആശീർവാദങ്ങളും ഉണ്ടായിരിക്കും.
>
> ആദിമ സഭയുടെ കുരിശും വിപ്ലവ പതാകയുമെല്ലാം ആദ്യരക്തസാക്ഷികൾ ഇട്ടേച്ചുപോയ സ്ഥലങ്ങളിൽത്തന്നെ ഇപ്പോഴും കിടക്കുന്നു. സഭ തിരിച്ചുപോയി അവയെ എടുത്തു സ്വന്തമാക്കാനുള്ള കാലം ഇനിയും വൈകിയിട്ടില്ല.

ലോകത്തെ തലകീഴായ് മറിക്കുവാനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. നമുക്കു വചനം പ്രസംഗിക്കാം, ഭൂമിമുഴുവൻ യേശുവിന്റെ സന്ദേശം നിറയാനും നമ്മുടെ ജീവിത കാലത്തുതന്നെ അതുനിറവേറാനും നാം അവന്റെ മികച്ച സ്ഥാനപതികളാകാനുമായി നമുക്കു പ്രാർത്ഥിക്കുകയും ചെയ്യാം. അത്മാവു നിർബന്ധിക്കുന്നു.

## ശോധനചെയ്യുവാൻ:

1. എന്റെ ജീവിതകാലത്തുതന്നെ ലോകം മുഴുവൻ സുവിശേഷമെത്തിക്കാനുള്ള തീവ്രാഭിലാഷം എന്നിലുണ്ടോ?
2. ക്രിസ്തുവിനെ മറ്റുള്ളവരോടു പങ്കുവയ്ക്കാനുള്ള ആത്മ പ്രേരണ എന്നിൽ നിറയുന്നുണ്ടോ?
3. വിശ്വാസം പങ്കുവയ്ക്കുന്ന കാര്യത്തിൽ ഞാൻ ഒഴികഴിവു പറയാറുണ്ടോ – അതൊരു കൽപ്പനയാണെന്നുള്ളതു ചിന്തിക്കാതെ വരമാണ് എന്നു ചിന്തിച്ചുകൊണ്ട്?
4. മറ്റുള്ളവരോടു ക്രിസ്തുവിനെ സംബന്ധിച്ച സത്യം തുറന്നു സംസാരിക്കാതെ ഞാൻ ആത്മാവിനെ ചെറുക്കാറുണ്ടോ?
5. ഒരു മിഷൻ ടീമിൽ ചേർന്നു ക്രിസ്തുവിനെ അറിയാത്തസ്ഥലത്തു പോയി പ്രസംഗിക്കാൻ എനിക്കു ഒരുക്കമുണ്ടോ (റോമർ 15:20)?

## കുറിപ്പുകൾ:

1. മുന്നേ സൂചിപ്പിച്ചതുപോലെ, എഫേസ്യർ 4:11ൽ പറയുന്ന സുവിശേഷകൻ എന്നത് ഒരു നായക സ്ഥാനമാണ്, സുവിശേഷം പങ്കുവയ്ക്കുന്നതിനെക്കുറിച്ചല്ല ഇവിടെ സൂചിപ്പിക്കുന്നത്.
2. അപ്പസ്തോലപ്രവർത്തിപുസ്തകത്തിൽ മാത്രം ആത്മാവ് എന്ന വാക്ക് അറുപതിലേറെ തവണ ഉപയോഗിച്ചിരിക്കുന്നതായി കാണാം. നാലു സുവിശേഷങ്ങളിലും കൂടി ഉപയോഗിച്ചിരിക്കുന്നത് എൺപതു തവണയാണ്.
3. 2 തിമോത്തി 1:8, 12, 16, 2:15 എന്നീ വചനങ്ങൾ ലജ്ജിതരാകരുത് എന്നു നമ്മെ ഉദ്ബോധിപ്പിക്കുന്നു. ഒരു ശിഷ്യനായി ജീവിച്ച് സ്വർഗ്ഗത്തിൽ എത്തിച്ചേരുന്നതിന് അത്യന്താപേക്ഷിതമായ ഒരു സംഗതിയാണ് ഇത്. (മർക്കോസ് 8:38, ലൂക്കോസ് 9:26, റോമർ 1:16, ഫിലിപ്പിയർ 1:20, 1 പത്രോസ് 4:16 എന്നീ വചനങ്ങളും കൂടി നോക്കുക).
4. അപ്പ 17:26–27. ആളുകൾ എവിടെ വസിക്കണമെന്നു തീരുമാനിക്കുന്നതു ദൈവമാണ്. ദൈവം പ്രദാനംചെയ്യുന്നവ ശ്രേഷ്ഠതരമായവയാണ്, അവ തെളിവായതുമാണ്. എന്നാലും ദൈവമാണ് ഓരോരുത്തരുടെയും വാസസ്ഥലം നിർണ്ണയിക്കുന്നതെന്നു പറയുന്നതിൽ ചെറിയ ഒരു പിശകുണ്ട്. ദൈവം മുൻകൂട്ടി വിധിച്ചിരിക്കുന്നു എന്ന ഒരു തോന്നൽ.

   രക്ഷിക്കപ്പെട്ടവർ എവിടെ ഏതു കാലത്തു വസിക്കണമെന്നു തീരുമാനിച്ചിരിക്കുന്നത് ദൈവമാണെന്നു പറയുമ്പോൾ, സുവിശേഷത്തെ അറിയാൻ സാദ്ധ്യതയില്ലാത്ത ഇടങ്ങളിൽ വസിക്കുന്നവരെ ദൈവം അപ്രകാരം തള്ളിക്കളഞ്ഞതാണെന്നു വരുമോ? ഭൂമുഖത്തെല്ലായിടത്തും വസിക്കുവാനായി ദൈവം ഒരുവനിൽനിന്നും സകല ജനതകളെയും ഉളവാക്കി, അവരുടെ അധിവാസത്തിനു കാലങ്ങളും അതിർത്തികളും നിർണ്ണയിച്ചു നൽകി എന്നതാണ് ഇതിന്റെ സാരം. ആവർത്തനം 32:8ലേക്കു വിരൽ ചൂണ്ടുന്ന ഒരു പ്രസ്താവനയാണിത്. ഓരോ ആളുകളുടെയും ഭൂമിയിലുള്ള മേൽവിലാസത്തെക്കുറിച്ചല്ല പൗലോസ് ഇവിടെ പരാമർശിക്കുന്നത്, പകരം, ദൈവത്തിന്റെ കരുതലിനെക്കുറിച്ചാണ്.
5. ആത്മാവിന്റെ വാളാണ് വചനം (എഫേസ്യർ 6:17)

**അദ്ധ്യായം 14**

# പടിഞ്ഞാറിന്റെ ആത്മാവ്

## ഉപഭോക്തൃസംസ്കാരമെന്ന ശാപം

പടിഞ്ഞാറിന്റെ ആത്മാവെന്നു പേരിട്ട ഈ അദ്ധ്യായം, പടിഞ്ഞാറൻ രാജ്യങ്ങളിൽ പൊതുവേ കണ്ടുവരുന്ന കൗബോയ്സിനെക്കുറിച്ചോ, അപൂർവ്വ സസ്യങ്ങളെക്കുറിച്ചോ, കളകളെക്കുറിച്ചോ, അശ്വാഭ്യാസികളെക്കുറിച്ചോ ഉള്ള ഒന്നല്ല. സാമ്പത്തികമായി ഉന്നതനിലവാരം പുലർത്തുന്ന വടക്കു-പടിഞ്ഞാറൻ യൂറോപ്പും വടക്കൻ അമേരിക്കയിലുമുള്ള ഒരു സാമൂഹ്യ-രാഷ്ട്രീയ കാഴ്ചപ്പാടിനെ അടിസ്ഥാനമാക്കിയാണ് ഞാൻ ഈ തലക്കെട്ടുപയോഗിച്ചിരിക്കുന്നത്. സുഭിക്ഷമായ സുഖസൗകര്യങ്ങൾക്കു വേണ്ടി ജീവിക്കുകയും, ജീവിക്കാനായി ഇവകളെമാത്രം ആശ്രയിക്കുകയും ചെയ്തുകൊണ്ട് പുറത്തുകടക്കാൻ കഴിയാത്തവിധത്തിൽ ഇത്തരമൊരു വിഷമ വൃത്തത്തിൽ സ്വയം കുടുക്കിയിടുന്ന അവസ്ഥയെയാണ് പടിഞ്ഞാറിന്റെ ആത്മാവെന്ന പ്രയോഗം കൊണ്ടുദ്ദേശിക്കുന്നത് (1 പത്രോസ് 1:18). അർത്ഥശൂന്യതയുടെ ഒരു വലിയ ഗർത്തത്തിലേക്കാണ് ഇതു മനുഷ്യരെ തള്ളിവിടുന്നത് (സഭാപ്രഭാഷകൻ പറയുന്നതുപോലെ). ലോകത്തിലെ സകലരാഷ്ട്രങ്ങളും ഇത്തരമൊരു ആത്മാവിനടിമയാണ് - തങ്ങളുടെ പ്രജകളെ ഉള്ളവനെന്നും ഇല്ലാത്തവനെന്നും തരംതിരിച്ചുള്ള വലിയ കുഴികളിലേക്കു പതിപ്പിക്കുന്ന ഒരു വിഷമവൃത്തത്തിന്.

## നന്ദി, എനിക്കൊന്നും വേണ്ട

കുറേക്കാലങ്ങൾക്കുശേഷം സാധാരണമല്ലാത്ത ഒരു വാർത്ത ഞാൻ കേട്ടു. ന്യൂ ജേഴ്സിയിലെ സർക്കാർ ലോട്ടറി ഒരു എഴുപത്തിരണ്ടുകാരിക്ക് ലഭിച്ചെന്ന് - 50 കോടിരൂപയിലധികം തുക വരുന്ന ഒന്നാം സമ്മാനം. അവർക്കു ലഭിച്ച ഈ മഹാഭാഗ്യത്തെ ആ വനിത എങ്ങനെയാണ് ഉപയോഗിച്ചത്? പ്രതീക്ഷകൾക്കു വിപരീതമായി അവർ അതിൽ നിന്നും ഒരു ചില്ലിക്കാശുപോലും സ്വന്തമായി എടുത്തില്ല.

എനിക്കു സമ്മാനം കിട്ടിയാൽ ഞാനതുമുഴുവൻ മറ്റുള്ളവരുമായി പങ്കുവയ്ക്കുമെന്ന ഒരു ചിന്തയിലായിരുന്നു ജീവിതകാലം മുഴുവൻ അവർ ലോട്ടറിയെടുത്തിരുന്നത്. അതുതന്നെയാണ് അവർ ചെയ്തത് - അവരുടെ പള്ളിയിലേക്കും, കുറേ സന്നദ്ധസംഘടകളിലേക്കുമായി മുഴുവൻ തുകയും ദാനം ചെയ്തു.

മുഴുവനും മറ്റുള്ളവർക്കുവേണ്ടി നൽകുന്ന ഒരാളെ ആശ്ചര്യത്തോടുകൂടിയല്ലാതെ നമുക്കു നോക്കാൻ കഴിയുമോ? പണത്തിന്റെ മൂല്യത്തെക്കുറിച്ചു നീണ്ട ജീവിതകാലത്തിൽ അവർ പഠിച്ച പാഠങ്ങളിൽ നിന്നായാലുമല്ലെങ്കിലും - അവളുടെ തീരുമാനം ആദരണീയമായതുതന്നെയാണ്. നമുക്കെല്ലാവർക്കുമുള്ള ഒരു പാഠം അവരിൽ നിന്നും പഠിക്കേണ്ടതുണ്ട്, തീർച്ച.

## ധനികനുമാകേണ്ട ദാരിദ്ര്യവും വേണ്ട

ലോട്ടറി നേടാനും അതു മറ്റുള്ളവർക്കുനൽകാനുമല്ല ആത്മാവു നൽകുന്ന വെല്ലുവിളി. പകരം നമ്മെക്കാൾ ഭാഗ്യഹീനരായവരെ സ്നേഹിക്കാനും ലോകത്താൽ മലിനപ്പെടാതെ നമ്മെത്തന്നെ കാത്തുസൂക്ഷിച്ചുകൊണ്ട് ഒരു ലളിത ജീവിതം നയിക്കാനുമാണ് - യാക്കോബ് 1:27ൽ പറയുന്നതുപോലെ. ദ്രവ്യാഭിലാഷത്തിന്റെ ആത്മാവ് (മാമോൻ എന്നു വിളിക്കപ്പെടുന്നു) എല്ലായിടത്തുമുണ്ട്, അതുണ്ടാക്കുന്ന സുഖലോലുപതയുടെയും ദാരിദ്ര്യത്തിന്റെയും വഴുവഴുക്കലുള്ള പാറകൾക്കിടയിലൂടെ തട്ടിത്തടയാതെ മുന്നോട്ടുപോകാൻ ശിഷ്യന്മാർക്കു പോലും ബുദ്ധിമുട്ടാണ്.

> ദ്രവ്യോപയോഗം ഔചിത്യത്തോടെവേണമെന്ന് വചനങ്ങൾ ഉദ്ഘോഷിക്കുന്നു:
> രണ്ടുകാര്യം ഞാൻ നിന്നോട് അപേക്ഷിക്കുന്നു; യഹോവേ ഞാൻ മരിക്കുന്നതുവരെ നീ അവ എനിക്കു നിഷേധിക്കരുതേ! കാപട്യവും വ്യാജവും എന്നോട് അകറ്റണമേ; ദാരിദ്ര്യവും സമ്പത്തും എനിക്കു തരാതെ എനിക്ക് ആവശ്യമായ ഭക്ഷണം തന്ന് എന്നെ പുലർത്തേണമേ. ഞാൻ തൃപ്തനായിത്തീർന്നിട്ട്: യഹോവ ആര്? എന്നു നിന്നെ നിഷേധിക്കുവാനും ദരിദ്രനായിത്തീർന്നിട്ട് മോഷ്ടിച്ച് എന്റെ ദൈവത്തിന്റെ നാമം ദുഷിക്കുവാനും ഇടവരരുതേ. (സദൃശവാക്യങ്ങൾ 30:7-9).

നമ്മിൽത്തന്നെ കൂടുതൽ പേരും ദൈവമേ എന്നെ ദരിദ്രനാക്കരുതേ എന്നാണു പ്രാർത്ഥിക്കുന്നതെന്ന് എനിക്കു തോന്നുന്നു, ദൈവമേ എന്നെ സമ്പന്നനാക്കരുതേ എന്നല്ല. എന്നാൽ ഈ രണ്ടു സംഗതികളുടെയും വർദ്ധന നമുക്ക് അപകടകരമാണെന്ന് വചനം മുന്നറിയിപ്പു തരുന്നു.

## നമ്മിൽ ലൗകീകത അധികമായിരിക്കുന്നു

ധനത്തിനുവേണ്ടിയുള്ള അമിതാവേശം നമ്മിൽ നിലനിൽക്കുന്നുവെങ്കിൽ ലൗകീകത കൂടുതലായ അളവിൽ നമ്മിലുണ്ടെന്നാണു മനസ്സിലാക്കേണ്ടത്. വിഖ്യാതകവിയായ വേർഡ്സ്വർത്ത് ഈ ഉപഭോഗാസക്തിയെക്കുറിച്ചു ഇരുന്നൂറു വർഷങ്ങൾക്കു മുമ്പുതന്നെ ഇപ്രകാരം (1807) കുറിച്ചിരിക്കുന്നു:

ലോകം കൂടുതലായ അളവിൽ നമ്മിൽ നിറഞ്ഞിരിക്കുന്നു;
നേടുകയും ചിലവഴിക്കുകയും ചെയ്തു നാം നമ്മുടെ ബലമെല്ലാം കളഞ്ഞുകുളിക്കുന്നു
പ്രകൃതിയിൽ നമ്മുടേതാണെന്നു കാണാനായി ഒന്നുമില്ലാതായിരിക്കുന്നു.(1)

ഈ നേടലും ചിലവഴിക്കലും, ചിലവഴിക്കലും നേടലും തന്നെയാണ് ഉപഭോക്തൃസംസ്കാരത്തിന്റെ കാതൽ, മനുഷ്യസംസ്കാരത്തെ വിഷലിപ്തമാക്കുന്നതിന്റെയും.

## ഇന്ദ്രിയസുഖങ്ങളുടെ പിടിയിലായ ക്രിസ്ത്യാനികൾ

ഭൗതികമായതിനേക്കാൾ ആത്മീയമായതിനെ വിലമതിക്കുന്നുവെന്നു പറയുന്നവരാണു നാം. എന്നാൽ നമ്മുടെ ജീവിതചര്യ അക്കാര്യം ശരിവയ്ക്കുന്നുണ്ടോ? ദരിദ്രരെ സഹായിക്കാനുള്ള ഒരു അഭിലാഷം നമ്മിലില്ലെങ്കിൽ (ഗലാത്യർ 2:10), ഭൗതികവാദമെന്ന ഈ രോഗാണുപ്രസരം നമ്മെ ബാധിച്ചിട്ടില്ലയെന്നു നമുക്കു പറയാനാവില്ല. ഭൗതികസുഖങ്ങളുടെ പിറകേ പായുന്നതിനെതിരെ ധാരാളം മുന്നറിയിപ്പുകൾ വചനം നൽകുന്നു (1 യോഹന്നാൻ 2:15-17, വെളിപാട് 3:14-20, സഭാപ്രസംഗി 4:4). ദരിദ്രരാജ്യങ്ങളോ(2) ദരിദ്രകുടുംബങ്ങളോ ഇടയ്ക്കിടയ്ക്കു സന്ദർശിക്കുന്നതു നമ്മെ കുടുതൽ യാഥാർത്ഥ്യബോധമുള്ളവരാക്കും.

മാനസാന്തരപ്പെട്ടു സ്നാനമെടുത്തതിനാലോ, സഭായോഗങ്ങൾ മുടങ്ങാതിരിക്കുന്നതിനാലോ നാം ദ്രവ്യാഗ്രഹത്തിൽ നിന്നും വിടുതലായി എന്നു വെറുതേ സങ്കൽപ്പിക്കരുത്. പലശിഷ്യരുടെയും പണംചിലവഴിക്കുന്നതിലുള്ള സ്വഭാവരീതികൾ തങ്ങളുടെ അവിശ്വാസികളായ സുഹൃത്തുക്കളുടേതിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല. ക്രിസ്മസ് കാലഘട്ടത്തിൽ അമേരിക്കയിലെ ജനത ചിലവഴിക്കുന്ന പണത്തിന്റെ കണക്കു വായിച്ചപ്പോൾ ഞാൻ അമ്പരന്നുപോയി. ലോകത്തിലെ മുഴുവൻ ഉല്പ്പന്നങ്ങളുടെയും ഇരുപത്തെട്ടുശതമാനമാണ് ആ മാസത്തിൽ അമേരിക്കക്കാർ ഉപയോഗിച്ചു തീർക്കുന്നത്. ഇത് തുല്യതയാണോ?

## അടയിരിക്കുന്ന സ്ഥലങ്ങൾ

മാതാപിതാക്കളുടെ വളർത്തുരീതിയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സമീപനവും ഈ രോഗാണുവിനെ അടയിരുത്തി വിരിയിക്കുന്ന സ്ഥലങ്ങളാണ്. ആധുനിക സംസ്കാരത്തിലെ ദൈവീകതയില്ലായ്മ ഈ രോഗാണുവിനോടുള്ള നമ്മുടെ പ്രതിരോധവ്യവസ്ഥയെ നിർവ്വീര്യമാക്കിയിരിക്കുന്നു.

നാം സ്വന്തമാക്കിയതും പങ്കുവയ്ക്കുന്നതുമായ മുല്യബോധത്തിൽനിന്നുമാണ് ഈ വൈറസ് കൈമാറിവരുന്നത്. നാം വായിക്കുന്നതും കേൾക്കുന്നതും നമുക്കുചുറ്റും പെറ്റുപെരുകുന്നതുമായ ഒരു സന്ദേശം ഈ രോഗാണുവിനെ ബലപ്പെടുത്തുന്നു. ഇതാണ് ആ സന്ദേശം: പണമാണ് എല്ലാം. നിങ്ങളുടെ സമ്പത്തിന്റെ അളവിനാലാണ് നിങ്ങളുടെ മൂല്യം നിർണ്ണയിക്കപ്പെടുന്നത്. പണമില്ലാത്തവൻ പിണം. പണമുള്ളവനുമാത്രമാണു നിലയും വിലയുമുള്ളത്. ദരിദ്രരായവർ ജീവിച്ചിരിക്കുന്നു എന്ന ഒരു ചിന്തപോലുമില്ല. ദൈവം തന്റെ വചനത്തിലൂടെ നമ്മോടു സംസാരിക്കുന്നതിനു ഘടകവിരുദ്ധമായ കാര്യങ്ങളാണിവ. ആളുകളെ സ്നേഹിക്കുകയും സാധനങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്നതിനുപകരം നാം പരിശീലിക്കുന്നത് ആളുകളെ ഉപയോഗിക്കാനും സാധനങ്ങളെ സ്നേഹിക്കാനുമാണ്.

വിനാശകാരിയായ ഈ വൈറസ് നമ്മുടെ ഹൃദയത്തിൽ എപ്രകാരമാണു അടയിരുന്നു വിരിയുന്നത്? നമുക്കാവശ്യമുള്ളതിനേക്കാൾ കൂടുതൽ വാങ്ങിച്ചു കൂട്ടുവാനും, ആത്മീക മുല്യങ്ങളെക്കാൾ ഭൗതീക കാര്യങ്ങളെ മൂല്യവല്ക്കരിക്കുവാനും നമ്മെ പ്രബോധിപ്പിക്കുകയും വശംവദരാക്കുകയും ചെയ്യുന്ന സുപ്രധാന കണ്ണിയാണ് ടെലിവിഷൻ.

ദരിദ്രരായവരെ കരുതുന്ന കാര്യത്തിൽ നമ്മിൽ ഒരു പ്രതിരോധകുത്തിവയ്പ്പും ടെലിവിഷൻ നടത്തുന്നു. ദാരിദ്ര്യത്തെക്കുറിച്ചും കഷ്ടതകളെക്കുറിച്ചും ഇടയ്ക്കിടെ നടത്തുന്ന പ്രദർശനങ്ങൾ നാം കണ്ടുകൊണ്ടിരിക്കുന്നുവെങ്കിലും അവയുണ്ടാക്കുന്ന വിഷമാവസ്ഥകളെക്കുറിച്ചുള്ള ബോധ്യം തുടരെയുള്ള ഈ കാഴ്ചകളാൽ നമുക്കു ക്രമേണ നഷ്ടപ്പെടുന്നു. പാവപ്പെട്ടവരുടെയും ദുരന്തകെടു

തികൾ അനുഭവിക്കുന്നവരുടെയും ചിത്രങ്ങൾ ഇടയ്ക്കിടെ കണ്ടുകൊണ്ടിരിക്കുന്നതു നമ്മുടെ മനസ്സാക്ഷിയെ യഥാർത്ഥത്തിൽ മരവിപ്പിക്കുകയാണു ചെയ്യുന്നത്. എന്നാൽ ഇത്തരം കാഴ്ചകൾ കാണുമ്പോൾ യേശുവിന് എന്താണു തോന്നുക?

## ടെലിവിഷനും ഉപഭോഗപ്രവണതകളും

ഉപഭോഗാസക്തിമാത്രമല്ല, അക്രമാസക്തിയും അവിഹിതബന്ധങ്ങളും ദൈവീകജീവിതത്തിൽ നിന്നുള്ള പിന്മാറ്റവുമെല്ലാം നമ്മുടെ ജീവിതത്തിലേക്കു തിരുകിക്കയറ്റുന്നതിൽ ടെലിവിഷനു വലിയ പങ്കുണ്ട്. അമേരിക്കയിലെ ഓരോ വീട്ടിലും കുറഞ്ഞപക്ഷം ഒരു ടിവിയെങ്കിലുമുണ്ട്. (ഞാൻ ചെറുതായിരുന്നപ്പോൾ വീട്ടിൽ കറുപ്പിലും വെളുപ്പിലും കാണുന്ന ഒരു ടിവിയാണുണ്ടായിരുന്നത്. ഞാൻ കോളേജിലെത്തിയപ്പോഴേക്ക് വീട്ടിലെ ടിവിയുടെ എണ്ണം അഞ്ചായി ഉയർന്നു). ടിവിയാൽ നയിക്കപ്പെടുന്ന നമ്മുടെ ഉപഭോക്തൃസംസ്കാരത്തിന്റെ പരിണതഫലങ്ങൾ എന്തൊക്കെയാണ്? വമ്പൻ കച്ചവടക്കാരാലും അവരുടെ ആരും വീണുപോകുന്ന പരസ്യങ്ങളാലുമുണ്ടാകുന്ന സാമുഹ്യ മൂല്യ ശോഷണം നോക്കുക:

*സാമ്പത്തിക തകർച്ച:*

തോന്നുന്നതൊക്കെ വാങ്ങിക്കൂട്ടുന്ന പ്രകൃതം, മുല്യബോധമില്ലാതെയും ആസൂത്രിമല്ലാതെയുമുള്ള വ്യക്തിഗത ചെലവുരീതികൾ, ക്രെഡിറ്റു കാർഡിനോടുള്ള അടിമത്തം, കുമിഞ്ഞുകൂടുന്ന വ്യക്തിപരമായ (രാജ്യത്തിന്റേതും) കടം എന്നിവ നമ്മെ ഓരോരുത്തരെയും ബാധിക്കുന്ന പകർച്ചവ്യാധികളാണ്. ആഗോളഭീമന്മാരുടെയും അവരുടെ കങ്കാണികളുടെയും ശക്തമായ സ്വാധീനത്താലാണ് ലക്ഷ്യമില്ലാതെയുള്ള ഈ പാച്ചിൽ അരങ്ങേറുന്നത്. ദാമ്പത്യബന്ധങ്ങൾ തകരുന്നതിനും ഉലയുന്നതിനുമുള്ള ഒരു പ്രധാനകാരണമായി സാമ്പത്തിക പ്രശ്നങ്ങൾ നിലകൊള്ളുന്നു. അച്ഛനും അമ്മയുംകൂടി പണത്തെക്കുറിച്ചു സംസാരിക്കുന്നതെല്ലാം അടക്കിപ്പിടിച്ച രീതിയിലാകയാൽ (സുതാര്യമല്ലാത്ത രീതിയിലാകയാൽ) അവരുടെ പാളിച്ചകളിൽ നിന്നും പാഠങ്ങൾ പഠിക്കാനുള്ള അവസരം കുട്ടികൾക്കും നിഷേധിക്കപ്പെടുന്നു. (കുടുംബത്തിലെ സാമ്പത്തിക കൂടിയാലോചനകളിൽ കുട്ടികളെയുകൂടി കൂട്ടുമ്പോൾ അവർക്കും വലിയ പാഠങ്ങൾ പഠിക്കാനുള്ള ഒരു അവസരമല്ലേ ലഭിക്കുന്നത്!)

*ബന്ധങ്ങളിലെ ശിഥിലീകരണം:*

സമൂഹത്തിലെ ഏറ്റവും ചെറിയ ഘടകമെന്നത് കുടുംബമാണെന്നതു മാറി വ്യക്തികളായിത്തീർന്നിരിക്കുന്നു - ഓരോരുത്തരും അവരവർക്കിഷ്ടമുള്ള മൊബൈൽ/ടിവി പരിപാടിയുമായി സ്വന്തം ലോകത്തിലേക്കു ചേക്കേറുമ്പോൾ. കുടുംബവുമൊത്തു ചിലവഴിക്കേണ്ട സമയങ്ങൾ ഇപ്രകാരം ശോഷിച്ചുവരുമ്പോൾ അതു ശോഷിപ്പിക്കുന്നതു കുടുംബബന്ധങ്ങളെയും സാമുഹ്യബന്ധങ്ങളെയുമാണ്.

*ആരോഗ്യത്തിലെ ശിഥിലീകരണം:*

പുകയിലയുടെയും മദ്യത്തിന്റെയും ഉപഭോഗത്തിലേക്കും അടിമത്തത്തിലേക്കും അനേകരെ ആകർഷിക്കുന്നതിൽ ടെലിവിഷൻ ഒരു സുപ്രധാന പങ്കുവഹിക്കുന്നുണ്ട്. സകലതും പരസ്യമായി പ്രദർശിപ്പിക്കുന്ന ലജ്ജയില്ലാത്തവരുടെയും ധരികരായവരുടെയും ജീവിതത്തിന്റെ മുഖമുദ്രതന്നെ അലസതയായി ടിവി സ്ക്രീനിൽ ഘോഷിക്കപ്പെടുമ്പോൾ, ഒരു രാഷ്ട്രമെന്ന നിലയിൽപ്പോലും നാം തൂത്തെറിയപ്പെടുകയാണു ചെയ്യുന്നത്.

*കുടുംബമൂല്യങ്ങളിലെ ശോഷണം:*

ടിവി തിന്നുതീർക്കുന്ന പകരംവയ്ക്കാനില്ലാത്ത മറ്റൊരുകാര്യമാണ് കുടുംബവുമായുള്ള സമയം. 1996ലെ യുഎസ്എ റ്റുഡേ സർവ്വേ പകാരം, ഒരു ശരാശരി അമേരിക്കൻ പുരുഷൻ ആഴ്ചയിൽ ഇരുപത്തിയെട്ടു മണിക്കൂറാണ് ടിവിയുടെ മുന്നിൽ ചിലവഴിക്കുന്നത്. (മലയാളികളായ നമ്മുടെ കാര്യമോ?) ഇതിലുമെത്രയോ കൂടുതൽ സമയമാണു ചിലകുട്ടികൾ - തങ്ങളുടെതന്നെ നാശത്തിനായി - ടിവിയിൽ കണ്ണുംനട്ടിരിക്കുന്നത്.[3] ടിവിയുടെ ലോകത്ത് അവിഹിതബന്ധങ്ങൾ സ്വാഭാവികമായ ഒന്നാണ്, കുടുംബച്ഛിദ്രത സാധാരണകാര്യമാണ്, കുടുംബമെന്ന ആശയം തന്നെ ചില ടിവി ചാനലുകളെ സംബന്ധിച്ച് വികലമായ ഒന്നാണ്.

*സഹതാപാർഹരായ ആദർശ മാതൃകകൾ:*

തുടരെ കാണിക്കുന്ന കൊടും കുറ്റവാളികളുടെ മുഖവും ചെയ്തികളും കുട്ടികൾക്കു കൂട്ടിനിരിക്കുമ്പോൾ, അപകടത്തിലേക്കാണ് നാം ചെന്നെത്തുക.

*ദ്രവിക്കുന്ന സദാചാരം:*

മാധ്യമങ്ങൾ കൊട്ടിഘോഷിച്ചു നമ്മുടെ മുന്നിലെത്തിക്കുന്ന അക്രമവാസനയും അവിഹിത

ബന്ധങ്ങളും ഉപഭോഗാസക്തിയും സമൂഹത്തിലുണ്ടാകുന്ന സദാചാരച്യുതിക്ക് പരമപ്രധാനമായ ഒരു കാരണമാണ്. അനീതിയും അക്രമവും വിഷയാസക്തിയും ഇതു പകർന്നു തരുന്നു.

*ദൈവ നിഷേധം:*

പണമാണ് എല്ലാത്തിന്റെയും അടിസ്ഥാനം എന്നത് ഇക്കാലത്തു പൊതുവായി അംഗീകരിക്കപ്പെട്ട തത്ത്വമായിരിക്കുന്നു. ഒരാളുടെ മൂല്യമെന്നത് അയാളുടെ സാമ്പത്തിക ശേഷിയാണെന്നു തിരുത്തി കണക്കുകൂട്ടുന്ന ഈ ലോകത്തിൽ യഥാർത്ഥമായ മൂല്യങ്ങൾ കൈമോശപ്പെടുന്നു. പണത്തോടുള്ള ഫരിസേയരുടെ പ്രേമം മനസ്സിലാക്കിയ യേശു, മനുഷ്യർക്കു വിലപിടിപ്പുള്ളത് എന്നു തോന്നുന്നത് ദൈവത്തിന്റെ കണ്ണിൽ വെറുപ്പേറിയതാണെന്നു നമുക്കുറപ്പുതരുന്നു (ലൂക്കോസ് 16:15).[4]

നന്മയ്ക്കായാലും തിന്മയ്ക്കായാലും, ഇന്നത്തെ ലോകത്തിലെ ഏറ്റവും മികച്ച വിദ്യാഭ്യാസ സ്ഥാപനം ടിവി തന്നെയാണ്. നിങ്ങളുടെ ജീവിതത്തിലെ എത്രസമയം അതിനുമുന്നിൽ ചിലവഴിക്കുന്നുണ്ട്? അതിലുമുപരിയായ ചോദ്യം എത്രസമയം കുട്ടികളെ അതിനുമുന്നിൽ ഇരിക്കാൻ നിങ്ങൾ അനുവദിക്കുന്നുണ്ട്. യുദ്ധവും രക്തച്ചൊരിച്ചിലും തമ്മിൽ എത്രമാത്രം ബന്ധമുണ്ടോ അത്രമാത്രം ബന്ധം ടെലിവിഷനും ഉപഭോഗാസക്തിയും തമ്മിൽ ഉണ്ട്. പുതിയ തലമുറയുടെ മുഖമുദ്രതന്നെ – കൈമലർത്തിക്കാണിച്ചുകൊണ്ട് അവർ പുറപ്പെടുവിക്കുന്ന ങ്യാ എന്ന ശബ്ദം – നമുക്കതു മുന്നറിയിപ്പു തരുന്നു.

ഉപഭോഗാസക്തിയെന്നത് സാധനങ്ങളോടുള്ള അടിമത്തവും കുടുബ ബന്ധങ്ങളുടെ ആത്മാഹുതിയുമാണ്. പടിഞ്ഞാറൻ സംസ്കാരത്തിന്റെ ശാപവും.

## പ്രാസംഗികർക്കുള്ള നിർദ്ദേശങ്ങൾ

സഭയോടു സംസാരിക്കുവാനും സ്വയം പരിശോധിക്കാനുമുള്ള പത്തു നിർദ്ദേശങ്ങൾ:

1. വൻകിട കച്ചവടക്കാർ മുതൽമുടക്കി പ്രക്ഷേപണം ചെയ്യുന്ന പരിപാടികളും അവരുടെ പരസ്യങ്ങളും നാം കാണുന്നതുകൊണ്ട് അവർക്കുണ്ടാകുന്ന പ്രയോജനം വിശദീകരിക്കുക. എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണിത്, എന്നാലും ഇടയ്ക്കിടെ ഇക്കാര്യം ഓർമ്മിപ്പിക്കുന്നതു ഗുണം ചെയ്യും.

2. ടിവി കാണുന്നതു കുറച്ചാൽ എത്രമാത്രം സമയവും ഊർജ്ജവും മറ്റുള്ളകാര്യങ്ങൾക്കായി ലഭ്യമാകുമെന്ന കാര്യം ഉയർത്തിക്കാണിക്കുക. വാങ്ങിക്കാനുള്ള നമ്മുടെ ത്വരവർദ്ധിപ്പിക്കുന്നത് പരസ്യമാണ്. ജീവിതപങ്കാളിയുമായും മക്കളുമായും പങ്കുവയ്ക്കാനുള്ള വിലപിടിച്ച സമയമാണ് ടിവി അപഹരിക്കുന്നത്. ടിവിയുടെ മുന്നിൽ കൂടുതൽ സമയം കുത്തിയിരിക്കുന്നവർ കുടുതൽ വണ്ണം വച്ചവരും മന്ദതയുള്ളവരുമായിത്തീരുന്നതായും കണ്ടുവരുന്നു. കളികളിലോ അല്ലെങ്കിൽ സൃഷ്ടിപരമായ മറ്റു കാര്യങ്ങളിലോ ആ സമയം ചിലവഴിക്കാനായി പ്രചോദിപ്പിക്കുക.

3. പരസ്യദാതാക്കൾ എപ്രകാരം കുട്ടികളെ സ്വാധീനിക്കുന്നുവെന്ന കാര്യം വിശദീകരിക്കുക. കുട്ടികൾ കുറച്ചുമാത്രം സമയം ടിവിയുമായി ചിലവഴിക്കുമ്പോൾ അവരുടെ പെരുമാറ്റ വൈകല്യങ്ങളും കുറയുന്നു. എനിക്കിതുവേണം എന്ന പല്ലവി അവരിൽനിന്നും ഒഴിഞ്ഞുപോവുകയും ചെയ്യുന്നു.

4. കുട്ടികളുടെ ടിവി സമയം പരിമിതപ്പെടുത്താൻ മാതാപിതാക്കളോട് ആവശ്യപ്പെടുക. പ്രത്യേകിച്ചു ചെറിയ കുട്ടികളുടേത് – ഇപ്പോൾ വേണ്ട, പിന്നെ കാണാം എന്നു പറയുന്നത് കുറച്ചുകൂടി എളുപ്പമുള്ളകാര്യമാണ്.[5]

5. ടിവിയോടുള്ള അടിമത്തത്തെക്കുറിച്ചു പ്രസംഗിക്കുക, അക്കാര്യത്തിൽ ഒരു മാറ്റം സഭയിൽ നിന്നും പ്രതീക്ഷിക്കുക. സഭയിൽ സന്ദേശം ചെയ്യുന്നവർ ആവശ്യപ്പെടുന്നകാര്യം സഭ അനുസരിക്കുമെന്നതാണ് എന്റെ ബോധ്യം. മാറ്റം വരുത്തണമെന്ന പ്രതീക്ഷയോടെ ക്ഷമാപൂർവ്വം പഠിപ്പിക്കുമ്പോൾ ഫലമുണ്ടാകാതിരിക്കില്ല. സ്വയം ബോധ്യം വരുത്താതെയും മാറ്റമുണ്ടാക്കാതെയും സഭയെ മാറ്റാൻ ശ്രമിക്കുന്ന സഭാനായകനു ഹാ കഷ്ടം.

6. മാതൃകയാകുക. നിങ്ങളുടെ തന്നെ ടിവി കാഴ്ചയിൽ മാറ്റമുണ്ടാക്കുക. യജമാനന്റെ ജോലിയിൽ തല്പരനായ ശുശ്രൂഷകനു ടിവിയുടെ മുന്നിൽ ചിലവഴിക്കാനുള്ള സമയം പരിമിതമായിരിക്കും.

7. വീട്ടിലെ ടെവിഷൻ സെറ്റുകളുടെ എണ്ണം പരിമിതപ്പെടുത്തുക. (എന്റെ വീട്ടിൽ ഒരു ടിവി മാത്രമാണുള്ളത്, അതു വീടിന്റെ താഴെയുള്ള അറയിൽ, ആരോഗ്യപരമായ കുടുംബജീവിതത്തെ തടസ്സപ്പെടുത്താത്ത ഒരിടത്താണു വച്ചിരിക്കുന്നത്). കൂടുതലുള്ളവ വിൽക്കുകയോ ഇല്ലാത്തവർക്കു കൊടുക്കുകയോ ചെയ്യുക.

8. കാണാൻ കൊള്ളാവുന്ന പരിപാടികൾ നിർദ്ദേശിക്കുക. നിങ്ങളുടെ പ്രദേശത്തു ലഭിക്കുന്ന നല്ല പ്രോഗ്രാമുകളെക്കുറിച്ച് ആരാഞ്ഞറിയുക, അവയെക്കുറിച്ചു മറ്റു മാതാപിതാക്കളുമായി സംസാരിക്കുക.

9. ശിഷ്യന്മാരുടെ ഇടയിൽ ഇതേക്കുറിച്ചു വ്യക്തമായ ബോധ്യം വളർത്തിയെടുക്കുക. നിയമങ്ങളും ചട്ടങ്ങളുമായിട്ടല്ല, പകരം വചനത്തിലൂടെ പ്രചോദനം പകർന്നുകൊണ്ടാകണം – എഫേസ്യർ 5:3–10, ഫിലിപ്പിയർ 4:8–9.

10. നിർദ്ദേശങ്ങളെ പിന്തുടർന്നു പരിശോധിക്കുക (ഫോളോ അപ്) – സാമ്പത്തിക നിർദ്ദേശങ്ങളും നൽകുക. പലയാളുകളും സാമ്പത്തികകാര്യത്തിൽ നിയന്ത്രണമറ്റവരാണ്. ലൗകീകമൂല്യങ്ങളും അവരുടെ കടമെടുപ്പുശീലവും അസന്തുഷ്ടിയും സാമ്പത്തിക തിരിമറിയും തമ്മിലുള്ള ബന്ധം വിശദീകരിച്ചു കൊടുക്കുക. അവരുടെ മുന്നിലുള്ള ലൗകീകവഴികളും ദൈവീക വഴികളും മനസ്സിലാക്കിക്കൊടുക്കുക.

## ആത്മാവു പറയുന്നു

ആത്മാവിനാൽ നാം നയിക്കപ്പെടുന്നു എന്ന വിശ്വാസം നമ്മിലുണ്ടെങ്കിൽ ആത്മാവിന്റെ അഭിലാഷമായ ലളിതജീവിതവും ആവശ്യത്തിലുള്ളവരെ സഹായിക്കലും നമ്മുടെ ജീവിതത്തിന്റെ മുഖമുദ്രയാകും. ഏശയ്യാവിന്റെ 58:1–10 വചനങ്ങൾ വായിച്ചു മനസ്സിലാക്കുക, ദൈവം ആഗ്രഹിക്കുന്ന ആത്മീയജീവിതം ഗ്രഹിച്ചെടുക്കുക.

നമ്മുടെ ഉള്ളിലെ ആത്മീയതയും (കൂട്ടായ്മ, ആരാധന, പ്രാർത്ഥന മുതലായവ) പുറമേയുള്ള പ്രവർത്തികളുമായി (വിശ്വാസം പങ്കുവയ്ക്കൽ, ആവശ്യത്തിലുള്ളവരെ കരുതൽ മുതലായവ) ഒരു തുലനം നിലനിറുത്തേണ്ടതുണ്ടെന്നു ആത്മാവു സാക്ഷിക്കുന്നു – ഇവിടെയും വചനത്തിലെമ്പാടും. നാം അത്ഭുതപ്പെടേണ്ടതില്ല! യേശുവിനെ പരിഗണിക്കുക: നമ്മുടെ കർത്താവായ യേശു സമ്പന്നനായിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകേണ്ടതിന് നിങ്ങൾക്കു വേണ്ടി ദരിദ്രനായിത്തീർന്ന അവന്റെ കൃപ നിങ്ങൾ അറിയുന്നുവല്ലോ (2 കൊരിന്ത്യർ 8:9). ദരിദ്രനോടു സാരൂപ്യം പുലർത്തിയ യേശുവിന്റെ കാലടികളെ നാമും പിന്തുടരേണ്ടതല്ലേ? ദരിദ്രരെക്കുറിച്ചു വചനം സംസാരിക്കുന്ന കാര്യങ്ങൾ നമുക്കു പഠിക്കാം. ഇതു പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പുസ്തകം തന്നെയാണ്, സംശയം വേണ്ട. ആ പേരുപറഞ്ഞ് ഈ ഭാഗം വായിക്കാതെ അടുത്ത അദ്ധ്യായത്തിലേക്കു പോകാൻ ചിലർ ശ്രമിക്കുമോ എന്ന ഭയം എന്നിലുണ്ട്. നിങ്ങൾ അതിലൊരാളാവില്ല എന്നു ഞാൻ പ്രത്യാശിക്കുന്നു.

## ദരിദ്രരെക്കുറിച്ച്...

ദരിദ്രരും ആവശ്യക്കാരുമായവരെ കാണുന്നതുതന്നെ ഭയം നൽകുന്ന ഒരു കാഴ്ചയാണ്. ഇതിനോടെങ്ങനെ പ്രതികരിക്കണമെന്നത് യേശുവിനെ അനുഗമിക്കുന്നവർക്കു പോലും പലപ്പോഴും അറിയില്ല. ക്രിസ്തീയ ജീവിതത്തിന്റെ ആദ്യ പത്തുവർഷക്കാലവും ആത്മീയമായ ആവശ്യങ്ങളാണ് ഭൗതീകമായ ആവശ്യങ്ങളെക്കാൾ പ്രധാനമായത് എന്ന കാഴ്ചപ്പാടാണു ഞാൻ പുലർത്തിയിരുന്നത്. ഒരു വശം നോക്കിയാൽ ഇതു ശരിയായ കാഴ്ചപ്പാടുതന്നെ എങ്കിലും എന്റെ സൗകര്യമനുസരിച്ചു പ്രവർത്തിക്കാനുള്ള ഒരു സ്വാർത്ഥ ചിന്തയ്ക്കും ഈ കാഴ്ചപ്പാട് ഇട നൽകുന്നു. ദരിദ്രരുടെ ആവശ്യങ്ങൾക്കുവേണ്ടി പൊരുതണമെന്ന് എന്നെ ഓർമ്മിപ്പിച്ച ഒരു വ്യക്തിയുമായി സെമിനാരിയിൽ വച്ചു തർക്കിച്ചത് എനിക്കിപ്പോഴും ഓർമ്മയുണ്ട്. അതു പഴയനിയമത്തിലാണ് എന്നു ഞാൻ തിരിച്ചടിച്ചു – പുതിയനിയമത്തിൽ ദരിദ്രരെ സഹായിക്കാനുള്ള അനുവാദമുണ്ട് എന്നാൽ കൽപ്പനയില്ല എന്നു ഞാൻ വാദിച്ചു. എന്റെ ആത്മീയതീക്ഷ്ണതയെക്കുറിച്ച് അദ്ദേഹത്തിൽ ഒരു മതിപ്പുളവാക്കാൻ എനിക്കു കഴിഞ്ഞില്ല എന്ന കാര്യം പ്രത്യേകം പറയേണ്ടല്ലോ!

പാവപ്പെട്ടവരെക്കുറിച്ചും അവരോടുള്ള ഉത്തരവാദിത്വങ്ങളെക്കുറിച്ചുമുള്ള വചനങ്ങൾ പഠിക്കുന്നതിനുമുമ്പ് അവരുടെ മാന്യതയെ ഞാൻ മനസ്സിൽനിന്നും വകഞ്ഞുമാറ്റിയിരുന്നു. ആത്മീയകാര്യങ്ങൾക്കാണു പ്രധാന്യം എന്ന ബോധ്യത്താൽ ദരിദ്രരായവരുടെ ആവശ്യങ്ങൾക്കു നേരേ എന്റെ ഹൃദയത്തിന്റെ വാതിൽ പഴുതടച്ചു സംരക്ഷിച്ചു പോന്നു.

ഇന്ത്യയിലെ കൽക്കത്തയിൽ വന്നപ്പോൾ ഈ ബോധ്യങ്ങളെല്ലാം മാറിമറിഞ്ഞു. പത്തുലക്ഷം

പേർക്കു താമസിക്കാൻ മാത്രം ഇടയുള്ള ഒരു പട്ടണത്തിൽ തിങ്ങിക്കൂടിയിരിക്കുന്നത് 120 ലക്ഷം മനുഷ്യരാണ്. കൂടുതലായുള്ളവർക്കുള്ള ഇടം തെരുവോരമാണ്. എണ്ണമില്ലാത്തയത്രയും സ്ത്രീപുരുഷന്മാരും കുട്ടികളും വസിക്കുന്നതവിടെയാണ്. എന്റെ ഉള്ളിൽ കെട്ടിവച്ചിരുന്ന വേലിക്കെട്ടുകളെല്ലാം നിലംപരിശായി. ഞാനും എന്റെ സഭയും ദരിദ്രരെക്കുറിച്ചു കരുതിയതെല്ലാം തിരുത്തേണ്ടതാണെന്ന ബോധ്യത്തോടെ ബൈബിൾ വായിക്കാനുള്ള സ്വാതന്ത്ര്യം എനിക്കങ്ങനെയുണ്ടായി. ഞാൻ പഠിച്ച കാര്യങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കാം.

## സുവിശേഷ സത്യം

ദരിദ്രരെ കരുതുന്നതിനെക്കുറിച്ചു വചനത്തിലുടനീളം പ്രതിപാദിക്കുന്നത് എനിക്കു കാണാൻ കഴിഞ്ഞു. എന്നിൽ ആഴത്തിലുള്ള ബോധ്യം നൽകിയ അനേകം വചനങ്ങളിൽ തിരഞ്ഞെടുത്ത ചിലത് ഇവയാണ്. ആവർത്തനം 15:4-5, 11; ഇയ്യോബ് 31:16-23; ഏശയ്യ 58:6-10; ആമോസ് 6:1, 4-7; തുളച്ചുകയറുന്ന യെഹെസ്കേൽ പതിനാറാം അദ്ധ്യായവും:

> നിന്റെ സഹോദരിയായ സൊദോമിന്റെ അകൃത്യം ഇതായിരുന്നു: ഗർവ്വും സമൃദ്ധിയായ ഭക്ഷണവും അത്യധികമായ അലസതയും അവൾക്കും അവളുടെ പുത്രിമാർക്കും ഉണ്ടായിരിക്കുന്നു; ദരിദ്രനെയും പാവപ്പെട്ടവനെയും അവൾ സഹായിച്ചതുമില്ല. അവർ അഹങ്കാരികളായി എന്റെ മുമ്പിൽ മ്ലേച്ഛത പ്രവർത്തിച്ചു; അതുകൊണ്ട് അതു കണ്ടപ്പോൾ ഞാൻ അവരെ നീക്കിക്കളഞ്ഞു. (യെഹെ 16:49-50).

സോദോമിന്റെ ലൈംഗീക കോപ്രായങ്ങളല്ല അവരുടെ പാപത്തിന്റെ ഘോരത കൂട്ടിയത്, സ്വയം പൂരണവും ദുഷ്ടതയും നിറഞ്ഞ അവരുടെ ഹൃദയത്തിന്റെ ലക്ഷണങ്ങൾ മാത്രമായിരുന്നു അത്. എന്നാൽ അവരുടെ പാപത്തെക്കുറിച്ചു വ്യക്തമായി ദൈവം സംസാരിക്കുന്നത് ഇതാണ് - അഹങ്കാരം നിറഞ്ഞ അവർ പാവപ്പെട്ടവരിൽ നിന്നും തങ്ങളെത്തന്നെ അകറ്റിനിറുത്തി.

സദൃശവാക്യങ്ങളിൽ നിന്നുള്ള വചനങ്ങളും എന്റെ ഹൃദയത്തെ തകർത്തു. 3:27-28, 14:31, 19:17, 21:13, 28:27, 30:7-9, 31:8-9. എന്നാൽ ഇക്കാര്യത്തെക്കുറിച്ചു സംസാരിക്കുന്നതു പഴയനിയമം മാത്രമല്ല. പുതിയനിയമത്തിൽ ഏറ്റവും ഉറക്കെ ഇക്കാര്യം സംസാരിക്കുന്നതു ലൂക്കോസാണ്. (3:10-11, 6:20, 6:24-25, 6:30-31, 35, 10:25-37, 12:33-34, 16:19-24). ലൂക്കോസ് തന്നെ എഴുതിയ അപ്പസ്തോല പ്രവർത്തികളിലും ഇതാവർത്തിക്കുന്നു (2:44-45, 4:32-35, 6:1-7, 11:27-30, 9:36, 10:1-2, 4). ലേഖനങ്ങളിലുള്ള മറ്റനേകം ഭാഗങ്ങളും - യാക്കോബ് 2:14-26, ഗലാത്യർ 2:10 മുതലായവ. നല്ല ശമരിയാക്കാരന്റെ ഉപമയെന്നു പേരുകേട്ട വേദഭാഗമാണ് ഇക്കാര്യത്തെക്കുറിച്ചു വ്യക്തമായി സംസാരിക്കുന്ന വേറൊന്ന്.

## നല്ല ശമരിയാക്കാരൻ

ഈ ശമരിയാക്കാരനു നല്ലവൻ എന്ന നാമവിശേഷണം യേശു നൽകിയതല്ല, നമ്മൾ ചേർത്തതാണ്. നമ്മിൽ കാണാത്ത നന്മ ഈ കഥാനായകനിൽ നാം കണ്ടതുകൊണ്ടായിരിക്കും അയാളുടെ പേരിനോട് അങ്ങനെയൊരു വിശേഷണം ചേർക്കാൻ കാരണം. യേശുവിന്റെ വാക്കുകളുടെ ലാളിത്യവും മൂർച്ചയും നിങ്ങളുടെ ഹൃദയത്തിലേക്കിറങ്ങട്ടെ.

> അനന്തരം ഒരു ന്യായശാസ്ത്രി എഴുന്നേറ്റ് അവനെ പരീക്ഷിക്കുവാനായി: ഗുരോ, ഞാൻ നിത്യജീവന് അവകാശിയായിത്തീരുവാൻ എന്തു ചെയ്യണം? എന്നു ചോദിച്ചു. അവൻ അവനോട്: ന്യായപ്രമാണത്തിൽ എന്താണ് എഴുതിയിരിക്കുന്നത്? നീ എങ്ങനെ വായിക്കുന്നു? എന്നു ചോദിച്ചു. അതിന് അവൻ: നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കണം എന്നും നിന്റെ അയൽക്കാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണം എന്നും തന്നെ എന്ന് ഉത്തരം പറഞ്ഞു. അവൻ അവനോട്: നീ പറഞ്ഞ ഉത്തരം ശരിതന്നെ; അങ്ങനെ ചെയ്യുക; എന്നാൽ നീ ജീവിക്കും എന്നു പറഞ്ഞു. അവൻ സ്വയം നീതീകരിക്കുവാൻ ഇച്ഛിച്ചിട്ട് യേശുവിനോട്: എന്റെ അയൽക്കാരൻ ആര്? എന്നു ചോദിച്ചു. അതിന് യേശു ഉത്തരം പറഞ്ഞത്: ഒരു മനുഷ്യൻ യെരുശലേമിൽനിന്ന് യെരീഹോവിലേക്കു പോകുമ്പോൾ കള്ളന്മാരുടെ കൈയിൽ അകപ്പെട്ടു; അവർ അവന്റെ വസ്ത്രം ഉരിഞ്ഞു മുറിവേൽപ്പിച്ച് അർദ്ധപ്രാണനായി അവനെ വിട്ടിട്ടു പൊയ്ക്കളഞ്ഞു. ആ വഴിയിലൂടെ യാദൃശ്ചികമായി ഒരു പുരോഹിതൻ വന്ന് അവനെ കണ്ടിട്ടു മറുവശത്തുകൂടി കടന്നുപോയി. അങ്ങനെതന്നെ ഒരു ലേവ്യനും ആ സ്ഥലത്ത് എത്തി, അവനെ കണ്ടിട്ടു മറുവശത്തുകൂടി കടന്നുപോയി. ഒരു ശമരിയാക്കാരൻ അതുവഴി പോകുമ്പോൾ അവന്റെ അടുക്കൽ എത്തി, അവനെ കണ്ടിട്ട് മനസ്സലിഞ്ഞു. അവന്റെ അടുത്തു ചെന്ന് എണ്ണയും വീഞ്ഞും പകർന്ന് അവന്റെ മുറിവുകൾ വച്ചു കെട്ടി; അവനെ തന്റെ മൃഗത്തിന്റെ പുറത്തു കയറ്റി ഒരു സത്രത്തിലേക്കു കൊണ്ടുപോയി ശുശ്രൂഷിച്ചു. പിറ്റേന്നാൾ അവൻ പുറപ്പെടുമ്പോൾ രണ്ടു വെള്ളിക്കാശ് എടുത്ത് സത്രപാലകനു കൊടുത്തു: ഇവനെ ശുശ്രൂഷി

ക്കണം; കൂടുതലായി എന്തെങ്കിലും ചെലവായാൽ ഞാൻ മടങ്ങിവരുമ്പോൾ തന്നു കൊള്ളാം എന്ന് അവനോടു പറഞ്ഞു. കള്ളന്മാരുടെ കൈയിൽ അകപ്പെട്ടവന് ഈ മൂവരിൽ ആര് അയൽക്കാരനായിത്തീർന്നുവെന്ന് നിനക്കു തോന്നുന്നു? അവനോടു കരുണ കാണിച്ചവൻ എന്ന് അവൻ പറഞ്ഞു. യേശു അവനോട്: നീയും പോയി അങ്ങനെതന്നെ ചെയ്യുക എന്നു പറഞ്ഞു (ലൂക്കോസ് 10:25-37).

ഈ ഉപമയിൽ നിങ്ങൾ എന്താണു കാണുന്നത്? വിശ്വാസം പങ്കുവയ്ക്കാനായി ഈ ഉപമയെ ഉപയോഗിക്കാറുണ്ട്, അതിൽ തെറ്റൊന്നുമില്ലതാനും, കാരണം അപരിചിതരുടെ പോലും ആവശ്യങ്ങൾ നിറവേറ്റുന്നതിൽ താത്പര്യം കാണിക്കുകയെന്നത് യേശു ഉദ്ദേശിച്ച കാര്യം തന്നെയാണ്. എന്നാൽ ദരിദ്രരായവരെ കരുതുന്നകാര്യത്തിൽ ഈ വേദഭാഗം നൽകുന്ന പാഠങ്ങൾ നിരവധിയാണ്. എന്തായിരുന്നു ഇവിടുത്തെ സാഹചര്യമെന്നു നമുക്കു നോക്കാം:

**അയാളുടെ അവസ്ഥയെക്കുറിച്ചു ശമരിയാക്കാരൻ മനസ്സിലാക്കി:** നിർഭാഗ്യവാനായ ആ യാത്രക്കാരനുണ്ടായത് ഒരു ദുരവസ്ഥയാണ്, അതു പോലെതന്നെയാണ് ഈ ലോകത്തിൽ ദരിദ്രരായി ജനിച്ചവരും - തുല്യതയില്ലായ്മ, അവസരങ്ങളുടെ നിഷേധം, നീതി നിഷേധം, പലവിധമായ കുറവുകൾ തുടങ്ങി പലതും അവരുടേതായുണ്ട്. മാധ്യമങ്ങളിലൂടെയും മറ്റും ഇത്തരം അവസ്ഥകളെക്കുറിച്ചുള്ള ഒരു ഏകദേശ ധാരണ നമുക്കുമുണ്ട് - അറിയില്ലായെന്നു നമുക്കവകാശപ്പെടാൻ കഴിയില്ല. അതിലെ കടന്നു പോയ പുരോഹിതനും ലേവ്യനും അങ്ങനെയൊരു വിശദീകരണം നല്കാനാവില്ല.

**അക്രമത്തിനിരയായ ആളുടെ ജാതിയും കുലവുമൊന്നും ശമരിയാക്കാരനു പ്രശ്നമല്ലായിരുന്നു:** തങ്ങളെ വെറുക്കുന്ന യഹൂദരോടുള്ള വിദ്വേഷം അക്കൂട്ടത്തിലുള്ള ഒരാളെ ആവശ്യനേരത്തു സഹായിക്കാൻ തനിക്കു തടസ്സമായില്ല. നമുക്കു വിദ്വേഷമുള്ള വർഗ്ഗക്കാരനോ രാഷ്ട്രക്കാരനോ ആണ് വഴിയിൽ കിടക്കുന്നതായി നാം കാണുന്നതെങ്കിൽ നമ്മിൽ എത്രപേർ ഇതുപോലെ കൂടെയുള്ളവരിൽ നിന്നും വ്യത്യസ്തമായി പെരുമാറും? തൊലിയുടെ നിറമോ അല്ലെങ്കിൽ മറ്റേതെങ്കിലും പുറമേയുള്ള കാര്യങ്ങളോ സഹനത്തിലൂടെ കടന്നുപോകുന്ന മനുഷ്യരുമായി അകൽച്ചയ്ക്കിടയാക്കുന്നുണ്ടോ?

**മറ്റുള്ളവർ തങ്ങളുടെ തന്നെ കാര്യങ്ങൾ നോക്കിപ്പോയി:** യാതൊരു ഒഴികഴിവുമില്ലാത്തവർ പോലും തങ്ങളുടേതായ ഉത്തരവാദിത്വങ്ങളുടെ മറയിൽ മനഃസ്സാക്ഷിയെ ഒളിച്ചു പിടിച്ച് (മതപരമായ ദൗത്യങ്ങളാണ് ഇവിടെ മുറുകെപ്പിടിച്ചത്) തങ്ങളുടെ ദൈവം അങ്ങിനെയൊരുവസ്ഥയിൽ ചെയ്യുമായിരുന്നതു ചെയ്യാതെ കടന്നുപോയി.

**അക്രമത്തിനിരയായ ആൾക്ക് സ്വയം സഹായിക്കാൻ കഴിയുമായിരുന്നില്ല:** അങ്ങനെയുള്ള ഒരവസ്ഥയിലല്ലായിരുന്നു അവൻ. ഇതുപോലെ യഥാർത്ഥമായ സഹായം ആവശ്യമുള്ള അനേക കോടി ജനങ്ങൾ നമുക്കുചുറ്റുമുണ്ട്. നാം അവരെ സഹായിക്കുന്നില്ലെങ്കിൽ വേറെയാരെങ്കിലുമതു ചെയ്തുകൊള്ളുമെന്നു വിചാരിക്കാൻ നമുക്കു ന്യായമില്ല. അവരുടെ ഇടയിൽ പ്രവർത്തിക്കുന്ന പലസംഘടനകളുമുണ്ടെങ്കിലും അവരുടെ സേവനങ്ങൾ മാത്രം മതിയായവയല്ല. ഏതെങ്കിലുമൊക്കെ രീതിയിൽ അവരുടെ ആവശ്യങ്ങൾ നിറവേറപ്പെടുമെന്ന ചിന്തയിൽ നമ്മുടെ മനസ്സാക്ഷിയെ മറച്ചുവയ്ക്കാനും കഴിയില്ല.

സാഹചര്യമിതായിരിക്കേ, ശമരിയാക്കാരൻ എന്താണു ചെയ്തത്?

- അവൻ സാഹചര്യം മനസ്സിലാക്കി, ആവശ്യമെന്തെന്നു തിരിച്ചറിഞ്ഞു.
- അയൽക്കാരനോടു അലിവുകാണിച്ചു. അയൽക്കാരൻ ആർ എന്ന കാര്യത്തിൽ നമുക്കിടയിലൊരു തർക്കംവേണ്ട! നമ്മുടെ സഹജീവികളാണ് നമ്മുടെ അയൽക്കാർ.
- അക്രമത്തിനിരയായ വ്യക്തിയുടെ ചികിത്സാചിലവുകളും ശാരീരികാവശ്യങ്ങളും ശമരിയാക്കാരൻ പരിഗണിച്ചിട്ട് തന്നാലാകുന്ന വിധം അവ നിറവേറ്റി.
- തനിക്കു യാത്ര തുടരേണ്ട സമയം വന്നപ്പോൾ ഉത്തരവാദിത്വത്തോടെ അവനെ നോക്കാൻ ആളെ ഭരമേൽപ്പിച്ചു (സത്ര സൂക്ഷിപ്പുകാരനെ).
- ബാധ്യത തന്നിൽ നിന്നും ഒഴിവാക്കാതെ തിരിച്ചു വരുമ്പോൾ ഞാൻ വന്നു ബാക്കി കാര്യങ്ങൾ നോക്കിക്കൊള്ളാമെന്നേറ്റ ശമരിയാക്കാരൻ, താൻ പോകേണ്ടതിലും കൂടുതൽ ദൂരം പോകാൻ തയ്യാറായി.

ഈ ലോകത്തിലുള്ള ദരിദ്രരുടെ കാര്യം സംബന്ധിച്ച് യേശു നമ്മോടു സംസാരിക്കുന്നതും ഇതാണ് - നീയും പോയി അപ്രകാരം തന്നെ ചെയ്യുക.

## ഞാൻ എവിടെനിന്നും തുടങ്ങും

1. ഈ വിഷയത്തെക്കുറിച്ചു കൂടുതലായി പഠിക്കുക. പണത്തെക്കുറിച്ചും സ്വത്തിനെക്കുറിച്ചുമുള്ള വചനങ്ങളെയെല്ലാം ആഴത്തിൽ മനസ്സിലാക്കുക. വചനം നമുക്കു നൽകുന്ന വ്യക്തിപരമായ ബോധ്യത്തെക്കാൾ മെച്ചമായ യാതൊന്നുമില്ല.

2. നിങ്ങളുടേതായ എന്തെങ്കിലും വില്ക്കുക, ലൂക്കോസ് 12:33ൽ യേശു പഠിപ്പിച്ചതുപോലെ.

3. നിങ്ങളുടെ ചിലവുകണക്കുകളെ സൂക്ഷ്മമായി പരിശോധിക്കുക. എന്തെങ്കിലും വാങ്ങിക്കണമെന്ന തോന്നലുണ്ടാകുമ്പോൾ താഴെപ്പറയുന്ന ചോദ്യങ്ങൾ പരിഗണിക്കുക:[6]
   - ഇതെനിക്കു ഒഴിച്ചുകൂടാൻ വയ്യാത്തതരത്തിൽ ആവശ്യമുള്ളതാണോ?
   - ഒരു മാസം കഴിഞ്ഞാൽ ഈ സാധനം ഞാൻ വാങ്ങിക്കുമോ?
   - വേറെ ഏതെങ്കിലും സ്ഥലത്തുനിന്ന്, കുറഞ്ഞ പൈസയ്ക്ക് ഈ സാധനം വാങ്ങിക്കാൻ കഴിയുമോ?
   - സമൂഹത്തിലുള്ള എന്റെ അംഗീകാരം കൂട്ടണമെന്ന മനോഭാവത്തിലാണോ ഞാൻ ഈ സാധനം വാങ്ങിക്കുന്നത്?

4. സാമ്പത്തികകാര്യങ്ങളിൽ ഒരു ആസൂത്രണമേർപ്പെടുത്തുക (ബജറ്റുണ്ടാക്കുക), അതിൽ മുറുകെപ്പിടിച്ചു ചിലവഴിക്കുക. നിങ്ങൾക്കു ജീവിക്കാനായി എത്ര പണം വേണമെന്ന കാര്യത്തിൽ ഒരു നിഗമനത്തിൽ എത്തുക, വരവു ചിലവുകളിൽ ഒരു തുലനം കൊണ്ടുവരിക. വ്യക്തിപരമായ ചിലവുകളിൽ ആരോഗ്യകരമായ നിയന്ത്രണങ്ങൾ പാലിക്കുക.[7]

5. പതിവായി ഉപവസിക്കുക – പലകാര്യങ്ങളിലാകാം. മറ്റുള്ളവരുടെ ജീവിതാവസ്ഥയെക്കുറിച്ചുള്ള ഒരു അവബോധം നമ്മിൽ സൃഷ്ടിക്കാൻ ഇതിടയാക്കും. നിങ്ങളുടെ തന്നെ പ്രാർത്ഥന കൂടുതൽ ശ്രദ്ധയോടുകൂടിയതും തീക്ഷ്ണതയേറിയതുമായിത്തീരും. മാത്രമല്ല, ആവശ്യക്കാരുമായി പങ്കുവയ്ക്കാനായി കൂടുതൽ പണം നിങ്ങളുടെ കയ്യിൽ അവശേഷിപ്പിക്കുകയും ചെയ്യും.

6. ദരിദ്രരെ സഹായിക്കാനുതകുന്ന രീതിയിൽ വ്യക്തമായ പദ്ധതികൾ മെനയുക. ഉദാഹരണത്തിന് – ഒരു കുട്ടിയെ ദത്തെടുക്കൽ.[8]

7. പ്രാർത്ഥിക്കുക: ഇപ്പോൾത്തന്നെ. ഇക്കാര്യങ്ങളെക്കുറിച്ചു നിങ്ങൾക്കെന്തു തോന്നുന്നു എന്നതും നിങ്ങൾ ഇതേക്കുറിച്ചെല്ലാം എന്തുചെയ്യാനാഗ്രഹിക്കുന്നു എന്നതും ദൈവത്തോടു പറയുക. തീരുമാനങ്ങളിൽ പിന്നോക്കം പോകാതിരിക്കുക. നിങ്ങളുടെ ജീവിതം ദരിദ്രർക്കായി ഉഴിഞ്ഞുവയ്ക്കാനായി ദൈവമാഗ്രഹിക്കുന്നുവെങ്കിൽ അതു വ്യക്തമാക്കിത്തരുവാനായി പ്രാർത്ഥിക്കുക.

## ഞാൻ വിശക്കുന്നവനായിരുന്നു

മത്തായി 25:35ൽ, നമുക്കു പരിചിതമായ ചെമ്മരിയാടുകളുടെയും കോലാടുകളുടെയും ദൃഷ്ടാന്തത്തിൽ, ഞാൻ വിശക്കുന്നവനായിരുന്നു എന്നു നമ്മുടെ കർത്താവു പറഞ്ഞു. ദരിദ്രരെ സഹായിക്കുന്ന കാര്യത്തിൽ ഒഴികഴിവുപറയാതിരിക്കാൻ നമ്മെ വിളിക്കുന്ന ഈ പദ്യഭാഗം കാണുക:

### ഞാൻ വിശക്കുന്നവനായിരുന്നു

നിങ്ങൾ എന്റെ ഭക്ഷണമെടുത്തു പന്നികൾക്കു കൊടുത്തു
എന്നിട്ടു നിങ്ങൾ വിലനിലവാരത്തെ കുറ്റപ്പെടുത്തി
കമ്മ്യൂണിസ്റ്റുകാരുടെമേൽ അതിന്റെ ഉത്തരവാദിത്വം ചാർത്തി
ദരിദ്രർ അനുഗ്രഹീതരാണെന്നു നിങ്ങൾ എന്നോടു പറഞ്ഞു
ദാരിദ്ര്യം ചൂണ്ടിക്കാട്ടി സർക്കാരിനു കത്തെഴുതാനും നിങ്ങൾ തീരുമാനിച്ചു
നിങ്ങളുടെ ഭക്ഷണാവശിഷ്ടങ്ങൾ കുന്നുകൂട്ടാനുള്ള ഒരു തൊട്ടിയായെന്നെ നിങ്ങൾ പരിഗണിച്ചു
എനിക്കുവേണ്ടി പ്രാർത്ഥിക്കാമെന്നു നിങ്ങൾ വാഗ്ദാനം ചെയ്തു
എന്റെ കാര്യം നോക്കാനുള്ള ശേഷി എനിക്കുണ്ടെന്നു നിങ്ങൾ ഉറപ്പിച്ചു
എന്നെ കാണാൻ മടിച്ചിട്ട് നിങ്ങൾ ചാനലുകൾ മാറ്റി മാറ്റി നോക്കി
എനിക്കു വിളവെടുക്കാനായി നിങ്ങൾ ഭിക്ഷയെറിഞ്ഞു
എന്നെ നിശബ്ദനാക്കാനായി നിങ്ങൾ സർക്കാരിനെ പിന്തുണച്ചു
നിങ്ങളുടെ മേശയലങ്കരിക്കുന്ന പൂക്കൾ വിരിയിക്കാനായി എന്റെ കൃഷിയിടങ്ങൾ തകർത്തു
പോയി തുലയാൻ നിങ്ങൾ എന്നോടു പറഞ്ഞു.[9]

## സ്വന്തം സാമൂഹ്യസ്ഥിതി മാത്രം നോക്കുന്ന ക്രിസ്ത്യാനി?

ലോകം തലകീഴായ് മറിയേണ്ടതുണ്ട് - തീർച്ചയായും ഒന്നിൽ കൂടുതൽ കാര്യങ്ങളിൽ തന്നെ! ഒരു വ്യവസ്ഥിതിയെമാത്രം പിന്താങ്ങുന്നവരായി നമുക്കൊതുങ്ങിക്കൂടാൻ കഴിയില്ല. (കുടൂതൽ ധ്യാനിക്കുന്നതിനായി ഏശയ്യ 5:8-25 നോക്കുക). എല്ലാത്തരം ദ്രവ്യാഭിലാഷങ്ങളെയും ഉപഭോഗാസക്തിയെയും അനുഭാവശൂന്യതയെയും ന്യായവിധിയുടെ പാതയിൽ നിർത്തുന്നതാണ് നമ്മുടെ രക്ഷകന്റെ വഴി.

നമ്മുടെ ദൗത്യം: ലോകത്തിലുള്ള സകലമനുഷ്യരുടെയും ജീവിതത്തിൽ സുവിശേഷമെത്തിക്കുക എന്നതാണ്. സുവിശേഷത്തോടൊപ്പം നമ്മുടെ ജീവനും നാം പങ്കുവയ്ക്കേണ്ടതുണ്ട്. ആത്മീയമായ അനുഗ്രഹങ്ങൾ മാത്രമല്ല നമുക്കുള്ളത്, ഭൗതീകമായ അനുഗ്രഹങ്ങളും കൂടിയാണ്. ഇവയെ രണ്ടിനെയും തമ്മിൽ വേർതിരിക്കുന്ന പ്രചാരണങ്ങളെ സൂക്ഷിക്കുക. ഇതൊരു വെല്ലുവിളിയായി തോന്നുന്നുണ്ടോ? ദൈവത്തിന്റെ ആത്മാവും മറ്റൊരുവഴിയെക്കുറിച്ചു സംസാരിക്കുന്നില്ല.

> എളിയവരോടു സുവാർത്ത അറിയിക്കുവാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കുന്നതുകൊണ്ട് യഹോവയായ ദൈവത്തിന്റെ ആത്മാവ് എന്റെ മേൽ ഇരിക്കുന്നു. ഹൃദയം തകർന്നവരുടെ മുറിവു കെട്ടുവാനും തടവുകാർക്കു സ്വാതന്ത്ര്യവും ബദ്ധന്മാർക്കു വിടുതലും വിളംബരം ചെയ്യുവാനും യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാരദിവസവും വിളംബരം ചെയ്യുവാനും വിലപിക്കുന്നവരെയൊക്കെയും ആശ്വസിപ്പിക്കുവാനും സീയോനിലെ ദുഃഖിതന്മാർക്ക് ചാരത്തിനു പകരം അലങ്കാരമാലയും വിലാപത്തിനു പകരം ആനന്ദതൈലവും മനോവ്യഥയ്ക്കു പകരം സ്തുതി എന്ന മേലങ്കിയും നൽകുവാനും അവൻ എന്നെ അയച്ചിരിക്കുന്നു; അവൻ മഹത്ത്വീകരിക്കപ്പെടേണ്ടതിന് അവർക്കു നീതി വൃക്ഷങ്ങൾ എന്നും യഹോവയുടെ കൃഷി എന്നും പേരാകും (ഏശയ്യ 61:1-3).

### ശോധനചെയ്യുവാൻ:

1. ഉപഭോഗതൃഷ്ണ എന്നിൽ എത്രമാത്രമുണ്ട്? ജീവിതക്രമം മാറ്റാൻ ഞാൻ തയ്യാറാണോ?
2. വചനമനുശാസിക്കുന്ന രീതിയിലുള്ള ഒരു ശ്രദ്ധ എനിക്കു പാവപ്പെട്ടവരുടെമേൽ ഉണ്ടോ?
3. അധഃസ്ഥിതരായവരെ കരുതാൻ എന്റെ വാർഷിക വരുമാനത്തിൽ എത്ര വിഹിതം മാറ്റിവയ്ക്കുന്നുണ്ട്?

### കുറിപ്പുകൾ:

1. വില്ല്യം വേർഡ്സ്വർത്ത് (1170-1850), ദി വേൾഡ് ഈസ് റ്റൂ മച്ച് വിത് അസ്.
2. മൂന്നാംനിരരാഷ്ട്രങ്ങൾ വളർന്നുവരുന്ന രാഷ്ട്രങ്ങളാണ്. സാങ്കേതികരംഗങ്ങളിലെ വികസനത്തിലൂടെ വളർന്ന രാജ്യങ്ങളെ ഒന്നാംനിരരാഷ്ട്രങ്ങൾ എന്നും, കമ്മ്യൂണിസ്റ്റ് രാജ്യങ്ങളെ അവയുടെ മികവിന്റെ വെളിച്ചത്തിൽ രണ്ടാംനിരരാഷ്ട്രങ്ങൾ - കൂടുതൽ ഉപയോഗിക്കാത്ത ഒരു പ്രയോഗമാണിത് - എന്നു വിളിക്കുന്നു.
3. ഇക്കാര്യത്തിൽ കൂടുതൽ വെല്ലുവിളിക്കർഹരായത് കുട്ടികളേക്കാളുപരി മാതാപിതാക്കളാണ്. കുട്ടികളുടെ രൂപാന്തരീകരണ കാലഘട്ടങ്ങളിൽ അവരെ പരിപോഷിപ്പിക്കാനും സംരക്ഷിക്കാനുമായി ദൈവം നൽകിയ ഉത്തരവാദത്തങ്ങളിൽ നിന്നും ഒഴിഞ്ഞുമാറി കുട്ടികളെ ടിവിയുടെ മുന്നിലേക്കു തള്ളിവിടുന്നവർതന്നെ.
4. പ്രധാനമായും മൂന്നു മാധ്യമങ്ങളിലൂടെയാണ് ദൈവനിഷേധം വളരുന്നതെന്നാണ് സാമുഹ്യശാസ്ത്രജ്ഞന്മാരുടെ പഠനം. ഒന്നാമത്തേത് മാധ്യമം, രണ്ടാമത്തേത് സാങ്കേതികവികസനം, മൂന്നാമത്തേത് സർവ്വകലാശാലകൾ. തീക്ഷ്ണത നഷ്ടപ്പെട്ട സഭകളെ നാലാമത്തെ മാധ്യമമായിക്കാണുന്നതിൽ തെറ്റുണ്ടോ? സഭകൾക്കു മുല്യങ്ങളുലുള്ള തങ്ങളുടെ നങ്കൂരം നഷ്ടപ്പെടുകയും ലോവുമായുള്ള ബാന്ധവകടലിൽ അലയുകയും ചെയ്യുമ്പോൾ, വിശ്വാസസത്യങ്ങളിൽ വീഴ്ചവരുത്തലാണ് സംഭവിക്കുന്നത്. ഇക്കാര്യങ്ങളെക്കുറിച്ചു ഏതളവുവരെ സംസാരിക്കേണ്ടതുണ്ട് എന്ന ചോദ്യത്തിന് കൃത്യമായ ഉത്തരം ഇല്ലെങ്കിലും, നാം സംസാരിച്ചേ പറ്റൂ.
5. ഞങ്ങളുടെ കുട്ടികൾ എത്രമണിക്കൂർ ടിവി കാണണം, ഏതു ചാനൽ കാണണം എന്നകാര്യങ്ങളിൽ നല്ല വ്യക്തതയും പദ്ധതിയുമുണ്ട്. കുട്ടികൾ കാണുന്നകാര്യങ്ങളുടെ സദാചാരനിലവാരത്തെക്കുറിച്ചു പരിശോധിക്കുകയോ, ബോധവാന്മാരല്ലാത്തതോ ആയ മാതാപിതാക്കൾ തീർച്ചയായും മാറ്റം വരുത്തേണ്ടതുണ്ട്. കുട്ടികളുടെ ടിവി കാഴ്ചയിൽ ഉൾപ്പെട്ടിരിക്കുന്ന മാതാപിതാക്കൾ അവർ കാണുന്ന കാര്യങ്ങളുടെ സദാചാരനിലവാരത്തെ ഉയർത്തുവാൻ സഹായിക്കുന്നവരും, അവരവരുടെ തന്നെ

ടിവി കാഴ്ചയുടെ സദാചാരനിലവാരം ഉയർന്നതായി സൂക്ഷിക്കുന്നവരുമാണ് എന്നത് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞ കാര്യമാണ്. അവരുടെ കുട്ടികളിൽ വളരുന്ന സന്തോഷത്തിന്റെയും നന്ദിയുടെയും നിലവാരത്തിൽ അത്തരം മാതാപിതാക്കൾ സന്തുഷ്ടരുമാണ്.

6. സിംഗപൂരിലെ കാരൻ ലൂയിസിന് ഈ ചോദ്യങ്ങൾക്കു കടപ്പാട്.

7. ഇലക്ട്രിസിറ്റി, ഇന്ധനം, ഭക്ഷണപദാർത്ഥങ്ങൾ എന്നിവ ഉപയോഗിക്കുന്നകാര്യത്തിൽ ശ്രദ്ധാലുക്കളാവുക.

8. 1995ൽ ചൈനയിലെ ഷാങ്ഹായിൽനിന്നും ഒരു കുട്ടിയെ ദത്തെടുക്കാൻ ഞങ്ങൾക്കു ദൈവാനുഗ്രഹമുണ്ടായി.

9. ഞാൻ വിശക്കുന്നവനായിരുന്ന എന്ന ഈ കവിതയുടെ രചയിതാവ് ആരെന്നറിയില്ല.

**അദ്ധ്യായം 15**

# ആത്മാവിലുള്ള സ്വാതന്ത്ര്യം

## ശരിയായ സ്വാതന്ത്ര്യവും തെറ്റായ സ്വാതന്ത്ര്യവും

പരിശുദ്ധാത്മാവു നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുന്ന വിധങ്ങളോടൊപ്പം പ്രവർത്തിക്കാത്ത വഴികളും ഈ പുസ്തകത്തിന്റെ പ്രതിപാദ്യവിഷയമാണ്. അനുസരണത്തെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചുമുള്ള വിരുദ്ധങ്ങളായ അഭിപ്രായങ്ങൾ നമ്മുടെ ചർച്ചയുടെ കടിഞ്ഞാണുമാണ്. ആത്മാവു നമുക്കു സ്വാതന്ത്ര്യം തരുന്നുവെന്ന് പൗലോസ് വ്യക്തമായിത്തന്നെ പഠിപ്പിക്കുന്നു.

> കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവുള്ളിടത്ത് സ്വാതന്ത്ര്യം ഉണ്ട്. എന്നാൽ മൂടുപടം അണിയാത്ത മുഖത്ത് കർത്താവിന്റെ തേജസ്സ് കണ്ണാടിയിൽ എന്നപോലെ പ്രതിഫലിക്കുന്നു; ആത്മാവായ കർത്താവിൽ നിന്ന് തേജസ്സിന്മേൽ തേജസ്സ് പ്രാപിച്ച് അതേ സാദൃശമായി രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു. (2 കൊരിന്ത്യർ 3:17-18).

ആത്മാവു നമുക്കു നൽകുന്ന സ്വാതന്ത്ര്യത്തിന്റെ പ്രകൃതമെന്താണ്? ആത്മീയതയുടെ അകക്കാമ്പിൽ കൃത്യമായി കൊള്ളുന്ന ഒരു ചോദ്യമാണിത്, പലരീതിയിലും. സത്യമായ മതത്തെയും കപടമായ മതത്തെയും തമ്മിൽ വേർതിരിക്കുന്ന ചോദ്യമാണിത്.

## വികാരമാണോ അതോ അനുസരണമാണോ?

ആത്മീയമായിട്ടു നോക്കുമ്പോൾ മാത്രമല്ല, രാഷ്ട്രീയമായും സാമ്പത്തികമായും മറ്റെന്തുരീതിയിൽ നോക്കിയാലും സ്വതന്ത്രമാക്കപ്പെടുകയെന്ന വാക്കു ചെലുത്തുന്ന സ്വാധീനം ശക്തമാണ്. അവനവന്റെ കാര്യം മാത്രം നോക്കുന്ന രീതിയിൽ ചിന്തിക്കുന്ന മതവിഭാഗങ്ങൾ വച്ചു നീട്ടുന്ന കപടസ്വാതന്ത്ര്യവും തിരുവചനങ്ങളിലൂടെ ദൈവം പ്രദാനം ചെയ്യുന്ന യഥാർത്ഥമായ സ്വാതന്ത്ര്യവും തമ്മിലുള്ള അന്തരം വളരെ വലുതാണ്. ആത്മാവുള്ളിടത്ത് സ്വാതന്ത്ര്യമുണ്ട്. വിശുദ്ധമായ ഒരു ജീവിതം നയിക്കാനായുള്ള വചനത്തിന്റെ നിലവാരത്തോട് ഉത്തവാദിത്വബോധം കാണിക്കാത്ത ഒരു ജീവിതമോ, അവനവന്റെ ആത്മനിർവൃതിയിലേക്കു സ്വയം വലിയുന്ന ജീവിതമോ, അനുസരിക്കാതിരിക്കുന്നതിനായി സ്വയം ഒഴിവുകഴിവു കണ്ടെത്തുന്ന ഒരു ജീവിതമോ അല്ല ഈ സ്വാതന്ത്ര്യം. ആത്മാവു നമ്മെ രൂപാന്തരപ്പെടുത്തുന്ന പ്രക്രിയ പുരോഗമിക്കുമ്പോൾ നമ്മുടെ സ്വാതന്ത്ര്യം കുറഞ്ഞുപോകുന്നു എന്ന ഒരു തോന്നൽ ദൈവമക്കൾക്ക് ഒരിക്കലുമുണ്ടാകുന്നില്ല. മറിച്ച് സത്യത്തെ മുറുകെപ്പിടിക്കുന്നവരെ സംബന്ധിച്ച് ആ സ്വാതന്ത്ര്യബോധം വർഷാവർഷം കൂടിവരുന്നതേയുള്ളൂ.

വലിയ വിലകൊടുത്തുമാത്രം അനുഭവിക്കാൻ കഴിയുന്ന സ്വാതന്ത്ര്യം വിലകുറഞ്ഞ ഒന്നല്ല. കറയില്ലാത്ത ക്രിസ്തീയ സ്വാതന്ത്ര്യം (ഗലാത്യർ 5:1) ക്രിസ്തുവിൽ മാത്രം കണ്ടെത്താൻ കഴിയുന്ന ഒന്നാണ് - അതിന്റെ വ്യാജന്മാർ പലതുണ്ടെങ്കിലും. വ്യാജമായ സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്നതു ലോകം മാത്രമല്ല, ക്രിസ്തുവിന്റെ പേരിൽ പോലുമുണ്ടത്. ഏതു ദുരുപദേശത്തിന്റെയും കാതലായ ഭാഗം എളുപ്പവഴിയെന്ത് എന്നചിന്തയാണ്. ആത്മാവിനെ സ്വതന്ത്രമാക്കുക, ഒഴുക്കിനൊത്തു പോവുക, നിങ്ങളുടെ ഹൃദയത്തെ വിശ്വസിക്കുക എന്നിങ്ങനെയുള്ള ആധുനിക കാലത്തിന്റെ മുദ്രാവാക്യങ്ങളെല്ലാം ഇതിൽനിന്നുമുരുത്തിരിയുന്നതാണ്.

വികാരമാണോ അതോ അനുസരണമാണോ: ഇതാണു ചോദ്യം. ദൈവത്തെ അനുഭവിക്കാനായി നാം ഇറങ്ങിപ്പുറപ്പെടുമ്പോൾ തിരഞ്ഞെടുക്കുന്നതു തെറ്റായ വഴിയാണ്. എന്നാൽ ദൈവത്തെ അനുസരിക്കാനായി നാം തീരുമാനിച്ചുറയ്ക്കുമ്പോൾ, നാം ചരിക്കുന്നതു ശരിയായ വഴിയിലാണ്. (മഹത്തായ വികാരങ്ങൾ അപ്പോൾ നമ്മെ തേടിവരുന്നു).

## ട്രാക്കുമാറ്റം

എന്നെ അനുഗമിക്കുവിൻ, ഞാൻ നിങ്ങളെ സ്വതന്ത്രരാക്കാം - ഉത്തരവാദിത്വത്തിൽ നിന്നുള്ള സ്വാതന്ത്ര്യം, നിങ്ങൾക്കു തോന്നുന്നതുപോലെ നിയമങ്ങൾ വ്യാഖ്യാനിക്കാനുള്ള സ്വാതന്ത്ര്യം, നിങ്ങൾ ചിന്തിക്കുന്നതു മാത്രം ശരിയാണെന്നുറപ്പിക്കാനുള്ള സ്വാതന്ത്ര്യം. ഇതാണു സാത്താൻ വാഗ്ദാനം ചെയ്യുന്ന സ്വാതന്ത്ര്യം, ക്രിസ്തുവിനെ വിട്ട് ലോകത്തിലേക്കു തിരിഞ്ഞാൽ മാത്രം മതി ഈ വാഗ്ദാനം സ്വന്തമാക്കുന്നതിന്. ഈച്ചയെപിടിക്കാനുള്ള പശയോടുള്ള ഈച്ചയുടെ ആകർഷണം പോലെയും,

ചൂണ്ടയിലിട്ടിരിക്കുന്ന മണ്ണിരയോടു മത്സ്യത്തിനുള്ള ആകർഷണം പോലെയും, കെണിയിൽ വച്ചിരിക്കുന്ന കപ്പകഷണത്തോടു എലിക്കുള്ള ആകർഷണം പോലെയും, ആദിമ ദമ്പതികൾക്കു വിലക്കപ്പെട്ട കനിയോടുണ്ടായിരുന്ന ആകർഷണം പോലെയുമാണ് സ്വാതന്ത്ര്യമന്വേഷിക്കുന്നവർക്കു സാത്താൻ ഭൗതീക നേട്ടങ്ങൾ കാണിച്ചു നൽകുന്ന ഈ പ്രലോഭനം.

ദുരുപദേശകരെക്കുറിച്ചു പത്രോസ് പറഞ്ഞിരിക്കുന്നതു നോക്കുക: തങ്ങൾതന്നെ നാശത്തിന്റെ അടിമകളായിരിക്കെ മറ്റുള്ളവർക്ക് സ്വാതന്ത്ര്യത്തെ വാഗ്ദത്തം ചെയ്യുന്നു. ഒരുവൻ ഏതിൽ പരാജയപ്പെടുന്നുവോ അതിന് അവൻ അടിമപ്പെട്ടിരിക്കുന്നു. (2 പത്രോസ് 2:19).[1] സ്വയം അടിമയായവന് എങ്ങനെ മറ്റുള്ളവർക്കു സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യാൻ കഴിയും? ധനവാനുവേണ്ടിയ വിടുതൽധനം കെട്ടിവയ്ക്കാൻ ദരിദ്രനു കഴിയുന്നതെങ്ങനെ? അവനു കഴിയില്ല എന്നത് സുതാര്യവും ലളിതവുമായ ഒരു സത്യമാണ്.[2] പിന്നെ എന്തു തരത്തിലുള്ള ഒരു സ്വാതന്ത്ര്യമാണ് അവർ വാഗ്ദാനം ചെയ്യുന്നത്? യാഥാർത്ഥ്യങ്ങളിൽനിന്നും ഉത്തരവാദിത്വങ്ങളിൽ നിന്നുമുള്ള വിനാശകരമായ ഒരു ഒളിച്ചോട്ടമാണ് അവർ വാഗ്ദാനം ചെയ്യുന്നതെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

നിങ്ങൾ ഒരു ട്രെയിനാണെന്നു സങ്കൽപ്പിക്കുക. നിങ്ങൾക്കിഷ്ടമുള്ള അത്രയും ദേശത്തേക്കും ദൂരത്തേക്കും പോകാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കുണ്ടെന്നു നിങ്ങളെ അറിയിച്ചിട്ടുണ്ട് – ഒരേയൊരു നിബന്ധന, നിങ്ങൾ ട്രാക്കുവിട്ട് ഓടാൻ പാടില്ല എന്നതാണ്. എന്നാൽ തങ്ങൾക്കു തോന്നുന്ന വഴിയിൽ, സ്വയം നിശ്ചയിക്കുന്ന ലക്ഷ്യത്തിലേക്ക് ഓടുന്ന സമ്പൂർണ്ണ സ്വതന്ത്രരായ വാഹനങ്ങളെക്കുറിച്ചു നിങ്ങൾ ധാരാളമായി കേട്ടിരിക്കുന്നു. കേട്ടു കേട്ട് അവസാനം നിങ്ങളാകുന്ന ട്രെയിനിനും തോന്നിത്തുടങ്ങി ഈ വിട്ടുവീഴ്ചയില്ലാത്ത ട്രാക്കും, സിഗ്നലുകളും മറ്റും നിങ്ങളുടെ സ്വാതന്ത്ര്യത്തിന് ഒരു വിലങ്ങുതടിയാണെന്ന്. ഈ സമ്പ്രദായങ്ങൾ വിട്ട് സ്വന്തം വഴിക്കുപോയവരുടെ ധീരതയോടുള്ള ആരാധന നിങ്ങളിലും വർദ്ധിച്ചുവന്നു. ഈ ഇടുങ്ങിയ ട്രാക്കുകളുടെ നിയന്ത്രണത്തിൽ നിന്നും എന്നന്നേക്കുമായി വിടുതൽ നേടിയിട്ട്, നിങ്ങൾക്കു തോന്നുന്ന ദിശയിൽ നിങ്ങൾക്കു തോന്നുന്ന രീതിയിൽ ഓടാനുള്ള സ്വാതന്ത്ര്യമെന്ന വ്യാമോഹം നേടുവാനും അനുഭവിക്കുവാനും എന്തുകൊണ്ടാവില്ല എന്ന ചിന്തയാൽ.

ലോകത്തെയും അതു വാഗ്ദാനം ചെയ്യുന്ന വ്യർത്ഥ സ്വാതന്ത്ര്യത്തെയും മോഹത്തോടെ നോക്കാത്തവരായി നമ്മിൽ ആരുമില്ല – ഈ ട്രെയിൻ മോഹിച്ചതു പോലെ. എന്നാൽ നമുക്കായി അടയാളപ്പെടുത്തിയ ഈ ട്രാക്കുകളിൽനിന്നും തെന്നിമാറുന്നത് ദീർഘകാലത്തേക്കു സുരക്ഷയും സൗഭാഗ്യങ്ങളും നൽകുന്ന ഒരു കാര്യമല്ല എന്നത് ഉറപ്പുള്ള ഒരു സത്യമാണ് – നമുക്കോരോരുത്തർക്കും അക്കാര്യമറിയാം. നമ്മുടെ ധിക്കാരത്തിനുള്ള പ്രതിഫലമായി അപകടവും വേദനയും നമുക്കു ലഭിക്കും, ഇപ്പോഴല്ലെങ്കിൽ പിന്നെയെപ്പോഴെങ്കിലും – മിക്കവാറും ഇപ്പോൾത്തന്നെ.

വചനത്തിനു നിരക്കാത്തതും വചനത്തോടുള്ള അനുസരണയെ കവച്ചുവയ്ക്കുന്നതുമായ സ്വാതന്ത്ര്യം ഒരു മരീചികയാണ്. അങ്ങനെയൊന്ന് നിലവിലില്ല. പുതിയ ലോകത്തിന്റെ മതങ്ങളോ, നവപെന്തക്കോസ്തു ചിന്തകളോ ഒന്നും നമുക്കു വെളിപ്പെടുത്തി തന്നിരിക്കുന്ന ദൈവവചനത്തിനു പകരം വയ്ക്കാനാകുന്നതല്ല. നാമെന്തായിരിക്കുന്നുവോ (ട്രെയിൽ) അതിൽനിന്നും നാമെന്തല്ലാ എന്നതിലേക്കു (പറത്താനുള്ള ഒരു ആത്മീയ യന്ത്രം മുതുകത്തു ഘടിപ്പിച്ചുകൊണ്ടു സ്വതന്ത്രവിഹാരം ചെയ്യുന്ന ആകാശവിമാനങ്ങൾ) മാറ്റാനുള്ള ഒരു സമാന്തര സംവിധാനവുമില്ല. നമുക്കായി ഉറപ്പിച്ചിരിക്കുന്ന ട്രാക്കിൽ മുന്നേറാനായിട്ടാണ് നമ്മെ രൂപപ്പെടുത്തിയതും സൃഷ്ടിച്ചതും. ആ പാതയിൽ നാം വിശ്വസ്തതയോടെ മുന്നേറുന്നിടത്തോളം കാലം, ലഘുവും അല്പസമയത്തേക്കുമാത്രവുമുള്ള കഷ്ടങ്ങൾ ഉണ്ടെങ്കിലും, ജീവിതം സുന്ദരമായ പാതയിലായിരിക്കും. എന്നാൽ ദൈവീക വഴികളിലെ നിയന്ത്രണങ്ങളും (അതു നൽകുന്ന സുരക്ഷയും) വിട്ടുമാറുന്നവർക്കു വരുവാനിരിക്കുന്നതിനെ വിവരിക്കാൻ ഭീകരത, ദുരന്തം എന്ന വാക്കുകൾ ഒട്ടും തികയുന്നതല്ല.

എന്നാൽ ദൈവാത്മാവുള്ളിടത്തോ, അതെ അവിടെത്തന്നെ, യഥാർത്ഥമായ സ്വാതന്ത്ര്യം നമുക്കനുഭവിക്കാൻ കഴിയും.

## ദൈവത്തിന്റെ ആത്മാവ്, നിങ്ങളുടേതല്ല

ഞാൻ എന്റെ രീതിയിൽ ഞാൻ അതു നേടി... പ്രശസ്തമായ ഒരു ഗാനത്തിലെ ഒരു വരിയാണിത്. വഴിപിഴച്ചുപോയ ഒരു ലോകത്തെസംബന്ധിച്ച് ഈ പ്രസ്താവന ശരിയാണെങ്കിലും ദുഃഖകരമാണ് അവരുടെ അവസ്ഥ. നമ്മുടെ ആത്മാവു പറയുന്ന രീതിയിൽ പോകാൻ, നമ്മുടെ രീതിയിൽ കാര്യങ്ങൾ ചെയ്യാൻ നാമെല്ലാവരും ശ്രമിച്ചിട്ടുണ്ട്. ഞാൻ ദൈവത്തിന്റെ രീതിയിൽ അതു ചെയ്തു.. എന്നു പാടുന്നത് എത്രയോ ശ്രേഷ്ടമായിരിക്കും? (മത്തായി 7:21–27 കാണുക). ധീരനും സ്നേഹവാനും ആത്മനിയന്ത്രണമുള്ളവനുമായി ദൈവാത്മാവു നിങ്ങളെ മാറ്റും, ഉള്ളിൽ നിന്നും പുറത്തേക്ക്. ദൈവവുമായി ശ്രേഷ്ടമായ ഒരു ബന്ധം ആസ്വദിക്കുന്നതിനും, ക്രിസ്തുവിനുവേണ്ടി സുഹൃ

ത്തുക്കളെ നേടാനും ആളുകളെ സ്വാധീനിക്കാനും ഈ മൂന്ന് ആത്മീയവരങ്ങളുടെ സങ്കരം നമ്മെ സജ്ജമാക്കും. എന്നിരുന്നാലും സ്വഭാവത്തിലെ മാറ്റങ്ങൾ സാവധാനത്തിലേ ഉണ്ടാകൂ. ക്രിസ്തീയ ജീവിതം കുറച്ചുകാലത്തേക്കു പരീക്ഷിച്ചു നോക്കാം അല്ലെങ്കിൽ അതു തിരിച്ചു കൊടുത്തു കാശുതിരികെ വാങ്ങിക്കാം എന്ന ചിന്ത ഒരു നിമിഷത്തേക്കു പോലും നിങ്ങളിൽ വച്ചുകൊണ്ടിരിക്കരുത്. ക്രിസ്തുവാകുന്ന തലയോളം വളരുകയെന്നത് ഒരു ആജീവനാന്ത പ്രക്രിയയാണ്. നിങ്ങളിലെ പുരോഗതി കണ്ടു ധൈര്യപ്പെടുക (ഫിലിപ്പിയർ 1:25).

വരങ്ങളും കൃപയും വഴികാട്ടലും ആത്മാവു നമുക്കു നൽകുന്നു. മറ്റുള്ളവരുടെ നന്മയ്ക്കായി ഉപയോഗിക്കാനുള്ള വരങ്ങളാണിവ. കഴിഞ്ഞ കാലങ്ങളിലെയും വരുവാനിരിക്കുന്ന കാലങ്ങളിലെയും പാപങ്ങൾ പൊറുത്ത്, ദൈവമക്കളെന്ന നിലയിലുള്ള സ്വാതന്ത്ര്യം ആസ്വദിച്ചുകൊണ്ടു ജീവിക്കുന്നതിനൊപ്പം നമ്മുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണ് നമുക്കു ലഭിച്ച ഈ ദൈവകൃപ. ആത്മാവിനാൽ പ്രചോദിതമായി എഴുതിയ വചനങ്ങളിൽക്കൂടിയാണ് നമുക്കു മാർഗ്ഗനിർദ്ദേശങ്ങൾ ആത്മാവു നല്കുന്നത്. തിരുവചനങ്ങളിൽ സജീവമായും ഊർജ്ജസ്വലമായും ജീവിച്ച് ജ്ഞാനം ആർജ്ജിച്ച വ്യക്തികളിൽക്കൂടെയും നമുക്കു മാർഗ്ഗ നിർദ്ദേശങ്ങൾ ലഭിക്കുന്നു.

പരിശുദ്ധനായ അവന്റെ ആത്മാവു നമ്മെ പരിശുദ്ധിയിലേക്കു നയിക്കുകയും ചെയ്യുന്നു. ദൈവീകമായ ദ്വിമുഖ ദൗത്യങ്ങൾ നാം നിറവേറ്റണമെന്ന് ആത്മാവു നിർബന്ധിക്കുകയും ചെയ്യുന്നു – ലോകം മുഴുവൻ സുവിശേഷമെത്തിക്കുക എന്നതും, എളിമയോടെ ജീവിച്ച് ദരിദ്രരായവരുടെ ആവശ്യങ്ങൾ നിറവേറ്റുകയെന്നതും. നമ്മുടെ ജീവിതത്തിന്റെ ആകെത്തുക ഇതാകുമ്പോൾ നാം ആത്മാവിൽ സമ്പൂർണ്ണ സ്വതന്ത്രരാകും.

## ഉള്ളിൽ നിന്നും പുറത്തേക്കും, കീഴ്മേലും!

ഈ പുസ്തകം ഇത്രയും വായിച്ചപ്പോൾത്തന്നെ ആത്മാവിനെക്കുറിച്ചു നിങ്ങൾക്കുള്ള അവബോധം കുറച്ചുകൂടി ആഴത്തിലുള്ളതായി എന്നെനിക്കു പ്രത്യാശയുണ്ട്. അതുശരിയാണെങ്കിൽ ആ അവബോധം നിങ്ങൾ ഏതു രീതിയിലാണ് ഉപയോഗിക്കാൻ പോകുന്നത്? നിങ്ങളിൽ എന്തു മാറ്റമാണ് ഉണ്ടാകുവാൻ പോകുന്നത്. കാലാകാലങ്ങളിൽ മനുഷ്യർ സത്യത്തിൽ തട്ടിവീഴാറുണ്ട്, എന്നാൽ ഭൂരിഭാഗം പേരും ഒന്നും സംഭവിക്കാത്തതുപോലെ എഴുന്നേറ്റു പൊടിതട്ടി സ്ഥലം വിടുകയാണു ചെയ്യുന്നത് – വിൻസ്റ്റൻ ചർച്ചിലിന്റെ വാക്കുകളാണിവ. സത്യത്തെ അഭിമുഖീകരിക്കുമ്പോൾ അലംഭാവത്തോടെയുള്ള ഒരു അനങ്ങാപ്പാറനയം സ്വീകരിക്കാനുള്ള മനുഷ്യവർഗ്ഗത്തിന്റെ കഴിവ് അതിശയകരമായതാണ് (യാക്കോബ് 1:24, യെഹെസ്കേൽ 33:30–32). നമ്മെ സംബന്ധിച്ചും ഇതൊരു വാസ്തവമാകാതിരിക്കട്ടെ. കാരണം വീരതുല്ല്യമായ ധീരതയോടെ ആത്മീയ ജീവിതം നയിക്കാൻ നമ്മെ പ്രാപ്തമാക്കുന്ന ഒരു ആന്തരിക ശക്തി നമ്മിൽ വസിക്കുന്നു. അദൃശ്യനാണെങ്കിലും വളരെ വ്യക്തമായി കാണാൻ കഴിയുന്ന ആ ശക്തിമാന്റെ പേരാണ് പരിശുദ്ധാത്മാവ്.

നമ്മിൽ വസിച്ചുകൊണ്ടു നമ്മുടെ ജീവിതത്തിന്റെ നായകത്വം വഹിക്കുന്ന പരിശുദ്ധാത്മാവ്, വചനങ്ങളുസരിച്ചു ജീവിക്കാനും അന്തഃരംഗത്തിൽ ദൈവഹിതമന്വേഷിക്കാനും നമ്മെ പ്രേരിപ്പിക്കുന്നു – നാം ചെറുത്തു നിൽക്കുന്നില്ലെങ്കിൽ. നാം അവനു കീഴടങ്ങുമ്പോൾ, നമ്മുടെ ജീവിതം രൂപാന്തരം പ്രാപിച്ചതായിത്തീരും – ഉള്ളിൽ നിന്നും പുറത്തേക്ക്, ആ പ്രയാണത്തിൽ നാം ലോകത്തെ മാറ്റുകയും ചെയ്യും – കീഴ്മേൽ.

### ശോധനചെയ്യുവാൻ:

1. രക്ഷയുടെ ആനന്ദം എന്നിൽ എത്രമാത്രമുണ്ട്? സ്വാതന്ത്ര്യം അനുഭവിക്കുന്ന ഒരാളാണോ ഞാൻ?
2. ഈ ആഴ്ചയിൽ ആത്മാവെന്നെ പഠിപ്പിക്കാൻ ശ്രമിച്ചത് എന്താണ്? ആത്മാവു നൽകുന്ന സൂചനകൾ അനുസരിച്ചാൽ എന്റെ ജീവിതം എത്രകണ്ടു ശാന്തമാകും?
3. കൂടുതൽ ആഴത്തിലേക്കു പോകാൻ എനിക്കു താത്പര്യമുണ്ടോ? പുസ്തകത്തിന്റെ അടുത്ത പകുതി വരാൻ പോകുന്നു!

### കുറിപ്പുകൾ:

1. തെറ്റായ സ്വാതന്ത്ര്യത്തെക്കുറിച്ചു പഴയനിയമം സംസാരിക്കുന്നതു കാണുന്നതിനായി യിരമ്യ 2:21–32 നോക്കുക.
2. സ്വയം നിയന്ത്രിക്കാനറിയാത്ത ഒരു മനുഷ്യനും സ്വതന്ത്രനല്ല (പൈതഗോറസ്).

## ഭാഗം 2

# തെറ്റിധാരണകളുടെ കുരുക്കഴിക്കൽ

കൂടുതൽ സാങ്കേതികമായ കാര്യങ്ങളെക്കുറിച്ചാണ് കൂടുതൽ പരന്ന ഒരു രീതിയിൽ ഈ ഭാഗത്തു കൈകാര്യം ചെയ്യുന്നത്. പ്രത്യേകിച്ചു നവപെന്തക്കോസ്തു വൃത്തങ്ങളുടെ ഉപദേശങ്ങളെ അധികരിച്ച്.

16–25 അദ്ധ്യായങ്ങളിൽ അത്ഭുതങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങളെ പരിശോധിക്കുന്നു. 26, 27 അദ്ധ്യായങ്ങൾ സാധാരണമായ ചില ചോദ്യങ്ങളെയും പ്രയാസകരമായ വചനങ്ങളെയും വിശദീകരിക്കുന്നു.

**അദ്ധ്യായം 16**

# അത്ഭുതങ്ങൾ ഇന്ന്?

## ഉള്ളകാര്യം പറഞ്ഞാൽ...

ഉള്ള കാര്യം പറഞ്ഞാൽ ഉറിയും ചിരിക്കുമെന്ന ചൊല്ല് എന്റെ ജീവിതത്തിൽ പ്രായോഗികമാക്കപ്പെട്ട ഒരു സംഭവമുണ്ടായിട്ടുണ്ട്. ഞാൻ ഹൈസ്കൂളിൽ പഠിച്ചിരുന്ന സമയത്ത് ഒരു കരിസ്മാറ്റിക് പ്രാർത്ഥനാ യോഗത്തിൽ പങ്കെടുക്കുവാനായുള്ള ക്ഷണം ലഭിച്ചു.(1) യോഗത്തിനു ശേഷം ആ കൂട്ടത്തിൽപ്പെട്ട നാലുപേർ എന്നെ വേറെയൊരു മുറിയിലേക്കു കൂട്ടിക്കൊണ്ടു പോയി കസേരയിൽ ഇരുത്തിയതിനു ശേഷം എനിക്കു സൗഖ്യം ലഭിക്കാനായി അവർ പ്രാർത്ഥിക്കട്ടെയെന്നു ചോദിച്ചു.

എന്താണെന്റെ അസുഖം? എന്നു ഞാൻ ചോദിച്ചു.

നിങ്ങളുടെ ഒരു കാലിനു മറ്റേ കാലിനേക്കാൾ നീളക്കുറവുണ്ട്, നിങ്ങൾ അത് ഇതുവരെ ശ്രദ്ധിച്ചില്ലേ? എന്നവർ ചോദിച്ചു.

അതു ശരിയായിരിക്കാം, എന്നു ഞാൻ മറുപടി പറഞ്ഞു. രണ്ടു കാലും പൂർണ്ണമായും ഒരേ നീളത്തിലുള്ളതാണെന്നു പറയാൻ നമുക്കൊരിക്കലും കഴിയില്ല. കാലിന്റെ കാര്യത്തിൽ മാത്രമല്ല കൈകളുടെ കാര്യത്തിലും സമാനമായ വിരലുകളുടെ കാര്യത്തിലും ചെവിയുടെ കാര്യത്തിലുമെല്ലാം ഇതു സത്യമാണ്. (ഇരട്ട അവയവങ്ങളാൽ രൂപസൗഷ്ഠവത്തോടെ നമ്മെ മെനഞ്ഞ ദൈവത്തിന്റെ ഒരു കുസൃതി).

നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. നിങ്ങളുടെ കാലിനുവേണ്ടി പ്രാർത്ഥിക്കട്ടേയെന്ന് അവർ ചോദിച്ചു. അവർക്കു വല്ലായ്മ തോന്നേണ്ട എന്നു കരുതി അവരുടെ നിർദ്ദേശം ഞാൻ അംഗീകരിച്ചു. അവർ എന്റെ കാലുകൾ വലിച്ചു നീട്ടി – ഒരു സെന്റിമീറ്ററിന്റെ ചെറിയ ഒരു അംശമുള്ള വ്യത്യാസത്തിൽ ചെറുതായ കാലെനിക്കു കാണിച്ചു തന്നു. ചരിത്രപ്രധാനമായ ഒരു സൗഖ്യശുശ്രൂഷയ്ക്കാണു ഞാൻ സാക്ഷ്യം വഹിക്കാൻ പോകുന്നതെന്ന് എനിക്കു തോന്നി.

ആ നാലു പേർ എന്റെ മേൽ കൈവച്ച്, യേശുവിന്റെ സൗഖ്യദായക ശക്തിയെ വിളിച്ചു പ്രാർത്ഥിച്ചു. അതിനു ശേഷം, ഇപ്പോൾ എല്ലാം ശരിയായി, നിങ്ങൾക്കു സൗഖ്യം ലഭിച്ചു എന്നവർ പറഞ്ഞു. കുറച്ചു ഹല്ലേലൂയയും ആമേനും അതിനൊപ്പമുയർന്നു.

അവർ അവകാശപ്പെട്ട അത്ഭുതത്തെക്കുറിച്ച് എനിക്കു വലിയ മതിപ്പൊന്നും ഉണ്ടായിരുന്നില്ലായെങ്കിലും അവരുടെ വിശ്വാസത്തെക്കുറിച്ചുള്ള മതിപ്പ് എന്നിൽ ആശ്ചര്യമുണ്ടാക്കി. സാധാരണഗതിയിൽ ദൈവം ചെയ്യാത്ത കാര്യങ്ങൾ അവരുടെ പ്രാർത്ഥനയ്ക്കുത്തരമായി ചെയ്യുമെന്നുള്ള ദൃഢവിശ്വാസം. ദൈവം ഇതു പോലെ രോഗസൗഖ്യം നൽകുന്നവനാണോയെന്നും, എനിക്കു ദൈവവുമായി കലർപ്പില്ലാത്ത ഒരു ബന്ധം ഉണ്ടാക്കുവാൻ കഴിയുമോ എന്നുമുള്ള ചോദ്യങ്ങൾ ഉള്ളിൽ വച്ചുകൊണ്ട് അടുത്ത യോഗത്തിലേക്കും ഞാൻ പോയി.

### ആത്മാവിനാൽ വധിക്കപ്പെടുക?

മറ്റൊരവസരത്തിൽ; ഫുൾ ഗോസ്പൽ ബിസിനസ്മെൻസ് ഫെല്ലോഷിപ്പ് ഇന്റർനാഷണൽ എന്ന സംഘടനയുടെ ഒരു യോഗം, മറ്റൊരു ദേശത്തുനിന്നെത്തിയ പ്രാസംഗികൻ ആളുകളെ ആത്മാവിൽ വധിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഉന്മത്തരായ ആളുകളാൽ ചൂടുപിടിച്ച ഒരു അന്തരീക്ഷത്തിൽ, വിശേഷപ്പെട്ട രീതിയിൽ പ്രാർത്ഥിക്കാനാവശ്യപ്പെട്ടു തന്റെയടുത്തേക്കു ചെല്ലുന്നവരെ പ്രാർത്ഥനയ്ക്കു ശേഷം അദ്ദേഹം ദൃഢമായി തള്ളുന്നു. തള്ളപ്പെടുന്നവ്യക്തിയുടെ പിന്നിലായി രണ്ടുവശവും നിൽക്കുന്ന സേവകരുടെ കയ്യിലേക്ക് അയാൾ മറിഞ്ഞു വീഴുന്നു. ഇത്തരമൊരു പ്രക്രിയ അവിടെക്കൂടിയിരിക്കുന്നവരുടെ മസ്തിഷ്കത്തിൽ ഉണ്ടാക്കുന്ന പെരുക്കം വളരെ വലുതാണ്. നവീനപെന്തക്കോസ്തുകാരുടെ ഭാഷയിൽ ഇതു ആത്മാവിലുള്ള വധമാണ്. എന്നെ സംബന്ധിച്ചാകട്ടെ, അന്ധവിശ്വാസകലുഷിതമായ മനസ്സുള്ള ഒരുകൂട്ടം ആളുകളുടെ തരളിതമായ മനസ്സിനെ മുതലെടുക്കാൻ കഴിയുന്ന ഒരു വ്യക്തിയുടെ മനഃശ്ശക്തി പ്രകടനവും. ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞപ്പോഴേക്ക് എനിക്ക് ആ വ്യക്തിയെ സമീപിച്ച് എന്റെ കണ്ണിന്റെ ഹ്രസ്വദൂരക്കാഴ്ച ശരിയാക്കാനായി പ്രാർത്ഥിക്കാനാവശ്യപ്പെടാനുള്ള ധൈര്യം കൈവന്നു. എന്നാൽ എന്റെ തൊട്ടു മുന്നിലുള്ള വ്യക്തിയുടെ ആത്മാവിലുള്ള വധത്തോടെ അന്നത്തെ മീറ്റിംഗ് അവസാനിച്ചു. എന്തു പറയാൻ!

### അനുദിനമായ അത്ഭുതങ്ങൾ?

നവപെന്തക്കോസ്തുകാരുടെ അടയാളങ്ങളും അത്ഭുതങ്ങളും മൂന്നു രീതിയിൽ എനിക്ക് അംഗീകരിക്കാൻ കഴിയില്ല. ഒന്നാമതായി, അവരുടെ അത്ഭുതങ്ങൾ നിർവ്യാജമാണെന്നു പറയാൻ കഴിയുകയില്ല. പരിഹാസ്യമായ രീതിയിലുള്ള അർത്ഥമില്ലാത്ത ജൽപനങ്ങളും, അവർ നടത്തുന്ന അത്ഭുതങ്ങ

ളും അടയാളങ്ങളും തമ്മിലുള്ള ശ്രദ്ധേയമായ സാമ്യവും, മായാജാലവിദ്യക്കാരുടെ സൂത്രപ്പണിക ളോടു സാമ്യമുള്ള ഭാവഹാവാദികളും മറ്റും വളരെയധികം സംഭ്രമിപ്പിക്കുന്നതും അസ്വാസ്ഥ്യമുണ്ടാ ക്കുന്നതുമാണ്.(2) അന്ധവിശ്വാസത്തിലൂന്നിയ ഈ മതത്തിലെല്ലായിടത്തുമുള്ള പൊതുവായ രീതിക ളാണു നാം മുകളിൽ കണ്ടത്.

രണ്ടാമതായി, ബൈബിളിൽ നാം കാണുന്ന അത്ഭുതങ്ങളുടെയെല്ലാം പിന്നിൽ വ്യക്തമായ ദൈവീകപദ്ധതികൾ ഉൾക്കൊള്ളുന്നുണ്ട്. അവയിൽ ഉൾപ്പെട്ടിരിക്കുന്നവർക്കെല്ലാം പ്രയോജനമുണ്ടാ യിട്ടുണ്ട് – ചിലർക്കു വൈദ്യശാസ്ത്രപരമായ രീതിയിലോ, അല്ലെങ്കിൽ ദൈവത്തെക്കുറിച്ചുള്ള ബോധ്യ ത്തിന്റെ ആഴം കൂട്ടുന്ന രീതിയിലോ ഒക്കെ. പകിട്ടു കാണിക്കാനുള്ള ഒരു പ്രദർശനമെന്ന രീതി യിലോ അല്ലെങ്കിൽ പണശേഖരത്തിനുള്ള ആഹ്വാനമായിട്ടോ അത്ഭുതങ്ങളെ വേദപുസ്തകത്തിൽ ഉപയോഗിക്കുന്നേയില്ല. അപഹാസ്യരായ ഇത്തരം ആളുകളുടെ പ്രശസ്തി വർദ്ധിപ്പിക്കാനോ അവ രുടെ സാമ്പത്തികശേഷി വർദ്ധിപ്പിക്കാനോ ഒക്കെ നമ്മൾ കഠിനാധ്വാനം ചെയ്തുണ്ടാക്കിയ പണം ചിലവഴിക്കേണ്ടതുണ്ടോ?

ബൈബിളിൽ അത്ഭുതങ്ങൾ എല്ലാ ദിവസവും നടന്നിരുന്നു എന്നു നവപെന്തക്കോസ്തു വൃത്തങ്ങൾ പ്രചരിപ്പിക്കുന്നതിനോടാണ് മൂന്നാമതായി എനിക്കു വിയോജിപ്പുള്ളത്. യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേയ്ക്കും ഒരു പോലെയുള്ളവൻ എന്ന ഒരു വചനത്തിൽ (എബ്രായർ 13:8) കയറിപ്പിടിച്ച്, പുതിയനിയമ സഭയിൽ നടന്ന അത്ഭുതങ്ങൾ ഇന്നും നടക്കുന്നു എന്ന ഒരു സിദ്ധാന്തം ഉന്നയിക്കുന്നതു യുക്തിഭദ്രല്ലാത്തതും ഉപരിപ്ലവമായതുമാണ്.

## അത്ഭുതങ്ങൾ അപൂർവ്വമായതാണ്

അത്ഭുതങ്ങൾ എല്ലാ ദിവസവും നടക്കുന്നുവെങ്കിൽ അതിനെ അത്ഭുതങ്ങളായിട്ട് ആരും കണക്കുകൂട്ടുകയില്ല എന്ന് സി എസ് ലൂയിസ്, മിറക്കിൾസ് എന്ന തന്റെ പുസ്തകത്തിൽ ചൂണ്ടിക്കാ ണിച്ചിരിക്കുന്നു. അത്ഭുതത്തിന്റെ നിർവ്വചനം തന്നെ പതിവില്ലാത്ത രീതിയിൽ സംഭവിക്കുന്നത് എന്ന താണല്ലോ, സാധാരണ രീതിയിൽ നിന്നും വ്യത്യസ്തമായി പ്രകൃതിയുടെ നിശ്ചയങ്ങളെ ദൈവ ത്തിന്റെ കൈകടത്തലാൽ മറികടക്കുന്ന സംഭവങ്ങളാണ് അവ. ബൈബിളിൽ വിവരിക്കുന്ന കാലഘട്ടത്തിൽ പോലും അത്ഭുതങ്ങൾ അനുദിനം സംഭവിക്കുന്നില്ലായിരുന്നു. ബൈബിൾ കാലഘ ട്ടത്തിൽ ജീവിച്ചിരുന്ന ഒരു സാധാരണക്കാരനായിരുന്നു നിങ്ങൾ എങ്കിൽ ഒരു അത്ഭുതവും കാണാതെ നിങ്ങളുടെ ജീവിതകാലം കഴിഞ്ഞുപോകുവാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. എന്നാൽ നവ പെന്തക്കോസ്തുകാരുടെ വാദമാകട്ടെ ബൈബിൾ കാലഘട്ടത്തിൽ അനുദിനം അത്ഭുതങ്ങൾ നടന്നി രുന്നു എന്നതാണ്.

സുവിശേഷ കാലഘട്ടത്തിൽ നിന്നും അപ്പസ്തോലരുടെ പ്രവർത്തികളുടെ കാലഘട്ടത്തി ലേക്കും പിന്നീട് ലേഖനങ്ങളുടെ കാലഘട്ടത്തിലേക്കും വരുമ്പോൾ, അത്ഭുതങ്ങളുടെ ഇടവേള പ്രക ടമായ രീതിയിൽത്തന്നെ കുറഞ്ഞു വരുന്നതു നാം കാണുന്നു എന്ന കാര്യം ബൈബിൾ പണ്ഢി തന്മാർ ചൂണ്ടിക്കാട്ടുന്നു. പുതിയനിയമത്തിൽ അത്ഭുതങ്ങൾ പതിവായി നടക്കുന്നതു നാം കാണു ന്നില്ല. പലവർഷങ്ങളുടെ ചരിത്രത്തെ കുറച്ചു ചുരുളുകളിൽ ഒതുക്കിയ പുതിയനിയമപുസ്തകം, പ്രത്യേകിച്ച് സുവിശേഷങ്ങളും അപ്പസ്തോലന്മാരുടെ പ്രവർത്തികളും, അത്ഭുതങ്ങൾ അനുദിനം നടന്നിരുന്നുവെന്ന ഒരു തോന്നൽ നൽകാൻ മതിയായതാണ്. അനേക വർഷങ്ങളിലെ പ്രധാനപ്പെട്ട സംഭവങ്ങളെല്ലാമാണ് ഈ പുസ്തകങ്ങളിൽ നാം വായിക്കുന്നത്. ഇനി പഴയനിയത്തിലെ സ്ഥിതി യെന്താണ്?

പഴയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന അത്ഭുതങ്ങൾ രണ്ടു കാലഘട്ടങ്ങളോടു ചേർന്നു നടക്കുന്നതായി നമുക്കു കാണാൻ കഴിയും – പുറപ്പാടിന്റെ കാലഘട്ടത്തിലും, ഏലിയാവിലൂടെയും ഏലീശാവിലൂടെയും തുടക്കം കുറിക്കുന്ന പ്രവാചകന്മാരുടെ കാലഘട്ടത്തിലുമാണ് അവ സംഭവി ക്കുന്നത്. പ്രവാസകാലഘട്ടത്തിൽ എഴുതിയ സങ്കീർത്തനം 74:9, പഴയനിയമകാലഘട്ടത്തിലെ ഭൂരി ഭാഗം സമയങ്ങളെയും പ്രതിധ്വനിപ്പിക്കുന്നു.

> ഞങ്ങൾ ഞങ്ങളുടെ അടയാളങ്ങൾ കാണുന്നില്ല; യാതൊരു പ്രവാചകനും ശേഷിച്ചിട്ടില്ല;
> ഇത് എത്രകാലം എന്നറിയുന്നവൻ ഞങ്ങളുടെ ഇടയിൽ ഇല്ല. (സങ്കീർത്തനം 74:9)

പ്രവാചകരുടെ പ്രവചന സ്വരം നിലച്ചു പോയെന്ന കാര്യം നവപെന്തക്കോസ്തു വൃത്തങ്ങൾ അറിയില്ലെന്നു നടിക്കുന്നു. പ്രവചനങ്ങളും അന്യഭാഷയും രോഗസൗഖ്യവരങ്ങളുമെല്ലാം നിലച്ചു പോയെന്ന കാര്യം അവരെ സംബന്ധിച്ച് അചിന്തനീയമായതാണ്. പ്രവാചകശുശ്രൂഷയെ ചരിത്ര ത്തിൽ പലപ്രാവശ്യം ദൈവം അവസാനിപ്പിച്ചിട്ടുണ്ട്. സങ്കീർത്തനം 77:11 നമുക്കുണ്ടായിരിക്കേണ്ട ഒരു മനോഭാമാണ്. ഞാൻ യഹോവയുടെ പ്രവർത്തികൾ വർണ്ണിക്കും; നിന്റെ പണ്ടത്തെ അത്ഭുതങ്ങൾ ഞാൻ ഓർക്കും.

**അത്ഭുതങ്ങൾ**

ആളുകൾ ഇന്ന് അത്ഭുതങ്ങളെന്നു പേരിട്ടു വിളിക്കുന്ന കാര്യങ്ങളും ബൈബിളിലെ അത്ഭുതങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ വളരെ വ്യക്തമാണ്. എന്നാൽ വളരെ നാടകീയമായ രീതിയിൽ ഇവർ ഉന്നയിക്കുന്ന അവകാശവാദങ്ങളെ നമ്മൾ എപ്രകാരമാണ് കണക്കിലെടുക്കേണ്ടത്? വിശ്വാസത്താലുളവാകുന്ന രോഗസൗഖ്യത്തെക്കുറിച്ചുള്ള തിരിച്ചറിവുകൾ നമുക്കൊന്നു കൂടി വ്യക്തമായതാക്കാം:

- രോഗസൗഖ്യമെന്നത് മാനസികമായ ഒരു കാര്യമാകാം. മനസ്സിന് ശരീരത്തിന്റെ മേലുള്ള നിയന്ത്രണത്തെ കുറച്ചുകാണാൻ കഴിയില്ല. വൈദ്യശാസ്ത്രപരമായ രോഗസൗഖ്യത്തിന്റെ മുപ്പതു ശതമാനം പോലും മാനസികമായ കാരണങ്ങളെ ആസ്പദമാക്കിയുള്ളതാണ്.
- ഇവ കള്ളത്തരത്തിലുള്ള ഒരു കാര്യമാകാം (2 കൊരിന്ത്യർ 11:13-15), പണലാഭം മുന്നിൽകണ്ടു ചെയ്യുന്ന പ്രവർത്തികളുമാകാം (2 കൊരിന്ത്യർ 2:17).
- ഇപ്പോൾ നിലവിലുള്ള ശാസ്ത്രീയമായ അറിവുകൾ കൊണ്ടു വിശദീകരിക്കാൻ സാദ്ധ്യമല്ലാത്ത ഒരു സംഭവവുമാകാമത്. (എന്നാൽ കാലം കഴിയുമ്പോൾ തക്കതായ വിശദീകരണം കണ്ടെത്താൻ കഴിഞ്ഞേക്കും).
- അവകാശവാദങ്ങളെ പെരുപ്പിച്ചു പറയുന്നതിനെയും നാം കണക്കിലെടുക്കേണ്ടതുണ്ട്. ഇതു നിങ്ങൾ നേരിൽകണ്ട ഒരു കാര്യമാണോ അതോ ആരെങ്കിലും പറഞ്ഞതു കേട്ടതാണോ? എന്ന ചോദ്യം സഹായകരമാണ്. എല്ലായ്പ്പോഴും പെരുപ്പിച്ചു പറയാറില്ലെങ്കിലും, മനുഷ്യന്റെ ഒരു പൊതു സ്വഭാവമാണിത്.
- വ്യാജമായ അത്ഭുതങ്ങൾ ചെയ്യാനുള്ള കഴിവ് സാത്താനുണ്ട് (വെളിപാട് 13:13, 2 തെസ്സലോനിക്യർ 2:9). ശരിയായ അത്ഭുതങ്ങൾ ചെയ്യുന്നതു ദൈവം മാത്രമാണ് (സങ്കീർത്തനം 72:18, 136:4). മോശയിലൂടെ ദൈവം പ്രവർത്തിച്ച അത്ഭുതങ്ങളുടെ തനിപ്പകർപ്പു ചെയ്യാൻ ഫറവോന്റെ മന്ത്രവാദികൾക്കും കഴിഞ്ഞു (പുറപ്പാട് 7:12, 22), എന്നാൽ അവരുടെ പ്രവർത്തികൾക്ക് അതിരുകൾ ഉണ്ടായിരുന്നു (പുറപ്പാട് 8:19). എന്നിരുന്നാൽക്കൂടി, വിവാദപരമായ അത്ഭുതങ്ങളെ സാത്താന്റെ കണക്കിൽ കൊള്ളിക്കാൻ എനിക്കു താത്പര്യമില്ല.
- ദൈവത്തെ ആത്മാർത്ഥമായി അന്വേഷിച്ച ഒരാളുടെ പ്രാർത്ഥനയ്ക്കു ലഭിച്ച ഉത്തരവുമാകാം അത്ഭുതം. രക്ഷിക്കപ്പെടാത്ത ആളുകളുടെ പ്രാർത്ഥനയെ കേൾക്കുന്നവനാണു ദൈവം (അപ്പ 10:4, 1 രാജാക്കന്മാർ 8:43). മനഃപൂർവ്വം പാപം ചെയ്യുന്ന ഒരാളുടെ പ്രാർത്ഥനയ്ക്കു മാത്രമാണ് ദൈവം മറുപടി നൽകാത്തത് (സങ്കീർത്തനം 66:18, യോഹന്നാൻ 9:31)

## ചില അവകാശവാദങ്ങൾ ശരിയായതാണോ?

അവസാനത്തെ പ്രസ്താവനയെ നമുക്കൊന്നു കൂടി വിശദീകരിക്കാം - ആത്മാർത്ഥതയുള്ള ദൈവാന്വേഷകന്റെ പ്രാർത്ഥനയ്ക്കു ലഭിക്കുന്ന ഉത്തരത്തെക്കുറിച്ച്. യേശുവിലല്ലാത്ത ഒരുവന്റെ പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കുകയില്ല എന്നു സ്ഥാപിക്കാൻ ഉതകുന്ന വചനങ്ങൾ ബൈബിളിൽ ഒരിടത്തുമില്ല. ദൈവത്തെ ഹൃദയപൂർവ്വം അന്വേഷിക്കുന്ന ഒരാളുടെ പ്രാർത്ഥന കേട്ട് ദൈവത്തെ കണ്ടെത്താനായി അയാളെ സഹായിക്കാതിരിക്കുന്നതെങ്ങനെ? മറുപടി കൊടുത്ത ഒരു പ്രാർത്ഥനയാലോ, അല്ലെങ്കിൽ രോഗസൗഖ്യത്താലോ തന്നെ അന്വേഷിക്കുന്നവനെ ദൈവം സഹായിക്കാതിരിക്കുന്നതിനു ന്യായമില്ല. ചിലപ്പോൾ അത്ഭുതം കൊണ്ടു പ്രയോജനമുണ്ടായില്ലെങ്കിൽ പോലും, അവസാന ദിവസം ദൈവത്തിന്റെ മുന്നിൽ ഒരു ഒഴികഴിവു പറയാനുള്ള അവസരം അവനുണ്ടാകാതിരിക്കാനാകാം ദൈവം ഇപ്രകാരം ചെയ്യുന്നത്. നഷ്ടപ്പെട്ട തന്റെ മക്കളുടെ പ്രാർത്ഥന ദൈവം കേൾക്കുകയില്ല എന്ന ചിന്ത ഒരു ദുശ്ചിന്ത തന്നെയാണ്.

നമുക്കൊരു ഉദാഹരണം നോക്കാം: ഒരു വീട്ടുടമസ്ഥന് തന്റെ മകനെക്കൂടാതെ ഒരു വേലക്കാരൻ ബാലനും ഉണ്ടെന്നു വിചാരിക്കുക. നിയമപരമായി അപ്പാ എന്നു വിളിക്കാനുള്ള അവകാശവും ആവശ്യങ്ങൾ ഉന്നയിക്കാനുള്ള ഉറപ്പും ഭൃത്യബാലനില്ലായെന്നത് സത്യമായ കാര്യമാണെങ്കിലും, ചിലപ്പോൾ അപ്പാ എന്നു വിളിക്കാനും തന്റെ ആവശ്യങ്ങൾ നിറവേറ്റാനുമുള്ള സ്വാതന്ത്ര്യം ഭൃത്യബാലനുമുണ്ട്. അപ്പന്റെ കാറുമെടുത്തുകൊണ്ട് ഒന്നു കറങ്ങാൻ പോകാൻ മകനു സാധിക്കും, എന്നാൽ ഭൃത്യന് ആ സ്വാതന്ത്ര്യം ഉണ്ടാകണമെന്നില്ല. എന്നിരുന്നാലും മരുന്നോ ഭക്ഷണമോ ഒക്കെ ചോദിക്കാനും ലഭ്യമാക്കാനും, യജമാനന്റെ സ്നേഹം അനുഭവിക്കാനും ഭൃത്യബാലനും സാധിക്കുന്നതാണ്.

രക്ഷിക്കപ്പെടാത്തവർക്ക് ദൈവവുമായി വ്യക്തിപരമായതും രക്ഷയിലൂന്നിയതുമായ ഒരു ബന്ധം സ്ഥാപിക്കാൻ കഴിയുമെന്ന് ഈ ഉദാഹരണം സാധൂകരിക്കുന്നില്ല. എന്നിരുന്നാലും ഒരു തരത്തിലുള്ള ബന്ധവും ഉണ്ടാക്കാൻ കഴിയില്ല എന്നും പറയാൻ സാധിക്കില്ല, ആ ബന്ധം അവരെ സംബന്ധിച്ചു വ്യക്തിപരമായതല്ലായെന്നു പറയാനും. ഉടമ്പടിക്കു വെളിയിലുള്ള വിജാതീയർ വന്നു പ്രാർത്ഥനയും യാചനയും അർപ്പിക്കുമ്പോൾ അവരെകേട്ടു മറുപടിനൽകണമേയെന്നു ശലമോൻ

ദേവാലയ സമർപ്പണസമയത്തു പ്രാർത്ഥിച്ചതിനോടു ദൈവം അനുകൂലമായി പ്രതികരിക്കുമ്പോൾ ഈ കാര്യത്തിലുള്ള ദൈവഹിതം നമുക്കു വ്യക്തമാണ് (1 രാജാക്കന്മാർ 8). ഓരോ വ്യക്തിയേയും സ്നേഹിക്കുന്ന ദൈവമനസ്സിന് വ്യത്യാസമൊന്നും വന്നിട്ടില്ല.

ഇത്തരമൊരു സാഹചര്യമുള്ളതിനാൽ സകലവിധമായ ആത്മീയാനുഭവങ്ങളും സാത്താനിൽ നിന്നുള്ളതാണ് എന്നു നാം അടച്ചാക്ഷേപിച്ചു പറയുന്നത്, ആത്മാർത്ഥമായി ദൈവത്തെ അന്വേഷിക്കുന്ന വ്യക്തികളുടെ മുന്നിൽ പോലും ദൈവരാജ്യത്തിന്റെ വാതിൽ കൊട്ടിയടയ്ക്കുന്നതിനു തുല്യമായിത്തീരും. അതിനാൽ നമുക്കു വിവേകപൂർണ്ണമായ ഒരു സമീപനമാണിവിടെ ആവശ്യം. കൂടുതലായ ദൈവശാസ്ത്ര വിശകലനങ്ങൾ ഇക്കാര്യത്തിൽ ഉന്നയിക്കുന്നത് മറ്റുള്ളവരെ അധിക്ഷേപിക്കുന്നതിനു തുല്യമായ ഒന്നാണ്.

## രോഗശാന്തിയെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ

- രോഗശാന്തിക്കു നേരിട്ടു സാക്ഷ്യം വഹിച്ചയാളുകൾ വളരെ ചുരുക്കമാണ്. മറ്റുള്ളവർ പറയുന്ന കാര്യങ്ങൾ കേട്ട് ഏറ്റു പറയുന്നവരാണ് മിക്കവാറും പേർക്കും.
- രോഗശാന്തിലഭിച്ചു എന്നു പറയുന്നതു മിക്കവാറും കാര്യമായ അസുഖങ്ങൾക്കല്ല (തലവേദന, പരിശോധനകളാൽ തെളിയിക്കപ്പെടാത്ത അസുഖങ്ങൾ, മുതലായവ)
- മാനസിക സമ്മർദ്ധം മൂലമുണ്ടാകുന്ന അസുഖങ്ങളെ, സ്വാസ്ഥ്യപ്പെടുത്തുന്നതാണ് മറ്റുള്ളവ. വിശ്വാസത്തിലുണ്ടാകുന്ന പുരോഗതി ഇത്തരം രോഗസൗഖ്യത്തെ ത്വരിതപ്പെടുത്തും. അസുഖങ്ങളിൽ കുറേയേറെ മാനസികമായവതന്നെയാണ്.
- രോഗശാന്തിവരം ഇന്നു നിലവിലില്ല എങ്കിലും ദൈവം നമ്മുടെ രോഗങ്ങളെ ഇന്നും സൗഖ്യമാക്കുന്നവനാണ്.
- ഈ ലോകത്തിൽ ദൈവം പ്രവർത്തിക്കുന്ന രീതി പ്രകൃത്യായുള്ള പ്രക്രിയകളിലൂടെയാണ്. അതു ദൈവത്തിന്റെ രൂപകൽപ്പനപ്രകാരമാകയാൽ, അങ്ങനെയുണ്ടാകുന്ന രോഗസൗഖ്യത്തിനും സ്തോത്രം കരേറ്റേണ്ടത് ദൈവത്തിനുതന്നെയാണ്. വൈദ്യന്മാരിലൂടെയും പ്രവർത്തിക്കുന്നതു ദൈവമാണ്.

## അത്ഭുതങ്ങൾക്ക് ഇന്നു പ്രാധാന്യമുണ്ടോ?

ലൂക്കോസ് 16:19-31, യോഹന്നാൻ 20:30 എന്നീ വചനങ്ങൾ കണക്കിലെടുത്താൽ അത്ഭുതങ്ങൾക്ക് ഇന്നു പ്രസക്തിയില്ല എന്നു മനസ്സിലാക്കാൻ കഴിയും. വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന അത്ഭുതങ്ങൾ തന്നെ ധാരാളം, പുതുതായ ഒന്നിന്റെയും ആവശ്യമില്ല. എന്നാൽ അത്ഭുതങ്ങളുടെ ആവശ്യം ഇന്നുണ്ടെന്നു നമുക്കു തോന്നുന്നുണ്ടോ? ഇന്നത്തെ തലമുറയിലേക്കു ദൈവവചനമെത്തിക്കാനായി അത്ഭുതങ്ങൾ വേണമോ? ആദ്യനൂറ്റാണ്ടിലെ നമ്മുടെ സഹോദരരുടെ അവസ്ഥവച്ചു നോക്കുമ്പോൾ നാം കൂടുതൽ അനുഗ്രഹീതരാണ്: ലോകത്തിന്റെ ഏതു മൂലയിലും വേഗത്തിൽ എത്തിപ്പെടാനുള്ള യാത്രാ സൗകര്യങ്ങൾ, അച്ചടി-വിതരണസൗകര്യങ്ങൾ, ടെലിഫോൺ ഇന്റർനെറ്റ് മുതലായവ ഉൾപ്പെടെയുള്ള സമ്പർക്ക മാദ്ധ്യമങ്ങൾ, തപാൽ സൗകര്യങ്ങൾ, റേഡിയോ-ടിവി, പൂർത്തിയാക്കപ്പെട്ട പുതിയനിയമം, പലഭാഷകളിലുമുള്ള അതിന്റെ പരിവർത്തനങ്ങൾ, രണ്ടു സഹസ്രാബ്ദക്കാലത്തെ ചരിത്രവും പിണഞ്ഞ അബദ്ധങ്ങളും അവ നൽകുന്ന പാഠങ്ങളും നമുക്കുണ്ട്. പല രാജ്യങ്ങളിലും ഇന്നു നിലവിലുള്ള മതസ്വാതന്ത്ര്യവും എടുത്തു പറയേണ്ട മറ്റൊരു കാര്യമാണ്.

വല്ലപ്പോഴും സംഭവിക്കുന്ന അത്ഭുതങ്ങൾ ഒഴിവാക്കിയാൽ അവർക്കുണ്ടായിരുന്ന പരിമിതികൾ നിരവധിയാണ്: വളരെ കാലതാമസമെടുക്കുന്ന യാത്രാ സംവിധാനങ്ങൾ (മിക്കവാറും കാൽനട തന്നെ ശരണം), പഴയനിയമസംവിധാനത്തിന്റെ കീഴിൽ പരാജയപ്പെട്ട ഒരു രാഷ്ട്ര വ്യവസ്ഥിതി, അച്ചടി നിലവിലില്ലായിരുന്നു (ശ്രമകരമായ കയ്യെഴുത്തു രീതിയായിരുന്നു നിലവിലുണ്ടായിരുന്നത്), പ്രകടമായുണ്ടായിരുന്ന നിരക്ഷരത, സമ്പർക്കമാദ്ധ്യമങ്ങൾ നിലവിലില്ലായിരുന്നു (റോമാസാമ്രാജ്യത്തിൽ എങ്ങും കുറച്ചു ദിവസങ്ങൾക്കുള്ളിൽ കത്തുകൾ എത്തിക്കാനുള്ള സംവിധാനം നിലവിലുണ്ടായിരുന്നു എന്നത് ഒരു ആശ്വാസം), വിദ്യുച്ഛക്തിയില്ലായിരുന്നു, അതിനാൽത്തന്നെ റേഡിയോ-ടിവി-ഉച്ചഭാഷിണി മുതലായവയൊന്നും നിലവില്ലായിരുന്നു. അപൂർവ്വം ചിലരുടെ കയ്യിൽമാത്രമുണ്ടായിരുന്ന പൂർത്തീകരിച്ച പഴയനിയമം, കൂട്ടത്തിൽ നിരന്തരമായും നിയന്ത്രണവിധേയമല്ലാതെയും നടമാടിയിരുന്ന പീഡനവും.

ഈ കാര്യങ്ങളെല്ലാം വച്ചു നോക്കുമ്പോൾ ആദിമസഭയിലെ സഹോദരീ സഹോദരരെക്കാൾ എത്രയധികം നാം അനുഗ്രഹീതരാണ് എന്നുള്ളതിൽ രണ്ടുപക്ഷമില്ല. നിങ്ങൾ എന്താണു തിരഞ്ഞെടുക്കുന്നത്? എന്നെ സംബന്ധിച്ചും എന്റെ കുടുംബത്തെ സംബന്ധിച്ചും പറഞ്ഞാൽ, ഞങ്ങൾ ഈ ആധുനിക സംവിധാനങ്ങൾ തിരഞ്ഞെടുക്കാനാണ് ആഗ്രഹിക്കുന്നത്.

## രാപകൽ വ്യത്യാസം

ആധുനികരീതിയിലുള്ള കപട അത്ഭുതങ്ങളും ബൈബിളിലെ അത്ഭുതങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണ്? അതോ എന്തെങ്കിലും വ്യത്യാസമുണ്ടോ? ഒന്നു വ്യാജവും മറ്റേതു ശരിയായതുമാണോ? വ്യാജമായതിനെ വിശദീകരിക്കുന്ന രീതിയിൽ സത്യമായതിനെയും വിശദീകരിച്ചു കളയുമോ? അവ തമ്മിലുള്ള വ്യത്യാസങ്ങൾ നമുക്കു നോക്കാം, കാരണം അവ എടുത്തുപറയത്തക്കതാണ്. ശരിക്കു രാപകൽ വ്യത്യാസമുള്ളതുതന്നെ.

### *1. ബൈബിളിലെ അത്ഭുതങ്ങൾ പ്രകടവും, വ്യക്തമായി രേഖപ്പെടുത്തിയതുമാണ്.*

ഇന്നത്തെ അത്ഭുത കഥകൾ അങ്ങനെയുള്ളവയല്ല. വേറൊരാൾ പറഞ്ഞ ഒരു അത്ഭുതത്തെക്കുറിച്ചു ആവർത്തിച്ചു പറയുന്നതും, നിങ്ങൾക്കു തന്നെയുണ്ടാകുന്ന അത്ഭുതവും അതുമല്ലെങ്കിൽ നിങ്ങൾ മുഖാന്തിരമുണ്ടാകുന്ന ഒരു അത്ഭുതവും വ്യത്യസ്തങ്ങളായ കാര്യങ്ങൾ തന്നെയാണ്. അർത്ഥ വിശദീകരണം സാദ്ധ്യമല്ലാത്ത രീതിയിലുള്ളതും എന്നാൽ ഇടയ്ക്കിടയ്ക്ക് ഏതെങ്കിലുമൊരു ഭാഷയിൽ നിന്നും ചിലപദങ്ങൾ ഉപയോഗിക്കുന്നതുമായ ജല്പനങ്ങളും, നിങ്ങൾ കേൾക്കുകയോ പഠിക്കുകയോ ചെയ്യാത്ത ഒരു ഭാഷയിൽ സ്ഫുടതയോടെ സംസാരിക്കുന്നതും തമ്മിലുള്ള വ്യത്യാസം അജഗജാന്തരമായതാണ്. ഒരു വാരഫലക്കുറിപ്പിനു സമാനമായ രീതിയിൽ നടക്കാൻ സാദ്ധ്യതയുള്ള കാര്യങ്ങളെക്കുറിച്ചു അവ്യക്തമായ പ്രസ്താവനകൾ ഇറക്കുന്നതും, മറ്റുള്ളവർക്കു പ്രയോജനപ്രദമായ രീതിയിൽ വ്യക്തമായും കൃത്യമായും കാര്യങ്ങൾ പറയുന്നതും തമ്മിലും വലിയ വ്യത്യാസമുണ്ട്. താനൊരു എയ്ഡ്സ് രോഗിയാണെന്നു പരിപൂർണ്ണമായി വിശ്വസിച്ചിരുന്ന ഒരു വ്യക്തിയെ വചനം പഠിപ്പിച്ചതു ഞാൻ ഓർക്കുന്നു. ഒരു വൈദ്യനെ കണ്ടു പരിശോധന നടത്തിയതിന്റെ വെളിച്ചത്തിലല്ല അയാൾ ആ നിഗമനത്തിലെത്തിയത്. ഒരു ദിവസം അയാൾക്കൊരു അനുഭവമുണ്ടായി, ദൈവം തന്റെ ജീവിതത്തിലേക്കു വന്നുവെന്നും ഒരു പുതുശക്തി അയാളിൽ വ്യാപരിച്ചുവെന്നും അതേമാത്രയിൽത്തന്നെ അയാളുടെ രോഗം പരിപൂർണ്ണസൗഖ്യമായെന്നും – ഹല്ലേലുയാ?[3]

### *2. ബൈബിളിൽ രോഗസൗഖ്യം ലഭിച്ചയാളുകൾക്കു തരം തിരിവില്ല.*

രോഗസൗഖ്യം ലഭിച്ചയാളുകളുടെ വിശ്വാസം അത്ഭുതം സംഭവിക്കുന്നതിന് ഒരു അടിസ്ഥാന ചേരുവയായിരുന്നില്ല, പലപ്പോഴും. മർക്കോസ് 6:5ൽ വിശ്വാസമില്ലാത്ത ഒരുകൂട്ടം മതാനുയായികൾ യേശുവിന് ഒരു തടസ്സമായിരുന്നതായി നാം കാണുന്നു. എന്നാൽ വിശ്വാസമില്ലാതിരുന്ന അനേകർ രോഗസൗഖ്യം കൈവന്നവരായി നാം വചനത്തിൽ കാണുന്നു (ലൂക്കോസ് 13:13, മത്തായി 8:13). രോഗസൗഖ്യം കൈവരാതിരുന്നത് അത്തരമാളുകളിലുള്ള വിശ്വാസത്തിന്റെ അപര്യാപ്തതയായി ഇക്കാലത്തെ വിശ്വാസ സൗഖ്യ പ്രവർത്തകർ പതിവായി ഉയർത്തിക്കാട്ടുന്നു. രോഗസൗഖ്യത്തിനായി വരുന്നവരെ അരിച്ചു പരിശോധിച്ച് അവർ അതിനു യോഗ്യരാണോ എന്നു അനുമാനുക്കുന്ന രീതി വചനത്തിൽ നാം കാണുന്നില്ല. ആധുനിക കരിസ്മാറ്റിക് സൗഖ്യ ശുശ്രൂഷകളിൽ പ്രതീക്ഷയില്ലാത്തവരെ സന്നദ്ധസേവകർ അരിച്ചുമാറ്റുന്നു – വികലാംഗരെയും അവയവങ്ങൾ മുറിച്ചു മാറ്റിയവരെയും മറ്റും. മിക്കവാറും വിശ്വാസ സൗഖ്യ ശുശ്രൂഷകർ ഒരു ദൃശ്യവിരുന്നൊരുക്കിയാണ് ശുശ്രൂഷ ചെയ്യുന്നത്. പ്രശസ്ത ടിവി ഇവാഞ്ചലിസ്റ്റും വിശ്വാസ സൗഖ്യ ശുശ്രൂകനുമായ പീറ്റർ പോപോഫിന് അമേരിക്കയുടെ ദേശീയ ടെലിവിഷൻ പരിപാടിയ്ക്കിടെ ഒരു വെട്ടിനിരത്തൽ നേരിടേണ്ടി വന്നു – പീറ്ററിന്റെ ഭാര്യ ജനക്കൂട്ടത്തിനു മദ്ധ്യത്തിൽ നിന്നുകൊണ്ട് ആളുകളുടെ അസുഖത്തെക്കുറിച്ച് ഒരു എഫ് എം റേഡിയോയിലൂടെ സന്ദേശങ്ങൾ അയക്കുന്നുണ്ടെന്നു വെളിവാക്കപ്പെട്ടപ്പോൾ. പിന്നീട് അത്ഭുതകരമായി പീറ്റർ രോഗവിവരങ്ങൾ പ്രസംഗപീഠത്തിൽ നിന്നും വെളിപ്പെടുത്തുന്നു. ഒരു അത്ഭുതരോഗശാന്തി ശുശ്രൂഷയ്ക്കുമുന്നോടിയായി അവരുടെ ഒരുക്കസ്ഥലത്തേക്കു കടക്കാനിടയായ പത്രപ്രവർത്തകൻ ഉണ്ടാക്കിയ പുകിലുകളും എനിക്കോർമ്മയുണ്ട്. ആ ശുശ്രൂഷയിൽ രോഗസൗഖ്യം നേടേണ്ടിയിരുന്ന ചക്രകസേരക്കാരുടെ കൂട്ടത്തിന് എങ്ങിനെ പെരുമാറണമെന്നതിനുള്ള രഹസ്യ നിർദ്ദേശങ്ങളാണ് അവിടെ കൊടുത്തുകൊണ്ടിരുന്നത്.[4]

### *3. ബൈബിളിലെ രോഗസൗഖ്യം പ്രത്യേകസ്ഥലങ്ങളിൽമാത്രം നടക്കുന്നതായിരുന്നതല്ല.*

വലിയ ഉച്ചഭാഷിണികളുടെയും സംഗീതത്തിന്റെയും അകമ്പടിയോടുകൂടി കൃത്രിമമായ വികാരതീവ്രതയുയർത്തിയുണ്ടാക്കുന്ന പ്രകമ്പനം കൊള്ളിക്കുന്ന ഒരു അന്തരീക്ഷം ബൈബിളിലെ അത്ഭുതങ്ങളുടെ മുഖമുദ്രയല്ലായിരുന്നു. ഒരു മുഖവുരയോ, പ്രക്രിയയോ വേണ്ടിയിരുന്നില്ല അന്ന്. മിക്കവാറും അത്ഭുതങ്ങൾ നടന്നത് അനുയോജ്യരല്ലാത്ത ഒരു പറ്റം എതിരാളികളുടെ മദ്ധ്യേയാണുതാനും. ഇന്നത്തെ കരിസ്മാറ്റിക് ഉണർത്തുയോഗങ്ങളെല്ലാം നടക്കുന്നതാകട്ടെ കൃത്രിമമായി ഉണ്ടാക്കിയ നിയന്ത്രിതമായ ഒരു അന്തരീക്ഷത്തിലാണ് – മിക്കവാറും ഒരേ രീതിയിലുള്ള യോഗനടപടികളുമായി.

### *4. ഏതുതരത്തിലുള്ള അത്ഭുതവും ബൈബിൾ സമയങ്ങളിൽ സാദ്ധ്യമായിരുന്നു.*

വെള്ളത്തിനുമുകളിൽ നടക്കുന്നതും (മത്തായി 14:25, 29), മനുഷ്യർ അപ്രത്യക്ഷരാകുന്നതും വീണ്ടും പ്രത്യക്ഷരാകുന്നതും (ലൂക്കോസ് 24:31, അപ്പ 8: 39–40), വലിയ തോതിലുള്ള വെള്ളത്തെ വിഭജിക്കുന്നതും (പുറപ്പാട് 14:21, യോശുവ 3:14–16), വലിയ കാറ്റിനെയും കോളിനെയും ശാന്തമാക്കുന്നതും (മർക്കോസ് 4:39), വലിയ ജനക്കൂട്ടത്തിനു ഭക്ഷണം നല്കി തൃപ്തരാക്കുന്നതും (യോഹന്നാൻ 6:1–13), സ്വർഗ്ഗത്തിൽ നിന്നും ആഢംബര രഥങ്ങൾ അയക്കപ്പെടുന്നതും (2 രാജാക്കന്മാർ 2:11), കാതുകൾ മാറ്റി സ്ഥാപിക്കുന്നതും (ലൂക്കോസ് 22:51), അത്ഭുതകരമായ അളവിലുള്ള മത്സ്യബന്ധനവും (ലൂക്കോസ് 5:4–6), പേശികൾക്കു അത്ഭുതകരമായി ശക്തിലഭിക്കുന്നതും (ന്യായാധിപർ 16:30), അത്ഭുതകരമായ തോട്ടപരിചരണവും (മർക്കോസ് 11:21), അതിശയകരമായ ഭൗതികമാറ്റങ്ങളും (2 രാജാക്കന്മാർ 6:6), അതിവേഗത്തിലുള്ള യാത്രയും (യോഹന്നാൻ 6:21, 1 രാജാക്കന്മാർ 18:12), സൈന്യം മുഴുവനും അന്ധരായിപ്പോകുന്നതും (2 രാജാക്കന്മാർ 6:18), ചങ്ങലകളും പൂട്ടുകളും സ്വയം തകരുന്നതും (അപ്പ 12:6–10), ഭൂതങ്ങളുടെ കൂട്ടം തന്നെ വേറെ വാസസ്ഥലം തേടുന്നതും (മർക്കോസ് 5:1–13) ഒക്കെ നാം ബൈബിളിൽ കാണുന്നു. ഏതു രോഗാവസ്ഥയ്ക്കും സൗഖ്യമുണ്ട് – അന്ധതയായാലും മൂർച്ഛിച്ച കുഷ്ഠരോഗമായാലും മരണമാണെങ്കിൽ പോലും. അക്കാലത്തു നിലവിലുണ്ടായിരുന്ന എല്ലാ രോഗങ്ങളും സൗഖ്യമാക്കുന്നതിനെക്കുറിച്ചു വചനം പറയുന്നില്ലെങ്കിൽ പോലും, ഒരു കാര്യവും അസാദ്ധ്യമായിരുന്നില്ലായെന്നു നമുക്കു മനസ്സിലാക്കാൻ കഴിയും. എന്നാൽ ഓരോ അത്ഭുതങ്ങൾക്കും ഒരു ഉദ്ദ്യേശ്യ-ലക്ഷ്യം നമുക്കു കാണുവാനും സാധിക്കും. ആധുനിക അവകാശവാദങ്ങൾ ഇവയുടെ മുന്നിൽ വിളറിവെളുത്തു ശുഷ്കിച്ചവയാണ്. പരാമർശയോഗ്യതയില്ലാത്തതും പരിശോധനയ്ക്കുവിധേയമല്ലാത്തതുമായ രോഗങ്ങളാണ് മിക്കവാറും സൗഖ്യമാക്കപ്പെടുന്നത് – നടുവേദന, തലവേദന, ഭയം മുതലായവ.

### *5. ബൈബിളിൽ പരാമർശിക്കുന്ന രോഗസൗഖ്യങ്ങളെല്ലാം ആ നിമിഷം തന്നെ സംഭവിച്ചവയാണ്.*

അത്ഭുതകരമായ രോഗശാന്തിവരമുള്ള ആരെങ്കിലും ഇന്നുണ്ടെങ്കിൽ അയാൾ ഒരു ആശുപത്രിയിൽ ചെന്ന് അവിടത്തെ കുറച്ചു കിടക്കകൾ കാലിയാക്കട്ടെ, അല്ലെങ്കിൽ ഒരു ശ്മശാനത്തിൽ ചെന്ന് അവിടത്തെ പൂന്തോട്ടക്കാരന് കുറച്ചധികം ജോലിയുണ്ടാക്കട്ടെ. യേശു എന്തുകൊണ്ടായിരിക്കാം ലാസറേ പുറപ്പെടുകയെന്ന് പേരുവിളിച്ചു കൽപ്പിച്ചത്? അല്ലെങ്കിൽ അവിടെ അടക്കിയിരുന്ന മുഴുവൻ പേരും വെളിയിൽ വന്നേനേ! യേശുവും അപ്പസ്തോലന്മാരും മരിച്ചവരെ ഉയിർപ്പിച്ചതിനെ അനുകരിക്കാൻ ഇന്നാർക്കും കഴിഞ്ഞിട്ടില്ല (മത്തായി 10:8, അപ്പ 9:40). ഒരുക്കിവച്ച ഒരു സാഹചര്യത്തിൽ മാത്രം നടക്കുന്നവയാണ് ഇന്നത്തെ അത്ഭുതങ്ങൾ.(5)

### *6. ബൈബിളിലെ രോഗശാന്തിയെല്ലാം പൂർണ്ണമായതാണ്*

ഭാഗികമായ രോഗസൗഖ്യമോ ചെറിയ പുരോഗതിയോ മുന്നേറ്റമോ ഒന്നുമല്ല ബൈബിളിലേത്. ആധുനിക രോഗശാന്തികൾ ഇവയിലേതിലെങ്കിലുമൊക്കെ പെടുന്നവയാണ്. ഇത്തരം വാദങ്ങളെ തുറന്നു കാട്ടുന്ന വചനമാണ് ഏശയ്യ 44:25.

### *7. ബൈബിളിലെ രോഗശാന്തിയെല്ലാം ധാർമ്മികതനിറഞ്ഞവരാൽ നടന്നതാണ്*

രോഗശാന്തി കൈവന്നവരിൽ നിന്നും പണം പിഴിയാനോ, തങ്ങളുടെ തന്നെ പ്രശസ്തിക്കു വേണ്ടിയോ (അപ്പ 8:10–11) അവരൊന്നും പ്രവർത്തിച്ചില്ല. ഇന്നത്തെ അത്ഭുതപ്രവർത്തകരെ സംബന്ധിച്ച വാസ്തവമിതല്ല.(6)

### *8. മനുഷ്യവർഗ്ഗത്തെ ദൈവവചനത്തോടടുപ്പിക്കുന്നതിനായിട്ടാണ് ബൈബിളിലെ അത്ഭുതങ്ങളെല്ലാം നടന്നത്*

സംസാരിച്ചയാൾ പറഞ്ഞ വചനത്തോടുള്ള വിശ്വാസം കേൾവിക്കാരിൽ ഉണ്ടാക്കുന്നതിനാണ് അത്ഭുതങ്ങൾ സംഭവിച്ചത്. സംസാരിച്ചവരുടെ ദൈവീക അധികാരം ഉറപ്പിക്കുകയും, വചനത്തിനു സാക്ഷ്യം നൽകുകയുമാണ് ദൈവീകമായ അത്ഭുതങ്ങളുടെ ലക്ഷ്യം (പുറപ്പാട് 4:1–9, 1 രാജാക്കന്മാർ 17:24, മർക്കോസ് 2:10, മർക്കോസ് 16:20, യോഹന്നാൻ 20:30–31, അപ്പ 14:3, എബ്രായർ 2:4).

### അവസാനമായി:

ആധുനിക കാലഘട്ടത്തിലെ അത്ഭുതങ്ങളും അടയാളങ്ങളുമായി വചനത്തിലേതിനുള്ള വ്യത്യാസം എത്ര വലുതാണെന്നു നോക്കുക. ദൈവം മാത്രമാണ് ഇപ്പോൾ അത്ഭുത പ്രവർത്തകൻ, ബാക്കിയുള്ളവരെല്ലാം വ്യാജന്മാരാണ്. ഇക്കാലത്തെ വ്യാജ അത്ഭുതങ്ങൾ ബൈബിളിലെ

യഥാർത്ഥമായതിന്റെ എണ്ണത്തേക്കാൾ എത്രയോ മടങ്ങു കൂടുതലാണ്. വിശ്വാസസൗഖ്യശുശ്രൂഷകർക്കു പിന്നാലെ പായുന്നവർ തങ്ങളുടെ ബൈബിൾ തുറന്നൊന്നു വായിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ഉള്ളതു പറയൂ.

കുറിപ്പുകൾ:

1. 1970 മുതൽ കരിസ്മാറ്റിക് പ്രസ്ഥാനത്തോടൊപ്പം രണ്ടു വർഷം ഞാൻ ചിലവഴിച്ചിട്ടുണ്ട്. ശിഷ്യത്വത്തെക്കുറിച്ചോ, ആത്മരക്ഷയെക്കുറിച്ചോ, ആത്മാവിന്റെ പ്രവർത്തികളെക്കുറിച്ചോ ഉള്ള അവരുടെ പഠിപ്പിക്കലുകളൊന്നും എനിക്ക് അംഗീകരിക്കാൻ കഴിയില്ല എങ്കിലും, വിശ്വാസത്തെ ഗൗരവമായി സമീപിക്കുന്ന ആളുകളെ ആദ്യമായി ഞാൻ കണ്ടത് അവിടെവച്ചാണ്. പരമ്പരാഗത ക്രിസ്തീയതയിലുള്ള പാപ്പരത്തവും, വീണ്ടും ജനിക്കേണ്ടതിന്റെ ആവശ്യകതയും, സ്വർഗ്ഗ-നരകങ്ങളെക്കുറിച്ചും, ദൈവവചനത്തുക്കുറിച്ചും, ദൈവത്തിന്റെ ശക്തിയെക്കുറിച്ചുമെല്ലാം ആദ്യമായി ഒരു ധാരണകിട്ടിയതും അവരിൽനിന്നാണ്. അവരോടു ചേർന്നു പ്രവർത്തിക്കാൻ തുടങ്ങിയതിനു ശേഷം എന്നിലുണ്ടായ ചോദ്യങ്ങൾക്കുള്ള മറുപടികണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഈ പുസ്തകത്തിലുള്ള കൂടുതൽ കാര്യങ്ങളും എഴുതിയിരിക്കുന്നത്.

2. ലീപ് ഓഫ് ഫെയ്ത് എന്ന ഇംഗ്ലീഷ് സിനിമയിൽ ഇത്തരക്കാരുടെ പ്രത്യേകതകൾ എടുത്തുകാണിക്കുന്നുണ്ട്.

3. ജീവനില്ലാത്ത വസ്തുക്കളിൽ പോലും ഈ രോഗശാന്തി സംഭവിക്കുമെന്നു വിശ്വസിക്കുന്ന ആളുകളുണ്ട് – പാസ്റ്റർ എന്റെ കാറിനുമേൽ കൈവച്ചു പ്രാർത്ഥിച്ച് അതിനെ സൗഖ്യമാക്കിയെന്നും മറ്റും പറയുന്നവർ. (2 രാജാക്കന്മാർ 2:21?)

4. ജെയിംസ് റാൻഡി എന്ന ഒരു ജാലവിദ്യാക്കാരൻ, പ്രശസ്തരായ വിശ്വാസസൗഖ്യശുശ്രൂകരായ ഓറൽ റോബർട്സ്, പാറ്റ് റോബർട്സൺ, പീറ്റർ പോപോഫ്, ഡബ്ല്യു വി ഗ്രാന്റ്, എ എ അലൻ, ലെറോയ് ജെൻകിൻസ്, ഏണസ്റ്റ് ആംഗ്ളെ തുടങ്ങിയവരുടെയും കാത്തോലിക്കാ ശുശ്രൂഷകരുടെയും മറ്റും യോഗങ്ങളിൽ പങ്കെടുത്തും, വിശദമായ അഭിമുഖസംഭാഷണം നടത്തിയും, ശുശ്രൂഷകളുടെ വീഡിയോ-ഓഡിയോ ശേഖരങ്ങൾ പരിശോധിച്ചും, കത്തിടപാടുകൾ നടത്തിയും, യോഗശേഷം അവശേഷിച്ച ചവറുകൾ പരതിയുമെല്ലാം ഇത്തരക്കാരുടെ രീതികളെക്കുറിച്ചു വ്യക്തമായ പഠനം നടത്തിയ ഒരാളാണ്.

മുമ്പും പിമ്പുമുള്ള വൈദ്യപരിശോധനയിലൂടെ യഥാർത്ഥമായതെന്നു തെളിയിക്കപ്പെട്ട ഒരു രോഗശാന്തിപോലും ലോകപ്രശസ്തരായ ഇത്തരം ശുശ്രൂഷക്കാരുടെ മുഴുവൻ അവകാശവാദങ്ങളിൽ നിന്നും കണ്ടെത്താൻ റാൻഡിക്കു കഴിഞ്ഞില്ല. രോഗശാന്തിയെക്കുറിച്ചുള്ള അവകാശവാദങ്ങളിലാകട്ടെ, രോഗസൗഖ്യത്തിനുതകുന്ന മരുന്നുകളുടെ ഉപയോഗമില്ലാത്തതോ, മാനസികമായ ഉൾപ്രേരണകൾക്കു വശംവദമാകാത്തതോ ആയ ഒന്നും കണ്ടെത്താനും കഴിഞ്ഞിട്ടില്ല. അത്ഭുതമെന്ന വാക്കിനെ ന്യായീകരിക്കുന്ന ഒന്നും. സാൻ ഫ്രാൻസിസ്കോയിൽ വച്ചു നടന്ന വലിയൊരു യോഗത്തിൽ വച്ചാണ് പീറ്റർ പോപോഫിന്റെ എഫ് എം ട്രാൻസ്മിറ്റർ തട്ടിപ്പ് റാൻഡി വെളിയിൽ കൊണ്ടുവന്നത്. പീറ്ററിന്റെ ചെവിക്കുള്ളിൽ ചെറിയ എന്തോ സാധനം കണ്ട റാൻഡി, അതു സന്ദേശങ്ങൾ കൈമാറാനുള്ള ഒരു ഉപകരണമാണെന്ന സംശയത്താൽ തന്റെ സഹായിയോടു അതിന്റെ തരംഗങ്ങൾ കണ്ടു പിടിച്ചു റെക്കോർഡു ചെയ്യാൻ ആവശ്യപ്പെട്ടു. പിന്നീട് പോപോഫ് അത്ഭുതകരമായി രോഗവിവരങ്ങൾ സംസാരിക്കുന്നതിന്റെയും താൻ ചോർത്തിയെടുത്ത റേഡിയോ തരംഗങ്ങളുടെയും സഹായത്താൽ പോപോഫിന്റെ ദൈവീക തട്ടിപ്പു വെളിപ്പെടുത്തി. സ്റ്റേജിലേക്കുവരുന്നതിനുമുമ്പു രോഗിയുമായി പോപോഫിന്റെ സഹായി സംസാരിക്കുന്ന വിവരങ്ങളായിരുന്നു റാൻഡി കണ്ടെത്തിയത്.

നന്നായി നടക്കുന്നവരെ ചക്രകസേരകളിൽ കൊണ്ടു വരുന്നതും, രോഗസൗഖ്യം ലഭിച്ചുവെന്നു അഭിനയിക്കാനായി അവരുടെ സന്നദ്ധസേവകരെ നിയോഗിക്കുന്നതും, സൗഖ്യം നേടാനായി വരുന്നവരിൽ നിന്നും യഥാർത്ഥ രോഗബാധിതരെയും അവയവങ്ങൾ മുറിച്ചു നീക്കിയവരെയെല്ലാം മാറ്റിനിറുത്തുന്നതും, പ്രത്യക്ഷമായ രോഗലക്ഷണങ്ങളില്ലാത്തവരെ തിരഞ്ഞെടുക്കുന്നതും, നീളം കുറഞ്ഞ കാല് പൊക്കം കൂട്ടിയ ഷൂസിന്റെ സഹായത്താൽ സൗഖ്യമാക്കുന്ന പഴയ രീതികളുമടക്കം ഇവരുടെ തട്ടിപ്പുകളെല്ലാം തന്റെ ഫെയ്ത്ത് ഹീലേഴ്സ് എന്ന പുസ്തകത്തിലൂടെ റാൻഡി തുറന്നു കാട്ടി.

5. ദിവസങ്ങളോ, മാസങ്ങളോ എടുത്തു സംഭവിക്കുന്ന രോഗശാന്തിയെക്കുറിച്ചല്ല മർക്കോസ് 8:22, സംഖ്യ 12:10 എന്നീ വചനങ്ങളൊന്നും സംസാരിക്കുന്നത്.

6. 1980ൽ ഓറൽ റോബർട്സ് നടത്തിയ സാമ്പത്തിക സഹായാഹ്വാനമാണ് ഏറ്റവും ഞെട്ടലുളവാക്കുന്നതും ലജ്ജിപ്പിക്കുന്നതുമായത്. തന്റെ സ്വപ്നപദ്ധതി പൂർത്തീകരിക്കാനായി കൂടുതൽ പണം ആവശ്യപ്പെടാൻ കാരണമായി അദ്ദേഹം പറഞ്ഞത്, 900 അടി വലുപ്പമുള്ള യേശു തനിക്കുപ്രത്യക്ഷനായി കൂടുതൽ പണം മറ്റുള്ളവരിൽ നിന്നും ആവശ്യപ്പെടാൻ കൽപ്പിച്ചുവെന്നതാണ്.

**അദ്ധ്യായം 17**

# സൂര്യനുകീഴെ ഒന്നും പുതിയതല്ല

## ക്രിസ്തീയതയ്ക്കു പുറത്തുള്ള അത്ഭുതങ്ങൾ

ശലമോൻ രാജാവിന്റെ കുറിക്കു കൊള്ളുന്ന പ്രസ്താവന തന്റെ കാലഘട്ടത്തെ സംബന്ധിച്ചു സത്യമായിരുന്നെങ്കിൽ (സഭാപ്രസംഗി 1:9), മൂവ്വായിരം വർഷങ്ങൾക്കു ശേഷം എത്രയധികം കൂടുതൽ കാര്യമാത്രപ്രസക്തമാണ്. അത്ഭുതങ്ങളെക്കുറിച്ചുള്ള അവകാശവാദങ്ങളിൽ ഒന്നും സൂര്യനു താഴെ പുതുതായിട്ടുള്ളതല്ല. സകലതലമുറകളിലും ഉള്ള സകല മതങ്ങളിലും അത്ഭുതങ്ങൾ നടന്നതായി കണ്ടുവരുന്നുണ്ട് - ആദ്യനൂറ്റാണ്ടിലെ മെഡിറ്ററേനിയൻ മേഖലകളിലെ മതങ്ങളിലും ക്രിസ്തീയ മതത്തിലും. ലോകം മുഴുവനും പരസ്യപ്പെടുത്തിയിട്ടുള്ള അത്ഭുതങ്ങളിലേക്ക് വേഗത്തിൽ ഒരു എത്തിനോട്ടം നമുക്കീ അദ്ധ്യായത്തിൽ നടത്താം, അത്തരം സംഭവവികാസങ്ങളുടെ അകക്കാമ്പിലേക്കും.

### ലോകത്തിലെ പ്രധാന മതങ്ങളിലുള്ള അത്ഭുതങ്ങൾ

മനുഷ്യന് അത്ഭുതങ്ങളോടുള്ള ആകർഷണത്തിന് മതങ്ങൾ നിലനിന്നിരുന്ന കാലത്തോളം പഴക്കമുണ്ട്. ലോകത്തിലെ പ്രധാനമതങ്ങളിലെല്ലാം ഒരു കരിസ്മാറ്റിക് വിഭാഗമുണ്ട്. ഹിന്ദുമതം തൊട്ടു ഷിന്റോമതം വരെയും, തെക്കൻ സമുദ്രത്തിലെ ദ്വീപുകളിൽ കണ്ടുവരുന്ന മതങ്ങൾ തൊട്ട് ക്രിസ്തുവിന്റെ പേരുപറഞ്ഞു നടക്കുന്ന കൾട്ടുമതങ്ങളിൽ വരെ, അത്ഭുതങ്ങൾ സ്ത്രീ പുരുഷന്മാരുടെ ഹൃദയം കവർന്നെടുത്തിട്ടുണ്ട് - പ്രത്യേകിച്ച് രോഗശാന്തിയും പ്രവചനവും അന്യഭാഷസംസാരവുമെല്ലാം. ഇന്ത്യയിലെയും ഏഷ്യയിലെ മറ്റുരാജ്യങ്ങളിലെയും മദ്ധ്യ-കിഴക്കൻ രാജ്യങ്ങളിലെയും മതങ്ങളിൽ കണ്ടുവരുന്ന ചില ഉദാഹരണങ്ങൾ നമുക്കു നോക്കാം.

യഹൂദമതം തുടങ്ങുന്നതിനും ആയിരം വർഷം മുമ്പ് ഉദയം ചെയ്തതും ഇതുവരെയും തുടർച്ചയായി നിലനിന്നതുമായ ഒരു മതമാണ് ഹിന്ദുമതം.(1) അനേകം ആത്മീയ ഗുരുക്കന്മാരും അവതാരങ്ങളും ഇന്ത്യയിൽ നിന്നും വന്നിട്ടുള്ളവരാണെന്ന കാര്യം പടിഞ്ഞാറൻ രാജ്യങ്ങളിലുള്ളവർ പോലും സമ്മതിക്കുന്നു. ഇന്ത്യയിലെ ഒരു പ്രമുഖ ഹൈന്ദവ കരിസ്മാറ്റിക് വിഭാഗത്തിന്റെ തലവനായ സായ് ബാബയിൽ നിന്നുപുറപ്പെടുന്ന ശക്തിയാൽ നടന്ന അത്ഭുതങ്ങൾക്ക്, പ്രത്യേകിച്ച് രോഗസൗഖ്യത്തിന് അഞ്ചുകോടിയോളം വരുന്ന അദ്ദേഹത്തിന്റെ ഭക്തന്മാർ സാക്ഷ്യം പറയുന്നുണ്ട്.

ആത്മാക്കളുടെ ലോകത്തിലേക്കു പ്രവേശനമുള്ള ചില താന്ത്രികർക്ക് എടുത്തു പറയത്തക്ക കഴിവുകൾ ഉള്ളതായി ആദിമകാല ചൈനയിലെ മതങ്ങൾ പറയുന്നു. അമേരിക്കയിലെ മഴനൃത്തക്കാരെപ്പോലെ ഈ ഷാമാനുകൾ മഴപെയ്യിക്കുമായിരുന്നെന്നു വിശ്വസിച്ചു വരുന്നു. അവർ രോഗം സുഖപ്പെടുത്തുകയും മരിച്ചു പോയവരുടെ ആത്മാക്കളുമായും ദൈവങ്ങളുമായും സംവദിക്കുകയും ചെയ്യുമായിരുന്നു. (ചൈനയിലെ പാരമ്പര്യരീതികളിൽ ഉടനീളം പൂർവ്വികരെ ആരാധിക്കുന്നതു കണ്ടുവരുന്നു). ആത്മീയമായ ഒരു ഉന്മാദാവസ്ഥയിലേക്കു തങ്ങളെത്തന്നെ ഉയർത്താൻ കഴിഞ്ഞിരുന്ന അവരിലൂടെ, ആത്മാക്കളും മരിച്ചുപോയവരും സംസാരിക്കുകയും പ്രവചിക്കുകയും ചെയ്യുമായിരുന്നു. അവർ ഭൂതങ്ങളെ ഉച്ചാടനം ചെയ്യുമ്പോൾ ശക്തമായി വിറപ്പിക്കുകയും അന്യഭാഷകൾ സംസാരിക്കുകയും ചെയ്തുകൊണ്ട് അവ പുറത്തുപോകുമായിരുന്നു. ഇക്കാര്യങ്ങളെല്ലാം നടക്കുന്ന സമയത്ത് ഇസ്രായേലുകാർ ഈജിപ്തിന്റെ അടിമത്തത്തിലായിരുന്നു. (ചൈനയിലെ ഷാങ്ങ് രാജവംശം, ബിസി 1766-1122).

ജപ്പാനിലെ ഷിന്റോ മതവിഭാഗത്തിലും ഇത്തരത്തിലുള്ള ഷാമാനുകൾ ഉണ്ട്. അതുല്യശക്തികളെന്ന് അവർ കരുതുന്ന കാമിയുമായി സമ്പർക്കത്തിലേർപ്പിടുന്നവരായിരുന്നു ഇത്തരക്കാർ. രണ്ടാം ലോകമഹായുദ്ധ സമയത്തെ കാമികേസ് പൈലറ്റുമാരെ ഓർക്കുന്നുണ്ടോ? (കാമികേസ് എന്നാൽ ദൈവീക കാറ്റ് എന്നാണർത്ഥം. വിമാനം നിറയെ സ്ഫോടകവസ്തുക്കളുമായി അവർ ശത്രുസൈന്യനിരയിലേക്ക് ഇടിച്ചിറക്കി വലിയ നാശനഷ്ടങ്ങൾ വരുത്തുമായിരുന്നു). സ്ത്രീകളും പുരുഷന്മാരുമായ ഷാമാനുകൾ ആനന്ദനൃത്തമാടി ഒരു ഉന്മാദാവസ്ഥയിലെത്തുകയും, ആ അവസ്ഥയിൽ അവർ ദൈവങ്ങളുടെ വക്താക്കളായി മാറുകയും ചെയ്യും.

അക്കാലത്തുതന്നെ ഇന്ത്യയിൽ - ഇസ്രായേൽ ദേശവും യൂദാദേശവും ബാബിലോണിൽ നിന്നും പേർഷ്യയിൽ നിന്നും തിരിച്ചുവന്ന കാലഘട്ടത്തിൽ (ബിസി 563-483) - ബുദ്ധന്റെ മരണം

സംഭവിച്ചു. അതിനുപിന്നാലെ ബുദ്ധന്റേതെന്ന പേരിൽ അനേകായിരം അത്ഭുതങ്ങൾ സാക്ഷിക്കപ്പെട്ടു. അവയെല്ലാം സത്യമാണെങ്കിൽ ഭൂമുഖത്തു ജീവിച്ചിരുന്ന അത്ഭുത പ്രവർത്തകരിൽ ഒന്നാം സ്ഥാനം ബുദ്ധനുതന്നെയാണ്.

ഞാൻ പഠിച്ച ബുദ്ധമത[2] വിഭാഗങ്ങളിൽ ഏറ്റവും താത്പര്യമുണർത്തുന്നത് ടിബറ്റിലെ ബുദ്ധമതമാണ്. അവരുടെ സന്യാസികൾക്ക് തങ്ങളുടെ കൈവശമുണ്ടായിരുന്ന വെളുത്ത മന്ത്രവാദത്തിലൂടെ (കറുത്ത മന്ത്രവാദം തെറ്റായി കാര്യങ്ങൾക്കുപയോഗിക്കുമ്പോൾ വെളുത്തത് നന്മയ്ക്കുപയോഗിക്കുന്നു) തങ്ങളുടെ കൈവിരലുകളിൽ നിന്ന് പേമാരിപെയ്യിക്കാനും, ശത്രുക്കളുടെ വിളകളെ നശിപ്പിക്കാനുമൊക്കെ കഴിയുമായിരുന്നു. വസ്ത്രവും ഭക്ഷണവുമില്ലാതെ, തങ്ങളുടെ ഇച്ഛാശക്തിയുടെ ആധിക്യത്താൽ കൊടും തണുപ്പിനെയൊക്കെ അതിജീവിച്ച് മലയിലെ ഗുഹകളിൽ അവർ വസിച്ചിരുന്നു. അന്തരീക്ഷത്തിലൂടെ പറക്കാൻ, അല്ലെങ്കിൽ അവരുടെ ഇച്ഛാശക്തിയാൽ തങ്ങളെത്തന്നെ മറ്റു ദേശങ്ങളിലേക്കു കൊണ്ടുപോകാനും അവർക്കു കഴിയുമായിരുന്നു. (ഭ്രമിപ്പിക്കുന്ന തന്റെ കഥകളുടെ ഉടമയായിരുന്ന കാർലോസ് കാസ്റ്റാനിഡപോലും സൂക്ഷിക്കണം). ഹർവാർഡ് യൂണിവേഴ്സിറ്റിയിൽ എന്റെയൊപ്പമുണ്ടായിരുന്ന ഒരു ടിബറ്റൻ യുവാവ് ലാമാമാരിൽ ഒരാളുടെ പുനഃർജന്മമാണെന്നാണ് പറയപ്പെട്ടിരുന്നത്. (വിശുദ്ധ പുരോഹിതനാണ് ടിബറ്റുകാർക്ക് ലാമാ. ദലൈലാമയാണ് അവരുടെ ആത്മീയ നേതാവ്). തന്റെ പുനഃർജന്മ കഥയിൽ ആ യുവാവിനു ശരിക്കും വിശ്വാസമുണ്ടോയെന്ന് ഒരു ദിവസം ഞാൻ ചോദിച്ചു. തനിക്ക് അക്കാര്യത്തിൽ തന്റേതായ സംശയങ്ങളുണ്ടെന്ന് അദ്ദേഹം വിനയാന്വിതമായി പറഞ്ഞു.

ഏഴാം നൂറ്റാണ്ടിൽ ഉദയം ചെയ്ത ഇസ്ലാം[3] മതത്തിലൂടെയാണ് സൂഫി വിഭാഗം പിറവിയെടുത്തത്. ഇസ്ലാമിലെ സുഖലോലുപതയ്ക്കെതിരെയും ദൈവശാസ്ത്രപരമായ വൈകല്യങ്ങൾക്കെതിരെയുമുള്ള ഒരു പ്രതികരണമായിട്ടായിരുന്നു സൂഫിവിഭാഗത്തിന്റെ ഉദയം. ഇസ്ലാമിലെ യോഗികളാണ് സൂഫികൾ. അല്ലാഹുവിൽ ലയിക്കുക എന്നതാണ് അവരുടെ പരമപ്രധാനലക്ഷ്യം. ഇക്കാര്യത്തിലുള്ള തീക്ഷ്ണത മൂത്ത് ചില സൂഫികൾ തങ്ങളെത്തന്നെ ദൈവമായി കാണുന്ന അവസ്ഥയുണ്ടായി. സൂഫിമാരിലൊരാൾ പ്രഖ്യാപിച്ചു, എനിക്കു മഹത്വം എന്ന്. 922ൽ മറ്റൊരാൾ ക്രൂശിക്കപ്പെട്ടു, ഞാനാണു സത്യം എന്നു പ്രഖ്യാപിച്ചതിന്റെ പേരിൽ. ഇസ്ലാമിലെ യോഗികൾ മാത്രമല്ല ഇക്കൂട്ടർ, കരിസ്മാറ്റിക്കുകളും കൂടിയാണ്. ദാരിദ്ര്യവ്രതമെടുത്തിരിക്കുന്ന ഇവർ ഉന്മാദാവസ്ഥയിൽക്കൂടി കടന്നുപോകുമ്പോൾ തങ്ങളിലുള്ള പ്രകൃത്യാതീത കഴിവുകൾ വെളിപ്പെടുത്തുന്നു. അവർക്ക് അന്യഭാഷസംസാരിക്കാനുള്ള കഴിവുകൾ ഉണ്ട്. ഇക്കൂട്ടത്തിൽപ്പെട്ട റൈഫിയ എന്നറിയപ്പെടുന്ന അലറിവിളിക്കുന്ന ദാരിദ്ര്യവ്രതക്കാരാണ്[4] ഏറ്റവും വന്യമായ പ്രകൃതിയുള്ളവർ. മന്ത്രോച്ചാരണങ്ങളുടെ അകമ്പടിയോടെ വട്ടത്തിൽ നൃത്തം വച്ച് തങ്ങളുടെ ശരീരങ്ങളെ തീവ്രമായി പ്രകമ്പനം കൊള്ളിച്ചുകൊണ്ട് അവർ ഒരു ഉന്മത്താവസ്ഥയിലേക്കു തങ്ങളെത്തന്നെ കൊണ്ടുവരുന്നു. പുല്ലുഭക്ഷിച്ചും, മൂർച്ചയുള്ള കത്തിമേൽ വീണും, അഗ്നികുണ്ഡത്തിലൂടെ നടന്നും, തീക്കനലുകൾ വിഴുങ്ങിയും, വിഷ സർപ്പങ്ങളെ കയ്യിലെടുത്തുമെല്ലാം അവർ തങ്ങളുടെ അതീന്ദ്രിയ കഴിവുകൾ പ്രദർശിപ്പിക്കുന്നു. (പാമ്പാട്ടികൾ മാറിനിൽക്കുക). ചിലവിഭാഗക്കാർ തങ്ങളുടെ ശരീരത്തെ പമ്പരം കറങ്ങുന്ന പോലെ കറക്കി ഒരു ഉന്മാദാവസ്ഥയിലേക്കു വരുന്നു, ഇവർ വളരെ പ്രശസ്തരാണ്. ആഫ്രിക്കയിലെയും കരീബിയൻ ദേശങ്ങളിലെയും വിവിധമതങ്ങളിലുള്ള കരിസ്മാറ്റിക്ക് പ്രസ്ഥാനക്കാരുടെ രീതികളെക്കുറിച്ചു വിവരിക്കുവാൻ സ്ഥലപരിമിതി അനുവദിക്കുന്നില്ല - ഉദാ: സാന്റേറിയ മതം.

ലോകത്തിലെ പ്രധാനപ്പെട്ട മതങ്ങളെല്ലാം അത്ഭുതങ്ങൾ അവകാശപ്പെടുന്നവരാണ് - വലിയ മതങ്ങൾ മാത്രമല്ല, ചെറിയ മതങ്ങൾ പോലും. ആഫ്രിക്കയുടെയും മെലാനേഷ്യയുടെയും വനാന്തരങ്ങളിലെന്ന പോലെതന്നെ ഹിമാലയത്തിലെ മുനിയറകളിലും ഹഡ്സൻ ബേയിലെ എസ്കിമോകളിലും ഉള്ള അനേകം സ്ത്രീ-പുരുഷന്മാർ അന്യഭാഷസംസാരിക്കുന്നവരും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നെന്ന് അവകാശപ്പെടുന്നവരുമാണ്.

ഇവയിൽ എത്രയെണ്ണം യഥാർത്ഥമായതാണ്? ഈ ചോദ്യത്തിനുള്ള ഉത്തരത്തിലേക്കു നമുക്കു കടക്കാം, എന്നാൽ അതിനുമുന്നേ, ക്രിസ്തുവർഷത്തിലെ ആദ്യനൂറ്റാണ്ടിലെ മെഡിറ്ററേനിയ ദേശത്തേക്ക് ഒന്നു പോകാം.

## ആദ്യനൂറ്റാണ്ടിലെ മെഡിറ്ററേനിയൻ പ്രദേശം

നിങ്ങൾ ജാതികൾ ആയിരുന്നപ്പോൾ നിങ്ങളെ നടത്തിയതുപോലെ ഊമവിഗ്രഹങ്ങളുടെ അടുക്കലേക്കു വഴി തെറ്റിപ്പോയിരുന്നെന്നു നിങ്ങൾ അറിയുന്നുവല്ലോ (1 കൊരിന്ത്യർ 12:2) എന്ന പൗലോസിന്റെ പ്രസ്താവന, കൊരിന്തുനിവാസികളുടെ വിജാതീയ മതപശ്ചാത്തലത്തെക്കുറിച്ചു സൂചന നൽകുന്ന ഒന്നാണ്. റോമാസാമ്രാജ്യത്തിലെ എല്ലാ ദേശങ്ങളിലും എന്നപോലെ കൊരിന്തിലും അനേകം കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾ നിലനിന്നിരുന്നു. കൊരിന്തിലുള്ള സഭയിൽ നടന്നിരുന്നു എന്നു സൂചനനൽകുന്ന കാര്യങ്ങളെല്ലാം ഈ പ്രസ്ഥാനങ്ങളിലെല്ലാം സജീവമായി നടന്നിരുന്ന കാര്യ

ങ്ങളായിരുന്നു. അക്കാലത്തു ജനപിന്തുണയുണ്ടായിരുന്ന മതമനോഭാവത്താൽ സ്വാധീനം ചെലുത്തപ്പെട്ട കൊരിന്തിലെ ശിഷ്യന്മാരും തങ്ങളുടെ ഇച്ഛാശക്തിയെ അനുഭവങ്ങൾക്കു കീഴടക്കാൻ തയ്യാറാകുന്നവിധത്തിലുള്ള ഒരു അവസ്ഥയിലേക്കു വഴിതെറ്റിക്കപ്പെട്ടു.

രോഗസൗഖ്യത്തിന്റെ ദേവനായി അംഗീകരിക്കപ്പെട്ടിരുന്ന അസ്കലെപിയോസ് എന്ന ദേവന്റെ നാമത്തിലുള്ള ഒരു ദുരുപദേശകൂട്ടത്തെ നമുക്കു നോക്കാം. ഗ്രീസിലെ കോസ്, എപിദോറസ് എന്നീ പട്ടണങ്ങളിൽ അസ്കലെപിയോസിന്റെ പ്രധാന ക്ഷേത്രങ്ങൾ സ്ഥിതിചെയ്യുന്നുണ്ട്. പുരാതന ഗ്രീക്കുകാരുടെ രോഗശാന്തി ശുശ്രൂഷാരീതികളെക്കുറിച്ച് ഈ ക്ഷേത്രങ്ങളിൽ നിന്നും നമുക്ക് ധാരാളമായി മനസ്സിലാക്കാൻ കഴിയും. ഈ ദേവന്റെ സന്നിധിയിൽ വരുന്ന ഭക്തർ ഒരു കാണിക്കയർപ്പിച്ചതിനു ശേഷം ശ്രേഷ്ടമെന്നു വിശ്വസിക്കുന്ന ദേവാലയത്തിലെ നീരുറവയിൽ ഭക്തിപൂർവ്വം മുങ്ങുന്നു. ദേവൻ സ്വപ്നത്തിൽ തങ്ങൾക്കു പ്രത്യക്ഷപ്പെട്ടു തങ്ങളുടെ രോഗസൗഖ്യത്തിനുള്ള പോം വഴികൾ പറഞ്ഞുതരുമെന്ന പ്രതീക്ഷയോടെ അവർ ദേവാലയാങ്കണത്തിൽത്തന്നെ രാത്രിമുഴുവൻ കഴിയുന്നു. മതപരമായ അനുഷ്ഠാനങ്ങളോ മന്ത്രമോ മരുന്നോ നൃത്തമോ നാടകമോ ഒക്കെയായി ചികിത്സാരീതികൾ അവർക്കു വെളിപ്പെട്ടു കിട്ടുന്നു. രോഗസൗഖ്യം ലഭിച്ച ഭക്തർ തങ്ങളുടെ കൃതജ്ഞത അറിയിക്കാനായി, സൗഖ്യമാക്കപ്പെട്ട അവയവത്തിന്റെ ഒരു മാതൃകമെനഞ്ഞെടുത്ത് ദേവാലയത്തിൽ സമർപ്പിക്കുന്നു. (നമ്മുടെ നാട്ടിലെ ചില പള്ളികളിൽ കണ്ടുവരുന്നതുപോലെ).

മനുഷ്യവർഗ്ഗത്തിന്റെ മതപരമായ ചരിത്രത്തിലുടനീളം ഇത്തരം രോഗശാന്തി അനുഭവങ്ങൾ നിലനില്ക്കുന്നുണ്ടെന്ന് നമുക്കു കാണാൻ കഴിയും. കൊരിന്തിൽ നിലനിന്നിരുന്ന ചില കരിസ്മാറ്റിക് ദുരുപദേശകസംഘങ്ങളെ നമുക്കു നോക്കാം. അഫ്രോഡൈറ്റ്, ആറ്റിസ് (അല്ലങ്കിൽ ഹെർമിസ്) എന്നീ മൂർത്തികളുടെ ആരാധന സമ്പ്രദായങ്ങൾ 1 കൊരിന്ത്യരുടെ പുസ്തകം എഴുതിയ കാലഘട്ടത്തിൽ ജനസമ്മതി ആർജ്ജിച്ചതായിരുന്നു (എഡി 55-57). മദ്യത്തിന്റെ ദേവനായ ഡയോനിഷ്യസിനെക്കുറിച്ചുള്ള സാഹിത്യരചനകൾ വളരെ താത്പര്യമുളവാക്കുന്നവയാണ്. ഈ ദുരുപദേശകസംഘത്തിലെ ആളുകൾ ദേവനെ ആരാധിച്ചിരുന്നത് തങ്ങൾക്ക് അകത്താക്കാവുന്നത്രയും മദ്യവും ഭക്ഷണവും അകത്താക്കി വെറിക്കൂത്തുകളിൽ പങ്കെടുത്തുകൊണ്ടായിരുന്നു. അങ്ങനെ അവർ ഒരു ഉന്മാദാവസ്ഥയിലെത്തി നിർവൃതി പ്രാപിക്കും. എന്നാൽ ഐസിസ്, സെറാപിസ് എന്നീ മൂർത്തികളുടെ ആരാധനാനുഷ്ഠാനങ്ങൾ നമ്മിൽ താത്പര്യം ഉണർത്തുന്ന രീതികളാണ് - അന്യഭാഷാസംസാരവും, പ്രവചനവും, രോഗശാന്തിയുമൊക്കെയാണ് അത്. അത്തരത്തിലുള്ള അഞ്ചു ക്ഷേത്രങ്ങൾ കൊരിന്തിൽ തന്നെ അക്കാലത്തുണ്ടായിരുന്നു. ഈജിപ്തു ദേവതയായ ഐസിസിന്റെ ആരാധന ബിസി നാലായിരാമാണ്ടിൽത്തന്നെ നിലനിന്നിരുന്നു എന്നതിനു തെളിവുകൾ ലഭിച്ചിട്ടുണ്ട് - അബ്രഹാം ജീവിച്ചിരുന്നതിനും ആയിരത്തിലധികം വർഷങ്ങൾക്കുമുമ്പ്. എന്നാൽ സെരാപിസ് ആകട്ടെ കാനാന്യദേശക്കാരുടെ ഒരു മൂർത്തിയാണ്. മറ്റുപല ഗ്രീക്കുമൂർത്തികളെയും ആരാധിക്കുന്നതുപോലെ സെരാപിസിന്റെ ആരാധകനും മൂർത്തിയുടെ ആവാഹത്താൽ സ്വാധീനിക്കപ്പെട്ട് വികാരതീവ്രതയോടെ അറിയപ്പെടാത്ത ചില ഭാഷകളിൽ (മൂർത്തിക്കുമാത്രം അറിയാവുന്നത്) പ്രവചിക്കുന്നു. മൂർത്തി ആവേശിച്ച മറ്റൊരു പ്രവാചകൻ മാത്രം പറയുന്നതിന്റെ അർത്ഥം മനസ്സിലാക്കി അതു പരിഭാഷപ്പെടുത്തുന്നു. ഐസിസ് ദേവതയുടെ രാത്രി സന്ദർശനത്തെക്കുറിച്ചും രോഗശമന രീതികളെക്കുറിച്ചും ഡയഡോറസ് സൈകുലസ് നടത്തുന്ന പ്രസ്ഥാവന നോക്കുക: ഉറക്കത്തിൽ തന്റെ ഭക്തരായ രോഗിയുടെ മേൽ കയറിനിന്ന് അവരുടെ രോഗങ്ങൾ ദേവത അത്ഭുതകരമായി സൗഖ്യപ്പെടുത്തുന്നു. രോഗത്തിന്റെ കുഴഞ്ഞുമറിഞ്ഞ അവസസ്ഥയാൽ പല വൈദ്യന്മാരാലും കൈവിട്ട ഭക്തരെ ഐസിസ് ജീവിതത്തിലേക്കു തിരികെ കൊണ്ടുവരുന്നു. (എൽ സി എൽ, 1.25.5)[5]

ഇതെല്ലാം സുപരിചിതമായി തോന്നുന്നുണ്ടോ? ഇത്തരത്തിലുള്ള അത്ഭുതങ്ങളൊന്നും പുതിയ കാര്യങ്ങളല്ല, സൂര്യനോളം പഴക്കമുള്ള അവകാശവാദങ്ങളാണ്. നവപെന്തക്കോസ്തു വൃത്തങ്ങളിൽ കാണപ്പെടുന്ന സകലരീതികളും മനുഷ്യനുണ്ടായ കാലംമുതൽ അവനോടൊപ്പമുണ്ടായിരുന്ന മതതീക്ഷ്ണ സംസ്കാരത്തിന്റെ വ്യത്യസ്ത സ്പന്ദനങ്ങൾ തന്നെയാണ്.

മനുഷ്യ ചരിത്രം ഉടനീളം നോക്കിയാൽ, അത്ഭുതങ്ങളോടു അടയാളങ്ങളോടുമുള്ള തീക്ഷ്ണത ചില തലമുറകളിൽ വളരെ ഏറിയും ചില തലമുറകളിൽ കുറഞ്ഞുമിരിക്കുന്നതു നമുക്കു കാണാം. തീവ്രതയേറിയിരുന്ന ഒരു കാലഘട്ടത്തിലാണ് യേശു ജീവിച്ചതും പ്രവർത്തിച്ചതും, ആദ്യകാല മിഷനറികൾ സഭകൾ സ്ഥാപിച്ചതും. ഇക്കാര്യത്തിൽ സംശയമുള്ളവർ അപ്പസ്തോലപ്രവർത്തികളുടെ പുസ്തകത്തിൽ കാണുന്ന വിഗ്രഹോപാസകരുടെ ജീവിതരീതികളെക്കുറിച്ചു നോക്കുക (അപ്പ 8:911, 13:8-10, 16:16-18, 19:13-16).

## ക്രിസ്തീയമതത്തിലെ അത്ഭുതങ്ങൾ - വലിയ ചിത്രം

അപ്പസ്തോലന്മാരുടെ കാലശേഷം പരിശുദ്ധാത്മാവ് അവർക്കു നൽകിയിരുന്ന അസാധാരണവരങ്ങളും നിലച്ചുപോയി. അതിനർത്ഥം വിശ്വാസത്തോടുകൂടിയുള്ള പ്രാർത്ഥന കേട്ട് ദൈവം

രോഗശമനം വരുത്തുകയില്ല എന്നതല്ല. പരമാധികാരിയായ ദൈവത്തിന് എന്തും സാദ്ധ്യമാണ്. ആദ്യ നൂറ്റണ്ടിന്റെ അവസാനകാലത്തിൽത്തന്നെ അത്ഭുതവരങ്ങൾ നിലച്ചുപോയിരുന്നു എന്നതിന് ആദ്യ നൂണ്ടാണ്ടിലെ സഭാചരിത്രം തന്നെ സാക്ഷ്യം നൽകുന്നു. രണ്ടാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽത്തന്നെ മോൻടാനിസ്റ്റിന്റെ കീഴിൽ ഉദയം ചെയ്ത കരിസ്മാറ്റിക് പ്രവർത്തനരീതികളെ സഭ തള്ളിപറയുകയും ചെയ്തു. അവരുടെ പ്രവർത്തനങ്ങൾ വചനവിരുദ്ധമായതും അവർ അത്ഭുതങ്ങൾ എന്ന് അവകാശപ്പെടുന്ന കാര്യങ്ങൾ അപ്പസ്തോലന്മാർ നൽകിയ പത്ഥ്യോപദേശത്തിനു ചേരാത്തതും കാരണങ്ങളായിരുന്നു.

മൂന്നാം നൂറ്റാണ്ടായപ്പോഴാകട്ടെ വചനസന്ദേശങ്ങൾ കൂടുതലായി നിർവ്വീര്യമാക്കപ്പെടുകയും, അത്ഭുതങ്ങൾ അനുഭവപ്പെട്ടുവെന്ന് അവകാശപ്പെടുന്ന ആളുകളുടെ എണ്ണം പെരുകിവരികയും ചെയ്തു. മരിച്ചുപോയ വിശുദ്ധർ മുഖേനയായിരുന്നു ഈ അത്ഭുതങ്ങൾ സാദ്ധ്യമായതെന്നായിരുന്നു പ്രധാനമായും പറയപ്പെട്ടിരുന്നത്. അങ്ങനെ അത്തരക്കാർ ജീവിച്ചിരിക്കുന്ന വിശുദ്ധർക്കുവേണ്ടി മദ്ധ്യസ്ഥം വഹിക്കുന്ന സ്വർഗ്ഗീയ വിശുദ്ധരായി പരിഗണിക്കപ്പെട്ട കാലഘട്ടം വന്നുചേർന്നു. അങ്ങനെ സ്വർഗ്ഗീയ മദ്ധ്യസ്ഥരുടെ ഒരു ഗണം ഉരുവാക്കപ്പെട്ടു. തിരുശേഷിപ്പുകളിലൂടെ[6] ലഭിക്കുന്ന അനുഗ്രഹങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ദുരുപദേശങ്ങൾ രൂപപ്പെടുകയും വിജാതീയരുടെ ഇടയിലുണ്ടായിരുന്ന അന്ധവിശ്വാസങ്ങൾ ഒരു ക്രിസ്തീയ മൂടുപടമണിഞ്ഞ് ക്രിസ്തീയ വിശ്വാസത്തിലേക്കു ചേക്കേറുകയും ചെയ്തുതുടങ്ങി. അങ്ങനെ യുക്തിസഹവും ഗ്രഹിക്കാൻ എളുപ്പവുമായ ഒരു മതം പതിയെ പതിയെ യുക്തിക്കുനിരക്കാത്തതും വിചിത്രവുമായ സ്വഭാവങ്ങളോടുകൂടിയ വികാരാധിഷ്ഠിതമായ ഒരു മതമായി പരിണമിക്കുകയും ചെയ്തു.

കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾ ഉണ്ടാക്കുന്ന നവീകരണങ്ങളുടെ ഉയർച്ചയും താഴ്ചയുമെല്ലാം എല്ലാത്തരം കാലഘട്ടങ്ങളിലും കണ്ടുവരുന്നുണ്ടെങ്കിലും, പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ഉണ്ടായ അത്ഭുതങ്ങളാൽ ആകർഷിക്കപ്പെടാത്ത ഒരു തലമുറയും ഉണ്ടായിട്ടില്ല. പ്രവചനങ്ങളും അന്യഭാഷാസംസാരവും അതിന്റെ വിവർത്തനവും എണ്ണിത്തീർക്കാൻ പോലും പറ്റാത്ത വിധമുള്ളതാണ്. ലോകത്തിലെ മറ്റുമതങ്ങളിൽ ഉണ്ടായിരുന്നതുപോലെ അത്ഭുതങ്ങളെക്കുറിച്ചുള്ള അവകാശവാദങ്ങൾ പ്രചാരത്തിലുണ്ടായിരുന്ന ക്രിസ്തീയമതത്തിലും വളരെ പതിവായിരുന്നു. ക്രിസ്തീയവിഭാഗങ്ങളിലെല്ലാം ഇത്തരം അത്ഭുതങ്ങൾ സാക്ഷ്യപ്പെടുത്തിയിരുന്നുവെന്നത് ഒരു ചെറിയകാര്യമല്ല. പരസ്പരവിരുദ്ധങ്ങളായ എല്ലാത്തരം ഉപദേശങ്ങളിലും രീതികളിലും ദൈവത്തിന്റെ അംഗീകാരം ഒരേപോലെ ലഭ്യമാകുമെന്നു പറയുന്നത് യുക്തിസഹമല്ലല്ലോ! ഇവയിൽ ചില സഭകൾ ക്രിസ്തുവിന്റെ ദൈവീകത്വം പോലും അംഗീകരിക്കാത്തവരാണ്. ശിഷ്യത്വത്തെക്കുറിച്ചോ സമർപ്പണത്തെക്കുറിച്ചോ യാതൊരു ബോധ്യവുമില്ലാത്തവരാണ് മറ്റുചിലർ. ബൈബിൾ വ്യക്തമായ പഠിപ്പിക്കുന്ന സദാചാരങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുന്നവരാണു മറ്റുചിലർ.

ക്രിസ്തീയതയുടെ പ്രധാനപ്പെട്ട എല്ലാ വിഭാഗങ്ങളിലും ഈ അത്ഭുതാന്വേഷണവിഭാഗങ്ങൾ സജീവമായി നിലനിൽക്കുന്നുണ്ട്. റോമൻ കത്തോലിക്കാ സഭയിലുള്ളവർ അന്യഭാഷസംസാരിക്കുന്നതിനെക്കുറിച്ച് ഒരു ലേഖകൻ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്. ചിലയാളുകളിൽ തുടക്കം ശാന്തമായും സൗമ്യമായും കഠിനാധ്വാനം വേണ്ടാത്തരീതിയിലുമാണ്. ജപമാലചൊല്ലി അവസാനിക്കാനൊരുങ്ങുമ്പോൾ ടോമും, കുർബാനയ്ക്കിടയ്ക്ക് പാട്ടുപാടിക്കൊണ്ടിരിക്കുമ്പോൾ റീത്തയും, കന്യകാമറിയത്തോടുള്ള പ്രാർത്ഥന മുട്ടുകുത്തിനിന്നു ചൊല്ലുമ്പോൾ സിസ്റ്റർ എമ്മിനും അന്യഭാഷ ലഭിച്ചു - എന്ന്.[7]

ദുരുപദേശകസംഘങ്ങളുടെ കാര്യത്തിലോ? പ്രധാനപ്പെട്ട ക്രിസ്തീയവിശ്വാസത്തിൽ നിന്നും വിഭിന്നമായി ചലിക്കുന്ന അവരും അത്ഭുതങ്ങൾ അവകാശപ്പെടുന്നു. മോർമോൺ സഭയിൽ അന്യഭാഷാസംസാരമുണ്ട് - അവരുടെ വചനങ്ങൾ നിർദ്ദേശിക്കുന്നതിൻ പ്രകാരം (അൽമാ 9:21, നെഫി 32:2)

## മൂന്നുപ്രാവശ്യം മുട്ടുക

നമ്മിൽ പലർക്കും സങ്കൽപ്പിക്കാൻ കഴിയുന്നതിനേക്കാൾ കൂടുതൽ കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾ ഇന്നു നിലവിലുണ്ട്. ലണ്ടനിൽ ഞാൻ താമസിച്ചിരുന്ന സമയത്ത് വീടിനടുത്തുള്ള തെരുവിൽ വിശ്വാസം പങ്കുവയ്ക്കുകയായിരുന്നു. കുരിശിന്റെയും നക്ഷത്രത്തിന്റെയും സഹോദരന്മാർ എന്നു അവകാശപ്പെടുന്ന കൂട്ടത്തിൽപ്പെട്ടയാളായ ഒരു യുവാവിനെ കണ്ടുമുട്ടി. ഒരു ഇൻവിറ്റേഷൻ സർവ്വീസിലേക്കു ക്ഷണിക്കാനായി ഞാൻ അയാളെ വഴിയരികിലേക്കു മാറ്റിനിർത്തി സംസാരിച്ചു. അയാൾ പങ്കെടുത്തുകൊണ്ടിരുന്ന ഒരു യോഗത്തിനിടയ്ക്ക് ഇറങ്ങിവന്നതാണെന്ന് പറഞ്ഞ അയാൾ ആയോഗത്തിൽ പങ്കെടുക്കാൻ എന്നെ വിളിച്ചു. ആ കൂട്ടത്തെയാകെ ക്ഷണിക്കാൻ ഒരു അവസരം ലഭിച്ചാലോ എന്നു വിചാരിച്ചിട്ട് ഞാൻ അയാളുടെ കൂടെപ്പോയി.

തകർന്നു കിടക്കുന്ന ഒരു കെട്ടിടത്തിന്റെ താഴത്തെ നിലയിലെ ആരാധനാസ്ഥലത്തേക്കു

കയറുന്നതിനുമുമ്പ് പാദരക്ഷകൾ ഊരിവയ്ക്കാൻ ആവശ്യപ്പെട്ടു. അവിടെക്കൂടിയിരുന്നവരെല്ലാം ആഫ്രിക്കയിൽ നിന്നുള്ളവരും വെസ്റ്റിൻഡീസിൽനിന്നുള്ളവരും ആയിരുന്നു - ഏക വെള്ളക്കാരൻ ഞാനും. അവരെല്ലാം തിളങ്ങുന്ന വെള്ള കുപ്പായം ധരിച്ചവരായിരുന്നു, ഞാനാണെങ്കിൽ സാധാരണ ഇംഗ്ളീഷുകാർ ധരിക്കാറുള്ള കറുത്ത കോട്ടും. ഞാൻ അവരെ കണ്ടതിലും കൂടുതലായി അവർ എന്നെക്കണ്ട് അത്ഭുതപ്പെട്ടു, അവർ എനിക്കൊരു ഇരിപ്പിടം നൽകി.

ഒലുംബ ഒലുംബ ഒബു എന്നത് ഒരു മന്ത്രോച്ചാരണം പോലെ ഞാൻ കേൾക്കുന്നുണ്ടായിരുന്നു - എന്നാൽ അതിന്റെ അർത്ഥം എന്താണെന്ന് മനസ്സിലായില്ല. ആരാധന നയിച്ചിരുന്നയാൾ എല്ലാവരും സ്തുതിക്കുക എന്ന് ഉറച്ചശബ്ദത്തിൽ വിളിച്ചു പറഞ്ഞു. നിലത്തു കുമ്പിട്ടുവീണ് മൂന്നു പ്രാവശ്യം നെറ്റിത്തടം നിലത്തുമുട്ടിക്കണമെന്ന് ചുറ്റുമുള്ളവർ എന്നോടാവശ്യപ്പെട്ടു. എല്ലാവർക്കും വേണ്ടി എല്ലാമായേക്കാമെന്നുള്ള ഒരു ധാരണയാൽ ഞാൻ അവർ പറഞ്ഞത് അനുസരിച്ചു. ഇവിടെക്കൂടിയിരിക്കുന്നവർ അന്യഭാഷസംസാരിക്കുകയും പ്രവചിക്കുകയും ചെയ്യുന്നവരാണോ എന്നു ഞാൻ അടുത്തിരുന്ന സ്ത്രീയോടു ചോദിച്ചു, അതേയെന്ന് അവർ തലകുലുക്കി. വീണ്ടും ഒരിക്കൽക്കൂടി സ്തുതിക്കാനുള്ള വിളിവന്നു, ഞാനും അവരോടൊപ്പം വീണു നെറ്റി മുട്ടിച്ചു - ഇപ്രാവശ്യം എന്റെ കണ്ണട എടുത്തുമാറ്റാൻ അവർ ആവശ്യപ്പെട്ടു. അതിനുശേഷം ആ യോഗനായകൻ, ആൽഫയും ഒമേഗയുമായ പിതാവായ ഒലുംബ, സർവ്വ ലോകത്തിന്റെയും അധിപൻ, എല്ലാവരും അവനെ സ്തുതിപ്പിൻ എന്ന് ഉറക്കെ ആക്രോശിച്ചു. എല്ലാവരും കുമ്പിട്ടുവീണു നെറ്റി ഇടിച്ചു - ഇപ്രാവശ്യം ഞാൻ അവരോടൊപ്പം കൂടിയില്ല എന്ന് എടുത്തു പറയേണ്ടല്ലോ! ഉടൻതന്നെ എന്റെ അടുത്തിരുന്ന സ്ത്രീ, ചാടിയെഴുന്നേറ്റ് ആത്മാവിൽ അലറിവിളിച്ച് അക്രോശിച്ചുകൊണ്ട് വന്യമായരീതിയിൽ അവളുടെ ശരീരം ആട്ടി, അവളുടെ കുപ്പായം എന്നെ ഇരിപ്പിടത്തിൽ നിന്നും തെറിപ്പിച്ചു കളയുമെന്നു തോന്നിപ്പോയി. ഒലുംബ എന്നയാൾ എവിടത്തുകാരനാണ് എന്നുഞാൻ അടുത്തിരുന്ന വേറൊരു വ്യക്തിയോടു ചോദിച്ചു. പിതാവായ ഒലുംബ ഞങ്ങളുടെ ഹൃദയങ്ങളിലാണു വസിക്കുന്നത് എന്നായിരുന്നു മറുപടി, ഒലുംബയുടെ ആസ്ഥാനം നൈജീരിയയിലാണെന്നും അദ്ദേഹം പറഞ്ഞു. ഒരു ദുരുപദേശസംഘത്തിനിടയിലാണു ഞാൻ അകപ്പെട്ടിരിക്കുന്നതെന്ന് എനിക്കപ്പോൾ ബോധ്യമായി.

ഇരുപതു മിനിറ്റോളം നീണ്ടുനിന്ന അന്യഭാഷാസംസാരവും പ്രവചനവും കാടൻ നൃത്തവുമെല്ലാം, തീർച്ചയായും പണത്തിനായുള്ള അഭ്യർത്ഥനയും, കഴിഞ്ഞശേഷം എനിക്ക് അവരോട് എന്തെങ്കിലും സംസാരിക്കാനുണ്ടോ എന്നു ചോദിച്ചു. തീർച്ചയായും എനിക്കുണ്ടായിരുന്നു. ബൈബിൾ സ്ഥിരതയോടെ പഠിക്കാനും, അവരുടെ മന്ദോഷ്ണമനോഭാവം വെടിയാനും ശിഷ്യരായി ജീവിക്കാനും ഞാൻ അവരോട് ആവശ്യപ്പെട്ടു. അതിനുശേഷം അവരെയെല്ലാവരെയും സഭയുടെ ഇൻവിറ്റേഷൻ സർവ്വീസിലേക്ക് ക്ഷണിച്ചു.

നവപെന്തക്കോസ്തുമനോഭാവവും രീതികളും ക്രിസ്തീയതയുടെ സകല മുക്കിലും മൂലയിലും വേരോടിയിരിക്കുന്നു എന്ന കാര്യം നമുക്കു വ്യക്തമായി മനസ്സിലാക്കാൻ കഴിയും. കത്തോലിക്കരിലേക്കും ഓർത്തോഡോക്സുകാരിലേക്കും, പ്രൊട്ടസ്റ്റന്റുകാരിലേക്കും ദുരുപദേശസംഘങ്ങളിലേക്കുമെല്ലാം ഈ കരിസ്മാറ്റിക് പ്രസ്ഥാനം വേരിറക്കി സ്ഥാനം പിടിച്ചു കഴിഞ്ഞു. ഇതുടനെയൊന്നും വിട്ടുപോകാനും പോകുന്നില്ല.

## ലക്ഷങ്ങൾ വിലമതിക്കുന്ന ചോദ്യം

ലോകത്തിലുള്ള മറ്റുമതങ്ങളിലെ അത്ഭുതങ്ങളെ നാം തള്ളിക്കളയുന്നു - കാരണം അവരൊന്നും ക്രിസ്തുവിനെ അംഗീകരിക്കുന്നവരല്ല. അങ്ങനെയെങ്കിൽ ക്രിസ്തുവിനെ തത്വത്തിൽ അംഗീകരിക്കുന്ന പല കരിസ്മാറ്റിക് ദുരുപദേശ സംഘങ്ങളിലുമുള്ള അത്ഭുതപ്രതിഭാസങ്ങളെ നാം അംഗീകരിക്കുന്നുണ്ടോ - മോർമോൺ സഭയിലെയും ഒലുംബ ഒലുംബ ഒബുവിലെയും അത്ഭുതങ്ങളെ? അവരുടെ ഉപദേശങ്ങൾ പത്ഥ്യോപദേശത്തോടു ചേരുന്നതല്ല എന്ന കാരണത്താൽ? തീർച്ചയായുമില്ല. തെറ്റായ ഒരു സുവിശേഷമാണ് ഇക്കൂട്ടരെല്ലാം പഠിപ്പിക്കുന്നത് എന്ന കാരണത്താൽ നാം ഇവരെയെല്ലാം ഒഴിവാക്കുമ്പോൾ, പ്രധാനപ്പെട്ട ക്രിസ്തീയ സഭാവിഭാഗങ്ങളിൽ കാണുന്ന അത്ഭുതങ്ങളെ ന്യായീകരിക്കാൻ പറ്റിയ കാര്യകാരണങ്ങൾ നിലനിൽക്കുന്നുണ്ടോ?

ലക്ഷങ്ങൾ വിലമതിക്കുന്ന ഈ ചോദ്യത്തിന്റെ ഉത്തരം ഇല്ല എന്നതുതന്നെയാണ്. കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾ നിരത്തുന്ന അവകാശവാദങ്ങൾക്ക് മോർമോൺ കൂട്ടരോ ഹൈന്ദവരോ നിരത്തുന്ന അവകാശവാദങ്ങളേക്കാൾ യുക്തിഭദ്രത ഇല്ല എന്നതാണു സത്യം. എല്ലാം ഒരേപോലത്തെ അത്ഭുതപ്രവർത്തികളും അവകാശവാദങ്ങളുമാണ്. ഏതുവിശ്വാസക്കാരായാലും എന്തു പഠിപ്പിക്കുന്നവരായാലും ലോകത്തുള്ള സകല കരിസ്മാറ്റിക് അനുഭാവികളുടെയും അനുഭവങ്ങൾ ഒരുപോലത്തേതാണ്.

ക്രിസ്തുവിൽ വിശ്വസിക്കാത്തവർക്കു പോലും അത്ഭുതങ്ങളുടെ അനുഭവങ്ങൾ ഉണ്ടാകുന്നു

ണ്ട്, അതേപോലത്തെ അനുഭവങ്ങൾ തന്നെയാണ് കരിസ്മാറ്റിക് സംഘങ്ങളിലും കണ്ടുവരുന്നത് എന്നതുകൊണ്ട് കരിസ്മാറ്റിക് അനുഭവങ്ങൾ പ്രത്യേകിച്ച് ഒന്നും തെളിയിക്കുന്നില്ല. ജ്ഞാനിയായ ശലമോൻ നിരീക്ഷിച്ചതുപോലെ സൂര്യനുകീഴിൽ പുതുതായിട്ട് ഒന്നും ഇല്ല. അതുകൊണ്ട് അത്ഭുത ങ്ങളെക്കുറിച്ചു നാം കേൾക്കുമ്പോൾ പെട്ടെന്നുതന്നെ അത്ഭുതപ്പെടാൻ നിൽക്കേണ്ട.

കുറിപ്പുകൾ:

1. ബിസി 1500ൽ ഉദയം ചെയ്ത ഹിന്ദുമതം ഇന്ത്യയിലെ പ്രധാനമതമാണ്. ജനപ്രിയമായ ഹിന്ദുമത ത്തിൽ പതിനായിരക്കണക്കിന് അത്ഭുതകഥകൾ നിലനിൽക്കുന്നുണ്ട്. എണ്ണമില്ലാത്തത്രയും കരിസ്മാ റ്റിക് വിഭാഗങ്ങളും ഈ മതത്തിൽ നിലനിൽക്കുന്നുണ്ട്.
2. ഒരു വ്യക്തയെന്ന രീതിയിലുള്ള നിലനിൽപ്പിനെ തുടക്കകാലത്ത് ബുദ്ധമതം അംഗീകരിച്ചിരുന്നി ല്ല. ബുദ്ധന്റെ ജീവിതകാലത്തും തന്റെ സന്യാസികളിലും കൂടി എണ്ണമില്ലാത്തത്രയും അത്ഭുതങ്ങൾ ചെയ്തതായി അവകാശപ്പെടുന്നു.
3. എഡി 570–632 കാലഘട്ടത്തിൽ മുഹമ്മദ് നബി സ്ഥാപിച്ച ഇസ്ലാം മതമാണ് പ്രധാനപ്പെട്ട ലോകമ തങ്ങളിൽ ഏറ്റവും അവസാനത്തേതായി തുടങ്ങിയത്. യഹൂദമതത്തെയും ക്രിസ്തീയമതത്തെയും അടിസ്ഥാനമാക്കി ഉടലെടുത്ത ഈ മതം അറേബ്യയിൽ നിലനിന്നിരുന്ന ദുർഗന്ധപൂരിതമായ ബഹു ദൈവാരാധനയ്ക്കും ദുർമ്മാർഗ്ഗത്തിലേക്കു കൂപ്പുകുത്തിയ യഹൂദമതത്തിനും ദ്രവീകരിച്ച ക്രിസ്തീ യമതത്തിനും എതിരായ ഒരു പ്രതികരണമായിരുന്നു.
4. ദാരിദ്ര്യവ്രതമെടുത്തിരിക്കുന്ന മുസ്ലീം യോഗികളാണ് ഡെർവിഷുകൾ എന്നറിയപ്പെടുന്ന ഇവർ. അവരിൽ പലരും ആനന്ദനൃത്തവും അന്യഭാഷാസംസാരവും സ്വായത്തമാക്കിയവരാണ്.
5. അപലേയസ് എഴുതിയ മെറ്റാമോർഫോസിസ് 2 എന്ന പുസ്തകം വായിക്കുക.
6. യേശുവിന്റെയോ യേശുവുമായി ബന്ധമുള്ള കുടുംബാംഗങ്ങളുടെയോ വിശുദ്ധരുടെയോ ഭൗതി കാവശിഷ്ടങ്ങളെയാണ് തിരുശേഷിപ്പുകൾ എന്നു പറയുന്നത്. അവയിൽനിന്നും അത്ഭുതവരങ്ങളും അനുഗ്രഹങ്ങളും വഴിയുന്നുവെന്നാണ് വിശ്വാസം.
7. എഡ്വേർഡ് ഒ കോണർ, കത്തോലിക്കാസഭയിലെ പെന്തക്കോസ്തു പ്രസ്ഥാനം – ആവേ മരിയ പ്രസ്സ്, 1971.

**അദ്ധ്യായം 18**

# അപ്പസ്തോലപ്രവർത്തികളിലെ അത്ഭുതങ്ങൾ

## ചരിത്രവും താളവും കാരണവും

അപ്പസ്തോലപ്രവർത്തികളിൽ ആത്മാവു പ്രവർത്തിക്കുന്ന അത്ഭുതങ്ങളെ അവയുടെ ചരിത്രപ്രാധാന്യം മുൻനിറുത്തി ഈ അദ്ധ്യായത്തിൽ നമുക്കു പരിശോധിക്കാം.

☞ ആദ്യഭാഗം ചരിത്രത്തെ സംബന്ധിച്ചതാണ്. പ്രവചനങ്ങളുടെയും അവയുടെ പൂർത്തീകരണങ്ങളുടെയും വെളിച്ചത്തിൽ പഴയനിയമവും പുതിയനിയമവും തമ്മിലുള്ള വ്യത്യാസങ്ങൾ ഇവിടെ ചർച്ചചെയ്യപ്പെടുന്നു.

☞ അത്ഭുതവരങ്ങളെയും ആത്മവർഷത്തെയും സംബന്ധിച്ച ചോദ്യങ്ങൾ രണ്ടാം ഭാഗത്ത്. ആദ്യകാലത്തെ അപ്പസ്തോല തലമുറയ്ക്കുമാത്രമാണോ അതോ എല്ലാ തലമുറയിലുള്ളവർക്കും ഈ അത്ഭുതവരങ്ങൾ ലഭ്യമാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ എന്ന കാര്യങ്ങൾ താളം എന്ന രണ്ടാംഭാഗത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

☞ ആദ്യത്തെ രണ്ടു ഭാഗങ്ങളെയും അപ്പസ്തോലപ്രവർത്തി പുസ്തകത്തിന്റെ രൂപരേഖയുടെ വെളിച്ചത്തിൽ കൂടുതൽ മിഴിവുള്ളതാക്കുന്നതാണ് മൂന്നാമത്തെ ഭാഗമായ കാരണത്തിൽ.

## *ചരിത്രം: ആത്മാവു വർഷിക്കപ്പെട്ടിട്ടില്ലായിരുന്നു*

നിയമവാഴ്ചയുടെ കാലഘട്ടമായ പഴയനിയമവും ആത്മാവിന്റെ കാലഘട്ടമായ പുതിയനിയമവും തമ്മിലുള്ള അന്തരം അവഗണിക്കാൻ സാദ്ധ്യമല്ലാത്തവിധത്തിലുള്ളതാണ്. യേശുവിനെ മഹത്വീകരിക്കുന്നതിനുമുൻപ് പരിശുദ്ധാത്മാവ് തിരഞ്ഞെടുക്കപ്പെട്ട ചിലയാളുകൾക്കുമാത്രമുള്ളതായിരുന്നു.[1] രണ്ട് ഉടമ്പടികളുടെയും കീഴിലുള്ള പരിശുദ്ധാത്മാവിന്റെ വ്യാപാരത്തെക്കുറിച്ച് മനസ്സിലാക്കാൻ താഴെപ്പറയുന്ന കാര്യങ്ങൾ സഹായകമാകും. വിശാലമായ ഒരു അർത്ഥത്തിൽ പറഞ്ഞാൽ; പഴയനിയമത്തിൽ പരിശുദ്ധാത്മാവ് ദൈവജനതയുടെ ഇടയിൽ വസിച്ചിരുന്നു, പുതിയനിയമത്തിലാകട്ടെ പരിശുദ്ധാത്മാവു വസിക്കുന്നത് ദൈവജനതയുടെ ഉള്ളിലാണ്. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ചില നായകർക്കുമാത്രമല്ലാതെ, സകല ശിഷ്യന്മാരുടെയും ഹൃദയത്തിൽ[2] പരിശുദ്ധാത്മാവു വസിക്കുന്ന ഒരു കാലഘട്ടമാണ് പുതിയ ഉടമ്പടികാലഘട്ടം – പല പ്രവചനങ്ങളുടെയും നിവർത്തീകരണം സാദ്ധ്യമാകുന്നതിനായി. യോഹന്നാൻ 7:39ൽ ഈമാറ്റത്തിന്റെ പ്രാധാന്യം വ്യക്തമായി സംസാരിക്കുന്നു:

> അവൻ ഇത് തന്നിൽ വിശ്വസിക്കുന്നവർക്കു ലഭിക്കുവാനിരിക്കുന്ന ആത്മാവിനെക്കുറിച്ചാകുന്നു പറഞ്ഞത്; യേശു അതുവരെയും തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് നൽകപ്പെട്ടിരുന്നില്ല.

എഡി 30ലെ പെന്തക്കോസ്തുനാൾ വരെ വിശ്വാസികളായ സ്ത്രീ പുരുഷന്മാർക്ക് പൊതുവായി പരിശുദ്ധാത്മാവു ലഭിച്ചിട്ടില്ലായിരുന്നു. യേശു പറഞ്ഞതുപോലെ, ദൈവരാജ്യത്തിൽ ഏറ്റവും ചെറിയവൻപോലും (മത്തായി 11:11), പരിശുദ്ധാത്മാവിന്റെ വാസമെന്ന പ്രത്യേകാവകാശമുള്ളതിനാൽ വലിയവനായിത്തീരുന്നു.

ആത്മാവിന്റെ വർഷം മനുഷ്യചരിത്രത്തെത്തന്നെ രണ്ടായി വിഭജിക്കുന്നു. പെന്തക്കോസ്തുദിനത്തിനുശേഷമുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തികളെ നിസ്സാരമായിക്കാണുന്ന എല്ലാ വാദങ്ങളും പോരായ്മയുള്ളവയാണ്. കാരണം സഭാസ്ഥാപനത്തിനുമുമ്പ് പരിശുദ്ധാത്മാവിനെ നൽകിയിട്ടില്ലായിരുന്നു (യോഹന്നാൻ 7:39).

### അവസാനനാളുകളിലെ ആത്മവർഷം

അനുഗ്രഹവർഷവും പുതിയതുടക്കവുമായി ആത്മാവിനെ വർഷിക്കുമെന്നത് വചനം നൽകുന്ന വാഗ്ദാനമാണ്. ഈ വാഗ്ദാനങ്ങളെല്ലാം പൂർണ്ണമായി നിറവേറപ്പെടുന്നത് പെന്തക്കോസ്തു നാളിലെ പരിശുദ്ധാത്മാവിന്റെ ആഗമനത്തോടെയാണ്.

> ഇപ്പോഴോ, എന്റെ ദാസനായ യാക്കോബേ, ഞാൻ തിരഞ്ഞെടുത്ത ഇസ്രായേലേ, കേൾക്കുക. നിന്നെ സൃഷ്ടിച്ചവനും ഗർഭാശയത്തിൽ നിന്നെ രൂപപ്പെടുത്തിയവനും നിന്നെ സഹായിച്ചവനുമായ യഹോവ

ഇപ്രകാരം അരുളിച്ചെയ്യുന്നു: എന്റെ ദാസനായ യാക്കോബേ, ഞാൻ തിരഞ്ഞെടുത്ത യെശുരൂനേ, നീ ഭയപ്പെടേണ്ട. ദാഹിച്ചിരിക്കുന്നിടത്ത് ഞാൻ വെള്ളവും വരണ്ട നിലത്ത് നീരൊഴുക്കുകളും പകരും; നിന്റെ സന്തതിമേൽ എന്റെ ആത്മാവിനെയും, നിന്റെ സന്താനത്തിന്മേൽ എന്റെ അനുഗ്രഹത്തെയും പകരും. (ഏശയ്യ 44:1-3) (ഏശയ്യ 32:15ഉം കാണുക)

ഞാൻ യിസ്രായേൽ ഗൃഹത്തിന്മേൽ എന്റെ ആത്മാവിനെ പകർന്നിരിക്കുന്നതിനാൽ ഇനിയും എന്റെ മുഖം അവർക്കു മറയ്ക്കുകയുമില്ല എന്ന് യഹോവയായ ദൈവം അരുളിച്ചെയ്യുന്നു (യെഹെസ്കേൽ 39:29)

ഞാൻ ദാവീദ്ഗൃഹത്തിന്മേലും യെരുശലേം നിവാസികളുടെമേലും കൃപയുടെയും യാചനകളുടെയും ആത്മാവിനെ പകരും; തങ്ങൾ കുത്തിയവങ്കലേക്ക് അവർ നോക്കും; ഏകജാതനെക്കുറിച്ചു വിലപിക്കും; ആദ്യജാതനെക്കുറിച്ചു വ്യസനിക്കുന്നതുപോലെ അവർ അവനെക്കുറിച്ചു വ്യസനിക്കും. (സെഖര്യ 12:10)

അതിനു ശേഷമോ, ഞാൻ സകല മനുഷ്യരുടെമേലും എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും; നിങ്ങളുടെ യൗവനക്കാർ ദർശനങ്ങൾ ദർശിക്കും; ദാസീദാസന്മാരുടെമേലും ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും. ..എന്നാൽ യഹോവയുടെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും; യഹോവ അരുളിച്ചെയ്തതുപോലെ സീയോൻ പർവ്വതത്തിലും യെരുശലേമിലും ഒരു രക്ഷിതഗണവും അവശേഷിച്ചിരിക്കുന്നവരുടെ കൂട്ടത്തിൽ യഹോവ വിളിക്കുവാനുള്ളവരും ഉണ്ടാകും. (യോവേൽ 2:28-29, 32).

ആത്മാവിനെ സകലർക്കും ലഭ്യമാക്കിയ ചരിത്രമുഹൂർത്തമാണ് പെന്തക്കുസ്താദിനം. നാം അവസാനമായി മുകളിൽ വായിച്ച അതേ വചനംതന്നെയാണ് പത്രോസ് തന്റെ സന്ദേശത്തിൽ എടുത്തുപറഞ്ഞത്. ആത്മാവിനെക്കുറിച്ചുള്ള സകല പ്രവചനങ്ങളും എഡി 30ലെ ഇസ്രായേലിലെ വസന്തകാലത്തു കൂട്ടിമുട്ടപ്പെട്ടു:

ഇത് യോവേൽ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതത്രേ: ദൈവം അരുളിച്ചെയ്യുന്നു: അന്ത്യകാലത്ത്, ഞാൻ സകല മനുഷ്യരുടെമേലും എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ യൗവനക്കാർ ദർശനങ്ങൾ ദർശിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും; എന്റെ ദാസീദാസന്മാരുടെമേലും ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും; അവരും പ്രവചിക്കും. (അപ്പ 2:16-18).

ആത്മീയമായ പ്രകടനങ്ങളോടുകൂടിയ മതനവീകരണം ലോകാവസാനം അടുത്തെത്തിയതിന്റെ ലക്ഷണങ്ങളാണെന്ന അനുമാനം വളരെ പ്രചാരത്തിലുള്ളതാണ്. എന്നാൽ ഇതേക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ എന്തൊക്കെയാണ് എന്നു നമുക്കു നോക്കാം.

## അവസാന നാളുകൾ - ഒരു പഠനം

കരിസ്മാറ്റിക്കുകാർക്കു പൊതുവേയുള്ള ഒരു ആശയക്കുഴപ്പമാണ് അന്ത്യനാളുകൾ എന്ന വാക്ക്. അവരിൽ മിക്കവരും സഹസ്രാബ്ദവാഴ്ചയ്ക്കുമുമ്പ് ക്രിസ്തുവിന്റെ പുനഃരാഗമനം (പ്രീമില്ല്യെനിസം) പ്രതീക്ഷിക്കുന്നവരാണ്.[(3)] ഇരുപതാം നൂറ്റാണ്ടിലെവിടെയോ ആണ് അന്ത്യനാളുകൾക്കു തുടക്കമായത് എന്ന് ഇവർ അവകാശപ്പെടുകയും ചെയ്യുന്നു - കൃത്യമായ കാലനിർണ്ണയങ്ങളുടെ കാര്യത്തിൽ ഒളിച്ചുകളികൾ ഉണ്ടെങ്കിലും.

അവസാന നാളുകൾ എന്നത് സത്യത്തിൽ എന്താണ്? നവപെന്തക്കോസ്തു കൂട്ടങ്ങൾ പറയുന്നത് നാം ഇപ്പോൾ ജീവിക്കുന്നത് എകദേശം നൂറുവർഷങ്ങൾക്കു മുമ്പു തുടങ്ങിയ അന്ത്യനാളിലാണ് എന്നാണ്, ഇത് അവസാനിക്കുന്നതു ക്രിസ്തുവിന്റെ രണ്ടാം വരവിലൂടെയാണെന്നും. യേശു തന്റെ ആത്മാവിനെ ചൊരിഞ്ഞ പെന്തക്കോസ്തു നാൾമുതൽ യേശുവിന്റെ രണ്ടാം വരവുവരെയുള്ള കാലഘട്ടമാണ് അവസാന നാളുകൾ എന്നത് നമുക്കു മിക്കവർക്കും ലഭിച്ച പഠിപ്പിക്കലുമാണ്. ഇക്കാര്യത്തെക്കുറിച്ച് എനിക്കു മനസ്സിലായ കാര്യങ്ങൾ ഞാൻ താഴെ ചേർക്കുന്നു.

പെന്തക്കോസ്തു നാളിൽ ആത്മാവിനെ വർഷിച്ചത് അവസാന നാളുകളിൽ ആയിരുന്നു എന്ന് അപ്പ 2:16–17 വാക്യങ്ങൾ വ്യക്തമാക്കുന്നു. അപ്പ 2:4ലെ അസാധാരണസംഭവത്തെക്കുറിച്ച് പത്രോസ് വിശദീകരിക്കുമ്പോൾ യോവേൽ 2:28–32 വേദഭാഗമാണ് എടുത്തുപയോഗിക്കുന്നത് (അപ്പ 2:16–21). 800 വർഷങ്ങൾക്കുമുമ്പ് യേവേൽ നടത്തിയ പ്രവചനം പെന്തക്കോസ്തുനാളിൽ നിറവേറിയതായി പത്രോസ് കണക്കാക്കിയെന്നകാര്യം വ്യക്തമാണ് (അപ്പ 2:16, 17, 33). അവസാനനാളിൽ ആത്മാവിനെ വർഷിക്കുമെന്നു പ്രവചിച്ചത് യോവേൽ മാത്രമല്ല, ഏശയ്യാവും (32:15, 44:3), യെഹെസ്കേലും (39:29), സെഖരിയാവും (12:10) മറ്റും ഇക്കാര്യം പ്രവചിച്ചവരാണ്. പെന്തക്കോസ്തു നാളിലെ ഈ സംഭവത്തിന്റെ ഫലമായി നാം ആത്മാവിന്റെ യുഗത്തിൽ വസിക്കുന്നു. 30എഡിയിൽ ദൈവം ചെയ്ത

ഈ മഹത്പ്രവർത്തിയാൽ നാം പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവരും അനുഗ്രഹിക്കപ്പെട്ടവരുമായി.

എന്നിരുന്നാലും, അവസാനനാളുകളിലാണോ ആത്മവർഷം തുടങ്ങിയത്, അത് അവിടെ തീർന്നോ, അവസാനനാളുകൾ എന്ന ഒരു കാലഘട്ടത്തിനുള്ളിൽ മാത്രമായി ഇതു ഒതുങ്ങിനിൽക്കുന്നുവോ എന്ന ചോദ്യങ്ങൾക്ക് ഈ വേദഭാഗങ്ങൾ വ്യക്തതനൽകുന്നില്ല. യാക്കോബ് 5:3, 2 പത്രോസ് 3:3, 2 തിമോത്തി 3:1 എന്നീ വചനങ്ങൾ ആദ്യനൂറ്റാണ്ടിലെ സഭ അവസാനനാളുകളിലാണ് നിലനിന്നത് എന്ന കാര്യം വ്യക്തമാക്കുന്നു. എന്താണു സംഭവിച്ചത്? യേശുവിന്റെ വരവു വൈകിയോ (ദാനിയേൽ 10:13 ലെപ്പോലെ)? അതോ യഹോവസാക്ഷികളുടെ വാദമാണോ ശരി? ദൈവരാജ്യം ഭൂമിയിൽ സ്ഥാപിതമാക്കാനുള്ള യേശുവിന്റെ ശ്രമം പാളിപ്പോയോ?

ആദ്യം സൂചിപ്പിച്ച രണ്ടു നിഗമനങ്ങളെയും ചോദ്യമുനയിൽ നിർത്തുന്ന ഒരു വചനമാണ് എബ്രായർ 1:2. ഈ അവസാന നാളുകളിൽ ക്രിസ്തുവേശു നമ്മോടു സംസാരിച്ചു എന്ന് അവിടെ നാം വായിക്കുന്നു. പെന്തക്കോസ്തു നാളിലാണ് അവസാന നാളുകളുടെ ആരംഭം എന്നുള്ള നിഗമനത്തിനുള്ള ഒരു കുഴപ്പം ആ നാളുകളിൽ പത്തുദിവസങ്ങളോളം യേശു സംസാരിച്ചിട്ടേയില്ല എന്നതാണ്. സ്വാഭാവികമായും ചോദിക്കാവുന്ന ചോദ്യം അപ്പോൾ ഇതാണ്: എന്തിന്റെ അന്ത്യനാളുകൾ?

പ്രീമില്ലെനിയ കാഴ്ചപ്പാടു നാം സ്വീകരിക്കുന്നില്ലെങ്കിൽ നാം പറയുന്നത് ഇപ്രകാരമാവില്ലേ? പെന്തക്കോസ്തു നാൾമുതൽ രണ്ടാം വരവുവരെയുള്ള കാലഘട്ടമെന്നത് മനുഷ്യചരിത്രത്തിന്റെ അന്ത്യനാളുകളാണ് എന്ന്? എന്നാൽ അവസാന നാളുകൾ എന്നതുകൊണ്ട് വിവക്ഷിക്കുന്നത് യഹൂദരീതികളുടെ അന്ത്യനാളുകൾ എന്നതാണെങ്കിലോ?

പഴയ ഉടമ്പടിയുടെ മേൽ പുതിയ ഉടമ്പടി സ്ഥാപിക്കപ്പെടുമെന്ന കാര്യം പ്രവാചകരാൽ പ്രവചിക്കപ്പെട്ടിട്ടുണ്ട് (യിരമ്യ 31:31-34 മുതലായവ).യഹൂദജനതയിൽ നിന്നും ദൈവരാജ്യം എടുത്തു മാറ്റി മറ്റുള്ളവർക്കു നൽകപ്പെടുമെന്ന കാര്യം യേശുവും പ്രസ്താവിച്ചിരിക്കുന്നു (മത്തായി 21:43). പെന്തക്കോസ്തു നാളുമുതൽ യെരുശലേം ദേവാലയം തകർക്കപ്പെടുന്നതുവരെയുള്ള (എഡി 70) നാൽപതുവർഷ കാലഘട്ടം ഒരു അവസാന അവസരം കൂടി യഹൂദർക്കു നൽകിയ ക്ഷമയുടെ ഒരു കാലഘട്ടമാണ് എന്നതാണ് എന്റെ കാഴ്ചപ്പാട്. പഴയനിയമകാലഘട്ടത്തിന്റെ ആത്മീയതലത്തിലുള്ള അവസാനം മുതൽ ആ ഉടമ്പടിസമ്പ്രദായങ്ങളുടെ ഭൗതികമായ അവസാനം വരെ നീണ്ട ഒരു മുഴുവൻ തലമുറയുടെ ജീവിതകാലഘട്ടം ഒരു അവസാന അവസരമായി ദൈവം തന്റെ ജനതയ്ക്കു നൽകി (എബ്രായർ 8:7-13).

യഹൂദസമ്പ്രദായങ്ങളുടെ അവസാന നാളുകൾ ആദ്യനൂറ്റാണ്ടിൽത്തന്നെ അവസാനിച്ചു. ആ നിലയ്ക്ക് നാം ഇപ്പോൾ ജീവിക്കുന്നത് അന്ത്യനാളുകളിൽ ആണോ? മനുഷ്യവംശത്തിന്റെ അവസാന തലമുറ ഇതാണോ? അക്കാര്യമറിയാവുന്നയാൾ ദൈവം മാത്രമാണ് (1 തെസ്സലോനിക്യർ 5:1-3)!

പെന്തക്കോസ്തുനാളിൽ ദൈവാത്മാവിനെ എല്ലാവർക്കും ഒരേപോലെ ലഭ്യമാക്കി - വലിയവനും ചെറിയവനും, യജമാനനും ദാസനും, പ്രവാചകനും സാധാരണക്കാരനും എല്ലാം ഒന്നുപോലെ. അതിമഹത്തായ ഈ വാഗ്ദാനം സകല തലമുറയ്ക്കും (അപ്പ 2:39) സ്നാനത്തിലൂടെ ലഭ്യമാകപ്പെടുന്നു (അപ്പ 2:38).

> പത്രോസ് അവരോട്: നിങ്ങളുടെ പാപമോചനത്തിനായി നിങ്ങൾ ഓരോരുത്തരും അനുതപിച്ച് യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേൽക്കുവിൻ; അങ്ങനെയെങ്കിൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും. (അപ്പ 2: 38-39)

## പുറമേ ചൊരിയപ്പെടുന്നതും ഉള്ളിൽ വസിക്കുന്നതും

പഴയ ഉടമ്പടിയുടെ കാലഘട്ടത്തിലെയും പുതിയ ഉടമ്പടിയുടെ കാലഘട്ടത്തിലെയും പരിശുദ്ധാത്മാവിന്റെ സ്വീകരണത്തെക്കുറിച്ചു വ്യക്തമാക്കാൻ ഒരു ഗ്ലാസ് തണുത്തവെള്ളത്തിന്റെ ദൃഷ്ടാന്തം നോക്കാം. ഉഷ്ണക്കാലത്ത് തണുത്തവെള്ള തലയിൽക്കൂടി ഒഴിക്കുന്നത് ആശ്വാസദായകമാണ് എന്നാൽ അതിലും എത്രയോ ഏറെ സംതൃപ്തി നൽകുന്ന ഒന്നാണ് ആ വെള്ളം കുടിച്ചിറക്കുന്നത്! ആത്മാവുനമ്മിൽ വസിക്കുമ്പോൾ നാം ഉള്ളിൽ നിന്നും മാറ്റം വരുത്തുന്നവരായി മാറും. എന്നാൽ പഴയനിയമത്തിലും പുതിയനിയമത്തിലും കാണുന്ന ആത്മവർഷവുമായി നാം ആശയക്കുഴപ്പത്തിലാകരുത്. ഈ ആശയം മനസ്സിലാക്കിയെടുക്കുന്നത് ദുഷ്കരമായി തോന്നിയാലും, ഇക്കാര്യം മനസ്സിൽ വച്ചേക്കണമെന്നത് ഒഴിവാക്കാനാവാത്തതാണ്.

# താളം: എല്ലാം ഒന്നുപോലെ കാണപ്പെടുന്നു, എന്നാൽ...

അപ്പസ്തോലപ്രവർത്തി പുസ്തകം വായിക്കുന്ന ഒരാൾക്ക് ഉണ്ടാകാൻ സാദ്ധ്യതയുള്ള ഒരു ആശയക്കുഴപ്പമെന്നത് സാധാരണകാര്യങ്ങളും അസാധാരണസംഗതികളും തമ്മിലുള്ള തരം തിരിവനെക്കുറിച്ചാണ്. എന്നുവച്ചാൽ ഏതൊക്കെ അവസരങ്ങളാണ് സാധാരണ സഭാനടപടികളുടെ ഭാഗമായി (അപ്പ 2:42–47) നടക്കുന്നത്, ഏതൊക്കെയാണ് ചരിത്രപരമായ വിശിഷ്ടാവസരങ്ങൾ ആകുന്നത് എന്ന കാര്യങ്ങളിലുള്ള ഒരു വ്യക്തത. ശ്രദ്ധാപൂർവമായ ഒരു പരിശോധനയിലൂടെ അപ്പസ്തോലപ്രവർത്തി പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന സംഭവങ്ങളിൽ ബഹുഭൂരിപക്ഷവും അതുല്യമായ സംഭവങ്ങളാണ് എന്ന് നമുക്കു മനസ്സിലാക്കിയെടുക്കാൻ സാധിക്കും. താളങ്ങൾ തമ്മിൽ സാദൃശ്യമുണ്ടാകാം, എന്നാൽ എല്ലാ താളവും ഒന്നല്ല. വീഥിയെന്ന അർത്ഥം വരുന്ന റോഡ് എന്നവാക്കും വടിയെന്ന അർത്ഥം വരുന്ന റോഡ് എന്ന വാക്കും തമ്മിൽ സാമ്യം ഒരുപാടുണ്ട്, ഇതുപോലെ വരുന്ന മറ്റനേകം വാക്കുകൾ പോലെ. എന്നാൽ ഇവതമ്മിലുള്ള വ്യത്യാസം വലുതാണ്.

പരിശുദ്ധാത്മാവിനെക്കുറിച്ചു ബൈബിളിൽ നാം പഠിക്കുമ്പോൾ ഒരേപോലെയിരിക്കുന്ന അനേകം വേദഭാഗങ്ങൾ നമുക്കു കാണാൻ കഴിയും, അവ ഒരേതാളത്തിൽ കാണപ്പെടുന്നുവെങ്കിലും അവയെല്ലാം എല്ലാക്കാലത്തും ഒരേപോലെ പ്രാബല്യമുള്ളവയല്ല. ആത്മാവിനെക്കുറിച്ചു പരാമർശിക്കുന്ന വചനങ്ങളുടെ ഒരു പട്ടിക പരിശോധിക്കുമ്പോൾ അവ ഓരോന്നും തമ്മിലുള്ള വ്യത്യാസവും, അവയിലോരോന്നിലുമുള്ള ആത്മാവിന്റെ വ്യാപാരവും പ്രത്യക്ഷത്തിൽ ഒരേപോലെയിരിക്കുന്നുവെന്നു തോന്നാം. ബൈബിളിൽ പറയുന്ന പ്രകാരമുള്ള സാധാരണമായ ആത്മാവിന്റെ വ്യാപാരത്തെക്കുറിച്ച് മനസ്സിലാക്കിയെടുക്കുന്നത് വളരെ എളുപ്പമാണ്. എന്നാൽ മറ്റു വേദഭാഗങ്ങളുമായി അവയെ ബന്ധപ്പെടുത്തിവായിക്കാൻ നാം ശ്രമിക്കുന്നത് വളരെ ശ്രദ്ധയോടെവേണം, നേരത്തേ പറഞ്ഞ താള വ്യത്യാസങ്ങൾ സൂക്ഷ്മമായി പരിശോധിച്ചുകൊണ്ട്.

## മുമ്പും പിമ്പും?

രക്ഷപ്രാപിച്ചതിനു ശേഷം ആത്മാവിനെ ലഭിക്കുമെന്നും – അപ്പ 8ലെ ശമരിയാക്കാരെപ്പോലെ, അല്ലെങ്കിൽ രക്ഷയ്ക്കുമുമ്പേ ആത്മാവിനെ ലഭിക്കുമെന്നും – അപ്പ 10ലെ കേസരിയാക്കാരെപ്പോലെ, എന്നുമൊക്കെ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ആളുകൾ ഇന്നുണ്ട്. ശമരിയാക്കാർക്ക് സ്നാന സമയത്ത് ഉള്ളിൽ വസിക്കാനായി ആത്മാവിനെ നൽകിയില്ല എന്നും, കേസരിയാക്കാർക്ക് സ്നാനത്തിനുമുമ്പേ ഉള്ളിൽ വസിക്കാനായി ആത്മാവിനെ നൽകിയെന്നുമുള്ള അനുമാനങ്ങളാണ് ഇവിടെ കാണുന്നത്. സാദ്ധ്യമെന്നു വാദിക്കാൻ കഴിയുമെങ്കിലും ഇത് തത്വാധിഷ്ടിതമല്ല. ദൈവവുമായുള്ള ബന്ധം നീതിപൂർവ്വകമാകുന്നത് എപ്പോഴാണ്? 1. അതിന് പാപപ്പൊറുതി അത്യാവശ്യമാണ്, കാരണം പാപമാണ് മനുഷ്യനെ ഇരുട്ടിൽ ആഴ്ത്തിയത് (കൊലോസ്യർ 1:13–14). 2. അതുപോലെതന്നെ നമ്മെ ദൈവമക്കൾ ആക്കുന്ന, നമ്മുടെ രക്ഷയുടെ ഉറപ്പാകുന്ന പരിശുദ്ധാത്മാവും അത്യാവശ്യമാണ് (റോമർ 8:9). ഈ രണ്ടു ദൈവീക വരങ്ങളും ഒരുമിച്ചു സ്വീകരിക്കപ്പെടേണ്ട കാര്യങ്ങളാണ്. അപ്പസ്തോലപ്രവർത്തികൾ എട്ടാം അദ്ധ്യായത്തിലും പത്താം അദ്ധ്യായത്തിലും കാണുന്ന പരിശുദ്ധാത്മാവിന്റെ പുറമേയുള്ള വർഷവും, 2:38–39 വാക്യങ്ങളിലെ ഉള്ളിലെ വാസവും തമ്മിൽ കൂട്ടിക്കുഴയ്ക്കാൻ പാടില്ല.

| *സ്ഥലം* | *ചരിത്ര ദൗത്യം* | *സാധാരണം?* | *ക്ഷമലഭിച്ചതെങ്ങിനെ?* | *വിശദീകരണം* |
|---|---|---|---|---|
| അപ്പ 2 | ആത്മാവിന്റെ ആവസം, പുതുയുഗപ്പിറവി | 2:4 – അല്ല<br>2:28–41 – അതെ | മാനസാന്തരപ്പെട്ടു സ്നാനം സ്വീകരിക്കുന്നതിലൂടെ (2:38) | സഭയുടെ അടിസ്ഥാനം സ്ഥാപിക്കപ്പെട്ടു |
| അപ്പ 8 | ശമരിയാക്കാർക്ക് രക്ഷ. ശക്തമായ വിവേചനം നിലനിന്നിരുന്നു | അല്ല | വിശ്വാസവും സ്നാനവും (8:12) | മർക്കോസ് 16:16ലെ നിർദ്ദേശം പാലിക്കപ്പെട്ടു |
| അപ്പ 10 | വിജാതീയർക്ക് രക്ഷ. ശക്തമായ വിവേചനം നിലനിന്നിരുന്നു | അല്ല | വിശ്വാസവും (10:43), സ്നാനവും (10:47–48) | കൊർണ്ണേലിയസിന്റെ മാനസാന്തരത്തേക്കാൾ ഉപരി പത്രോസിന്റെ മാനസാന്തരം |

ആത്മാവു ചൊരിയപ്പെട്ട വിശേഷവേളകൾ ചരിത്രപരമായ പ്രാധാന്യമർഹിക്കുന്ന അവസരങ്ങളും കൂടിയാണ്. താഴെ ആ അവസരങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. അപ്പ 1:8ൽ സൂചിപ്പിക്കുന്ന വിധത്തിലുള്ള ചരിത്രമുഹൂർത്തങ്ങളെ വിവേചിക്കുന്ന സംഭവങ്ങളാണ് അവ. അത്തരം സംഭവങ്ങൾ നമ്മുടെ കാലഘട്ടത്തിൽ ആവർത്തിക്കപ്പെടുന്നതിന് യാതൊരു കാരണവുമില്ല.

## *കാരണം: അപ്പസ്തോലപ്രവർത്തികളിലെ കർമ്മപദ്ധതി*

അപ്പസ്തോലപ്രവർത്തി പുസ്തകത്തിന് വ്യക്തമായ ഒരു രൂപരേഖയുണ്ട്. യേശു തന്റെ സ്വർഗ്ഗാരോഹണത്തിനുമുമ്പ് നൽകിയ കർമ്മപദ്ധതിക്കനുസരിച്ച് ചിട്ടപ്പെടുത്തിയ സുവിശേഷവൽക്കരണ പാത. മൂന്നു തലങ്ങളുള്ള ആ പദ്ധതിയെക്കുറിച്ചു ലൂക്കോസ് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

> എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികളാകും എന്നു പറഞ്ഞു. (അപ്പ 1:8)

ആദ്യം വിശുദ്ധപട്ടണത്തിൽ സുവിശേഷം പ്രസംഗിക്കപ്പെടണമായിരുന്നു, പിന്നീട് ഇസ്രായേൽ ദേശമൊക്കെയും, അവസാനമായി വിജാതീയരുടെ അടുത്തും. ഈ ത്രിതലപദ്ധതി അപ്പസ്തോലപ്രവർത്തികളിലെ 1–7 അദ്ധ്യായങ്ങളിലും, 8–12 അദ്ധ്യായങ്ങളിലും, 13–28 അദ്ധ്യായങ്ങളിലുമായി നിറവേറപ്പെടുന്നതു നമുക്കു കാണാം.

### അപ്പ 2: സഭയുടെ ആരംഭം

അപ്പസ്തോലപ്രവർത്തികൾ രണ്ടാം അദ്ധ്യായത്തിൽ ചൊരിയപ്പെടുന്ന പരിശുദ്ധാത്മാവ് പുതിയ ഉടമ്പടിയുടെ പ്രഘോഷകനും, സഭയിലെ ദൈവരാജ്യസ്ഥാപനത്തിന്റെ ഉൽഘാടകനുമാണ്. അതിന്റെ ഭാഗമായാണ് അവിടെ നാം കാണുന്ന അതിഗംഭീരമായ പ്രവർത്തികൾ. ശേഖരത്തിരുന്നാളായ പെന്തക്കോസ്തുനാളിനെ ബാബേലിന്റെ മറിച്ചുള്ള പുനഃരാവിഷ്കാരമായാണു കാണുന്നത്. രാഷ്ട്രങ്ങളെ ഇവിടെ ദൈവത്തിലേക്കു തിരിച്ചു വിളിക്കുന്നു, ഭാഷമൂലമുണ്ടായ ശാപത്തെ (ഉൽപ്പത്തി 11) ഉന്മൂലനം ചെയ്യുന്നു.

ചരിത്രപ്രധാനമായ രണ്ടു കാര്യങ്ങൾ നമുക്കിവിടെ കാണാം. 1. ആത്മാവിന്റെ അഗ്നിനാളങ്ങളും ഭാഷാവരവും ഒന്നും പതിനായിരക്കണക്കിനു വരുന്ന കാഴ്ചക്കാർക്കു ലഭിക്കുന്നില്ല.[5] 2. ആദിമക്രിസ്തീയ കൂട്ടായ്മയിൽ അത്ഭുതങ്ങൾ പ്രവർത്തിച്ചവർ അപ്പസ്തോലന്മാരായിരുന്നു (അപ്പ 2:43). ദൈവജനതയിൽ അവശേഷിക്കുന്നവരെ സഭയിലേക്ക് ആകർഷിക്കാനായിരുന്നു പെന്തക്കോസ്തുനാളിലെ അത്ഭുതങ്ങൾ. അങ്ങനെ യഹൂദർ യേശുവിനെ മിശിഹായായി സ്വീകരിക്കുവാനും, പ്രവചന പൂർത്തീകരണത്തിനായി ഒരു ഇടയന്റെ പറ്റമായ അവർ തിരിച്ചുവരുവാനുമായിരുന്നു.

### അപ്പ 8: ചരിത്രപരമായ ഒരു വ്യത്യസ്തത

ശമരിയാക്കാർക്കു സുവിശേഷം എത്തിച്ചുകൊടുക്കുന്നതിന്റെ പ്രാധാന്യം ഒട്ടും കുറച്ചു കാണാൻ കഴിയുകയില്ല. എഡി 39ൽ സുവിശേഷകനായ ഫിലിപ്പു മുഖേന സുവിശേഷം ശമരിയാദേശത്ത് എത്തിയപ്പോൾ അനേകം ശമരിയാക്കാർ ക്രിസ്തുവിൽ സ്നാനമേറ്റു (അപ്പ 8:12). മന്ത്രവാദിയായ ശിമയോൻ പോലും ശിഷ്യനായി (വാ 13). യെരുശലേമിലെ യഹൂദപശ്ചാത്തലമുള്ള ക്രിസ്ത്യാനികളിൽ ഈ സംഭവമുണ്ടാക്കിയ കോലാഹലം ചെറുതായിരുന്നില്ല. അസ്സീറിയയിൽ യുദ്ധത്തടവുകാരായി ജീവിച്ചിരുന്ന സമയത്തോളം പഴക്കമുള്ളതായിരുന്നു (ബിസി 722 മുതൽ) ആഴത്തിൽ വേരൂന്നിയ ഈ വിവേചനം. അവിടെവച്ച് പല യഹൂദരും അസ്സീറിയ ദേശക്കാരുമായി വിവാഹബന്ധത്തിലേർപ്പെട്ട് ശമരിയാക്കാർ എന്ന ഈ അർദ്ധസമൂഹം ഉരുത്തിരിഞ്ഞുവന്നു. യഹുദർ ക്രിസ്ത്യാനിയാകുന്ന കാര്യം തന്നെ വലിയ ഒന്നാണ്, വിജാതീയർ ക്രിസ്ത്യാനിയാകുന്നതാകട്ടെ യഹൂദർക്കു കുറച്ചുകൂടി വിഷമമേറിയ ഒന്നായിരുന്നു - എങ്കിലും പരിച്ഛേദനമേറ്റശേഷം അവർക്കാകാമെന്ന നിലപാടിലായിരുന്നു യഹൂദപശ്ചാത്തലത്തിലുള്ളവർ. എന്നാൽ രാഷ്ട്രവഞ്ചകരായ ഈ ശമരിയാക്കാരെ സഹോദരങ്ങളായി സ്വീകരിക്കുകയെന്നത് ചിന്തിക്കാൻ പോലും സാദ്ധ്യമല്ലാത്ത വിധം സങ്കീർണ്ണമായി ഒന്നായിരുന്നു. ഒറ്റുകാരും വെറുക്കപ്പെടുന്ന കീഴ്ജാതിക്കാരും ഉപയോഗശൂന്യമായ ഇത്തിക്കണ്ണികളുമായി കരുതിയിരുന്ന ഇവരെ ദൈവരാജ്യത്തിലേക്കു സ്വീകരിക്കുക എന്നത് സുനഗോഗ് ആരാധകരായ യഹുദരെ സംബന്ധിച്ച് അസാദ്ധ്യമായ ഒരു കാര്യം തന്നെയായിരുന്നു. എന്നാൽ ലോകമെങ്ങും പോയി ശിഷ്യരെയുണ്ടാക്കാനുള്ള കൽപ്പനതന്നെയാണ് യേശു ശിഷ്യന്മാർക്കു നൽകിയത്.[6] യേശുവാകട്ടെ ശമരിയാക്കാരിലേക്ക് ഇറങ്ങിച്ചെന്നു, തന്റെ ഒരു ഉപമയിൽ അവരെ ശ്രേഷ്ടരായി ചിത്രീകരിക്കുകയും ചെയ്തു.

ക്രിസ്തുവിന്റെ ആത്മാവിനാൽ രൂപാന്തരം പ്രാപിച്ച ശിഷ്യന്മാർ അവരുടെ മുൻവിധികളെ മറികടന്നുകാണുമെന്നു നിങ്ങൾ വിചാരിച്ചേക്കാം, എന്നാൽ അതല്ല സത്യം. ഒന്നാം നൂറ്റാണ്ടിലെ സഭനേരിടേണ്ടിവന്ന രൂക്ഷമായ വിവാദമായിരുന്നു യഹൂദരും-വിജാതീയരും തമ്മിലുള്ള ചേർച്ചക്കുറവ്. യഹൂദരല്ലാത്തവരെ സഭയിലേക്കു കൂട്ടിച്ചേർക്കാനുള്ള വ്യവസ്ഥകളെക്കുറിച്ചുള്ളതായിരുന്നു ഈ വിവാദം. അവർ മോശനൽകിയ നിയമങ്ങൾ പാലിക്കേണ്ടതുണ്ടോ? അവർ പരിച്ഛേദനം സ്വീകരിക്കേണ്ടതുണ്ടോ? സഭയെ ഭിന്നിപ്പിച്ചു കളയാൻതക്കവണ്ണം ഗൗരവതരമായ വിവാദവിഷയങ്ങളായിരുന്നു ഇവയെല്ലാം. ഈ വിവാദത്തിൽ ഉൾപ്പെട്ടിരുന്ന ഗലാത്യ മുതലായ സഭകൾക്കു വേണ്ടി എഴുതുമ്പോൾ പൗലോസ് ഈ ഗൗരവം മനസ്സിലാക്കിത്തന്നെ അവർക്കു മുന്നറിയിപ്പു കൊടുക്കുന്നതു നമുക്കു കാണാം.

## ആദ്യത്തെ മതവിഭാഗം?

നമ്മെ ചരിത്രപരമായ ഒരു നാൽക്കവലയിൽ കൊണ്ടുവന്നെത്തിക്കുന്ന ഒരു അദ്ധ്യായമാണ് അപ്പ 8. അപ്പസ്തോലരുടെ തക്കസമയത്തുള്ള ഇടപെടൽ ഉണ്ടായിരുന്നില്ലെങ്കിൽ ശമരിയാവിഭാഗക്കാർ ഒരു വിഭാഗമായി മാറുമായിരുന്നു. അങ്ങനെ സംഭവിച്ചിരുന്നെങ്കിൽ അതെത്രമാത്രം ദൗർഭാഗ്യകരമാകുമായിരുന്നു! യേശുക്രിസ്തുവിന്റെ ആഗ്രഹത്തിനും പ്രാർത്ഥനയ്ക്കുമെതിരായ (യോഹന്നാൻ 17:22–23) ഒരു കാര്യമാണ് വിഭാഗീയത. നാമോരുത്തരും വ്യത്യസ്തരാണെങ്കിലും, സഭയുടെ കാര്യങ്ങളിൽ പരിപൂർണ്ണ ഐക്യമുള്ളവരാണ്. ക്രിസ്തു യേശുവിന്റെ ശിഷ്യന്മാർ ഒരിക്കലും വിഭജിക്കാതിരിക്കട്ടെ, തുന്നലുകൂടാതെ നെയ്യപ്പെട്ട യേശുവിന്റെ അങ്കി കീറിമുറിക്കപ്പെടാതിരിക്കട്ടെ!

മാതൃസഭയിലെ നായകരുടെ അടുത്ത് വാർത്തയെത്തിയപ്പോൾ അപ്പസ്തോലപ്രധാനികളായ മൂന്നുപേരിൽ രണ്ടുപേരെ ഈ രംഗത്തേക്കയച്ചു.

> അനന്തരം യെരുശലേമിലുള്ള അപ്പസ്തോലർ, ശമര്യർ ദൈവവചനം കൈക്കൊണ്ടു എന്നുകേട്ട് പത്രോസിനെയും യോഹന്നാനെയും അവരുടെ അടുക്കലേക്ക് അയച്ചു. അവർ ചെന്ന് അവർക്ക് പരിശുദ്ധാത്മാവ് ലഭിക്കേണ്ടതിന് അവർക്കുവേണ്ടി പ്രാർത്ഥിച്ചു. (അപ്പ 8:14-15)

ഈ വേദഭാഗം വലിച്ചു നീട്ടി വായിക്കുന്ന ചിലർ അവർ ക്രിസ്ത്യാനികളായിരുന്നുവെന്നും എന്നാൽ പരിശുദ്ധാത്മാവിനെ അവർക്കു നൽകുവാനായി ഒരു വിശേഷപ്പെട്ട അവസരത്തിനായി ദൈവം കാത്തിരുന്നുവെന്ന നിഗമനത്തിലെത്തുന്നു, മറ്റുചിലരാകട്ടെ അവർക്കു പരിശുദ്ധാത്മാവു ലഭിച്ചിരുന്നു എന്നാലും അപ്പസ്തോലന്മാർ അവരെ ആത്മാവിലുള്ള സ്നാനത്തിനായി ഒരുക്കുകയായിരുന്നുവെന്ന നിഗമനത്തിലും എത്തിച്ചേരുന്നു.

> പരിശുദ്ധാത്മാവ് അന്നുവരെ അവരിൽ ആരുടെമേലും വന്നിരുന്നില്ല; അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനമേറ്റിരുന്നതേയുള്ളൂ. അവർ അവരുടെമേൽ കൈവച്ചപ്പോൾ അവർക്ക് പരിശുദ്ധാത്മാവ് ലഭിച്ചു. (അപ്പ 8:16-17)

എന്നാൽ വേദഭാഗം പറയുന്നത് പരിശുദ്ധാത്മാവ് അവരുടെയാരുടെയും മേൽ വന്നിട്ടില്ലായിരുന്നു എന്നാണ്. ഈ പ്രയോഗത്തിലൂടെ അവർക്കു ലഭിക്കുന്ന ആത്മാവിനെക്കുറിച്ചു വ്യക്തത ലഭിക്കുന്നു – പുറമേയുള്ള ആത്മവർഷമാണ് അപ്പസ്തോലന്മാരുടെ ഇടപെടലിലൂടെ അവർക്കു ലഭിച്ചത്. അകമേ വസിക്കുന്ന ആത്മാവിന്റെ ആവസമല്ലായിരുന്നു. ഇത്തരമൊരു വ്യത്യസ്തതയ്ക്ക് അപ്പ 2:38–39 ഇടം നൽകുന്നുമില്ല.

അപ്പ 8ലെ ഈ സംഭവത്തെ പെന്തക്കോസ്തുകാർ മാനസാന്തരത്തിനുശേഷം കൈവയ്പുപ്രാർത്ഥനവഴി പരിശുദ്ധാത്മാവു ലഭിക്കപ്പെടുമെന്ന പഠിപ്പിക്കലിനെ സ്വാധീനിക്കുവാനും, കത്തോലിക്കർ സ്ഥിരീകരണ സമയത്ത് ബിഷപ്പിന്റെ കൈവയ്പു വഴി പരിശുദ്ധാത്മാവിനെ ലഭിക്കുമെന്നു സമർത്ഥിക്കാനും ഉപയോഗിക്കുന്നു. നാം ക്രിസ്തുവിലേക്കു ചേർക്കപ്പെടുമ്പോൾത്തന്നെ നമുക്ക് സകല ആത്മീയ അനുഗ്രഹങ്ങളും ലഭിക്കുമെന്ന വചനം മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു (എഫേസ്യർ 1:3, റോമർ 6:3).

ശമരിയാക്കാർ യേശുവിന്റെ നാമത്തിൽ സ്നാനപ്പെട്ടിരുന്നതേയുള്ളൂ എന്നു പറയുമ്പോൾ ഏതു സ്നാനമാണ് അവർ സ്വീകരിച്ചതായി പറയുന്നത്? യേശുവിന്റെ നാമത്തിലുള്ള സ്നാനം, പാപമോചനവും പരിശുദ്ധാത്മാവും ലഭിക്കുന്ന സാധാരണമായ ക്രിസ്തീയ സ്നാനമാണ് (അപ്പ 2:38). അതിലൂടെ അവർ രക്ഷിക്കപ്പെടുകയും ചെയ്തു. അപ്പസ്തോലന്മാരിലൂടെ ലഭിച്ച പരിശുദ്ധാത്മാവിലുള്ള സ്നാനമാകട്ടെ ദൈവം ശമരിയാക്കാരെ രക്ഷയുടെ അവകാശികളായി സ്വീകരിച്ചുവെന്നതിന് സഹോദരങ്ങൾക്കു നൽകിയ ഒരു അടയാളമാണ്. തന്നെ അത്ഭുതപ്പെടുത്തിയ ആ ദൃശ്യം ശിമയോനു കാണാൻ കഴിയുമായിരുന്നു – വാ 18. ഇത് രക്ഷലഭിക്കേണ്ടതിനുള്ള ഒരു ആവശ്യഘടക

മായിരുന്നില്ല. അപ്പസ്തോലപ്രവർത്തികളിലെ എട്ടാം അദ്ധ്യായം ചട്ടക്രമത്തിനു (അപ്പ 2:38) വിരുദ്ധ മായ ഒന്നായി നമുക്കു കാണാൻ കഴിയുകയില്ല.

## അപ്പ 10: ചരിത്രപരമായ ഒരു വ്യത്യസ്തത

ആത്മാവിന്റെ വരവ് നാം കാംക്ഷിക്കേണ്ട ഒരു അനുഭവമാക്കേണ്ടതില്ല എന്നത് ഈ വേദഭാഗവും തെളിയിക്കുന്നു. ചരിത്രപരമായ ഒരു ഉദ്ദ്യേശത്തോടുകൂടി ദൈവം ചെയ്ത ഒരു അത്ഭുതമാണിത്. ശമരിയായിൽ സംഭവിച്ചതിന്റെ വിപരീതരീതിയാണ് നാം ഇവിടെ കാണുന്നത്, എന്തുകൊണ്ടെന്നാൽ കേട്ടുനിന്നവർ സ്നാനപ്പെടുന്നതിനുമുന്നേ അവർക്കുമേൽ പരിശുദ്ധാത്മാവിനെ നൽകപ്പെടുകയാണ് ഇവിടെ.

പത്താം അദ്ധ്യായത്തിലെ 43-ാം വാക്യംവരെ പത്രോസ് സംസാരിച്ചു: അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും എന്നു സകല പ്രവാചകന്മാരും സാക്ഷ്യം പറയുന്നു. അപ്പ 2:38 അനുസരിക്കുന്നതിലൂടെയാണ് ഒരാൾക്ക് പാപമോചനം ലഭിക്കുന്നത്. അവന്റെ നാമത്തിൽ: യേശുവിന്റെ നാമത്തിലുള്ള സ്നാനമാണ് പാപമോചനം കൊണ്ടുവരുന്നത്.

ആ സമയത്ത് ഏവരെയും സ്തബ്ധരാക്കിയ ഒരു കാര്യം സംഭവിച്ചു: കേസരിയാക്കാരുടെ മേൽ ദൈവം ആത്മാവിനെ അയച്ചു - സുവിശേഷത്തിനോടു പ്രതികരിച്ച ആദ്യത്തെ വിജാതീയർ (അപ്പ 11:20ൽ കാണുന്നവർ ഒരുപക്ഷേ ഇവരെക്കാളും മുമ്പേ വിശ്വസിച്ചവരാണ് - യേരുശലേമിലെ സഭാനേതാക്കൾ ഉൾപ്പെടാത്ത ഒരു വിജാതീയ ദൗത്യസംഘം).

> ഈ വാക്കുകൾ പത്രോസ് പ്രസ്താവിക്കുമ്പോൾത്തന്നെ വചനം കേട്ട എല്ലാവരുടെമേലും പരിശുദ്ധാത്മാവ് വന്നു. പത്രോസിനോടുകൂടെ വന്ന പരിച്ഛേദനക്കാരായ വിശ്വാസികൾ പരിശുദ്ധാത്മാവ് എന്ന ദാനം ജാതികളുടെ മേലും പകർന്നതു കണ്ടു വിസ്മയിച്ചു; അവർ അന്യഭാഷകളിൽ സംസാരിക്കുന്നതും ദൈവത്തെ മഹത്ത്വീകരിക്കുന്നതും കേൾക്കുകയാൽത്തന്നെ. (അപ്പ 10:44-46)

ഇവർക്കു ലഭിച്ചത് പരിശുദ്ധാത്മാവിന്റെ അകമേയുള്ള വാസമായിരുന്നോ? അല്ല, കാരണം അവർ അതുവരെയും സ്നാനം സ്വീകരിച്ചിരുന്നില്ല. ഇതു പുറമേയുള്ള ആത്മവർഷമായിരുന്നു.

എന്തുകൊണ്ടാണ് ഇത് ഇങ്ങനെ? പിന്നീടു താഴേക്കുള്ള വചനങ്ങളും പതിനൊന്നാം അദ്ധ്യായത്തിന്റെ പതിനെട്ടുവരെയുള്ള ഭാഗങ്ങളും വായിക്കുമ്പോൾ, ദൈവത്തിന്റെ ഉദ്ദേശ്യം എന്തായിരുന്നു എന്നു വ്യക്തമാകും. ദൈവത്തിന്റെ ഇംഗിതം പത്രോസ് മനസ്സിലാക്കിയെടുക്കുന്നുണ്ടായിരുന്നു - ദൈവം നൽകിയ മൂന്നു ദർശനങ്ങളും, വിജാതീയരോടു വചനം സംസാരിക്കാൻ ദൈവം നൽകിയ കൽപ്പനയ്ക്കും ശേഷം. പത്രോസിന്റെ കൂടെയുണ്ടായിരുന്നവർക്കാകട്ടെ കുറച്ചുകൂടി ഉറപ്പു വേണമായിരുന്നു. വിജാതീയരെ സഭയിലേക്ക് ആനയിക്കുകയെന്നത് വലിയ ഒരു മുന്നേറ്റമാണ്. അവരെ സഭായോഗങ്ങളിൽ പങ്കെടുപ്പിക്കുകയും പരിച്ഛേദനവും ശാബത്തു നിയമങ്ങളും അനുസരിപ്പിക്കുകയും സ്നാനപ്പെടുത്തുകയും ചെയ്യിക്കുന്നതൊക്കെ പരിഗണിക്കത്തതായ ഒരു കാര്യമാണെങ്കിലും, അവരെ കുടുംബത്തിലേക്കു കൊണ്ടുവരികയെന്നത് യഹൂദരെസംബന്ധിച്ച് ഗുരുതരമായ നിയമപ്രശ്നങ്ങളുണ്ടാക്കുന്ന ഒരു കാര്യമാണ്.

ദൈവം ഇവിടെ ആത്മാവിനെ ചൊരിഞ്ഞത് കേസരിയാക്കാർക്കു പ്രയോജനപ്പെടുവാനെന്നതിലുമുപരിയായി, സഹോദരന്മാരുടെ പ്രയോജനത്തിനു വേണ്ടിയായിരുന്നു. ഇത്ര വലിയ ഒരു അത്ഭുതം നടന്നിട്ടുപോലും അംഗീകരിക്കാൻ പറ്റാത്ത സഹോദരന്മാരും വലിയ തർക്കങ്ങളും ഉണ്ടാവുകയും, ഈവകക്കാര്യങ്ങളൊക്കെ ചർച്ചചെയ്ത് ഒരു അന്തിമതീരുമാനമെടുക്കുവാനായി മുഴുവൻ കൗൺസിലും (അപ്പ 15) ഈ വിഷയത്തിൽ വേണ്ടിവരികയും ചെയ്തു.

> അപ്പോൾ പത്രോസ് അവരോട്: നമ്മെപ്പോലെ പരിശുദ്ധാത്മാവ് ലഭിച്ച ഇവരെ സ്നാനമേൽക്കാതിരിക്കുവാൻ തക്കവണ്ണം വെള്ളം വിലക്കുവാൻ ആർക്കു കഴിയും? എന്നു പറഞ്ഞു. പത്രോസ് അവരെ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം കഴിപ്പിക്കുവാൻ കല്പിച്ചു. (അപ്പ 10:46-48)

താൻ തുടങ്ങിവച്ച സന്ദേശം പത്രോസ് ഉപസംഹരിച്ചു (അപ്പ 11:15). അപ്പസ്തോലന്റെ ഉത്തരവാദിത്വമായ ക്ഷണം നൽകി അവരെ മുന്നോട്ടു വിളിച്ചു. അവരെല്ലാവരും യേശുവിന്റെ നാമത്തിൽ സ്നാനം സ്വീകരിച്ചു രക്ഷിക്കപ്പെട്ടു (അപ്പ 2:38 അനുസരിച്ചുള്ള സ്നാനം).

അപ്പസ്തോലപ്രവർത്തികളിലെ പത്തും പതിനൊന്നും അദ്ധ്യായങ്ങൾ കൊർണ്ണേലിയസിന്റെ പരിവർത്തനത്തേക്കാൾ പത്രോസിന്റെ പരിവർത്തനമാണ്. മുൻവിധികളോടെയുള്ള പത്രോസിന്റെ കാഴ്ചപ്പാട് - തന്റെ കൂടെയുണ്ടായിരുന്നവരുടെയും - മാറ്റപ്പെടണമായിരുന്നു.

**അവസാനമായി..**

ദൈവത്തിന്റെ ചരിത്രനിയോഗങ്ങളെ മനസ്സിലാക്കുകയും പുറമേയുള്ളതും അകമേയുള്ളതുമായ ആത്മാഭിഷേക വ്യത്യാസം മനസ്സിലാക്കുകയും ചെയ്യുക എന്നത് രണ്ടും എട്ടും പത്തും അദ്ധ്യായങ്ങളിലെ വ്യത്യാസം മനസ്സിലാക്കുന്നതിന് അത്യന്താപേക്ഷിതമാണ്. ആദ്യനൂറ്റാണ്ടിലെ അപ്പസ്തോലരുടെ തലമുറയിൽത്തന്നെ ദൈവത്തിന്റെ പദ്ധതികൾ നിറവേറി. യഹൂദമതത്തിന്റെ ചട്ടക്കൂട്ടിൽനിന്നും സുവിശേഷത്തെ വെളിയിൽ കൊണ്ടുവരാനും ലോകമാറ്റത്തിനു വഴിയൊരുക്കാനുമാണ് ദൈവം ഇത് ഇങ്ങനെ ചെയ്തത്.

ശരിയായ പശ്ചാത്തലമെന്തെന്നു പരിശോധിച്ച് നാം വചനങ്ങളെ പഠിക്കുമ്പോൾ - അല്ലെങ്കിൽ കഠിനാധ്വാനം ചെയ്യുമ്പോൾ - ഓരോ വചനത്തിനും വ്യക്തതയുണ്ടാകും. ബൈബിൾ പഠിക്കുന്നതിന്റെ പ്രയോജനം നമ്മിൽ ധാരാളമായി വർദ്ധിക്കുകയും ചെയ്യും. കാരണം ദൈവം സമാനതകളില്ലാത്ത രചയിതാവും, സ്രഷ്ടാവും, ശില്പിയും, കവിയുമാണ്. നമുക്ക് പ്രഥമ ദൃഷ്ടിയാൽ കാണാൻ കഴിയുന്നില്ലെങ്കിലും, താളവും കാരണവും നിശ്ചയമായും നിലനിൽക്കുന്നുണ്ട് എന്നറിയുക.

കുറിപ്പുകൾ:

1. പഴയനിയമത്തിൽ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട ആളുകളുടെ പട്ടിക ഇവിടെച്ചേർക്കുന്നു. (സംഖ്യ 11:25 (70 മൂപ്പന്മാർ), സംഖ്യ 24:2 (ബിലെയാം), ന്യായാധിപർ 3:10 (ഒത്നിയേൽ), ന്യായാധിപർ 6:34 (ഗിദെയോൻ), ന്യായാധിപർ 14:6, 19, 15:14 (ശിംശോൻ), 1 ശമുവേൽ 10:10, 16:23, 19:23, (ശൗൽ), 1 ശമുവേൽ 16:13 (ദാവീദ്), 1 ദിനവൃത്താന്തം 12:18 (അമാശായി), 2 ദിനവൃത്താന്തം 15:1 (അശെരിയാ), 2 ദിനവൃത്താന്തം 20:14 (യഹാശിയേൽ), യെഹെസ്കേൽ (11:5 (യെഹെസ്കേൽ), ലൂക്കാ 1:15 (സ്നാപക യോഹന്നാൻ), ലൂക്കാ 1:41 (എലിസബത്ത്), ലൂക്കാ 1:67 (സെഖരിയാ). മനുഷ്യന്റെ ഉള്ളിൽ വസിക്കുവാനായി ആത്മാവിനെ ചൊരിയുന്നതിനുമുമ്പ് ഈ ആളുകൾക്ക് അവർ പഴയഉടമ്പടിയുടെ കീഴിലായിരിക്കുമ്പോൾത്തന്നെ, ആത്മാവ് ഉള്ളിൽ വസിക്കുന്നതിനെ രുചിച്ചറിയാൻ കഴിഞ്ഞു, പുതിയഉടമ്പടിയുടെ കീഴിലുള്ളവരെപ്പോലെ (അപ്പ 2:38-39, 5:32, ഗലാത്യർ 3:26-27, 4:6).

2. ഉദാഹരണത്തിന് ഏശയ്യാ പ്രവാചകൻ എഴുതിയിരിക്കുന്നതുനോക്കാം, 59:20-21, ഞാൻ അവരോടു ചെയ്തിരിക്കുന്ന ഉടമ്പടി ഇതാകുന്നു, എന്ന് യഹോവ അരുളിച്ചെയ്യുന്നു: നിന്റെ മേലുള്ള എന്റെ ആത്മാവും നിന്റെ വായിൽ ഞാൻ തന്ന എന്റെ വചനങ്ങളും നിന്റെ വായിൽ നിന്നും നിന്റെ സന്തതിയുടെ വായിൽ നിന്നും ഇന്നുമുതൽ ഒരു നാളും വിട്ടുപോകുകയില്ല, എന്ന് യഹോവ അരുളിച്ചെയ്യുന്നു.

3. ആയിരം വർഷം ക്രിസ്തു ഭൂമിയിൽ ഭരിക്കുന്നതിനുമുമ്പ് ക്രിസ്തുവിന്റെ പുനഃരാഗമനം ഉണ്ടാകുമെന്നു പഠിപ്പിക്കുന്നവരാണിവർ. ആലങ്കാരികമായ വചനപ്രസ്താവനകളെ അക്ഷരാർത്ഥത്തിൽ ഉപയോഗിച്ചുകൊണ്ട് ഇവർ തങ്ങളുടെ ആശയങ്ങൾക്ക് വചനാടിസ്ഥാനം കണ്ടെത്തുന്നു. പഴയനിയമത്തിലെ പല വചനങ്ങളും, യെരുശലേം ദേവാലയനാശത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രവചനങ്ങളും (മത്തായി 24, മർക്കോസ് 13, ലൂക്കോസ് 21), വെളിപാടുപുസ്തകത്തിലെ വചനങ്ങളും അവർ താങ്ങിനായി ഉപയോഗിക്കുന്നു. വരുവാനിരുന്ന ദൈവരാജ്യമായി സഭയെ അവർ കണക്കാക്കുന്നില്ല. മിക്കവാറും കരിസ്മാറ്റിക്കുകാർ പ്രിമില്ല്യെനിസത്തിൽ വിശ്വസിക്കുന്നവരാണ്.

4. ഒരാളുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടു എന്നാൽ പരിശുദ്ധാത്മാവു ലഭിച്ചില്ല എന്നുപറയുന്നത് അയാൾ രക്ഷിക്കപ്പെട്ടു എന്നാൽ അയാൾ ഒരു ക്രിസ്ത്യാനിയല്ല/ദൈവമകനല്ല എന്നു പറയുന്നതിനു തുല്യമാണ്. ഒരാൾക്കു പരിശുദ്ധാത്മാവു ലഭിച്ചു എന്നാൽ പാപങ്ങൾ ക്ഷമിക്കപ്പെട്ടില്ല എന്നതാകട്ടെ, അയാൾ ഒരു ക്രിസ്ത്യാനിയാണ് എന്നാൽ അയാൾക്കു ആത്മരക്ഷയില്ല എന്നു പറയുന്നതിനും തുല്യമാണ്. ഇവ രണ്ടും അസാദ്ധ്യമായവയാണ്. വീണ്ടും പറയട്ടെ; പാപപ്പൊറുതിയും പരിശുദ്ധാത്മാവും ഒരുമിച്ചു ലഭിക്കുന്ന വരങ്ങളാണ്. ഒരുവൻ സ്നാനം സ്വീകരിക്കുമ്പോൾ പാപപ്പൊറുതിയും പരിശുദ്ധാത്മാവും ഒരുമിച്ചു നൽകപ്പെടുന്നു, അപ്പ 2:38 പ്രകാരം.

5. പുരുഷന്മാരുടെ മാത്രം എണ്ണം കണക്കാക്കുന്ന യഹൂദരീതി അവലംഭിച്ചാണ് ലൂക്കോസ് മൂവ്വായിരത്തിന്റെ കണക്കു പറയുന്നത് - 4:4 കൂടി നോക്കുക. സ്നാനമേറ്റു സഭയോടു ചേർന്നവരുടെ ശരിയായ എണ്ണം ആറോ ഏഴോ ആയിരങ്ങളായേക്കാം. അവിടെ തടിച്ചു കൂടിയ ജനം പതിനായിരക്കണക്കിനു തന്നെയാണ്.

6. ശമരിയ ഒരു രാഷ്ട്രമാണോ എന്ന് ചോദിക്കുന്നവരുണ്ട്. അപ്പോക്രിഫയിൽ ഉൾപ്പെട്ട സഭാപ്രസംഗി 50:25-26 ഇപ്രകാരം പറയുന്നു: എന്റെ ഹൃദയം വെറുക്കുന്ന രണ്ടു രാഷ്ട്രങ്ങളുണ്ട്, മൂന്നാമത്തേത് ഒരു രാഷ്ട്രം പോലുമല്ല: സെയിർ പർവ്വതനിവാസികളായ ഏദോമ്യർ, ഫിലിസ്ത്യർ, ഷേക്കെമിൽ താമസിക്കുന്ന ബുദ്ധിശൂന്യർ (ശമരിയാക്കാർ). ശമരിയാക്കാരോടു യഹൂദർക്കുള്ള വിദ്വേഷവും മുൻവിധിയും യാതൊരുവിധത്തിലും അവഗണിക്കാവുന്ന കാര്യമല്ല.

**അദ്ധ്യായം 19**

# വചനത്തിന്റെ സ്ഥിരീകരണം

## അത്ഭുതങ്ങളുടെ വചനാനുസൃതമായ ഉദ്ദേശ്യം

അത്ഭുതങ്ങളെക്കുറിച്ചുള്ള കർത്താവിന്റെ മനോഭാവവും, മനുഷ്യരുടെ അത്ഭുതം തേടുന്ന മനോഭാവവും മറ്റനേകം കാര്യങ്ങളും നാം പരിശോധിക്കാൻ പോകുകയാണ്. എന്നാൽ അതിനെല്ലാം മുമ്പ് ചരിത്രത്തിലേക്കുള്ള ദൈവത്തിന്റെ ഇടപെടലിന്റെ പ്രകൃത്യാതീതമായ വശം നമുക്കു പരിശോധിക്കാം. ദൈവീക രക്ഷാകരപദ്ധതിയിൽ അത്ഭുതങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും (ഈ അദ്ധ്യായം) അവയ്ക്ക് അപ്പസ്തോലന്മാരുമായുള്ള ബന്ധത്തെക്കുറിച്ചും (അദ്ധ്യായം 20) നാം ഇതിന്റെ ഭാഗമായി പഠിക്കുന്നു.

### വചനം തന്നെ

ദൈവവചനം നമുക്കു തന്നതുതന്നെയാണ് ദൈവം ചെയ്ത അത്ഭുതങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ ഒന്ന്. നമ്മുടെ ജീവിതത്തിന്റെ വഴികാട്ടിയാണിത്, വചനത്തെക്കൂടാതെ നമുക്കു നിലനിൽപ്പില്ല (മത്തായി 4:4). പൂർത്തീകരിച്ച ബൈബിൾ നമുക്കു കിട്ടിയിട്ട് 1900 വർഷത്തിലധികമായി. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ മോശയുടെ കാലം മുതൽ ആദ്യനൂറ്റാണ്ടു വരെ നീണ്ട 1500 വർഷങ്ങളെ മറക്കാൻ നമുക്ക് എത്ര എളുപ്പമാണ് - ബൈബിൾ രൂപം പ്രാപിക്കാനായി എടുത്ത വർഷങ്ങൾ.

ആദ്യനൂറ്റാണ്ടു കാലയളവിലും പഴയനിയമം മുഴുവനുമായി കൂട്ടിച്ചേർത്തിട്ടില്ലായെന്നും, പുതിയനിയമം രണ്ടാംനൂറ്റാണ്ടിന്റെ ആദ്യകാലത്തോടെയാണ് കൂട്ടിച്ചേർത്തതെന്നും വിശ്വസിക്കുന്ന ചില പണ്ഡിതർ ഉണ്ട്.(1)

മർക്കോസിന്റെ സുവിശേഷവും പൗലോസിന്റെയും പത്രോസിന്റെയും ഓരോ ലേഖനവുമായി ഒരു സഭ നയിക്കുന്നതിനെക്കുറിച്ച് ആലോചിച്ചു നോക്കുക! മറ്റു പുതിയനിയമപുസ്തകങ്ങൾക്കായി അടുത്ത പതിനഞ്ചുവർഷത്തേക്കു കാത്തിരിക്കേണ്ട അവസ്ഥ. ആദ്യനൂറ്റാണ്ടിലെ നമ്മുടെ സഹോദരീ-സഹോദരന്മാരെ സംബന്ധിച്ച് തിരുവെഴുത്തുകൾ എന്നത് പഴയനിയമം മാത്രമായിരുന്നു (2 തിമോത്തി 3:15).

തന്റെ വചനം നമ്മിലേക്കെത്തിക്കാനായി ദൈവം മനുഷ്യരിലൂടെയും ചരിത്രത്തിലൂടെയും പ്രവർത്തിച്ചതിനാൽ, പ്രചോദനം നൽകലും എഴുതലും കൂട്ടിച്ചേർക്കലുമെല്ലാമായി നൂറ്റാണ്ടുകൾ നീണ്ട ഒരു പ്രക്രിയയായി അതുമാറി. ജീവിതത്തിലെ മറ്റുപല സുന്ദരമായ കാര്യങ്ങൾ പോലെ വചനവും ധൃതി വച്ചു ചെയ്യേണ്ട ഒന്നല്ലായിരുന്നു. ശലമോൻ ദേവാലയം പണിതത് ഏഴുവർഷം എടുത്താണ്, ഹേറോദേസാകട്ടെ നാല്പത്തിയാറു വർഷമെടുത്തു, നോഹയുടെ പെട്ടകം നൂറുവർഷമെടുത്തു. പേടകം പണിയുവാനായി ഇത്രയും സമയം ചിലവാക്കിയത് പാഴായിപ്പോയെന്നു തോന്നുന്നുണ്ടോയെന്ന് നോഹയോടു ചോദിച്ചാൽ എന്തായിരിക്കും അദ്ദേഹം പറയുക? (അതു ശരിയായ രീതിയിൽ പൂർത്തീകരിക്കാൻ ഒരേ ഒരു അവസരം മാത്രമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ).

ബൈബിളിൽ പ്രതിപാദിക്കുന്ന കാലഘട്ടം മുഴുവനും ദൈവവചനം രൂപമെടുക്കുന്ന സമയങ്ങളായിരുന്നു. എന്നാൽ ഇപ്പോൾ അതു പൂർത്തിയായ കാലഘട്ടമാണ്. എന്നാൽ ഇന്നത്തെ രീതിയിൽ വചനം ആകുന്നതിനുമുമ്പേ - എഴുതപ്പെടുകയും പൂർത്തിയാക്കപ്പെടുകയും ലഭ്യമാകപ്പെടുകയും ചെയ്യുന്നതിനുമുമ്പേതന്നെ - വചനത്തെ സ്ഥിരീകരിക്കേണ്ട ആവശ്യമുണ്ടായിരുന്നു.

### സംസാരിക്കപ്പെട്ട വചനത്തിന്റെ സ്ഥിരീകരണം

ദൈവവചനം നമ്മിലേക്കെത്തിക്കുക എന്നതാണ് ബൈബിളിലെ അത്ഭുതങ്ങളുടെ പ്രധാന ഉദ്ദേശ്യം. അതുതന്നെയാണ് ഈ അദ്ധ്യാത്തിന്റെ പ്രതിപാദ്യവിഷയവും. വചനങ്ങളെ രൂപപ്പെടുത്തുവാനായി അനേകം അത്ഭുതങ്ങൾ ആവശ്യമായിവന്നു, എഴുതിയ ആളുകളെ പ്രചോദിപ്പിക്കുവാനായും മറ്റും. പഴയനിയമ രചയിതാക്കളിലൂടെ ദൈവാത്മാവു ശക്തമായി പ്രവർത്തിച്ചു. പത്രോസ് അതിനെക്കുറിച്ചു സംസാരിക്കുന്നുണ്ട് - 2 പത്രോസ് 1:19-21. എഫേസ്യരുടെ പുസ്തകത്തിൽ പുതിയനിയമ രചയിതാക്കളെ ദൈവാത്മാവു പ്രചോദിപ്പിച്ചതിനെക്കുറിച്ചും സംസാരിക്കുന്നു - 3:5, 2:20, 4:11. ഇക്കാര്യങ്ങൾ നമുക്കു മനസ്സിലാകുമ്പോൾ അത്ഭുതങ്ങളെക്കുറിച്ചു നമുക്കുള്ള കാഴ്ചപ്പാട് തികച്ചും വ്യത്യസ്തമായതാകും.

പ്രചോദിപ്പിക്കാനായി മാത്രമല്ല, സാക്ഷ്യപ്പെടുത്തുവാനായും അത്ഭുതങ്ങൾ ആവശ്യമായിരുന്നു. കർത്താവിന്റെ അരുളപ്പാടുകൾ സംസാരിക്കാൻ എല്ലാവർക്കും സാദ്ധ്യമല്ല – യിരമ്യ 23ൽ വായിക്കുന്നതുപോലെ പലരും അതിനുശ്രമിച്ചെങ്കിലും. യഥാർത്ഥ പ്രവാചകരും അപ്പസ്തോലന്മാരും ദൈവാരുളപ്പാടുകൾ പ്രസ്താവിക്കാൻ തങ്ങൾക്കുണ്ടായിരുന്ന അധികാരം സ്ഥാപിക്കണമായിരുന്നു. അല്ലെങ്കിൽ അവർ പറഞ്ഞ വചനങ്ങളെ അടയാളങ്ങളാൽ സ്ഥിരീകരിക്കണമായിരുന്നു.

## നിയമത്തിന്റെയും പ്രവാചകരുടെയും സ്ഥിരീകരണം

പഴയനിയമകാലത്തിൽ, നിയമവും പ്രവാചകരും ഒരുപോലെ സാക്ഷ്യപ്പെടുത്തപ്പെടണമായിരുന്നു. ദൈവത്തിന്റെ വക്താവാകാനുള്ള ജോലി ഏറ്റെടുക്കാൻ മോശ വിസമ്മതം കാണിച്ചപ്പോൾ ദൈവം അവനൊരു സൂത്രം കാണിച്ചുകൊടുത്തു. ദൈവം എന്താണുദ്ദേശിക്കുന്നതെന്നു മനസ്സിലാക്കാൻ മോശയ്ക്കു കഴിഞ്ഞില്ല, അതിനാൽ ദൈവം അവനോട് ഇപ്രകാരം പറഞ്ഞു:

> അനന്തരം യഹോവ അരുളിച്ചെയ്തത്: ഇത്, അബ്രാഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമായ, അവരുടെ പിതാക്കന്മാരുടെ ദൈവമായ യഹോവ നിനക്കു പ്രത്യക്ഷനായി എന്ന് അവർ വിശ്വസിക്കേണ്ടതിന് ആകുന്നു (പുറപ്പാട് 4:5)

മോശപ്രവർത്തിച്ച അത്ഭുതങ്ങളും അടയാളങ്ങളും – അപ്പോൾ മാത്രമല്ല, നാൽപതുവർഷത്തെ തന്റെ ജീവിതകാലം മുഴുവൻ താൻ പ്രവർത്തിച്ച നിരവധി അത്ഭുതങ്ങൾ – തന്റെ അധികാരം സ്ഥാപിക്കുന്നതിനുവേണ്ടിയായിരുന്നു. ആ കാലഘട്ടങ്ങളിലാണ് ബൈബിൾ എഴുതിത്തുടങ്ങുന്നത്. മോശയുടെ കാലഘട്ടത്തിനുമുമ്പ് ദൈവം തന്റെ ജനതയോടു സംസാരിച്ചത് പലനൂറ്റാണ്ടുകൾക്കു മുമ്പിലായിരുന്നു. അതിനാൽത്തന്നെ മോശയിലൂടെ ദൈവം സംസാരിച്ച കാര്യങ്ങളുടെ സ്ഥിരീകരണത്തിനായി അവനിലൂടെ ചെയ്ത അത്ഭുതങ്ങളുടെ പ്രാധാന്യം നമുക്കു മനസ്സിലാക്കാവുന്നതേയുള്ളൂ. ആ വാക്കുകളെ നിഷേധിക്കാൻ ധൈര്യം കാണിച്ചവരുടെ കാര്യം കഷ്ടമായിരുന്നു (സംഖ്യ 16:28–35). മോശയിലൂടെ നടന്ന അത്ഭുതങ്ങൾ മിക്കവയും പ്രവർത്തിച്ചത് ദൈവംതന്നെയായിരുന്നു (പുറപ്പാട് 20:18–19). ദൈവത്തെ ഭയപ്പെട്ട മറ്റുജാതികളിൽ പെട്ടവരെ ബോധ്യപ്പെടുത്താനായും അത്ഭുതങ്ങൾ കാരണമായി – ഇസ്രായേലിന്റെ ദൈവം സത്യമായ ദൈവമാണെന്നും അവന്റെ ദാസന്മാരെ ചെവിക്കൊള്ളണമെന്നും ബോധ്യപ്പെടാൻ (പുറപ്പാട് 7–14 അദ്ധ്യായങ്ങൾ).

പ്രവാചകന്മാരുടെ കാലഘട്ടത്തിന്റെ ഉദയത്തിലാണ് അതിന്റെ അവസാനത്തേതിനേക്കാൾ കൂടുതലായ അത്ഭുതങ്ങൾ നാം കാണുന്നത്. ധാരാളം തീപ്പൊരി ചിതറിച്ച ഒരു ദൈവപുരുഷനായിരുന്നു ഏലിയാവ്. ദുഷ്ടരാജാവായ ആഹാബിന്റെ തേരിനെ മറികടന്ന് ഓടിയ ആ 48 കിലോമീറ്റർ ഓട്ടം ആർക്കുമറക്കാൻ സാധിക്കും (1 രാജാക്കന്മാർ 18:46)? ഇസ്രായേൽ മക്കളെ ദൈവത്തിലേക്കു തിരിച്ചുവിളിക്കാനായി അവൻ പ്രവർത്തിച്ച നിരവധി അത്ഭുതങ്ങളെയും (1 രാജാക്കന്മാർ 18:21–29)? സെരാഫെത്തിലെ വിധവയുടെ വാക്കുകളാണ് ശരി:

> സ്ത്രീ ഏലിയാവിനോട്: നീ ദൈവപുരുഷൻ എന്നും നിന്റെ നാവിന്മേലുള്ള യഹോവയുടെ വചനം സത്യമെന്നും ഞാൻ ഇതിനാൽ അറിയുന്നു എന്നു പറഞ്ഞു (1 രാജാക്കന്മാർ 17:24).

നിയമവും പ്രവാചകന്മാരും വരമൊഴിയിലേക്കു മാറിയപ്പോൾ, കൂടുതലായ സ്ഥിരീകരണത്തിന്റെ ആവശ്യമില്ലാതെയായി.

ലാസറിനെ തന്റെ സഹോദരന്മാരുടെ അടുക്കലേക്ക് അയക്കേണമേയെന്ന ധനവാന്റെ അപേക്ഷയെ നിങ്ങൾ ഓർക്കുന്നുണ്ടോ? അങ്ങനെയുള്ള ഒരു അത്ഭുതത്തിനു സാക്ഷികളാകാൻ കഴിഞ്ഞാൽ അവർ മാനസാന്തരപ്പെട്ടേക്കുമെന്ന് അവൻ ചിന്തിച്ചു. എന്നാൽ അവരുടെ പക്കൽ മോശയും പ്രവാചകന്മാരുമുണ്ട് (തിരുവെഴുത്തുകൾ), അവർക്ക് അതു മതിയെന്നായിരുന്നു മറുപടി. എന്നാൽ ആ ധനികന് ഇക്കാര്യം അംഗീകരിക്കാനായില്ല – ഇന്നു പലരെയും പോലെ – അവൻ അബ്രാഹാമിനോടു പൊരുത്തപ്പെട്ടില്ല:

> അബ്രാഹാം അവനോട്: അവർക്ക് മോശെയും പ്രവാചകന്മാരും ഉണ്ടല്ലോ; അവരുടെ വാക്ക് അവർ കേൾക്കട്ടെ എന്നു പറഞ്ഞു. അതിന് അവൻ: അങ്ങനെയല്ല, ഒരുവൻ എഴുന്നേറ്റ് അവരുടെ അടുക്കലേക്കു ചെന്നാൽ അവർ മാനസാന്തരപ്പെടും എന്നു പറഞ്ഞു. അവൻ അവനോട്: അവർ മോശയുടെയും പ്രവാചകന്മാരുടെയും വാക്കു കേൾക്കുന്നില്ലെങ്കിൽ മരിച്ചവരിൽ നിന്ന് ഒരുവൻ എഴുന്നേറ്റു ചെന്നാലും വിശ്വസിക്കുകയില്ല എന്നു പറഞ്ഞു (ലൂക്കാ 16:29-31).

## സുവിശേഷത്തിന്റെ സ്ഥിരീകരണം

ദൈവത്തിൽനിന്നുള്ള ഒരു ഉപദേഷ്ടാവാണ് യേശു എന്ന് നിക്കോദേമോസിന് ഉറപ്പായത് താൻ കണ്ട അത്ഭുതങ്ങളാലാണ് (യോഹന്നാൻ 3:2). സ്നാപകയോഹന്നാൻ വിശ്വാസത്തിൽ ചഞ്ചലിച്ച സമയത്ത് യേശു അവനെ ഓർമ്മിപ്പിച്ചതെന്താണ്? യേശു പ്രവർത്തിച്ച അത്ഭുതങ്ങൾതന്നെ (മത്തായി 11:4-5). ഫിലിപ്പോസിനോട് യേശു അരുളിച്ചെയ്തവാക്കുകൾ നമ്മെ ഓരോരുത്തരെയും വെല്ലുവിളിക്കാനായിക്കൂടി മുഴങ്ങുന്നവയാണ്:

> ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നുവെന്ന് ഞാൻ പറയുന്നത് വിശ്വസിക്കുവിൻ; അല്ലെങ്കിൽ പ്രവൃത്തികൾ നിമിത്തം എന്നെ വിശ്വസിക്കുവിൻ (യോഹ 14:11).

യേശു പ്രവർത്തിച്ച അത്ഭുതങ്ങളുടെ പ്രധാന ഉദ്ദേശ്യം ജനങ്ങളുടെ ശാരീരികാവശ്യങ്ങൾ നിറവേറ്റപ്പെടുക എന്നതായിരുന്നില്ല. അതായിരുന്നു യേശുവിന്റെ ലക്ഷ്യമെങ്കിൽ കൈ ഞൊടിക്കുന്ന സമയത്തിനുള്ളിൽ പാലസ്തീനായിലുള്ള സകല രോഗികളെയും അവനു സുഖപ്പെടുത്താമായിരുന്നു. യേശുവിന്റെ സ്നേഹം പ്രകടിപ്പിക്കുന്നതിനുമായിരുന്നില്ല ആ അത്ഭുതങ്ങൾ. ശുശ്രൂഷയിലൂടെയാണ് യേശു തന്റെ സ്നേഹം പങ്കുവച്ചത് (യോഹന്നാൻ 13:1), അതിലുമുപരിയായി തന്റെ കുരിശുമരണത്തിലൂടെയും (റോമർ 5:8). തന്റെ അധികാരത്തെക്കുറിച്ച് യാതൊരു സംശയവും ആരിലും അവശേഷിപ്പിക്കാതിരിക്കാനായിരുന്നു അവൻ അത്ഭുതങ്ങൾ പ്രവർത്തിച്ചത് (അപ്പ 2:22), അതുവഴി ആരും യാതൊരു ഒഴികഴിവും നിരത്താതിരിക്കാനും. യോഹന്നാൻ തന്റെ സുവിശേഷം അവസാനിപ്പിക്കുന്നത് പ്രധാനപ്പെട്ട ഈ യാഥാർത്ഥ്യം നമുക്കുമുന്നിൽ അവതരിപ്പിച്ചുകൊണ്ടാണ്:

> ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ, മറ്റ് അനേകം അത്ഭുതങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു ആകുന്നുവെന്ന് നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇത് എഴുതിയിരിക്കുന്നു (യോഹന്നാൻ 20:30-31).

തന്റെ അധികാരത്തെയും ദൈവീകത്വത്തെയും ഉയർത്തിപ്പിടിക്കാനും, ലക്ഷണമൊത്ത ഉദാഹരണമായി യേശു സ്വയം അനുസരിച്ചു ജീവിച്ച തന്റെ സന്ദേശത്തെ പിന്താങ്ങുവാനുമായിരുന്നു അവൻ അത്ഭുതങ്ങൾ പ്രവർത്തിച്ചത്.

അത്ഭുതങ്ങൾ എല്ലാ അപ്പസ്തോലന്മാരുടെയും പേരിൽ കുറിക്കപ്പെട്ടിട്ടുണ്ട്. അപ്പസ്തോലരുടെ ആദ്യഗണത്തിൽപ്പെട്ടയാളല്ലായിരുന്നിട്ടുകൂടി, താൻ പ്രവർത്തിച്ച അത്ഭുതങ്ങൾ ഉയർത്തിക്കാണിച്ചുകൊണ്ട് പൗലോസ് തന്റെ അപ്പസ്തോലസ്ഥാനത്തിന് സാക്ഷ്യം നൽകുന്നു (റോമർ 15:19, 2 കൊരിന്ത്യർ 12:12).

അപ്പസ്തോല പ്രവർത്തി പുസ്തകത്തിൽ നാം കാണുന്ന അത്ഭുതങ്ങൾ പരിശോധിക്കുമ്പോൾ അവ നടന്നത് അപ്പസ്തോലന്മാരുടെയോ അവർ കൈവച്ച് അനുഗ്രഹിച്ചവരിലൂടെയോ ആണ് എന്നു നമുക്കു മനസ്സിലാക്കാൻ കഴിയും. അപ്പസ്തോലരിലൂടെ നടന്ന അത്ഭുതങ്ങൾ ഇവയാണ് - അപ്പ 2:43, 3:7, 5:12, 5:15-16, 9:34, 9:40, 13:11, 14:3, 14:10, 15:12, 16:18, 19:6, 19:1112, 20:10, 28:8-9.

എന്തുകൊണ്ടാണ് ഇക്കാര്യം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നായത്? അപ്പസ്തോലന്മാരുടെ പ്രബോധനത്തിൽ മുഴുകിയിരിക്കുന്നവരായിരുന്നു ആദ്യകാല ശിഷ്യന്മാർ. ദൈവവചനം പ്രചോദിതമായി പുസ്തകരൂപത്തിൽ ആകുന്നതിനുമുമ്പ് സാധാരണക്കാർ ദൈവപ്രചോദിതരല്ലാത്തയാളുകളുടെ പ്രബോധനങ്ങൾക്കു പിമ്പേ പോയാലുള്ള സ്ഥിതി ഒന്ന് ആലോചിച്ചു നോക്കുക (1 കൊരിന്ത്യർ 13:10)? ചില സ്ഥലങ്ങളിലെ സഭകളിൽ ഇപ്രകാരമുള്ള പ്രവണതകൾ നടന്നതായും നമുക്കു കാണാം (2 കൊരിന്ത്യർ 11:3-6, 12:11-12). ഈ വേദഭാഗങ്ങളിൽ പൗലോസ് തന്റെ അപ്പസ്തോല അധികാരത്തെ, താൻ പ്രവർത്തിച്ച അത്ഭുതങ്ങളുടെ അടിസ്ഥാനത്തിൽ എടുത്തുകാണിക്കുന്നതു നമുക്കു കാണാൻ സാധിക്കും. അപ്പ 14:3ൽ പൗലോസ് പ്രസ്ഥാവിക്കുന്നതു നോക്കുക:

> എന്നാൽ അവർ വളരെക്കാലം അവിടെ പാർത്തു; കർത്താവിൽ ആശ്രയിച്ചു പ്രാഗല്ഭ്യത്തോടെ പ്രസംഗിച്ചുകൊണ്ടിരുന്നു; അവൻ തന്റെ കൃപയുടെ വചനത്തിനു സാക്ഷിനിന്ന്, അവരുടെ കൈയാൽ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കുവാൻ വരം നൽകി (അപ്പ 14:3).

അത്ഭുതങ്ങൾ പ്രവർത്തിക്കാനുള്ള കഴിവ് ദൈവം അവർക്കു നൽകിയത് എന്തുദ്ദേശ്യത്തോടുകൂടിയാണ്? പൗലോസിനെയും ബർണ്ണാബാസിനെയും പ്രോത്സാഹിപ്പിക്കുവാനായിരുന്നോ? ആളുകളെ വിസ്മയിപ്പിക്കാനായിരുന്നോ? അതോ അവർ നൽകുന്ന സന്ദേശങ്ങൾ ദൈവവചനമായി സ്വീകരിക്കപ്പെടുന്നതിനുവേണ്ടിയായിരുന്നോ? അവർ പ്രസംഗിച്ചതെന്തായിരുന്നു? നമുക്കിന്നു ലൂക്കോസിന്റെ

സുവിശേഷം ഒമ്പതാം അദ്ധ്യായം ഇരുപത്തിമൂന്നാം വാക്യത്തിൽ നിന്നും പഠിക്കാം എന്നരീതിയിലായിരുന്നോ അവർ പ്രസംഗിച്ചത്? അച്ചടിച്ചു പ്രസിദ്ധീകരിച്ച ഒരു ബൈബിളിൽ നിന്നുമല്ലായിരുന്നു അവർ സന്ദേശം കൊടുത്തത്. എന്നാൽ ഇന്നു പൂർത്തിയാക്കപ്പെട്ട സമ്പൂർണ്ണമായ ദൈവവചനം നമ്മോടൊപ്പമുണ്ട്, നാം അക്കാര്യത്തിൽ അനുഗ്രഹീതരാണ്. നമുക്കു പഠിക്കാനും പരസ്പരം പഠിപ്പിക്കാനും നഷ്ടപ്പെട്ടവരെ പഠിപ്പിക്കാനുമെല്ലാമായി ഇതിൽകൂടുതലൊന്നും നാം അന്വേഷിക്കേണ്ടതുമില്ല (2 തിമോത്തി 3:16-17), ഉറപ്പിനായി അത്ഭുതങ്ങളുടെ പിന്തുണയും വേണ്ട.

മർക്കോസ് 16:19-20, എബ്രായർ 2:2-4 എന്നീ വചനങ്ങളും നമുക്കു പരിശോധിക്കാം; ഇവ രണ്ടും ദൈവവചനത്തെ അത്ഭുതങ്ങളോടുകൂടി സ്ഥിരപ്പെടുത്തുന്നതിനെക്കുറിച്ചു സംസാരിക്കുന്നു.

> ഇങ്ങനെ കർത്താവായ യേശു അവരോട് അരുളിച്ചെയ്തശേഷം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട് ദൈവത്തിന്റെ വലതുഭാഗത്ത് ഇരുന്നു. അവർ പുറപ്പെട്ട് എല്ലായിടത്തും പ്രസംഗിച്ചു; കർത്താവ് അവരോടുകൂടെ പ്രവർത്തിക്കുകയും അവരാൽ നടന്ന അടയാളങ്ങളാൽ വചനത്തെ ഉറപ്പിക്കുകയും ചെയ്തുപോന്നു. ആമേൻ (മർക്കോസ് 16:19-20).

> ദൂതന്മാർ മുഖാന്തരം അരുളിച്ചെയ്ത വചനം **(പഴയ നിയമം)** സ്ഥിരമായിരിക്കുകയും ഓരോ ലംഘനത്തിനും അനുസരണക്കേടിനും ന്യായമായ പ്രതിഫലം ലഭിക്കുകയും ചെയ്തു. അങ്ങനെയെങ്കിൽ, ഇത്രവലിയ രക്ഷ ഗണ്യമാക്കാതിരുന്നാൽ നാം എങ്ങനെ രക്ഷപ്രാപിക്കും? ഈ രക്ഷ, കർത്താവ് ആദ്യം പ്രഖ്യാപിക്കുകയും അതു കേട്ടവർ ഞങ്ങൾക്കു സ്ഥിരീകരിക്കുകയും ചെയ്തു. ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ അത്ഭുതപ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം നൽകിയ പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളാലും ഇതിനു സാക്ഷ്യം വഹിച്ചു (എബ്രായർ 2:2-4).

ദൈവവചനത്തെ നിരാകരിക്കാനായി യാതൊരു കാര്യകാരണങ്ങളും നമ്മുടെ പക്കലില്ല. യേശുവിനാൽ രക്ഷയുടെ സന്ദേശം പ്രഖ്യാപിക്കപ്പെട്ടു, അപ്പസ്തോലന്മാരാൽ അവ സ്ഥിരീകരിക്കപ്പെടുകയും ചെയ്തു - എബ്രായലേഖകൻ ചൂണ്ടിക്കാണിക്കുന്നതുപോലെ. സ്ഥീരീകരണം നിറവേറിക്കഴിഞ്ഞിരിക്കുന്നു. നിറവേറിക്കഴിഞ്ഞതായി ഇവിടെ ഉപയോഗിക്കുന്ന പ്രയോഗം ഭൂതകാലത്തെസൂചിപ്പിക്കുന്നതാണ്. അതു നൽകുന്ന സൂചനയെന്നത് അത്ഭുതങ്ങളുടെ ആ യുഗം അസ്തമിച്ചു എന്നതുതന്നെയാണ്.

## വെളിപാടിന്റെ സ്ഥീരീകരണം

പഴയനിമത്തിലൂടനീളം നാം അത്ഭുതങ്ങൾ കാണുന്നുണ്ടെങ്കിലും, പ്രധാനമായും അത്ഭുതങ്ങൾ രണ്ടു കാലഘട്ടങ്ങളെ കേന്ദ്രീകരിച്ചാണ് നടക്കുന്നതെന്നു നമുക്കു കാണാൻ കഴിയും - പുറപ്പാടിന്റെയും പ്രവാചകശുശ്രൂഷയുടെ ഉദയത്തിന്റെയും (ഏലീയാവിലൂടെയും ഏലീശാവിലൂടെയു തുടങ്ങുന്നത്) കാലങ്ങളോടു ചേർന്നാണവ നടക്കുന്നത്. ഈ രണ്ടു കാലഘട്ടങ്ങളും ദൈവം തന്റെ ജനതയ്ക്ക് വെളിപാടുകൾ നൽകുന്ന സമയങ്ങളായിരുന്നു എന്നത് ആർക്കും മനസ്സിലാക്കാവുന്ന കാര്യമാണ് - നിയമവും പ്രവാചകരെയും നൽകുന്ന സമയങ്ങൾ. അതുകൊണ്ടാണ് പുതിയനിയമം നൽകുന്ന കാലഘട്ടത്തിലും അത്ഭുതങ്ങളുടെ ഒരു കുത്തൊഴുക്കിലൂടെ അവ സ്ഥാപിതമാക്കുമെന്നു നമുക്കു പ്രതീക്ഷിക്കാൻ കഴിയുന്നത്.

പഴയനിയത്തിലെ പല ഭാഗങ്ങളും ഇക്കാര്യം സ്ഥിരീകരിക്കുന്നു. ന്യായവിധിയുടെ ഒരു അടയാളമായാണ് ദൈവം തന്റെ പ്രവാചക ആത്മാവിനെ പിൻവലിച്ചത് (ഏശയ്യ 29:10, വിലാപങ്ങൾ 2:9, മീഖ 3:6). മുൻ അദ്ധ്യായത്തിൽ സൂചിപ്പിച്ചതുപോലെ, പ്രവാസകാലഘട്ടത്തിൽ എഴുതിയ സങ്കീർത്തനം 74:9 പഴയനിയമത്തിലെ മറ്റു കാലഘട്ടങ്ങളിലും ബാധകമായ ഒരു പരാതിയാണ്.

> ഞങ്ങൾ ഞങ്ങളുടെ അടയാളങ്ങൾ കാണുന്നില്ല; യാതൊരു പ്രവാചകനും ശേഷിച്ചിട്ടില്ല; ഇത് എത്രകാലം എന്നറിയുന്നവൻ ആരും ഞങ്ങളുടെ ഇടയിൽ ഇല്ല (സങ്കീർത്തനം 74:9)

പ്രവാചകരെയും (അവരുടെ വെളിപ്പെടുത്തലുകൾ) അത്ഭുതങ്ങളെയും (വെളിപ്പെടുത്തിവയുടെ സ്ഥിരീകരണം) ഒരുമിച്ചു സൂചിപ്പിച്ചിരിക്കുന്നതു നോക്കുക.

പുതിയനിയമത്തിന്റെയും പഴയനിയമത്തിന്റെയും കാലഘട്ടങ്ങൾക്കിടയിലുള്ള ഇരുണ്ട കാലഘട്ടത്തിൽ (ബിസി 435 മുതൽ എഡി 30വരെ), പ്രവാചകരുടെ സ്വരം നിലച്ചുപോയി. പേർഷ്യയിലെ പ്രവാസകാലഘട്ടത്തിന്റെ അവസാനം എഴുതിയ പുസ്തകങ്ങൾ മുതൽ (എസ്തേർ, എസ്രാ, നെഹമിയ, 1-2 ദിനവൃത്താന്തങ്ങൾ) പഴയനിയമകാലത്തിലെ അവസാന പ്രവാചകനായ സ്നാപകയോഹന്നാൻ വരെ അഞ്ചുനൂറ്റാണ്ടുകളുടെ വലിയ ഒരു കാലാന്തരമുണ്ട്. പ്രവാചകനിശബ്ദതയുടെ ഈ കാലഘട്ടത്തെ റബ്ബിമാരുടെ ലേഖനങ്ങളിലും(2) ഉത്തരകാനോനികഗ്രന്ഥങ്ങളിലും(3) അംഗീകരിച്ചിരി

ക്കുന്ന ഒരു വസ്തുതയായി നമുക്കു കാണാനും കഴിയും. ബിസി രണ്ടാം നൂറ്റാണ്ടിലെ മക്കാബ്യരുടെ പീഡനകാലത്ത് എഴുതിയ പുസ്തകമായ 1 മക്കാബ്യർ 9:27ൽ ഇപ്രകാരം നാം വായിക്കുന്നു: *ഇസ്രാ യേലിൽ വലിയ ഒരു പീഡനം തുടങ്ങിയിരിക്കുന്നു, പ്രവചനങ്ങൾ അവരുടെയിടയിൽ നിന്നും അപ്ര ത്യക്ഷമായ കാലഘട്ടംമുതൽ ഇന്നോളം ഇതുപോലൊന്നും ഉണ്ടായിട്ടില്ല.* (ജെറുസലേം ബൈബിൾ)

പ്രവാചകശബ്ദം നിലച്ചുപോയതിനെക്കുറിച്ച് അധികമാരും സംസാരിക്കാറില്ല. പ്രവചനവും അന്യഭാഷാസംസാരവും അത്ഭുതങ്ങളും അടയാളങ്ങളും നിലച്ചുപോയതിനെക്കുറിച്ച് ചിന്തിക്കാൻ പോലും നവപെന്തക്കോസ്തുകാർക്ക് സാധിക്കുന്നില്ല. പ്രവാചകരുടെ സ്വരം പലപ്രാവശ്യം ദൈവം പിൻവലിച്ചിട്ടുണ്ട്. ദൈവം അതുവീണ്ടും ചെയ്യുമെന്നു വിശ്വസിക്കാൻ മതിയായ കാരണങ്ങളുമുണ്ട് (1 കൊരിന്ത്യർ 13:8). സംക്ഷേപമായി പറയുമ്പോൾ, ബൈബിളിലെ അത്ഭുതങ്ങൾ:

1. അപൂർവ്വമായതാണ്.
2. വെളിപ്പെടുത്തലിന്റെ കാലഘട്ടങ്ങളെ കേന്ദ്രീകരിച്ചിരിക്കുന്നവയാണ്.
3. സംസാരിക്കപ്പെട്ട ദൈവവചനം സ്ഥിരീകരിക്കുക എന്ന പ്രഥമോദ്ദേശ്യത്തോടുകൂടിയുള്ള താണ്.

## അവസാനമായി..

അത്ഭുതങ്ങളുടെ പ്രാഥമികോദ്ദേശ്യം ദൈവവചനത്തെ സ്ഥിരീകരിക്കുകയെന്നതാണ് എന്നു നാം മനസ്സിലാക്കി. സംസാരിക്കപ്പെട്ട ദൈവവചനത്തിനാണ് സ്ഥിരീകരണത്തിന്റെ ആവശ്യമുള്ളത്, എഴുതപ്പെട്ട വചനങ്ങൾക്കല്ല (തിരുവെഴുത്തുകൾ) എപ്പോഴും. നമ്മെ ക്രിസ്തുവിലുള്ള വിശ്വാസത്തി ലേക്കു കൊണ്ടുവരുന്നതിന് എഴുതപ്പെട്ട അത്ഭുതങ്ങൾ വായിക്കുന്നതുമാത്രം മതിയെന്നു യോഹ ന്നാൻ 20:30-31 നമുക്കു കാണിച്ചു തരുന്നു.

എന്നാൽ ഇക്കാര്യം ഗ്രഹിക്കാൻ കഴിയാത്ത അനേകരുണ്ട്. ആളുകൾ ദൈവത്തിലേക്കു തിരി യുന്നതിന് ഇന്നും അത്ഭുതങ്ങൾ നടക്കേണ്ടതുണ്ട് എന്ന് അവർ ചിന്തിക്കുന്നു. ലൂക്കോസിന്റെ പതി നാറാം അദ്ധ്യായത്തിലെ ധനികൻ ചിന്തിക്കുന്നതുപോലെ, അത്ഭുതങ്ങളിലൂടെ ആളുകൾ വിശ്വാസ ത്തിൽ വരുമെന്നു ധരിക്കുന്ന അവിശ്വാസികളും ധാരാളമാണ്. ദൈവം എന്ന ഒരാളുണ്ടെങ്കിൽ അവൻ എനിക്കു വ്യക്തിപരമായി പ്രത്യക്ഷപ്പെട്ടു എന്നെ മനസ്സിലാക്കി തരട്ടെ, ഞാൻ തുറന്ന മനോഭാവ മുള്ള ഒരു വ്യക്തിയാണ് എന്നൊക്കെ സംസാരിക്കുന്ന അനേകരെ ഞാൻ കണ്ടിട്ടുണ്ട്. ദൈവനിഷേ ധിയായ ഒരു വ്യക്തിയുടെമുന്നിൽ യേശു പ്രത്യക്ഷപ്പെട്ട് താൻ പ്രവർത്തിച്ച അത്ഭുതങ്ങൾ മുഴുവൻ ആ വ്യക്തിയുടെ കൺമുന്നിൽ പ്രവർത്തിച്ചാൽപ്പോലും അവനിൽ അതൊരു വ്യത്യാസമുണ്ടാക്കു വാൻ പോകുന്നില്ലെന്ന് യോഹന്നാന്റെ സുവിശേഷം ഇരുപതാം അദ്ധ്യായം സമർത്ഥിക്കുന്നു.

അത്ഭുതങ്ങളുടെ യഥാർത്ഥ ഉദ്ദേശ്യം മനസ്സിലാക്കുന്നതിൽ പലരും പരാജിതരാണ്. കരി സ്മാറ്റിക് പ്രസ്ഥാനത്തിന്റെ മുൻനിര നായകനും വക്താവുമായ സിയോളിലെ പോൾ യോംഗിച്ചോ പറഞ്ഞത് ഇതിനൊരു ഉദാഹരണമാണ്. ദൈവം ശക്തനാണെന്ന കാര്യത്തിൽ ആളുകൾക്കു തൃപ്തി യുണ്ടാകണമെങ്കിൽ അവർക്ക് അത്ഭുതങ്ങൾ കാണണം. (ദി ഫോർത്ത് ഡൈമെൻഷൻ എന്ന പുസ്ത കത്തിൽ). കരിസ്മാറ്റിക് പ്രഭാഷകരുടെ സാമാന്യബുദ്ധിക്കുനിരക്കാത്തതും ജ്ഞാനരഹിതവുമായ വാക്കുകളിൽ നിന്നും എത്രയോ വ്യത്യസ്തമാണ് യേശു അരുളിച്ചെയ്ത അബ്രാഹാമിന്റെ വാക്കു കൾ!!

> അവൻ അവനോട്; അവർ മോശെയുടെയും പ്രവാചകന്മാരുടെയും വാക്കു കേൾക്കുന്നില്ലെങ്കിൽ മരി ച്ചവരിൽ നിന്ന് ഒരുവൻ എഴുന്നേറ്റു ചെന്നാലും വിശ്വസിക്കുകയില്ല എന്നു പറഞ്ഞു (ലൂക്കോസ് 16:31).

ദൈവവചനം മനുഷ്യരിലേക്കെത്തിക്കുക എന്ന ലക്ഷ്യമാണ് ബൈബിളിലെ അത്ഭുതങ്ങൾക്കുള്ളത്. ബൈബിളിന് ഇന്ന് ഒരു അവസാനതാളുള്ളതിനാൽ അത്ഭുതങ്ങളുടെ ലക്ഷ്യം നിറവേറപ്പെട്ടു. പൂർണ്ണ മാക്കപ്പെട്ട ബൈബിൾ ഇന്നു നമ്മുടെ പക്കലുണ്ട്. ദൈവത്തിന്റെ കരങ്ങൾ കെട്ടപ്പെട്ടന്നോ, അല്ലെ ങ്കിൽ ആവശ്യങ്ങളോ രോഗസൗഖ്യമോ യാചിച്ചുള്ള പ്രാർത്ഥനകൾക്ക് ദൈവം അസാധാരണമായ രീതിയിൽ മറുപടി നൽകുകയില്ലെന്നോ ഇതിനർത്ഥമില്ലെന്നു ഞാൻ നേരത്തേ പറഞ്ഞത് വീണ്ടും ഇവിടെയും ആവർത്തിക്കുന്നു. ആദ്യനൂറ്റാണ്ടിൽ അത്ഭുതങ്ങൾക്കുണ്ടായിരുന്ന ആവശ്യകത ഇന്ന് നിലവിലില്ല, അത്തരമൊരു കാര്യത്തിനായി അത്ഭുതങ്ങളെ ആശ്രയിക്കേണ്ടതില്ല എന്നകാര്യമാണ് ഇവിടെ വ്യക്തമാക്കുന്നത്.

ദൈവവചനം പ്രസംഗിച്ചവരുടെ വാക്കുകൾ സംശയലേശമില്ലാതെ സ്ഥിരീകരിക്കപ്പെടുക എന്ന ഒരു മഹത്തായ ഉദ്ദേശ്യമായിരുന്നു അത്ഭുതങ്ങൾക്കുണ്ടായിരുന്നത്. ദൈവവചനം സ്ഥിരീകരി ക്കപ്പെട്ടതിനുശേഷം പിന്നീടൊരു സ്ഥിരീകരണം അസ്ഥാനത്തുള്ളതാണ്.[4]

കുറിപ്പുകൾ:

1. ഇന്നു നമുക്കുള്ള പുതിയനിയമപുസ്തകങ്ങളുടെ ഏകദേശ പട്ടികയാണ് എഡി 180ലെ മൂറട്ടോറിയൻ കാനോനിൽ കാണുന്നത്. നശിച്ചു പോകാതെ ഇന്നും നിലനിൽക്കുന്ന ഏറ്റവും പഴയ പുതിയ നിയമ കാനോൻ ഇതാണ്.

2. ഉദാഹരണത്തിന് – ടി സോടാ 13:2

3. ഉത്തരകാനോനികഗ്രന്ഥങ്ങളെ സൂചിപ്പിക്കുന്ന അപോക്രിഫ എന്ന വാക്കിന് മറഞ്ഞിരിക്കുന്ന കാര്യങ്ങൾ എന്ന അർത്ഥമാണുള്ളത്. ബിസി ഇരുന്നൂറിനും നൂറിനും ഇടയ്ക്കുള്ള കാലഘട്ടങ്ങളിൽ എഴുതപ്പെട്ട യഹൂദ മത സാഹിത്യ പുസ്തകങ്ങളാണിവ. അവയെ ഒരുകാലത്തും തിരുവെഴുത്തുകളായി പൊതുസമ്മതപ്രകാരം അംഗീകരിച്ചിട്ടില്ല. ചരിത്രപരമായ തെറ്റുകളും ദൈവകൽപ്പനകൾക്കനുസരണമല്ലാത്ത പഠിപ്പിക്കലുകളും ഈ പുസ്തകങ്ങളിൽ കണ്ടുവരുന്നു. കത്തോലിക്കാസഭയുടെ ട്രെന്റ് കൗൺസിലിൽ വച്ച് അവർ മാത്രം ഈ പുസ്തകങ്ങളെ ദൈവപ്രചോദിതമെന്നു അംഗീകരിച്ചു സ്വീകരിച്ചു.

4. നാലാം നൂറ്റാണ്ടിലെ സഹോദരനായ ജോൺ ക്രിസോസ്റ്റോമിന്റെ വാക്കുകൾ. (1 കൊരിന്ത്യർ 12–14 ലെ അത്ഭുതവരങ്ങളായ അന്യഭാഷയെയും പ്രവചനത്തെയും കുറിച്ച്) – വളരെ അവ്യക്തമായ വേദഭാഗമാണിത്, എന്നാൽ ഈ അവ്യക്തത അവിടെ പറഞ്ഞിരിക്കുന്ന സത്യങ്ങളെക്കുറിച്ചും അവയുടെ തിരോധാനത്തെക്കുറിച്ചുമുള്ള അറിവുകേടിൽ നിന്നുണ്ടാകുന്ന ഒന്നാണ്. അക്കാലത്ത് അവയെല്ലാം നിലനിന്നിരുന്നു, എന്നാൽ ഇപ്പോൾ അതു നിലച്ചു പോയിരിക്കുന്നു. 1 കൊരിന്ത്യർ 13:8–10 വാക്യങ്ങളിൽ അത്ഭുതവരങ്ങൾ നിലച്ചുപോകുമെന്നു പറഞ്ഞിരിക്കുന്നു. അവ നിലച്ചു പോകുകയും, ചരിത്രം അതു രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

വിശ്വാസത്തോടെയുള്ള പ്രാർത്ഥനയ്ക്ക് മറുപടിയായി ദൈവം അത്ഭുതകരമായി പ്രവർത്തിക്കില്ല എന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല എന്നകാര്യം ഒരിക്കൽകൂടി എടുത്തുപറയുന്നു. കരിസ്മാറ്റിക് സഭാവിഭാഗങ്ങളിൽ കാതലായമാറ്റങ്ങൾ കാലം കഴിഞ്ഞപ്പോൾ സംഭവിച്ചു എന്നകാര്യത്തിലും എതിരഭിപ്രായമില്ല. എന്നാൽ ആധികാരികമായ വരങ്ങൽ നിലച്ചുപോയി എന്നകാര്യം ചരിത്രം സാക്ഷ്യപ്പെടുത്തുന്ന ഒന്നാണ്.

**അദ്ധ്യായം 20**

# അപ്പസ്തോലകരം

## അത്ഭുതവരങ്ങളുടെ കൈമാറ്റം

സംസാരിക്കപ്പെട്ട ദൈവവചനം സ്ഥിരീകരിക്കുന്നതിലേക്ക് അത്ഭുതങ്ങൾ വഹിക്കുന്ന പങ്കിനെക്കുറിച്ച് കഴിഞ്ഞ അദ്ധ്യായത്തിൽ നാം പഠിച്ചു. അത്ഭുതവരങ്ങൾ എപ്രകാരം കൈമാറ്റം ചെയ്യപ്പെടുന്നു എന്നകാര്യത്തെക്കുറിച്ച് നമുക്ക് ഈ അദ്ധ്യായത്തിൽ പഠിക്കാം. ഇക്കാര്യത്തെക്കുറിച്ചുള്ള ഒരു സിദ്ധാന്തമിതാണ്: അപ്പസ്തോലന്മാരുടെ കൈവയ്പ്പുവഴിയാണ് പ്രകൃത്യാതീതമായ രീതിയിലുള്ള അത്ഭുതങ്ങൾ ചെയ്യാനുള്ള ആത്മാവിന്റെ വരം കൈമാറ്റം ചെയ്യപ്പെടുന്നത്. ഇതു സത്യമാണെങ്കിൽ, നവപെന്തക്കോസ്തു വാദഗതികളെ വളരെ വലിയ രീതിയിൽ ഇക്കാര്യം ബാധിക്കുന്ന ഒന്നാണ്.

### അപ്പസ്തോലന്മാരുടെ അത്ഭുതങ്ങൾ

പുതിയനിയമം നോക്കുമ്പോൾ, അപ്പസ്തോലന്മാരിലൂടെയാണ് അത്ഭുതങ്ങൾ നടന്നത് എന്നു വിശ്വസിക്കാൻ യോഗ്യമായവിധം അത്ഭുതങ്ങളിൽ അവരുടെ സാന്നിദ്ധ്യം നമുക്കു കാണാൻ കഴിയും. അപ്പസ്തോലപ്രവർത്തികളിൽ നടക്കുന്ന അത്ഭുതങ്ങളിൽ ഭൂരിഭാഗവും അപ്പസ്തോലന്മാർ മുഖേന നിറവേറുന്നതായി നമുക്കു കാണാം. അപ്പസ്തോലന്മാരിലൂടെ അത്ഭുതങ്ങൾ പ്രവർത്തിക്കുകയെന്നത് ദൈവഹിതമാണെന്ന ഒരു ബോധ്യമാണ് ലൂക്കോസ് നമുക്കു നൽകുന്നത്. താഴെക്കൊടുത്തിരിക്കുന്ന വേദഭാഗങ്ങൾ നോക്കുക:

> അവൻ തന്നോടുകൂടെ ഇരിക്കുവാനും പ്രസംഗിക്കേണ്ടതിന് അയക്കുവാനും പന്ത്രണ്ടുപേരെ നിയമിച്ചു: രോഗികളെ സൗഖ്യമാക്കുവാനും ഭൂതങ്ങളെ പുറത്താക്കുവാനും അധികാരം ഉള്ളവരായിരിക്കേണ്ടതിനുതന്നെ (മർക്കോസ് 3:14-15).

> അവൻ തന്റെ പന്ത്രണ്ടു ശിഷ്യന്മാരെ അടുക്കൽ വിളിച്ചു; സകല ഭൂതങ്ങളെയും പുറത്താക്കുവാനും വ്യാധികൾ സൗഖ്യമാക്കുവാനും അവർക്കു ശക്തിയും അധികാരവും കൊടുത്തു. ദൈവരാജ്യം പ്രസംഗിക്കുവാനും രോഗികളെ സൗഖ്യമാക്കുവാനും അവരെ പറഞ്ഞയച്ചു (ലൂക്കോസ് 9:1-2).

> എല്ലാവരിലും ഭയം ഉണ്ടായി; അപ്പൊസ്തലന്മാരാൽ അനേകം അത്ഭുതങ്ങളും അടയാളങ്ങളും നടന്നു (അപ്പ 2:43).

> ഇപ്പോഴോ കർത്താവേ, അവരുടെ ഭീഷണികൾ നോക്കേണമേ; നിന്റെ വചനം പൂർണ്ണധൈര്യത്തോടുകൂടെ പ്രസ്താവിക്കുവാൻ നിന്റെ ദാസന്മാർക്കു കൃപ നൽകേണമേ. സൗഖ്യമാക്കുവാൻ നിന്റെ കൈ നീട്ടുന്നതിനാലും നിന്റെ പരിശുദ്ധദാസനായ യേശുവിന്റെ നാമത്താൽ അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടാകുന്നതിനാലും തന്നെ. ..അപ്പൊസ്തലന്മാർ മഹാശക്തിയോടെ കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിനു സാക്ഷ്യം വഹിച്ചുപോന്നു; എല്ലാവർക്കും സമൃദ്ധമായ കൃപയുണ്ടായിരുന്നു (അപ്പ 4:29-30, 33).

> അപ്പൊസ്തലന്മാർ മുഖാന്തരം ജനത്തിന്റെ ഇടയിൽ പല അടയാളങ്ങളും അത്ഭുതങ്ങളും നടന്നുകൊണ്ടിരുന്നു; (അപ്പ 5:12a).

> അപ്പൊസ്തലന്മാർ കൈ വച്ചതിനാൽ പരിശുദ്ധാത്മാവു ലഭിച്ചത് ശിമോൻ കണ്ടപ്പോൾ അവർക്ക് പണം വാഗ്ദാനം ചെയ്തു: (അപ്പ 8:18).

കൂടുതൽ സഹായിയായ ഈ വചനവും കൂടി നമുക്കു നോക്കാം:

> അപ്പൊസ്തലന്റെ ലക്ഷണങ്ങൾ പൂർണ്ണ സഹിഷ്ണുതയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും വീരപ്രവൃത്തികളോടും കൂടെ നിങ്ങളുടെ ഇടയിൽ വെളിപ്പെട്ടിരിക്കുന്നുവല്ലോ (2 കൊരിന്ത്യർ 12:12).

എല്ലാ ക്രിസ്ത്യാനികളും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവരായിരുന്നെങ്കിൽ പിന്നെ ലൂക്കോസ് അപ്പസ്തോലന്മാരുടെ പങ്കിനെ ഉയർത്തിപ്പിടിക്കേണ്ട കാര്യമില്ല. ആദ്യനൂറ്റാണ്ടിലെ സാധാരണക്രിസ്ത്യാനികൾ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവരായിരുന്നെങ്കിൽ പിന്നെ അത്ഭുതങ്ങളെ അപ്പസ്തോലന്മാരുടെ മുഖലക്ഷണമായി വ്യാഖ്യാനിക്കപ്പെടുന്നതെങ്ങിനെ? വളരെക്കുറച്ചുപേർമാത്രമാണ് ആ പദവിയിലേക്ക് ഉയർത്തപ്പെട്ടത് എന്ന കാര്യം പ്രത്യേകം ഓർക്കുക.

- അപ്പസ്തോലൻ യേശുക്രിസ്തുവിന്റെ പുനഃരുത്ഥാനത്തിന് ദൃക്സാക്ഷിയായിരിക്കണം (അപ്പ 1:21–22, 1 കൊരിന്ത്യർ 9:1)
- അപ്പസ്തോന്മാരുടെ പ്രബോധനത്തിൽ ആദ്യകാല ക്രിസ്ത്യാനികൾ മുഴുകിയിരുന്നു (അപ്പ 2:42, എഫേസ്യർ 2:20), അപ്പസ്തോലന്മാരെ പരിശുദ്ധാത്മാവ് യേശു പഠിപ്പിച്ചകാര്യങ്ങൾ ഓർമ്മിപ്പിക്കുകയും സകലസത്യത്തിലേക്കും അവരെ നയിക്കുകയും ചെയ്യുമെന്ന് യേശു നൽകിയ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ (യോഹന്നാൻ 14:26, 16:13).
- അടയാളങ്ങളുടെ അകമ്പടിയോടെ അപ്പസ്തോലന്മാർ യേശുവിന്റെ സുവിശേഷം സ്ഥിരീകരിച്ചുപോന്നു (അപ്പ 14:3, എബ്രായർ 2:3). ആദ്യകാലശിഷ്യന്മാരിൽ ഭൂരിഭാഗവും അത്ഭുതങ്ങളൊന്നും പ്രവർത്തിക്കാത്ത സാധാരണക്കാരായിരുന്നു എന്നാണ് ഇവിടത്തെ വിവക്ഷ.

## വരങ്ങൾ കൈമാറ്റം ചെയ്യുന്ന സാധാരണരീതി

അപ്പസ്തോലന്മാരല്ലാത്തവർ അത്ഭുതങ്ങൾ പ്രവർത്തിച്ചുകാണുന്ന ചുരുക്കം അവസരങ്ങളിൽ അവർക്ക് ഈ ശക്തി ലഭിച്ചതെങ്ങിനെയാണ്? പെന്തക്കോസ്തു നാളിലെ ആത്മവർഷം അനേകം യുവതീ-യുവാക്കളെ പ്രവചനവരത്തോടെ സംസാരിക്കാൻ ശക്തരാക്കിയിരിക്കാനുള്ള സാദ്ധ്യത വളരെ ഉറപ്പായതാണ് (അപ്പ 2:17–18). ഫിലിപ്പോസും പുത്രിമാരും അഗാബസുമെല്ലാം പെന്തക്കോസ്തുനാളിൽ യെരുശലേമിൽ ഉണ്ടായിരിക്കാനാണു സാദ്ധ്യത, കാരണം ദൈവഭക്തരായ യഹൂരെല്ലാവരും തിരുനാളാഘോഷത്തിനായി അവിടെ സന്നിഹിതരായിരുന്നു (അപ്പ 21:9, 11:28). എന്നിരുന്നാലും പ്രധാനമായും അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചതും അവ പ്രവർത്തിക്കാനുള്ള പ്രത്യേക വരം പകർന്നുകൊടുക്കപ്പെട്ടതും അപ്പസ്തോലന്മാർ മുഖേനയാണ്.

## കൈവയ്പു ലഭിച്ച നായകർ

ആത്മാവിന്റെ അത്ഭുതവരങ്ങൾ കൈമാറ്റം ചെയ്തപ്പോഴൊക്കെ, അതു ദൈവേച്ഛയാലാണ് നടത്തപ്പെട്ടിട്ടുള്ളതെന്ന കാര്യം പുതിയനിയമം വ്യക്തമാക്കുന്നു. സഹായകരമായ ഒരു പ്രസ്താവന എബ്രായ പുസ്തകലേഖകൻ നടത്തുന്നു (മർക്കോസിന്റെ അവസാനവാക്കുകൾക്കു സമാന്തരമായ രീതിയിൽ).

> ഈ രക്ഷ, കർത്താവ് ആദ്യം പ്രഖ്യാപിക്കുകയും അതു കേട്ടവർ ഞങ്ങൾക്കു സ്ഥിരീകരിക്കുകയും ചെയ്തു. ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ അത്ഭുതപ്രവർത്തികളാലും തന്റെ ഇഷ്ടപ്രകാരം നൽകിയ പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളാലും ഇതിനു സാക്ഷ്യം വഹിച്ചു (എബ്രായർ 2:3b-4)

ദാനങ്ങളെല്ലാം പകർന്നുനൽകിയത് ദൈവേഷ്ടപ്രകാരമാണ് (1 കൊരിന്ത്യർ 12:11). എന്നാൽ അതിനുമുന്നേ പറയുന്ന കാര്യം കൂടിനോക്കുക - യേശുവിന്റെ വചനം കേട്ടവർ അതു സ്ഥിരീകരിക്കുകയും ചെയ്തു - അപ്പസ്തോലന്മാരെക്കുറിച്ചാണ് ഇവിടെ സംസാരിക്കുന്നത് (ഗലാത്യർ 1:11–12). വേറേ ഏതുരീതിയിലാണ് വചനം സ്ഥീരീകരിച്ചത്? അത്ഭുതവരങ്ങളുടെ സ്വീകർത്താക്കളിലൂടെയും. അങ്ങനെ നോക്കുമ്പോൾ 2 കൊരിന്ത്യർ 12:12ന്റെ വെളിച്ചത്താൽ മുകളിൽ ഉദ്ധരിച്ച എബ്രായർ വചനം ഇപ്രകാരം നമുക്കു മനസ്സിലാക്കാം: ഈ രക്ഷ, കർത്താവ് ആദ്യം പ്രഖ്യാപിക്കുകയും അതു കേട്ടവർ ഞങ്ങൾക്കു സ്ഥിരീകരിക്കുകയും ചെയ്തു. ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ അത്ഭുതപ്രവർത്തികളാലും (അപ്പസ്തോലന്മരുടെ ലക്ഷണങ്ങളാൽ) തന്റെ ഇഷ്ടപ്രകാരം നൽകിയ പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളാലും ഇതിനു സാക്ഷ്യം വഹിച്ചു.

അത്ഭുതവരങ്ങൾ കൈമാറ്റം ചെയ്യുന്നതിലും അപ്പസ്തോലന്മാരുടെ ഭാഗഭാഗത്വം ഉണ്ടാകാനിടയുണ്ടെന്ന കാര്യം അതിശയോക്തിയോടെ കാണേണ്ടതില്ല. എന്നാൽ അതിനുള്ള തെളിവുകൾ എവിടെയാണ്? താഴെനോക്കുക:

> അതുകൊണ്ട് എന്റെ കൈവയ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കുക എന്നു ഞാൻ നിന്നെ ഓർമ്മപ്പെടുത്തുന്നു (2 തിമോത്തി 1:6).

പൗലോസ് അപ്പസ്തോലന്റെ കൈവയ്പ്പിനാൽ ഒരു അത്ഭുതവരം തിമോത്തിക്കും പകർന്നു ലഭിച്ചിരിക്കുന്നു. പൗലോസിന്റെ സന്തതസഹചാരിയായിരുന്നെങ്കിൽ പോലും (അപ്പ 16:1) തിമോത്തിക്ക് ഈ വരം സ്വയമായി നേടിയെടുക്കാൻ കഴിയുമായിരുന്നില്ല. അപ്പസ്തോലന്റെ കൈവയ്പ്പിലൂടെയാണ് ദൈവം തന്റെ അത്ഭുതവരം തിമോത്തിക്കു പകർന്നു നൽകിയത്. അപ്പ 19:6ലും സമാനമായ ഒരു സാഹചര്യം നാം കാണുന്നു:

> പൗലോസ് അവരുടെ മേൽ കൈവച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെമേൽ വന്നു. അവർ അന്യഭാഷകളിൽ സംസാരിക്കുകയും പ്രവചിക്കുകയും ചെയ്തു (അപ്പ 19:6)

ഭാഷാവരവും പ്രവചനവരവും പരിശുദ്ധാത്മാവു നൽകുന്ന പ്രകൃത്യാതീത ദാനങ്ങളാണ് (1 കൊരിന്ത്യർ 12:10). സാധാരണഗതിയിൽ ഒരു അപ്പസ്തോലന്റെ കൈ വയ്പ്പുമൂലം മാത്രമാണ് ഈ വരങ്ങൾ ലഭിക്കപ്പെടുന്നത്. ഇക്കാര്യം മനസ്സിലാക്കാനുതകുന്ന ഏറ്റവും നല്ല ഉദാഹരണം അപ്പ 6ലും 8ലും നമുക്കു കാണാം.

> ഈ വാക്കു കൂട്ടത്തിനൊക്കെയും സ്വീകാര്യമായി; അവർ വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞ പുരുഷനായ സ്തേഫാനോസ്, ഫിലിപ്പോസ്, പ്രൊഖൊരോസ്, നിക്കാനോർ, തിമോൻ, പർമ്മെനാസ്, യെഹൂദാമതാനുസാരിയായ അന്തോക്യക്കാരൻ നിക്കൊലാവൊസ് എന്നിവരെ തിരഞ്ഞെടുത്തു. അവരെ അപ്പസ്തോലന്മാരുടെ മുമ്പാകെ നിർത്തി; അവർ പ്രാർത്ഥിച്ച് അവരുടെമേൽ കൈ വച്ചു (അപ്പ 6:5-6)

അവർ കൈ വച്ച് അനുഗ്രഹിച്ചവരിൽ രണ്ടുപേർ സ്തെഫാനോസും ഫിലിപ്പോസുമാണ്[1]

> അനന്തരം സ്തെഫാനോസ് കൃപയും ശക്തിയും നിറഞ്ഞവനായി ജനത്തിനിടയിൽ വലിയ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചു (അപ്പ 6:8).

അപ്പസ്തോലന്മാർ കൈവച്ച് അനുഗ്രഹിക്കുന്നതിനുമുമ്പുതന്നെ സ്തെഫാനോസ് ആത്മാവിൽ നിറഞ്ഞവനായിരുന്നു (അപ്പ 6:3, 5). എങ്കിലും അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ കഴിവുള്ളവനായിരുന്നില്ല. അപ്പസ്തോലന്മാർ കൈ വച്ച് അനുഗ്രഹിച്ചതിനു ശേഷമാണ് സ്തെഫാനോസിന് അത്ഭുതങ്ങൾ പ്രവർത്തിക്കാൻ കഴിഞ്ഞത്. ഇക്കാര്യത്തെ സംബന്ധിച്ച കൂടുതൽ തെളിവുകൾ നമുക്കു നോക്കാം:

> ഫിലിപ്പോസ് ചെയ്ത അടയാളങ്ങൾ ജനക്കൂട്ടം കാണുകയും കേൾക്കുകയും ചെയ്തതിനാൽ അവർ അവൻ പറയുന്നത് ഏകമനസ്സോടെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. അശുദ്ധാത്മാക്കൾ ബാധിച്ച അനേകരിൽ നിന്ന് അവ ഉറക്കെ നിലവിളിച്ചുകൊണ്ടു പുറത്തുപോയി; അനേകം പക്ഷവാതക്കാരും മുടന്തരും സൗഖ്യം പ്രാപിച്ചു (അപ്പ 8:6-7)

അപ്പസ്തോലന്മാരുടെ കൈവയ്പ്പു ലഭിച്ച ഫിലിപ്പോസ് തന്റെ കഴിവു പ്രകടമാക്കുന്നതു നമുക്കിവിടെ കാണാം. അപ്പസ്തോലന്മാരുടെ കൈ വയ്പു ലഭിച്ചതിനുശേഷമാണ് ഈ രണ്ടു പുരുഷന്മാരും അത്ഭുതപ്രവർത്തികൾ ചെയ്യാനാരംഭിച്ചത്, അതിനുമുമ്പുണ്ടായിട്ടില്ല എന്നത് ആകസ്മികമായ ഒരു സാമ്യം മാത്രമാണോ? തിമോത്തിയെയും എഫേസൂസിലെ ശിഷ്യന്മാരെയും പോലെ ഇവർക്കും അപ്പസ്തോലന്മാരുടെ കൈ വയ്പിനാലാണ് അത്ഭുതങ്ങൾ പ്രവർത്തിക്കാൻ കഴിഞ്ഞത് എന്നകാര്യം സാമാന്യ ബുദ്ധിക്കു നിരക്കുന്ന ഒന്നല്ലേ?

ശമരിയാക്കാരുടെ പരിവർത്തനത്തോടുകൂടി നടന്ന ചില സംഭവങ്ങൾ ഇക്കാര്യത്തിൽ വ്യക്തതയുള്ള ഒരു തീരുമാനമെടുക്കാൻ പര്യാപ്തമാകുന്ന ഒന്നാണ്. ശമര്യായാക്കാർ യേശുവിന്റെ നാമത്തിൽ സ്നാനം സ്വീകരിച്ചിട്ടുണ്ടായിരുന്നതേയുള്ളൂ, അതുവഴി അവർക്കു അപ്പ 2:38–39ലെ വാഗ്ദാനമനുസരിച്ചുള്ള പാപമോചനവും ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവും ലഭിച്ചിരുന്നു. പുറമേ കാണത്തക്കവിധത്തിലുള്ള അടയാളങ്ങളോടുകൂടിയ പരിശുദ്ധാത്മാവിന്റെ വരങ്ങൾ അവർക്കു ലഭിച്ചിരുന്നില്ല. പുതിയ ഒരു മേഖല വെട്ടിത്തുറക്കേണ്ടതിനുള്ള സ്ഥിരീകരണം (അപ്പ 19) ഇവിടെ നൽകുകയാണുണ്ടായത്. കഴിഞ്ഞകാലങ്ങളിൽ ഒരു രാഷ്ട്രമെന്നനിലയിൽ അവർ കാണിച്ച അവിശ്വസ്തതയെ ദൈവം പൊറുത്തു എന്നതിനും ദൈവം അവരോടു പൂർണ്ണമായി ക്ഷമിച്ച് അവരെ സ്വീകരിച്ചു എന്നതിനുമുള്ള സ്ഥിരീകരണമാണ് നാം ഇവിടെ കാണുന്നത്.

ആത്മാവിന്റെ അത്ഭുതവരങ്ങളെ പകർന്നുകൊടുത്ത്, ദൈവത്തിന് അവരോടുള്ള സ്വീകാര്യത വെളിപ്പെടുത്തി, വെറുക്കപ്പെടേണ്ടവർ എന്ന തലക്കെട്ട് ശമരിയാക്കാരുടെ മേൽനിന്ന് എന്നന്നേയ്ക്കുമായി മായ്ച്ചുകളയാൻ ഫിലിപ്പോസിനു കഴിയുമായിരുന്നില്ലേ? കഴിയുമായിരുന്നുവെങ്കിൽ അവൻ കാത്തുനിന്നതെന്തിനുവേണ്ടിയായിരുന്നു? വരങ്ങൾ പകർന്നു നൽകാനുള്ള അധികാരം ഫിലിപ്പോസിന് ഇല്ലായിരുന്നു അപ്പ 8:14ൽ തുടങ്ങുന്ന വിവരണം നമുക്കു വായിക്കാം:

> അനന്തരം യെരുശലേമിലുള്ള അപ്പൊസ്തോന്മാർ, ശമര്യർ ദൈവവചനം കൈക്കൊണ്ടു എന്നുകേട്ട് പത്രോസിനെയും യോഹന്നാനെയും അവരുടെ അടുക്കലേക്ക് അയച്ചു. അവർ ചെന്ന് അവർക്ക് പരിശുദ്ധാത്മാവു ലഭിക്കേണ്ടതിന് അവർക്കുവേണ്ടി പ്രാർത്ഥിച്ചു. പരിശുദ്ധാത്മാവ് അന്നുവരെ അവരിൽ ആരുടെമേലും വന്നിരുന്നില്ല; അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനമേറ്റിരുന്നതേയുള്ളൂ. അവർ അവരുടെമേൽ കൈവച്ചപ്പോൾ അവർക്കു പരിശുദ്ധാത്മാവു ലഭിച്ചു. അപ്പൊസ്തലന്മാർ കൈ വച്ചതിനാൽ പരിശുദ്ധാത്മാവ് ലഭിച്ചതു ശീമോൻ കണ്ടപ്പോൾ അവർക്ക് പണം വാഗ്ദാനം ചെയ്തു: ഞാൻ ഒരുവന്റെ മേൽ കൈ വച്ചാൽ അവനു പരിശുദ്ധാത്മാവ് ലഭിക്കുവാൻ തക്കവണ്ണം ഈ അധി

കാരം എനിക്കും തരണം എന്നു പറഞ്ഞു (അപ്ര 8:14-19).

ഫിലിപ്പോസിന് വരങ്ങൾ പകർന്നു നൽകാൻ കഴിയാതിരുന്നതിന്റെ പ്രായോഗിക കാരണങ്ങൾ താഴെ ക്കൊടുത്തിരിക്കുന്നവയാകാം:

- ശമരിയാക്കാർക്കു വരങ്ങൾ പകർന്നു നൽകാൻ ശ്രമിക്കാത്തതായിരിക്കാം ഒരു കാരണം, ഒരു വിവാദം ഒഴിവാക്കാൻ പറ്റിയ ഒരു കാര്യമായിരുന്നു അതെങ്കിലും.
- പ്രത്യക്ഷമായ അടയാളങ്ങളോടുകൂടി ശമരിയാക്കാർക്ക് ആത്മാവു ലഭിച്ചത് പത്രോസും യോഹന്നാനും കൈ വച്ചതിനുശേഷം മാത്രം ആയിരിക്കാം.
- വരങ്ങൾ പകർന്നുകൊടുക്കാനുള്ള ഈ അധികാരം വലിയ സാമ്പത്തികനേട്ടം ഉണ്ടാക്കിത്തരുമെന്നു കണ്ട ശീമോൻ പണവുമായി അപ്പസ്തോലന്മാരെ സമീപിച്ചതിനാലാകാം.

ഇക്കാര്യത്തിൽ ഏറ്റവും സുവ്യക്തമായ പ്രസ്താവന അപ്പ 8:18ൽ രേഖപ്പെടുത്തിയിരിക്കുന്നു: അപ്പൊസ്തലന്മാർ കൈ വച്ചതിനാൽ പരിശുദ്ധാത്മാവ് ലഭിച്ചതു ശീമോൻ കണ്ടപ്പോൾ അവർക്ക് പണം വാഗ്ദാനം ചെയ്തു... അപ്പസ്തോലന്മാരുടെ കൈവയ്പിലൂടെയാണ് അത്ഭുതവരങ്ങൾ കൈമാറ്റം ചെയ്യപ്പെട്ടിരുന്നത്. ഈ പ്രസ്താവന സത്യമാണെങ്കിൽ കൊരിന്ത്യൻ സഭയിൽ അത്ഭുതവരങ്ങളുടെ യാതൊരുകുറവും ഉണ്ടാകാതിരുന്നതിനു കാരണം പൗലോസ് അനേകകാലം അവിടെയുണ്ടായിരുന്നു (1 കൊരിന്ത്യർ 1:7) എന്നതാണ്. പൗലോസ് സന്ദർശിക്കാതിരുന്ന റോമാ സഭയിലാകട്ടെ അത്ഭുതകരമല്ലാത്ത ആത്മീയ വരങ്ങളാണ് ഉണ്ടായിരുന്നത്: നിങ്ങളെ ഉറപ്പിക്കേണ്ടതിനായി എന്തെങ്കിലും ആത്മീകവരം നിങ്ങൾക്കു നൽകേണ്ടതിനാണ് ഞാൻ നിങ്ങളെ കാണുവാൻ ആഗ്രഹിക്കുന്നത് (റോമർ 1:11). പൗലോസ് അപ്പസ്തോലനാൽ അത്ഭുതവരങ്ങൾ കൈമാറിക്കിട്ടണമായിരുന്നു അവർക്ക്.[2]

പഴുതുകളില്ലാത്ത ഒരു ചിന്തയാണിതെന്ന അഭിപ്രായം എനിക്കില്ല, എങ്കിലും ശരിയായ ഒരു ആശയമാണിതെന്ന കാര്യത്തിൽ എനിക്കു സംശയമില്ല. ഈ വാദത്തിനു തടസ്സമായി നിൽക്കുന്ന വ്യക്തമായ ഒരു സാക്ഷ്യവും നമുക്കു കാണാൻ കഴിയുന്നില്ല - അപ്പ 2ലും 10ലുമുള്ള ചരിത്രപരമായ വ്യത്യസ്തതകൾ ഒഴികെ.[3] നമുക്കു ലഭ്യമായ തെളിവുകളുടെ വെളിച്ചത്തിൽ, അത്ഭുതവരങ്ങൾ കൈമാറ്റം ചെയ്യപ്പെട്ടിരുന്നത് എപ്രകാരമാണെന്നതിനെക്കുറിച്ചുള്ള വ്യക്തമായ ഒരു തത്വമാണിത്.

## വിവക്ഷകൾ

ഈ തത്വത്തിനടിസ്ഥാനമായി എത്തിച്ചേരുന്ന അനുമാനങ്ങൾ നമുക്കു നോക്കാം. അപ്പസ്തോലന്മാരുടെ കാലശേഷം അതിമാനുഷ കഴിവുകൾ പകർന്നിരുന്നില്ല. ഇത്തരം വരങ്ങൾ പകർന്നു കിട്ടിയ ശിഷ്യന്മാരുടെ കാലശേഷം ഈ വരങ്ങളെല്ലാം നിലച്ചുപോയി. ഇക്കാര്യം സത്യമാണെങ്കിൽ, ഇത്തരം വരങ്ങൾ ഇപ്പോഴും കൈവശമുണ്ടെന്നു വാദിക്കുന്ന കരിസ്മാറ്റിക് വിഭാഗങ്ങൾ ഒന്നുകിൽ ഒരു സ്വപ്നലോകത്തിലാണ് അല്ലെങ്കിൽ മനുഷ്യരെ കബളിപ്പിക്കുന്നവരാണ്.

കുറിപ്പുകൾ:

1. മറ്റുള്ളവരെക്കുറിച്ച് നാം വേറെയെങ്ങും വായിക്കുന്നില്ല, നികൊലാവ്യരെക്കുറിച്ച് വെളിപാടിന്റെ 2:6ൽ വായിക്കുന്നതല്ലാതെ.
2. അപ്പസ്തോലന്മാരോ അവർ കൈവച്ച് അയച്ചവരോ ആയ ആരും റോമായിലെ സഭ സന്ദർശിച്ചിട്ടില്ല എന്നു കരുതാൻ നിർവാഹമില്ല, അതിനാലാകണം പ്രവചനവരം (റോമർ 12:6) - അത്ഭുതവരത്തിൽപ്പെട്ട തരത്തിലുള്ളതാണെങ്കിൽ - അവർക്കു ലഭിച്ചിരുന്നത്.
3. അപ്പ 9:17-18ലെ അനനിയാസ് ഒരു വ്യത്യസ്തതയാണോ? അപ്പസ്തോലന്മാരുമായുള്ള സമ്പർക്കത്തെക്കുറിച്ച് നാമൊന്നും വായിക്കുന്നില്ലെങ്കിലും, സിറിയൻ അന്തോക്യയിലെ ശിഷ്യന്മാർ യെരുശലേമിലുള്ള അപ്പസ്തോലന്മാരുമായി സമ്പർക്കമില്ലാത്തവരാണ് എന്നു വിചാരിക്കാൻ കഴിയുകയില്ല. അപ്പ 9:18ലും 22:13ലും കാണുന്ന അത്ഭുതങ്ങളാകട്ടെ ഈ വാദഗതിയെ അനുകൂലിക്കുകയോ പ്രതികൂലിക്കുകയോ ചെയ്യാത്തവയാണ്.

1 തിമോത്തി 4:14 അപ്പസ്തോലന്മാരല്ലാത്തവരാൽ അത്ഭുതവരങ്ങൾ കൈമാറ്റം ചെയ്യാമെന്ന സൂചനനൽകുന്ന ഒന്നാണോ? ഒട്ടുമല്ല. (1) 2 തിമോത്തി 1:6ൽ സൂചിപ്പിക്കുന്ന വരത്തെക്കുറിച്ചു തന്നെയാണ് ഇവിടെയും സംസാരിക്കുന്നത്. (2) തിമോത്തിയെ ദൗത്യത്തിനായി നിയോഗിച്ച സമയത്ത് സഭാമൂപ്പന്മാർക്കൊപ്പം പൗലോസ് സന്നിഹിതനല്ലായിരുന്നു എന്നു ചിന്തിക്കാൻ ന്യായമില്ല. 1 തിമോത്തി 5:22 നമ്മുടെ കാഴ്ചപ്പാടിനു വിരുദ്ധമായ ഒന്നല്ല, എന്തിനുവേണ്ടിയാണ് കൈവയ്പുനടത്തേണ്ടത് എന്നകാര്യത്തിൽ പൗലോസ് വ്യക്തന നൽകാത്തതിനാൽ. 1 തിമോത്തി 3:6ന്റെ വെളിച്ചത്തിൽ തിടുക്കത്തിൽ സുവിശേഷകരെ നിയോഗിക്കുകയും അവരെ മറ്റു ദേശങ്ങളിലേക്ക് അയക്കുകയും ചെയ്യരുതെന്ന നിർദ്ദേശമാണ് ഇവിടെ പൗലോസ് സംസാരിക്കുന്നതെന്നു നമുക്കു മനസ്സിലാക്കാൻ കഴിയും.

**അദ്ധ്യായം 21**

# വേറെയൊരു അടയാളവും നല്കപ്പെടുകയില്ല!

## അത്ഭുതകരമായവയെ തരം താഴ്ത്തിപ്പറയുന്ന യേശു

അത്ഭുതങ്ങൾക്കു പ്രസക്തിയില്ലായിരുന്നുവെങ്കിൽ പിന്നെ യേശു ഇത്രയും അത്ഭുതങ്ങൾ പ്രവർത്തിച്ചതെന്തിനാണ് എന്ന ഒരു ചോദ്യം ചിലപ്പോൾ നിങ്ങളുടെ മനസ്സിൽ രൂപപ്പെട്ടേക്കാം. അവയ്ക്കു പ്രസക്തിയില്ലായിരുന്നുവെന്ന് ഞാൻ പറഞ്ഞിട്ടില്ല. ദൈവവചനം മനുഷ്യരിലേക്ക് എത്തിക്കപ്പെടണം എന്നത് ഒരു കാരണമായിരുന്നു, വചനം സംസാരിച്ചവരെ പ്രചോദിപ്പിക്കാനും സംസാരിക്കപ്പെട്ട വചനം സ്ഥിരീകരിക്കപ്പെടുന്നതിനും അത്ഭുതങ്ങൾ വഹിച്ച പങ്കു നാം മനസ്സിലാക്കി. രണ്ടാമതായി ദൈവത്തിന്റെ സ്വഭാവവും ഇച്ഛയും പ്രദർശിപ്പിക്കുന്നതാണ് അവന്റെ അത്ഭുതങ്ങൾ. അതുമാത്രമല്ല ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ പൂർത്തീകരിക്കപ്പെടേണ്ടതിന് ഈ അത്ഭുതങ്ങൾ സംഭവിക്കപ്പെടേണ്ടിയിരുന്നു - അതുമൂലം നമ്മുടെ വിശ്വാസം ശക്തമായ ഒരു അടിസ്ഥാനത്തിന്മേൽ കെട്ടിപ്പടുക്കാൻ സാധിച്ചു. പ്രവചന നിവർത്തീകരണം ഒരിക്കൽ മാത്രം നടക്കുന്നതും വീണ്ടും ആവർത്തിക്കപ്പെടാൻ പാടില്ലാത്തതുമാണ് എന്ന കാര്യം പ്രത്യേകം ഓർക്കുക (ലൂക്കോസ് 16:31).

കുറച്ചുപേരെ ഈ അനുമാനം നിരാശപ്പെടുത്തുമായിരിക്കും. പഴയതുപോലെ തന്നെ അത്ഭുതങ്ങൾ ഇപ്പോഴും നടന്നിരുന്നുവെങ്കിൽ എത്ര ഉത്സാഹപൂർണ്ണമാകുമായിരുന്നു എന്ന് അവർ ചിന്തിച്ചേക്കാം. അനേകം പേരിലേക്ക് സുവിശേഷമെത്തിക്കാൻ അതു സഹായിക്കുമായിരുന്നില്ലേ എന്നും. ദൈവരാജ്യം വളരെ ശക്തമായി മുന്നേറാൻ പ്രകൃത്യാതീതമായ ഈ കഴിവുകൾ വളരെ സഹായിക്കുമായിരുന്നില്ലേ എന്നുമൊക്കെ.

ഇപ്പോൾ കണ്ടുവരുന്ന രീതിയനുസരിച്ച് അത്ഭുതങ്ങൾ അനേകരെ സഭയിലേക്കാകർഷിക്കുമായിരുന്നു എന്ന കാര്യം നിഷേധിക്കാനാവില്ല. എന്നാൽ അതുമാത്രമാണോ നാം കാണേണ്ട കാര്യം? സാധാരണ രീതിയിലുള്ള ക്രിസ്തീയ ജീവിതം തന്നെ എത്രമാത്രം ഉത്സാഹപ്രദമാണ്? എത്ര പേർ വരുന്നു എന്നതുമാത്രമല്ല സഭയുടെ ആരോഗ്യത്തിന്റെ ലക്ഷണം. ആളുകളുടെ ജീവിതമാറ്റവും, ദീർഘകാലം വിശ്വാസത്തിൽ ഇടറാതെ നിൽക്കുന്ന സഭാംഗങ്ങളും, ആത്മീയ പക്വതയും, പുതിയ തലമുറയും നായകരും മിഷനറിമാരും വളർന്നു വരുന്നതുമെല്ലാം പ്രധാനമായി പരിഗണിക്കേണ്ട കാര്യങ്ങളാണ്.

ചിന്തിക്കുക: യേശുവിന്റെ മിനിസ്ട്രിയിൽ അവസാനസമയത്ത് എത്രപേർ ഉണ്ടായിരുന്നു? യെരുശലേമിൽ 120 പേരും ഗലീലിയിൽ ഏകദേശം 500 പേരും. യേശു പ്രവർത്തിച്ച അത്ഭുതങ്ങൾക്കു സാക്ഷ്യം വഹിച്ച എത്രപേരുണ്ടായിരുന്നു? ലൂക്കോസ് 12:1 പ്രകാരം നോക്കിയാൽ അനേകായിരങ്ങൾ അവൻ സംസാരിക്കുന്നതും പ്രവർത്തിക്കുന്നതും കാണാൻ തടിച്ചുകൂടുമായിരുന്നു. അങ്ങനെ നോക്കുമ്പോൾ യേശുവിൽ നിന്നും നേരിട്ടു വചനം കേട്ടയാളുകളുടെ എണ്ണം എത്രമാത്രം വലിയ ഒരു സംഖ്യയാണ്? നമുക്കു യാഥാർത്ഥ്യത്തിലേക്കു കടക്കാം! മിനിസ്ട്രിയുടെ വളർച്ചയെ സംബന്ധിച്ച നിർണ്ണായക ഘടകം അത്ഭുതങ്ങളല്ല - ഒരു കാലത്തും, നഷ്ടപ്പെട്ടവരുടെ ഹൃദയവും വേലക്കാരുടെ തീക്ഷ്ണതയുമാണ് ആ ഘടകം.

സംഖ്യാപരമായ വളർച്ചയ്ക്കുവേണ്ടി നാം കുറുക്കുവഴികൾ തേടുന്നത് തെറ്റാണ്. നാലാം നൂറ്റാണ്ടിൽ റോമാസാമ്രാജ്യം ക്രിസ്തീയതയെ ഔദ്യോഗിക മതവിശ്വാസമായി നടപ്പിലാക്കിയപ്പോൾ എന്താണു സംഭവിച്ചത് (എഡി 381ൽ)? വിജാതീയർ സഭയിലേക്ക് ഇരച്ചുകയറി. എല്ലാക്കാലത്തേക്കും മികച്ച ജനപങ്കാളിത്തം അക്കാലത്തു രേഖപ്പെടുത്തി. വിജാതീയ ദേവാലയങ്ങൾ ശൂന്യമാക്കപ്പെട്ടു. എന്നാൽ ഇതിനു സഭ നൽകേണ്ടിവന്ന വില വളരെ വലുതായിരുന്നു. വിജാതീയ ആചാരങ്ങൾ മൊത്തമായി സഭയിലേക്കു ഇറക്കുമതിചെയ്യപ്പെട്ടു. സാഹചര്യം നിയന്ത്രണാതീതമായ രീതിയിൽ രാഷ്ട്രീയ വൽക്കരിക്കപ്പെട്ടു. ആ തിരിച്ചടിയിൽ നിന്നും ഇന്നു വരെ സഭയ്ക്കു കരകയറാനായിട്ടില്ല.

കുറുക്കുവഴികളൊന്നുംതന്നെയില്ല. ശക്തമായതും വളരുന്നതുമായ ഒരു മിനിസ്ട്രി കെട്ടിപ്പടുക്കുന്നതിനു വേണ്ടത് കഠിനാധ്വാനം തന്നെയാണ്. എന്നാൽ അത്ഭുതങ്ങളും അടയാളങ്ങളും സുവിശേഷവൽക്കരണം ത്വരിതപ്പെടുത്തുമെന്നുള്ള അബദ്ധവിശ്വാസം എത്രമാത്രം രൂഢമൂലമായിരിക്കുന്നുവെന്നു നോക്കുക. യേശുവിന്റെ സഹോദരന്മാർ ഉന്നയിക്കുന്ന ന്യായമാണ് ഇവിടെ കാണുന്നത്:

അവന്റെ സഹോദരന്മാർ അവനോട്: നീ ചെയ്യുന്ന പ്രവൃത്തികൾ നിന്റെ ശിഷ്യന്മാരും കാണേണ്ടതിന് ഇവിടം വിട്ട് യെഹൂദ്യയിലേക്കു പോകുക. പ്രസിദ്ധനാകാൻ ആഗ്രഹിക്കുന്നവൻ ആരും രഹസ്യത്തിൽ ഒരു കാര്യവും ചെയ്യുന്നില്ലല്ലോ; നീ ഇതു ചെയ്യുന്നുവെങ്കിൽ ലോകത്തിന് നിന്നെത്തന്നെ വെളിപ്പെടുത്തുക എന്നു പറഞ്ഞു. അവന്റെ സഹോദരന്മാരും അവനിൽ വിശ്വസിച്ചില്ല (യോഹന്നാൻ 7:3-5).

അത്ഭുതങ്ങൾ പ്രവർത്തിക്കാനുള്ള യേശുവിന്റെ കഴിവിനെ ആളുകൾ കൂട്ടം കൂടുന്ന സ്ഥലങ്ങളിൽ ഉപയോഗപ്പെടുത്തി അവന് പ്രശസ്തിയും അനുയായികളെയും വർദ്ധിപ്പിക്കണമെന്നാണ് അവന്റെ സഹോദരർ നൽകിയ ഉപദേശം. എന്നാൽ മിനിസ്ട്രിയുടെ ഉദ്ദേശ്യം പ്രശസ്തിയല്ല, ആത്മാക്കളെ രക്ഷിക്കുകയെന്നതാണ്. യേശുവിന്റെ സഹോദരന്മാരുടെ തത്വസംഹിത ലൗകീകവും യാഥാർത്ഥ്യബോധമില്ലാത്തതും സ്വാർത്ഥപൂർണ്ണമായതുമായിരുന്നു. ഇക്കാര്യങ്ങളിൽ യേശുവിന് താത്പര്യമേയില്ലായിരുന്നു. താൻ ചെയ്യുന്നതെന്താണെന്ന് യേശുവിന് നന്നായറിയാമായിരുന്നു. അടയാളങ്ങൾക്കായുള്ള ആവശ്യം യേശു നിരസിക്കുന്നത് നാം പതിവായി കാണുന്ന ഒരു കാര്യമാണ്. കാരണം മനുഷ്യഹൃദയങ്ങളെക്കുറിച്ച് വ്യക്തമായി അറിയാവുന്നത് യേശുവിനുമാത്രമായിരുന്നു. അടയാളങ്ങൾ അന്വേഷിക്കുന്ന ഒരു ഹൃദയത്തെ യേശു നിരാശപ്പെടുത്തുന്നതു നാം കാണുന്നു. ജനക്കൂട്ടത്തിന്റെ താളത്തിനൊത്തു തുള്ളാൻ യേശു തുനിയാതിരുന്നതിന് താഴെപ്പറയുന്ന കാരണങ്ങളുണ്ട്:

## 1. തെറ്റായ മനോഭാവത്തോടെ ജനം തന്നെ അനുഗമിക്കുന്നത്

മാനസാന്തരപ്പെട്ട് ജീവിതമാറ്റം സാദ്ധ്യമാക്കുന്നതിലും എത്രയോ ഏറെ ഉത്സാഹപൂർണ്ണമായ ഒരു കാര്യമായിരിക്കും അടയാളങ്ങളാലും അത്ഭുതങ്ങളാലും ആളുകൾ തന്നോടു പറ്റിച്ചേരുന്നത്! തന്റെ പിന്നാലെവരുന്ന ജനക്കൂട്ടത്തെ നോക്കി യേശു അവരുടെ മനോഭാവത്തെ വെല്ലുവിളിക്കുന്നു:

അതിന് യേശു; ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു; നിങ്ങൾ അത്ഭുതം കണ്ടതുകൊണ്ടല്ല, അപ്പം ഭക്ഷിച്ചു തൃപ്തരായതുകൊണ്ടത്രേ എന്നെ അന്വേഷിക്കുന്നത്. നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല, നിത്യജീവനിലേക്കു നിലനിൽക്കുന്ന ആഹാരത്തിനായിത്തന്നേ പ്രയത്നിക്കുവിൻ; അത് മനുഷ്യ പുത്രൻ നിങ്ങൾക്കു തരും; അവനെ പിതാവായ ദൈവം മുദ്രവച്ചിരിക്കുന്നു എന്ന് ഉത്തരം പറഞ്ഞു (യോഹന്നാൻ 6:26-27).

അവർ കണ്ട അത്ഭുതങ്ങൾ സമർപ്പിതരായ ശിഷ്യന്മാരായിത്തീരാൻ അവരുടെ ഹൃദയങ്ങളെ ഒരുക്കേണ്ടതിനായിരുന്നു, എങ്കിലും സ്വാർത്ഥതാത്പര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് അവർ യേശുവിനെ അനുഗമിക്കാൻ തുനിഞ്ഞത്. ഇത്ര കഠിനമായ ഒരു ശാസന ലഭിച്ചതിനുശേഷവും അവരുടെ ഹൃദയം മാനസാന്തരപ്പെട്ടില്ല:

അവർ അവനോട്: ഞങ്ങൾ കണ്ടു നിന്നെ വിശ്വസിക്കേണ്ടതിന് എന്ത് അടയാളമാണ് നീ ചെയ്യുന്നത്? നീ എന്തു പ്രവൃത്തിയാണ് ചെയ്യുന്നത്? (യോഹന്നാൻ 6:30).

ഈ സംഭവം നടക്കുന്നതാകട്ടെ യേശു അനേകായിരങ്ങളെ തീറ്റിപ്പോറ്റിയതിനു ശേഷവുമാണ് (യോഹന്നാൻ 6:1-15). അവരിൽ നിന്നും യേശു പ്രതീക്ഷിക്കുന്ന സമർപ്പണത്തെക്കുറിച്ച് കൂടുതൽ കേട്ടപ്പോൾ അവരുടെ ഹൃദയ വിചാരങ്ങൾ കൂടുതൽ വ്യക്തമായി. അവരുടെ പ്രതികരണം:

അവന്റെ ശിഷ്യന്മാർ പലരും അതു കേട്ടിട്ട്: ഇതു കഠിനമായ ഉപദേശമാകുന്നു; ഇതു സ്വീകരിക്കുവാൻ ആർക്കു കഴിയും? എന്നു പറഞ്ഞു. ശിഷ്യന്മാർ അതിനെക്കുറിച്ചു പിറുപിറുക്കുന്നത് യേശു സ്വയം മനസ്സിലാക്കി അവരോട്: ഇതു നിങ്ങൾക്ക് ഇടർച്ചയാകുന്നുവോ. ..അന്നുമുതൽ അവന്റെ ശിഷ്യന്മാരിൽ പലരും പിന്തിരിഞ്ഞുപോയി, പിന്നെ അവനോടുകൂടെ സഞ്ചരിച്ചില്ല (യോഹന്നാൻ 6:60-61, 66).

ആദ്യം മുതലേ അവരുടെ മനോഭാവം പാപപങ്കിലമായതായിരുന്നു. ഇത്തരം ആളുകൾ യേശുവിനെ അനുഗമിക്കുന്നത് തങ്ങൾക്ക് അതിലൂടെ എന്തു ലാഭമുണ്ടാകുന്നു എന്നു നോക്കിയിട്ടാണ്. കാറ്റുവീശുമ്പോൾ നെല്ലും പതിരും തിരിച്ചറിയപ്പെടും.

## 2. അത്ഭുതങ്ങൾ വിശ്വസ്തത ഉറപ്പുനൽകുന്നില്ല.

വലിയ അത്ഭുതങ്ങൾ അനുഭവിച്ചു എന്നത് ദീർഘകാല വിശ്വസ്തതയെ ഉറപ്പാക്കുന്നില്ല. മരണത്തോടടുത്ത ഒരു സാഹചര്യത്തിലൂടെ കടന്നു പോയ ആളുകളെപ്പോലെയാണിത്. അങ്ങനെയുള്ള സാഹചര്യത്തിൽ നിന്നും അതിശയകരമായി രക്ഷപെട്ട എത്രപേർ ജീവിതത്തിൽ മാറ്റം വരുത്തിയവരായിട്ടുണ്ട്? എന്റെ ചെറുപ്പത്തിൽ രണ്ടു തവണ ഞാൻ ഇപ്രകാരം രക്ഷപെട്ടിട്ടുണ്ട്. ഒരിക്കൽ കടലിൽ മുങ്ങിത്താണപ്പോൾ, പിന്നീട് ഒരു കാർ ഇടിച്ച് എന്റെ മോട്ടോർ സൈക്കിളിനെ രണ്ടാക്കി

ഒടിച്ചു കളഞ്ഞപ്പോൾ. അത്തരം സംഭവങ്ങൾ നടക്കുമ്പോൾ ആളുകൾ താത്കാലികമായി ആത്മീയ രായ വ്യക്തികളായിത്തീരുന്നു, എന്നാൽ അതിന്റെ ദൈർഘ്യം വളരെ ചെറുതാണ്. ശക്തമായ ഒരു തീരുമാനത്തെത്തുടർന്നെടുക്കുന്ന ജീവിതസമർപ്പണവും ഒരു തോന്നലിനെയോ സംഭവത്തെയോ അടിസ്ഥാനമാക്കിയെടുക്കുന്ന ജീവിതസമർപ്പണവും താരതമ്യം പോലും ചെയ്യാൻ കഴിയാത്തവിധം വ്യത്യസ്തമായതാണെന്ന കാര്യം യേശുവിനറിയാം. ഇത്തരം കാര്യങ്ങൾ യേശുവിന്റെ മിനിസ്ട്രി യിൽ പലതവണ അരങ്ങേറിയിട്ടുണ്ട്.

ദൈവമക്കൾ പോലും ഇത്തരം സ്വാർത്ഥത നിറഞ്ഞ മറവിരോഗത്തിൽ നിന്നും വിമുക്തരല്ല യെന്ന കാര്യം സങ്കടകരമായ ഒന്നാണ്. ദൈവം ചെയ്തവയെ അവർ മറക്കുന്നു (2 പത്രോസ് 1:9). ഇസ്രായേൽ മക്കളുടെ മരുഭൂ പ്രയാണകാലഘട്ടത്തിലുടനീളം നോക്കുമ്പോൾ നാം വീണ്ടും വീണ്ടും പഠിക്കുന്ന പാഠവുമിതല്ലേ?

> അവർ അവന്റെ പ്രവൃത്തികളും അവരെ കാണിച്ച അത്ഭുതങ്ങളും മറന്നുകളഞ്ഞു. അവൻ മിസ്രയീം ദേശത്ത്, സോവാൻ വയലിൽവച്ച് അവരുടെ പിതാക്കന്മാർ കാൺകെ, അത്ഭുതം പ്രവർത്തിച്ചു. അവൻ സമുദ്രത്തെ വിഭാഗിച്ച് അതിൽക്കൂടി അവരെ കടത്തി; അവൻ വെള്ളത്തെ ചിറപോലെ നിൽക്കുമാറാക്കി. പകൽ സമയത്ത് അവൻ മേഘംകൊണ്ടും രാത്രിമുഴുവനും അഗ്നിപ്രകാശം കൊണ്ടും അവരെ നടത്തി. അവൻ മരുഭൂമിയിൽ പാറകൾ പിളർന്ന് ആഴികളിൽനിന്ന് എന്നപോലെ അവർക്കു ധാരാളം കുടിക്കുവാൻ കൊടുത്തു. പാറയിൽനിന്ന് അവൻ ഒഴുക്കുകൾ പുറപ്പെടുവിച്ചു; വെള്ളം നദികൾപോലെ ഒഴുകുമാറാക്കി. എങ്കിലും അവർ അവനോടു പാപം ചെയ്തു; അത്യുന്നതനോടു മരുഭൂമിയിൽ വച്ചു മത്സരിച്ചുകൊണ്ടേയിരുന്നു. തങ്ങളുടെ കൊതിക്കു ഭക്ഷണം ചോദിച്ചുകൊണ്ട് അവർ ഹൃദയത്തിൽ ദൈവത്തെ പരീക്ഷിച്ചു (സങ്കീർത്തനം 78:11-18).

ദൈവം തന്റെ ഏകജാതനെ തങ്ങളുടെ പാപത്തിനു വേണ്ടി ബലിയർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മനുഷ്യഹൃദയങ്ങളിലുണ്ടാകുന്ന മാറ്റത്തിലൂടെ അവരെ നേടുന്നതാണ് ദൈവത്തിന്റെ പദ്ധതി (യോഹന്നാൻ 12:32). അല്ലാതെ അവർ സാക്ഷ്യം വഹിച്ച കുറച്ചു അടയാളങ്ങളുടെ അടിസ്ഥാനത്തിൽ അവരെ നേടിയെടുക്കാമെന്നതല്ല.

## 3. വചനം മാത്രം മതി

വളരെ വിശദമായി നാം സംസാരിച്ചതുപോലെ, ദൈവത്തിൽ ശക്തമായ ഒരു വിശ്വാസം പടുത്തുയർത്തുന്നതിനു നമുക്കു വേണ്ടത് ദൈവവചനം മാത്രമാണ്. തന്റെ കുടുംബാംഗങ്ങളുടെ ഹൃദയത്തിൽ ഒരു മാറ്റം സൃഷ്ടിക്കാൻ അത്ഭുതത്തിന് എന്തുകൊണ്ടു കഴിയില്ല എന്ന കാര്യം മനസ്സിലാക്കാൻ ബുദ്ധിമുട്ടിയ ധനികനെ അബ്രഹാം പറഞ്ഞുബോധ്യപ്പെടുത്തിക്കൊടുക്കാൻ ശ്രമിച്ചതും ഇക്കാര്യം തന്നെയാണ്. അതേ വചനങ്ങൾ അത്ഭുതങ്ങളെക്കുറിച്ചു പറയുമ്പോൾ എത്രമാത്രം ശ്രേഷ്ട തയോടെയാണ് ഈ ദൗത്യം നിറവേറ്റപ്പെടുക? ബോധ്യമുള്ള ഒരുവനാകാൻ ആഗ്രഹിക്കുന്നയാൾ ചെയ്യേണ്ടത് ഇത്രമാത്രമാണ് - ബൈബിൾ വായിക്കുക. ഇതു നിങ്ങളിൽ മാറ്റം വരുത്തിയില്ലെങ്കിൽ, നിങ്ങൾ സാക്ഷ്യം വഹിക്കുന്ന ഒരു അത്ഭുതവും ഈ കൃത്യം നിങ്ങളിൽ നിറവേറ്റാൻ പോകുന്നില്ല.

## 4. സംശയമുള്ളവർക്കു പോലും അത്ഭുതങ്ങളുടെ ആവശ്യമില്ല.

ഗിദെയോന്റെയും തോമസിന്റെയും പേരൊക്കെ തങ്ങളുടെ വിശ്വാസക്ഷയത്തെ ന്യായീകരി ക്കുവാൻ ഉപയോഗിക്കുന്ന ആളുകൾ ഉണ്ട്. എന്നാൽ ഗിദെയോന്റെ മനോഭാവവും തോമസിന്റെ സംശയവും ദൈവം അംഗീകരിക്കുകയോ മാനിക്കുകയോ ചെയ്തില്ല എന്നകാര്യം വെറുതേയൊന്നു വായിച്ചാൽത്തന്നെ ഏതൊരാൾക്കും മനസ്സിലാകും. തോമസിന്റെ സംശയത്തെ ന്യായീകരിക്കാൻ കഴിയുന്ന ഒരു ഒഴികഴിവും നിരത്താൻ അവനില്ല എന്നതാണ് വാസ്തവം, കാരണം, യേശുപ്രവർത്തിച്ച എണ്ണമറ്റ അത്ഭുതങ്ങൾക്കു സാക്ഷിയാകാൻ അവനു കഴിഞ്ഞിട്ടുണ്ട്. യേശു തന്റെ പുനഃരുത്ഥാനത്തെ ക്കുറിച്ചു പ്രവചിച്ച അനേകം അവസരങ്ങളിൽ തോമസ് സന്നിഹിതനായിരുന്നു. സംശയവാനായ തോമസിനെ യേശു എപ്രകാരമാണ് കൈകാര്യം ചെയ്തത്?

> പിന്നെ തോമാസിനോട്: നിന്റെ വിരൽ ഇങ്ങോട്ടു നീട്ടി എന്റെ കൈകൾ കാണുക; നിന്റെ കൈ നീട്ടി എന്റെ വിലാപ്പുറത്ത് ഇടുക; അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക എന്നു പറഞ്ഞു (യോഹന്നാൻ 20:27).

തോമസിന്റെ ശാസ്ത്രീയ സമീപനത്തെ യേശുവിന് ഇഷ്ടപ്പെട്ടില്ല, അവനു കിട്ടിയത് ഒരു ശാസന യാണ്. തന്റെ സംശയങ്ങളെ കാര്യകാരണസഹിതം സമീപിച്ച് ഒരു തീരുമാനത്തിലെത്താനല്ല യേശു അവനോട് ആവശ്യപ്പെട്ടത്, പകരം അവിശ്വാസത്തെ പ്രതി മാനസാന്തരപ്പെടുവാനാണ്. ഇതിനർത്ഥം

നാം കാര്യകാരണങ്ങളെ കൈവിടണമെന്നാണോ? അല്ല, കാരണം തോമസിന്റെ കാര്യത്തിൽ നിരവധിയായ അടയാളങ്ങൾക്ക് അവൻ സാക്ഷിയാണ്.

ക്രിസ്തീയ പശ്ചാത്തലത്തിൽ നിന്നുമല്ലാത്ത ഒരാളുമായി എന്റെ സുഹൃത്ത് വേദപഠനം നടത്തുകയായിരുന്നു. ആദ്യമൊക്കെ നന്നായി പോയ ആ പഠനം കുറച്ചു കഴിഞ്ഞപ്പോൾ നിശ്ചലമായി. ഈ പഠിതാവ് സാത്താനിൽ വിശ്വസിക്കുന്നില്ല അതിനാൽ പാപം എന്ന ഒന്നു നിലനിൽക്കുന്നില്ല എന്ന ഒരു ഉറച്ച നിലപാടെടുക്കുന്നയാളായിരുന്നു. എന്റെ സുഹൃത്ത് മിഥ്യാബോധത്തിൽ നിന്നും പിന്മാറാനും വചനത്തെ വിശ്വസിക്കുവാനുമായി അയാളെ വെല്ലുവിളിച്ചു. അതൊരു ബുദ്ധിശൂന്യതയാണെന്നാണ് ഞാൻ ആദ്യം വിചാരിച്ചത്. (ഒരു നല്ല പുസ്തകം വായിച്ച് ഇക്കാര്യത്തിൽ കൂടുതൽ ജ്ഞാനം നേടാൻ അവരെ സഹായിക്കുകയായിരുന്നു ചെയ്യേണ്ടിയിരുന്നത് എന്നതായിരുന്നു എന്റെ ചിന്ത. എന്നാൽ മിനിസ്ട്രിയെക്കുറിച്ചുള്ള എന്റെ ധാരണകൾ വ്യത്യസ്തമാകുകയായിരുന്നു അന്നുമുതൽ).കുറച്ചു ദിവസങ്ങൾക്കുള്ളിൽ ആ വനിത സ്നാനം സ്വീകരിച്ചു.

ഇന്നത്തെ അവിശ്വാസി-തോമസുമാരിൽ ചിലർക്കു വേണ്ടതും അത്ഭുതങ്ങളല്ല. മാനസാന്തരപ്പെടാൻ ഉതകുന്ന ഒരു നല്ല ശകാരമാണ്. എന്നാൽ വിശ്വാസഹീനരായ എല്ലാവർക്കും വേണ്ട പരിഹാരമതല്ല, ന്യായമായ ചോദ്യങ്ങളും സഹായവുമാവശ്യമുള്ളവരെ നാം എപ്രകാരം സഹായിക്കും? വചനത്തിലേക്കു നോക്കുന്നതിനുള്ള സഹായമാണ് നാം നൽകേണ്ടത്. വചനമാണ് വിശ്വാസം ജനിപ്പിക്കുന്നത് (റോമക്കാർ 10:17). അത്ഭുതങ്ങളെക്കുറിച്ച് ഈ വേദഭാഗത്ത് പരിശുദ്ധാത്മാവ് ഒന്നും സംസാരിക്കുന്നില്ല.

## 5. കഠിനഹൃദയരായ ആളുകളിൽ അത്ഭുതങ്ങൾ ഒരു മാറ്റവും വരുത്തിയിരുന്നില്ല.

അതിശയകരമായ യുക്തിവാദങ്ങൾ നടത്താൻ പര്യാപ്തമായതാണ് മനുഷ്യമനസ്സ്. ബൈബിളിലെ ഫറവോന്റെയോ (പുറപ്പാട് 7:13) യെരോബോവാമിന്റെയോ (1 രാജാക്കന്മാർ 13:4-6, 33) ഹിറ്റ്ലറുടെ സൈന്യപ്രധാനിയായിരുന്ന നാസി ഗോയെറിങ്ങിന്റെയോ[1] കാര്യത്തിലെന്നതുപോലെയുള്ള ഹൃദയ കാഠിന്യം യേശുവിന്റെ കാലഘട്ടത്തിലുള്ള ആളുകളിലും നമുക്കു കാണാം. ലാസറിനെ യേശു ഉയർപ്പിച്ചതിനു ദൃക്സാക്ഷികളായ പരീശന്മാർ അത്ഭുതത്തെ അംഗീകരിച്ചു എങ്കിലും അവരുടെ ഹൃദയത്തിൽ അതുണ്ടാക്കിയ മാറ്റം യേശുവിനെ ഉന്മൂലനം ചെയ്യാനുള്ള വഴികൾ എപ്രകാരം ത്വരിതപ്പെടുത്താം എന്നതായിരുന്നു:

> മഹാപുരോഹിതന്മാരും പരീശന്മാരും ന്യായാധിപസംഘം വിളിച്ചുകൂട്ടി: നാം എന്താണ് ചെയ്യേണ്ടത്? ഈ മനുഷ്യൻ വളരെയധികം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നുവല്ലോ. അവനെ ഇങ്ങനെ വിട്ടയച്ചാൽ എല്ലാവരും അവനിൽ വിശ്വസിക്കും; റോമാക്കാർ വന്ന് നമ്മുടെ നാടിനേയും ജനതയേയും എടുത്തുകളയും എന്നു പറഞ്ഞു (യോഹന്നാൻ 11:47-48).

ഭാഗ്യവശാൽ എല്ലാ നേതാക്കളും ഇതുപോലല്ലായിരുന്നു. കണ്ട അത്ഭുതങ്ങളെ അംഗീകരിച്ചുകൊടുക്കാനുള്ള പരമാർത്ഥത കൈമുതലായുണ്ടായിരുന്ന നിക്കൊദേമുസിനെപ്പോലുള്ളവരുമുണ്ടായിരുന്നു (യോഹന്നാൻ 3:1, 7:51). എന്നാൽ ഭൂരിഭാഗം യഹൂദരും അവിശ്വാസികളായിത്തന്നെ തുടർന്നു:

> അവർ കാൺകെ അവൻ ഇത്രയധികം അത്ഭുതങ്ങൾ ചെയ്തിട്ടും അവർ അവനിൽ വിശ്വസിച്ചില്ല (യോഹന്നാൻ 12:37).

ഹൃദയകാഠിന്യം സംഭവിച്ചവരിൽ അത്ഭുതങ്ങൾ ഉളവാക്കുന്ന മാറ്റം ഇന്നും ഇതുപോലത്തേതു തന്നെയാണ്.

## 6. നമുക്കു നൽകിയിട്ടുള്ള സ്വതന്ത്രേച്ഛയെ യേശു ഹനിക്കുന്നില്ല.

നാം ഓരോ തെറ്റായ തീരുമാനം എടുക്കാൻ തുടങ്ങുമ്പോഴും ദൈവം പ്രത്യക്ഷപ്പെട്ട് നമ്മെ തിരുത്തി ശരിയായ തീരുമാനമെടുപ്പിക്കുന്നു എന്ന ഒരു അവസ്ഥ നിലനിൽക്കുന്നു എന്നു കരുതുക. വ്യക്തിപരമായ ഉത്തരവാദിത്വബോധവും തീരുമാനമെടുക്കുവാനുള്ള സ്വാതന്ത്ര്യവും എന്നന്നേക്കുമായി നമുക്കു കൈമോശം വരും. തീരുമാനമെടുക്കുവാനുള്ള നമ്മുടെ കഴിവുകളെ ദൈവം മാനിക്കുന്നു, സ്വാർത്ഥതയ്ക്കുവേണ്ടി നാം അതു തെറ്റായി ഉപയോഗിക്കുന്നുണ്ടെങ്കിലും. യേശുവിന്റെ വാക്കുകൾ നോക്കുക:

> അവന്റെ ഇഷ്ടം ചെയ്യുവാൻ ഇച്ഛിക്കുന്നവൻ, ഈ ഉപദേശം ദൈവത്തിൽ നിന്നുള്ളതോ ഞാൻ സ്വയമായി പ്രസ്താവിക്കുന്നതോ എന്ന് അറിയും (യോഹന്നാൻ 7:17).

യേശുവാണു വഴിയും സത്യവും ജീവനും എന്ന കാര്യം മനസ്സിലാക്കിയെടുക്കുന്നതിന് അത്ഭുതാനുഭവങ്ങൾ ഉണ്ടാകണം എന്നൊരു നിബന്ധനയുമില്ല. വിശദീകരിക്കാൻ കഴിയാത്ത രഹസ്യ രീതിയിൽ ദൈവം നിങ്ങൾക്കതു വെളിപ്പെടുത്തുന്നതുമല്ല. സത്യത്തെ അംഗീകരിക്കുന്ന ഒരു തീരുമാനം ഉണ്ടാവുകയെന്നതാണ് അടിസ്ഥാനപരമായി ഉണ്ടാകേണ്ട യോഗ്യത. ക്രിസ്തീയത സത്യമായതാണ്[(2)] എന്നുള്ളകാര്യത്തിൽ തീരുമാനമെടുക്കുന്നതിനുള്ള ശരിയായ വഴിയും അതാണ്.

കേൾവിക്കാരിൽ സത്യം ബലപ്രയോഗത്തിലൂടെ അടിച്ചേൽപ്പിക്കുകയല്ല യേശു പറഞ്ഞ ഉപമകൾ ചെയ്യുന്നത്. അതുപോലെ തന്നെ, വൈകാരികവും നിമിഷനേരത്തേക്കുള്ളതും ആഴത്തിലുള്ള ബോധ്യത്തെ അടിസ്ഥാനപ്പെടുത്താതെയുമുള്ള ഒരു തീരുമാനമെടുപ്പിക്കുകയല്ല അത്ഭുതങ്ങളാൽ നയിക്കപ്പെടാത്ത ഒരു മിനിസ്ട്രി ചെയ്യുന്നത്. (അത്ഭുതങ്ങൾ ഒരു തടസ്സമാണെന്നുള്ള വാദമില്ല, ആളുകൾ പറഞ്ഞു ധരിപ്പിക്കുന്നതുപോലെ അത്രമാത്രം പ്രയോജനം അവകൾ കൊണ്ടില്ല എന്നതാണ് സത്യം).

## 7. കാരണത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു വിശ്വാസമാണ് യേശു നമ്മിൽ പ്രതീക്ഷിക്കുന്നത്

ചിന്തിച്ചുനോക്കാനായി യേശു ജനങ്ങളോട് അനേകം തവണ ആവർത്തിച്ചു ഉദ്ബോധിപ്പിക്കുന്നതു കാണാം (ലൂക്കാ 20:17, 27–40, 41–44). ആളുകളെ ചിന്തിക്കാനായി നാമും പ്രബോധിപ്പിക്കേണ്ടതുണ്ട്. അടയാളങ്ങൾക്കു വേണ്ടിയുള്ള ഓരോ അഭ്യർത്ഥനയും യേശു കൈക്കൊണ്ടിരുന്നെങ്കിൽ അതു നൽകുമായിരുന്ന സൂചനയെന്തായിരിക്കും? ഓരോ സാഹചര്യത്തിലും ഒരു അടയാളം തേടുന്നതരത്തിലുള്ള മനോഭാവത്തിലേക്ക് ആളുകളെ എത്തിക്കും. സ്വന്തമായി ചിന്തിച്ചു തീരുമാനത്തിലെത്തുന്നതിനു പകരം ഓരോന്നിനും ഉത്തരത്തിനുവേണ്ടി നോക്കിയിരിക്കുന്ന അവസ്ഥയിലേക്ക്. അതുവഴിയുള്ള സ്തുതിയും കുറ്റപ്പെടുത്തലും ദൈവത്തിനും. കരിസ്മാറ്റിക്കുകാരുടെ ഈ രീതി വളരെ ആത്മീയമായ ഒന്നാണെന്ന് പ്രത്യക്ഷത്തിൽ തോന്നും. വ്യക്തിപരമായ ബൈബിൾ പഠനത്തിന്റെ അന്ത്യമാണിത്, കാരണം ദൈവം നേരിട്ടു സംസാരിക്കുകയാണെങ്കിൽ പിന്നെ വചനം പഠിക്കാനായി മണിക്കൂറുകൾ ചിലവഴിക്കേണ്ടതുണ്ടോ? ക്രിസ്തുമതത്തിന്റെകൂടി അന്ത്യമാകുമത്.

## അവസാനമായി..

അത്ഭുതങ്ങൾ തേടുന്ന മനോഭാവത്തെ യേശു നിരുത്സാഹപ്പെടുത്തുന്നതിനാൽ നമുക്കും അപ്രകാരം ചെയ്യാം. ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത തരുന്ന ഒരു വേദഭാഗമിതാണ്:

> ജനസമൂഹം തിങ്ങിക്കൂടിയപ്പോൾ അവൻ പറഞ്ഞുതുടങ്ങിയത്: ഈ തലമുറ ദോഷമുള്ള തലമുറയാകുന്നു; അത് അടയാളം അന്വേഷിക്കുന്നു; യോനായുടെ അടയാളമല്ലാതെ അതിനു മറ്റൊരു അടയാളവും ലഭിക്കുകയില്ല. യോനാ നിനവേക്കാർക്ക് അടയാളമായതുപോലെ മനുഷ്യപുത്രൻ ഈ തലമുറയ്ക്കും അടയാളമായിരിക്കും. തെക്കേരാജ്ഞി ന്യായവിധിയിൽ ഈ തലമുറയിലെ മനുഷ്യരോടൊപ്പം ഒന്നിച്ച് ഉയിർത്തെഴുന്നേറ്റ് അവരെ കുറ്റം വിധിക്കും; അവൾ ശലോമോന്റെ ജ്ഞാനം കേൾക്കുവാൻ ഭൂമിയുടെ അറ്റങ്ങളിൽനിന്നു വന്നുവല്ലോ. ഇവിടെ ഇതാ, ശലോമോനെക്കാൾ വലിയവൻ. നിനവേക്കാർ ന്യായവിധിയിൽ ഈ തലമുറയോടൊന്നിച്ച് എഴുന്നേറ്റ് അതിനെ കുറ്റം വിധിക്കും; അവർ യോനായുടെ പ്രസംഗം കേട്ടു മാനസാന്തരപ്പെട്ടുവല്ലോ. ഇതാ ഇവിടെ, യോനായേക്കാൾ വലിയവൻ (ലൂക്കോസ് 11:29-32).

നിനവേക്കാർ മാനസാന്തരപ്പെട്ടത് യോനാ അവരോടു ദൈവവചനം പ്രസംഗിച്ചതിനാലാണ്. അത്ഭുതകരമായ ഒരു അടയാളത്തിന്റെയും ആവശ്യം അവർക്കുണ്ടായിരുന്നില്ല. ഒരു അടയാളം എത്രമാത്രം അവരെ സഹായിക്കുമായിരുന്നു എന്നു നമുക്കു തോന്നുമെങ്കിലും. യോനാ ഒരു വിദേശിയായിരുന്നു, അവൻ ഒറ്റയ്ക്കായിരുന്നു – സംഘബലമൊന്നുമില്ലായിരുന്നു, യോനായെക്കുറിച്ച് നിനവേക്കാർ മുമ്പു കേട്ടിട്ടുപോലുമില്ലായിരുന്നു, യോനായുടെ മതമാകട്ടെ അവർക്ക് അപരിചിതമായ ഒന്നുമായിരുന്നു. യോനാ അത്ഭുതങ്ങൾ ഒന്നും ചെയ്തില്ല, എങ്കിലും മുഴുവൻ പട്ടണവും മാനസാന്തരപ്പെട്ടു (യോനാ 3:5).

അതിനും ഒരു നൂറ്റാണ്ടിനു മുമ്പ് തെക്കുദേശത്തെ രാജ്ഞി (1 രാജാക്കന്മാർ 10:1–13) ശലമോൻ രാജാവിന്റെ വാക്കുകളെ കൈക്കൊണ്ടു, അദ്ദേഹം അത്ഭുതങ്ങളൊന്നും ചെയ്തില്ലായിരുന്നിട്ടും. ശലമോന്റെ ജ്ഞാനം കണ്ട രാജ്ഞി ഇസ്രായേലിന്റെ ദൈവത്തെ സ്തുതിക്കുകയാണുണ്ടായത് (1 രാജാക്കന്മാർ 10:9).

ഈ രണ്ടു സാഹചര്യത്തിലും മാറ്റം ഉണ്ടാക്കിയതും ബോധ്യപ്പെടുത്തിയതും അത്ഭുതങ്ങളാലല്ല. നിനവേ നിവാസികളോ, ഷേബായിലെ രാജ്ഞിയോ അത്ഭുതങ്ങൾ കണ്ടില്ല - എങ്കിലും ഇരുകൂട്ടരും ദൈവവചനത്താൽ ചലിപ്പിക്കപ്പെട്ടു. ഈ അന്യദേശക്കാരുടെ വിശ്വാസത്തിനുമുന്നിൽ യേശുവിന്റെ തലമുറക്കാർക്കു നിരത്താൻ കഴിയുന്ന ഒഴികഴിവുകൾ എന്തൊക്കെയാണ്?

യോനായുടെ അടയാളം? ഏറ്റവും അടിസ്ഥാനമായ അത്ഭുതമാണ് യേശുവിന്റെ പുനഃരുത്ഥാനം[3] (1 കൊരിന്ത്യർ 15:12-19). ഓരോ അവിശ്വാസിയും ദൈവത്തെ കണ്ടെത്താനൊരുമ്പെടുമ്പോൾ ദൈവം ഈ പുനഃരുത്ഥാനം വീണ്ടും വീണ്ടും ആവർത്തിക്കുന്നുണ്ടോ - യേശു മരിച്ചുയർക്കുന്നുണ്ടോ? ഇല്ല, എല്ലക്കാര്യങ്ങളിലുമെന്നപോലെ ഇവിടെയും പുനഃരുത്ഥാനത്തെക്കുറിച്ച് ഓരോ സത്യാന്വേഷിയും ദൈവവചനത്തിൽ നിന്നും വായിച്ചു ബോധ്യം വരുത്തേണ്ടതാണ്. രണ്ടായിരം വർഷം മുമ്പായാലും ഇന്നായാലും യേശുവിൽ പരിപൂർണ്ണവിശ്വാസമർപ്പിക്കാൻ അവന്റെ പുനഃരുത്ഥാനം മതിയായ തെളിവാണ് - കൂടുതലുമല്ല, കുറവുമല്ല.

യേശു തന്റെ തലമുറയിലുണ്ടായിരുന്ന അടയാളമന്വേഷകരോടു കൽപ്പിച്ച അതേ വാക്കുകൾ തന്നെയാണ് അതിന്റെ പരിപൂർണ്ണ ഭാവത്തോടും ഉദ്ദേശ്യത്തോടും കൂടെ ഇന്നത്തെ തലമുറയ്ക്കും നൽകപ്പെട്ടിട്ടുള്ളത്: ഒരു അടയാളവും നൽകപ്പെടുകയില്ല.

കുറിപ്പുകൾ:

1. ഗോയെറിങ്ങിന്റെ വാക്കുകൾ പേടിസ്വപ്നസമാനമാണ്: എനിക്കു സ്വന്തമായി ഒരു മനസ്സാക്ഷി ഇല്ല, എന്റെ മനസ്സാക്ഷിയുടെ പേര് ഹിറ്റ്ലർ എന്നാണ്. നീതി നടപ്പാക്കലാണ് എന്റെ ജോലി, കൊല്ലലും നശിപ്പിക്കലുമാണ് എന്റെ ജോലി, മറ്റൊന്നുമല്ല.
2. തള്ളാനോ കൊള്ളാനോ കഴിയാത്ത (സ്വീകരിച്ചേ മതിയാകൂ എന്ന) ഒരു സാഹചര്യമാണ് ഇത് എന്ന് ഈ പറഞ്ഞതിനർത്ഥമില്ല. അന്ധമായ ഒരു വിശ്വാസമല്ല യേശു ആവശ്യപ്പെടുന്നത് എന്ന കാര്യം വ്യക്തമാണ്. കാര്യകാരണങ്ങളെ അടിസ്ഥാനപ്പെടുത്തിത്തന്നെയാണ് ഒരുവൻ വിശ്വാസത്തിലേക്കു വരേണ്ടത്. യേശുവിനെ അറിയാത്തവരോട് ഞാൻ കൊടുക്കുന്ന വെല്ലുവിളി, അവർ എങ്ങനെയായാലും വിശ്വസിച്ചേ മതിയാകൂ എന്നതല്ല, പകരം, സത്യമായതെന്ത് എന്നത് അറിഞ്ഞ് സ്വീകരിക്കുകയെന്നതാണ്, ആ തീരുമാനത്തിന്റെ അനന്തരഫലമെന്തായാലും.
3. എറ്റവും വലിയ അത്ഭുതം യേശുവിന്റെ പുനരുത്ഥാനമാണ് എന്ന് സി എസ് ലൂയിസ് പറഞ്ഞത് ഞാൻ പിന്തുണയ്ക്കുന്നു.

**അദ്ധ്യായം 22**

# മാലാഖമാരുടെയും മനുഷ്യരുടെയും

## ഭാഷകളെക്കുറിച്ചുള്ള ചോദ്യങ്ങൾ

അത്ഭുതങ്ങളുടെ ചരിത്രപരമായ ലക്ഷ്യങ്ങൾ നിറവേറ്റിക്കഴിഞ്ഞതിനാൽ ഇനിയവയ്ക്കു പ്രസക്തിയില്ല എന്നകാര്യം 17, 18, 20 അദ്ധ്യായങ്ങളിൽ നാം പറഞ്ഞുകഴിഞ്ഞതാണ്. ഇന്നത്തെക്കാലത്തും ചിലയാളുകൾ തങ്ങൾക്കുണ്ടായ അനുഭവങ്ങൾ യഥാർത്ഥമായതാണെന്നു സമർത്ഥിച്ചുകൊണ്ട് അത്തരം അനുഭവങ്ങളുടെ വെളിച്ചത്തിൽ തങ്ങളുടെ വാദഗതികൾ മുന്നോട്ടു വയ്ക്കുന്നുണ്ട്. കരിസ്മാറ്റിക്കുകാർ പൊതുവായി അവകാശപ്പെടുന്ന ഒരു അത്ഭുതമാണ് അന്യഭാഷ. അടുത്ത രണ്ടു അദ്ധ്യായങ്ങളിലൂടെ നാം ഇക്കാര്യം വിശദമായി നോക്കാൻ പോകുന്നു. അന്യഭാഷയെക്കുറിച്ചുള്ള പത്തു അടിസ്ഥാന ചോദ്യങ്ങൾക്കുള്ള മറുപടിയാണ് ഈ അദ്ധ്യായത്തിൽ പരിശോധിക്കുന്നത്. അടുത്ത അദ്ധ്യായത്തിലാകട്ടെ 1 കൊരിന്ത്യർ 12-14 അദ്ധ്യായങ്ങളെക്കുറിച്ചുള്ള വിശദമായ പഠനവും.

### ജല്പനങ്ങൾ

എനിക്ക് എട്ടു വയസ്സുള്ളപ്പോൾ ഞങ്ങളുടെ ക്ലാസ്സിലേക്ക് ജർമ്മനിയിൽ നിന്നുമുള്ള അലക്സാണ്ടർ സ്കൂൾമാറിവന്നു. ഒരേ സ്ഥലത്താണ് ഞങ്ങൾ താമസിച്ചിരുന്നത്, ഞങ്ങൾ ഒരുമിച്ചു കളിക്കുകയും ചെയ്യുമായിരുന്നു. വിദേഷഭാഷയിൽ യാതൊരു അറിവും ഇല്ലാതിരുന്ന ഞാൻ അലക്സ് പറയുന്നവാക്കുകൾ അതേപടി ഉച്ചരിക്കാൻ ശ്രമിച്ചു. അലക്സും ഞാനും ഇതുപോലെ സത്യമെന്നു തോന്നിക്കുന്ന തരത്തിലുള്ള ജല്പനങ്ങളാൽ പരസ്പരം സംസാരിക്കുകയും ആർത്തു ചിരിക്കുകയും ചെയ്യുമായിരുന്നു - ഞങ്ങളുടെ കൂട്ടുകാരെ പറ്റിക്കാനായി. ആദ്യമായി അന്യഭാഷസംസാരിക്കുന്നതു കണ്ടപ്പോൾ എനിക്കോർമ്മവന്നത് അലക്സുമായുള്ള സംസാരങ്ങളാണ്. പള്ളിയിലുള്ളവർ നിരന്തരം സമ്മർദ്ധം ചെലുത്തുമായിരുന്നുവെങ്കിലും മൂന്നാം ക്ലാസ്സുകാരന്റെ കുസൃതി മനസ്സിലുണ്ടായിരുന്നതുകൊണ്ടാകാം എനിക്ക് അവരെപ്പോലെ ജല്പിക്കാൻ കഴിഞ്ഞിരുന്നില്ല. അവർ ചെയ്യുന്നതു ചെയ്യാൻ എനിക്കു കഴിയുമായിരുന്നു, ഇപ്പോഴും കഴിയും, എങ്കിലും ഞങ്ങളുടെ പ്രാർത്ഥനായോഗങ്ങളിൽ കേട്ടിരുന്നത് എന്നെ സംബന്ധിച്ച് ഒരു കുട്ടിക്കളിപോലെ തോന്നുന്ന ഒന്നായിരുന്നു. ജല്പനങ്ങളെ യേശു ശാസിക്കുന്നത് എനിക്ക് ഓർമ്മവരുന്നു (മത്തായി 6:7).

### 1. ഗ്ലോസോലാലിയ എന്നാൽ എന്താണ്?

അന്യഭാഷാസംസാരത്തിന്റ സാങ്കേതികപദമാണിത്.(2) ബൈബിളിൽ കാണുന്ന യഥാർത്ഥമായ അന്യഭാഷാസംസാരം മുതൽ മാനസികമായ പ്രതിഭാസങ്ങൾ വരെ ഈ വാക്കുപയോഗിച്ച് വ്യക്തമാക്കാറുണ്ട്. എന്നാൽ നാമിവിടെ ഉപയോഗിക്കുന്നത് അതിന്റെ ലളിതമായ അർത്ഥതലമാണ്.

അന്യഭാഷസംസാരിക്കുമ്പോൾ അതു വിവേചിച്ചുതരേണ്ടതിന്റെ ആവശ്യമുണ്ട്, എന്നാലേ കേൾവിക്കാർക്ക് അതുകൊണ്ടു പ്രയോജനമുള്ളൂ. അന്യഭാഷസംസാരിച്ചതു റെക്കോർഡ് ചെയ്ത് പലരെക്കൊണ്ട് വിവർത്തനം ചെയ്തപ്പോൾ പുറത്തുവന്നത് പല അർത്ഥങ്ങളാണ്, വിവർത്തകനെ ആശ്രയിച്ചിരിക്കുമത്. അന്യഭാഷയിലുള്ള ഒരു സന്ദേശം ഞാൻ ഒരിക്കൽ കേൾക്കുകയുണ്ടായി, കൂടെ അതുവിവേചിക്കുന്നതും. സന്ദേശത്തേക്കാൾ വളരെനീണ്ട വിവർത്തനങ്ങളാണ് അവർ നൽകിക്കൊണ്ടിരുന്നത്. ഇക്കാര്യം ഞാൻ ചൂണ്ടിക്കാണിച്ചപ്പോൾ, അവർ കൂടുതൽ സ്വാതന്ത്ര്യം എടുത്താണ് വിവേചിച്ചുകൊണ്ടിരുന്നത് എന്ന് വിവർത്തനം ചെയ്തവർ തന്നെ സമ്മതിച്ചു. അന്യഭാഷ വിവേചിച്ചുനൽകാനുള്ള വരം എനിക്കുണ്ടെന്ന് അവർ ഒരു പക്ഷേ വിചാരിച്ചുകാണും.

### 2. അന്യഭാഷാസംസാരം മാനസീകമായ ഒരു കാര്യമാണോ?

ഇന്നു കാണുന്ന അന്യഭാഷാസംസാരം ശുദ്ധമായും മാനസികമായ ഒരു കാര്യമാണെന്നാണ് എനിക്കു ബോധ്യമായിട്ടുള്ളത്. തങ്ങളുടെ പ്രശ്നങ്ങൾ തുറന്നു പറഞ്ഞ് അവയ്ക്കൊരു പരിഹാരം കാണാതെ അവയെ അടച്ചുമൂടി വയ്ക്കുന്ന തരം ആളുകളിലാണ് ഇതു സാധാരണമായുള്ളത്.(2) പാപം കൊണ്ടോ, പ്രാർത്ഥനയില്ലായ്മകൊണ്ടോ, വിശ്വാസം പങ്കുവയ്ക്കാതിരിക്കുന്നതുകൊണ്ടോ, വ്യക്തികളുമായുള്ള ആശയവൈരുദ്ധ്യങ്ങൾകൊണ്ടോ ഒക്കെയുണ്ടാകുന്ന അന്തർ സംഘർഷങ്ങളെ നേരെയാക്കാൻ സാധിക്കാത്ത ആളുകളാണ് ഇക്കാര്യത്തിൽ കൂടുതൽ വശംവദരാകുന്നത്. എന്നാൽ ഇക്കൂട്ടത്തിൽപ്പെടാത്തവരും ഈ അനുഭവത്തിലൂടെ കടന്നുപോയിട്ടുണ്ട്.

പലസഭായോഗങ്ങളിലും അവർ സംസാരിക്കുമ്പോൾത്തന്നെ പരിശോധനയ്ക്കുവിധേയമാക്കിയപ്പോഴും, അതു റെക്കോർഡ് ചെയ്ത് പിന്നീട് പഠനവിധേയമാക്കിയപ്പോഴും ഭാഷാപരമായി അവ നിരർത്ഥകമായവയാണെന്ന് ആവർത്തിച്ചു തെളിയിക്കപ്പെട്ട ഒന്നാണ്. സംസാരിച്ചയാളുടെ ശൈശവജൽപ്പനങ്ങളുമായി, അയാളുടെയോ അല്ലെങ്കിൽ അയാളുടെ സമൂഹത്തിന്റെയോ ഭാഷയുടെ സ്വരഭേദങ്ങളും ആഖ്യാനശൈലികളുമായി വലിയ സാമ്യങ്ങൾ ഉണ്ടെന്നാണ് പഠനത്തിലൂടെ സ്ഥിരീകരിക്കപ്പെടുന്ന വാസ്തവങ്ങൾ. ചൈനയിൽ നിന്നുള്ള ഒരു അന്യഭാഷാസംസാരകന്റെ ഭാഷയും ജർമ്മനിയിൽനിന്നുള്ള അന്യഭാഷയുമായി വലിയ വ്യത്യാസങ്ങളുണ്ടായിരിക്കും എന്ന് അർത്ഥം!

മറ്റൊരു വിദേശഭാഷയിൽ നിന്നുമുള്ള ഒരു വാക്യമോ പ്രയോഗമോ ഒക്കെ ഈ അന്യഭാഷാസംസാരത്തിനിടയിൽ നാം കേൾക്കുന്ന കാര്യങ്ങളാണ്. ആകസ്മികമായി ഇതു സംഭവിക്കുന്നതാകാം, അല്ലെങ്കിൽ ക്രിപ്റ്റോമ്നേഷ്യ എന്ന ഒരു പ്രതിഭാസത്തിലൂടെ സംഭവിക്കുന്നതാകാം. തന്റെ കഴിഞ്ഞകാല ജീവിതത്തിലെവിടെയോ കേട്ടുമറന്ന ഒരു വാക്യമോ പ്രയോഗമോ ഓർമ്മിച്ചെടുക്കുന്നതാണ് ക്രിപ്റ്റോമ്നേഷ്യയെന്നത്. ഇക്കാര്യങ്ങൾ തെളിയിക്കപ്പെട്ടിട്ടുള്ള വസ്തുതകളാണ്.

ശരിയായ അന്യഭാഷയിൽ, മറ്റൊരു വിദേഷ ഭാഷയിൽ സംസാരിക്കുന്നവർ എന്നു പരിപൂർണ്ണമായി വിശ്വസിച്ചിരുന്നവരുടെ അന്യഭാഷാസംസാരം ഭാഷാവിദഗ്ദർ പരിശോധിച്ചപ്പോഴും പുറത്തുവന്ന ഫലങ്ങൾ കാണിച്ചതും ഇതുതന്നെയാണ്. ആത്മീയമായതും മനഃശാസ്ത്രപരമായതുമായ പുസ്തകക്കൂമ്പാരങ്ങൾ പഠിച്ച് ഈ വിഷയത്തെക്കുറിച്ച് ഞാൻ സ്വന്തമായി നടത്തിയ പഠനത്തിലൂടെ മനസ്സിലാക്കിയതും ഇതാണ്. ഞാൻ വായിച്ച ഒരു ലേഖനത്തിൽ നിന്നുള്ള ചില നിഗമനങ്ങൾ:

- അന്യഭാഷാസംസാരമെന്നരീതിയിൽ ആളുകൾ പറയുന്നത് മറ്റൊരു ഭാഷയല്ല.
- നേടിയെടുത്ത ഒരു ശീലമാണിത്, പരിശീലനത്തിലൂടെ പയറ്റിത്തെളിഞ്ഞത്.
- കപടമായി ഇതിനെ അനുകരിക്കാനും സാധിക്കും. ശരിയായ വിധത്തിൽ ആത്മാവിന്റെ ഫലമായി സംസാരിക്കുന്ന അന്യഭാഷയുമായി വിവേചിച്ചറിയാൻ ഇക്കൂട്ടർക്കു സാധിക്കുകയേയില്ല.
- ശൈശവ ജല്പനങ്ങളോട് ഇവയ്ക്ക് വലിയ സാമ്യമുണ്ട്.[3]

ഈ വിഷയത്തെക്കുറിച്ചു കൂടുതൽ പഠിക്കണമെന്നുള്ളവർക്കു വായിച്ചുതീർക്കാൻ പറ്റാത്തവിധത്തിലുള്ള അത്രയും പുസ്തകങ്ങൾ ഏതെങ്കിലുമൊരു യൂണിവേഴ്സിറ്റിയുടെ ഗ്രന്ഥശാലയിൽ നിന്നും ലഭ്യമാക്കാവുന്നതാണ്.

### 3. അന്യഭാഷാസംസാരം ക്രിസ്തീയതയിൽ മാത്രം കണ്ടുവരുന്ന ഒരു പ്രതിഭാസമാണോ?

അല്ല. ലോകമാസകലമുള്ള മതങ്ങളിലെല്ലാം കണ്ടുവരുന്ന ഒരു പ്രതിഭാസമാണിത്. പുതിയനിയമകാലഘട്ടത്തിൽ കണ്ടുവരുന്ന അന്യഭാഷാസംസാരരീതികളെക്കുറിച്ചു കൂടുതൽ മനസ്സിലാക്കുന്നതിന് മെഡിറ്ററേനിയൻ ദേശത്തെ പലവിധമായ ഗ്രീക്കു മതങ്ങളിൽ ആ നൂറ്റാണ്ടിൽ കാണപ്പെട്ടുവന്ന അന്യഭാഷാസംസാരത്തെ നോക്കുവാൻ സാധിക്കും. പത്തൊൻപതാം അദ്ധ്യായത്തിൽ ഇതേക്കുറിച്ചു കൂടുതൽ വിശദമായി കൊടുത്തിട്ടുണ്ട്.

### 4. ബൈബിളിലെ അന്യഭാഷയെന്താണ്?

ഗ്രീക്കുപദമായ ഗ്ലോസ്സാ എന്ന വാക്കിന് ഭാഷയെന്നാണ് അർത്ഥം. മറ്റൊരുതരത്തിലുള്ള നിഗൂഢാർത്ഥങ്ങളും ഈ പദത്തിനില്ല. എന്നാൽ ഇംഗ്ലീഷിലേക്കു തർജ്ജമചെയ്തപ്പോൾ ഈ വാക്കിലേക്ക് ആശയക്കുഴപ്പവും കടന്നുകൂടി. കിംങ്ങ് ജെയിംസ് പതിപ്പിന്റെ (കെ ജെ വി)[4] തർജ്ജമക്കാർ ഭാഷയെന്ന വാക്കിനുമുന്നിൽ അന്യ എന്ന വാക്കുകൂടി കൂട്ടിച്ചേർത്തു (1 കൊരിന്ത്യർ 14:2, 4, 13, 14, 19, 27 വാക്യങ്ങളിൽ). ഒന്നാം തരം ഗ്രീക്കു വേദഭാഗങ്ങളിൽ അന്യ എന്ന ഈ വാക്കില്ല. പരിഭാഷക്കാർ സഹായിക്കാനായി കൂട്ടിച്ചേർത്തതാണ് ഈ വാക്കെങ്കിലും, പിന്നീട് കരിസ്മാറ്റിക് പ്രസ്ഥാനക്കാർ ഈ വാക്കിനെ കൂട്ടുപിടിച്ച് ഭാഷയെ മറുലോകത്തിലെ ഭാഷയാക്കിമാറ്റി.

അഞ്ചുനൂറ്റാണ്ടുകാലത്തിനുമുമ്പ് എഴുതിയ ഒരു പുസ്തകം ഇപ്പോഴത്തെ തലമുറയിൽ സാധാരണരീതിയിൽ വലിയ സ്വാധീനം ചെലുത്തുന്ന ഒന്നല്ല, എന്നിരുന്നാലും കിംങ്ങ് ജെയിംസ് ബൈബിളിന്റെ പ്രശസ്തി അന്യഭാഷയെപ്പറ്റിയുള്ള വിവാദം ഒരു തുടർസംഭവമാക്കി നിലനിറുത്തി.[5] ഇതിന്റെ ചുവടുപിടിച്ച്, പിന്നീടുവന്ന പല സ്വതന്ത്ര വിവർത്തനങ്ങളും ഈ രീതി പിന്തുടർന്നു.[6]

ഭാഷയെന്നാണ് മൂലപദത്തിന്റെ അർത്ഥമെങ്കിലും, പിന്നീട് നാവ് എന്ന രീതിയിൽ ഉപയോഗിച്ചതെന്താണ്? ഭാഷസംസാരിക്കാൻ ഉപയോഗിക്കുന്ന അവയവമാണ് നാവ് എന്നതിലാകാം. (ഗ്ലോസ്സാ എന്ന പദത്തിന് നാവ് എന്നും അർത്ഥമുണ്ട്). തർജ്ജമചെയ്യുന്നവർ സാധാരണയായി മുറുകെപ്പിടി

ക്കുന്ന ഒരു തത്വമെന്തെന്നാൽ - മൂലഭാഷയിലെ ഒരു സാധാരണ പദത്തെ പ്രതിനിധീകരിക്കുവാൻ തർജ്ജമചെയ്യപ്പെടുന്ന ഭാഷയിലെ ഒരു സാധാരണ പദവും, മൂലഭാഷയിലെ ഒരു അസാധാരണ പദം പ്രതിനിധീരിക്കുവാനായി തർജ്ജമചെയ്യപ്പെടുന്ന ഭാഷയിലെ ഒരു അസാധാരണ പദവുമുപയോഗിക്കുക എന്നതാണ്. തർജ്ജമ പുതുക്കമുള്ളതും മനസ്സിലാകുന്നതും പ്രസക്തമാകുന്നതും അപ്പോഴാണ്. ആദിമനൂറ്റാണ്ടിലെ ഒരു സാധാരണ പദമാണ് ഗ്ലോസ്സാ എന്നത്, ഇക്കാലഘട്ടത്തിൽ അതിനനുരൂപമായ വാക്ക് ഭാഷയെന്നു തന്നെയാണ് നാവ് എന്ന പദമല്ല. തങ്ങളുടെ താത്പര്യങ്ങൾക്കു മങ്ങലേല്ക്കുമെന്നു ഭയപ്പെടുന്ന വിഭാഗീയ ചിന്തക്കാർ ഒരു പദാനുപദ പൊരുത്തം വരുത്തുന്നതിനു സമ്മതിക്കുകയുമില്ല.

വചനങ്ങൾ നാം പരിശോധിക്കുമ്പോൾ, ഗ്ലോസ്സായെന്ന വാക്കിന് മനുഷ്യരുപയോഗിക്കുന്ന ഭാഷയെന്ന ഒരേയൊരു അർത്ഥമേ കാണുന്നുള്ളൂ. പെന്തക്കോസ്തുനാളിൽ സംസാരിക്കപ്പെട്ട ഭാഷകളെല്ലാം നിലവിലുണ്ടായിരുന്ന ഭാഷകളായിരുന്നു: ലത്തീൻ, അറബിക്, ക്രേത്യ, പാർത്ഥിയൻ മുതലായവ (അപ്പ 2:6-11). ഗ്ലോസ്സാ എന്ന വാക്കും ഡയലക്ടോസ് എന്നവാക്കും ഇടകലർത്തിയുള്ള ഉപയോഗവും നമുക്കു കാണാം (അപ്പ 2:6). ഒരു ഭാഷയുടെ ദേശാന്തരത്തെയാണ് ഡയലക്ടോസ്(7) എന്ന വാക്കു പ്രതിനിധീകരിക്കുന്നത്. ഇവിടെയും എന്തെങ്കിലും ഒരു അസാധാരണത്വമോ നിഗൂഢമോ ആയ ഒരു അർത്ഥം ആ വാക്കിനില്ല. സ്നാപനത്തെക്കുറിച്ച് ലൂക്കോസ് രണ്ടാം അദ്ധ്യായത്തിൽ സംസാരിക്കുന്നു, ആരെങ്കിലും ക്രിസ്ത്യാനിയായി പരിവർത്തനം ചെയ്യുമ്പോൾ അപ്പ 2:38 പ്രകാരമാണ് അതു ചെയ്യുന്നത്. അതുപോലെതന്നെയാണ് ഭാഷയെക്കുറിച്ച് പൗലോസ് രണ്ടാം അദ്ധ്യായത്തിൽ സംസാരിക്കുന്നതും. പിന്നീടുവരുന്ന അദ്ധ്യായങ്ങളിൽ ആ വാക്കിനൊരു മാറ്റമുണ്ടായി എന്നു കരുതാനുള്ള യാതൊരു സാഹചര്യവുമില്ല. അപ്പസ്തോലപ്രവർത്തികളിൽ കാണുന്ന ഗ്ലോസ്സാ എന്ന വാക്കിനും പുതിയ നിയമത്തിൽ പിന്നീടുള്ള അദ്ധ്യായങ്ങളിൽ കാണുന്ന ഗ്ലോസ്സാ എന്ന വാക്കിനും തമ്മിൽ അർത്ഥാന്തരമുണ്ടെന്നു കരുതാനും നിർവ്വാഹമില്ല - വേറേയൊരു ഭാഷതന്നെയാണത്. നാവുകൾ എന്നത് ഭാഷകൾതന്നെയാണെന്ന കാര്യം പൗലോസ് കൊരിന്ത്യരെ ഓർമ്മിപ്പിക്കുന്നു:

> ലോകത്തിൽ വിവിധഭാഷകൾ ഉണ്ട്; അവയിൽ ഒന്നുപോലും അർത്ഥമില്ലാത്തതല്ല. ഞാൻ ഭാഷ അറിയാതിരുന്നാൽ സംസാരിക്കുന്നവന് ഞാൻ അപരിചിതൻ ആയിരിക്കും; സംസാരിക്കുന്നവൻ എനിക്കും അപരിചിതൻ ആയിരിക്കും (1 കൊരിന്ത്യർ 14:10-11).

പൗലോസ് ഇവിടെ സംസാരിക്കുന്നത് നിലവിലുള്ള ഇതരരാഷ്ട്രഭാഷകളെക്കുറിച്ചാണ്. ഒരു ഭാഷ അറിയാത്ത ഒരുവനെ സംബന്ധിച്ച് അതൊരു വിദേശഭാഷയാണ്. മംഗോളിയൻ ഭാഷ അറിയാത്ത നമ്മെ സംബന്ധിച്ച് അതൊരു വിദേശഭാഷയാണ്, എന്നാൽ ഒരു മംഗോളിയനെ സംബന്ധിച്ച് അതു സ്വന്തം ഭാഷയാണ്.

ഈ ഭാഷകൾ സംസാരിക്കാനുള്ള വരം അത്ഭുതകരമായി സിദ്ധിക്കപ്പെട്ടതാണ്. അന്യഭാഷ സംസാരിക്കുന്നയാൾ ആ ഭാഷ പഠിച്ചിട്ടല്ല അതു സംസാരിക്കുന്നത്. ഒരുവൻ അതു വ്യാഖ്യാനിച്ചു തരുമ്പോഴാണ് നമ്മെ സംബന്ധിച്ച് അതു ബുദ്ധിക്കുനിരക്കുന്നതാകുന്നത്, മറ്റേതൊരു ഭാഷയെയും പോലെ. ഒരു വ്യാഖ്യാതാവിന്റെ സഹായത്താൽ സ്വൈഹീലിയോ കൊറിയനോ ഐസ് ലാന്റുകാരുടെ ഭാഷയോ എന്തുവേണമെങ്കിലും നമുക്കു മനസ്സിലാക്കിയെടുക്കാം!

## 5. ദൂതന്മാരുടെ ഭാഷയെക്കുറിച്ച്

ഭൗതികശരീരത്തോടുകൂടിയല്ലാത്ത ദുതന്മാർ പരസ്പരം ആശയവിനിമയം ചെയ്യുന്നത് ഭാഷയുടെ സഹായത്തോടെയാണെങ്കിൽ, അതു മനുഷ്യരുടേതുപോലുള്ള ശബ്ദവും ശബ്ദവീചികളും കൊണ്ടുണ്ടാക്കിയ ഒരു ഭാഷയാവില്ല എന്നു മനസ്സിലാക്കാൻ വലിയ പഠിപ്പിന്റെയും ജ്ഞാനത്തിന്റെയുമൊന്നും ആവശ്യമില്ല. ദൈവം ഏതുഭാഷയാണുപയോഗിക്കുന്നത് എന്നു വരെ ചോദിക്കാൻ ആളുകൾ മുതിർന്നേക്കാം. സ്വർഗ്ഗത്തിൽ സംസാരിക്കുന്ന ഒരു ഭാഷനിലവിലുണ്ട് എന്ന തോന്നൽ ശക്തമായുള്ള ആളുകളും കാണും. മതതീക്ഷ്ണതയുള്ള ചില മുസ്ലിങ്ങളോടു ഞാൻ സംസാരിച്ചതോർക്കുന്നു. ദൈവത്തിന്റെ മാതൃഭാഷ അറബിയാണെന്ന് അവർ ഖുറാൻ അധിഷ്ടിതമാക്കി വിശ്വസിക്കുന്നു. മനുഷ്യരുടെ രീതിയിലുള്ള ഒരു ഭാഷ ദൂതന്മാർ സംസാരിക്കുന്നു എന്ന തോന്നലുളവാക്കുന്ന ഒരേ ഒരു വചനമേ എനിക്കോർമ്മയുള്ളു:

> ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്ക് സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങലയോ ചിലമ്പുന്ന കൈത്താളമോ അത്രേ (1 കൊരിന്ത്യർ 13:1).

ദൂതന്മാരുടെ ഭാഷയിൽ ഞാൻ സംസാരിച്ചാലും എന്നാണ് ഇവിടെ എഴുതിയിരിക്കുന്നത്, ദൂതന്മാരുടേതായ ഒരു ഭാഷയുണ്ടെന്ന രീതിയിലല്ല. ദൂതന്മാരുടെ ഭാഷയിൽ സംസാരിച്ചാൽ പോലും

നമ്മിൽ സ്നേഹമില്ലെങ്കിൽ അതുകൊണ്ട് ഒരു പ്രയോജനവുമില്ല എന്നതാണ് ഇവിടത്തെ പ്രധാന സൂചന – അന്യഭാഷക്കാർക്കു മനസ്സിലാക്കാൻ കഴിയാത്തതുമിതാണ്. ഇരുപത്തിമൂന്നാം അദ്ധ്യാത്തിൽ ഇതിനെക്കുറിച്ചു നമുക്കു വിശദമായി സംസാരിക്കാം.

## 6. ബൈബിളിലെ ഭാഷാവരത്തിന്റെ ലക്ഷ്യമെന്തായിരുന്നു?

(1). നവപെന്തക്കോസ്തുവൃത്തങ്ങളിലെ ഒരു പൊതു സംസാരമെന്തെന്നാൽ ഭാഷാവരം രക്ഷയുടെ അടയാളമാണെന്ന രീതിയിലാണ്. ഇതു ശരിയേയല്ല. ഇരുപത്തിനാലാം അദ്ധ്യായത്തിൽ ഇതിനെക്കുറിച്ചു കൂടുതൽ നാം പഠിക്കുന്നുണ്ട്. വ്യക്തിപരമായ ഒരു നിലയിൽ ദൈവത്തോടു സംവദിക്കാനുള്ള ഒരു ഭാഷാമാധ്യമമായും ഭാഷാവരത്തെ വ്യാഖ്യാനിക്കുന്നുണ്ട്. ഭാഷാവരത്തോടെ സംസാരിക്കുന്നത് വലിയ ശക്തിയിലേക്കും അതുവഴി വലിയ ശുശ്രൂഷകളിലേക്കും ഒരാളെ നയിക്കും എന്ന കാഴ്ചപ്പാടിൽ ഉറച്ചു നിൽക്കുന്നവരാണ് മിക്കവാറും കരിസ്മാറ്റിക് വിഭാഗങ്ങൾ. ഈ വരം ലഭിച്ചാൽ ദൈവരാജ്യത്തിലെ ക്രിസ്തീയജീവിതത്തിലെ അനുഗ്രഹങ്ങൾ മുഴുവൻ അനുഭവിക്കാൻ കഴിയുമെന്നവർ വാദിക്കുന്നു. അതുലഭിക്കുന്നതുവരെ നിങ്ങൾ ഉപരിതലത്തിൽമാത്രം നിലകൊള്ളുന്നവരാണെന്നും. ആത്മീയതയിലെ ഈ കുറുക്കുവഴി ശരിക്കും ദൈവേച്ഛയെ വെട്ടിമുറിക്കുന്ന ഒരു കാര്യമാണ്.

(2). മിഷനറിവേലയ്ക്കു പോകുന്നവർക്ക് ഭാഷാവരം ഉപയോഗപ്രദമാണെന്ന ഒരു അവകാശവാദവും പറഞ്ഞുകേൾക്കുന്നുണ്ട്. കാരണം അവർ കടന്നു പോകുന്ന ദേശങ്ങളിലെയെല്ലാം ഭാഷ പഠിക്കേണ്ടതില്ലല്ലോ? മൂന്നാം നൂറ്റാണ്ടുവരെ ഇപ്രകാരമുള്ള ഒരു അഭിപ്രായം ആരും പറഞ്ഞിട്ടില്ലെങ്കിലും വളരെ സാധ്യമായ ഒരു വിശദീകരണമാണിത്. (എന്നാൽ അത്തരം ഒരു രീതിയെക്കുറിച്ച് അപ്പസ്തോലപ്രവർത്തികളിൽ എവിടെയെങ്കിലും സൂചിപ്പിക്കേണ്ടതായിരുന്നു എന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ?) സംസാരിക്കുന്നയാളുടെ ഭാഷമനസ്സിലാകാത്ത ഒരു ജനതയുടെ അടുത്ത് ഭാഷാവരത്തോടെ വചനം സംസാരിച്ചുണ്ടായിരിക്കാം, എന്നാൽ ബൈബിളിൽ ഒരിടത്തും അങ്ങനെയൊന്ന് രേഖപ്പെടുത്തിയിട്ടില്ല. അപ്പസ്തോലപ്രവർത്തികളുടെ രണ്ടാം അദ്ധ്യായത്തിൽ ഒത്തുകൂടിയിരുന്ന ജനങ്ങൾക്ക് തങ്ങളുടെ ദേശത്തെഭാഷ അറിയാമായിരുന്നുവെങ്കിലും പത്രോസ് സംസാരിച്ച ഭാഷ അവർക്ക് അന്യമായിരുന്ന ഒന്നല്ല. പത്രോസ് തന്റെ സന്ദേശം നൽകിയത് വിദേശഭാഷയിലുമല്ല. മഹാനായ അലക്സാണ്ടർ (ബിസി 356–323) ചക്രവർത്തിയുടെ ഏകീകൃതരാഷ്ട്രമെന്ന ആശയം പ്രവർത്തിപഥത്തിലെത്തിച്ചതിന്റെ ഫലമായി മെഡിറ്ററേനിയൻ ദേശത്തെങ്ങും പൊതുഭാഷയായി കൊയിനേ ഗ്രീക്ക് വ്യാപകമായി. അതുകൊണ്ട് ആദിമ മിഷനറികൾക്കൊന്നും അവർ പോയ സ്ഥലങ്ങളിൽ പരിഭാഷകരെത്തേടി അലയേണ്ടിവന്നില്ല.

(3). 1 കൊരിന്ത്യർ 12:7, 14:5, 26 എന്നീ വേദഭാഗങ്ങളിൽ, ഭാഷാവരം ആത്മീകാഭിവൃദ്ധിക്കായി നൽകപ്പെട്ടിരിക്കുന്നുവെന്നു രേഖപ്പെടുത്തിയിരിക്കുന്നു. ഈ ആത്മീകാഭിവൃദ്ധി വ്യാഖ്യാനത്തിലൂടെമാത്രം ലഭിക്കുന്നതുമാണ്. ഒരു പ്രാസംഗികൻ തന്റെ ഭാഷാവരനൈപുണ്യം കൊണ്ട് കേൾവിക്കാരെ കയ്യിലെടുത്താൽ പോലും, അവർ കട്ടിയായ ഭക്ഷണമൊന്നും ലഭിക്കാതെ കുറച്ചു വികാരഭരിതരായിമാത്രം തിരിച്ചു പോകുന്ന ഒരു അവസ്ഥ അവിടെയുണ്ടാകുന്നു.

(4). 1 കൊരിന്ത്യർ 14:22ൽ നാം കാണുന്നത്, അവിശ്വാസികൾക്കു വേണ്ടിയുള്ള ഒരു അടയാളമാണ് ഭാഷാവരമെന്ന്. ദൈവം പരിത്യജിച്ചവർക്കുള്ള ഒരു അടയാളമാണിത്, നെഗറ്റീവായ ഒന്ന്. ഇക്കാര്യം അംഗീകരിക്കുന്ന അനേകരുണ്ട്.

(5). അവസാനമായി, ഭാഷാവരമെന്നത് സുവിശേഷസന്ദേശത്തെ ഉറപ്പിക്കാനായി നല്കിയ ഒരു അടയാളമാണ് (മർക്കോസ് 16:17, 20).

## 7. ഭാഷാവരം ഒരു പ്രാർത്ഥനോപാധിയാണോ?

ഭാഷാവരമുള്ള ചില കൊരിന്തുകാർ ഈ വരം തങ്ങളുടെ വ്യക്തിപരമായ പ്രാർത്ഥനകളിൽ ഉപയോഗിച്ചിരിക്കാമെന്ന് ഞാൻ ഊഹിക്കുന്നു, അങ്ങിനെ ചെയ്യുന്നതിൽ യാതൊരു തെറ്റും ഞാൻ കാണുന്നില്ല താനും. ആത്മീയാഭിവൃദ്ധിക്ക് ഇതു തീർച്ചയായും ഉതകും (1 കൊരിന്ത്യർ 14:4). (തെക്കേ അമേരിക്കയിലേക്കുള്ള ഒരു മിഷൻ ടീമിന്റെ ഭാഗമാകാൻ ഞാൻ ആലോചിച്ച ഒരു സമയമുണ്ടായിരുന്നു. അതിനൊരു ഒരുക്കമെന്നവണ്ണം ഞാൻ സ്പാനിഷ് ഭാഷയിലുള്ള ബൈബിൾ പഠിക്കാനും ആ ഭാഷയിൽ പ്രാർത്ഥിക്കുവാനുമാരംഭിച്ചു. അതു തീർച്ചയായും ഒരു വ്യത്യസ്താനുഭവമായിരുന്നു, ആത്മീകാഭിവൃദ്ധിയുണ്ടാക്കുന്നത്).

ആത്മനിർവൃതിയുടെയും സ്തുതിയുടെയും ഭാഷയായി കരിസ്മാറ്റിക്കുകാർ ഭാഷാവരത്തെ കാണുന്നതിന്റെ യഥാർത്ഥ കാരണങ്ങൾ എന്തെല്ലാമാണ്? ഒരു കാര്യം 1 കൊരിന്ത്യർ 13:1ന് അവർ നൽകുന്ന വ്യാഖ്യാനമാണ്. എന്നാൽ 1 കൊരിന്ത്യരിലെ 12–14 അദ്ധ്യായങ്ങളിൽ അവരുടെ വാദത്തെ

പിന്താങ്ങുന്നെന്നു തോന്നുന്ന ചില വചനങ്ങളുമുണ്ട്. 1 കൊരിന്ത്യർ 14:2 ഇത്തരത്തിലുള്ള ഒന്നാണ്.

> അന്യഭാഷയിൽ സംസാരിക്കുന്നവൻ മനുഷ്യരോടല്ല ദൈവത്തോടാണ് സംസാരിക്കുന്നത്; ആരും ഗ്രഹിക്കുന്നില്ലല്ലോ; അവൻ ആത്മാവിൽ മർമ്മങ്ങൾ സംസാരിക്കുന്നു (1 കൊരിന്ത്യർ 14:2).

വ്യക്തിപരമായ സ്തുതിയുടെ ഈ ഭാഷയ്ക്ക് വ്യാഖ്യാനത്തിന്റെ ആവശ്യമില്ല. എങ്കിലും തുടർന്നു വരുന്ന വേദഭാഗത്തിലെല്ലാം വ്യാഖ്യാനമില്ലാത്ത ഭാഷാവരം ഉപയോഗ്യയോഗമല്ലെന്നും പറയുന്നു. ചിലഭാഷകൾ മനുഷ്യരുടേതാണെന്നും അവയ്ക്കു പരിഭാഷവേണമെന്നും എന്നാൽ മറ്റുചില ഭാഷകൾ സ്വർഗ്ഗീയമായതിനാൽ അവയെ പരിഭാഷപ്പെടുത്താനാവില്ലയെന്നുമുള്ള വാദഗതിക്ക് വചനത്തിന്റെ അടിത്തറയില്ല. മർമ്മങ്ങൾ എന്ന വാക്കിനെ സംബന്ധിച്ചും ഈ വാദഗതി ഉയർത്തുന്നുണ്ട്. നിഗൂഢമായ ഒന്നിനെ (മർമ്മത്തെ) വെളിപ്പെടുത്തിക്കഴിഞ്ഞാൽ പിന്നെയത് നിഗൂഢമല്ലാത്തതായിക്കഴിഞ്ഞു. അതുപോലെതന്നെ ഒരു ഭാഷയെ പരിഭാഷപ്പെടുത്തിക്കഴിഞ്ഞാൽ അതു പിന്നെ അജ്ഞാതമായ ഒന്നാകുന്നില്ല. മർമ്മമെന്ന വാക്ക് നവപെന്തക്കോസ്തുകാരുടെ നിഗമനങ്ങളെ സാധൂകരിക്കുന്നില്ല. ഇവരുപയോഗിക്കുന്ന മറ്റൊരു വേദഭാഗമാണ് 1 കൊരിന്ത്യർ 14:14: ഞാൻ അന്യഭാഷയിൽ പ്രാർത്ഥിക്കുന്നുവെങ്കിൽ എന്റെ ആത്മാവ് പ്രാർത്ഥിക്കുന്നു; എന്റെ മനസ്സോ ഫലശൂന്യമായിരിക്കുന്നു. ഇത്തരത്തിൽ പ്രാർത്ഥിക്കുന്നതിനെ പൗലോസ് അനുകൂലിക്കുകയാണെന്നാണ് ഇവിടത്തെ തർക്കം. ഇക്കാര്യം കരിസ്മാറ്റിക്കുകാർ പറയുന്നതുപോലെ കാണേണ്ടതല്ല, മാത്രമല്ല, ഇതു തെളിയിക്കാനുള്ള വസ്തുതകൾ മറ്റൊന്നും തന്നെയില്ല (അദ്ധ്യായം 23 നോക്കുക). ഫലശൂന്യമായ ഒരു മനസ്സിനെ സാധൂകരിക്കുകയാണ് ഇവിടെ – മറ്റൊരു തരത്തിൽ പറഞ്ഞാൽ. (മസ്തിഷ്കത്തെ ഒരു പേടകത്തിലാക്കി ചന്ദ്രനിലേക്കു പായിക്കാനുള്ള ഉപദേശം ഓർമ്മിക്കുമല്ലോ!) ഭാഷാവരത്തിൽ സംസാരിക്കുന്നയാളുകൾ വ്യക്തിപരമായ പ്രാർത്ഥനയിൽ അതു ചെയ്യാനുള്ള ഒരു നിർദ്ദേശമായി 1 കൊരിന്ത്യർ 14:28നെ ഉപയോഗിച്ചു വരുന്നുണ്ട്:

> വ്യാഖ്യാതാവ് ഇല്ലാതിരുന്നാൽ അന്യഭാഷക്കാരൻ സഭയിൽ നിശ്ശബ്ദമായി തന്നോടും ദൈവത്തോടും സംസാരിക്കട്ടെ (1 കൊരിന്ത്യർ 14:28).

വ്യക്തിപരമായ പ്രാർത്ഥനയിൽ ഭാഷാവരം ഉപയോഗിക്കുന്നതിനെ പൗലോസ് അംഗീകരിക്കുന്നുണ്ടിവിടെ. എന്നാൽ സഭായോഗങ്ങളിൽ അവ പ്രയോജനരഹിതമാണെന്നും പൗലോസ് പറയുന്നു. എന്നാൽ ഇവിടത്തെ പ്രധാന കാര്യമെന്താണെന്നുവച്ചാൽ, യഥാർത്ഥ ഭാഷാവരത്തോടെ പ്രാർത്ഥിക്കുയും മറ്റും ചെയ്യുന്നവരോടുള്ള നിർദ്ദേശങ്ങളാണ് ഇവയെല്ലാം. അതാണു ശരിയായ വസ്തുത. എന്നാൽ അത്തരത്തിലുള്ള യഥാർത്ഥ ഭാഷാവരം ഇന്നു നിലവിലില്ല എന്നതാണ് എന്റെ നിലപാട്.

## 8. അന്യഭാഷയിൽ ഒരാൾ സംസാരിക്കുന്നതു കേട്ടാൽ ഞാൻ എന്തു ചെയ്യണം?

കേൾക്കുക, മനസ്സിലാക്കാൻ ശ്രമിക്കുക. ഈ വിശേഷപ്പെട്ട ഭാഷയെ പലപ്രാവശ്യം നാം കേട്ടുകഴിയുമ്പോൾ അതിൽ മർമ്മമൊന്നും ഒളിഞ്ഞിരിക്കുന്നില്ല എന്നു നമുക്കു മനസ്സിലാകും. നാം കേട്ടതിനെ കുറിച്ച് അത്ഭുതപരതന്ത്രരാകാതിരിക്കുക. അങ്ങിനെയെങ്കിൽ ഇത്തരം കഴിവുണ്ടെന്നു ഭാവിക്കുന്ന ആ സുഹൃത്തിനെ സ്നേഹിക്കാനും സഹായിക്കാനും നമുക്കു കഴിയുമായിരിക്കും.

എൺപതുകളുടെ ആദ്യത്തിലാണ് ലണ്ടൻ യൂനിവേഴ്സിറ്റിയിൽ എന്റെയൊപ്പം ബിരുദാനന്തര ബിരുദത്തിനു പഠിച്ചിരുന്ന മോഹൻ നഞ്ചുന്താനുമായി ഞാൻ സുഹൃദ് ബന്ധം ആരംഭച്ചത്. എന്റെ മുകളിലുള്ള ഡോർമിറ്ററിയിൽ താമസിച്ചിരുന്ന മോഹൻ സഭായോഗങ്ങളിൽ പങ്കെടുക്കുന്നയാളായിരുന്നെങ്കിലും ശിഷ്യത്വത്തെ സംബന്ധിച്ചും വീണ്ടും ജനനത്തെക്കുറിച്ചുമെല്ലാം കുറച്ചു ആശയക്കുഴപ്പങ്ങളുമായി നടക്കുന്നയാളായിരുന്നു. അഞ്ചു ഭാഷകളിൽ പ്രവീണനായിരുന്ന അദ്ദേഹം അന്യഭാഷയും സംസാരിച്ചിരുന്നു. ആത്മാർത്ഥതയുള്ളവനും സാമാന്യം നല്ല വചനജ്ഞാനമുള്ളവനുമായിരുന്നു മോഹൻ, ദൈവമക്കൾക്കായുള്ള ദൈവഹിതത്തെക്കുറിച്ച് കൂടുതൽ അറിയാൻ തുടങ്ങിയപ്പോൾ മോഹന് കൂടുതൽ ഉത്തരങ്ങൾ വേണമായിരുന്നു. ഡഗ്ലസ് ആർതറും ഡഗ്ലസ് ബ്ളോവും ഞാനും കൂടി മോഹനെ ബൈബിൾ പഠിപ്പിച്ചു, എന്നാൽ മൂന്നു ഡഗ്ലസുമാരും കൂടി മണിക്കൂറുകൾ പലതും ചിലവഴിച്ചിട്ടും മോഹന്റെ ആശയക്കുഴപ്പം മാറാതെനിന്നു. ഒരിക്കൽ എന്റെ താമസസ്ഥലത്തുവന്നിട്ട് മോഹൻ എന്നോടു ചോദിച്ചു അവൻ അന്യഭാഷ സംസാരിക്കുന്നതു കേൾക്കണമോയെന്ന്. തീർച്ചയായും കേൾക്കാമെന്നു ഞാൻ പറഞ്ഞു. തന്റെ പ്രാർത്ഥനാ ഭാഷയിലൂടെ എന്നെ ബോധ്യം വരുത്താൻ മോഹൻ ശ്രമിച്ചു. അതുകഴിഞ്ഞപ്പോൾ, ഇതിന്റെ അർത്ഥം നീ രക്ഷിക്കപ്പെട്ടവനാണോ എന്നു ഞാൻ ചോദിച്ചു. നീ യെന്നെകേൾക്കുന്നില്ല എന്ന ഉത്തരമായിരുന്നു എനിക്കു ലഭിച്ചത്. ഇനി എന്റെ ഊഴമാണ്, ഞാൻ അന്യഭാഷസംസാരിക്കുന്നതു നിനക്കു കേൾക്കണമോ എന്നു ഞാൻ ചോദിച്ചു, ആകാമെന്ന് മോഹൻ ഉത്തരം പറഞ്ഞു. കോരോഷ്കാ ദെയർ കാരാണ്ടാഷ്കുയാ, ബൂമേഗാ ഓക്നോ എന്ന അറിയാവുന്ന റഷ്യൻ വാക്കുകൾ തപ്പിപ്പിടിച്ച് ഞാൻ പറഞ്ഞൊപ്പിച്ചു. അതിശയം, അത് അന്യഭാഷയാണോ എന്നു മോഹൻ ചോദിച്ചു. നിന്റേതിനേക്കാൾ മികച്ച അന്യഭാഷയാണ് എന്നു ഞാൻ പറഞ്ഞു.

അതു മോഹന്റെ ജീവിതം മാറ്റിമറിച്ചോ? ഇല്ല. ഭാഷാവരത്തെക്കുറിച്ച് അനേകമണിക്കൂറുകൾ സംവദിച്ചതുകൊണ്ടോ, അവന്റെ ഭാഷാപ്രയോഗത്തെ തരം താഴ്ത്തി സംസാരിച്ചതുകൊണ്ടോ ഒന്നും വലിയ പ്രയോജനമൊന്നുമുണ്ടായില്ല. പിന്നെ എന്താണ് അവനെ സഹായിച്ചത്? യേശുവിനെ പിന്തുടരുന്നതിനെക്കുറിച്ച് ദൈവവചനത്തിൽ സംസാരിക്കുന്ന നിലവാരത്തെക്കുറിച്ച് വ്യക്തതയോടെ പഠിപ്പിക്കാൻ കഴിഞ്ഞതാണ് മോഹന്റെ ജീവിതത്തെ മാറ്റിയത്. രണ്ടുദിവസം കഴിഞ്ഞപ്പോൾ മോഹൻ ക്രിസ്തുവിൽ സ്നാനം സ്വീകരിച്ചു.

ഇന്നു മോഹൻ വിവാഹിതനും മുഴുവൻ സമയവും സഭാശുശ്രൂഷ ചെയ്യുന്നവനുമാണ്. ഈ പുസ്തകമെഴുതുമ്പോൾ ദരിദ്രരെ സഹായിക്കാനായി അനേകം പദ്ധതികൾക്ക് ലോകമാസകലം ചുക്കാൻ പിടുക്കുന്നവനുമാണ്. മോഹനെപ്പോലെ ആത്മാർത്ഥതയുള്ള അനേകം യുവതീയുവാക്കൾ നമുക്കിടയിലുണ്ട്. അവരിലേക്കിറങ്ങിച്ചെല്ലുക, അവർക്കായുള്ള ദൈവഹിതം അവരെ അറിയിക്കുക. അവരുടെ അനുഭവങ്ങൾ വിശദീകരിക്കുമ്പോൾ അത്ഭുതപരതന്ത്രരായിപ്പോകാതിരിക്കുക - അവർ അന്യഭാഷയിൽ സംസാരിക്കാൻ തുടങ്ങിയാൽപ്പോലും!

## 9. ബൈബിളിലെ ഭാഷാവരം എന്നെങ്കിലും നിലച്ചുപോയോ?

തീർച്ചയായും. അതു നിലച്ചുപോയിരിക്കുന്നു. 1 കൊരിന്ത്യർ 13:8ലെ പൗലോസിന്റെ പ്രവചനം നിറവേറിയിരിക്കുന്നു. എഡി 157ലെ ദുരുപദേശസംഘമായ മോൻടാനിസ്റ്റ് കൂട്ടരുമായി ബന്ധപ്പെട്ടാണ് രണ്ടാം നൂറ്റാണ്ടിൽ അറിയപ്പെടുന്ന ഏക അന്യഭാഷാസംസാരം. കോൺസ്റ്റാന്റൈൻ രാജാവിന്റെ (306-337) സന്നിധിയിൽ വച്ച് നാലാം നൂറ്റാണ്ടിലെ സഭാ ചരിത്രകാരനായ യൂസേബിയസ്[8] മോൻടാനിസത്തെക്കുറിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു:

> അടുത്തകാലത്തു വിശ്വാസത്തിലേക്കുവന്ന മോൻടാനിസ്റ്റ് എന്ന ഒരുവൻ... തന്റെ എതിരാളിയുടെ നാവിൽ ഒരു വേദഭാഗം നൽകുന്നു... ഉടനെതന്നെ അയാൾ ഒരു ആത്മാവിന്റെ പിടിയലകപ്പെട്ടതുപോലെയായിത്തീരുന്നു... അസാധാരണമായ ഒരു വികാരവിക്ഷോഭവത്തോടെ അപരിചിതമായ എന്തോ ഒന്നു പുലമ്പുന്നു. പ്രവചനമെന്ന് അവർ വിളിക്കുന്ന ഇക്കാര്യം തലമുറകളായി സഭയിൽ നമുക്കു കൈമാറിവന്ന രീതിയിലല്ലാത്ത ഒന്നാണ്. (യുസേബിയസ്, സഭാചരിത്രം, വാ 16.6 മുതൽ).

മൂന്നുകാര്യങ്ങൾ നമുക്കിവിടെ കാണാം:

> 1. കരിസ്മാറ്റിക് നവീകരണമെന്ന് അക്കാലത്ത് അറിയപ്പെട്ട ഈ പ്രസ്ഥാനം (ഇക്കാലഘട്ടത്തിലെ നവപെന്തക്കോസ്തു രീതികളുമായി വലിയ സാമ്യമുണ്ട് ഈ പ്രസ്ഥാനത്തിന്), ആത്മാവ് അവരെ നയിക്കുന്നെന്നു അവകാശപ്പെടുന്ന ചിട്ടയില്ലാത്ത രീതികൾ പരിഗണിച്ച് പാടേ നിരാകരിക്കപ്പെട്ടു.
>
> 2. ഇത്തരം കരിസ്മാറ്റിക് രീതികൾ അക്കാലത്തു സാധാരണരീതിയിൽ നിലവിലില്ലായിരുന്നു എന്നകാര്യം വ്യക്തമാണ്.
>
> 3. അന്യഭാഷയെന്നു പറഞ്ഞു പുലമ്പുന്നവയെ പാടേ നിരാകരിച്ചു. ശരിയായ രീതിയിലുള്ള അന്യഭാഷാ സംസാരമല്ലായിരുന്നു അതെന്നുള്ള കാര്യം അവരെ സംബന്ധിച്ചു വ്യക്തമായിരുന്നു.

രണ്ടാം നൂറ്റാണ്ടിനു ശേഷമുള്ള കാലഘട്ടങ്ങളിലും ആത്മാവിന്റെ വരങ്ങളെക്കുറിച്ചു സംസാരിക്കുന്നുണ്ട് - എങ്കിലും ആ പ്രസ്താവനകൾ ഒന്നും കരിസ്മാറ്റിക്കുകാരുടെ വാദഗതികളെ സഹായിക്കുന്നവയല്ല. തന്റെ ജീവിതകാലത്തെ കരിസ്മാറ്റിക് ചെയ്തികളെക്കുറിച്ചും അന്യഭാഷയെന്നുവിളിച്ചു നടത്തിയ തെറ്റായപ്രവർത്തികളെക്കുറിച്ചും ഓറിഗൻ (എഡി 254) ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

> ...അസാധാരണവും, അനിയന്ത്രിതവും, മനസ്സിലാക്കാൻ സാധിക്കാത്തതരത്തിലുമുള്ള വാക്കുകൾ, ചിന്താശേഷിയുള്ള ഒരു വ്യക്തിക്കുപോലും മൂല്യം കൽപ്പിക്കാൻ കഴിയാത്ത വിധത്തിലുള്ള ജല്പനങ്ങൾ - ലവലേശംപോലും അർത്ഥം കണ്ടെത്താൻ കഴിയാത്ത വാക്കുകൾ തന്നെ. ചതിപ്രയോഗത്തിലൂടെ മറ്റുള്ളവരുടെമുന്നിൽ വലുപ്പം അഭിനയിക്കുന്ന ഏതൊരുവനും ഏതു മൂഢനുപോലും സ്വതാത്പര്യമനുസരിച്ചു അവയെ ഉപയോഗിക്കാൻ സാധിക്കുന്നു.

നാലാം നൂറ്റാണ്ടിന്റെ അവസാനകാലഘട്ടത്തിൽ എഴുതിയിരുന്ന കോൺസ്റ്റാന്റിനോപിൾ ദേശക്കാരനായ ജോൺ ക്രിസോസ്തോം, ഭാഷാവരം നിലച്ചുപോയതിനെക്കുറിച്ചു ആദ്യം സംസാരിച്ച

ഒരു വ്യക്തിയായി കാണപ്പെടുന്നു. 1 കൊരിന്ത്യർ 12-14 അദ്ധ്യായങ്ങളെ പരാമർശിച്ച് അദ്ദേഹം ഇപ്ര കാരം എഴുതിയിരിക്കുന്നു:

> ഈ ഭാഗങ്ങൾ മനസ്സിലാക്കാൻ വിഷമമുള്ളതായി കാണപ്പെടുന്നു. അതിനുകാരണം അവിടെ പരാമർശിക്കുന്ന കാര്യങ്ങളെക്കുറിച്ചു നമുക്കുള്ള അറിവില്ലായ്മയും, അവയൊക്കെ നിലച്ചുപോയി എന്നുള്ള സത്യവുമാണ്. ഇക്കാര്യങ്ങൾ മുമ്പേയുണ്ടായിരുന്നു, എന്നാൽ ഇപ്പോൾ അവ നിലവി ലില്ല.

അവസാനമായി ക്രിസ്തുവർഷം 345-430 കാലഘട്ടത്തിൽ ജീവിച്ചിരുന്ന അഗസ്റ്റിന്റെ വാക്കു കളിലേക്ക്, ആദിമസഭയുടെ കാഴ്ചപ്പാടുകൾ ചുരുക്കിപ്പറയുന്ന രചനകളാണിവ:

> ആദിമസഭയിൽ വിശ്വാസികളുടെമേൽ ആവസിച്ച പരിശുദ്ധാത്മാവിനാൽ വരം ലഭിച്ചവരായി തങ്ങൾക്കറിയില്ലായിരുന്ന ഭാഷകളിൽ അവർ സംസാരിച്ചു. അക്കാലത്തേക്കുവേണ്ടിയിരുന്ന ഒരു അടയാളമായിരുന്നു ഇത്. കാരണം ലോകം മുഴുവനും സകല ഭാഷകളിലും സുവിശേഷമറിയി ക്കുന്നതിനുവേണ്ടി ആ ഭാഷകളിലെല്ലാം ആത്മാവ് അടയാളം കാണിക്കേണ്ടിയിരുന്നു. അടയാ ളമായി നൽകിയതാണിത്, ഈ വരം നിലച്ചുപോയിരിക്കുന്നു.

മദ്ധ്യകാലഘട്ടത്തിലും, നവീകരണപ്രസ്ഥാന കാലഘട്ടത്തിലും പിന്നീടുവന്ന എല്ലാ നൂറ്റാ ണ്ടിലും അന്യഭാഷായെന്ന രീതിയിലുള്ള സംസാരമുണ്ടായിരുന്നു. ആധുനിക കാലഘട്ടത്തിലെ അന്യ ഭാഷാസംസാരം ഉടലെടുക്കുന്നത് കൻസാസിലെ ടോപികാ ദേശത്തുനിന്നുമാണ്. 1900 ൽ ആരംഭിച്ച ഈ സംസാരരീതി ഉടനെതന്നെ പടിഞ്ഞാറൻ തീരങ്ങളിലേക്കു വ്യാപിക്കുകയായിരുന്നു.(2) രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഉദയം ചെയ്ത നവപെന്തക്കോസ്തു പ്രസ്ഥാനം ഈ കരിസ്മാറ്റിക് തുടക്കത്തെ സകല സഭാവിഭാഗങ്ങളിലേക്കും എത്തിച്ചു.

അതുകൊണ്ട്, അന്യഭാഷനിലച്ചുപോയോ? എന്ന ചോദ്യത്തിനുത്തരം അതെയെന്നും അല്ല യെന്നുമാണ്. ശരിയായ ഭാഷാവരം നിലച്ചുപോയിരിക്കുന്നു. എന്നാൽ അന്യഭാഷാസംസാരമെന്നവകാ ശപ്പെടുന്നവ വ്യക്തികളും വിഭാഗങ്ങളും എല്ലാക്കാലത്തും അതു പ്രായോഗികമാക്കുന്നുമുണ്ട്.

## 10. അന്യഭാഷ സംസാരിക്കുന്നതു തെറ്റാണോ?

ഭാഷാവരം തെറ്റായ ഒന്നല്ല, തീർച്ചയായും. എന്നാൽ ഇപ്പോൾ അന്യഭാഷ സംസാരിക്കുന്ന വർ അവരുടെ അറിവില്ലായ്മയിലൂടെയാണ് അതു ചെയ്യുന്നതെന്നു വ്യക്തം. ഇത്തരത്തിലുള്ള ഗ്ലോസ്സാ ലാലിയയെ അർഹിക്കുന്ന പ്രാധാന്യത്തോടെമാത്രം കാണുകയാണുവേണ്ടത്, കാരണം അതൊരു മാനസിക പ്രതിഭാസമാണ്, തീർച്ചയായും പരിശുദ്ധാത്മാവിൽ നിന്നുമുള്ളതല്ല. പരിഭാഷപ്പെടുത്താത്ത അന്യഭാഷാസംസാരം ഏതുതരം ക്രിസ്തീയ കൂട്ടായ്മയിലായിരുന്നാലും ദൈവവചനത്താൽ നിഷേ ധിക്കപ്പെട്ടിരിക്കുന്നു.

ഇപ്പോഴത്തെ അന്യഭാഷാസംസാരം സാത്താനിൽ നിന്നുമുള്ളതാണ് എന്നു പറയുന്നവരു ണ്ട്. ഈ പ്രതിഭാസത്തെ സഭയെ ചതിക്കാനും വിഭജിക്കാനും സാത്താൻ ഉപയോഗപ്പെടുത്തുന്നു എന്നതു വാസ്തവമാണെങ്കിലും, അന്യഭാഷാസംസാരം അശുദ്ധാത്മാവിനാൽ ഉളവാകുന്നതാണെന്നു ചൂണ്ടിക്കാണിക്കുന്ന വചനങ്ങൾ ബൈബിളിലില്ല. അടിസ്ഥാനപരമായി പാപകരമല്ലാത്ത പലകാര്യ ങ്ങളുമുപയോഗപ്പെടുത്തി സാത്താൻ ദൈവമക്കളെ വിഭജിക്കുകയും രക്ഷയെക്കുറിച്ച് ഒരു വ്യർത്ഥപ്ര ത്യാശ നൽകുകയും ചെയ്യുന്നു. അപ്രകാരം ക്രിസ്തുവിന്റെ സഭയിലെ ഐക്യത്തെ തകർത്തു വിഭ ജനങ്ങളുണ്ടാക്കാനായി അന്യഭാഷ ഉപയോഗിക്കുന്നതു പാപമാണ്. വചനത്തേക്കാൾ പ്രാധാന്യം തങ്ങളുടെ തോന്നലുകൾക്കു നൽകി പ്രവർത്തിക്കുന്ന ആളുകളെ എല്ലാതലമുറയിലും കണ്ടുവരുന്നു ണ്ട്.

## അവസാനമായി

ബൈബിളിൽ കാണുന്ന അന്യഭാഷാസംസാരവും ഇന്നു നിലവിലിരിക്കുന്ന അന്യഭാഷാപ്ര തിഭാസവും തമ്മിലുള്ള അന്തരം വളരെയേറെയാണ്. കൊരിന്തിലെ സഭയെ അടിസ്ഥാനമാക്കി, ആധു നിക ഭാഷാവരം നമുക്ക് അടുത്ത അദ്ധ്യായത്തിൽ പരിശോധിക്കാം. കൊരിന്തിലേക്ക്...

## കുറിപ്പുകൾ:

1. ഗ്ലോസ്സാ എന്നാൽ ഭാഷയെന്നർത്ഥം, ലാലിയ എന്നാൽ സംസാരമെന്നും. തുടർച്ചയായി ചെയ്യുന്ന

ജല്പനത്തെ സൂചിപ്പിക്കുന്ന ഗ്ലോസ്സാൽജിയ എന്ന പദവുമായി ആശയക്കുഴപ്പത്തിലാകണ്ട.

2. ചിലസമയത്ത് വളരെ ബുദ്ധിമാന്മാരായ ആളുകൾ പോലും ഇതു ചെയ്യാറുണ്ട്. തങ്ങളിലുള്ള ആത്മസംഘർഷങ്ങളെ പരിഹരിക്കാനും, കുറ്റബോധവും അപര്യാപ്ത മനോഭാവവും കൈവെടിയുവാനുമാണ് ബുദ്ധിമാന്മാരായ ആളുകൾ അന്യഭാഷാസംസാരത്തിൽ അഭയം തേടുന്നത് - സ്റ്റുവർട്ട് ബെർഗ്സ്മാ, സ്പീക്കിംഗ് വിത് ടംഗ്സ് എന്ന പുസ്തകത്തിൽ.

3. ഇ മാൻസേൽ പാറ്റിസൺ, Behavioral science research on the nature of Glossolalia എന്ന ലേഖനത്തിൽ.

4. 1605 – 1611 കാലഘട്ടത്തിൽ പരിഭാഷപ്പെടുത്തിയത്.

5. അംഗീകരിക്കപ്പെട്ട ഏക ബൈബിൾ കിംങ്ങ് ജെയിംസ് ബൈബിൾ മാത്രമാണെന്നു കരുതുന്നവർ അനേകരുണ്ട്. യേശുവിനും അപ്പസ്തോലന്മാർക്കു സ്വീകാര്യമായത് എനിക്കും സ്വീകാര്യമാണ് എന്ന ഒരു വാദമാണ് അവർക്ക്.

6. മൂർദ്ധന്യഭാഷയെന്ന് എൻഇബിയും പരിചിതമല്ലാത്തഭാഷയെന്ന് ടിഇവിയും ഉപയോഗിക്കുന്നു.

7. ഉന്നത വിദ്യാഭാസ തലത്തിൽ ഗ്രീക്കു ഭാഷ പഠിച്ചിട്ടില്ലാത്തയാളുകൾ മറ്റുള്ളവരെ ഗ്രീക്കുഭാഷയിലുള്ള തങ്ങളുടെ അറിവുകൊണ്ടു സ്വാധീനിക്കാൻ ശ്രമിക്കരുത്. ഈ പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന വാദഗതികളെക്കുറിച്ചു ചർച്ചചെയ്യാൻ ഒരു ഇംഗ്ലീഷ് ബൈബിൾ മാത്രം മതി. ഗ്രീക്കു ഭാഷ അറിയാത്തയാളുകളെ അമർത്താൻ വേണ്ടി ഗ്രീക്കുവാക്കുകൾ ഉപയോഗിക്കുന്നത് ഉചിതമല്ല. നിങ്ങൾ സ്വാധീനിക്കാൻ ശ്രമിക്കുന്നയാൾക്ക് ഗ്രീക്കുഭാഷയിൽ പാണ്ഢിത്യമുണ്ടെങ്കിൽ കുഴപ്പത്തിലാകുന്നത് നിങ്ങളായിരിക്കും.

8. ക്രിസ്തുവർഷം 300 വരെയുള്ള സഭാചരിത്രത്തെക്കുറിച്ചു ധാരാളമായി എഴുതി നമുക്കു ലഭ്യമാക്കിയ ചരിത്രകാരനാണ് യുസേബിയസ്. 230–339 കാലഘട്ടത്തിൽ ജീവിച്ചിരുന്ന അദ്ദേഹത്തിന്റെ സഭാചരിത്രമെന്ന പുസ്തകം സഭാചരിത്രത്തെക്കുറിച്ച് ആധികാരികമായി വിശദീകരിക്കുന്നു. മോൻടാനിസ്റ്റിന്റെ കീഴിൽ പ്രവർത്തിച്ച കരിസ്മാറ്റിക് പ്രസ്ഥാനത്തെക്കുറിച്ച് വിശദമായിത്തന്നെ അദ്ദേഹമെഴുതിയിട്ടുണ്ട്.

9. പ്രതീക്ഷിച്ചു പ്രാർത്ഥിച്ച് ഇരുപതാം നൂറ്റാണ്ടിൽ ആദ്യമായി അന്യഭാഷ സംസാരിച്ചത് ആഗ്നസ് ഒസ്മാൻ എന്ന ഒരു സ്ത്രീയാണ്. ലോസാഞ്ചലസിലെ അസൂസാ തെരുവ് എന്ന സ്ഥലത്തേക്ക് ഇതു പടരുകയായിരുന്നു - 1906ൽ.

**അദ്ധ്യായം 23**

# തെറ്റു തിരുത്തൽ, മാർഗ്ഗനിർദ്ദേശമല്ല

## 1 കൊരിന്ത്യർ 12–14 അദ്ധ്യായങ്ങൾ

പരിശുദ്ധാത്മാവിന്റെ പ്രവർത്തികളുടെ അടിസ്ഥാനത്തിൽ 1 കൊരിന്ത്യർ 12 മുതൽ 14 വരെയുള്ള അദ്ധ്യായങ്ങളെ ഈ അദ്ധ്യായത്തിൽ വിശകലനം ചെയ്യുന്നു. ഉന്നതമായ ആത്മീയ വളർച്ച മുന്നിൽ കണ്ടുകൊണ്ട് നൽകിയ മാർഗ്ഗനിർദ്ദേശങ്ങളല്ല കൊരിന്ത്യരുടെ പുസ്തകത്തിലെ ഈ അദ്ധ്യായങ്ങളിലുള്ളതെന്നു നമുക്കു വ്യക്തമാണ്. പകരം പരിശുദ്ധാത്മാവിന്റെ വ്യാപാരങ്ങളെക്കുറിച്ച് കൊരിന്തുകാരുടെയിടയിലുണ്ടായിരുന്ന ആശയക്കുഴപ്പങ്ങളെ ദുരീകരിക്കുവാനും, അവരുടെ കൂട്ടായ്മയെ കേടുവരുത്തുന്ന മാരകമായ പ്രവർത്തനരീതികളെ തിരുത്താനും വേണ്ടിയാണ് പൗലോസ് ഉദ്യമിക്കുന്നത്.

### വിവരങ്ങളുടെ ഖനി

ബൈബിളിൽ പരിശുദ്ധാത്മാവിന്റെ വരങ്ങളെക്കുറിച്ചു പരാമർശിക്കുന്ന സകല ഭാഗങ്ങളിൽ നിന്നും ലഭിക്കുന്നതിനേക്കാൾ ഏറെ വിവരം നമുക്ക് ഈ മൂന്നു അദ്ധ്യായങ്ങളിൽ നിന്നും ലഭിക്കും. പൗലോസ് പറയുന്ന കാര്യങ്ങൾ മനസ്സിലാക്കിയെടുക്കാൻ നാം നല്ലരീതിയിൽ പരിശ്രമിക്കേണ്ടതുണ്ട്, എന്നിരുന്നാലും പുതിയ നിയമത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള തെറ്റുതിരുത്തലിനെ സംബന്ധിച്ച് ഈ അദ്ധ്യായങ്ങൾ ഒരു ഖനി തന്നെയാണ്. 1 കൊരിന്ത്യർ പുസ്തകത്തിൽ നിന്നുമുള്ള ചോദ്യങ്ങൾ നാമെല്ലാവരും നേരിടുന്നവരാണ് എന്നത് ഒരു യാഥാർത്ഥ്യമാണ്, അതിനാൽ ഈ അദ്ധ്യായങ്ങൾ മനസ്സിലാക്കി എടുക്കപ്പെടേണ്ടവയാണ്, അവഗണിക്കപ്പെടേണ്ടവയല്ല.

കൊരിന്തിലെ സഭ കരിസ്മാറ്റിക്കായിട്ടുള്ള ഒരു സഭയാണെന്ന കാര്യം മുഖവുരയായിത്തന്നെ പറയാൻ കഴിയും. നവപെന്തക്കോസ്തുകാരുടെ നിലവാരത്തിലുള്ള ഒരു കരിസ്മാറ്റിക് സഭയെന്നല്ല ഇതുകൊണ്ടുദ്ദേശിക്കുന്നത്, യഥാർത്ഥ പരിശുദ്ധാത്മ വരങ്ങൾ സ്വന്തമാക്കിയ ഒരു സഭയെന്നാണ്. *കരിസ്മ* എന്ന ഗ്രീക്കു പദത്തിന്റെ അർത്ഥം ദാനമെന്നാണ് (ബഹുവചനം കരിസ്മാറ്റാ). കൃപ എന്ന അർത്ഥം വരുന്ന *കരിസ്* എന്ന വാക്കിൽ നിന്നും രൂപം കൊണ്ട ഒരു വാക്കാണിത്. കരിസ്മാറ്റിക് എന്നത് ആത്മാവിന്റെ വരങ്ങളെ സംബന്ധിച്ചത് എന്നാണെന്നു നമുക്കു മനസ്സിലാക്കാം. ദൈവമാണു ദാതാവ്, മനുഷ്യർ സ്വീകർത്താക്കളും. പുതിയനിയമത്തിൽ നാം കാണുന്ന ആത്മവരങ്ങളെക്കുറിച്ചും പൊതുവേകാണുന്ന കരിസ്മാറ്റിക് പ്രതിഭാസങ്ങളെക്കുറിച്ചും പറയാൻ ഞാൻ ഈ വാക്കുതന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്.

### കൊരിന്തിലേക്കു സ്വാഗതം

ഒരു ആമുഖമായി 1 കൊരിന്ത്യർ 1:4-7 നമുക്കു നോക്കാം:

> 4നിങ്ങൾക്ക് ക്രിസ്തുവേശുവിൽ നൽകപ്പെട്ട ദൈവകൃപ നിമിത്തം ഞാൻ എന്റെ ദൈവത്തിന് നിങ്ങളെക്കുറിച്ച് എപ്പോഴും സ്തോത്രം ചെയ്യുന്നു. 5അവനിൽ നിങ്ങൾ സകലത്തിലും, സകല വചനത്തിലും സകല പരിജ്ഞാനത്തിലും സമ്പന്നരായിത്തീർന്നു; 6ക്രിസ്തുവിന്റെ സാക്ഷ്യം നിങ്ങളിൽ ഉറപ്പായിരിക്കുന്നതുപോലെതന്നെ. 7ഇങ്ങനെ നിങ്ങൾ ഒരു കൃപാവരത്തിലും കുറവില്ലാത്തവരായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയ്ക്കായി കാത്തിരിക്കുന്നു. (1 കൊരിന്ത്യർ 1:4-7).

ദൈവത്തിന്റെ കൃപ (കരിസ്) കൊരിന്ത്യയിലുള്ള ശിഷ്യന്മാർക്കു നല്കപ്പെട്ടിരുന്നു, നീതീകരണത്തിന്റേതായ കൃപ മാത്രമല്ല (തിത്തൂസ് 3:7), ആത്മാവിന്റെ വരങ്ങളുടേതുമായ കൃപയാണിത് (കരിസ്മാറ്റാ). സംസാരത്തിലും (അന്യഭാഷ, പ്രവചനം), അറിവിലും (ജ്ഞാനം, അറിവ്, ആത്മാക്കളുടെ വിവേചനം) അവരെ സമ്പുഷ്ടപ്പെടുത്തിയിരുന്നു. ആത്മവരങ്ങളിലൊന്നും അവർക്കു കുറവുണ്ടായിരുന്നില്ല എന്നു പൗലോസ് പറയുന്നതു ശ്രദ്ധിക്കുക. എന്തുകൊണ്ട്? പൗലോസ് അവർക്കു നൽകിയ സാക്ഷ്യം അവരിൽ ഉറപ്പാക്കിയതുകൊണ്ട് (അദ്ധ്യായം 17). എപ്രകാരം ഉറപ്പിച്ചു? അത്ഭുതവരങ്ങളാൽ. എപ്പോഴാണ് അവർക്ക് ഈ വരങ്ങൾ ലഭിച്ചത്? അത്ഭുതവരങ്ങൾ അവർക്കു പകർന്നുകിട്ടിയത് പൗലോസ് അവരോടൊപ്പം പതിനെട്ടുമാസം നീണ്ട സഹവാസം നടത്തിയ കാലഘട്ടത്തിലായിരിക്കാമെന്നു (അപ്പ 18) ന്യായമായും നമുക്കു അനുമാനിക്കാം – കൊരിന്തുസഭയിലെ പല അംഗങ്ങൾക്കും ആത്മവരങ്ങൾ പകർന്നു നൽകാൻ ആവശ്യമായത്രയും സമയം പൗലോസ് അവിടെയുണ്ടായിരുന്നു. 1 കൊരിന്ത്യർ 2:4–5 വാക്യങ്ങളിലൂടെ പൗലോസ് ഇക്കാര്യം സൂചിപ്പിക്കുന്നു.

ആത്മാവിന്റെ അത്ഭുതവരങ്ങൾ സ്വന്തമാക്കാൻ കഴിഞ്ഞിരുന്നത് കൊരിന്തിലുള്ളവർക്കു മാത്ര മല്ല, ആദിമസഭകളിൽ മിക്കവാറും എല്ലാറ്റിലുമായിരുന്നു (ഗലാത്യർ 3:5, എഫേസ്യർ 1:17, 1 തെസ്സ ലോനിക്യർ 5:19, 2 തിമോത്തി 1:6), മറ്റുള്ളവർക്കാകട്ടെ അപ്പസ്തോലന്റെ സന്ദർശനത്തിലൂടെ ഉടൻ ലഭിക്കാൻ ഇടയാകുമെന്നും (റോമർ 1:11) നാം കാണുന്നു. യഥാർത്ഥ അന്യഭാഷയെ അനുകരിച്ച് വ്യാജഭാഷ സംസാരിച്ചവർ, ഇന്നു ചെയ്യുന്നതുപോലെ, അന്നും കൊരിന്ത്യ സഭയിലുണ്ടായിരുന്നു, ആത്മാവിന്റെ അത്ഭുതവരമായി ലഭിച്ച ഭാഷാവരം അവരുടെ ഇടയിൽ ഇല്ലായിരുന്നു എന്ന് ഇതി നർത്ഥമില്ല.

## 1 കൊരിന്ത്യർ 12

അധികം വലിച്ചു നീട്ടാതെയും സൈദ്ധാന്തികമായി സംസാരിക്കാതെയും ഈ അദ്ധ്യാ യത്തെക്കുറിച്ചു സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. താത്കാലികമായ ആശയക്കുഴപ്പങ്ങൾ ദുരീ കരിക്കാനും ആരാധനയിൽ വലിയ ഭക്തികൊണ്ടുവരുവാനുമായി ഈ അദ്ധ്യായത്തിന്റെ പരിശോ ധന നമ്മെ സഹായിക്കും.

> 1സഹോദരന്മാരേ, ആത്മീക വരങ്ങളെക്കുറിച്ച് നിങ്ങൾ അറിവില്ലാത്തവർ ആയിരിക്കരുതെന്ന് ഞാൻ ആഗ്രഹിക്കുന്നു. 2നിങ്ങൾ ജാതികൾ ആയിരുന്നപ്പോൾ നിങ്ങളെ നടത്തിയതുപോലെ ഊമവിഗ്രഹങ്ങ ളുടെ അടുക്കലേക്കു വഴി തെറ്റിപ്പോയിരുന്നുവെന്ന് നിങ്ങൾ അറിയുന്നുവല്ലോ. 3ആകയാൽ ദൈവാ ത്മാവിൽ സംസാരിക്കുന്നവൻ ആരും യേശു ശപിക്കപ്പെട്ടവൻ എന്നു പറയുകയില്ല; പരിശുദ്ധാത്മാ വിൽ അല്ലാതെ യേശു കർത്താവാകുന്നു എന്നു പറയുവാൻ ആർക്കും കഴിയുകയില്ല എന്ന് ഞാൻ നിങ്ങളെ ഗ്രഹിപ്പിക്കുന്നു (1 കൊരിന്ത്യർ 12:1-3).

വാക്യം 1: നിങ്ങൾ അറിവില്ലാത്തവർ ആയിരിക്കരുതെന്ന് ഞാൻ ആഗ്രഹിക്കുന്നു - അവർക്ക് അറിവില്ലായ്മ ഉണ്ടായിരുന്നുവെന്നാണ് ഇതിന്റെ അർത്ഥം. ആത്മവരങ്ങളാൽ സമ്പുഷ്ടമായ ഒരു കൂട്ടായ്മയായിരുന്നു അവരുടേതെങ്കിലും (1:4-7), അവരെ ആത്മീകരെന്നു അഭിസംബോധന ചെയ്യാൻ പൗലോസിനു കഴിയുന്നില്ലായിരുന്നു. (3:1 എന്നാൽ സഹോദരന്മാരേ, ജഡികരോട് എന്നപോലെയും ക്രിസ്തുവിൽ ശിശുക്കളോട് എന്നപോലെയുമല്ലാതെ ആത്മീകരോട് എന്നപോലെ നിങ്ങളോടു സംസാരി ക്കാൻ എനിക്ക് കഴിഞ്ഞില്ല). അവരുടെ രീതികളിലും ഭാവങ്ങളിലും അവർ ഇപ്പോഴും ബാലിശമായ അവസ്ഥയിൽ തന്നെയായിരുന്നു. ആത്മവരങ്ങൾ കൊരിന്തുകാരുടെ ഇടയിൽ ഉണ്ടായിരുന്നു, എന്നാൽ അവർ ആ വരങ്ങളെ ഉപയോഗിച്ചത് ഗർവ്വോടെയും കുഴഞ്ഞുമറിഞ്ഞ രീതിയിലുമായിരുന്നു. യുക്തി പൂർണ്ണതയും, ക്രമവും, സർവ്വോപരി സ്നേഹവും അവരുടെ ഇടയിൽ നിന്നും അപ്രത്യക്ഷമായിരു ന്നു.

വാക്യം 2: കൊരിന്തുകാരുടെ വിജാതീയ പശ്ചാത്തലത്തെക്കുറിച്ചുള്ള വ്യക്തമായ ഒരു പരാ മർശമാണിത്. റോമാസാമ്രാജ്യത്തിലെ മറ്റു രാജ്യങ്ങളെപ്പോലെതന്നെ കൊരിന്തിലും അനേകം കരി സ്മാറ്റിക് ഉപാസനാരീതി സംഘങ്ങൾ (ദുരുപദേശസംഘങ്ങൾ) നിലനിന്നിരുന്നു. ഇത്തരം സംഘ ങ്ങളുടെ ഉപാസനാരീതികൾ കൊരിന്തിലെ സഭയുടെ രീതികളിൽ കയറിക്കൂടിയിരുന്നു എന്നു നമുക്കു കാണാൻ സാധിക്കും. (പത്തൊൻപതാം അദ്ധ്യായത്തിൽ ഇത്തരം ദുരുപദേശസംഘങ്ങളെക്കുറിച്ച് വിശദമായിത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്). വിജാതീയ മതരീതികളുടെ യുക്തിരാഹിത്യത്തെക്കുറിച്ച് പ്ലേറ്റോ ഇപ്രകാരം എഴുതിയിരിക്കുന്നു. ഏകവിഷയാസ്ക്തമായ ഒരു രീതിയിലൂടെയാണ് നമ്മിലേക്ക് അനുഗ്രഹങ്ങൾ വരുന്നത് (ഫേദ്രസ് എന്ന പുസ്തകത്തിൽ), ശരിയായതും യുക്തിസഹമായതു മായ മനസ്സുള്ള ഒരുവനും ഇതുപോലുള്ള ഒരു ദിവ്യത്വവും മഹത്വവും കൈവരിച്ചിട്ടില്ല (തിമേയുസ്). ക്രിസ്ത്യാനിയാകുന്നതിനുമുമ്പ് കൊരിന്തുകാർ തങ്ങളുടെ യുക്തിയും മനശക്തിയും അവരുൾപ്പെ ട്ടിരുന്ന യവന ദുരുപദേശസംഘങ്ങൾക്ക് അടിമപ്പെടുത്തി, വൈകാരികമായ ഒരു മായാലോകത്തിൽ ജീവിച്ച അനുഭവങ്ങളെക്കുറിച്ച് പൗലോസ് അവരെ ഓർമ്മപ്പെടുത്തുന്നു.

നിങ്ങളെ നടത്തിയതുപോലെ, വഴിതെറ്റിപ്പോയിരിക്കുന്നു എന്നീ ശക്തമായ വാക്കുകളാൽ കൊരിന്തുകാർക്ക് തങ്ങളുടെ ക്രിസ്തീയജീവിതത്തിനുമുമ്പുണ്ടായ അനുഭവങ്ങളുടെ വാസ്തവാവ സ്ഥയെ പൗലോസ് ചോദ്യം ചെയ്യുന്നു. ആത്മാവിന്റെ അത്ഭുതവരങ്ങൾ കൊരിന്തിലെ സഭയിൽ നിലനിന്നിരുന്നത് നാം ഇവിടെ ഓർക്കണം, എന്നിരിക്കെത്തന്നെ, പൗലോസ്, അവർ പ്രാധാന്യം നൽകിയ കാര്യങ്ങളിൽ അവർക്കു സംഭവിച്ച പിഴവിനെക്കുറിച്ച് അവരെ ശാസിക്കുന്നു, അവർക്കുണ്ടാ യിരുന്ന ഉത്സാഹത്തെക്കുറിച്ചല്ല.

അവരുടെ വിജാതീയാനുഭവങ്ങളെ പൗലോസ് തള്ളിക്കളയുന്നു, അതോടൊപ്പം അവരുടെ തെറ്റായ സിദ്ധാന്തങ്ങളുടെ കേന്ദ്രബിന്ദുവിനെയും. ദൈവത്തെ അനുസരിക്കുന്നതിനു പകരം ദൈവത്തെ അനുഭവിക്കുക എന്നതാണ് അന്ധവിശ്വാസജഡിലമായ പഠിപ്പിക്കലുകളുടെ കേന്ദ്രബി ന്ദു. കഴിഞ്ഞകാലഘട്ടങ്ങളിൽ അവർ വഴിതെറ്റിച്ചു നടത്തിക്കപ്പെട്ടയാളുകളായിരുന്നു. അതേ മാനസി

കവ്യാപാരം അവരുടെ ക്രിസ്തീയ ജീവിതത്തിലേക്കും നുഴഞ്ഞുകയറിയിരിക്കുന്നതായി പൗലോസിനു മനസ്സിലായി. ഇന്നത്തെ നവപെന്തക്കോസ്തു വൃത്തങ്ങളെ സംബന്ധിച്ചും ആത്മാവിനാൽ നയിക്കപ്പെടുകയെന്നത് വേദപുസ്തകവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു നിലവാരത്തിലിരിക്കുന്ന കാര്യമാണ്. ആത്മാവിനാൽ നയിക്കപ്പെടുകയെന്നത് നമ്മുടെ ബുദ്ധിയെയും യുക്തിയെയും വികാരങ്ങൾക്ക് അടിയറവയ്ക്കുകയെന്നതല്ല, പകരം വേദപുസ്തകത്തിലൂടെ വെളിപ്പെടുത്തിയിരിക്കുന്ന ദൈവഹിതത്തിനനുസൃതമായി നമ്മുടെ ചിന്തകളെയും ജീവിതത്തെയും പരിപാകപ്പെടുത്തുക എന്നതാണ്. ആത്മാവിനാൽ നയിക്കപ്പെടേണ്ട എന്നു പറയാൻ നമ്മിലാർക്കെങ്കിലും കഴിയുമോ? (അദ്ധ്യായം 9 കാണുക).

വാക്യം 3: ഈ വാക്യം പലർക്കും ആശയക്കുഴപ്പമുണ്ടാക്കുന്ന ഒന്നാണ്, അതിനാൽത്തന്നെ ഈ വാക്യത്തെക്കുറിച്ച് അനേകം സിദ്ധാന്തങ്ങളും ഉരുത്തിരിഞ്ഞിരിക്കുന്നു. ഒരു വിശദീകരണമെന്തെന്നാൽ കൊരിന്ത്യയിലുള്ളവർ കടന്നുപോയ വലിയ പീഡനമാണ് ഒരു കാരണം എന്നതാണ് (7:6), യേശുവിനെ തള്ളിപ്പറയാൻ വരെ അവരിൽ സമ്മർദ്ദം ചെലുത്തപ്പെട്ടു. രണ്ടാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ (എഡി 112) ബിത്നിയയിലെ റോമൻ ഗവർണ്ണറായിരുന്ന പ്ലിനി, ട്രാജൻ ചക്രവർത്തിക്ക് (എഡി 98–117) തന്റെ പ്രവിശ്യയിലുള്ള ക്രിസ്ത്യാനികളെക്കുറിച്ച് എഴുതിയ കത്തിൽ ഇപ്രകാരം വായിക്കുന്നു:

> ക്രിസ്ത്യാനികളായിരുന്ന ചിലർ... (വിജാതീയ) ദൈവത്തെ ഏറ്റുപറയുകയും ക്രിസ്തുവിനെ ശപിക്കുകയും ചെയ്തു... സത്യക്രിസ്ത്യാനികളെ നിർബന്ധിക്കാൻ പാടില്ലാത്ത ഒരു കാര്യമാണതെന്ന് കരുതപ്പെടുന്നു. (എപിസ്റ്റിൽസ് 10.96).

കഠിനസമയങ്ങളിൽ പരിശുദ്ധാത്മാവു വന്ന് വിശ്വാസികളുടെ വായിൽ സംസാരിക്കാനായി വാക്കുകൾ അത്ഭുതകരമായി നൽകുമെന്നാണ് ധാരണ. അതാണ് മൂന്നാം വാക്യത്തിൽ, ദൈവാത്മാവിൽ സംസാരിക്കുക എന്ന പൗലോസിന്റെ വാചകത്തിൽ ഉൾക്കൊണ്ടിരിക്കുന്നത്. ലൂക്കോസ് 21:15, മത്തായി 10:19–20 തുടങ്ങിയ വാക്യങ്ങളിൽ യേശു നൽകിയ ഈ വാഗ്ദാനം നമുക്കു കാണാനും കഴിയും. സകല ക്രിസ്ത്യാനികളുടെയും സകലവാക്കുകൾക്കും ഈ വാഗ്ദാനം ബാധകമാണെന്നു കരുതുന്നത്, ഈ വചനത്തെ അതിന്റെ ശരിയായ അർത്ഥത്തിൽ നിന്നും പിഴുതെറിയുന്നതിനു തുല്യമാണ്, കാരണം പ്രധാനമായും അപ്പസ്തോലന്മാരെ ലക്ഷ്യമാക്കി നൽകിയ ഒരു വാഗ്ദാനമാണത്. (എങ്കിലും ആ വാഗ്ദാനം ചിലതു നമുക്കും നീക്കിവയ്ക്കുന്നുണ്ട് – ഇല്ലേ?)

രണ്ടാമത്തെ വിശദീകരണം സ്നാനത്തിനു മുമ്പുള്ള വിശ്വാസത്തിന്റെ ഏറ്റുപറച്ചിലിനെ (1 തിമോത്തി 6:12, റോമർ 10:9) സംബന്ധിച്ചാണ് ഇവിടെ സംസാരിക്കുന്നത് എന്നതാണ്. സ്നാനസമയത്ത് ഈ ഏറ്റുപറച്ചിൽ നിലനിന്നിരുന്നു എന്നു വിശ്വസിക്കുന്നവരാണ് ബൈബിൾ പണ്ഡിതരിൽ ഭൂരിഭാഗവും. എന്നാൽ പരിശുദ്ധാത്മാവിന്റെ അത്ഭുതവരത്താലാണ് (ഇതിനെക്കുറിച്ചാണ് മൂന്നാം വാക്യത്തിൽ പൗലോസ് സംസാരിക്കുന്നത്) ഈ ഏറ്റുപറച്ചിൽ നാം നടത്തുന്നത് എന്നു നിർദ്ദേശിക്കുന്നത് ശരിയല്ല, കാരണം പരിശുദ്ധാത്മാവ് ഒരുവനിൽ ആവസിക്കാതെ ആത്മാവിൽ ഒരുവൻ സംസാരിക്കുന്നു എന്നു പറയാൻ കഴിയില്ല. ഒരുവൻ ക്രിസ്തുവചനങ്ങളെ പാലിച്ച് ക്രിസ്ത്യാനിയാകുന്ന മാത്രയിലാണ് പരിശുദ്ധാത്മാവിനെ അവനു ലഭ്യമാകുന്നത് (അപ്പ 5:32). സ്നാനത്തിനുമുന്നേ നിറവേറ്റപ്പെടേണ്ട ഒരു സംഗതിയാണ് ഈ ഏറ്റുപറച്ചിൽ എന്നതിനാൽ, ഇതിനെക്കുറിച്ചാണ് പൗലോസ് ഇവിടെ സൂചിപ്പിക്കുന്നതെന്നു കരുതാൻ ന്യായമില്ല.

മൂന്നാമത്തെ സാദ്ധ്യതയെന്നത് മറ്റു ദുരുപദേശസംഘങ്ങളുടെ പഠിപ്പിക്കലുകളെ മനസ്സിൽകണ്ടാണ് പൗലോസ് ഇതെഴുതിയത് എന്ന നിഗമനമാണ്. സഭാചരിത്രരചയിതാവായ ഒറിഗൻ സൂചിപ്പിക്കുന്നതുപോലെ, പിന്നീടു കാലഘട്ടങ്ങളിൽ കണ്ടുവന്ന ജ്ഞാനാധിഷ്ഠിത സംഘമായ ഓഫൈറ്റ് പോലെയുള്ള കൂട്ടങ്ങളെക്കുറിച്ചാകാം.(1) (അവർ യേശുവിനെ ശപിച്ച്, കുരിശിൽ സർപ്പത്തെ ഉയർത്തി വണങ്ങുന്നവരായിരുന്നു). ക്രിസ്ത്യാനികൾ പോലുമല്ലാത്ത ഇത്തരക്കാരെക്കുറിച്ചാണ് പൗലോസ് ഇവിടെ സംസാരിക്കുന്നത് എന്നു കരുതാനും ന്യായമില്ല. എങ്കിൽപ്പിന്നെ കൊരിന്തുകാരുമായുള്ള ബന്ധത്തിൽ പൗലോസ് ഇപ്രകാരമൊരു പ്രസ്താവന നൽകിയിരിക്കുന്നതിന്റെ കാരണമെന്താണ്?

നാലാമത്തെ സാദ്ധ്യത – യേശു കർത്താവാണ് എന്ന് ഒരു തത്തയെപ്പോലെ ഏറ്റുപറയുന്ന ഏവനും രക്ഷക്കർഹനാകുന്നു എന്ന വാദമാണ്. തീർച്ചയായും അത്തരമൊരു വാദത്തിന് വചനം ഇടനൽകുന്നില്ല (മത്തായി 7:21, ലൂക്കോസ് 6:46). പിന്നെ ഈ വേദഭാഗത്തിന്റെ അർത്ഥമെന്താണ്?

ഒരാൾ ദൈവാത്മാവിനാലുള്ള പ്രചോദനത്താലാണു സംസാരിക്കുന്നതെന്നു വിവേചിക്കാനുള്ള ഒരു മാനദണ്ഡമാണ് പൗലോസ് ഇവിടെ നിർവ്വചിക്കുന്നത് – അയാൾ പറഞ്ഞതിന്റെ അന്തസത്തയെ പരിശോധിക്കുക എന്നതാണത്. പറഞ്ഞതിന്റെ ഉള്ളടക്കം ദൈവവചനത്തിനു വിരുദ്ധമോ

യുക്തിയെ ഹനിക്കുന്നതോ ആണെങ്കിൽ, അയാളുടെ സന്ദേശത്തെ നമുക്കു സുരക്ഷിതമായി അവ ഗണിക്കാം. (1 കൊരിന്ത്യർ 14:29, 1 തെസ്സലോനിക്യർ 5:19-22 എന്നീ വചനങ്ങൾ ആദ്യനൂറ്റാണ്ടിലെ സ്വീകർത്താക്കളോട് പ്രവാചകസന്ദേശങ്ങളുടെ അന്തസത്ത മനസ്സിലാക്കാൻ ഉദ്ബോധിപ്പിക്കുന്നതു നമുക്കു കാണാം). ഇതൊന്നു സങ്കൽപ്പിക്കുക: കൊരിന്തു സഭയുടെ ആരാധനയ്ക്കിടയിൽ ഒരുവൻ എഴുന്നേറ്റുനിന്നു പ്രവചിക്കാൻ തുടങ്ങുന്നു. ശബ്ദമുയർത്തി ആവേശത്തോടെ സംസാരിക്കുന്നെങ്കിലും അയാൾ പറയുന്നത് വചനത്തിനെതിരാണെന്നിരിക്കട്ടെ. അതിനാൽത്തന്നെ, എത്രമാത്രം വിശ്വാസയോഗ്യമാണെന്നു തോന്നിയാലും അയാൾ പറയുന്നത് വചനവിരുദ്ധമാണെങ്കിൽ അതു സ്വീകാര്യയോഗ്യമല്ല. യഥാർത്ഥ പ്രവചനത്തെ മനസ്സിൽ കണ്ടുകൊണ്ടാണ് പൗലോസ് മൂന്നാം വാക്യം എഴുതിയിരിക്കുന്നത്. ആ പ്രവചനം യേശുവിനെ കർത്താവായി ഉയർത്തുന്നുണ്ടോ? കർത്താവെന്ന നിലയിൽ അവനെ അനുസരിക്കാൻ നമ്മെ വിളിക്കുന്ന ഒരു പ്രവചനമാണോ അത്?

---

4വിവിധകൃപാവരങ്ങൾ ഉണ്ട്; എന്നാൽ ആത്മാവ് ഒന്നത്രേ. 5വിവിധ ശുശ്രൂഷകൾ ഉണ്ട്; എന്നാൽ കർത്താവ് ഒരുവനത്രേ. 6പ്രവൃത്തികളിൽ വ്യത്യാസം ഉണ്ട്; എങ്കിലും എല്ലാവരിലും എല്ലാം പ്രവർത്തിക്കുന്ന ദൈവം ഒരുവൻ ആകുന്നു. 7എന്നാൽ ഓരോരുത്തനും ആത്മാവിന്റെ പ്രകാശനം പൊതുപ്രയോജനത്തിനായി നൽകപ്പെടുന്നു. 8ഒരുവന് ആത്മാവിനാൽ ജ്ഞാനത്തിന്റെ വചനവും മറ്റൊരുവന് അതേ ആത്മാവിനാൽ പരിജ്ഞാനത്തിന്റെ വചനവും നൽകപ്പെടുന്നു; 9മറ്റൊരുവന് അതേ ആത്മാവിനാൽ വിശ്വാസം, മറ്റൊരുവന് അതേ ആത്മാവിനാൽ രോഗശാന്തിയുടെ വരങ്ങൾ, 10മറ്റൊരുവന് അത്ഭുതപ്രവൃത്തികൾ, മറ്റൊരുവന് പ്രവചനം, മറ്റൊരുവന് ആത്മാക്കളുടെ വിവേചനം, മറ്റൊരുവന് പലവിധ ഭാഷകൾ, മറ്റൊരുവന് ഭാഷകളുടെ വ്യാഖ്യാനം. 11എന്നാൽ ഇതെല്ലാം പ്രവർത്തിക്കുന്നത് ഒരേ ആത്മാവുതന്നെ; അവൻ താൻ നിശ്ചയിക്കുന്നതുപോലെ ഓരോരുത്തനും അതതു കൃപാവരം നൽകുന്നു (1 കൊരിന്ത്യർ 12:4-11).

വാക്യം 4-6 വരെ: വരങ്ങളുടെ കാര്യത്തിൽ കൊരിന്തുകാരുടെ ഇടയിലുള്ള വിഭജനം വളരെ വ്യക്തമാണ്. (ഇതിന് ഏകദേശം സമാനമായ എഫേസ്യർ 4:4-6 കൂടി നോക്കുക). ആത്മാവിന്റെ ഈ വരങ്ങളെല്ലാം നൽകുന്നത് ദൈവമൊരുവനാകയാൽ കൊരിന്തുകാരുടെ ഇടയിലുള്ള വിഭജനങ്ങൾക്കും ഐക്യമില്ലായ്മക്കും കാരണം ദൈവമല്ലായെന്ന് അവരെ മനസ്സിലാക്കാൻ പൗലോസ് ഇവിടെ ഉദ്ദേശിക്കുന്നു. അവരുടെ ഇടയിലുള്ള അച്ചടക്കമില്ലായ്മയും സ്നേഹരാഹിത്യവും മൂലം ദൈവവരങ്ങൾ അവർക്കൊരു ശാപമായി വന്നു ഭവിച്ചിരിക്കുന്നു.

വാക്യം 7: പൊതുവായിട്ടുള്ള പ്രയോജനത്തിനായാണ് ആത്മവരങ്ങൾ നൽകപ്പെട്ടിരിക്കുന്നത്, സ്വന്തമായ വലിയഭാവമുണ്ടാകുന്നതിനു വേണ്ടിയല്ല. ഒന്നരവർഷക്കാലത്തെ (അപ്പ 18:11) തന്റെ വാസക്കാലത്ത് നിരന്തരമായി പൗലോസ് അവരെ ഇക്കാര്യത്തിൽ ബോധവൽക്കരിക്കാൻ ശ്രമിച്ചിരിക്കാം, എന്നിരുന്നാലും കൊരിന്തുകാർക്ക് വേണ്ടവിധത്തിൽ ഇക്കാര്യം മനസ്സിലായില്ല. തന്റെ സാക്ഷ്യം അവരിൽ ഉറപ്പിക്കുന്നതിനുവേണ്ടി, പൗലോസ് അവരിൽ നിരവധിപേർക്ക് ആത്മവരങ്ങളെ പകർന്നു നൽകിയിരുന്നു (1 കൊരിന്ത്യർ 1:4-7, 2:4-5, 2 കൊരിന്ത്യർ 12:12). ഇരുപതാം അദ്ധ്യായത്തിൽ നാം പഠിച്ചതുപോലെ തന്റെ കൈവയ്പുവഴിയായിരിക്കാം അദ്ദേഹമിതു ചെയ്തത്.

കൊരിന്ത്യൻ സഭയിൽ ആത്മീയ വരങ്ങൾ പകർന്നു കൊടുത്തപ്പോൾ അതുസഭയെ വിഭജിക്കാനുള്ള ഒരു സംഗതി ആയിത്തീരുവാൻ ഉദ്ദേശിച്ചില്ലായിരുന്നു എന്നാണ് പൗലോസ് പറയുന്നത് - വരങ്ങൾ ഉള്ളവരും ഇല്ലാത്തവരും തമ്മിലോ, ശ്രേഷ്ടവരങ്ങൾ ഉള്ളവരും അത്രയ്ക്ക് ശ്രദ്ധിക്കപ്പെടാത്ത വരങ്ങൾ ഉള്ളവരും തമ്മിലോ ഉള്ള ഒരു വലുപ്പചെറുപ്പ താരതമ്യമുണ്ടാകാൻ വേണ്ടിയായിരുന്നില്ല. ഈ വരങ്ങളെല്ലാം പകർന്നുകൊടുത്തത് അവർ വരങ്ങളെ മാനിക്കാനും ദൈവമഹത്വത്തിന് അവ ഉപകരിക്കാനും, കൂട്ടായ്മയെ പരിപുഷ്ടിപ്പെടുത്താനും, നഷ്ടാത്മാക്കളെ ബോധ്യപ്പെടുത്താനും വേണ്ടിയായിരുന്നു. എന്നാൽ എന്തൊരു ദുരവസ്ഥയായിരുന്നു അവരുടെയിടയിൽ വന്നു ചേർന്നത്?

ഓരോരുത്തർക്കും എന്ന വാക്കുതന്നെ പൗലോസ് ഉപയോഗിച്ചിരിക്കുന്നതു ശ്രദ്ധിക്കുക. എല്ലാ ശിഷ്യന്മാർക്കും വരങ്ങൾ ലഭിച്ചിട്ടുണ്ടെന്നാണ് അതുവഴി പൗലോസ് സൂചിപ്പിക്കുന്നത് - ഏഴാം അദ്ധ്യായത്തിൽ നാം കണ്ടതുപോലെ.

വാക്യം 8-10: ഓരോ വരത്തെയും കുറിച്ചു വിശദമായി സംസാരിക്കുകയെന്നത് ഈ അദ്ധ്യായത്തിന്റെ ഉള്ളടക്കത്തിനു ചേരുന്നതല്ല, എന്നിരുന്നാലും ഇവിടെ പരാമർശിക്കുന്ന ഭൂരിഭാഗം വരങ്ങളും അത്ഭുതവരങ്ങളാണെന്നു നമുക്കു കാണാൻ കഴിയും. എടുത്തുപറയത്തക്ക കാര്യമെന്തെന്നാൽ ഈ വരങ്ങളെല്ലാം സഭയിൽ ചേർച്ചയൊപ്പിച്ച് ഇടകലർത്തിയിരിക്കുന്നത് ഒരേ ആത്മാവാണ് എന്നതിനെക്കുറിച്ചു പൗലോസ് ഊന്നി പറയുന്നു എന്നതാണ്.

വാക്യം 11: ദൈവഹിതപ്രകാരമാണ് ഈ വരങ്ങൾ വിതാനിച്ചിരിക്കുന്നത് (എബ്രായർ 2:4). ഏതു വരം വേണമെന്നു ആഗ്രഹിക്കാനും തിരഞ്ഞെടുക്കാനും ആരാലും കഴിയുകയില്ല. ദൈവത്തിന്റെ ജ്ഞാനത്താലാണ് ഇതു നല്കപ്പെട്ടിരിക്കുന്നത്, മനുഷ്യരുടെ ഭ്രമത്തെ അടിസ്ഥാനപ്പെടുത്തിയല്ല.

———

12ശരീരം ഒന്നും, അതിന് അവയവങ്ങൾ പലതുമാകുന്നു; ശരീരത്തിന്റെ അവയവങ്ങൾ പലതാണെങ്കിലും എല്ലാം ഒരു ശരീരമായിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും. 13യെഹൂദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രന്മാരോ ആരായിരുന്നാലും നാം എല്ലാവരും ഏകശരീരമായിത്തീരുവാൻ ഒരേ ആത്മാവിനാൽ സ്നാനമേറ്റു; ഒരേ ആത്മാവിനെ പാനം ചെയ്യുകയും ചെയ്തു. 14ശരീരം ഒരു അവയവമല്ല, പലതത്രേ. 15ഞാൻ കൈ അല്ലാത്തതുകൊണ്ട് ശരീരത്തിലുള്ളതല്ല എന്ന് കാൽ പറയുന്നുവെങ്കിൽ, അക്കാരണത്താൽ അതു ശരീരത്തിന്റെ ഭാഗമല്ലാതാകുന്നില്ല. 16ഞാൻ കണ്ണ് അല്ലാത്തതുകൊണ്ട് ശരീരത്തിലുള്ളതല്ല എന്ന് ചെവി പറയുന്നുവെങ്കിൽ, അക്കാരണത്താൽ അതു ശരീരത്തിന്റെ ഭാഗമല്ലാതാകുന്നില്ല. 17ശരീരം മുഴുവൻ കണ്ണ് ആയാൽ കേൾക്കുന്നതെങ്ങനെ? മുഴുവൻ ചെവി ആയാൽ ഗന്ധമറിയുന്നതെങ്ങനെ? 18ദൈവമോ തന്റെ ആഗ്രഹമനുസരിച്ച് അവയവങ്ങളെ ശരീരത്തിൽ പ്രത്യേകമായി ക്രമീകരിച്ചിരിക്കുന്നു. 19സകലതും ഒരു അവയവമാകുന്നുവെങ്കിൽ ശരീരം എവിടെ? 20എന്നാൽ അവയവങ്ങൾ പലതാണെങ്കിലും ശരീരം ഒന്നത്രേ. 21കണ്ണ് കൈയോട്: നിന്നെക്കൊണ്ട് എനിക്ക് ആവശ്യമില്ലെന്നും, തല കാലുകളോട്: നിങ്ങളെക്കൊണ്ട് എനിക്ക് ആവശ്യമില്ല എന്നും പറയുവാൻ സാദ്ധ്യമല്ല. 22ശരീരത്തിൽ ബലഹീനമെന്നു തോന്നുന്ന അവയവങ്ങൾ ഒഴിച്ചുകൂടാൻ കഴിയാത്തവയാണ്. 23ശരീരത്തിൽ മാന്യത കുറഞ്ഞതെന്നു തോന്നുന്നവയ്ക്ക് നാം അധികം മാന്യത നൽകുന്നു; നമ്മിൽ അഴക് കുറഞ്ഞവയ്ക്ക് അധികം അഴകു വരുത്തുന്നു; 24നമ്മിൽ അഴകുള്ള അവയവങ്ങൾക്ക് അതിന്റെ ആവശ്യമില്ലല്ലോ. ദൈവം കുറവുള്ളതിന് അധികം മാന്യത കൊടുത്തുകൊണ്ട് ശരീരത്തെ കൂട്ടിച്ചേർത്തിരിക്കുന്നു. 25ശരീരത്തിൽ ഭിന്നതവരാതെ അവയവങ്ങൾ അന്യോന്യം ഒരുപോലെ കരുതേണ്ടതിനായിത്തന്നെ. 26അതിനാൽ ഒരു അവയവം കഷ്ടത അനുഭവിക്കുന്നുവെങ്കിൽ അവയവങ്ങളൊക്കെയും അതിനോടുകൂടെ കഷ്ടത അനുഭവിക്കുന്നു; ഒരു അവയവത്തിനു മാന്യത ലഭിച്ചാൽ അവയവങ്ങളൊക്കെയും അതിനോടുകൂടെ സന്തോഷിക്കുന്നു. 27നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഒരോരുത്തനും അതിന്റെ അവയവങ്ങളും ആകുന്നു (1 കൊരിന്ത്യർ 12:12-27).

വാക്യം 12–27: പതിമൂന്നാം വാക്യത്തിന് ഊന്നൽ കൊടുത്തു നാം സംസാരിക്കുമ്പോൾ, പരിശുദ്ധാത്മാവിലുള്ള സ്നാനത്തെക്കുറിച്ചാണ് ഇവിടെ പറയുന്നത് എന്നു കാണാൻ കഴിയും. ആത്മാവിനാൽ എന്നോ, ആത്മാവിലൂടെ എന്നോ, ആത്മാവിൽ ഏന്നോ ഒക്കെ ഇവിടെ ഉപയോഗിച്ച ഗ്രീക്കു വാക്കിനെ ഉപയോഗിക്കാൻ പറ്റും എന്ന് ഇഗ്ലീഷ് ഭാഷയിലേക്കു തർജ്ജമചെയ്തവർ ചുവടുകുറിപ്പായി നൽകിയിരിക്കുന്നത് വാസ്തവമാണ്. ഈ വാക്കിന്റ കൃത്യതയെക്കുറിച്ചുള്ള ചർച്ചയല്ല നമ്മെസംബന്ധിച്ച് പ്രധാനം. പകരം പൗലോസ് ഇവിടെ ഉന്നയിക്കുന്ന പ്രധാനവസ്തുത മനസ്സിലാക്കലാണ്. ഒരേ ആത്മാവാലാണ് കൊരിന്തുകാർക്ക് ഈ വരങ്ങളെല്ലാം ലഭ്യമാക്കിയിരിക്കുന്നത്, ആകയാൽ അവർ പരിപൂർണ്ണ ഐക്യത്തിൽ നിലനിൽക്കണം എന്നതാണ് പൗലോസിന്റെ നിലപാട്. അവരെയെല്ലാം ഒരേ ശരീരത്തിലെ അംഗങ്ങളായി കൂട്ടിച്ചേർത്തിരിക്കയാൽ അവർ പരസ്പരം കരുതൽ ഉള്ളവരാകണം (വാ 25–26, റോമർ 12:5 എന്നിവ കൂടി നോക്കുക). ഇത് അവരുടെ പരിവർത്തനത്തെയാണ് സൂചിപ്പിക്കുന്നത്, വേറെയെന്തെങ്കിലും വിശേഷാനുഭവങ്ങളെക്കുറിച്ചല്ല. സ്നാനത്തിലൂടെയാണ് അവർ ക്രിസ്തുവിന്റെ ശരീരമായ സഭയുടെ അംഗങ്ങളായത്. ഒരേ ആത്മാവിനെ പാനം ചെയ്യുകയെന്നത് (1) ക്രിസ്തുവിലുള്ള പരിശുദ്ധാത്മാവിനെ നുകരുന്നതിനെക്കുറിച്ചോ (എബ്രായർ 6:4–5), (2) പരിശുദ്ധാത്മാവിനെ അകമേവസിക്കാനായി നൽകുന്നതിനെക്കുറിച്ചോ (അപ്പ 2:38, ഗലാത്യർ 3:26–27, 4:6) ആയിരിക്കാം. കൊരിന്ത്യ സഭയിൽ ബന്ധങ്ങൾ തകർന്നു കിടക്കുകയാണെന്നുള്ളത് വ്യക്തമാണ് (1:10). ആത്മാവിലെ ഐക്യമെന്ന ശക്തമായ ആയുധത്താൽ വളരെയധികം പരസ്പരാശ്രിതത്വമുള്ള ഒരു സഭയായാണ് അവർ മാറേണ്ടിയിരുന്നത്.

———

28ദൈവം സഭയിൽ ഒന്നാമത് അപ്പൊസ്തലന്മാർ, രണ്ടാമത് പ്രവാചകന്മാർ, മൂന്നാമത് ഗുരുക്കന്മാർ, തുടർന്ന് അത്ഭുതം പ്രവർത്തിക്കുന്നവർ, രോഗശാന്തിയുടെ വരമുള്ളവർ, സഹായിക്കുന്നതിനായി വരമുള്ളവർ, ഭരിക്കാനുള്ള വരമുള്ളവർ, വിവിധ ഭാഷാവരമുള്ളവർ എന്നിങ്ങനെ നിയമിച്ചിരിക്കുന്നു. 29എല്ലാവരും അപ്പൊസ്തലന്മാരോ? എല്ലാവരും ഗുരുക്കന്മാരോ? എല്ലാവരും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവരോ? 30എല്ലാവർക്കും രോഗശാന്തിക്കുള്ള വരം ഉണ്ടോ? എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നുവോ? എല്ലാവരും വ്യാഖ്യാനിക്കുന്നുവോ? 31ശ്രേഷ്ഠവരങ്ങൾക്കായി വാഞ്ചിക്കുവിൻ; ഇനി അതിശ്രേഷ്ഠമായ ഒരു മാർഗ്ഗം ഞാൻ നിങ്ങൾക്കു കാണിച്ചുതരാം (1 കൊരിന്ത്യർ 12:28-31).

വാക്യം 28: മറ്റുള്ളവരെ പ്രബോധിപ്പിക്കാൻ സഹായിക്കുന്ന വരങ്ങളെയാണ് പൗലോസ്

കൂടുതൽ പ്രാധാന്യത്തോടെ പരിഗണിക്കുന്നത്, കൂടുതൽ ശ്രദ്ധയാകർഷിക്കുന്ന തരത്തിലുള്ള (ഉദാ: ഭാഷാവരം, രോഗശാന്തി വരം) വരങ്ങളെക്കാൾ കൂടുതൽ. ഇതിനു സമാന്തരമായ ഒരു വചനം എഫേസ്യർ 4:11 ൽ നമുക്കു കാണാം. പൗലോസ് പ്രാധാന്യ നിലവാരമനുസരിച്ചു നൽകുന്ന പട്ടിക, കൊരിന്തുകാരുടെ പ്രാധാന്യ പട്ടികയുടേതിന് ഘടക വിരുദ്ധമായതാണ്. ഭാഷാവരത്തിന് പൗലോസ് നൽകുന്ന സ്ഥാനക്രമം നോക്കുക – ഏറ്റവും അവസാനം.

വാക്യം 29–30: ഈ ചോദ്യങ്ങൾക്കെല്ലാം കൂടി ഒരേ ഒരു ഉത്തരമേയുള്ളൂ, ഇല്ല എന്ന്. അന്യഭാഷയിൽ സംസാരിക്കുന്നത് രക്ഷയുടെ അടയാളമാണെന്നു പഠിപ്പിക്കുന്നവരും, പരിവർത്തനത്തിനുടനെതന്നെ പുതിയ ആളുകൾ അന്യഭാഷ സംസാരിക്കണം എന്നു പഠിപ്പിക്കുന്നവരുമൊക്കെ നമ്മുടെയിടയിൽ അനേകമായുണ്ട്.

ഗ്രീക്കു ലെക്സിക്കനിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് അർത്ഥം പറയുക എന്നതാണ് പരിഭാഷപ്പെടുത്തുക എന്നല്ല. എന്നാൽ മറ്റു ബൈബിൾ പരിഭാഷകളിൽ ഉപയോഗിച്ചിരിക്കുന്ന വാക്കാകട്ടെ പരിഭാഷപ്പെടുത്തുക എന്നവാക്കാണ്. അന്യഭാഷയുടെ ബൈബിൾ നിർവ്വചനം മുറുകെപ്പിടിക്കുന്നവർക്ക് അർത്ഥം പറയുക എന്ന വാക്കും സ്വീകാര്യമാണ്.

വാക്യം 31: അതിശ്രേഷ്ഠമായ മാർഗ്ഗത്തിൽ നാം ശ്രേഷ്ഠ വരങ്ങളെ മനസ്സിലാക്കുന്നുണ്ടോ? അപ്പസ്തോലസ്ഥാനവും പ്രവചനവും പഠിപ്പിക്കലുമൊക്കെയാണോ ശ്രേഷ്ഠവരങ്ങൾ അതോ വിശ്വാസവും പ്രത്യാശയും സ്നേഹവുമാണോ? 14:1ൽ കാണുന്നതുപോലെ ശ്രേഷ്ഠവരങ്ങൾ മറ്റുള്ളവരെ പഠിപ്പിക്കുന്നതിനെ സംബന്ധിച്ചുള്ളതാണ്. അതുകൊണ്ടുതന്നെ അതിശ്രേഷ്ഠമായ വഴി സ്നേഹത്തിന്റെ വഴിതന്നെയാണ്.

## അദ്ധ്യായം 12ന്റെ സാരാംശം

- കൊരിന്തിലെ സഭയിൽ ശരിയായ ആത്മവരങ്ങൾ നിലനിന്നിരുന്നു. കൊരിന്തിലെ തന്റെ ശുശ്രൂഷസമയത്ത് പൗലോസ് അവർക്ക് അത്ഭുതവരങ്ങൾ പകർന്നു നൽകിയിരുന്നു.
- തങ്ങളുടെ ചുറ്റുമുണ്ടായിരുന്ന വിജാതീയ കരിസ്മാറ്റിക് സമ്പ്രദായങ്ങൾ തങ്ങളുടെ ക്രിസ്തീയ ജീവിതത്തിൽ സ്വാധീനം ചെലുത്താൻ കൊരിന്തിലെ സഭാംഗങ്ങൾ അനുവദിച്ചുപോന്നു. കഴിഞ്ഞകാലത്തെ അവരുടെ ഭാവനാത്മകമതപശ്ചാത്തലത്തിൽ അവർ യുക്തിചിന്തകളെ പണയപ്പെടുത്തി ജീവിച്ചുപോന്നിരുന്നു. അത്തരം രീതികൾ സഭയിലേക്കു കൊണ്ടുവന്നാൽ വിനാശകരമായതായിത്തീരും.
- ആത്മവരങ്ങൾ വ്യക്തിപരമായ ആത്മീയാഭിവൃദ്ധി ലക്ഷ്യമാക്കി നൽകിയതല്ല, പൊതുവായ നന്മയ്ക്കായി നൽകിയതാണ്.
- കൊരിന്തുകാർ തങ്ങൾക്കു ലഭിച്ച വരങ്ങൾ ജഡികതാത്പര്യങ്ങൾക്കനുസരിച്ച് ഉപയോഗിച്ചുവന്നു. അതിന്മൂലം അനൈക്യവും താൻ പോരിമയും സഭയിൽ സൃഷ്ടിക്കപ്പെട്ടു.
- കാഴ്ചയിൽ ഭ്രമമുണ്ടാക്കുന്ന വരങ്ങളെക്കാൾ ശ്രേഷ്ഠമായ വരങ്ങൾ പഠിപ്പിക്കാനുതകുന്ന തരത്തിലുള്ള വരങ്ങളാണ്.
- അമിതമായ പ്രാധാന്യം അവർ നൽകിയ അപ്രധാന വരമാണ് അന്യഭാഷ.
- തങ്ങളുടെ കരിസ്മാറ്റിക് സിദ്ധികളെ അടിസ്ഥാനപ്പെടുത്തി കൊരിന്തുകാർ ആത്മീയമായ ഒരു പ്രമാണിത്ത തരംതിരിവ് സഭയിലേക്കു കൊണ്ടുവന്നിരുന്നു.

അതിശ്രേഷ്ഠമായ വഴിയെന്നത് സ്നേഹത്തിന്റെ വഴിയാണ്. പതിമൂന്നാം അദ്ധ്യായത്തിൽ നാം തുടർന്നു പഠിക്കാൻ പോകുന്നതുപോലെ, ഈ അതിശ്രേഷ്ഠവരത്തിന് കാഴ്ചയിൽ ഭ്രമമുണ്ടാക്കുന്ന മറ്റു വരങ്ങളുമായി യാതൊരു കാര്യവുമില്ല. എന്നാൽ എന്താണ് സ്നേഹത്തിന്റെ ഈ വഴി? ആത്മവരങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നതിനിടയിൽ സ്നേഹത്തെക്കുറിച്ചുള്ള ഒരു പ്രശംസാലേഖനം എഴുതാൻ പൗലോസിനെ പ്രേരിപ്പിച്ചതെന്താണ്?

## 1 കൊരിന്ത്യർ 13

മുഴുവൻ വേദപുസ്തകത്തിൽവച്ചു തന്നെ ഏറ്റവും പ്രശസ്തമായ ഒരു അദ്ധ്യായമാണിത്, പ്രത്യേകിച്ച് പൗലോസിന്റെ സ്നേഹസങ്കീർത്തനം. നമുക്കുസ്വയമായി ചെയ്യാവുന്ന പരീക്ഷകളിൽ ഒരുപക്ഷേ ഏറ്റവും കഠിനമായത് ഈ അദ്ധ്യായത്തിൽ എവിടെയൊക്കെ സ്നേഹമെന്ന വാക്കു പ്രത്യക്ഷപ്പെടുന്നുണ്ടോ അവിടെയൊക്കെ നമ്മുടെ പേരെഴുതി ആ വാക്യങ്ങൾക്ക് അർത്ഥമുണ്ടോയെന്നു പരിശോധിക്കുന്നതാണ്. പലപ്രാവശ്യം ഞാനിതു ചെയ്തിട്ടുണ്ട്, ഓരോപ്രാവശ്യവും ബോധ്യം നൽകുന്ന ഒരു പരീക്ഷയാണ് എനിക്കിത്.[(2)]

1ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്ക് സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങലയോ ചിലമ്പുന്ന കൈത്താളമോ അത്രേ. 2എനിക്ക് പ്രവചനവരം ഉണ്ടായിരി

ക്കുകയും സകല മർമ്മങ്ങളും സകല ജ്ഞാനവും ഗ്രഹിക്കുകയും ചെയ്താലും, മലകൾ നീക്കുവാൻ തക്ക വിശ്വാസം ഉണ്ടായാലും സ്നേഹമില്ലെങ്കിൽ ഞാൻ ഏതുമില്ല. 3എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും എന്റെ ശരീരം ദഹിപ്പിക്കുവാൻ ഏൽപ്പിച്ചാലും സ്നേഹം ഇല്ലെങ്കിൽ എനിക്ക് ഒരു പ്രയോജനവുമില്ല (1 കൊരിന്ത്യർ 13:1-3).

വാക്യം 1-3: മാലാഖമാരുടെയും മനുഷ്യരുടെയും ഭാഷകളിൽ സംസാരിക്കുന്നതിന്റെ സാദ്ധ്യതകളെക്കുറിച്ച് പൗലോസ് ചർച്ചചെയ്യുന്നു. ഗ്രീക്കു ഭാഷയിലെ ഗ്ലോസ്സാ എന്ന വാക്കിന് നാവ് എന്നവാക്കാണ് പല പഴയ വിവർത്തനങ്ങളിലും (കെജെവി പോലുള്ളവ) ഉപയോഗിച്ചിരിക്കുന്നത്, എന്നാൽ ഭാഷയെന്ന വാക്കാണ് പിന്നീടുവന്ന പരിഭാഷകളിൽ കണ്ടുവരുന്നത്. നാവ് എന്ന വാക്കിന് ഭാഷ എന്ന അർത്ഥമാണ് ആദ്യത്തെ ഇംഗ്ലീഷ് പരിഭാഷ തുടങ്ങിയ എഡി 900 വർഷത്തിൽ ഉണ്ടായിരുന്നുത്. കാലം പോയപ്പോൾ നാവ് എന്ന വാക്ക് ഉപയോഗിക്കാതെയായി, ആ വാക്കിന്റെ അർത്ഥവും മൂടുപടമണിഞ്ഞതായി. നാവ് എന്ന വാക്ക് പല പരിഭാഷകളിലും ഇപ്പോഴും ഉപയോഗിക്കുന്നുണ്ട്. പാരമ്പര്യത്തെ വിടാതിരിക്കുക എന്ന ഉദ്ദ്യേശത്തോടെയോ ഭാഷാശൈലി കാത്തുസൂക്ഷിക്കണമെന്ന ഉദ്ദ്യേശത്തോടെയോ അല്ലെങ്കിൽ നവപെന്തക്കോസ്തു വൃത്തങ്ങളുടെ പ്രീതി പറ്റണമെന്ന ഉദ്ദ്യേശത്തോടെയോ ആയിരിക്കാം ഇതു ചെയ്യുന്നത്.

മാലാഖമാരുടെ ഭാഷയെന്ന ന്യായീകരണത്തിന് കരിസ്മാറ്റിക്കുകളും മറ്റുള്ളവരും ഉപയോഗിക്കുന്നത് ഇണയില്ലാത്ത ഈ ഒറ്റവചനത്തെയാണ്. ഒളിയെഴുത്തു രീതിയിൽ (ഗ്രന്ഥകർത്താവ് മറഞ്ഞിരിക്കുന്ന രീതി) എഴുതിയിട്ടുള്ള ഇയോബിന്റെ നിയമമെന്ന പുസ്തകത്തിൽ ഇയ്യോബിന്റെ പെൺമക്കൾ മാലാഖമാരുടെ ഭാഷ സംസാരിക്കുന്നവരായിരുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അതുകാണിക്കുന്നത്, മാലാഖമാരുടെ ഭാഷമനുഷ്യർക്കു സംസാരിക്കാനാകുമെന്ന ആശയം പുരാതനമായ ഒന്നാണ് എന്നതാണ്. എന്നാൽ മാലാഖമാർക്കു ഭാഷയുണ്ടോ? മാലാഖമാരുടെ ഭാഷയെന്നു പൗലോസ് പറയുന്നത് അങ്ങനെയൊരു ഭാഷയുണ്ടെന്നുള്ളതിന്റെ സാക്ഷിപത്രമായിട്ടല്ല. ഞാൻ സ്വർഗ്ഗത്തിൽ കയറിയാൽ എന്നു സങ്കീർത്തകൻ പറയുന്നത് (139:8) ബഹിരാകാശയാത്ര നടത്തുന്നതുപോലെ ഒരു സ്വർഗ്ഗയാത്ര ഇടയ്ക്കിടയ്ക്ക് നടത്തുന്നയാളാണ് അദ്ദേഹമെന്നു പറയുന്നതല്ല. ഇതൊരു സാങ്കൽപിക കാര്യം മാത്രമാണ്, ഇതിനെ അക്ഷരാർത്ഥത്തിൽ മാത്രം എടുക്കേണ്ടതുള്ളൂ. അതിശയോക്തിപരമായ ഒരു അലങ്കാരപ്രയോഗമായാണ് പൗലോസ് ഇവിടെ ഈ പ്രയോഗം ഉപയോഗിക്കുന്നത്. മറ്റുള്ളവരെ ഇകഴ്ത്തിക്കാണിക്കാനായി ചില കൊരിന്തുകാർ തങ്ങൾ മാലാഖമാരുടെ ഭാഷ സംസാരിക്കുന്നവരാണെന്നു പൊങ്ങച്ചം പറഞ്ഞുകാണുമെന്നു വിചാരിക്കാവുന്നതുമാണ്. മാലാഖമാരുടെ വണക്കം അക്കാലഘട്ടങ്ങളിൽ ഉണ്ടായിരുന്നെന്നു പ്രത്യേകം പറയേണ്ടതുമില്ലല്ലോ (കൊലോസ്യർ 2:18)!

വാക്യം 2-3: തന്റെ വാദത്തെ ഒന്നു പൊലിപ്പിക്കാൻ വേണ്ടി പൗലോസ് ഉപയോഗിക്കുന്ന മറ്റൊരു അലങ്കാരപ്രയോഗമാണിത്. സകല മർമ്മങ്ങളും സകല ജ്ഞാനവും ഗ്രഹിക്കാൻ ആർക്കു കഴിയും? ആർക്കുമില്ല. മർക്കോസ് 11:23ലെ വാക്കുകൾ യേശു ഉച്ചരിച്ചതിനു ശേഷം എത്ര കുന്നുകൾ വിശ്വാസപുരുഷന്മാരാൽ മാറ്റിസ്ഥാപിക്കപ്പെട്ടിട്ടുണ്ട്? ഒന്നും തന്നെയില്ല. മൂന്നാം വാക്യവും ഇതുപോലെയുള്ള ഒരു അലങ്കാരപ്രയോഗമാണ്. പൗലോസ് ഇവിടെ പറയുന്ന കാര്യങ്ങളുടെ അന്തഃസത്ത ഇതാണ് - നിങ്ങൾ മാലാഖമാരുടെ ഭാഷപോലും സംസാരിച്ചാലും സകലമർമ്മങ്ങളും അറിയുന്നവരായാലും വിശ്വാസത്താൽ കുന്നുകൾ മാറ്റിസ്ഥാപിച്ചാലും, ഇക്കാര്യങ്ങളെല്ലാം അതീവശ്രേഷ്ടതരമായതാണെങ്കിൽ പോലും, സ്നേഹമില്ലെങ്കിൽ മൂല്യമില്ലാത്തവരാണ്. ആ കുഴിയിൽത്തന്നെയാണ് കൊരിന്തുകാർ വീണു കിടക്കുന്നതും. വരങ്ങളുടെ പിറകേയുള്ള അവരുടെ പാച്ചിലിനിടയിൽ സഹോദരങ്ങൾക്കിടയിൽ പങ്കുവയ്ക്കപ്പെടേണ്ട അഗാപ്പേ (സ്വയം ത്യജിക്കുന്ന) സ്നേഹം അവരുടെയിടയിൽ നിന്നം നഷ്ടപ്പെട്ടിരുന്നു. അതുകൊണ്ടുതന്നെയാണ് സ്നേഹത്തെക്കുറിച്ച് പ്രബോധിപ്പിക്കുന്ന ഈ അദ്ധ്യായം പൗലോസിന് എഴുതേണ്ടി വന്നത് (1 കൊരിന്ത്യർ 13).

സ്നേഹമില്ലെങ്കിൽ വരങ്ങൾ ഒന്നുമല്ല - അവ എത്ര പകിട്ടേറിയവയായിരുന്നാലും. യഥാർത്ഥമതവിശ്വാസിയുടെ ഹൃദയം വളരെ പ്രായോഗികമായ ഒന്നാണ് (യാക്കോബ് 1:26-27). ദൈവസ്നേഹവും സഹോദരസ്നേഹവും നിറഞ്ഞത്. ദൈവത്മാവിന്റെ ബാഹ്യമായ പ്രകടനങ്ങളിലോ വിശ്വാസത്തിന്റെ അനുഭവാന്വേഷണങ്ങളിലോ ഒന്നും കാണുന്ന ഭക്തിപ്രകടനമല്ല അത്.

---

4സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയകാണിക്കുകയും ചെയ്യുന്നു; സ്നേഹം അസൂയപ്പെടുന്നില്ല; സ്നേഹം നിഗളിക്കുന്നില്ല. 5പരുഷമായി പെരുമാറുന്നില്ല; അയോഗ്യമായി നടക്കുന്നില്ല; സ്വാർത്ഥം അന്വേഷിക്കുന്നില്ല; കോപിക്കുന്നില്ല; ദോഷം കണക്കിടുന്നില്ല; 6അനീതിയിൽ സന്തോഷിക്കാതെ, സത്യത്തിൽ സന്തോഷിക്കുന്നു; 7എല്ലാം വഹിക്കുന്നു; എല്ലാം വിശ്വസിക്കുന്നു; എല്ലാം പ്രത്യാശിക്കുന്നു; എല്ലാം സഹിക്കുന്നു. 8സ്നേഹം ഒരുനാളും പരാജയപ്പെടുന്നില്ല; (1 കൊരിന്ത്യർ 13:4-8).

വാക്യം 4–8: അത്യന്തം കാവ്യാത്മകമായാണ് പൗലോസ് ഈ വാക്യങ്ങൾ ഗ്രീക്കുഭാഷയിൽ എഴുതിയിട്ടുള്ളത്. തങ്ങൾക്കു ലഭിച്ചിട്ടുള്ള ആത്മീയവരങ്ങളാൽ ചീർത്തുവന്ന ചില കൊരിന്തുകാർ സ്നേഹത്തിന്റെ പലവിധമായ ഭാഗങ്ങൾ പരസ്പരം പങ്കുവയ്ക്കുന്നതിൽ പരാജയപ്പെട്ടു. അഹങ്കാരത്തെ സൂചിപ്പിക്കാനായി ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഫിസിയൂ എന്ന വാക്കാണ് കൊലോസ്യർ 2:18, 1 കൊരിന്ത്യർ 8:1 എന്നിവിടങ്ങളിലും ഉപയോഗിച്ചിരിക്കുന്നത്. ചീർത്തുവരിക, തലക്കനമുണ്ടാവുക എന്നൊക്കെയാണ് ഈ വാക്കിന്റെ അർത്ഥം. ഇന്നത്തെ സ്ഥിതിയും വ്യത്യസ്തമല്ല. തങ്ങളുടെ അനുഭവങ്ങൾ പരിശുദ്ധാത്മാവിനാലാണെന്നും ദൈവഹിതമാണെന്നും വിശ്വസിച്ചു വിശദീകരിക്കുന്ന ധാരാളം പേർ ഇന്നത്തെ കാലഘട്ടത്തിലും ധാരാളമായുണ്ട്. എന്നാൽ വചനപ്രകാരം മാനസാന്തരപ്പെടുന്നതിൽ അവർകാണിക്കുന്ന ശുഷ്കാന്തി കണ്ടുപിടിക്കാൻ പോലുമില്ല എന്നതാണു വാസ്തവം.

ശരിയായ ലക്ഷ്യബോധം കൊരിന്തുകാർക്ക് നഷ്ടമായി – സ്നേഹത്തിലൂടെ പ്രകടമാക്കുന്ന വിശ്വാസം (ഗലാത്യർ 5:6). സ്നേഹത്തിലുള്ള ഒരു ജീവിതം നയിക്കുന്നതിൽനിന്നും അവർ പിൻവാങ്ങി (എഫേസ്യർ 5:1–2). ക്രിസ്തീയതയുടെ കേന്ദ്രപാതയിൽ നിന്നും മാറി സഞ്ചരിക്കുന്നതെപ്പോഴൊക്കെയാണോ അപ്പോഴൊക്കെ ഇതു നമ്മുടെ ജീവിതത്തിലും അരങ്ങേറും. ദൈവത്തോടുള്ള സ്നേഹവും, പരസ്പരസ്നേഹവും, നഷ്ടാത്മാക്കളോടുള്ള സ്നേഹവുമാണ് ആ കേന്ദ്രപാത. കൊരിന്തുകാരുടെ ജീവിതത്തിൽ നിന്നും ആ പാഠം നമുക്കു പഠിക്കാം.

–––

> പ്രവചനവരമോ, അതു നീങ്ങിപ്പോകും; ഭാഷാവരമോ, അതു നിന്നുപോകും; അറിവോ, അതു നശിച്ചുപോകും. 9ഭാഗികമായി മാത്രം നാം അറിയുന്നു; ഭാഗികമായി മാത്രം പ്രവചിക്കുന്നു; പൂർണ്ണമായതു വരുമ്പോഴോ ഭാഗികമായതു നീങ്ങിപ്പോകും. 11ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു; ശിശുവിനെപ്പോലെ ചിന്തിച്ചു; ശിശുവിനെപ്പോലെ നിരൂപിച്ചു; പുരുഷനായശേഷമോ ഞാൻ ശിശുസഹജമായ കാര്യങ്ങൾ ത്യജിച്ചുകളഞ്ഞു. 12ഇപ്പോൾ നാം കണ്ണാടിയിൽ എന്നപോലെ അവ്യക്തമായി കാണുന്നു; അപ്പോൾ മുഖാമുഖമായി കാണും. ഇപ്പോൾ ഞാൻ ഭാഗികമായി അറിയുന്നു; അപ്പോഴോ എന്നെ പൂർണ്ണമായി അറിയുന്നതുപോലെ ഞാനും പൂർണ്ണമായി അറിയും (1 കൊരിന്ത്യർ 13:8-12).

വാക്യം 8: പ്രവചനവരവും ഭാഷാവരവും ജ്ഞാനവും നിലച്ചുപോകുമെന്ന് പൗലോസ് പറയുന്നു. അത്ഭുതവരങ്ങൾ നിന്നുപോകുന്നതിനെക്കുറിച്ച് ദാനിയേലും പ്രവചിച്ചിരിക്കുന്നതായി കാണപ്പെടുന്നു.[3] അത്ഭുതവരങ്ങൾ തീർച്ചയായും നിലച്ചുപോകും, എങ്കിലും സ്നേഹം ഒരുകാലത്തും നിലച്ചുപോകില്ല. സ്നേഹം ഒരിക്കലും പരാജയപ്പെടുകയില്ല/വീഴുകയില്ല എന്നാണ് ഗ്രീക്കുഭാഷയിൽ പൗലോസ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ അത്ഭുതവരങ്ങൾ എപ്പോഴാണ് നിലച്ചു പോകുന്നത് എന്നകാര്യമാണ് തർക്ക വിഷയം – കാലത്തിന്റെ അവസാനനാളിലാണോ അതോ യേശുവരുന്നതിനുമുമ്പ് എപ്പോഴെങ്കിലുമോ?

വാക്യം 9: ഭാഗികമായി നാം അറിയുന്നു എന്നതിന്റെ വേറെയൊരു രൂപമാണ് നമുക്കു മുഴുവനായി അറിയില്ല എന്നുപറയുന്നത്. ദൈവഹിതത്തെക്കുറിച്ചുള്ള നമ്മുടെ ധാരണ ജ്ഞാനത്തിലൂടെയും പ്രവചനത്തിലൂടെയുമാണ് ലഭിച്ചത്. വചനത്തിലൂടെ അറിയിക്കപ്പെടാത്തതെല്ലാം കൊരിന്തുകാർക്ക് അവരുടെ ഇടയിലുണ്ടായിരുന്ന പ്രത്യേക അത്ഭുതവരങ്ങൾ സ്വായത്തമാക്കിയവരിലൂടെ ഗ്രഹിക്കാൻ കഴിയുമായിരുന്നു. എന്നാൽ എല്ലാക്കാലവും ഇതുതന്നെയായിരിക്കുമോ രീതിയും സാഹചര്യവും?

വാക്യം 10: ഇവിടത്തെ പ്രധാന സംസാരവിഷയം പൂർണ്ണത എന്ന വാക്കാണ്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന ടെലിയോൻ എന്ന വാക്കിന്റെ അർത്ഥം പൂർണ്ണമായത്, പൂർണ്ണത; പക്വമായത്, പക്വത; മുഴുവനായത്, മുഴുവൻ എന്നിങ്ങനെയൊക്കെയാണ്. പൂർണ്ണത വരുമ്പോൾ അപൂർണ്ണമായത് (ഭാഗികമായത്) നീങ്ങിപ്പോകും. സ്നേഹം അവിടെ അപ്പോൾത്തന്നെയുണ്ട്. അപ്പോൾ പിന്നെ ഈ പൂർണ്ണതയെന്നത് സ്വർഗ്ഗമാണോ, അതോ രണ്ടാം വരവാണോ, സഭയാണോ, അതോ ഇനി സ്നേഹം തന്നെയാണോ? ഇക്കാര്യങ്ങളെല്ലാം സാദ്ധ്യതകളായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കാര്യങ്ങളാണ്.

ടെലിയോൻ എന്ന വാക്കിന്റെ ലിംഗത്തെ പരിഗണിച്ചുകൊണ്ട് ഒരു വിശദീകരണം നൽകാൻ പലരും ശ്രമിച്ചിട്ടുണ്ട്.[4] മതിയായ തെളിവുകളില്ലാത്തതിനാൽ അത്തരം വിശദീകരണങ്ങളൊന്നും വിശ്വാസയോഗ്യമായതല്ല എന്നതാണ് എന്റെ പക്ഷം. ഉദാഹരണത്തിന്; പൂർണ്ണതയെന്നത് ഒരു പൂർണ്ണ സമ്മാനം എന്നതിനെയാണ് സൂചിപ്പിക്കുന്നതെങ്കിൽ മുകളിൽ പറഞ്ഞ അനുമാനങ്ങൾ ശരിയായതാണ്. എന്നാൽ പൂർണ്ണതയെന്നത് മറ്റെന്തിനെയെങ്കിലും അടിസ്ഥാനപ്പെടുത്തിയുള്ള ഒരു അവസ്ഥയാണെങ്കിൽ പിന്നീടുവരുന്ന ഈ നാമം എന്തുമാകാം.

പൂർണ്ണതയെന്നു പൗലോസ് സംസാരിക്കുന്നത് സഭയുടെ ശൈശവദശമുതൽ അപ്പസ്തോലന്മാരെല്ലാം വാങ്ങിപ്പോയ യൗവ്വനം പിന്നിട്ട കാലഘട്ടത്തേക്കുറിച്ചാണെന്ന് (സഭയുടെ ഉത്ഭവം മുതൽ യെരുശലേം ദേവാലയം നശിപ്പിക്കപ്പെടുന്നതുവരെയുള്ള കാലഘട്ടങ്ങൾ) അനുമാനിക്കുന്നത് വളരെ യുക്തിപൂർണ്ണമായ ഒന്നാണ്. ഈ അനുമാനത്തിനു സഹായകമായ തെളിവുകൾ ഇല്ലായെങ്കിലും ചെറിയ രീതിയിൽ ഞാനിതിനെ അവതരിപ്പിക്കാം. ഈ അദ്ധ്യായത്തിലുടനീളം ഇനി ഞാൻ അടിസ്ഥാനമാക്കുന്നത് ഈ സിദ്ധാന്തമാണ്.

ടെലിയോസ് എന്ന വാക്ക് പുതിയനിയമത്തിൽ പതിനേഴു തവണ ഉപയോഗിച്ചിട്ടുണ്ട്, എന്നാൽ ഒരു സ്ഥലത്തും അതു സ്വർഗ്ഗത്തെ സൂചിപ്പിക്കാനല്ല. പൂർണ്ണത/പൂർത്തീകരണമെന്നതാണ് ഇവിടത്തെ പ്രതിപാദ്യവിഷയമെന്നിരിക്കേ, വചനത്തിന്റെ (പുതിയനിയമത്തിന്റെയും പഴയനിയമത്തിന്റെയും) പൂർത്തീകരണമാണ് ഇവിടത്തെ സൂചനയെന്നു ഗ്രഹിക്കുന്നത് സുരക്ഷിതമായ ഒരു തിരഞ്ഞെടുപ്പാണ്. അപ്പസ്തോലന്മാരുടെ കാലശേഷം അവർ രചിച്ചവയെല്ലാം ശേഖരിക്കപ്പെടുകയും വ്യാപകമായി സഭകളുടെ ഇടയിൽ വിതരണം ചെയ്യപ്പെടുകയും ചെയ്തതിനു ശേഷം, കർക്കശമായിത്തന്നെ പറയാം, പ്രവചനത്തിലൂടെ നമുക്കു കൂടുതലായൊരു അറിവും ലഭിക്കേണ്ടതിന്റെ ആവശ്യമില്ലായിരുന്നു. അങ്ങനെവരുമ്പോൾ പൂർണ്ണതയെന്നത് എണ്ണത്തിൽ/അളവിൽ ഉള്ള പൂർണ്ണതയാണ് ഇവിടെ വിവക്ഷിക്കുന്നതെന്നു മനസ്സിലാക്കാം, ഗുണത്തിലുള്ള പൂർണ്ണതയല്ല. പൂർണ്ണത എന്ന വാക്കിനെക്കുറിച്ചുള്ള മിശ്രവികാരങ്ങൾ നാം കൈകാര്യം ചെയ്തുകൊണ്ടിരിക്കുമ്പോൾ പൗലോസ് വേറൊരു വാക്കിലേക്കു നമ്മെ കൊണ്ടുപോകുന്നു, പക്വതയെന്ന വാക്കിലേക്ക്. ആത്മീയമായ ഒരു വളർച്ചപ്രാപിക്കലിനെക്കുറിച്ചാണ് പൗലോസ് ഇവിടെ വ്യക്തമാക്കുന്നത്, വ്യക്തിപരമായ പക്വതയെക്കുറിച്ചല്ല. ആദിമസഭയുടെ കൂട്ടായ പക്വതയെക്കുറിച്ചാണിത്. അപ്പസ്തോലന്മാർ ആദിമസഭയുടെ രക്ഷകർത്താക്കളായിരുന്നു, എന്നാൽ അവർ രംഗമൊഴിഞ്ഞപ്പോഴത്തേക്ക്, സഭ സ്വന്തം കാലിൽ നിൽക്കാറായി.

ടെലിയോൻ എന്നവാക്കിന്റെ ശരിയായ പ്രയോഗാർത്ഥം എന്താണെന്നാണു നിങ്ങൾക്കു തോന്നുന്നത്? എല്ലാവർക്കും സമ്മതമായ ഒരു അഭിപ്രായം കണ്ടെത്താൻ കഴിയുമെന്ന് എനിക്കു തോന്നുന്നില്ല, എന്നിരുന്നാലും പൊതുവായ ചില വസ്തുതകൾ നമ്മൾ എല്ലാവരും ഒരുപോലെ അംഗീകരിക്കേണ്ടതുണ്ട്. അപ്പസ്തോലന്മാരുടെ ആവശ്യകത ഇന്നില്ലയെന്നത് അത്തരമൊരു വസ്തുതയാണ്. ശിഷ്യത്വത്തിന്റെ മാറ്റം വരാത്ത പ്രക്രിയ അവർ സ്ഥാപിച്ചു കഴിഞ്ഞു. തെറ്റാവരത്തോടെയും അധികാരത്തോടെയും കൂടി അവർ നമ്മെ പഠിപ്പിച്ചു കഴിഞ്ഞു – പുതിയനിയമത്തിന്റെ വെളിച്ചത്തിൽ. യേശുവിന്റെ പുനഃരുത്ഥാനത്തിന് അവർ ഏവരും തർക്കമറ്റ രീതിയിൽ സാക്ഷികളുമായിരുന്നു (1 കൊരിന്ത്യർ 9:1, അപ്പ 1:21–22). അപ്പസ്തോലന്മാരുടെ സന്ദേശങ്ങളെ അവർ അപ്പസ്തോലികമായ അടയാളങ്ങളാൽ സ്ഥിരീകരിക്കുകയും ചെയ്തിരിക്കുന്നു.

വാക്യം 12: നാം മനസ്സിലാക്കിയെടുക്കേണ്ടതിനായി പൗലോസ് ഉപയോഗിച്ചിരിക്കുന്ന വാക്കാണ് കണ്ണാടിയിലെന്ന പോലെ അവ്യക്തമായി എന്നത്. നമുക്ക് വെളിപ്പെടുത്തി തന്നവയുടെ കൃത്യതയില്ലായ്മയാണ് ഈ വാക്കു സൂചിപ്പിക്കുന്നതെന്നു വിചാരിക്കുന്നതിനു ന്യായമില്ല, നമ്മുടെ കയ്യിലിരിക്കുന്ന ബൈബിൾ ദൈവത്തെക്കുറിച്ചുള്ള ഒരു പൂർണ്ണചിത്രം നൽകാത്ത ഒന്നാണെന്ന രീതിയിൽ. കണ്ണാടിയിൽ നാം കാണുന്നത് പ്രതിബിംബമാണ്, നേരേയുള്ള ഒരു ചിത്രമല്ല. ഒരു പ്രവാചകസന്ദേശത്തെ കേട്ട്, സ്വീകരിച്ച്, വിലയിരുത്തി, അർത്ഥം മനസ്സിലാക്കുന്നതു പോലെയല്ല അതേഭാഗം തന്നെ വചനത്തിൽ വായിച്ച് അതിന്റെ പ്രായോഗികാർത്ഥത്തെക്കുറിച്ചു വിലയിരുത്തുന്നത്.[5]

മുഖാമുഖം കാണുകയെന്നത് ഗ്രീക്കുഭാഷയിൽ സാധാരണയായി ഉപയോഗിക്കുന്ന ഒരു പ്രയോഗമാണ്/രൂപകമാണ്. യേശുവിനെ മുഖാമുഖം കാണുന്നതിനെക്കുറിച്ചല്ല ഇവിടെ പറയുന്നത്. അതിനുപകരം വെളിപ്പെടുത്തുന്നവയുടെ നേർരീതിയെക്കുറിച്ചാണ് ഇവിടെ വിവക്ഷിക്കുന്നത്. മുഴുവനായും അറിയുമെന്നത് സ്വർഗ്ഗത്തെക്കുറിച്ചുള്ള ഒരു സൂചനയുമല്ല. കാരണം വചനത്തിലൂടെ നമുക്ക് അറിയേണ്ടതെല്ലാം നല്കപ്പെടുന്നു (2 തിമോത്തി 3:17, യൂദാ 3). ഈ വേദഭാഗം കുറച്ചുകൂടി വ്യക്തമായി മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്ന ഭാഗമാണ് സംഖ്യ 12:6–8 വരെയുള്ള വാക്യങ്ങൾ. മറഞ്ഞിരിക്കുന്ന ഒരു പൊരുളായിട്ടാണ് ദൈവം സാധാരണ പ്രവാചകരോടു വെളിപ്പെടുത്തിയിരുന്നത്. മറഞ്ഞിരിക്കുന്നതെന്നു പറയാൻ കാരണം, ഒരു പ്രവാചകന്റെ ആത്മീയ കാഴ്ചപ്പാട്/ധാരണ, ദൈവം അവനു വെളിപ്പെടുത്തിക്കൊടുത്തിരിക്കുന്നതിന് ആനുപാതികമായി മാത്രമാണ്. മാധ്യമത്തിലൂടെ ഒരു രംഗം കാണുന്നതിനു സദൃശമാണിത്. എന്നാൽ മോശയോടു ദൈവം മുഖത്തോടുമുഖം സംവദിച്ചു, പൊരുൾ മറച്ചുവച്ചുകൊണ്ടല്ല (പുറപ്പാട് 33:11, ആവർത്തനം 33:11 എന്നിവകൂടി പരിശോധിക്കുക). ഈ വചനവുമായി 1 കൊരിന്ത്യർ 13:12നുള്ള സാമ്യം യാദൃശ്ചികമല്ല.

പൂർണ്ണമായതു വന്നശേഷം, ദൈവഹിതമാരായാനായി ഒരുവന് പ്രവചനങ്ങളുടെ മറഞ്ഞിരിക്കുന്ന പൊരുളുകൾ തേടി പോകേണ്ടതില്ല. മറ്റുള്ളവർ പറഞ്ഞു മനസ്സിലാക്കി തരുന്നതിലോ, പ്രവാ

ചകർ പ്രവചിച്ചിരിക്കുന്നവയുടെ പൊരുൾ തേടി അലയുന്നതിലോ ആശ്രയിക്കാതെ, ദൈവത്തിന്റെ പരിപൂർണ്ണമായ വചനങ്ങളിലേക്ക് മനുഷ്യർക്കു നേരിട്ടു നോക്കുവാൻ കഴിയുന്ന അവസ്ഥ നിലവിൽ വന്നു (1 കൊരിന്ത്യർ 14:29, 1 തെസ്സലോനിക്യർ 5:19-22, 1 യോഹന്നാൻ 4:1).

പൂർണ്ണമായി അറിയുകയെന്നാൽ പ്രവചനങ്ങളുടെ ആവശ്യം ഇനിയില്ലാത്തരീതിയിൽ അറിയുന്നു എന്നർത്ഥം. അതുകൊണ്ടാണ് പുതിയനിയമത്തിന്റെ പൂർത്തീകരണത്തോടെ പ്രവചനങ്ങൾ നിലച്ചുപോയത്. പൂർണ്ണമായി അറിയുകയെന്നാൽ മനുഷ്യർ എല്ലാക്കാര്യങ്ങളെക്കുറിച്ചും എല്ലാക്കാര്യങ്ങളും അറിയുകയെന്നതല്ല, കാരണം അതു ദൈവത്തിനുമാത്രം അവകാശമുള്ളതാണ്. നാം സർവ്വജ്ഞാനികളായി സ്വർഗ്ഗത്തിൽ വിരാജിക്കുമെന്നു വിചാരിക്കാൻ മതിയായ ഒരു വാഗ്ദാനവും തിരുവെഴുത്തുകളിലെങ്ങുമില്ല.

---

13ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനിൽക്കുന്നു; ഇവയിൽ വലുതോ സ്നേഹം തന്നെ (1 കൊരിന്ത്യർ 13:13).

വാക്യം 13: ഈ മൂന്നു സംഗതികളും ആത്മവരങ്ങളെയെല്ലാം കവച്ചുവയ്ക്കുന്നു. എന്നാൽ എപ്പോഴാണ് വരങ്ങൾ നിലച്ചുപോകുന്നത്? രണ്ടാം വരവോടെയാണോ? അല്ല. വിശ്വാസവും (2 കൊരിന്ത്യർ 5:7), പ്രത്യാശയും (റോമർ 8:24) സ്വർഗ്ഗവാസസമയത്തേക്കുള്ളതല്ല, എന്നാൽ സ്നേഹം നമുക്കവിടെ കാണാൻ കഴിയും. അപ്പോൾ അന്തിമസമയത്തുള്ള പൂർണ്ണതയായി പത്താം വാക്യത്തിലെ പൂർണ്ണതയെ ചൂണ്ടിക്കാണിക്കുന്നത് യാതൊരുവിധത്തിലുമുള്ള യുക്തിക്കും ചേരുന്നതല്ല. ആദ്യകാലത്തെ സഭയുടെ പൂർണ്ണതയെ (എഫേസ്യർ 4:11-16) സംബന്ധിച്ചാണ് പൂർണ്ണതയെന്നു പിന്നെയും പറയാൻ കഴിയുന്നത്, പുതിയനിയമത്തിന്റെ പൂർത്തീകരണമെന്നതിനൊപ്പം. ഈ രണ്ടു കാര്യങ്ങളെയുമാകട്ടെ വ്യത്യസ്തമായ കാര്യങ്ങളായി കാണാൻ കഴിയുകയുമില്ല, കാരണം ഇവ രണ്ടും പരസ്പരം ആശ്രയിച്ചുനിൽക്കുന്ന സംഗതികളാണ്.

## അദ്ധ്യായം 13ന്റെ സാരാംശം

- സ്നേഹം പ്രഥമസ്ഥാനമർഹിക്കുന്ന ഒന്നാണ്. ദൈവസ്നേഹം നമ്മിൽ വസിക്കുന്നില്ലെങ്കിൽ, നമുക്കുള്ള വരദാനങ്ങൾ എത്രമാത്രം ശ്രേഷ്ടമായവ ആയിരുന്നാലും അതൊരു നേട്ടമാകുന്നില്ല.
- മാലാഖമാരുടെ ഭാഷ ചിലർക്കു സംസാരിക്കാൻ കഴിയുമായിരുന്നു എന്നുള്ള വാദം വചനങ്ങളുടെ പിന്തുണയില്ലാത്ത ഒരു ഭോഷ്കാണ്.
- പരസ്പരം വച്ചു പുലർത്തുന്ന താൻപോരിമ മനോഭാവം ദൈവത്തെയും അവന്റെ വരങ്ങളെയും പരിഹാസ്യമാക്കുകമാത്രമല്ല ചെയ്തത്, സഭയെപ്പോലും അതു പ്രയാസത്തിലാക്കുകകൂടിയാണ്.
- പൂർണ്ണതയെ സൂചിപ്പിക്കുന്ന ടെലിയോൻ എന്ന വാക്കിന്റെ അർത്ഥത്തെക്കുറിച്ച് ആധികാരികമായി കൃത്യതയോടെ സംസാരിക്കുന്നത് ബുദ്ധിമുട്ടേറിയ ഒരു കാര്യമാണ്. എന്നാൽ യേശുവിന്റെ രണ്ടാം വരവുവരെ ആത്മാവിന്റെ അത്ഭുതവരങ്ങൾ നമ്മുടെ കൂടെയുണ്ട് എന്ന നവപെന്തക്കോസ്തുവൃത്തങ്ങളുടെ വാദം യാതൊരു കഴമ്പുമില്ലാത്തതാണ്.
- കൊരിന്ത്യർക്കുള്ള ലേഖനം പൗലോസ് എഴുതിയ സമയത്ത്, ദൈവഹിതത്തെക്കുറിച്ച് ക്രിസ്ത്യാനികൾക്കുള്ള അറിവ് ഭാഗികമായിരുന്നു. ആകയാൽ അത്ഭുതവരമായ പ്രവചനത്തിലൂടെ ആ വിടവ് പൂർത്തീകരിക്കപ്പെടേണ്ടതുണ്ടായിരുന്നു.
- ആരാധനയിലുള്ള തങ്ങളുടെ ബാലിശരീതികളും ആത്മീയതയിലുള്ള തങ്ങളുടെ അപക്വരീതികളും സംബന്ധിച്ച് കൊരിന്തുകാർ മാനസാന്തരപ്പെടേണ്ടതുണ്ടായിരുന്നു.

## 1 കൊരിന്ത്യർ 14

പ്രവചനവരത്തെയും ഭാഷാവരത്തെയും കുറിച്ചുള്ള പഠിപ്പിക്കലിന്റെ വലിയ ഒരു ശേഖരമാണ് ഈ അദ്ധ്യായം. പ്രവചനത്തെയും ഭാഷയെയും കുറിച്ചുള്ള ബൈബിൾ പദപ്രയോഗരീതികൾ മനസ്സിലാക്കാത്തതുകൊണ്ട്, പ്രത്യേകിച്ചു പഴയനിയമത്തിലേത്, ധാരാളം ആശയക്കുഴപ്പം ഉടലെടുത്തിട്ടുണ്ട്. അതിബൃഹത്തായ ഈ പഠനത്തിലേക്കു നാം കുഴിച്ചിറങ്ങുന്നതിനുമുമ്പ്, ഇവിടെ ഉപയോഗിച്ചിട്ടുള്ള വാക്കുകളുടെ ശരിയായ അർത്ഥതലങ്ങൾ നമുക്കു പരിശോധിക്കാം.

മുന്നേ/വേണ്ടി എന്നൊക്കെ അർത്ഥമുള്ള പ്രോ എന്ന ഗ്രീക്കുവാക്കും സംസാരമെന്നർത്ഥമുള്ള ഫെമി എന്ന വാക്കും കൂടിച്ചേർന്ന മുന്നേസംസാരമെന്നും (ഒരു സംഗതി അതു നടക്കുന്നതിനുമുന്നേ പ്രവചിക്കുക), വേണ്ടിയുള്ള (ദൈവത്തിനുവേണ്ടിയുള്ള) സംസാരമെന്നുമൊക്കെയാണ് പ്രവചനമെന്ന വാക്കിന്റെ അർത്ഥം. നാവ് (ഗ്ലോസ്സായ്) എന്നാൽ ഭാഷ എന്നാണ് അർത്ഥം, അദ്ധ്യായം 22 ൽ കണ്ടതുപോലെ. ആകയാൽത്തന്നെ കേൾക്കുന്നയാൾക്കു പരിചിതമാണെങ്കിൽ മാത്ര

മാണ് ഭാഷ മനസ്സിലാകുന്ന ഒന്നാകുന്നത്, അല്ലെങ്കിൽ വേറെയൊരാൾ അറിയാവുന്ന ഭാഷയിലേക്കു തർജ്ജമചെയ്തു കൊടുക്കണം. ആധുനിക അന്യഭാഷാസംസാരം അർത്ഥമില്ലാത്ത പുലമ്പലുകൾ മാത്രമാണെന്നിരിക്കേ, ബൈബിളിൽ നാം കാണുന്ന അന്യഭാഷാസംസാരം ഒരു യഥാർത്ഥ ഭാഷ ാസംസാരമാണ്.

1സ്നേഹത്തിന്റെ മാർഗ്ഗം പിന്തുടരുവിൻ; ആത്മീകവരങ്ങൾക്കായി, പ്രത്യേകിച്ചു പ്രവചനവരത്തിനായി വാഞ്ഛിക്കുവിൻ. 2അന്യഭാഷയിൽ സംസാരിക്കുന്നവൻ മനുഷ്യരോടല്ല ദൈവത്തോടാണ് സംസാരിക്കുന്നത്; ആരും ഗ്രഹിക്കുന്നില്ലല്ലോ; അവൻ ആത്മാവിൽ മർമ്മങ്ങൾ സംസാരിക്കുന്നു. 3പ്രവചിക്കുന്നവനോ ആത്മീക അഭിവൃദ്ധിക്കും പ്രബോധനത്തിനും ആശ്വാസത്തിനുമായി മനുഷ്യരോടു സംസാരിക്കുന്നു. 4അന്യഭാഷയിൽ സംസാരിക്കുന്നവൻ തനിക്കുതന്നെ ആത്മിക അഭിവൃദ്ധി വരുത്തുന്നു. എന്നാൽ പ്രവചിക്കുന്നവൻ സഭയ്ക്ക് ആത്മിക അഭിവൃദ്ധി വരുത്തുന്നു. 5നിങ്ങൾ എല്ലാവരും അന്യഭാഷകളിൽ സംസാരിക്കണം എന്നും പ്രത്യേകിച്ചു പ്രവചിക്കണമെന്നും ഞാൻ ഇച്ഛിക്കുന്നു. അന്യഭാഷകളിൽ സംസാരിക്കുന്നവൻ സഭയ്ക്ക് ആത്മിക അഭിവൃദ്ധി ഉണ്ടാകേണ്ടതിനു വ്യാഖ്യാനിക്കുന്നില്ലെങ്കിൽ പ്രവചിക്കുന്നവൻ അവനെക്കാൾ വലിയവനാകുന്നു (1 കൊരിന്ത്യർ 14:1-5).

വാക്യം 1: ഭാഷാവരത്തേക്കാളുപരിയായ ഒരു തലത്തിലാണ് പ്രവചന/അദ്ധ്യാപന വരങ്ങൾ (12:28 കൂടി നോക്കുക). തീക്ഷ്ണതയുള്ളവരായിരിക്കുക എന്ന വാക്ക് പൗലോസ് ഇവിടെ ഉപയോഗിക്കുന്നു, പ്രവചിക്കുവാനായി കൂടുതൽ തീക്ഷ്ണതയുള്ളവരായിരിക്കുകയെന്നാണ് അതിന്റെ അർത്ഥം. (എന്നുവച്ചാൽ ഈ വരമുള്ളവർ അവരുടെ വരം നന്നായുപയോഗിച്ച് കുടുതൽ മികവുള്ള വരായിത്തീരണമെന്ന് - വാ 12).

വാക്യം 2-4: പരിഭാഷപ്പെടുത്താത അന്യഭാഷകൊണ്ട് ആർക്കുമൊരു പ്രയോജനവുമില്ല. എന്താണു പറയുന്നതെന്ന് ആർക്കും മനസ്സിലാകാത്തതിനാലാണ് അതിനെ മർമ്മമെന്നു വിളിക്കുന്നത്. സാധാരണമായും ദൈവത്തിന് അതു മനസ്സിലാകും കാരണം ദൈവമാണ് സകല ഭാഷകളുടേയും കർത്താവ്, എന്നാൽ മറ്റാർക്കും അതുകൊണ്ട് ആത്മീയാഭിവൃദ്ധി ലഭിക്കുന്നില്ല. മനസ്സിലാകുന്ന ഭാഷയിൽ സംസാരിക്കുമ്പോൾ മാത്രമാണ് ആത്മീയാഭിവൃദ്ധിയുണ്ടാകുന്നത്, ഒരു പ്രഭാഷണമാണെങ്കിലും ഇതുതന്നെയാണു സത്യം.

കൊരിന്തിലെ ശിഷ്യന്മാർ വീട്ടിലിരുന്നു പലഭാഷകളിൽ ദൈവത്തോടു പ്രാർത്ഥിക്കാനാണോ പൗലോസിവിടെ ഉപദേശിക്കുന്നത്? അതുകൊണ്ടു പ്രയോജനമുണ്ടാകുന്നത് ആർക്കാണ്? ആ വരം ഉപയോഗിച്ചവർക്കുമാത്രം. പ്രവചിക്കാനുള്ള വരം ലഭിച്ച ഒരാൾ വചനം പഠിച്ച് പ്രസംഗമൊക്കെയുണ്ടാക്കി വീട്ടിലിരുന്നു തന്നോടുതന്നെ പ്രസംഗിക്കുന്നതിനു തുല്യമാണിത്. പ്രോത്സാഹനവരമുള്ളയൊരാൾ അവനവനെത്തന്നെ പ്രോത്സാഹിപ്പിക്കുന്നതിനു തുല്യവും. ധനത്താൽ അനുഗ്രഹിക്കപ്പെട്ട ഒരുവൻ അവനവനുവേണ്ടിമാത്രം അതു ചിലവഴിക്കുന്നതുപോലെയും. നമുക്കു ലഭിച്ചിരിക്കുന്ന വരങ്ങൾ നമുക്കുവേണ്ടി ഉപയോഗിക്കാനുള്ളതല്ല, പകരം മറ്റുള്ളവർക്കു ആത്മീയ വർദ്ധനയ്ക്കായി ഉപയോഗപ്പെടുത്താനുള്ളതാണ്.

വാക്യം 5: എല്ലാവരാലും അന്യഭാഷസംസാരിക്കപ്പെടണമെന്ന പൗലോസിന്റെ ആഗ്രഹം വീണ്ടുമൊരു അലങ്കാരപ്രയോഗമാണ്, തീർച്ചയായും സാദ്ധ്യമായ ഒരു കാര്യമല്ല (12:10-11, 30). പ്രവചനത്തിന് ഭാഷാവരത്തിലധികമായ പ്രാധാന്യം ഇവിടെയും നൽകിയിരിക്കുന്നു - പരിഭാഷയോടു കൂടിയുള്ള അന്യഭാഷാസംസാരമൊഴികെ. ഇതുവരെ പരിശോധിച്ചതിൽ നിന്നും നമുക്കുരുത്തിരിഞ്ഞു കിട്ടുന്ന ഒരു സമവാക്യം ഇതാണ്: ഭാഷ+പരിഭാഷ=പ്രവചനം. ഇനിവരുന്ന ഖണ്ഡികകൾ നാം പരിശോധിക്കുമ്പോൾ ഈ തത്വം മനസ്സിൽ വക്കേണ്ടതുണ്ട്.

---

6സഹോദരന്മാരേ, ഞാൻ വെളിപാടായിട്ടോ ജ്ഞാനമായിട്ടോ പ്രവചനമായിട്ടോ ഉപദേശമായിട്ടോ നിങ്ങളോടു സംസാരിക്കാതെ, അന്യഭാഷകളിൽ സംസാരിച്ചുകൊണ്ട് നിങ്ങളുടെ അടുക്കൽ വന്നാൽ നിങ്ങൾക്ക് എന്തു പ്രയോജനമാണുള്ളത്? 7കുഴൽ, വീണ എന്നിങ്ങനെ നാദം കൊടുക്കുന്ന നിർജ്ജീവസാധനങ്ങൾ തന്നെയും നാദഭേദം കാണിക്കാതിരുന്നാൽ കുഴലാണോ വീണയാണോ വായിച്ചതെന്ന് എങ്ങനെ അറിയും? 8കാഹളനാദം സ്പഷ്ടമാകാതിരുന്നാൽ യുദ്ധത്തിന് ആര് തയ്യാറാകും? 9അതുപോല നിങ്ങളും നാവുകൊണ്ട് ഗ്രഹിക്കാവുന്ന വാക്കുകൾ സംസാരിക്കാതിരുന്നാൽ നിങ്ങൾ സംസാരിക്കുന്നത് എന്തെന്ന് എങ്ങനെ അറിയും? നിങ്ങൾ വായുവിനോട് സംസാരിക്കുന്നവർ ആകുമല്ലോ. 10ലോകത്തിൽ വിവിധഭാഷകൾ ഉണ്ട്; അവയിൽ ഒന്നുപോലും അർത്ഥമില്ലാത്തതല്ല. 11ഞാൻ ഭാഷ അറിയാതിരുന്നാൽ സംസാരിക്കുന്നവന് ഞാൻ അപരിചിതൻ ആയിരിക്കും; സംസാരിക്കുന്നവൻ എനിക്കും അപരിചിതൻ ആയിരിക്കും. 12അതുപോലെ നിങ്ങളും ആത്മവരങ്ങളെക്കുറിച്ച് വാഞ്ഛയുള്ളവരായതിനാൽ സഭയുടെ ആത്മിക അഭിവൃദ്ധിക്ക് ഉതകുന്ന വരങ്ങൾക്കായി ഉത്സാഹിക്കുവിൻ. 13അതുകൊണ്ട് അന്യഭാഷയിൽ സംസാരിക്കുന്നവൻ വ്യാഖ്യാനവരത്തിനായി പ്രാർത്ഥിക്കട്ടെ (1 കൊരിന്ത്യർ 14:6-13).

വാക്യം 6-9: കൊരിന്തിലെ സഭായോഗങ്ങളിൽ ചില ശിഷ്യന്മാർ ഭാഷാവരത്തോടെ ഉറക്കെ സംസാരിച്ചിരുന്നു എന്നത് വ്യക്തമാണ്. എന്നാൽ അവയെ പരിഭാഷപ്പെടുത്തുന്നില്ലെങ്കിൽ അന്യഭാഷാസംസാരം വെറുമൊരു പ്രഹസനം മാത്രമാണെന്ന് പൗലോസ് തറപ്പിച്ചു പറയുന്നു.

കുട്ടിയായിരുന്നപ്പോൾ എനിക്കൊരു പിയാനോ കളിപ്പാട്ടമുണ്ടായിരുന്നു. അതിനെ എപ്രകാരം വായിക്കണമെന്നോ കരുതണമെന്നോ അറിയാതിരുന്ന ആ കാലഘട്ടത്തിൽ ഞാൻ ചെയ്തിരുന്നത് അതിനെ ഇടിച്ച് ഒച്ചകേൾപ്പിക്കുക എന്നതായിരുന്നു. ഒരു ചെറിയകുട്ടി അപ്രകാരം ചെയ്യുമ്പോൾ നാം ചിരിച്ചു രസിക്കുമായിരിക്കും. എന്നാൽ മുതിർന്ന ഒരാൾ അപ്രകാരം ചെയ്യുമ്പോൾ നമുക്കു പരിഹാസമാണു തോന്നുക. തന്റെ പിയാനോയിലിട്ടു തൊഴിച്ചുകൊണ്ടിരിക്കുന്ന ഒരു കലാകാരന് ആരും ഒന്നും നൽകുകയില്ല. കൊരിന്തുകാരുടെ യുക്തിക്കുനിരക്കാത്ത അന്യഭാഷാസംസാരത്തെക്കുറിച്ച് പൗലോസ് പറയുന്നതും ഇപ്രകാരം തന്നെയാണ്. അന്യഭാഷാസംസാരമെന്നരീതിയിൽ അവർ ചെയ്തിരുന്നത് ഉപയോഗശൂന്യമായ ബഹളമുണ്ടാക്കൽ മാത്രമായിരുന്നു.

വായുവിലേക്കു സംസാരിക്കുന്നത് ആർക്കും പ്രയോജനമുള്ള കാര്യമല്ല. ന്യൂ ജേഴ്സിയിൽ ഹൈസ്കൂൾ കാലഘട്ടങ്ങളിൽ ഞാൻ സ്ഥിരമായി സംസാരിക്കാറുണ്ടായിരുന്ന ഒരു പെൺകുട്ടിയുണ്ടായിരുന്നു, സംസാരിക്കാൻ വളരെ ഇഷ്ടമായിരുന്നു ഈ കുട്ടിക്ക്. അവൾ ഫോണിൽ സംസാരിച്ചുകൊണ്ടിരിക്കെ, ഞാൻ എന്തെങ്കിലും കാര്യത്തിനായി ഫോൺ നിശബ്ദമായി താഴെവച്ച് മുറിവിട്ടു പോവുന്നതു പതിവായിരുന്നു. കുറച്ചു സമയം കഴിഞ്ഞ് വന്നു ഫോണെടുത്ത് ഓ, ഉം എന്നിങ്ങനെ ശബ്ദമുണ്ടാക്കി ഞാൻ സംഭാഷണത്തിൽ വീണ്ടും ചേരുമായിരുന്നു. സ്വന്തം സംസാരത്തിൽ മുഴുകിയിരിക്കുന്ന അവൾ ഞാൻ പോയകാര്യം പോലും അറിയുന്നില്ലായിരുന്നു. സഭയിലേക്കു വന്നിട്ട് അന്തരീക്ഷത്തിലേക്കു സംസാരിക്കുന്നവരുടെ കാര്യം ഇതിലും വ്യത്യസ്തമായതല്ല.

വാക്യം 10-11: നാവുകൾ എന്നത് നിലവിലുള്ള വിദേശ ഭാഷകളാണ്. നാവുകളെക്കുറിച്ചു വ്യക്തമായ തീരുമാനമെടുക്കാനുള്ള വെളിച്ചം നൽകുന്ന രണ്ട് അദ്ധ്യായങ്ങളാണ് അപ്പസ്തോലപ്രവർത്തികളിലെ രണ്ടാം അദ്ധ്യായവും കൊരിന്ത്യർക്കുള്ള ഒന്നാമത്തെ ലേഖനത്തിലെ പതിനാലാം അദ്ധ്യായവും. പെന്തക്കോസ്തു നാളിലെ നാവുകൾ എന്നതു വ്യക്തമായ ഭാഷകളായിരുന്നു എന്നകാര്യം എളുപ്പം മനസ്സിലാക്കാൻ ആർക്കും കഴിയും. ഈ വാക്കുകളിലും ഇരുപത്തിഒന്നാം വാക്യത്തിലും കാണുന്നതും സൂചിപ്പിക്കുന്നതും യഥാർത്ഥത്തിലുള്ള ഭാഷയെക്കുറിച്ചാണ്. അപരിചിതൻ എന്നതിനുപയോഗിച്ചിരിക്കുന്ന വാക്ക് ബാർബറോസ് അല്ലെങ്കിൽ ബാർബേറിയൻ എന്നൊക്കെയാണ്, തങ്ങളുടെ ഭാഷസംസാരിക്കാത്തവരെ വിശേഷിപ്പിക്കുവാൻ ഗ്രീക്കുകാർ ഉപയോഗിച്ചിരുന്ന ഒരു വാക്കാണിത്. തങ്ങൾക്കറിയാത്ത ഒരു വിദേശഭാഷ സംസാരിക്കുന്നവരെ സൂചിപ്പിക്കാൻ ആളുകൾ ഉപയോഗിക്കുന്ന ഒരു വാക്കാണിത്. ഈ വാക്കും സൂചിപ്പിക്കുന്നത്, നാവ് എന്നു പറയുന്നത് മറ്റൊരു ഭാഷയെക്കുറിച്ചാണ് എന്നതിലുള്ള ഉറപ്പാണ്. മറ്റൊരുപ്രധാനകാര്യമെന്തെന്നാൽ, നാവിന് നമ്മെ ബാർബറോയ് അല്ലെങ്കിൽ അന്യരാക്കാൻ കഴിയും. കൂട്ടിച്ചേർക്കാനും ഒന്നിപ്പിക്കുവാനുമാണ് കൂട്ടായ്മ, പരസ്പരം അകറ്റാനല്ല.

വാക്യം 12-13: ആത്മീയാഭിവൃദ്ധിവരുത്തുന്നതിനെക്കുറിച്ച് പൗലോസ് ഇവിടെയും ഊന്നിപ്പറയുന്നതു നോക്കുക. അന്യഭാഷാസംസാരം സഭയെ ഒരുവിധത്തിലും പരിപോഷിപ്പിക്കുകയില്ല എന്നു സംശയലേശമില്ലാതെ പൗലോസ് പ്രസ്താവിക്കുന്നു.

———

14ഞാൻ അന്യഭാഷയിൽ പ്രാർത്ഥിക്കുന്നുവെങ്കിൽ എന്റെ ആത്മാവു പ്രാർത്ഥിക്കുന്നു; എന്റെ മനസ്സോ ഫലശൂന്യമായിരിക്കുന്നു. 15ആകയാൽ എന്ത്? ഞാൻ ആത്മാവുകൊണ്ടു പ്രാർത്ഥിക്കും; ബുദ്ധികൊണ്ടും പ്രാർത്ഥിക്കും. ഞാൻ ആത്മാവുകൊണ്ടു പാടും; ബുദ്ധികൊണ്ടും പാടും. 16നീ ആത്മാവുകൊണ്ട് സ്തോത്രം ചെയ്യുമ്പോൾ നീ പറയുന്നതു മനസ്സിലാക്കുവാൻ കഴിയാത്ത ഒരുവൻ നിന്റെ സ്തോത്രത്തിന് എങ്ങനെ ആമേൻ പറയും? 17നീ നന്നായി സ്തോത്രം ചെയ്യുന്നു എന്നതു ശരിതന്നെ; എന്നാൽ മറ്റവന് അതിനാൽ ആത്മിക അഭിവൃദ്ധി വരുന്നില്ല. 18നിങ്ങളെല്ലാവരെക്കാളും അധികം ഞാൻ അന്യഭാഷകളിൽ സംസാരിക്കുന്നതുകൊണ്ട് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. 19എങ്കിലും സഭയിൽ മറ്റുള്ളവരെയും പഠിപ്പിക്കേണ്ടതിന് 10,000 വാക്ക് അന്യഭാഷയിൽ സംസാരിക്കുന്നതിനേക്കാൾ ബുദ്ധികൊണ്ട് അഞ്ചുവാക്കു പറയുവാൻ ഞാൻ ഇച്ഛിക്കുന്നു. 20സഹോദരന്മാരേ, ബുദ്ധിയിൽ കുഞ്ഞുങ്ങളാകരുത്; തിന്മയ്ക്ക് ശിശുക്കൾ ആയിരിക്കുവിൻ; ബുദ്ധിയിലോ പക്വതയുള്ളവരാകുവിൻ. 21അന്യഭാഷകളാലും അന്യരുടെ അധരങ്ങളാലും ഞാൻ ഈ ജനത്തോടു സംസാരിക്കുമെങ്കിലും അവർ എന്റെ വാക്കു കേൾക്കുകയില്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു എന്ന് ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നു. 22അതുകൊണ്ട് അന്യഭാഷകൾ അടയാളമായിരിക്കുന്നത് വിശ്വാസികൾക്കല്ല, അവിശ്വാസികൾക്കത്രേ; പ്രവചനമോ അവിശ്വാസികൾക്കല്ല, വിശ്വാസികൾക്കു തന്നെ (1 കൊരിന്ത്യർ 14:14-22).

വാക്യം 14-17: ഫലശൂന്യമാകുന്നതു നല്ലതാണോ? അല്ല - ഗുണമൊന്നുമില്ലാതിരിക്കുന്നു എന്നാണ് അതിനർത്ഥം (തിത്തൂസ് 3:14, മർക്കോസ് 4:19). നാം ഫലപുഷ്ടിയുള്ളവരായിരിക്കണമെന്നതാണ് ദൈവഹിതം (കൊലോസ്യർ 1:10), പിന്നെയെന്തിന് നാം അതിലൊരു വിട്ടുവീഴ്ചയ്ക്കു തയ്യാറാകണം? നമ്മുടെ പ്രാർത്ഥന ആത്മാവിലും (ഉത്സാഹത്തോടെയും താത്പര്യത്തോടെയും) അതേസമയം തന്നെ മനസ്സോടെയുമാകണം (തിരിച്ചറിവോടെയും). അതുപോലെതന്നെയായിരിക്കണം നാം പാട്ടുപാടേണ്ടതും (വാ 15-16). ആത്മാവിൽ പ്രാർത്ഥിക്കുകയെന്നാൽ (എഫേസ്യർ 6:18) അന്യഭാഷയിൽ പ്രാർത്ഥിക്കലല്ല എന്നകാര്യം ഇവിടെ വ്യക്തമാകുന്നു.

ആദ്യനൂറ്റാണ്ടിൽ അന്യഭാഷ സംസാരിച്ചിരുന്നവർക്ക് ആരെങ്കിലും പരിഭാഷപ്പെടുത്തിക്കൊടുത്താലേ അവർ പറയുന്നതെന്തെന്നു മനസ്സിലാവുകയുള്ളൂ എന്ന ഒരു ധാരണ ന്യായമായും ചിലർക്കുണ്ടായേക്കാം. എന്തുകൊണ്ടാണിങ്ങനെ? കാരണം ഇന്നു നാം കണ്ടിട്ടുള്ള ജല്പനങ്ങൾക്ക് അർത്ഥം കണ്ടെത്തണമെങ്കിൽ അത്ഭുതകരമായ ഒരു വിശദീകരണം കൂടിയേ പറ്റൂ. എന്നാൽ ബൈബിളിലെ നാവുകൾ ജല്പനങ്ങളല്ല, പകരം വ്യക്തമായ ഭാഷകളാണ്. നാവുകൾ ഫലപ്രദമാകേണ്ടതിന് അതു കേൾക്കുന്നവർക്കു മനസ്സിലാകേണ്ടതുണ്ട്. അതിനാൽ ആരെങ്കിലും പരിഭാഷപ്പെടുത്തിയേ പറ്റൂ. നല്ല രീതിയിൽ പരിഭാഷപ്പെടുത്തിയാൽ മാത്രമേ അന്യഭാഷപറയുന്നവനും, അതു കേൾക്കുന്നവനും കേൾക്കുന്ന സന്ദേശത്തിൽ ശ്രദ്ധിക്കാൻ കഴിയൂ.

വാക്യം 18-19: താൻ പഠിച്ച ഗ്രീക്ക്, അരമിയാ, ഹീബ്രൂ, മിക്കവാറും ലത്തീൻ മുതലായ ഭാഷകളിൽ മാത്രമല്ല പൗലോസ് സംസാരിച്ചത്, തനിക്കറിയാത്ത ഭാഷകളിൽ സംസാരിക്കാനുള്ള ആത്മവരത്തിൽ കൂടിയുമാണ്. തന്റെ ദൗത്യയാത്രകളിൽ ഈ ഭാഷാവരം പൗലോസിന് വലിയ ഒരു സഹായമായിരിക്കണം (അങ്ങനെ എഴുതിവച്ചിട്ടില്ലെങ്കിൽകൂടി). എന്നാൽ സഭയിൽ താൻ സംസാരിക്കുമ്പോൾ സ്ഥിതി അതല്ലായിരുന്നു. ബുദ്ധികൊണ്ട് അഞ്ചുവാക്കുകൾ പറയുന്നതാണ് ഭാഷാവരത്തോടെ ഒരു സന്ദേശം മുഴുവൻ നൽകുന്നതിനേക്കാൾ ശ്രേഷ്ഠതരമായി പൗലോസ് തിരഞ്ഞെടുക്കുന്നത്.

വാക്യം 20: അന്ധവിശ്വാസപൂരിതമായി ക്രിസ്തുമതത്തെ സമീപിക്കുന്നവർക്കു പറ്റുന്ന ഏറ്റവും വലിയ തെറ്റിദ്ധാരണയെന്തെന്നാൽ, ആത്മീയതയെന്നത് ദൈവീകമായതിനെ അനുഭവിക്കലാണ് എന്നു ധരിച്ചുവയ്ക്കലാണ്. കൊരിന്തിലെ അന്യഭാഷാസംസാരകർ മറ്റുള്ളവരുടെ മുന്നിൽ മേനി നടിക്കാനും തങ്ങളുടെ കഴിവുകളെ പ്രദർശിപ്പിക്കാനുമായി സഭാമദ്ധ്യേ ബാലിശമായി പ്രവർത്തിക്കുകയായിരുന്നു. ശരിയായ മതം വൈകാരികോന്മത്തത നൽകുന്ന ഒന്നാണ്, തീർച്ചയായും, എന്നാൽ അതു വൈകാരികോന്മത്തത കൃത്രിമമായി സൃഷ്ടിച്ച് അടിച്ചേൽപ്പിക്കുന്ന ഒന്നല്ല. ആരാധനയോടുള്ള കൊരിന്തുകാരുടെ സമീപനം ബാലിശവും സ്വാർത്ഥത നിറഞ്ഞതുമായിരുന്നു, അവർ ആരാധനായോഗങ്ങളെ ഒരു വിനോദമേളയാക്കിമാറ്റി. ആത്മവരങ്ങളുടെ ഉപയോഗത്തെയും ദുരുപയോഗത്തെയും കുറിച്ചു പഠിപ്പിക്കാനായി പൗലോസ് ഇവിടെ പഴയനിയമത്തിലേക്കു തിരിയുന്നു.

വാക്യം 21-22: നാവുകളെ വിശദീകരിക്കാനായി പൗലോസ് നൽകുന്ന ഉദാഹരണം അശ്ശൂരിന്റേതാണ് (അക്കാദിയൻ ഭാഷ), നിലവിലുണ്ടായിരുന്ന ഒരു ഭാഷയാണത്. ക്രൂരന്മാരായ അശ്ശൂർ ദേശക്കാരുടെ ഭാഷ. ഏശയ്യാവിന്റെ പുസ്തകം പരിശോധിക്കുമ്പോൾ, നാവിനെക്കുറിച്ചു നമുക്കു മനസ്സിലാകുന്ന വസ്തുതയെന്തെന്നാൽ, ദൈവവിധിയുടെ ഒരു അടയാളമായാണ് ഇസ്രായേൽമക്കളെ സംബന്ധിച്ച് നാവ്. നാവുകൾ അവിശ്വാസികളായ ആളുകൾക്കുള്ള ഭയാനകമായ ഒരു അടയാളമായി അനേകം പഴയനിയമവേദഭാഗങ്ങൾ ചൂണ്ടിക്കാണിക്കുന്നു (ഏശയ്യ 18:2, 28:11, ആവർത്തനം 28:49, യിരമ്യ 5:15). അന്യനാവുകൾ സംസാരിക്കുന്ന മനുഷ്യർ, അശ്ശൂർ ദേശക്കാർ, ഇസ്രായേലിന്റെ മേൽ ശിക്ഷനടപ്പാക്കാനായി ദൈവം അയച്ച ആളുകളായിരുന്നു. ഈ വചനത്തിൽ പറയുന്ന അവിശ്വാസികൾ ഇസ്രായേൽമക്കൾതന്നെയാണ് - ദൈവത്തിൽ വിശ്വസിക്കാതെ അവനോടു അവിശ്വസ്തതകാണിച്ച യഹൂദർ. അന്യനാവുകൾ അവർ കേട്ടപ്പോൾ അതൊട്ടും ആത്മീയത വർദ്ധിപ്പിക്കുന്ന കാര്യമായിരുന്നില്ല. അവരുടെ അവസാനം അടുത്തുവെന്നുള്ളതിനു തെളിവായിരുന്നു ആ ശബ്ദം.

ഒരു ദിവസം രാവിലെ നിങ്ങൾ എഴുന്നേറ്റുനോക്കുമ്പോൾ ചുറ്റും കേൾക്കുന്നതു പരിചയമേതുമില്ലാത്തഭാഷയിലുള്ള ശബ്ദങ്ങളാണെന്നു സങ്കൽപ്പിച്ചു നോക്കുക - റേഡിയോയിലും ടിവിയിലുമെല്ലാം. പുറത്തേക്കിറങ്ങി നോക്കിയപ്പോഴാണ് നിങ്ങളുടെ രാജ്യം മറ്റേതോ രാജ്യക്കാരുടെ പട്ടാളക്കാരാൽ നിറഞ്ഞിരിക്കുന്നതായി കാണുന്നത്. നിങ്ങളുടെ മാതൃരാജ്യം കീഴടക്കപ്പെട്ടിരിക്കുന്നു. കേൾക്കുന്നതെല്ലാം ശത്രുരാജ്യക്കാരുടെ ശബ്ദം മാത്രമാണ്. അതൊട്ടും ആത്മീയ വർദ്ധനവരുത്തുന്നതായിരിക്കില്ല, അല്ലേ? പഴയനിയമസംഭവങ്ങളുമായി നമുക്ക് അത്രയ്ക്ക് അടുപ്പമില്ലാത്തതുകൊണ്ട്, നാവുകളുടെ ബൈബിൾ പ്രകാരമുള്ള പ്രാധാന്യത്തെക്കുറിച്ചു നാം മനസ്സിലാക്കുന്നതു തീരെ ലഘുവായിട്ടാണ് - കടന്നുകയറ്റത്തിലൂടെ ദൈവം നടത്തുന്ന ന്യായവിധിയുടെ അടയാളമാണത്.

സാന്ദർഭികമായി പറയുമ്പോൾ, പെന്തക്കോസ്തു നാളിലെ അന്യഭാഷാസംസാരം വിരൽചൂ

ണ്ടുന്നത് യഹൂദരുടെ അവകാശത്തിലേക്കുള്ള അന്യദേശക്കാരുടെ കടന്നുകയറ്റം മാത്രമല്ല, ക്രിസ്തുവിനെ നിഷേധിച്ചതിനാൽ യഹൂദദേശം മുഴുവൻ ദൈവത്തിന്റെ മുന്നിൽ ന്യായവിധിക്കായി മാറ്റിനിറുത്തപ്പെടുന്നു എന്നതു കൂടിയാണ്. (അപ്പസ്തോലപ്രവർത്തികളുടെ രണ്ടാം അദ്ധ്യായത്തിൽ പത്രോസ് ഉദ്ധരിക്കുന്ന യോവേൽ പ്രവാചകന്റെ പ്രവചനം (യോവേൽ 2:28) ഈ ദൈവവിധിയുടെ പശ്ചാത്തലത്തിലുള്ളതാണ്). യെരുശലേമിന്റെ നാശത്തെക്കുറിച്ച് യേശു പ്രവചിച്ചു (മത്തായി 24, മർക്കോസ് 13, ലൂക്കോസ് 17, 19, 21), നാല്പതുവർഷം കഴിഞ്ഞ് (എഡി 70ൽ) അതു നിറവേറി. ഇസ്രായേൽ മക്കൾക്കു മാനസാന്തരപ്പെടാനായി നൽകിയ കൃപയുടെ സമയമായി പലരും ഈ നാൽപതു വർഷത്തെക്കാണുന്നു. മരുഭൂമിയിലെ തങ്ങളുടെ നാല്പതുവർഷ പ്രയാണത്തിനു സമാന്തരമായ കാലഘട്ടം. അങ്ങനെ, പെന്തക്കോസ്തുനാളിലെ അന്യഭാഷാ സംസാരം യഹൂദജനതയുടെ ആസന്നമായ പതനത്തെ വിളംബരം ചെയ്യുന്ന ഒരു കാഹളമായിരുന്നു.

———

23സഭയൊക്കെയും ഒരുമിച്ചുകൂടി എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നുവെങ്കിൽ ആത്മവരമില്ലാത്തവരോ അവിശ്വാസികളോ അകത്തുവന്നാൽ നിങ്ങൾക്കു ഭ്രാന്തുണ്ട് എന്നു പറയുകയില്ലയോ? 24എല്ലാവരും പ്രവചിക്കുന്നുവെങ്കിലോ അവിശ്വാസിയോ ആത്മവരമില്ലാത്തവനോ അകത്തുവന്നാൽ എല്ലാവരുടെയും വാക്കിനാൽ അവന് പാപബോധം വരും; അവൻ എല്ലാവരാലും വിവേചിക്കപ്പെടും. 25അവന്റെ ഹൃദയരഹസ്യങ്ങളും വെളിപ്പെട്ടുവരും; അങ്ങനെ അവൻ സാഷ്ടാംഗം വീണ്, ദൈവം വാസ്തവമായി നിങ്ങളുടെ ഇടയിൽ ഉണ്ട് എന്ന് ഏറ്റുപറഞ്ഞ് ദൈവത്തെ ആരാധിക്കും (1 കൊരിന്ത്യർ 14:23-25).

വാക്യം 23–25: നാവുകൾ ന്യായവിധിയുടെ ഒരു അടയാളമാകയാൽ, ഭയപ്പെടുത്തുകയും ഭ്രമിപ്പിക്കുകയും ചെയ്യുന്ന ഒരു അടയാളം, സഭായോഗങ്ങളിലേക്കു കടന്നുവരുന്ന സന്ദർശകർ കേൾക്കണമെന്നു നാം ആഗ്രഹിക്കുന്ന ഒരു കാര്യമല്ല (പ്രത്യേകിച്ച് എല്ലാവരും കൂടി ഒരുമിച്ചു പറയുന്ന സമയത്ത്). അങ്ങനെയൊരു രംഗം അവരെ സഭായോഗത്തിൽ നിന്നും അകറ്റി നിർത്തും, നിങ്ങൾക്കെന്തോ തകരാറുണ്ടെന്നു തോന്നലുണ്ടാക്കുന്നതിനാൽ. എന്നാൽ പ്രവചനം (അതിന്റെ പ്രസംഗഗുണത്താൽ) സന്ദർശകരിൽ ബോധ്യം വളർത്താനും മാനസാന്തരം ഉളവാക്കുവാനും ഇടയാക്കും. തങ്ങൾക്കു ലഭിച്ചിരിക്കുന്ന വരങ്ങൾ ശരിയായ അളവിലും ശരിയായ രീതിയിലും ഉപയോഗിക്കാൻ പൗലോസ് കൊരിന്തുകാരോട് വീണ്ടും ആവശ്യപ്പെടുന്നു. ഭാഷാവരത്തിന്റെ പ്രാധാന്യമില്ലായ്മയെ ഒരിക്കൽക്കൂടി എടുത്തു കാണിക്കുകയും ചെയ്യുന്നു. കാരണമെന്താണ്? ക്രിസ്ത്യാനികളെ വിളിച്ചിരിക്കുന്നത് നഷ്ടാത്മാക്കളെ മാനസാന്തരത്തിലേക്കു കൊണ്ടുവരുവാനുള്ള കല്പനയിലേക്കാണ്, തങ്ങളുടെ വരങ്ങൾ പ്രദർശിപ്പിച്ച് സന്ദർശകരുടെ കണ്ണഞ്ചിപ്പിക്കാനല്ല. എല്ലാറ്റിലുമുപരിയായി, ദൈവവചനമാണ് ആളുകളെ വിശ്വാസത്തിലേക്കു കൊണ്ടുവരുന്നത്, അത്ഭുതങ്ങളല്ല (ലൂക്കോസ് 16:31).

———

26സഹോദരന്മാരേ, ആകയാൽ എന്തു ചെയ്യണം? നിങ്ങൾ കൂടിവരുമ്പോൾ ഓരോരുത്തനും സങ്കീർത്തനം ഉണ്ട്, ഉപദേശം ഉണ്ട്, വെളിപാട് ഉണ്ട്, അന്യഭാഷ ഉണ്ട്, വ്യാഖ്യാനം ഉണ്ട്. സകലതും ആത്മിക അഭിവൃദ്ധിക്കായി ഉതകട്ടെ. 27അന്യഭാഷയിൽ സംസാരിക്കുന്നുവെങ്കിൽ രണ്ടു പേരോ ഏറിയാൽ മൂന്നുപേരോ ആകട്ടെ; അവർ ഓരോരുത്തരായി സംസാരിക്കുകയും ഒരുവൻ വ്യാഖ്യാനിക്കുകയും ചെയ്യട്ടെ. 28വ്യാഖ്യാതാവ് ഇല്ലാതിരുന്നാൽ അന്യഭാഷക്കാരൻ സഭയിൽ നിശ്ശബ്ദമായി തന്നോടും ദൈവത്തോടും സംസാരിക്കട്ടെ. 29 പ്രവാചകന്മാർ രണ്ടോ മൂന്നോ പേരു സംസാരിക്കുകയും മറ്റുള്ളവർ വിവേചിക്കുകയും ചെയ്യട്ടെ. 30ഇരിക്കുന്നവനായ മറ്റൊരുവനു വെളിപാടുണ്ടായാലോ ഒന്നാമത്തവൻ നിശ്ശബ്ദനായിരിക്കട്ടെ. 31എല്ലാവരും പഠിക്കുവാനും എല്ലാവർക്കും പ്രബോധനം ലഭിക്കുവാനുമായി നിങ്ങൾക്കെല്ലാം ഓരോരുത്തരായി പ്രവചിക്കാവുന്നതാണ്. 32പ്രവാചകരുടെ ആത്മാക്കൾ പ്രവാചകന്മാർക്കു കീഴടങ്ങിയിരിക്കുന്നു. 33എന്തെന്നാൽ ദൈവം കലക്കത്തിന്റെ ദൈവമല്ല, വിശുദ്ധന്മാരുടെ സർവ്വസഭകളിലും എന്ന പോലെ സമാധാനത്തിന്റെ ദൈവമത്രേ. 34സ്ത്രീകൾ സഭായോഗങ്ങളിൽ നിശ്ശബ്ദമായിരിക്കട്ടെ; എന്തെന്നാൽ കീഴടങ്ങിയിരിക്കുവാനല്ലാതെ, സംസാരിക്കുവാൻ അവർക്ക് അനുവാദമില്ല എന്ന് ന്യായപ്രമാണവും പറയുന്നു. 35അവർ എന്തെങ്കിലും പഠിക്കുവാൻ ഇച്ഛിക്കുന്നുവെങ്കിൽ വീട്ടിൽവച്ച് ഭർത്താക്കന്മാരോടു ചോദിച്ചുകൊള്ളട്ടെ; സ്ത്രീ സഭയിൽ സംസാരിക്കുന്നത് അനുചിതമല്ലോ (1 കൊരിന്ത്യർ 14:26-35).

സഭായോഗത്തിൽ ഭാഷാവരമുപയോഗിക്കുന്നതിനെക്കുറിച്ചുള്ള തന്റെ നിർദ്ദേശങ്ങളിലേക്ക് പൗലോസ് വീണ്ടും തിരിച്ചു വരുന്നു. അതിനായി കുറച്ചു നിയന്ത്രണ സംവിധാനങ്ങളും മുന്നോട്ടുവയ്ക്കുന്നു:

- രണ്ടോ മൂന്നോപേർ മാത്രം ഭാഷാവരത്തോടെ സംസാരിക്കുക
- അവർ ഒന്നിനു പിന്നാലെ മറ്റൊരുവൻ എന്നരീതിയിൽ സംസാരിക്കുക, ഒരുമിച്ചല്ല.
- നാവുകൾ സംസാരിക്കുന്നവർ അതിന്റെ പരിഭാഷയോടുകൂടെമാത്രമേ സംസാരിക്കാൻ പാടുള്ളൂ.

കൊരിന്തുകാർ തങ്ങളുടെ സഭായോഗങ്ങൾ ക്രമമറ്റരീതിയിലായിരുന്നു ചെയ്തിരുന്നത് എന്ന കാര്യം ഇവിടെ വ്യക്തമാണ്. സഭായോഗങ്ങളിൽ അന്യാഭാഷപറയുന്നവർ അനേകരായിരുന്നു. അവരെല്ലാം തങ്ങളുടെ വരങ്ങൾ ഒരേസമയം പ്രദർശിപ്പിച്ചിരുന്നതുകൊണ്ട്, ആശയക്കുഴപ്പവും അപശ്രുതിയുമാണ് സഭയിൽ നടന്നുകൊണ്ടിരുന്നത്. അന്യഭാഷയെ പരിഭാഷപ്പെടുത്താതിരുന്നതിനാൽ ആർക്കും അതുകൊണ്ടൊരു പ്രയോജനവും ഉണ്ടായിരുന്നില്ല താനും.

കൊരിന്ത്യർ പോലും നാണിച്ചുപോകുന്നതരത്തിലുള്ള രീതികളും ആശയക്കുഴപ്പങ്ങളും നിലവിലുള്ള ചില കൂട്ടങ്ങൾ ഇന്നുണ്ടെന്നുള്ളത് ആശ്ചര്യാവഹമാണ്. എന്റെ പഴയസഭയിൽ കരിസ്മാറ്റിക് പ്രസ്ഥാനം കാലുകുത്തിയ കാലഘട്ടം ഞാൻ ഓർക്കുന്നു. എന്റെ യുവകൂട്ടായ്മയിലുള്ള സകലരും തങ്ങളുടെ വരമെന്താണെന്നു കണ്ടുപിടിക്കാനുള്ള തിരക്കിലായി. പ്രാർത്ഥനാസമയങ്ങൾ അന്യഭാഷാസംസാര സമയങ്ങളായി, പാട്ടുപാടുന്ന സമയങ്ങൾ അന്യഭാഷയിൽ (ആത്മാവിൽ) പാടുന്ന സമയങ്ങളായി. ഇതുശരിയല്ല എന്ന് എനിക്കു തോന്നിയതിനാൽ ഞാൻ എന്റെ നായകന്റെയടുത്ത് 1 കൊരിന്ത്യർ 14-ാം അദ്ധ്യായം കാണിച്ചുകൊടുത്തിട്ടു പറഞ്ഞു, ഓരോരുത്തരായിട്ടാണ് സംസാരിക്കേണ്ടത് എന്ന്. കൂട്ടത്തിലുണ്ടായിരുന്ന കുറച്ചുപേർ എന്നെ പിന്താങ്ങി. എന്നാൽ അതൊന്നും പരിഗണിക്കാതെ മുഴുവൻ പേരും ആത്മാവിലുള്ള സംസാരത്തിലേക്കു നീങ്ങി. എന്തു പറയാൻ!

വാക്യം 28: ഒരാൾ സംസാരിക്കുന്നതിന്റെ പരിഭാഷ കൂട്ടത്തിലുള്ള ആർക്കെങ്കിലും ആ സമയത്തു ലഭിക്കുന്ന സാഹചര്യമാണു നിലനിന്നിരുന്നതെങ്കിൽ ഈ മുന്നറിയിപ്പിന് യാതൊരു വിലയുമില്ല. വാസ്തവമെന്തെന്നാൽ ചിലയാളുകൾക്ക് ചില അന്യഭാഷകൾ പരിഭാഷപ്പെടുത്താനുള്ള വരം ലഭിച്ചിട്ടുണ്ട്. അതിനാൽ, പരിഭാഷപ്പെടുത്താനുള്ള ആൾ കൂട്ടത്തിലുണ്ടോ എന്ന് ഒരുവൻ നിരീക്ഷിച്ചിട്ടുവേണം തന്റെ ഭാഷാവരംകൊണ്ടു പ്രയോജനമുണ്ടോ എന്നു തീരുമാനിക്കാൻ. ഈ കാര്യങ്ങളെല്ലാം വിരൽ ചൂണ്ടുന്നത് അന്യഭാഷയെന്നത് നിലവിലുള്ള മറ്റൊരു ഭാഷയാണെന്ന യാഥാർത്ഥ്യമാണ്. സ്വന്തമായി അന്യഭാഷ സംസാരിക്കുന്നതിനെ പൗലോസ് നിരുത്സാഹപ്പെടുത്തുന്നില്ല. അന്യഭാഷ സംസാരിക്കുന്നയാൾക്ക് അതുമനസ്സിലാക്കാൻ കഴിവുണ്ട് എന്ന ഒരു ധ്വനിയാണ് നമുക്കിവിടെ ലഭിക്കുന്നത്, അതുവഴി അയാൾക്ക് ആത്മീയവർദ്ധനയുണ്ടാകുമെന്നും.

വാക്യം 29-36: ഭാഷാവരം സഭയിൽ ഉപയോഗിക്കുന്നതിനെപ്പറ്റി വ്യക്തമായ നിർദ്ദേശങ്ങൾ നിലനിൽക്കുന്നതുപോലെ, പ്രവചനവരം ഉപയോഗിക്കുന്നതിനെക്കുറിച്ചുള്ള പ്രായോഗികനിർദ്ദേശങ്ങളും പൗലോസ് അടിവരയിടുന്നു:

- രണ്ടോ അല്ലെങ്കിൽ മൂന്നോ പ്രവാചകർക്കു സംസാരിക്കാം. പഴയനിയമത്തേക്കാൾ കർക്കശമായ ഒരു നിയമമാണിത്, കാരണം, പഴയനിയമത്തിൽ കൂട്ടമായി പ്രവചിച്ചിരുന്നതു നാം പലപ്പോഴും കണ്ടുവരുന്നു (1 ശമുവേൽ 19:20).
- പ്രവചിക്കപ്പെടുന്ന സന്ദേശം കേൾവിക്കാർ പരിശോധിച്ചു വിവേചിക്കുകയും ചെയ്യണം - രണ്ടുകയ്യും നീട്ടി സ്വീകരിക്കുകയല്ല വേണ്ടത്. അർത്ഥം മനസ്സിലാകുന്നതുവരെ കേട്ട സന്ദേശം പരിശോധനയ്ക്കുവിധേയമാക്കുന്നത് ദൈവത്തെ പ്രകോപിപ്പിക്കുന്ന ഒരു കാര്യമല്ല (1 തെസ്സലോനിക്യർ 5:19-20).
- സംസാരിക്കുന്നയാൾ അതിനാൽ വഹിക്കപ്പെട്ട് മുഴുകിപ്പോകുന്നവനാകരുത്. നിങ്ങളുടെ മേൽ സർവ്വാധിപത്യം സ്ഥാപിക്കുന്ന ഒരു കാര്യമല്ല ആത്മീയ വരമെന്നത്. നിങ്ങളാണ് വരത്തെ നിയന്ത്രിക്കേണ്ടത്. അച്ചടക്കമാണ് സർവ്വ പ്രധാനമായത്.

ആദിമകാലഘട്ടത്തിലെ കരിസ്മാറ്റിക് പ്രസ്ഥാനസ്ഥാപകനായ മോൻടാനസിന്റെ ഉപദേശങ്ങളും പൗലോസിന്റെ ജ്ഞാനവും തമ്മിലുള്ള അന്തരം ഒന്നു നോക്കുക. മനുഷ്യൻ ഒരു വീണയാണ്, ഞാൻ (ആത്മാവ്) അവനിൽ ആവേശിച്ച് അവനെ മീട്ടുന്ന ഒരു വാദ്യക്കോലാണ് - മോൻടാനിസ്റ്റ് ഉപദേശം. മറ്റൊരു മോൻടാനിസ്റ്റ് നായകന്റെ വാക്കുകൾ: കർത്താവ് എന്നെ നിർബന്ധിച്ചു, മനസ്സോടെയാണെങ്കിലും അല്ലെങ്കിലും ദൈവത്തെക്കുറിച്ചുള്ള ജ്ഞാനം നേടാനായി.

കരിസ്മാറ്റിക് പ്രസ്ഥാനക്കാർ പൗലോസിന്റെ വാക്കുകളെ എത്രമാത്രം തൃണവൽക്കരിക്കുന്നു എന്നു കാണുന്നത് ഞെട്ടലുളവാക്കുന്ന ഒരു കാര്യമാണ്, പരിശുദ്ധാത്മാവു നൽകിയ അധികാരത്താൽ നമുക്കായി പകർന്നു തന്ന കൽപ്പനകൾ (വാക്യം 37).

മറ്റൊരു മുന്നറിയിപ്പുകൂടി പൗലോസ് നൽകിയിരിക്കുന്നു. പ്രവചനങ്ങളെ പരിശോധനയ്ക്കു വിധേയമാക്കാൻ സഭയിൽ സ്ത്രീകളെ പൗലോസ് അനുവദിക്കുന്നില്ല, കാരണം അതു പുരുഷന്റെ അധികാരത്തെ ചോദ്യം ചെയ്യുന്ന ഒന്നാകും (1 തിമോത്തി 2:11 നോക്കുക).

---

36ദൈവവചനം നിങ്ങളുടെ ഇടയിൽനിന്നാണോ പുറപ്പെട്ടത്? അതോ, നിങ്ങൾക്കു മാത്രമായിട്ടാണ് അതു വന്നതെന്നോ? 37താൻ പ്രവാചകനാണെന്നോ ആത്മികനാണെന്നോ ഒരുവനു തോന്നുന്നുവെങ്കിൽ, ഞാൻ നിങ്ങൾക്കെഴുതുന്നത് കർത്താവിന്റെ കല്പന ആകുന്നു എന്ന് അവൻ തിരിച്ചറിഞ്ഞുകൊള്ളട്ടെ. 38ഒരുവൻ ഇതു തിരിച്ചറിയുന്നില്ലെങ്കിൽ അവനെയും തിരിച്ചറിയുകയില്ല. 39അതുകൊണ്ടു സഹോദരന്മാരേ, പ്രവചനവരം വാഞ്ഛിക്കുവിൻ; അന്യഭാഷകളിൽ സംസാരിക്കുന്നതു വിലക്കുകയുമരുത്. 40സകല കാര്യങ്ങളും ഉചിതമായും ക്രമമായും നടക്കട്ടെ (1 കൊരിന്ത്യർ 14:36-40).

വാക്യം 36-40: അപ്പസ്തോലനെന്ന നിലയ്ക്കുള്ള തന്റെ അധികാരത്തെ (വാ 37-38) ആരെങ്കിലും ചോദ്യം ചെയ്തേക്കാമെന്ന തോന്നലാൽ, അപ്രകാരം ചെയ്തേക്കാവുന്നവർക്കുള്ള ഒരു മുന്നറിയിപ്പോടെ പൗലോസ് ചുരുക്കുന്നു (വാ 39-40). പൗലോസ് പ്രാധാന്യം നൽകുന്ന കാര്യങ്ങൾ വളരെ വ്യക്തമായതാണ്: പരിഭാഷപ്പെടുത്തിയ അന്യഭാഷകൊണ്ട് പ്രയോജനമുണ്ടെങ്കിലും, പ്രവചനം (പ്രസംഗം) പരമപ്രധാന സ്ഥാനം അർഹിക്കുന്ന ഒന്നാണ്. അതിലുപരിയായി, സഭാശുശ്രൂഷകൾ അച്ചടക്കത്തോടെയും ഔചിത്യത്തോടെയും ആയിരിക്കണം.

## അദ്ധ്യായം 14ന്റെ സാരാംശം

- അദ്ധ്യാപനത്തിനുതകുന്ന വരങ്ങളാണ് കാഴ്ചക്കു ഭ്രമമുണ്ടാക്കുന്ന ഭാഷാവരത്തെക്കാളും പ്രവചനവരത്തെക്കാളും ഉന്നതമായത്.
- പരിഭാഷപ്പെടുത്താത്ത നാവുകൾ അതു കേൾക്കുന്നവരെ സംബന്ധിച്ച് ഒരു നിഗൂഢതയാണ്. കൂട്ടായ ആരാധനാസമയങ്ങളിൽ ഇത്തരം അന്യഭാഷാസംസാരം വിലക്കപ്പെട്ടിരിക്കുന്നു.
- പരിഭാഷപ്പെടുത്തുന്ന അന്യഭാഷയെ പ്രവചനത്തോടു സമമായി പരിഗണിക്കുന്നു.
- ബുദ്ധിയെ ഉൾപ്പെടുത്താത്ത രീതികൾ അവലംബിക്കുന്നതിനോടു പൗലോസിനു യോചിപ്പില്ല.
- നാവുകൾ മറ്റുള്ളവരെ അന്യരാക്കുന്ന ഒന്നായതിനാൽ അത് അവിശ്വാസികളിൽ അകൽച്ചയേ സൃഷ്ടിക്കുന്നുള്ളൂ.
- അന്യഭാഷയും പ്രവചനവും കർക്കശമായ നിർദ്ദേശങ്ങളാൽ നിയന്ത്രിക്കപ്പെട്ടിരിക്കുന്നു: 1. രണ്ടോ മൂന്നോ പേർ മാത്രമേ ഒരു യോഗത്തിൽ സംസാരിക്കാൻ പാടുള്ളൂ, 2. സംസാരിക്കുന്നത് ഒരുമിച്ചായിരിക്കരുത്, പ്രത്യേകം പ്രത്യേകമായിരിക്കണം.
- സഭാശുശ്രൂഷകൾ സജീവവും ഊഷ്മളപൂർണ്ണവും ആയിരിക്കണം, അതേ സമയം തന്നെ മാന്യതയോടും ഔചിത്യത്തോടും അച്ചടക്കത്തോടും കൂടെ നടത്തപ്പെടണം. (നമുക്കൊരുവെല്ലുവിളി ഇതിൽ അടങ്ങിയിട്ടില്ലേ?)

## കൊരിന്തുകാർ അനുകരണയോഗ്യരോ?

നവപെന്തക്കോസ്തുവൃത്തങ്ങളിൽ പലരും അവകാശപ്പെടുന്നത്, ഞങ്ങൾക്കു കൊരിന്തിലെ സഭയെപ്പോലെയാകണം എന്നാണ്. ആ സഭ എത്രമാത്രം അകന്നുപോയി എന്ന യാഥാർത്ഥ്യം മനസ്സിലാക്കാതെയാണ് അവരിതു പറയുന്നത്. താരതമേന്യ പ്രാധാന്യം കുറവായ വരങ്ങളായ ഭാഷാവരത്തിന് അവർ അമിതപ്രാധാന്യം നൽകുകയും സുപ്രധാനവരങ്ങളായ അദ്ധ്യാപനവരങ്ങളെ പാടേ അവഗണിക്കുകയും ചെയ്തു.

അവരുടെ അഹംഭാവത്തെ, തങ്ങൾക്കുണ്ടായ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഊതിപ്പെരുപ്പിച്ചുപോന്ന അവർ യഥാർത്ഥത്തിൽ ആത്മീകമായി വചനത്താൽ ദരിദ്രരും (പ്രവചനം), കൂട്ടായ്മയിൽ ശുഷ്കിച്ചവരുമായിരുന്നു (അവർ ഓരോരുത്തരും തങ്ങൾക്കു തോന്നുന്നപ്രകാരത്തിലായിരുന്നു പ്രവർത്തിച്ചത്). അവർ കടന്നുവന്ന വിജാതീയ പശ്ചാത്തലരീതികൾ സഭയിൽ വലിയ സ്വാധീനമുണ്ടാക്കാൻ അവരനുവദിച്ചു (കൊരിന്തിലെ ഭൂരിഭാഗംപേരും അത്തരം വിജാതീയ പശ്ചാത്തലത്തിൽ നിന്നുമുള്ളവരായിരുന്നു). അവരുടെ ബുദ്ധിശക്തിയെ വികാരാനുഭവങ്ങൾക്ക് അടിമപ്പെടുത്തുകയും ചെയ്തു. മറ്റുള്ളവരെക്കാൾ കേമന്മാരാണെന്നു സ്ഥാപിക്കാനുള്ള അവരുടെ നിരന്തരശ്രമങ്ങൾക്കിടയിൽപ്പെട്ട് അവരുടെ ഇടയിലുണ്ടായിരുന്ന സ്നേഹം ഇല്ലാതെയായി, ക്രിസ്തുവിന്റെ ആത്മാവിനെ സംബന്ധിച്ച് കേന്ദ്രസ്ഥാനീയമായതാണ് പരസ്പര സ്നേഹം. അവരുടെയിടയിൽ യാതൊരു അച്ചടക്കവുമുണ്ടായിരുന്നില്ല. പൗലോസ് അവരെ കുരിശിലേക്കു തിരികെവിളിച്ചതിൽ യാതൊരു അത്ഭുതവുമില്ല (1 കൊരിന്ത്യർ 1:18-2:5).

ഇത്തരമൊരു കൂട്ടത്തെയാണ് കരിസ്മാറ്റിക് പ്രസ്ഥാനക്കാർ മാതൃകയാക്കാൻ തിരഞ്ഞെടുത്തിരിക്കുന്നത്. 1 കൊരിന്ത്യർ 12-14 അദ്ധ്യായങ്ങൾ ആത്മീയരായ ഒരു കൂട്ടായ്മക്കു നൽകിയ മാർഗ്ഗനിർദ്ദേശങ്ങളായിട്ടല്ല നാം കാണേണ്ടത്, പകരം ആത്മീയതനഷ്ടപ്പെട്ട് വരങ്ങളുടെ ഉപയോഗത്തിൽ വഴിതെറ്റിപ്പോയ ഒരു കൂട്ടായ്മക്കുള്ള തിരുത്തൽ വചനങ്ങളായാണ് നാം പരിഗണിക്കേണ്ടത്.

കുറിപ്പുകൾ:

1. ഓറിഗൻ, കോൻട്രാ സെൽസം 5:1:28

2. 4-7 വരെയുള്ള വാകൃങ്ങൾ മാത്രം, പതിമൂന്നാം വാകൃത്തിൽ സ്വയം പേരെഴുതിച്ചേർക്കുന്നത് വലിയ കുഴപ്പമാകും.

3. ദാനിയേൽ 9:24 അനുസരിച്ച് റോമാക്കാരുടെ കയ്യാൽ യെരുശലേം ദേവാലയത്തിന്റെ നാശത്തിനു ശേഷം -എഡി 70- ദർശനങ്ങളും പ്രവചനങ്ങളും മുദ്രവയ്ക്കപ്പെടും.

4. ടെലിയോൻ എന്ന വാക്ക് നിഷ്പക്ഷലിംഗമാണ്/അലിംഗമാണ്. എന്നാൽ സ്വർഗ്ഗമെന്ന ഗ്രീക്കു വാക്ക് പുല്ലിംഗമാണ്. അതുപോലെതന്നെ യേശുവെന്നതും. ബൈബിൾ എന്നവാക്ക് അലിംഗമാണ്, അതുപോലെതന്നെ ശരീരമെന്ന വാക്കും. സഭയെന്നത് സ്ത്രീലിംഗമാണ്. എങ്കിൽ പിന്നെ ടെലിയോൻ എന്നവാക്കിന്റെ പൂർവ്വപദമെന്താണ്? നല്ല ചോദ്യം തന്നെ. പല വ്യാഖ്യാതാക്കളും ഒരു അലിംഗപദ ത്തിലേക്കാണ് ടെലിയോൻ എന്ന പദം വിരൽ ചൂണ്ടുന്നത് എന്ന് അനുമാനിക്കുന്നവരാണ് - ഇതൊരു അനുമാനം മാത്രമാണ്. ദശാബ്ദങ്ങൾ ഗ്രീക്കു ഭാഷയും പ്രയോഗങ്ങളും മനസ്സിലാക്കാനായി ഉഴി ഞ്ഞുവച്ച് അദ്ധ്വാനിച്ചിരുന്ന പണ്ഢിതർ ഇക്കാര്യത്തിൽ തെളിച്ച് ഒരു അഭിപ്രായം പറയുന്നില്ല എന്നി രിക്കേ, താരതമേന്യ വളരെക്കുറച്ച് അനുഭവസമ്പത്തുള്ളവരാണ് വലിയ നിഗമനങ്ങളുമായെത്തുന്നത് എന്ന കാര്യം ആശ്ചര്യാവഹമാണ്. ഡി എ കാൾസന്റെ എക്സജെറ്റിക്കൽ ഫാല്ലസീസ് എന്ന പുസ്തകം നമ്മുടെ കണ്ണുതുറപ്പിക്കുന്ന ഒന്നാണ്.

5. കൊരിന്തിൽ നിലവിലുണ്ടായിരുന്ന കണ്ണാടികൾ അവയുടെ വ്യക്തതയ്ക്കു പേരുകേട്ടവയായിരു ന്നെന്നു പുരാവസ്തു ഗവേഷണം സാക്ഷ്യപ്പെടുത്തുന്നു. അതിനാൽ അക്കാലത്തെ കണ്ണാടി പ്രതി ബിംബങ്ങൾ അവ്യക്തമായതായിരുന്നു എന്ന വാദം മുഖവിലയ്ക്കെടുക്കാൻ കഴിയില്ല.

**അദ്ധ്യായം 24**

# ഊഷ്മളവും അവ്യക്തവുമായ ഒരു തോന്നൽ

## പരിശുദ്ധാത്മാവിലുള്ള സ്നാനം

ഞാൻ ആദ്യമായി മാറ്റത്തിനുവിധേയമായ 1976 കാലഘട്ടങ്ങളിൽ,(1) ഒരു കരിസ്മാറ്റിക് പ്രാർത്ഥനായോഗത്തിൽ പതിവായി പങ്കെടുത്തിരുന്നു. ധാരാളം ഭക്ഷണം, നല്ല പെൺകുട്ടികൾ, ആത്മീയമായ ഒരു പുതുമ എന്നീ കാര്യങ്ങളാണ് അവിടെ പോകാൻ എനിക്കുണ്ടായ പ്രേരണകൾ. പ്രൊട്ടസ്റ്റന്റുകാരും, കത്തോലിക്കരും, യഹൂദരുമെല്ലാം ആ കൂട്ടായ്മയിൽ പങ്കെടുക്കുന്നുണ്ടായിരുന്നു. ഒരു മണിക്കൂർ നീണ്ടു നിൽക്കുന്ന സ്തുതിഗീതങ്ങളുമായി (ഇംഗ്ലീഷിലും, *അന്യഭാഷയിലും*) തുടങ്ങുന്ന സഭായോഗത്തിൽ, പിന്നീട് ഒരു മണിക്കൂർ നേരത്തേക്ക് സാക്ഷ്യം നൽകലും (അല്ലെങ്കിൽ സന്ദേശം) ഉണ്ടാകും. അടുത്ത രണ്ടു മണിക്കൂർ ഭക്ഷണം കഴിച്ചും സംസാരിച്ചും പിയാനോ വായിക്കാൻ നിയുക്തനായ ഞാനും കുറച്ചുപേരും അതിനുചുറ്റുമിരുന്നു പാട്ടുപാടിയുമൊക്കെ സമയം ചിലവഴിച്ചിരുന്നു. വളരെ നല്ല ഒരു സാമുഹ്യ ഇടപഴകലിനുള്ള അവസരമായിരുന്നു അത്. ഇവിടെ സജീവമായിരിക്കുന്ന സമയത്തും കരിസ്മാറ്റിക്കല്ലാത്ത എന്റെ പഴയ സഭയിൽ ഞാൻ പോകുമായിരുന്നു. ഞാൻ ഏതുവിശ്വാസക്കാരനാണ് എന്ന് ആരെങ്കിലും ചോദിച്ചാൽ, നവപെന്തക്കോസ്തുവൃത്തങ്ങളിലുള്ള മിക്കവാറും പേർ പറയുന്നതു പോലെ ക്രിസ്ത്യാനിയാണ് എന്നു പറയുമായിരുന്നു.

ഈ പ്രാർത്ഥനായോഗത്തിൽ കുറേക്കാലം പങ്കെടുത്തുവരുന്ന സമയത്താണ് ഒരു പെന്തക്കോസ്തു സഭയിലേക്ക് എനിക്കു ക്ഷണം കിട്ടിയത്. ഞാൻ അതുവരെ പങ്കെടുത്തുവന്ന യോഗങ്ങളെക്കാളെല്ലാം ഉപരി ശക്തമായ ഒരു യോഗമായിരുന്നു അത്. ശബ്ദവും കൈകളും വളരെ ഉയർത്തിയത്. ഒരു ഭീതിയുടെ അന്തരീക്ഷമായിരുന്നു അവിടെ നിലനിന്നിരുന്നത്. പലരും *അന്യഭാഷ*കളിൽ സംസാരിക്കുന്നുണ്ടായിരുന്നു. ദൈവം തങ്ങളുടെ ജീവിതത്തിൽ എപ്രകാരം പ്രവർത്തിച്ചുവെന്നു വന്നു സാക്ഷ്യം പറയാനായി പ്രാസംഗികൻ ആളുകളെ ക്ഷണിച്ചുകൊണ്ടേയിരുന്നു. എന്റെ ഇരിപ്പിടത്തിനടുത്തുണ്ടായിരുന്ന ഒരു സ്ത്രീയെ അദ്ദേഹം വിളിച്ചു. എഴുന്നേറ്റു നിന്ന അവൾ ഭയപരവേശത്താൽ ബോധരഹിതയായി വീണുപോയി. അതിനുശേഷം പ്രാസംഗികൻ എന്റെ നേരെ വിരൽ ചൂണ്ടി. എന്റെ തലയ്ക്കു പെരുപ്പുകൂടി, ഹൃദയം ശക്തമായി മിടിക്കാൻ തുടങ്ങി, മസ്തിഷ്കത്തിൽ അഡ്രീനാലിൻ നദിപോലെ ഒഴുകുന്ന തോന്നൽ എനിക്കുണ്ടായി. എഴുന്നറ്റുനിന്ന്, ഒരു അപകടത്തിൽ നിന്നും രക്ഷപെട്ട മുമ്പുനടന്ന ഒരു സംഭവത്തെക്കുറിച്ചു ഞാൻ പറഞ്ഞു, ദൈവമായിരിക്കാം അന്ന് എന്നെ രക്ഷിച്ചത് എന്നു ഞാൻ പറഞ്ഞു നിറുത്തി. അനവധി ഹലേലൂയായും ആമേനും അന്തരീക്ഷത്തിലേക്കുയർന്നു. സ്വന്തം കാലിൽ നിന്നു രണ്ടുവാക്കു സംസാരിക്കാൻ കഴിഞ്ഞതിന്റെ അമിതാവേശത്താൽ ഞാൻ നിറഞ്ഞു.

കുറച്ചുസമയം കഴിഞ്ഞപ്പോൾ ഞങ്ങളുടെ കൂട്ടത്തിന്റെ നായികയായ ഒരു സ്ത്രീ എന്നോട് നിനക്കതു കിട്ടിയോ എന്നു ചോദിച്ചു, പരിശുദ്ധാത്മാവിലുള്ള സ്നാനം? എനിക്കതിനെക്കുറിച്ച് ഒരു ഉറപ്പുമില്ല എന്നു ഞാൻ പറഞ്ഞപ്പോൾ അവൾ എനിക്കുവേണ്ടി പ്രാർത്ഥിച്ചു. എന്നാൽ ഒന്നും സംഭവിച്ചില്ല. എന്തോ ഒന്ന്, ഉയർന്ന വോൾട്ടേജിലുള്ള എന്തോ ഒന്നിനെക്കുറിച്ച് എല്ലാവരും പറയുന്നുണ്ടായിരുന്നുവെങ്കിലും എനിക്കതു കിട്ടാതെപോയി.

### വാക്കുകളുടെ വിശദീകരണം

പരിശുദ്ധാത്മാവിലുള്ള സ്നാന(2)മെന്നാൽ എന്താണ്? ഇക്കാര്യത്തെക്കുറിച്ചുള്ള വിവിധ വാദഗതികളെക്കുറിച്ച് ഒരു പക്ഷേ നിങ്ങൾക്കു ധാരണയുണ്ടായിരിക്കാം. ഈ അദ്ധ്യായത്തിന്റെ ലക്ഷ്യങ്ങൾ ഇതൊക്കെയാണ്: 1. പരിശുദ്ധാത്മാവിലുള്ള സ്നാനത്തെക്കുറിച്ച് ബൈബിളിൽ പറയുന്നതു വ്യക്തമാക്കുക, 2. നവപെന്തക്കോസ്തു വൃത്തങ്ങളിൽ ഈ വാക്കിനു നൽകിയിട്ടുള്ള ആധുനികമായ അർത്ഥത്തെ പരിശോധിക്കുക.

പരിശുദ്ധാത്മാവിലുള്ള സ്നാനത്തെക്കുറിച്ചുള്ള വിവിധകാഴ്ചപ്പാടുകൾ ആദ്യം വിവരിക്കാം. ജനപ്രിയമായ ഉപദേശത്തെക്കുറിച്ച് ആദ്യം. നിജപ്പെടുത്തിയ കാഴ്ചപ്പാട് എന്നുവിളിക്കുന്ന മറ്റൊരു കാഴ്ചപ്പാട് പിന്നീടും നോക്കിയതിനു ശേഷം എന്റെ വ്യക്തിപരമായ കാഴ്ചപ്പാടും. ആദ്യം കരിസ്മാറ്റിക് കാഴ്ചപ്പാട്.

## ഊഷ്മളമായ, അവ്യക്തമായ/സുഖകരമായ ഒരു അനുഭവം

എല്ലാ ക്രിസ്ത്യാനികൾക്കും ലഭ്യമായ സ്തോഭജനകമായ ഒരു അനുഗ്രഹമായിട്ടാണ് നവ പെന്തക്കോസ്തുവൃത്തങ്ങൾ പരിശുദ്ധാത്മാവിലുള്ള സ്നാനത്തെ കാണുന്നത്. സ്നാനത്തിനുമുപരിയായ ഒരു വിശേഷാൽ അനുഭവമായിട്ടാണ് പൊതുവേയുള്ള കരിസ്മാറ്റിക് പ്രസ്ഥാനങ്ങളെല്ലാം പരിശുദ്ധാത്മാവിലുള്ള സ്നാനത്തെ വിശദീകരിക്കുന്നത്. വിശ്വാസസാക്ഷ്യം വഹിക്കുന്നതിനുള്ള ശക്തിനല്കുന്നതിനായും, അന്യഭാഷ സംസാരിക്കുന്നതിനുള്ള തുടക്കമായും, ചിലസമയത്ത് കൂടുതൽ അത്ഭുതവരങ്ങളുടെ സ്വീകരണത്തിനായുമാണ് ഈ ആത്മസ്നാനം.(3) പരിശുദ്ധാത്മാവിന്റെ രണ്ടാമത്തെ അനുഗ്രഹമെന്നാണ് ഇതിനെ ചിലസമയങ്ങളിൽ വിളിക്കുന്നത്. ആത്മാവിന്റെ രക്ഷയ്ക്ക് ഇത് അനിവാര്യമായി ഉയർത്തിപ്പിടിക്കുന്നില്ലയെങ്കിലും, സകലരും ഈ വരം തേടണമെന്നാണ് അവർ ഉദ്ബോധിപ്പിക്കുന്നത്. ആവശ്യമുള്ളതിലും കൂടുതലായ ഒന്നാണിത്. ഈ അനുഭവം വിശദീകരിക്കാവുന്ന ഒന്നാണെന്നും അത്ഭുതകരമായ ഒന്നും ഇതിലില്ല എന്നുമുള്ള കാര്യങ്ങളിൽ എനിക്കു പൂർണ്ണ ബോധ്യമുണ്ട്. ഇപ്പോൾ ആഫ്രിക്കയിൽ നായകനായി ശുശ്രൂഷചെയ്യുന്ന എന്റെ സുഹൃത്ത് ചാൾസ് എലീകു തന്റെ അനുഭവം പറയുന്നു:

> സഭാശുശ്രൂഷി എന്നോടു ചോദിച്ചു, പരിശുദ്ധാത്മാവിന്റെ പതിവിലുമധികമായ അളവ് നിങ്ങൾക്കു ലഭിച്ചോ എന്ന്. ഇല്ലയെന്നു ഞാൻ ഉത്തരം പറഞ്ഞപ്പോൾ കുറിച്ചു ദിവസങ്ങൾക്കുള്ളിൽ നടക്കാൻ പോകുന്ന ഒരു വിശേഷാൽ പ്രാർത്ഥനായോഗത്തിൽ പങ്കെടുക്കാൻ ക്ഷണിച്ചു.
>
> എന്നെപ്പോലെയുള്ള ഇരുപതോളം പേരെ മുന്നിൽ വച്ചുകൊണ്ടാണ് അന്നത്തെ രാത്രി പ്രാർത്ഥന നടത്തപ്പെട്ടത്. ഞങ്ങളെല്ലാവരും പുതുതായി കൂട്ടിച്ചേർത്തവരായിരുന്നു, ഞങ്ങൾക്കാർക്കും ആത്മാവിലുള്ള സ്നാനം ലഭിച്ചിട്ടില്ലായിരുന്നു. ചുറ്റുമുള്ളവർ ഞങ്ങൾക്ക് ആത്മസ്നാനമുണ്ടാകുവാനായി പ്രാർത്ഥിച്ചു, സമയം ചെല്ലുന്തോറും അവരുടെ ശബ്ദം ഉയർന്നുയർന്നു വന്നു. അവസാനം അതൊരു അലർച്ചയായി പരിണമിച്ചപ്പോൾ എനിക്കുതന്നെ തോന്നി – ഇവർ എന്താണു ചെയ്യുന്നത് എന്ന്.
>
> കൂട്ടത്തിൽ നിന്നും അഞ്ചുപേർ എന്നെ വലയം ചെയ്ത് എന്റെമേൽ കൈകൾ വച്ചുകൊണ്ട് എനിക്കു ആത്മസ്നാനം ഉണ്ടാകാനായി പ്രാർത്ഥിച്ചു. എനിക്കതിനോട് ഇഷ്ടക്കേടും സംശയവും തോന്നി. എന്നാൽ പിന്നീട് എന്നിൽ ഊഷ്മളവും സുഖപ്രദവുമായ ഒരു വികാരം ഉണ്ടായി. സാധാരണഭാഷയിലുള്ള അവരുടെ പ്രാർത്ഥന *അന്യഭാഷ*യിലേക്കു മാറി, കുറച്ചുകഴിഞ്ഞപ്പോൾ ഞാനും അവരുടെ കൂടെ *അന്യഭാഷ*യിൽ സംസാരിക്കാൻ തുടങ്ങി, ഉറക്കെ അലറി സംസാരിച്ചു. അവർ ദൈവത്തെസ്തുതിച്ചിട്ട്, എനിക്കു പരിശുദ്ധാത്മാവുലഭിച്ചു എന്നു പറഞ്ഞു. ഉടൻതന്നെ ആത്മസ്നാനം കിട്ടാത്തമറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കാനായി ഞാനും അവരുടെ കൂടെക്കൂടി. വലിയ ഒരു അനുഭവമായിരുന്നു അത്. ഉടൻതന്നെ സഭയിലെ രോഗിശുശ്രൂഷാ വിഭാഗത്തിൽ ഞാനും ഉൾപ്പെട്ടു പ്രവർത്തിക്കാൻ തുടങ്ങി.
>
> എന്നാൽ പിന്നീട് ബൈബിൾ പഠിച്ച് സത്യം മനസ്സിലാക്കിയപ്പോഴാണ് ഞാൻ ശരിക്കു ഭയന്നു വിറച്ചുപോയത്. എനിക്ക് ആത്മരക്ഷ ലഭിച്ചിട്ടില്ലെന്ന് എനിക്കു മനസ്സിലായി, എന്നിൽ ആവേശിച്ചത് ഒരു അശുദ്ധാത്മാവാണെന്നും എനിക്കു തോന്നി.

ആത്മാവിലുള്ള സ്നാനം ലഭിക്കുന്നതിനുവേണ്ടി വിശ്വാസികളിൽ അവർ ചെലുത്തുന്ന സമ്മർദ്ദം അതി കഠിനമായതാണ്. ചിലകൂട്ടങ്ങളിൽപ്പെട്ടവർ നിരന്തരമായ അതീവസമ്മർദ്ദത്തിനടിപ്പെട്ടു തകർന്ന് ഇത്തരം അനുഭവങ്ങൾ അഭിനയിക്കുകയും ചെയ്യുന്നു. ഇതുപോലത്തെ ഒരു അനുഭവമില്ലങ്കിൽ അവരിലെ ശക്തിപൂർണ്ണമല്ല എന്നാണ് അവരെപറഞ്ഞു ധരിപ്പിക്കുന്നത്, അവർ മുഴുവൻ സുവിശേഷവും സ്വീകരിച്ചില്ലയെന്നും.

ഒരു പെന്തക്കോസ്തു സഭയുടെ ആസ്ഥാനം കുടികൊണ്ടിരുന്ന പട്ടണത്തിലായിരുന്നു എന്റെ സുഹൃത്ത് ടോം ജോൺസ് ജീവിച്ചിരുന്നത്. ആ സഭയിലെ ഉന്നതൻമാരിലൊരാളുടെ മകൾ അദ്ദേഹത്തിന്റെ അടുക്കൽ ആത്മീയ സഹായം തേടിയെത്തി. അവൾ കടുത്ത നിരാശയിലായിരുന്നു, കാരണം നിരവധി തവണ അന്യഭാഷസംസാരിക്കുന്നതെങ്ങിനെയെന്നകാര്യത്തിൽ അവൾക്കു നിർദ്ദേശങ്ങൾ ലഭിച്ചിട്ടും അവൾക്കതു ചെയ്യാൻ കഴിയുന്നില്ല എന്നതായിരുന്നു അവളെ അലട്ടിയിരുന്നത്. പരിശുദ്ധാത്മാവിലുള്ള സ്നാനം ലഭിക്കാത്ത ഒരുവളായിരുന്നതിനാൽ അവളുടെ പിതാവിനെ സംബന്ധിച്ച് അവൾ ലജ്ജയ്ക്കു കാരണമായ ഒന്നായിരുന്നു, അവരുടെ സഭായോഗങ്ങളിൽ അവൾ സ്വീകാര്യയുമല്ലായിരുന്നു. മറ്റുള്ളവരോട് ഒത്തുചേർന്നു പോകാനായി ഓരോ വ്യക്തിയിലും ഇത്തരക്കാർ ചെലുത്തുന്ന സമ്മർദ്ദം വളരെ വലുതാണ്.(4) മുഴുവൻ സുവിശേഷത്തിന്റെ ഭാഗമായി അത്ഭുതകരമായ അനുഭവങ്ങൾ ഒരാൾക്കുണ്ടായിരിക്കണമെന്ന വിശ്വാസം തീരെ അടിസ്ഥാനമില്ലാത്തതാണ്.

## നവപെന്തക്കോസ്തു കാഴ്ചപ്പാട്

നവപെന്തക്കോസ്തു വൃത്തങ്ങളിലെ കാഴ്ചപ്പാട് ഇതാണ്: നൂറ്റിയിരുപതുപേർക്ക് അപ്പ 1:4നുമുമ്പുതന്നെ കർത്താവിനെ അറിയാമായിരുന്നു, എങ്കിലും അവരുടെ ജീവിതം ശക്തിയില്ലാത്ത തരത്തിലുള്ളതായിരുന്നു. അവരുടെ ക്രിസ്തീയ ജീവിതം ശക്തിക്ഷയിച്ച തരത്തിലുള്ളതായിരുന്നു. എന്നാൽ പരിശുദ്ധാത്മാവിൽ അവർ സ്നാനമേൽക്കുകയും അന്യഭാഷാവരം ലഭിക്കുകയും ചെയ്തപ്പോൾ ദൈവത്തിന് അവരെ ശക്തിമത്തായ രീതിയിൽ ഉപയോഗിക്കാൻ കഴിഞ്ഞു. ക്രിസ്തീയ ജീവിതത്തിന്റെ ശക്തിമത്തായ ഒരു തലത്തിലേക്ക് പരിശുദ്ധാത്മാവു നമ്മെ നയിക്കുന്നു, എന്നത് ഒരു വാസ്തവമായിരിക്കെത്തന്നെ, ബൈബിളിൽ പറയുന്ന പരിശുദ്ധാത്മസ്നാനത്തിന് ഊഷ്മളവും സുഖകരവുമായ ഒരു തോന്നലിനോട് യാതൊരു ബന്ധവുമില്ല. പരിശുദ്ധാത്മാവിലുള്ള വികാരങ്ങൾക്കു പ്രാധാന്യം നൽകുന്ന യാതൊരു വചനവും വേദപുസ്തകത്തിലില്ല.

## വിലയിരുത്തൽ

നവപെന്തക്കോസ്തു വാദങ്ങൾ നാം വിലയിരുത്തുമ്പോൾ ധാരാളം പോരായ്മകൾ നിലനിൽക്കുന്നതായി കാണാം:

### *1. അപ്പസ്തോല പ്രവർത്തികളിൽ വിവരിക്കുന്ന, അത്ഭുതവരങ്ങളുടെ പ്രകടനത്തോടുകൂടിയുള്ള, ആത്മവർഷം വിശേഷാലുള്ള ഒരു നടപടിക്രമമാണ്, അതു സാധാരണമായ ഒരു നടപടിക്രമമല്ല.*[5]

രക്ഷിക്കപ്പെടലിനുശേഷം ലഭിക്കുന്ന രണ്ടാമത്തെ ഈ അനുഗ്രഹത്തെക്കുറിച്ചുള്ള വാദഗതികൾ അപ്പസ്തോലപ്രവർത്തികളിലെ സവിശേഷപ്രാധാന്യമുള്ള നിമിഷങ്ങളെമാത്രം അടിസ്ഥാനപ്പെടുത്തി രൂപകൽപ്പന ചെയ്ത ഒന്നാണ്. ചരിത്ര പ്രാധാന്യത്തോടെ നിറവേറിയ അത്തരം സംഭവങ്ങൾ ഓരോ വ്യക്തിയിലും അരങ്ങേറാനായി കഠിനാധ്വാനം ചെയ്യണമെന്നാണ് അവരുടെ പക്ഷം. വേദപുസ്തകത്തിൽ നാം കാണുന്ന സവിശേഷ നിമിഷങ്ങൾ അവയുടെ ചരിത്രപ്രാധാന്യം മുൻനിറുത്തി ദൈവം താൻ തിരഞ്ഞെടുത്ത വ്യക്തികൾക്കു വെളിപ്പെടുത്തിയവയാണ്. (പതിനെട്ടാം അദ്ധ്യായത്തിൽ ഇതു നാം വിശദമായിട്ടു പ്രതിപാദിച്ചിട്ടുണ്ട്).

### *2. പെന്തക്കോസ്തു നാളിനുമുന്നേതന്നെ അപ്പസ്തോലന്മാർ അത്ഭുതപ്രവർത്തികൾ ചെയ്തിരുന്നു (ലൂക്കോസ് 9:2, മത്തായി 10:8).*

ആത്മാവിലുള്ള സ്നാനം ലഭിക്കുന്നവർക്കെല്ലാം ആ സമയത്തുതന്നെ അത്ഭുതപ്രവർത്തികൾ ചെയ്യാൻ സാധിക്കുമായിരുന്നു എന്നാണ് അപ്പസ്തോലപ്രവർത്തികളിലെ വചനങ്ങൾ എടുത്തുകാട്ടി അവർ പറയുന്നത്. ഉരുളയ്ക്കുപ്പേരിയെന്ന മട്ടിൽ ചോദിക്കുകയാണെങ്കിൽ, ബിലെയാമിന്റെ കഴുതയെക്കുറിച്ച് എന്താണു പറയേണ്ടത്? അതു സംസാരിച്ചതും അന്യഭാഷയാകില്ലേ (സംഖ്യ 22:28)? ഒരിക്കലും പഠിച്ചിട്ടില്ലാത്ത ഭാഷയാണ് (ഹീബ്രൂ) ആ കഴുത അത്ഭുതകരമായി സംസാരിച്ചതും അതുവഴി ബിലെയാമിന്റെ മുന്നിൽ സാക്ഷ്യം പറഞ്ഞതും. ആ കഴുതയ്ക്കും ഇതുപോലൊരു സ്നാനം ലഭിച്ചതായി പറയാൻ കഴിയുമോ? നവപെന്തക്കോസ്തുകാർ മുന്നോട്ടുവയ്ക്കുന്ന മറ്റൊരുവാദമാണ് ആത്മാവിലുള്ള നിറവാണ് ആത്മാവിലുള്ള സ്നാനമെന്നത്. പെന്തക്കോസ്തു നാളിനുമുമ്പും അനേകം പേർ ആത്മാവിൽ നിറഞ്ഞവരായി വചനത്തിൽ നാം കാണുന്നുണ്ട്. സ്നാപകയോഹന്നാൻ (ലൂക്കോസ് 1:15), എലിസബത്ത് (ലൂക്കോസ് 1:41), സഖറിയാ (ലൂക്കോസ് 1:67) മുതലായവർ.

### *3. ആദിമസഭയിൽ അപ്പസ്തോലന്മാരുടെ പങ്കിനെക്കുറിച്ചു കാണിക്കുന്ന ശ്രദ്ധയില്ലായ്മ.*

അപ്പസ്തോലന്മാരാണ് അപ്പസ്തോലപ്രവർത്തികളിലെ രണ്ടാം അദ്ധ്യായത്തിൽ സംസാരിക്കുന്നവരായി നാം കാണുന്നത്, കാരണം അവർക്കായിരുന്നു ഗലീലാസംസാരരീതിയുണ്ടായിരുന്നത് (അപ്പ 2:7). ആത്മനിറവുള്ളവരും ഇല്ലാത്തവരും എന്ന രീതിയിൽ രണ്ടുതരം ക്രിസ്ത്യാനികളായിട്ട് നവപെന്തക്കോസ്തുവൃത്തങ്ങൾ വിശ്വാസികളെ തരംതിരിക്കുന്നു. ആത്മനിറവിലുള്ള അളവിൽ വ്യത്യാസമുണ്ടെങ്കിലും (അപ്പ 6:3), ദൈവമക്കൾക്ക് ഒരു ജീവിതം മാത്രമാണ് പുതിയ നിയമം പഠിപ്പിക്കുന്നത് – ആത്മാവിലുള്ള ജീവിതമാണത് (റോമർ 8:14). എല്ലാക്രിസ്ത്യാനികൾക്കും സ്വന്തമായിട്ടുള്ളതാണീ ജീവിതം (1 യോഹന്നാൻ 3:24). അതിനുവിരുദ്ധമായിട്ടുള്ള ജീവിതമാണ് ജഢത്തിലുള്ള ജീവിതം. അതിനാൽത്തന്നെ മിതോഷ്ണതയോടെയുള്ള ഒരു ജീവിതം നയിക്കാൻ നമുക്കൊരു ഒഴികഴിവുമില്ല, ഒന്നും ചെയ്യാതെയിരുന്നിട്ട്, ദൈവത്തിനുവേണമെങ്കിൽ എന്നെ ഉപയോഗിക്കാൻ കഴിയുമെന്ന മട്ടിൽ ഒരു ന്യായീകരണം നിരത്താനും കഴിയില്ല. ക്രിസ്തുവിലുള്ള സകല അനുഗ്രഹങ്ങളോടു കൂടെയും ദൈവം നമ്മെ അനുഗ്രഹിച്ചിരിക്കുന്നുവെന്നുതന്നെയാണ് പൗലോസ് പറയുന്നത് (എഫേസ്യർ 1:3). വാസ്തവം ഇതായിരിക്കെ, രണ്ടാമതൊരു അനുഗ്രഹത്തിനും കൂടി കാത്തിരിക്കണമെന്നു കരിസ്മാറ്റിക്കുകാർ പറയുന്നതിൽ എന്തു ന്യായമാണുള്ളത്? പത്രോസ് ചൂണ്ടിക്കാണിക്കുന്നതുപോലെ: തന്റെ മഹത്വത്താലും ശ്രേഷ്ഠതയാലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ

ദിവ്യശക്തി, ജീവനും ഭക്തിക്കും ആവശ്യമായതൊക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലോ (2 പത്രോസ് 1:3). സകല അനുഗ്രഹങ്ങളും നമുക്കു ലഭ്യമായിട്ടുണ്ട്. ക്രിസ്തുവിനോടു ചേരാൻ സ്നാനമെടുത്തപ്പോൾത്തന്നെ അവയെല്ലാം നമുക്കു ലഭിച്ചിരിക്കുന്നു. ഒന്നിലും കുറവില്ലാതെ. യാതൊന്നും ദൈവം നമ്മിൽ നിന്നും പിടിച്ചുവച്ചിട്ടില്ല. അങ്ങനെ സകല അനുഗ്രഹങ്ങളും നമുക്കു ലഭിച്ചിട്ടുണ്ടെങ്കിൽപ്പിന്നെ കൂടുതലായി മറ്റെന്താണു നമുക്കു ലഭിക്കാനായിട്ടുള്ളത്?

### *4. വിശുദ്ധീകരണത്തിന്റെ ആദ്യ അടയാളമാണ് അന്യഭാഷാസംസാരമെന്ന വാദത്തിന് യാതൊരു അടിസ്ഥാനവുമില്ല.*

1 കൊരിന്ത്യർ 12:10, 12:30 എന്നീ വചനങ്ങൾ ചൂണ്ടിക്കാണിക്കുന്നതുപോലെ, സകലക്രിസ്ത്യാനികളും ഭാഷാവരമുള്ളവരല്ല.

### *5. ശമരിയാക്കാർക്കുണ്ടായ അനുഭവം (അപ്പ 8) പരിശുദ്ധാത്മാവിലുള്ള സ്നാനമായി ഒരിക്കലും പറയപ്പെട്ടിട്ടില്ല.*

ഭാഷാസംസാരമൊഴികെ, അപ്പ 2ലും 8ലുമുള്ള സംഭവങ്ങൾക്കു തമ്മിൽ യാതൊരു സാമ്യവുമില്ല. അപ്പ 2ൽ പരിശുദ്ധാത്മാവു സ്വർഗ്ഗത്തിൽ നിന്നും വരുന്നു, അപ്പ 8ൽ ആകട്ടെ അപ്പസ്തോലന്മാരുടെ കൈവയ്പു വഴിയാണ് ആത്മാവു ലഭ്യമാക്കപ്പെട്ടത്. അപ്പ 2ൽ അപ്പസ്തോലന്മാരുടെ മേലായിരുന്നു, അപ്പ 8ൽ ക്രിസ്ത്യാനികളായിരുന്ന ശമരിയാക്കാരുടെ മേലായിരുന്നു. അപ്പ 2ൽ അഗ്നി നാളങ്ങളും ശക്തമായ കാറ്റും ഒരുമിച്ചുണ്ടായിരുന്നു, അപ്പ 8ൽ ആകട്ടെ അത്തരം അടയാളങ്ങളൊന്നുമുണ്ടായില്ല.

### *6. ശമരിയാക്കാർക്കുണ്ടായ ആത്മവർഷത്താൽ അവർ രക്ഷിക്കപ്പെട്ടില്ലായിരുന്നു*

തന്റെ സുഹൃത്തുക്കളോടും കുടുംബത്തോടുമൊപ്പം (അപ്പ 10:24) കൊർണ്ണേലിയോസിനോട് രക്ഷയുടെ സുവിശേഷം അറിയിക്കാൻ പത്രോസ് ഒരുങ്ങുന്നുണ്ടായിരുന്നതേയുള്ളൂ (അപ്പ 11:15).

### *7. അപ്പ 10ലെ സംഭവങ്ങൾ അന്നും ഇന്നും ഒരു അംഗീകൃത നടപടിക്രമമല്ല.*

ഒരു താരതമ്യം പറയാനായി എട്ടുവർഷം മുമ്പുനടന്ന പെന്തക്കോസ്തു നാളിലേക്കു പത്രോസിനു പോകേണ്ടിവന്നു (അപ്പ 10:47, 11:15-17).

### *8. നവപെന്തക്കോസ്തു വൃത്തങ്ങൾക്കിടയിലുള്ള മറ്റൊരു തെറ്റായ ധാരണയെന്തെന്നാൽ, പെന്തക്കോസ്തുനാളിൽ ആത്മസ്നാനം ലഭിച്ചവരെല്ലാം ക്രിസ്ത്യാനികളായിരുന്നു എന്ന ചിന്തയാണ്.*

അവർ പഴയനിയമത്തിന്റെ കീഴിൽ ദൈവവുമായിട്ടു ശരിയായ ബന്ധത്തിലുള്ളവരായിരുന്നു എന്നകാര്യം ശരിയാണ്. എന്നാൽ പെന്തക്കോസ്തു നാളിനുമുമ്പുള്ള അവരുടെ ജീവിതവും ഇപ്പോഴത്തെ നമ്മുടെ ജീവിതവും തമ്മിൽ താരതമ്യപ്പെടുത്തുന്നതു വസ്തുതകൾക്കു നിരക്കാത്തതാണ്. യേശു മഹത്വപ്പെടുന്നതിനും (യോഹന്നാൻ 7:39), സ്വർഗ്ഗാരോഹണം ചെയ്യുന്നതിനും (യോഹന്നാൻ 16:7) മുമ്പു പരിശുദ്ധാത്മാവിനെ നൽകിയിട്ടില്ല. പരിശുദ്ധാത്മാവിന്റെ ആന്തരികവാസമില്ലാതെ ക്രിസ്ത്യാനിയാവുകയെന്നത് പൂർണ്ണമായും അസാദ്ധ്യമായ ഒന്നാണെന്ന കാര്യം റോമർ 8:9 ഓർമ്മിപ്പിക്കുന്നു.

### *9. എഫേസോസുകാരായിരുന്ന ശിഷ്യന്മാർ ക്രിസ്ത്യാനികളല്ലായിരുന്നു (അപ്പ 19), എന്നാൽ യോഹന്നാന്റെ ശിഷ്യന്മാർ ക്രിസ്ത്യാനികളായിരുന്നു...*

അവർ ചിന്തിക്കുന്നതുപോലെ, ആത്മാവിന്റെ രണ്ടാമത്തെ അനുഗ്രഹത്തെക്കുറിച്ചല്ല പൗലോസ് ഇവിടെ വിചാരപ്പെട്ടത്, പകരം അവർക്കു പരിശുദ്ധാത്മാവിന്റെ ആന്തരിക വാസം ലഭിച്ചുവോ എന്നതു തന്നെയായിരുന്നു. അവർക്കു പരിശുദ്ധാത്മാവു ലഭിച്ചില്ല എന്നു മനസ്സിലാക്കിയപ്പോൾ അവർ രക്ഷിക്കപ്പെട്ടിട്ടേയില്ല എന്നകാര്യം പൗലോസ് തിരിച്ചറിയുകയായിരുന്നു (റോമർ 8:9, അപ്പ 5:32), അതിനാൽ അദ്ദേഹമവർക്കു സ്നാനം നല്കി. പരിശുദ്ധാത്മാവിന്റെ പ്രത്യക്ഷത ഒരു സാധാരണകീഴ്വഴക്കമായിരുന്നു എന്നു തെളിയിക്കാൻ ഈ വചനം ഉപയോഗിക്കാനാവില്ല, കാരണം അപ്പസ്തോലന്റെ കൈവയ്പ്പു സാന്നിദ്ധ്യം ഇവിടെയുണ്ടായിരുന്നു. യേശുവിന്റെ സ്നാനവും യോഹന്നാന്റെ സ്നാനവും തമ്മിലുണ്ടായിരുന്ന പ്രധാന വ്യത്യാസം പരിശുദ്ധാത്മാവു നല്കപ്പെടുന്നതാണ്. യോഹന്നാന്റെ സ്നാനം പാപപരിഹാരത്തിനുള്ളതായിരുന്നു (മർക്കോസ് 1:4), പരിശുദ്ധാത്മാവിനെ പ്രാപിപ്പാനുള്ളതായിരുന്നില്ല. നവപെന്തക്കോസ്തുവൃത്തങ്ങളിൽ പലരും ധരിച്ചു വച്ചിരിക്കുന്നത്, സ്നാനത്തിനുശേഷം പിന്നീടാണ് ആത്മാവിനെ ലഭിക്കുക എന്നരീതിയിലാണ്. എന്നാൽ നാം ദൈവമക്കളാകുന്ന മാത്രയിൽത്തന്നെ നമുക്കു പരിശുദ്ധാത്മ വാസം ലഭിക്കുന്നു എന്നാണ് പുതിയ നിയമം പഠിപ്പിക്കുന്നത് (ഗലാത്യർ 4:6), അല്ലാതെ തിരിച്ചുള്ള ഒരു രീതിയിലല്ല. കേട്ട സുവിശേഷത്തോടു നാം വിശ്വാസത്താൽ പ്രതികരിക്കുന്നു, ആകയാൽ ദൈവം പരിശുദ്ധാത്മാവിനെ ഒരു അച്ചാരമായി നമ്മിൽ നിക്ഷേപിക്കുന്നു.

ഈ സത്യങ്ങളുടെ വെളിച്ചത്തിൽ നവപെന്തക്കോസ്തു തത്വങ്ങൾ പരിപൂർണ്ണമായും തള്ളിക്കളപ്പെടേണ്ടതാണ് എന്നകാര്യം വ്യക്തമാണ്.[7] പരിശുദ്ധാത്മ സ്നാനത്തെക്കുറിച്ചുള്ള എന്റെ ധാരണ എഴുതുന്നതിനുമുമ്പ്, പെന്തക്കോസ്തുകാരുടെ ഉപദേശങ്ങൾക്കു വിപരീതമായി പൊതുവേ നിലവിലിരിക്കുന്ന വേറെ ഒരു കാഴ്ചപ്പാടിനെ നമുക്കു പരിശോധിക്കാം.

## ക്ലിപ്തപ്പെടുത്തിയ കാഴ്ചപ്പാട്

ഈ കാഴ്ചപ്പാടനുസരിച്ച്, പരിശുദ്ധാത്മസ്നാനം ഒന്നോ രണ്ടോ തവണമാത്രമാണ് പുതിയ നിയമത്തിൽ കുറിക്കപ്പെട്ടിട്ടുള്ളത്, ഇന്നത്തെ കാലഘട്ടത്തിൽ ഇതു നിലവിലില്ല, കാരണം ഇന്ന് ഒരേയൊരു സ്നാനമേ നിലവിലുള്ളൂ (എഫേസ്യർ 4:5). പരിശുദ്ധാത്മസ്നാനം അതിന്റെ പ്രവചന-ചരിത്ര ദൗത്യം നിറവേറ്റാനായി നിലവിൽ വന്നതാണ് - ദൈവരാജ്യം ഭൂമിയിൽ സ്ഥാപിതമാക്കാൻ. അപ്പസ്തോലഗണത്തിൽപ്പെട്ടവർക്കു തെറ്റാവരവും അധികാരവും നൽകാനായി നൽകപ്പെട്ടതാണ്. അപ്പ 10ൽ കാണുന്ന (വിജാതീയർക്കായുള്ളത്) പരിശുദ്ധാത്മാവിന്റെ ആവാസം അപ്പ 2ന്റെ (യഹൂദർക്കായുള്ളത്) തുടർച്ചയായാണ് പരിഗണിക്കപ്പെടുന്നത്. പരിശുദ്ധാത്മാവു നൽകപ്പെടുന്നതിലുള്ള ചരിത്രദൗത്യം നിറവേറ്റപ്പെട്ടതിനാൽ ഈ അനുഭവം ഇന്നു നമുക്കു ലഭ്യമല്ല.[8] ആദ്യനൂറ്റാണ്ടിന്റെ ആദ്യപകുതിയിലുള്ള ചരിത്രപരമായ മുഹൂർത്തങ്ങളിലേക്കുമാത്രം ക്ലിപ്തപ്പെടുത്തിയ ഒരു സംഗതിയാണ് ഈ അനുഭവം എന്ന കാഴ്ചപ്പാടാണിത്.

അപ്പ 2ലും 10ലും നടന്ന കാര്യങ്ങളെക്കുറിച്ചുള്ള താരതമ്യം ഇവരണ്ടും ആത്മാവിലുള്ള സ്നാനമാണെന്നു തീരുമാനിക്കാനുള്ള അളവുകോലായി വച്ചിരിക്കുന്നു. രണ്ടു സ്ഥലത്തുമുള്ള ആത്മാഭിഷേകത്തെക്കുറിച്ചുള്ള പ്രസ്ഥാവനകളിൽ താഴെ പറയുന്നവ കാണുന്നു:

| | |
|---|---|
| 1. പെട്ടെന്നു നടന്നു | അപ്പ 2:2/10:44 |
| 2. കൈവയ്പ്പുണ്ടായിരുന്നില്ല | അപ്പ 2:4/10:44 |
| 3. അത്ഭുതകരമായി ഭാഷകൾ സംസാരിച്ചു | അപ്പ 2:4/10:46 |
| 4. യോവേൽ പ്രവചനപകുതി പൂർത്തിയാക്കപ്പെട്ടു | അപ്പ 2:16(യഹൂദർ)/10:1, 24, 44(ജാതികൾ) |
| 5. സ്നാനം വാഗ്ദാനം ചെയ്തു/കല്പിക്കുകയല്ല | അപ്പ 1:5,8/11:15-16 |
| 6. സഭയുടെ ആരംഭം കുറിച്ചു | അപ്പ 2:6, 41/10:48, 11:18, 15:7-8 |
| 7. പാപമോചനത്തിനുതകിയില്ല | അപ്പ 2:38/10:43, 48 |

## വിലയിരുത്തൽ

സഹായകരമായ കുറച്ചു നിരീക്ഷണങ്ങൾ ഈ കാഴ്ചപ്പാടിൽ ഉണ്ടെങ്കിലും, ചിലഭാഗങ്ങൾ കൃത്രിമമായി കൂട്ടിയിണക്കപ്പെട്ടിരിക്കുന്നതായി കാണാം. ഇവതമ്മിലുള്ള സാമ്യങ്ങൾ എടുത്തു പറഞ്ഞിരിക്കുമ്പോൾ വ്യത്യാസങ്ങൾ അവഗണിച്ചിരിക്കുന്നു. ഈ രണ്ടു സംഭവങ്ങളെയും ഒരുസംഭവമായിത്തന്നെ വിലയിരുത്തുന്നു ഇവരണ്ടും ഒരേപോലിരിക്കുന്നു എന്നുള്ളത് തീർച്ചയാണ് - അത് അങ്ങനെതന്നെ ആവുകയും വേണം. എന്നാൽ ഈ സംഭവങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളും കൂടി കണക്കിലെടുക്കേണ്ടതുണ്ട്:

1. അപ്പ 2ൽ ആത്മാസ്നാനത്തിലൂടെ സഭ സ്ഥാപിതമായി, എന്നാൽ അപ്പ 10ൽ സഭ നിലവിലുണ്ട്. വിജാതീയരായവർ ക്രിസ്തുവിലേക്കു വന്നു സ്നാനമേൽക്കുകയും ചെയ്തിരുന്നു (ശമരിയാക്കാർ മാത്രമല്ല). അപ്പ 8-ാം അധ്യായത്തിലെ പീഡനത്തോടനുബന്ധിച്ചുതന്നെ വിജാതികളുടെയിടയിലേക്കു സുവിശേഷമെത്തിയിരുന്നു (അപ്പ 11:20-21 നോക്കുക). വിജാതീയരെ ലക്ഷ്യമാക്കിയുള്ള ഒരു ദൗത്യം തുടങ്ങുന്നത് അപ്പ 13ലാണുതാനും.
2. ശക്തമായ കാറ്റിനെ നാം അപ്പ 10ൽ കാണുന്നില്ല, അപ്പ 2നെ താരതമ്യം ചെയ്യുമ്പോൾ.
3. അഗ്നിനാവുകളും പത്താം അദ്ധ്യായത്തിൽ കാണാത്ത ഒന്നാണ്.
4. പരിശുദ്ധാത്മാവിന്റെ വാഗ്ദാനമനുസരിച്ച്, തെറ്റാവരത്തോടെ പഠിപ്പിക്കാനുള്ള മനസ്ഥൈര്യം അപ്പ 2ലെ പരിശുദ്ധാത്മസ്നാനത്തിലൂടെ അപ്പസ്തോലന്മാർക്കു ലഭിച്ചു (യോഹന്നാൻ 14:26, 16:13). എന്നാൽ ഇതുപോലുള്ള ഒരു വരം വിജാതീയർക്കു ലഭിച്ചതായി നാം കാണുന്നില്ല.
5. അപ്പ 1:5ലെ വാഗ്ദാനം അപ്പ 2ൽ നിറവേറുന്നതായി നാം കാണുന്നു, എന്നാൽ പത്താം അദ്ധ്യായത്തിൽ അതു കാണുന്നില്ല.
6. അപ്പ 2ൽ പരിശുദ്ധാത്മസ്നാനം ലഭിക്കാത്തപൗലോസിന് പരിശുദ്ധാത്മസ്നാനം നൽകാൻ കഴിയുമായിരുന്നു എന്നു വിചാരിക്കാനും ന്യായമില്ല. അപ്പ 10ലും പൗലോസിന്റെ സാന്നിദ്ധ്യമില്ല.
7. പരിശുദ്ധാത്മാവു ശക്തിയോടെ യെരുശലേമിൽ പെന്തക്കോസ്തുനാളിൽ ആഗതമായപ്പോൾ ക്രിസ്തുസഭയുടെ തുടക്കമായി എന്നുള്ളതു ശരിതന്നെ. എന്നാൽ പരിശുദ്ധാത്മാവിനാലുള്ള സ്നാനത്തിന്റെ പ്രഥമോദ്ദേശ്യം ദൈവരാജ്യത്തെ ശക്തിയുക്തം നയിക്കലാണെന്നുള്ള കാഴ്ചപ്പാട് വളരെ നിയന്ത്രിതമായ ഒരു കാഴ്ചപ്പാടാണ്. കാരണം പരിശുദ്ധാത്മാവിന് ഇന്നു നമ്മുടെ ജീവിതത്തിലും പ്രസക്തിയുണ്ട്.

ഈ വ്യത്യാസങ്ങളെ നാം എങ്ങനെ കാണും? രണ്ടു മനുഷ്യരുടെ ഒരു ദൃഷ്ടാന്തം നമുക്കു പരിഗണിക്കാം. ഇരുചെവികളും കറുത്ത മുടിയും മുഖത്ത് ഒരേപോലുള്ള മറുകുമായി രണ്ടു മനുഷ്യർ. രണ്ടുപേരും ആറടിയിലേറേ പൊക്കമുള്ളവർ, എന്നാൽ ഒരാളുടെ തൂക്കം 240 കിലോയും മറ്റേയാൾ 360 കിലോയും. ഒരാളുടെ വയസ്സ് ഇരുപതും മറ്റേയാളുടേത് അമ്പതും. രണ്ടുപേരും നല്ല വികാരവിക്ഷോഭങ്ങളൊന്നും പ്രകടിപ്പിക്കാത്തവരും എന്നാൽ ക്ഷിപ്രകോപികളും അവിവാഹിതരുമാണ്. വേഗത്തിൽ നടക്കുന്ന അവർ രണ്ടും ഒരേഭാഷ സംസാരിക്കുന്നവരും സഭയിൽ സ്വാഗതമോതാൻ വാതിൽക്കൽ നിൽക്കുന്നവരുമാണ്. അവരെ കണ്ടാൽ ഒരേപോലുള്ള ഇരട്ടകളാണെന്നു തോന്നാമെങ്കിലും യഥാർത്ഥത്തിൽ അതല്ല സ്ഥിതി. ഇതുപോലെയാണ് അപ്പ 2ലെയും അപ്പ 10ലെയും പരിശുദ്ധാത്മസ്നാനം ഒരേപോലത്തേതാണ് എന്നു പറയുന്നതും. അവ ശരിക്കും ഇരട്ടകളല്ല എന്നതാണു വാസ്തവം.

സ്നാപകയോഹന്നാന്റെ വാഗ്ദാനത്തെ ഇതു സ്വാധീകരിക്കുന്നില്ലതാനും (മത്തായി 3:11, മർക്കോസ് 1:8, ലൂക്കോസ് 3:16, യോഹന്നാൻ 1:33). ആത്മാവിലുള്ള സ്നാനം അപ്പസ്തോലന്മാരെ സംബന്ധിച്ചതാണെന്നും അഗ്നിയിലുള്ള സ്നാനം ന്യായവിധിയെ സംബന്ധിച്ചതാണെന്നും പറഞ്ഞുവരുന്നു. എല്ലാ ശിഷ്യന്മാരും ആത്മാവിൽ സ്നാനപ്പെട്ടവരാകുമെന്നത് സ്നാപകയോഹന്നാന്റെ വാഗ്ദാനമാണ്, കുറച്ചുപേർ മാത്രമല്ല. ഇക്കാര്യത്തെക്കുറിച്ചു നമുക്ക് ഉടനെത്തന്നെ നോക്കാം. അപ്പസ്തോലന്മാർ മാത്രമാണ് ആത്മാവിൽ സ്നാനപ്പെട്ടത് എന്ന വാദം പ്രശ്നങ്ങൾ നിറഞ്ഞതാണ്.

പന്ത്രണ്ടുപേരടങ്ങിയ ഒരു സംഘത്തിന് ഒരു ലോട്ടറിസമ്മാനം കിട്ടിയെന്നു വിചാരിക്കുക, അവർ ആ പണം അവരുടെയിടയിൽ വീതിച്ചെടുത്തു ചിലവാക്കി. എന്നാൽ ഈ കാര്യത്തെക്കുറിച്ചു വന്ന പത്രക്കുറിപ്പിൽ, ലോകത്തിനുമുഴുവനായി ലോട്ടറിയുടെ ഒന്നാം സമ്മാനം ലഭിച്ചു എന്നായാൽ ശരിയാകുമോ? ഞങ്ങളുടെ പ്രധിനിധികളായി അവർ പന്ത്രണ്ടുപേരും ആ സമ്മാനമെടുത്തോട്ടെയെന്ന് നാം പറഞ്ഞാലും അതു ശരിയായതാകുകയില്ല. അപ്പസ്തോലന്മാർക്കുമാത്രം എന്ന ചിന്തയും രണ്ടുപ്രാവശ്യം നല്കപ്പെട്ടു എന്ന ചിന്തയും കൂടി കൂട്ടിയിണക്കിയാൽ പോലും സ്നാപകയോഹന്നാന്റെ വാഗ്ദാനത്തോടു നീതിപുലർത്താൻ കഴിയില്ല. യോഹന്നാന്റെ വാഗ്ദാനം ദുർഗ്രഹമായതോ കുഴഞ്ഞുമറിഞ്ഞതോ ആയ ഒന്നല്ല.

സുക്ഷിച്ചു നോക്കുമ്പോൾ ക്ലിപ്തപ്പെടുത്തിയ കാഴ്ചപ്പാടിന്റെ ബലഹീനതകളും നമുക്കു വ്യക്തമായതാകും (സദൃശവാക്യം 18:17). അപ്പസ്തോലന്മാർക്കുമാത്രമുള്ളതാണ് ആത്മസ്നാനമെന്ന വാദവും അനേകം ചോദ്യങ്ങളുയർത്തുന്ന ഒന്നാണ്.

## ആത്മാവും അഗ്നിയും

പരിശുദ്ധാത്മാവിലുള്ള സ്നാനത്തെക്കുറിച്ചുള്ള യോഹന്നാന്റെ വാക്കുകൾ മർക്കോസിന്റെ പുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു:

> 5അവന്റെ അടുക്കൽ യെഹൂദ്യദേശമൊക്കെയും യെരുശലേമ്യരെല്ലാവരും വന്നു പാപങ്ങൾ ഏറ്റുപറഞ്ഞ് യോർദ്ദാൻ നദിയിൽ അവനാൽ സ്നാനമേറ്റു. ...7അവൻ പ്രസംഗിച്ചു പറഞ്ഞത്: എന്നെക്കാൾ ബലവാനായവൻ എന്റെ പിന്നാലെ വരുന്നു; അവന്റെ ചെരുപ്പിന്റെ വാറ് കുനിഞ്ഞഴിക്കുവാൻ ഞാൻ യോഗ്യനല്ല. 8ഞാൻ നിങ്ങളെ വെള്ളത്താൽ സ്നാനം കഴിപ്പിക്കുന്നു; അവനോ നിങ്ങളെ പരിശുദ്ധാത്മാവിനാൽ സ്നാനം കഴിപ്പിക്കും (മർക്കോസ് 1:5, 7-8).

എട്ടാം വാക്യത്തിലെ നിങ്ങൾ ആരാണ്? ഈ സ്നാനം വാഗ്ദാനം ചെയ്യപ്പെട്ട യൂദയാദേശക്കാർക്കും യെരുശലേംദേശക്കാർക്കും വേണ്ടിമാത്രമുള്ളതാണോ ഇത്? അങ്ങനെയെങ്കിൽ പൗലോസിന്റെ ലേഖനത്തിൽ നാം എല്ലാവരും ആത്മാവിനാൽ സ്നാനപ്പെട്ടതാണെന്നു വായിക്കുന്നതെങ്ങനെ? താഴെക്കൊടുത്തിരിക്കുന്ന വാക്കുകളുടെ സ്വാഭാവികമായതും ശരിയായതുമായ അർത്ഥം നമുക്കു വായിക്കാം:

> യെഹൂദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രന്മാരോ ആരായിരുന്നാലും നാം എല്ലാവരും ഏകശരീരമായിത്തീരുവാൻ ഒരേ ആത്മാവിനാൽ സ്നാനമേറ്റു; ഒരേ ആത്മാവിനെ പാനം ചെയ്യുകയും ചെയ്തു (1 കൊരിന്ത്യർ 12:13).

എല്ലാശിഷ്യരും ഒരേ ആത്മാവിനാൽ സ്നാനം സ്വീകരിച്ചവരാണെന്നു നാം വായിക്കുന്നു. യാതൊരു വകതിരിവുകളും ഇവിടെ പ്രത്യക്ഷത്തിൽ കാണുന്നില്ല. വാഗ്ദാനം ചെയ്യപ്പെട്ട ആത്മാവിന്റെ വർഷവും ആത്മാവിലുള്ള സ്നാനവും സകലർക്കുമുള്ളതാണ്, യോഹന്നാന്റെ പ്രവചനം അതു സാക്ഷ്യപ്പെടുത്തുന്നു. സ്വർഗ്ഗാരോപിതനാകുന്നതിനുമുമ്പ് തന്റെ നാല്പതു ദിവസത്തെ മാർഗ്ഗനിർദ്ദേശ കാലഘട്ടത്തിൽ യേശു ഇക്കാര്യം വീണ്ടും ആവർത്തിക്കുന്നതു നമുക്കു കാണാം:

> 4അങ്ങനെ അവർ ഒന്നിച്ചുകൂടിയിരിക്കുമ്പോൾ അവൻ അവരോട്; നിങ്ങൾ യെരൂശലേമിൽനിന്നു

> വിട്ടുപോകാതെ, എന്നോടു കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കണം. 5യോഹന്നാൻ വെള്ളം കൊണ്ടു സ്നാനം കഴിപ്പിച്ചു; നിങ്ങൾക്കോ ഇനിയും വളരെനാൾ കഴിയുന്നതിനുമുമ്പേ പരിശുദ്ധാത്മാവുകൊണ്ടു സ്നാനം ലഭിക്കും എന്നു കല്പിച്ചു (അപ്ര 1:4-5).

എഡി മുപ്പതിലെ തൊട്ടടുത്തമാസത്തിൽ അതുവരെ കണ്ടിട്ടില്ലാത്ത ഒരു പുതിയ കാര്യം നടക്കാൻ പോവുകയാണ്, യേശുവിനു തെറ്റു പറ്റിയില്ലെങ്കിൽ. പഴയനിയമകാലഘട്ടത്തിൽ ദൈവം മനുഷ്യരോടു ഇടപഴകിയ രീതികളിൽ കാതലായ ഒരു മാറ്റം വരാൻ പോകുന്നു. ഈ അദ്ധ്യായത്തിൽ ഞാൻ സ്വീകരിക്കുന്ന നിലപാട് എല്ലാ ക്രിസ്ത്യാനികളും ആത്മാവിനാൽ സ്നാനം സ്വീകരിച്ചവരാണ് എന്നതാണ്.

1987ലെ ദ പവർഫുൾ ഡെലൂഷൻ എന്ന പുസ്തകത്തിൽ ഞാനെടുത്ത നിലപാടും ഇതു തന്നെയാണ്. ആ കാഴ്ചപ്പാടിനെ കൂടുതൽ മൂർച്ചകൂട്ടുകയാണിവിടെ.

## വെള്ളത്താലും ആത്മാവിനാലും

പുതിയ ജനനത്തിൽ രണ്ടു കാര്യങ്ങളുണ്ട്, വെള്ളവും ആത്മാവും. വെള്ളത്താലും ആത്മാവിനാലും നാം വീണ്ടു ജനിച്ചവരാകയാൽ, നാം വെള്ളത്താലും ആത്മാവിനാലും സ്നാനം സ്വീകരിച്ചവരാണ് എന്നുപറയുന്നതല്ലേ യുക്തിഭദ്രവും മനസ്സിലാക്കാൻ എളുപ്പവും? യോഹന്നാന്റെ സുവിശേഷത്തിലെ ഈ ഭാഗം ശ്രദ്ധയോടെ വായിക്കുക:

> 3യേശു അവനോട്: ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: ഒരുവൻ വീണ്ടും ജനിക്കുന്നില്ലെങ്കിൽ ദൈവരാജ്യം കാണുവാൻ അവനു കഴിയുകയില്ല എന്ന് ഉത്തരം പറഞ്ഞു. 4നിക്കോദേമോസ് അവനോട്: മനുഷ്യൻ വൃദ്ധനായ ശേഷം ജനിക്കുന്നത് എങ്ങനെ? രണ്ടാമതും അമ്മയുടെ ഉദരത്തിൽ കടന്നു ജനിക്കാമോ?എന്നു ചോദിച്ചു. 5അതിന് യേശു ഉത്തരം പറഞ്ഞത്: ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: ഒരുവൻ വെള്ളത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ദൈവരാജ്യത്തിൽ കടക്കുവാൻ അവനു കഴിയുകയില്ല. 6ജഡത്താൽ ജനിച്ചത് ജഡം ആകുന്നു; ആത്മാവിനാൽ ജനിച്ചത് ആത്മാവ് ആകുന്നു. 7നിങ്ങൾ വീണ്ടും ജനിക്കണമെന്ന് ഞാൻ നിന്നോടു പറയുന്നതിനാൽ ആശ്ചര്യപ്പെടരുത് (യോഹന്നാൻ 3:3-7).

ഈ വേദഭാഗം ഉരുക്കഴിക്കുന്ന പലരുടെയും വാദം ക്രിസ്ത്യാനികളെല്ലാം വെള്ളത്താലും അപ്പസ്തോലന്മാർ ആത്മാവിനാലും സ്നാനപ്പെടുന്നു എന്നതാണ്. യഹൂദരെ പ്രതിനിധീകരിച്ച് അപ്പസ്തോലന്മാർക്കും വിജാതീയരെ പ്രതിനിധീകരിച്ച് കൊർണ്ണേലിയസിനും കൂട്ടർക്കും ആത്മസ്നാനം ലഭിച്ചതിനാൽ സകലർക്കും ആത്മസ്നാനം ലഭിച്ചു എന്നതാണ് ഇവരുടെ ചിന്താഗതി. എന്നാൽ വെള്ളത്തെയും ആത്മാവിനെയും തമ്മിൽ വേർതിരിക്കുന്നതെന്തിനാണ്? അതുമാത്രമല്ല, ഒരാൾക്കു വേണ്ടി മറ്റൊരാൾ സ്നാനം സ്വീകരിക്കുന്നത് ഉചിതമായതാണെന്ന് ബൈബിളിലെങ്ങും പറയുന്നുമില്ല. (ധാരാളം പേരെ പ്രതിനിധീകരിച്ച് കുറച്ചുപേരെ നരകത്തിലേക്കു വിടുന്നതു ന്യായീകരിക്കാവുന്നതാണോ?) നവപെന്തക്കോസ്ത് ഉപദേശങ്ങൾക്കെതിരായ ഒരു കടന്ന പ്രതികരണമാണിത്, തീർച്ചയായും.

യോഹന്നാൻ മൂന്നാം അദ്ധ്യായത്തിലെ വാദത്തെ നമുക്കൊന്നു സൂക്ഷ്മപരിശോധന ചെയ്യാം.

| | | |
|---|---|---|
| വെള്ളത്താൽ ജനിച്ചത്<br>(യോഹന്നാൻ 3:5)[9] | -- | വെള്ളത്താൽ സ്നാനം സ്വീകരിച്ചത്<br>(അപ്പ 8;36, 38, 1 പത്രോസ് 3:21) |
| ആത്മാവിനാൽ ജനിച്ചത്<br>(യോഹ 3:3, 3:8)[10] | -- | ആത്മാവിനാൽ സ്നാനം സ്വീകരിച്ചത്<br>(1 കൊരി 12:13, മർ 1:8) |

ആത്മാവിനാലും വെള്ളത്താലും ജനിച്ചവരാണു നാമെന്നകാര്യം നമുക്കു മനസ്സിലാക്കാൻ സാധിക്കും. ഒരേജനനത്തിലുൾപ്പെട്ട രണ്ടു ഘടകങ്ങളാണ് ഇവയെന്നും നാം മനസ്സിലാക്കുന്നു. വെള്ളത്താലള്ള ജനനം എന്നത് വെള്ളത്താലുള്ള സ്നാനത്തെക്കുറിച്ചാണ് എന്നകാര്യവും വ്യക്തമാണ്. അതിനാൽ ആത്മാവിലുള്ള ജനനം ആത്മാവിലുള്ള സ്നാനമാണെന്നു കരുതാതിരിക്കാൻ വകയൊന്നുമില്ലല്ലോ? ക്രിസ്തുവിലേക്കു സ്നാനമേറ്റ നാമോരുത്തരും ആത്മാവിലുള്ള സ്നാനമാണ് ഏറ്റത് എന്നത് മറ്റുവചനങ്ങളുടെ പിന്തുണയാൽ മനസ്സിലാക്കാൻ ഏറ്റവും എളുപ്പമായ കാര്യമാണ് എന്നു മാത്രമല്ല, വിശദീകരിക്കാൻ ഏറ്റവും സുതാര്യമായ കാര്യം കൂടിയാണ്.

> എന്നാൽ നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ദയയും സ്നേഹവും മനുഷ്യർക്കായി വെളിപ്പെട്ടപ്പോൾ നാം ചെയ്ത നീതിപ്രവർത്തികൾ കൊണ്ടല്ല അവൻ നമ്മെ രക്ഷിച്ചത്, പിന്നെയോ അവന്റെ കരുണയാൽ പരിശുദ്ധാത്മാവിനാലുള്ള പുനർജ്ജനനത്തിന്റെയും നവീകരണത്തിന്റെയും കഴുകലിനാൽ

അത്രേ. നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുവിലൂടെയാണ് ദൈവം പരിശുദ്ധാത്മാവിനെ നമ്മുടെ മേൽ സമൃദ്ധിയായി വർഷിപ്പിച്ചത് (തിത്തൂസ് 3:4-6).

നാം ക്രിസ്ത്യാനിയായപ്പോൾത്തന്നെ പരിശുദ്ധാത്മാവു നമ്മുടെമേൽ ചൊരിയപ്പെട്ടുവെന്ന് പൗലോസിന്റെ ലേഖനം നമ്മെ ഓർമ്മിപ്പിക്കുന്നു. സ്നാനമെടുക്കുന്ന വെള്ളം ചൊരിയപ്പെട്ടുവച്ചിരിക്കുകയാണ് (ടാങ്കിലായാലും നദിയിലായാലും), എന്നാൽ നാം അതിൽ മുങ്ങുമ്പോൾ മാത്രമാണ് സ്നാനമാകുന്നത്. അതുപോലെതന്നെ പെന്തക്കോസ്തു നാളിൽ ആത്മാവിനെയും ചൊരിയപ്പെട്ടിരിക്കുന്നു, എന്നാൽ നാം ആത്മാവിൽ സ്നാനം സ്വീകരിക്കുമ്പോഴാണ് (തിത്തൂസ് 3:6, റോമർ 5:5) ആത്മാവു നമ്മിലേക്കു ചൊരിയപ്പെടുന്നത്. ഈ രണ്ടുകാര്യങ്ങളിലും നാം ഭാഗഭാക്കാകുന്നത് ഒരേ സംഭവത്താലാണ് - സ്നാനം എന്ന സംഭവത്താൽ (1കൊരിന്ത്യർ 12:13, യോഹന്നാൻ 3:5).

## കൂടുതൽ പരിഗണനയ്ക്ക്

### 1. രണ്ടായിരം വർഷങ്ങൾക്കു മുമ്പേ ചൊരിയപ്പെട്ട ആത്മാവിനെ ഇന്നു നമുക്കെങ്ങനെ പ്രാപ്യമാകും?

കഴിഞ്ഞകാല സംഭവങ്ങളുടെ പ്രസക്തിയെ കഴിഞ്ഞകാലത്തിലേക്കുമാത്രം തന്നെ വേദപുസ്തകം ഒതുക്കി നിർത്തുന്നില്ല. യേശു ബലിയർപ്പിക്കപ്പെട്ടത് ഇത്രയും വർഷങ്ങൾക്കു മുമ്പേയായിരുന്നാലും ഇന്നും നമ്മെ സംബന്ധിച്ച് ആ ബലിയർപ്പണം പ്രസക്തമാണ്. ക്രിസ്തുവിനോടു ചേരുവാൻ സ്നാനം സ്വീകരിച്ച നാം അവനോടുകൂടെ മരിക്കുകയാണു ചെയ്യുന്നത് (റോമർ 6:3, ഗലാത്യർ 3:27). നമ്മിലെ പഴയമനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു (റോമർ 6:6, 6:1–4), അതിനാൽ നാം മരിച്ചു (കൊലോസ്യർ 3:3, 1:22, 2:12, 3:5). നാം ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടു (ഗലാത്യർ 2:20), ലോകത്തെസംബന്ധിച്ചു ക്രൂശിക്കപ്പെട്ടു (ഗലാത്യർ 6:14, 5:24). എന്നാൽ, ഒരിക്കൽക്കൂടി പറയട്ടെ, ക്രിസ്തുവിൽ സ്നാനമേൽക്കുമ്പോഴാണ് നാം മരിക്കുന്നത്. എന്നാൽ ക്രിസ്തുവിൽ സ്നാനപ്പെടുമ്പോഴാണ് നമുക്ക് ആത്മാവു ലഭ്യമാകുന്നത്. ചരിത്രം നമുക്ക് അനുഭവഭേദ്യവും സ്വന്തവുമായിത്തീരുന്നു. ക്രിസ്തുവിനോടനുരൂപമായി നാം മരിച്ചതുപോലെ, നാം പരിശുദ്ധാത്മാവിൽ സ്നാനം സ്വീകരിക്കപ്പെടുകയും ചെയ്യുന്നു, അങ്ങനെ സുവിശേഷ വാഗ്ദാനങ്ങൾ പ്രാപിപ്പാൻ നാം പ്രാപ്തരാകുകയും ചെയ്യുന്നു.

### 2. മറ്റൊരു തടസ്സവാദം; എഫേസ്യർ 4:5 ഒരു സ്നാനമേ അനുവദിക്കുന്നുള്ളൂ, അങ്ങനെയെങ്കിൽ വെള്ളത്താലും ആത്മാവിനാലും രണ്ടു സ്നാനം നിലനിൽക്കുന്നുണ്ടോ? എന്നതാണ്.

ഇത്തരമൊരു വാദത്തിന് വലിയ പ്രസക്തിയില്ല. ഇവരണ്ടും ഒരേസ്നാനത്തിന്റെ രണ്ടു ഘടകങ്ങളാണ് (യോഹന്നാൻ 3:5). ഒരേ ദൈവത്തിൽത്തന്നെ മൂന്നു വ്യക്തികൾ ഇഴചേർന്നിട്ടുണ്ടെന്ന് പുതിയനിയമം പഠിപ്പിക്കുന്നു. ദൈവരാജ്യവും സ്വർഗ്ഗരാജ്യവും ഒന്നുതന്നെയാണ്. നാം കൂടുതൽ ശ്രദ്ധയോടെ വായിക്കേണ്ടതുണ്ട്.

### 3. നാമല്ലൊവരും ആത്മാവിൽ സ്നാനപ്പെട്ടവരാണെങ്കിൽ നമുക്കെല്ലാവർക്കും അത്ഭുതങ്ങൾ പ്രവർത്തിക്കാനുള്ള വരവും കഴിവും ഉണ്ടാകേണ്ടതല്ലേ എന്ന ഒരു മറുചോദ്യം ഉണ്ട്.

അത്തരം ഒരു ചോദ്യം ആത്മാവിന്റെ വരങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയാണ് വെളിവാക്കുന്നത്. യേശുമാത്രമാണ് ആത്മാവിൽ സ്നാനപ്പെട്ടത്. എന്നാൽ നമുക്ക് വരങ്ങൾ നൽകുന്നത് യേശുവല്ല, പരിശുദ്ധാത്മാവാണ് നമുക്കു വരങ്ങളും ശക്തിയും നൽകുന്നത് (1 കൊരിന്ത്യർ 12:11). നാം മുമ്പേ കണ്ടതുപോലെ, പരിശുദ്ധാത്മാവിലുള്ള സ്നാനം ലഭിക്കുന്നതിനുമുമ്പുതന്നെ അപ്പസ്തോലന്മാർ അത്ഭുതങ്ങൾ പ്രവർത്തിച്ചിരുന്നു ((ലൂക്കോസ് 9:2). അത്ഭുതവരങ്ങളുടെ ശുശ്രൂഷ അപ്പസ്തോലന്മാരിൽ അധിഷ്ഠിതമാണെന്ന കാര്യം തർക്കറ്റതാണ്. എന്നാൽ ആത്മാവിലുള്ള സ്നാനത്താലാണ് അത്ഭുതവരങ്ങളുടെ ശുശ്രൂഷ ലഭ്യമാകുമെന്നു പറയുന്നതെവിടെയാണ്? (നവപെന്തക്കോസ്തുകാരുടെ തെറ്റായ ഒരു വിശദീകരണമാണ് ഇത്). കൂടാതെ, ആത്മാവിലുള്ള സ്നാനത്താൽ അത്ഭുതങ്ങൾ പ്രവർത്തിക്കാനുള്ള കഴിവുലഭിക്കുമെന്ന് സ്നാപകയോഹന്നാൻ പറഞ്ഞിട്ടുമില്ല.

### 4. അപ്പ 1, യോഹന്നാൻ 14, 16 എന്നീ അദ്ധ്യായങ്ങൾ സൂചിപ്പിക്കുന്നത് ആത്മാവിലുള്ള സ്നാനം അപ്പസ്തോലന്മാർക്കു മാത്രമുള്ളതാണ് എന്നല്ലേ?[11]

പെന്തക്കോസ്തു നാളിൽ ആത്മാവിനാൽ സ്നാനം സ്വീകരിക്കപ്പെട്ടപ്പോൾ യോഹ 14:26, 16:13 എന്നീ വചനങ്ങൾ അപ്പസ്തോലന്മാരുടെ ജീവിതത്തിൽ പൂർത്തിയായെന്നുള്ള കാര്യം സത്യമാണ് (യോഹന്നാൻ 20:22 ഒരു പ്രവചനമായി പരിഗണിക്കുകയാണെങ്കിൽ). കേസര്യാക്കാരുടെ ജീവിതത്തിൽ സംഭവിച്ചതും ഇതുപോലെതന്നെയാണ് എന്നു നാം അനുമാനിക്കുകയാണെങ്കിൽ യോഹ

ന്നാൻ സുവിശേഷത്തിൽ കാണുന്ന യേശുവിന്റെ വാഗ്ദാനം എന്തുകൊണ്ടു കൊർണേലിയസിനു ലഭ്യമാകുന്നില്ല എന്ന ചോദ്യത്തിനുത്തരം കണ്ടെത്തേണ്ടിവരും. ആവർത്തിക്കപ്പെടാൻ പറ്റാത്ത, ചരിത്രപരമായി അതുല്യസ്ഥാനത്തുനിൽക്കുന്ന രണ്ടു സംഭവങ്ങളാണ് അപ്പ 2ലും അപ്പ 10ലും നാം കാണുന്നതെന്ന കാര്യം ഞാൻ നിഷേധിക്കുന്നില്ല. ഈ സംഭവങ്ങൾ തമ്മിൽ സമാനതകളുണ്ടെന്ന കാര്യം ഞാൻ നിഷേധിക്കുന്നു, ഈ രണ്ടു സംഭവങ്ങളെയും പരിശുദ്ധാത്മാവിലുള്ള സ്നാനമായി പരിഗണിക്കാമെന്ന വാദവും ഞാൻ നിഷേധിക്കുന്നു. എന്നാൽ ഈ രണ്ടു സംഭവങ്ങളെയും അടിസ്ഥാനമാക്കിമാത്രം ആത്മാവിലുള്ളസ്നാനത്തെ നമുക്കു നിർവ്വചിക്കാൻ കഴിയുമെന്നവാദത്തിൽ കാതലായ കുഴപ്പങ്ങളുണ്ട്.

## 5. ലൂക്കോസ് മുന്നിലെ ആത്മാവും അഗ്നിയും[12] അപ്പസ്തോലന്മാരിൽ മാത്രം ഒതുങ്ങിനിൽക്കുന്നതാണോ അതോ അത് എല്ലാ വിശ്വാസികൾക്കും ലഭ്യമായതാണോ?

നമുക്കു കുറച്ചും കൂടി സ്ഥിരതയുള്ളവരാകാം. ലൂക്കോസ് 3:16 ഒന്നുകൂടി പരിഗണിക്കുക:

> യോഹന്നാൻ അവരോടെല്ലാവരോടുമായി ഉത്തരം പറഞ്ഞത്: ഞാൻ നിങ്ങളെ വെള്ളംകൊണ്ട് സ്നാനം കഴിപ്പിക്കുന്നു; എന്നാൽ എന്നെക്കാൾ ബലവാനായവൻ വരുന്നു; അവന്റെ ചെരുപ്പിന്റെ വാറ് അഴിക്കുവാൻ ഞാൻ യോഗ്യനല്ല; അവൻ നിങ്ങളെ പരിശുദ്ധാത്മാവുകൊണ്ടും തീകൊണ്ടും സ്നാനം കഴിപ്പിക്കും (ലൂക്കോസ് 3:16).

എല്ലാ വിശ്വാസികൾക്കും ലഭ്യമായ ഒരു വാഗ്ദാനമാണിത് എന്നു മനസ്സിലാക്കാൻ സാധാരണമായ ഒരു ധാരണാശേഷി മതി നമുക്ക്.[13] അപ്പ 1:5ലെ വാഗ്ദാനം അപ്പസ്തോലന്മാർക്കു മാത്രം പരിമിതപ്പെടുത്തിയതായിരുന്നെങ്കിൽ, കൊർണ്ണേലിയസിനെ ഉൾപ്പെടുത്താൻ കഴിയുമായിരുന്നില്ല. നാമോരുരത്തരും ആത്മാവിനാൽ സ്നാനപ്പെട്ടവരാണ്, സ്നാനത്തിനുശേഷമുള്ള ഒരു അനുഭവപ്രകാരമല്ല, പകരം പെന്തക്കോസ്തുനാളിലെ ആത്മവർഷത്താലും നമ്മുടെ സ്നാനത്താലുമത്രേ.

## പഴയനിയമത്തിൽ നാം കാണുന്ന ആത്മവർഷം

മത്തായി 3ലും, മർക്കോസ് 2ലും ലൂക്കോസ് 3ലും യോഹന്നാൻ 1ലും അപ്പ 1ലും പറയുന്ന ആത്മാവിലുള്ള സ്നാനം സാദ്ധ്യമായത്, ചരിത്രപരമായി പ്രധാനപ്പെട്ട ആത്മാവിന്റെ ചൊരിയലിനാലാണ്. പഴയനിയമ പ്രവാചകർ പറഞ്ഞവസ്തുതകളെ ഈ കാഴ്ചപ്പാട് ന്യായീകരിക്കുന്നു.

അതിനുശേഷമോ, ഞാൻ സകല മനുഷ്യരുടെമേലും എന്റെ ആത്മാവിനെ പകരും എന്നു യോവേൽ പ്രവചിച്ചിരിക്കുന്നു (2:28). ആത്മാവിനെ നല്കപ്പെടുന്നത് സകലമനുഷ്യർക്കുമായിട്ടാണെന്ന് യോവേൽ പ്രവചനം നമ്മെ അറിയിക്കുന്നു. അവിശ്വാസികൾക്കും കൂടി ആത്മാവിനെ പകർന്നുകിട്ടുമെന്ന് ഇതിനർത്ഥമില്ല - എല്ലാവരും മരിച്ചിരിക്കുന്നുവെങ്കിലും (2 കൊരിന്ത്യർ 5:14). സ്നാനത്തിലൂടെ ക്രിസ്തുവിന്റെ മരണത്തോടു അനുരൂപപ്പെടുന്ന സകലർക്കും വേണ്ടിയാണ് ഈ വരമെന്നർത്ഥം. നമ്മുടെ പ്രതികരണം ഒരു പ്രധാന ഘടകമാണ്.

ഏശയ്യാവും (ബിസി 8-ാം നൂറ്റാണ്ട്) ആത്മാവിന്റെ ഈ യുഗത്തെ നോക്കിപ്പാർത്തിരുന്ന ഒരാളായിരുന്നു. (ഏശയ്യ 32:15, 44:3):

> 32:15 ഉയരത്തിൽനിന്ന് ആത്മാവിനെ നമ്മുടെമേൽ പകരുകയും മരുഭൂമി ഫലസമൃദ്ധമായ വയലായിത്തീരുകയും ഫലസമൃദ്ധമായ വയൽ വനമായി കണക്കാക്കപ്പെടുകയും ചെയ്യുവോളം തന്നെ.
> 44:3 ദാഹിച്ചിരിക്കുന്നിടത്ത് ഞാൻ വെള്ളവും വരണ്ട നിലത്ത് നീരൊഴുക്കുകളും പകരും; നിന്റെ സന്തതിമേൽ എന്റെ ആത്മാവിനെയും, നിന്റെ സന്താനത്തിന്മേൽ എന്റെ അനുഗ്രഹത്തെയും പകരും.

യെഹെസ്കേലിന്റെ (ആറാം നൂറ്റാണ്ട്) പ്രവചനവും ഇത്തരത്തിലുള്ളതായിരുന്നു. (യെഹെസ്കേൽ 39:29):

> ഞാൻ ഇസ്രായേൽ ഗൃഹത്തിന്മേൽ എന്റെ ആത്മാവിനെ പകർന്നിരിക്കുന്നതിനാൽ ഇനിയും എന്റെ മുഖം അവർക്കു മറയ്ക്കുകയുമില്ല, എന്ന് യഹോവയായ ദൈവം അരുളിച്ചെയ്യുന്നു.

ആറാം നൂറ്റാണ്ടിന്റെ അവസാനപാദത്തിൽ സെഖരിയാവും പ്രത്യാശയുടെ ഈ സന്ദേശം നൽകി. (സെഖരിയാ 12:10, 13:1, 14:8):

> 12:10 ഞാൻ ദാവീദ് ഗൃഹത്തിന്മേലും യെരുശലേം നിവാസികളുടെമേലും കൃപയുടെയും യാചനകളുടെയും ആത്മാവിനെ പകരം; തങ്ങൾ കുത്തിയവങ്കലേക്ക് അവർ നോക്കും; ഏകജാതനെക്കുറിച്ചു വിലപിക്കുന്നതുപോലെ അവർ അവനെക്കുറിച്ചു വിലപിക്കും; ആദ്യജാതനെക്കുറിച്ചു വ്യസനിക്കുന്നതുപോലെ അവർ അവനെക്കുറിച്ചു വ്യസനിക്കും.

13:1 ആ നാളിൽ ദാവീദ് ഗൃഹത്തിനും യെരുശലേം നിവാസികൾക്കും പാപത്തിന്റെയും മാലിന്യത്തിന്റെയും പരിഹാരത്തിനായി ഒരു ഉറവ തുറന്നിരിക്കും.
14:8 ആ നാളിൽ ജീവജലം യെരുശലേമിൽ നിന്നു പുറപ്പെട്ട് പകുതി കിഴക്കേകടലിലേക്കും പകുതി പടിഞ്ഞാറേകടലിലേക്കും ഒഴുകും; അത് ഉഷ്ണകാലത്തും ശീതകാലത്തും ഉണ്ടാകും.

പഴയനിയമത്തിലെ അവസാനപ്രവാചകനായ യോഹന്നാൻ (മർക്കോസ് 1:8):

ഞാൻ നിങ്ങളെ വെള്ളത്താൽ സ്നാനം കഴിപ്പിക്കുന്നു; അവനോ നിങ്ങളെ പരിശുദ്ധാത്മാവിനാൽ സ്നാനം കഴിപ്പിക്കും

പുതിയ ഉടമ്പടിയുടെ ഒരു യുഗത്തെ പഴയനിയമ പ്രവാചകർ നോക്കിയിരിക്കുകയായിരുന്നു, നാം ഇന്ന് അനുഗ്രഹീതരായി ജീവിക്കുന്ന പരിശുദ്ധാത്മാവിന്റെ യുഗം (മത്തായി 11:11). ആത്മാവിനെ ചൊരിയുമെന്നുള്ള വാഗ്ദാനത്തിന്റെ നിറവേറ്റലാണ് പെന്തക്കോസ്തുനാളിൽ നിറവേറിയത് (അപ്പ 2:33), പത്രോസ് ചൂണ്ടിക്കാണിച്ചതുപോലെ, ഇത് യോവേൽ പ്രവാചകൻ മുഖാന്തരം അരുളിചെയ്തതത്രേ (അപ്പ 2:16).

## ചൊരിയലും മുങ്ങലും

സ്നാനവും ചൊരിയലും ഒന്നുതന്നെയാണോ? അല്ല, എന്നാൽ ഇവരണ്ടും ഒരേ സംഭവത്തിന്റെ രണ്ടു വീക്ഷണകോണുകളാണ്. സ്വർഗ്ഗത്തിൽ നിന്നുമുള്ള വീക്ഷണത്തിൽ ആത്മാവിനെ ചൊരിഞ്ഞു, ഭൂമിയിൽ നിന്നുള്ള വീക്ഷണത്തിലാകട്ടെ ആത്മാവിൽ സ്നാനപ്പെട്ടു. യേശുവിന്റെ കാഴ്ചപ്പാടിൽ ചൊരിയലും, സ്വീകർത്താവിന്റെ കാഴ്ചപ്പാടിൽ സ്നാനവുമാണ്.

പതിവായി ഉപയോഗിക്കുന്ന ഒരു ദൃഷ്ടാന്തമിതാണ്. ഒരു ഗ്ലാസ്സിൽ ഒരു നാണയം വച്ചതിനുശേഷം അതുമുങ്ങുവാൻ തക്കവണ്ണം വെള്ളം നിറച്ചതിന്റെ ഉദാഹരണമാണിത്. ചൊരിയൽ മുങ്ങലല്ല, അതു വെള്ളം അതിന്റെ പാത്രത്തിൽ നിന്നും ഒഴിക്കപ്പെടുന്നതാണ്. മുങ്ങലോ ചൊരിയലുമല്ല, ചൊരിയപ്പെടലിന്റെ അനന്തരഫലമാണിത്, നാണയത്തെ മൂടൽ. എളുപ്പത്തിൽ ഇക്കാര്യം മനസ്സിലാക്കാൻ പറ്റുന്ന ഒരു ഉദാഹരണമാണിത്.

പാനം ചെയ്യുവാൻ തയ്യാറായ ഏതൊരുവനും ആത്മാവിനെ ലഭ്യമാണ് (1 കൊരിന്ത്യർ 12:13). എന്നാൽ പെന്തക്കോസ്തുദിനം വീണ്ടും വീണ്ടും ആവർത്തിക്കുന്ന ഒന്നല്ല, ഒരിക്കലേക്കായി മാത്രം നീക്കിവച്ച ഒരു സംഭവമാണിത്.[14]

## ചുരുക്കത്തിൽ...

നവപെന്തക്കോസ്തുവൃത്തങ്ങൾ ആഘോഷമാക്കുന്ന ഊഷ്മളമായതും സുഖപൂർണ്ണമായതുമായ ഈ അനുഭൂതി 95% ഭ്രമാത്മകവും 5% വചനാത്മകവുമാണ്. പരിശുദ്ധാത്മാവിലുള്ള സ്നാനമെന്നത് യോവേൽ പ്രവചനപൂർത്തീകരണവും (അപ്പ 2:16-17, യോവേൽ 2:28-32) ദൈവത്തിന്റെ ചരിത്രദൗത്യത്തിന്റെ പൂർത്തീകരണവുമാണ്. ഇത് എന്തല്ല എന്ന ഒരു പട്ടിക ഒരു പക്ഷേ പ്രയോജനപ്രദമായിരിക്കും:

1. വിശുദ്ധരെ വലിയ ശുശ്രൂഷയ്ക്കായി ഒരുക്കുന്ന ഒരു രണ്ടാമത്തെ അനുഗ്രഹമല്ലായിത്.
2. അത്ഭുതവരങ്ങൾ പകർന്നുനൽകാനുള്ള ഒരു ചടങ്ങല്ല. ആത്മാവിനെ സ്വീകരിക്കുന്നതിനുമുമ്പുതന്നെ അപ്പസ്തോലന്മാർ അത്ഭുതങ്ങൾ പ്രവർത്തിച്ചിരുന്നു (ലൂക്കോസ് 9:2).
3. മനുഷ്യനാൽ പകർന്നതല്ല. വിശേഷാലുള്ള ഒരു യോഗത്തിലോ യോഗപരമ്പരയിലോ ലഭിക്കുന്ന ഒരു കാര്യമാണിതെന്ന ഒരു സൂചനയും പുതിയനിയമത്തിലില്ല.
4. വിശ്വാസികൾക്ക് ഭാഷാവരം നൽകാനായി ഉടലെടുത്ത ഒരു സംഗതിയുമല്ല. ആദ്യനൂറ്റാണ്ടിലെ സകലവിശ്വാസികളും ഭാഷാവരമുള്ളവരായിരുന്നില്ല (1 കൊരിന്ത്യർ 12:10, 30).
5. ആത്മാവിനാൽ നിറയപ്പെടാനായുള്ള ഏക കാരണവുമിതല്ല. പത്രോസ് ആത്മാവിനാൽ നിറഞ്ഞവനായി നാം കാണുന്നു, അപ്പ 2:4ലും അപ്പ 4:8ലും. പൗലോസും ആത്മനിറവുള്ളവനായി അപ്പ 9:17ലും അപ്പ 13:9ലും നമുക്കു കാണാം.
6. ക്രിസ്ത്യാനികളുടെയിടയിൽ ഒരു രണ്ടാം തരക്കാരെ സൃഷ്ടിക്കാനുള്ള ഒരു ഉപാധിയുമല്ലായിരുന്നു. ആത്മാവിലുള്ള ജീവിതമെന്നും മാംസത്തിലുള്ള ജീവിതമെന്നും രണ്ടു തരത്തിലുള്ള ജീവിതം മാത്രമേയുള്ളൂ (റോമർ 7-8 അദ്ധ്യായങ്ങൾ).

പെന്തക്കോസ്തുനാളിൽ യെരുശലേമിൽ വച്ചു ആത്മാവിനെ ചൊരിഞ്ഞ ആ ചരിത്രമുഹൂർത്തത്തിനാൽ, സകലമനുഷ്യർക്കും ആത്മാവിലുള്ള സ്നാനം ലഭിക്കാനിടയായി. അപ്പ 2ൽ അപ്പസ്തോലന്മാർക്കുണ്ടായ അനുഭവവും, മുവ്വായിരം പേർക്കുണ്ടായ അനുഭവവും, ആത്മാവിന്റെ അകമേയുള്ള വാസത്താൽ, ഇന്നു നമുക്കും അനുഭവഭേദ്യമാണ്. സഭയുടെ ആത്മീയ വർദ്ധനവിനായി സഭയ്ക്കു

ലഭിച്ച വിശേഷാൽ വരങ്ങളും പെന്തക്കോസ്തുനാളിലെ ആത്മാവിന്റെ ചൊരിയലിനാൽ ലഭിച്ചതാണ്. കൊർണ്ണേലിയസിനും മറ്റു ആദിമ വിജാതീയർക്കും ആത്മാവിനെ ആദ്യം ലഭിച്ചത് പുറമേവസിക്കാനും, പിന്നീട് സ്നാനത്തിലൂടെ അകമേവസിക്കാനുമായിട്ടാണ്.

നാം സ്നാനമെടുക്കുന്ന മാത്രയിൽ പരിശുദ്ധാത്മാവിനെ നമ്മിലേക്കും ചൊരിയപ്പെടുന്നു (തിത്തൂസ് 3:6), ദൈവത്തിന്റെ ജനമായി നമ്മെ ഉപയോഗിക്കാനും നമ്മിൽ നിറയാനുമായി നാം പ്രാർത്ഥിക്കുമ്പോൾ (അപ്പ 4:24, 31).

ഏറ്റവും ലളിതമായി പറഞ്ഞാൽ സകലശിഷ്യരും വെള്ളത്തിൽ സ്നാനമേറ്റസമയത്ത് പരിശുദ്ധാത്മാവിനാൽ സ്നാനം സ്വീകരിക്കപ്പെട്ടവരാണ്.

കുറിപ്പുകൾ:

1. അതു ശരിയായ ഒരു മാറ്റമല്ലായിരുന്നു.
2. ഈ ഭാഗത്തിലെ ചില കാര്യങ്ങൾ തർക്കവിഷയമാണ്. അതിനാൽ ഇവിടെ പറയുന്ന കാഴ്ചപ്പാടുകൾ ഗ്രന്ഥകർത്താവിന്റേതാണ്, പ്രസാധകന്റെയല്ല.
3. ഏറ്റവും വലിയ നവപെന്തക്കോസ്തു കൂട്ടായ്മയായ അസംബ്ളീസ് ഓഫ് ഗോഡ് അവരുടെ വിശ്വാസ പ്രസ്താവനയുടെ എട്ടാം ഖണ്ഡികയായി ഇപ്രകാരം പ്രസ്താവിക്കുന്നു: വിശ്വാസികൾക്കു ലഭിക്കുന്ന പരിശുദ്ധാത്മസ്നാനം അന്യഭാഷാസംസാരമെന്ന ആദ്യഅടയാളത്തോടെ സാക്ഷീകരിക്കുന്നു.
4. കൂടുതൽ അറിയുന്നതിനായി ഹാങ്ക് ഹാനെഗ്രാഫിന്റെ കൗണ്ടർഫീറ്റ് റിവൈവൽ: തെറ്റായ ഇടങ്ങളിൽ ദൈവത്തെ അന്വേഷിക്കൽ എന്ന പുസ്തകം സഹായകരമാണ്.
5. പുതിയ ഉടമ്പടിയുടെ തുടക്കത്തിന്റെ പ്രാധാന്യം ഗ്രഹിക്കാൻ പെന്തക്കോസ്തു ദൈവശാസ്ത്രത്തിനു സാധിക്കുന്നില്ല.
6. സ്നാനപ്പെടുന്നതിനുമുന്നേ ശൗൽ ക്രിസ്ത്യാനിയായിത്തീർന്നു എന്ന സിദ്ധാന്തവും അടിസ്ഥാനമില്ലാത്തതാണ് (അപ്പ 22:16). അനനിയാസ് അവന്റെ മേൽ കൈവച്ചത് ആത്മസ്നാനം നല്കുവാനല്ലായിരുന്നു, മറിച്ച്, കാഴ്ചതിരികെ നല്കുവാനായിരുന്നു (അപ്പ 9:12,17).
7. ഊഷ്മളമായ, സുഖകരമായ അനുഭൂതികളെക്കുറിച്ചുള്ള വിവരണങ്ങൾ ചരിത്രത്തിൽ പലയിടത്തും നമുക്കു കാണാൻ കഴിയും. ബൈബിൾ വായിച്ചുകൊണ്ടിരുന്ന ഒരു രാത്രിയിൽ തന്റെ ഹൃദയം അസാധാരണമായ രീതിയിൽ ചൂടുള്ളതാവുകയും ക്രിസ്തുവിലുള്ള തന്റെ ആശ്രയം വർദ്ധിച്ചതായും, തന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടതായും മരണത്തിൽനിന്നും രക്ഷിച്ചതായുമൊക്കെ തോന്നിയെന്ന് ജോൺ വെസ്ലി തന്റെ കുറിപ്പുകളിൽ എഴുതിയിരിക്കുന്നു.
8. ഈ സിദ്ധാന്തത്തോടു കൂടി വായിക്കുന്ന മറ്റൊരുകാര്യം കൊർണ്ണേലിയസിനെക്കുറിച്ചാണ്. അപ്പ 1:5 സൂചിപ്പിക്കുന്നത് അപ്പസ്തോലന്മാർക്കാണ് ഈ അനുഭവം ഒരുക്കിവച്ചിരുന്നത് എന്നതാണെങ്കിൽകൂടി, കൊർണ്ണേലിയസും കൂട്ടരും ഇതിൽ ഭാഗഭാക്കായത് യോവേൽ പ്രവാചകന്റെ പ്രവചനം പൂർത്തിയാകാൻ വേണ്ടിയായിരുന്നെന്നും കരുതുന്നു - യോവേൽ 2:28, അപ്പ 2:17.
9. എഫേസ്യർ 5:26, എബ്രായർ 10:22 എന്നിവ കാണുക.
10. ഗലാത്യർ 4:29, 1 യോഹന്നാൻ 5:4-6 എന്നിവ കാണുക.
11. അങ്ങനെയാണെങ്കിൽ മത്ത്യാസിനുമാത്രമല്ല, പൗലോസിനും കൊർണ്ണേലിയസിനുമെല്ലാം വാഗ്ദാനം നിഷേധിക്കപ്പെടുമായിരുന്നു. പരിശുദ്ധാത്മാവിലുള്ള സ്നാനം പന്ത്രണ്ടുപേർക്കു മാത്രമുള്ളതായിരുന്നില്ല എന്നു കാണിക്കുന്ന വചനമാണ് ലൂക്കോസ് 3:15-17.
12. അപ്പ 2ലുള്ള അഗ്നിനാളത്തെക്കുറിച്ചല്ലേ അഗ്നിയാലുള്ള സ്നാനമെന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ന് ചോദിക്കുന്ന ചിലയാളുകളുണ്ട്. ഇതു ശരിയായ ഒരു നിലപാടല്ല.
13. ന്യായവിധി ദിവസത്തെയാണ് ഇതു സൂചിപ്പിക്കുന്നത് എന്നു ചിലരും, യെരുശലേമിന്റെ നാശത്തെക്കുറിച്ചാണ് (എഡി 70) ഇതു സൂചിപ്പിക്കുന്നത് എന്നു മറ്റു ചിലരും കരുതുന്നു. (ആസന്നമായ ന്യായവിധിയെക്കുറിച്ചു സൂചിപ്പിച്ചുകൊണ്ട് ലൂക്കാസ് പറയുന്നത് വൃക്ഷത്തിന്റെ കടയ്ക്കൽ കോടാലി വച്ചുകഴിഞ്ഞു എന്നാണ്. മലാഖി മൂന്നും നാലും അദ്ധ്യായങ്ങൾ കാണിക്കുന്നത് പതിരുമാറ്റലും ദഹിപ്പിക്കലും യഹൂദരെ സംബന്ധിച്ചാണ് എന്നാണ്. കർത്താവിന്റെ ഭയാനകമായ ആ ദിവസത്തിനുമുമ്പ് (മലാഖി 4:5) യോഹന്നാനും (ഏലിയാവ് - മത്തായി 11:14), യേശുവും (മലാഖി 3:1) വരേണ്ടതുണ്ട്.
14. ചൊരിയപ്പെട്ടു എന്നതിനുപയോഗിച്ചിരിക്കുന്ന വാക്കിന്റെ വ്യാകരണം പരിശോധിക്കുന്നതിലൂടെ കഴിഞ്ഞുപോയ ഒരു സമയത്തു നിറവേറിയ ഒരു കർമ്മത്തെ സൂചിപ്പിക്കുന്ന ഒന്നാണെന്ന കാര്യത്തിൽ കൂടുതൽ വ്യക്തത നമുക്കു ലഭിക്കുന്നു. ദൈവമക്കൾക്കും വിജാതീയർക്കും വേണ്ടി പ്രത്യേകം പ്രത്യേകം ആത്മവർഷം നടക്കുന്നത് പ്രവാചകർക്കു പോലും സങ്കൽപ്പിക്കാനാവാത്ത ഒരു സംഗതി തന്നെയാണ്. അവരുടെ ദർശനങ്ങളിൽ വിജാതീയരും ഒപ്പമുണ്ടായിരുന്നു. (ഉദാ: ഏശയ്യാ 26:18, 42:6, 45:22, 49:6, 66:19-21)

**അദ്ധ്യായം 25**

# അക്ഷന്തവ്യമായ പാപം?

## ആർക്കാണു രക്ഷപ്രാപിപ്പാൻ കഴിയുക?

ഈ പുസ്തകത്തിലെ ചിലഭാഗങ്ങൾ വെല്ലുവിളി ഉയർത്തുന്നതായി തോന്നുന്നുണ്ടോ? പരിശുദ്ധാത്മാവു നിങ്ങൾക്കുണ്ടോ എന്ന ചിന്തയാൽ കുഴങ്ങിയിരിക്കുകയാണോ? ആത്മാവു നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു കാര്യം, നമുക്കെല്ലാം പലരീതികളിൽ ഇടർച്ച സംഭവിക്കുമെന്നാണ് (യാക്കോബ് 3:2, യോഹന്നാൻ 16:8) – നമ്മെ എളിമപ്പെടുത്താൻ വേണ്ടി. കർത്താവു നമ്മിൽ നിന്നും ആവശ്യപ്പെടുന്ന സമർപ്പണത്തെ തിരിച്ചറിയുമ്പോൾ, നമ്മുടെ ജീവിതത്തിലേക്കു നോക്കിയിട്ട്, പിന്നെ ആർക്കു രക്ഷപ്രാപിക്കാൻ കഴിയുമെന്ന് നാം ചോദിക്കുമായിരിക്കും (മർക്കോസ് 10:26). അങ്ങനെയൊരു ചിന്തയുണ്ടായിട്ടുണ്ടെങ്കിൽ പൊറുക്കപ്പെടാത്ത ആ പാപം നിങ്ങളുടെ ജീവിതത്തിലും കടന്നു കൂടുവാൻ സാദ്ധ്യതയുണ്ട്.

### ആത്മദൂഷണം

എക്കാലത്തെയും പ്രിയപ്പെട്ട സിനിമകളിൽ ഒന്നാണ് ഇന്ത്യാന ജോൺസും ലാസ്റ്റ് ക്രൂസേഡുമെന്ന പഴയ ഹാരിസൻ ഫോർഡ് സിനിമ. ശിഷ്യന്മാർ മാത്രമുണ്ടായിരുന്ന ഒരു പ്രദർശനത്തിലാണ് ഞാനിതു കണ്ടത്. തന്റെ അവസാനത്തെ അത്താഴവേളയിൽ യേശു പാനം ചെയ്തതെന്നു വിശ്വസിക്കപ്പെടുന്ന ഒരു ചഷകം തേടിയുള്ള ഒരു അപ്പന്റെയും മകന്റെയും യാത്രയാണ് ഇതിന്റെ ഇതിവൃത്തം. അതിലെ നായകനായ ഇന്ത്യാന ജോൺസ് കർത്താവിന്റെ നാമം വൃഥാ ഉപയോഗിക്കുന്ന ഒരു രംഗം അതിലുണ്ട്, അതുകേട്ട അപ്പൻ അവന്റെ മുഖത്തടിച്ചിട്ടു പറഞ്ഞു, ഇതാണ് ദൈവദൂഷണം എന്ന്. (തീയറ്റർ മുഴുവൻ കയ്യടിയാൽ നിറഞ്ഞു എന്നകാര്യം പ്രത്യേകം പറയേണ്ടല്ലോ!)

പരിശുദ്ധാത്മവിനെ ദുഷിക്കുക എന്നുപറഞ്ഞാൽ എന്താണ്? മൂന്നാമത്തെ കല്പനയെ ലംഘിക്കുന്നതാണോ? അതിനെക്കുറിച്ചു പരാമർശിക്കുന്ന വചനങ്ങളിലൂടെ ദൈവം നമ്മെ പഠിപ്പിക്കുന്നത് എന്തൊക്കെയാണ്?

### തിരിച്ചുവരവിനു സാദ്ധ്യതയില്ലാത്ത പോക്ക്

ദൈവം കൃപയുടെ ദൈവമാണെങ്കിലും, തിരിച്ചുവരവിനു സാദ്ധ്യതയില്ലാത്ത ഒരു സാഹചര്യത്തിലേക്കു നമുക്കെത്തിച്ചേരാം എന്ന കാര്യം വചനങ്ങൾ വ്യക്തമാക്കുന്നുണ്ട്. പഴയനിയമം ഇപ്രകാരം പ്രതിപാദിക്കുന്നു: പലപ്രാവശ്യം ശാസിക്കപ്പെട്ടിട്ടും ശാഠ്യം കാണിക്കുന്നവൻ പരിഹാരമില്ലാതെ പെട്ടെന്നു നശിച്ചുപോകും (സദൃശവാക്യം 29:1). ഇക്കാര്യത്തെക്കുറിച്ചു പരാമർശിക്കുന്ന അനേകം ഭാഗങ്ങൾ പുതിയനിയമത്തിലുണ്ട്. എബ്രായർക്കുള്ള ലേഖനം നോക്കുക:

> സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം നാം മനഃപൂർവ്വം പാപം ചെയ്താൽ പാപങ്ങൾക്കായി ഇനി ഒരു യാഗവും ശേഷിക്കുന്നില്ല; പിന്നെയോ ന്യായവിധിയുടെ ഭയങ്കരമായ പ്രതീക്ഷയും എതിരാളികളെ ദഹിപ്പിക്കുവാനുള്ള ക്രോധാഗ്നിയുമേ ഉണ്ടായിരിക്കുകയുള്ളൂ. മോശെയുടെ ന്യായപ്രമാണം അനുസരിക്കാത്തവൻ കരുണകൂടാതെ രണ്ടോ മൂന്നോ സാക്ഷികളുടെ വായ്മൊഴിയാൽ മരണശിക്ഷ അനുഭവിക്കുന്നു. ദൈവപുത്രനെ ചവിട്ടിക്കളയുകയും തന്നെ വിശുദ്ധീകരിച്ച ഉടമ്പടിയുടെ രക്തത്തെ അശുദ്ധമെന്നു കരുതുകയും കൃപയുടെ ആത്മാവിനെ നിന്ദിക്കുകയും ചെയ്തവൻ എത്ര കഠിന്യമേറിയ ശിക്ഷയ്ക്കു പാത്രമാകും എന്നു വിചാരിക്കുവിൻ. പ്രതികാരം എനിക്കുള്ളത്, ഞാൻ പകരം ചെയ്യും എന്നും കർത്താവ് തന്റെ ജനത്തെ ന്യായം വിധിക്കും എന്നും അരുളിച്ചെയ്തവനെ നാം അറിയുന്നുവല്ലോ. ജീവനുള്ള ദൈവത്തിന്റെ കൈയിൽ വീഴുന്നത് ഭയങ്കരം (എബ്രായർ 10:26-31).

നിർഭാഗ്യവശാൽ ഈ വേദഭാഗം മിക്കവാറും പ്രസംഗിക്കപ്പെടുന്നത് തെറ്റായ രീതിയിലാണ്. വചനപശ്ചാത്തലം പരിശോധിക്കുമ്പോൾ, ക്രിസ്തുവിനെ പരിപൂർണ്ണമായി കൈവിട്ട്, ഒരുവന്റെ പഴയമതവിശ്വാസങ്ങളിലേക്കു തിരിച്ചു പോകുന്ന അവസ്ഥയെക്കുറിച്ചാണ് ലേഖകൻ ഇവിടെ സംസാരിക്കുന്നതെന്നു മനസ്സിലാക്കാൻ കഴിയും.[1] കൃപയുടെ ആത്മാവിനെ അവഹേളിക്കപ്പെടുന്നത് (10:29), ഒരാൾ ഒരു നുണപറയുകയോ, മദ്യപാനത്തിലകപ്പെടുകയോ ചെയ്തതിനാലല്ല, പകരം യേശുവിന്റെ ബലി രക്ഷയ്ക്കു മതിയായതാണ് എന്നു ബോധ്യപ്പെടാതെ തള്ളിക്കളയുന്നതിനെയാണ്. സത്യത്തെ (വാ 26) തിരസ്കരിക്കുകയും, ഉടമ്പടിയെ നിരാകരിക്കുകയും (വാ 29) ചെയ്യുകയാണ് ഇത്. യേശു

വിനെ പുറം തിരിഞ്ഞുകാണിക്കാനുള്ള ഒരാളുടെ ബോധപൂർവ്വമായതും മനഃപ്പൂർവ്വമായതുമായ ഒരു തീരുമാനം - ഇടയ്ക്കുണ്ടായ ഒരു വീഴ്ചയോ വിശ്വാസത്തിലുണ്ടായ മന്ദഗതിയോ അല്ല.

അങ്ങനെയുള്ള ഒരു അവസ്ഥയെന്നാൽ ഏന്താണ് എന്നു ചൂണ്ടിക്കാണിക്കലല്ല എന്റെ ഉദ്ദ്യേശ്യം, പകരം അങ്ങനെയൊരു അവസ്ഥ നിലവിലുണ്ട് എന്നു ചൂണ്ടിക്കാട്ടുന്നതാണ്. ഒരാൾ ഇങ്ങനത്തെ ഒരു അവസ്ഥയിലാണെന്നു ചൂണ്ടിക്കാണിക്കുന്നതിനേക്കാൾ സഹായകരമായത് അയാളെ മാനസാന്തരത്തിലേക്കും ശിഷ്യത്വത്തിലേക്കും കൊണ്ടുവരുന്നതാണ്. വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ ഒരാളുടെ ഹൃദയം കഠിനപ്പെടുന്ന അവസ്ഥയുണ്ടെന്നത് വചനം ചൂണ്ടിക്കാണിക്കുന്ന ഒന്നാണ്.

## വചന പശ്ചാത്തലം

തങ്ങളുടെ കൺമുന്നിലുള്ള സ്വർഗ്ഗീയ സത്യത്തെ മനസ്സിലാക്കാൻ കഴിയാത്തവിധത്തിൽ ഹൃദയം കഠിനമാക്കപ്പെട്ട പരീശന്മാരെക്കുറിച്ച് താഴെയുള്ള വേദഭാഗം പ്രതിപാദിക്കുന്നു. ദൈവത്തിന്റെ പ്രവർത്തിയെ പ്രതി സാത്താനു പുകഴ്ചനൽകുന്നതിനാലല്ല അവരെ പ്രത്യാശയില്ലാത്ത വണ്ണം ശിക്ഷയ്ക്കുവിധേയരാക്കുമെന്നു യേശു പറഞ്ഞത്. സാത്താന്റേതല്ലാത്തതിനെ സാത്താന്റേതായി പരിഗണിച്ച അവരുടെ ചിന്താശക്തിയുടെ അപര്യാപ്തതയെ പ്രതിയുമല്ല അവൻ അങ്ങനെ പറഞ്ഞത്. പരിഹരിക്കപ്പെടാൻ കഴിയാത്തവിധത്തിൽ ആണ്ടുപോയ അവരുടെ ഹൃദയ കാഠിന്യത്തെ പ്രതിയാണ് യേശു പ്രകോപിതനായത്.

> അനന്തരം ചിലർ കുരുടനും ഊമനുമായ ഒരു ഭൂതഗ്രസ്തനെ അവന്റെ അടുക്കൽ കൊണ്ടുവന്നു; ഊമൻ സംസാരിക്കുകയും കാണുകയും ചെയ്യുവാൻ തക്കവണ്ണം അവൻ അവനെ സൗഖ്യമാക്കി. ജനസമൂഹമൊക്കെയും വിസ്മയിച്ചു: ഇവൻ ദാവീദുപുത്രൻ തന്നെയോ? എന്നു പറഞ്ഞു. അതു കേട്ടിട്ട് പരീശന്മാർ: ഇവൻ ഭൂതങ്ങളുടെ തലവനായ ബെയെത്സെബൂലിനെക്കൊണ്ടല്ലാതെ ഭൂതങ്ങളെ പുറത്താക്കുന്നില്ല എന്നു പറഞ്ഞു. അവൻ അവരുടെ നിരൂപണം അറിഞ്ഞ് അവരോടു പറഞ്ഞത്: ഒരു രാജ്യം തന്നിൽത്തന്നെ ഭിന്നിക്കുന്നുവെങ്കിൽ ശൂന്യമാകും; ഒരു പട്ടണമോ ഗൃഹമോ തന്നിൽത്തന്നെ ഭിന്നിക്കുന്നുവെങ്കിൽ നിലനിൽക്കുകയില്ല. സാത്താൻ സാത്താനെ പുറത്താക്കുന്നുവെങ്കിൽ അവൻ തന്നിൽത്തന്നെ ഭിന്നിച്ചുപോയല്ലോ; പിന്നെ അവന്റെ രാജ്യം എങ്ങനെ നിലനിൽക്കും? ഞാൻ ബെയെത്സെബൂലിനെക്കൊണ്ട് ഭൂതങ്ങളെ പുറത്താക്കുന്നുവെങ്കിൽ, നിങ്ങളുടെ മക്കൾ ആരെക്കൊണ്ട് അവരെ പുറത്താക്കുന്നു? അതുകൊണ്ട് അവർ നിങ്ങൾക്കു ന്യായാധിപന്മാരാകും. ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നുവെങ്കിലോ ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നെത്തിയിരിക്കുന്നു. ആദ്യം തന്നെ ബലവാനെ പിടിച്ചുകെട്ടാതെ അവന്റെ വീട്ടിൽ കടന്ന് അവന്റെ സാധനങ്ങൾ കവർച്ച ചെയ്യുവാൻ എങ്ങനെ സാധിക്കും? പിടിച്ചുകെട്ടിയാൽ പിന്നെ അവന്റെ വീടു കവർച്ചചെയ്യാം. എന്നോടുകൂടെ അല്ലാത്തവൻ എനിക്കെതിരാണ്; എന്നോടുകൂടെ ശേഖരിക്കാത്തവൻ ചിതറിച്ചു കളയുന്നു. അതുകൊണ്ട് ഞാൻ നിങ്ങളോടു പറയുന്നത്: സകല പാപങ്ങളും ദൂഷണങ്ങളും മനുഷ്യരോടു ക്ഷമിക്കും; പരിശുദ്ധാത്മാവിനെതിരായുള്ള ദൂഷണമോ ക്ഷമിക്കുകയില്ല. ആരെങ്കിലും മനുഷ്യപുത്രനെതിരേ ഒരു വാക്കു പറഞ്ഞാൽ അത് അവനോടു ക്ഷമിക്കും; പരിശുദ്ധാത്മാവിനെതിരെ പറഞ്ഞാലോ ഈ ലോകത്തിലും വരുവാനുള്ളതിലും അവനോടു ക്ഷമിക്കുകയില്ല (മത്തായി 12: 22-32)

തനിക്കെതിരെ (മനുഷ്യപുത്രനെതിരെ) ദൂഷണം പറയുന്നതിനേക്കാൾ ഗുരുതരമായ കാര്യമാണ് ആത്മാവിനെ ദുഷിക്കുന്നത് എന്നാണോ യേശു പറയുന്നത്? ത്രിത്വത്തിലെ ഒരാൾ മറ്റെയാളിനെക്കാൾ വികാരജീവിയായ ഒരാളാണെന്നാണോ യേശു ഉദ്ദ്യേശിക്കുന്നത്? അങ്ങനെയാകാൻ ന്യായമില്ല. പകരം ഇതാണ് യേശു വ്യക്തമാക്കുന്നത് - സത്യത്തിന്റെ ശത്രുക്കളിൽ ചിലർ വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ മോശമായി പോയിട്ടില്ല. എന്നാൽ, ചിലരാകട്ടെ ദൈവാത്മാവിനു തങ്ങളുടെ ഹൃദയത്തിൽ പ്രവർത്തിക്കുവാൻ സാദ്ധ്യമല്ലാത്ത വിധത്തിൽ എല്ലാപരിധികളും കടന്നവരായിത്തീർന്നിരിക്കുന്നു - കേടുപാടുതീർത്തു വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ.

സ്നാനത്തിനുമുമ്പ് താനും ദൈവദൂഷണം പറയുന്ന ഒരുവനായിരുന്നുവെന്നാണ് പൗലോസ് തന്നെക്കുറിച്ചു സാക്ഷ്യപ്പെടുത്തുന്നത് എന്നത് താത്പര്യജനകമായ ഒരു കാര്യമാണ് (1 തിമോത്തി 1:13). യേശുവിനെ ദുഷിച്ചിരുന്ന അവൻ അപ്രകാരം ചെയ്യാൻ മറ്റുള്ളവരുടെമേലും ബലം പ്രയോഗിച്ചു പോന്നു. ഇത്തരം കാര്യങ്ങളെല്ലാം തെളിഞ്ഞമനസ്സാക്ഷിയോടെയും ദൈവത്തോടുള്ള തീക്ഷ്ണതയോടെയുമായിരുന്നു എന്നത് മറ്റൊരു സത്യമാണ് (ഗലാത്യർ 1:13-14, അപ്പ 23:1). എങ്കിലും തിരിച്ചെടുക്കാൻ പറ്റാത്ത ഒരു തട്ടിലേക്ക് അവൻ പോയിരുന്നില്ല എന്നതാണ് വാസ്തവം. അത്തരത്തിലുള്ള ഒരുവനാണ് പൗലോസെന്ന ധാരണയായിരുന്നു അപ്പസ്തോലന്മാരിൽ ചിലർക്കുണ്ടായത്, ആദ്യകാലത്തെങ്കിലും (അപ്പ 9:26). ശിഷ്യനാകുന്നതിനുമുമ്പുണ്ടായിരുന്ന പൗലോസിനെപ്പോലെ, അല്ലെങ്കിൽ അതിലും മോശമായ എത്രപേരെ ഇന്നു നമുക്കു പരിചയമുണ്ട്.

അതിനാൽ ക്ഷമിക്കപ്പെടാത്ത ആ പാപം നിങ്ങൾ ചെയ്തിരിക്കുന്നുവോ എന്ന് ആകുലപ്പെടുന്നവരാണു നിങ്ങളെങ്കിൽ, അക്കൂട്ടത്തിൽ പെട്ടവരല്ല നിങ്ങൾ എന്നകാര്യം ഉറപ്പാണ്. കാരണം നിങ്ങൾ ഇപ്പോഴും ക്രിസ്തുവിനൊപ്പം നടക്കുന്നവരും സഭയിൽ സജീവരും വിശ്വാസം പങ്കുവയ്ക്കുന്നവരും മറ്റുള്ളവരെ കരുതുന്നവരുമാണ്. (ഇത്തരം ആളുകളുടെ ഹൃദയം പൊതുവേ നല്ല നിലയുലുള്ളതാണ്, മറ്റുള്ളവരുടെ മനസ്സാക്ഷിയെ പരുഷമായി നമുക്കു വിധിക്കാതിരിക്കാം - 1 കൊരിന്ത്യർ 4:3-5).

ഇക്കാര്യങ്ങളെല്ലാം പരിഗണിക്കുമ്പോൾ, പരിശുദ്ധാത്മാവിനെതിരായ പാപമെന്നത് കേവലമൊരു പ്രവർത്തിയല്ല, പകരം ഹൃദയത്തിന്റെ ഒരു അവസ്ഥയാണ് എന്നു നമുക്കു മനസ്സിലാക്കാൻ സാധിക്കും. ഒരിക്കൽക്കൂടി പറയട്ടെ, ചിലസമയത്ത് താത്കാലികമായി വിശ്വാസത്തിൽ കാണുന്ന കുറവോ, കുറ്റബോധമോ ഒന്നും ആത്മാവിനെതിരായ ക്ഷമലഭിക്കാതിരിക്കത്തക്ക പാപമല്ല.

## എന്നാൽ ചിലസമയത്ത് എനിക്കു വലിയ കുറ്റബോധം തോന്നാറുണ്ട്!

ചില സമയത്ത് എനിക്കു വലിയ കുറ്റബോധമുണ്ടാകാറുണ്ട് എന്നു നിങ്ങൾ ചിലപ്പോൾ പറയുമായിരിക്കും. എനിക്കും അങ്ങനെ സംഭവിക്കാറുണ്ട്. പാപമാണു നമ്മിൽ കുറ്റബോധമുണ്ടാക്കുന്നത്. അവയെ നാം ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുമ്പോൾ (സദൃശവാക്യം 28:13), വീണ്ടും നാം പാട്ടുപാടി ആനന്ദിക്കുന്നവരായിത്തീരുന്നു (സദൃശവാക്യം 29:6). എന്തോ ചിലതു ശരിയല്ല എന്നു നമ്മെ അറിയിക്കാനുള്ള ദൈവത്തിന്റെ വഴിയാണ് കുറ്റബോധം. (ആത്മാവിനെതിരായ പാപം ഇതിനെക്കാളും ഭീകരമായതാണ്). കുറ്റബോധമുള്ളയാളും കുറ്റവാളിയായ ആളും ഒന്നല്ല. മാനസാന്തരത്തിന്റെ ലാഞ്ചനപോലുമില്ലാതെ കുറ്റബോധവുമായി നടക്കുന്ന ചിലരുണ്ട്. കാര്യമായ കുറ്റം ഒന്നും ചെയ്യാതിരുന്നിട്ടുപോലും വലിയകുറ്റബോധത്തോടെ തലയുയർത്താൻ പറ്റാതെ ഭാരപ്പെടുന്നവരും കുറെയുണ്ട്. ചില സമയങ്ങളിൽ ചില തോന്നലുകൾ നമ്മിൽ വന്നു ചേരുന്നതായി കാണപ്പെടുന്നു. എന്നാൽ കാലം കഴിയുകയും, നാം കൂടുതൽ പക്വതയുള്ളവരാകുകയും ചെയ്യുമ്പോൾ ഇത്തരം കപടകുറ്റബോധങ്ങളിൽ നിന്നും യാഥാർത്ഥ്യത്തിലേക്കു വളരാൻ നമുക്കിടയാകുന്നു.

## ശേഷമുള്ള ജീവിതത്തിന്റെ ആദ്യദിനം

സദ്വാർത്തയെന്തെന്നാൽ, യേശു നമ്മുടെ പാപങ്ങളെ പൊറുക്കുന്നവനാണ് (1 യോഹന്നാൻ 2:1-2), കുറച്ചുകൂടി നല്ല രീതിയിൽ അറിവുള്ളവരാകേണ്ടവരായിരുന്നു നാം എന്നാലും. കൂടുതൽ സദ്വാർത്തയെന്തെന്നാൽ, ആത്മാവിനു നിങ്ങളെ രൂപാന്തരപ്പെടുത്തുവാനായി നിങ്ങളുടെ ശേഷിക്കുന്ന ജീവിതകാലം മുഴുവനുമുണ്ട്, പാപത്തെ പിഴുതുകളയാനും ഒരു ചുളുക്കം പോലുമില്ലാതെ നേരെയാക്കാനും.

കുറിപ്പുകൾ:

1. എബ്രായർ 2:1-3, 3:14, 4:1-11, 6:4-12 നോക്കുക.

**അദ്ധ്യായം 26**

# നിങ്ങൾ അറിയാൻ ആഗ്രഹിച്ചിരുന്നവ - 1

## പ്രയാസകരമായ ചോദ്യങ്ങൾ

താഴെകൊടുത്തിരിക്കുന്ന ചോദ്യോത്തരങ്ങളിൽ ചിലത് ഈ പുസ്തകത്തിലെ മറ്റു ഭാഗങ്ങളിൽ പരാമർശിക്കുന്നതു നിങ്ങൾക്കു കണ്ടെത്താനാകും. ഓർമ്മപുതുക്കലിനായും കൂടുതൽ സഹായം നൽകാനായുമാണ് ഈ അദ്ധ്യായം ഉൾപ്പെടുത്തുന്നത്. ഈ രണ്ട് അദ്ധ്യായങ്ങളിലും കൂടി നിങ്ങൾക്കുണ്ടാകാവുന്ന മിക്കവാറും ചോദ്യങ്ങൾക്കു മറുപടികിട്ടുമെന്നു കരുതുന്നു.

### 1. എന്താണ് ഹോളി ഗോസ്റ്റ്?

ഗോസ്റ്റ് എന്ന വാക്കു ആശയക്കുഴപ്പമുണ്ടാക്കുന്നതാണോ? പതിനാറ്-പതിനേഴു നൂറ്റാണ്ടുകളിൽ ഉപയോഗത്തിലുണ്ടായിരുന്ന ലിസ്ബെതൻ(1) (ഷേക്സ്പീരിയൻ) ഇംഗ്ലീഷിൽ ആത്മാവെന്ന വാക്കിനു പകരമായി ഉപയോഗിച്ചിരുന്ന വാക്കാണ് ഗോസ്റ്റ് എന്നത്. ഗോസ്റ്റ് എന്നവാക്കിനു പകരം സ്പിരിറ്റ് എന്ന വാക്കും. യേശു വെള്ളത്തിന്റെ മീതെ നടക്കുന്നതു കാണുമ്പോൾ ശിഷ്യന്മാർ പറയുന്നതായി കിംഗ് ജെയിംസ് പരിഭാഷയിൽ *അതൊരു ആത്മാവാണ്* എന്നെഴുതിയിരിക്കുന്നത് അതിനാലാണ്. യേശു തന്റെ സ്വർഗ്ഗാരോഹണത്തിനുമുമ്പു നൽകിയ കൽപനയിൽ പിതാവിന്റെയും പുത്രന്റെയും ഹോളി ഗോസ്റ്റിന്റെയും നാമത്തിൽ എന്നെഴുതിരിക്കുന്നതും അതിനാലാണ്. ഇന്നു നിലവിലുള്ള ഇംഗ്ലീഷ് ഭാഷയിൽ ഈ വാക്കുകളുടെ അർത്ഥം മറിച്ചായതിനാൽ ഹോളി സ്പിരിറ്റ് എന്നുപയോഗിക്കുന്നതാണ് ഉചിതം.

പുതിയനിയമത്തിലെ ഗ്രീക്കുഭാഷയിലും (ന്യൂമ) പഴയനിയമത്തിലെ ഹീബ്രൂഭാഷയിലും (റൂഹാ) ആത്മാവ് എന്ന വാക്കിന് ശ്വാസം/കാറ്റ് എന്നും അർത്ഥം കണ്ടുവരുന്നുണ്ട്. ഓരോ സാഹചര്യവും പരിഗണിച്ചാണ് ഈ വാക്കുകളെ തീരുമാനിക്കുന്നത്.

### 2. ആത്മാവ് അവനോ, അവളോ, അതോ?

പുതിയനിയമത്തിലുടനീളം ആത്മാവിനെ സൂചിപ്പിക്കാനായി ഉപയോഗിക്കുന്ന വിശേഷണപദം അവൻ എന്നതു തന്നെയാണ്. അതിനാൽ അവൻ എന്നവാക്ക് ന്യായമായതു തന്നെയാണെന്ന് വിചാരിക്കാൻ കഴിയും. ദൈവത്തെയും അവൻ എന്നാണ് ഉപയോഗിക്കുന്നത്. പുരുഷനെന്നതോ സ്ത്രീയെന്നതോ ദൈവത്തെസംബന്ധിച്ച് ഉപയോഗിക്കാവുന്നതായി തോന്നുന്നില്ലെങ്കിലും, ദൈവവും മനുഷ്യനും തമ്മിൽ വിഭാവനം ചെയ്യുന്ന ഭർത്താവു-ഭാര്യ ബന്ധത്തിനെ കൃത്യമായി വിശദീകരിക്കാൻ ഇതു സഹായകമാകും. (നാം മണവാട്ടിയും ക്രിസ്തു മണവാളനുമാണ്. ദൈവം നമ്മെ സംരക്ഷിക്കുകയും നമുക്കായി കരുതുകയും ചെയ്യുന്നു, നാം അവനുവേണ്ടി ഫലം പുറപ്പെടുവിക്കുന്നു). ന്യൂമാ എന്ന ഗ്രീക്കുവാക്ക് അലിംഗപദമായതിനാൽ അവൻ അല്ലെങ്കിൽ അവൾ എന്ന വാക്കിനു പകരം അത് എന്നുപയോഗിക്കുന്നതാണ് നിങ്ങൾക്ക് അടുപ്പമുണ്ടാക്കുന്നതെന്നു തോന്നുന്നുവെങ്കിൽ അതിനും കുഴപ്പമില്ല.(2)

പരിശുദ്ധാത്മാവിന് ഇച്ഛയും, മനസ്സും പ്രിയവുമുണ്ട് (റോമർ 8:27, 1 കൊരിന്ത്യർ 12:11, റോമർ 15:30). അവൻ സംസാരിക്കുകയും പഠിപ്പിക്കുകയും നയിക്കുകയും ചെയ്യുന്നു (1 തിമോത്തി 4:1, യോഹന്നാൻ 14:26, അപ്പ 16:6-10). അവനെ നിഷേധിക്കാനും ദുഃഖിപ്പിക്കാനും എതിരെ ദൂഷണം പറയാനും അവനോടു നുണപറയാനും കഴിയും (അപ്പ 7:51, എഫേസ്യർ 4:30, മത്തായി 12:31, അപ്പ 5:3). ആത്മാവ് ഒരു വ്യക്തിയല്ലായിരുന്നെങ്കിൽ ഇതൊന്നും ചെയ്യാൻ കഴിയില്ലായിരുന്നു. അതുകൂടാതെ ആത്മാവ് സർവ്വജ്ഞാനിയും സർവ്വവ്യാപിയും നിത്യനുമാണ് (1 കൊരിന്ത്യർ 2:10, സങ്കീ 139:7-10, എബ്രായർ 9:14) - ദൈവമാണെന്നു സാരം. അവൻ ഒരു സ്വാധീനം മാത്രമോ, അല്ലെങ്കിൽ ഒരു ശക്തിമാത്രമോ അല്ല, അവൻ ദൈവവും ത്രിത്വത്തിലെ അംഗവുമാണ്. (ഏഴാം ചോദ്യവും നോക്കുക)

### 3. ആത്മാവിൽ നിറഞ്ഞതായിരിക്കുക എന്നാൽ എന്താണ്?

അടിയുറച്ച ആത്മീയത സ്വന്തമായുള്ള ഒരു വ്യക്തിയെന്നതാണ് അതിന്റെ അർത്ഥം. ഒരു പ്രത്യേക സാഹചര്യത്തിൽ ഉയർത്തുന്ന യാചനയ്ക്കുള്ള മറുപടിയായി ലഭിക്കുന്ന ആത്മീയ ശക്തിയെയും ഈ വാക്കു സൂചിപ്പിക്കുന്നുണ്ട്. നമ്മുടെ ജീവിതത്തിന്റെ ഏല്ലാ മുക്കിലും മൂലയിലും വ്യാപിക്കുന്നതാണ് ഈ ആത്മനിറവ്. (ഒന്നാം അദ്ധ്യായം നോക്കുക).

അത്ഭുതങ്ങൾ ചെയ്യാനുള്ള കഴിവുകൾ പ്രാപിക്കുന്നതിനുമുമ്പുതന്നെ സ്തെഫാനോസും

ഫിലിപ്പോസും ആത്മനിറവുള്ളവരായിരുന്നു (അപ്പ 6:3). ജനനത്തിനു മുമ്പേതന്നെ സ്നാപകയോഹന്നാനും ആത്മാവിൽ നിറഞ്ഞവനായിരുന്നു (ലൂക്കോസ് 1:15), എങ്കിലും അവൻ യാതൊരു അത്ഭുതവും പ്രവർത്തിച്ചില്ല (യോഹന്നാൻ 10:41). ആത്മാവിനാൽ നിറയുകയെന്നത് അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതാണെന്ന നവപെന്തക്കോസ്തുവൃത്തങ്ങളുടെ അവകാശവാദം തള്ളിക്കളയേണ്ടതുതന്നെയാണ്.

## 4. അത്ഭുതപ്രവർത്തികൾ ആത്മരക്ഷയെ ഉറപ്പുവരുത്തുന്നുണ്ടോ?

തീർച്ചയായും ഇല്ല! ആവർത്തനം 13:1-5, 1 ശമുവേൽ 19:18-24, മത്തായി 7:21-23, മർക്കോസ് 13:22, അപ്പ 19:13, 2 തെസ്സലോനിക്യർ 2:9-11, വെളിപാട് 13:13. രക്ഷിക്കപ്പെടാത്ത ആളുകൾ പോലും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതായും/അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന തോന്നലുളവാക്കുന്നതായും കാണാം.

## 5. ആത്മാവിനാൽ നയിക്കപ്പെടുക എന്നാൽ എന്ത്?

ദൈവഹിതം ഊഹിച്ചെടുക്കാനായുള്ള ഒരു ഉപാധിയല്ല ഇത്, തീർച്ചയായും. നിങ്ങളുടെ തോന്നലുകളെ ന്യായീകരിക്കുന്നതുമല്ല ഇത് (സദൃശവാക്യം 14:12, യിരമ്യ 17:9). ആത്മാവിനാൽ മാംസത്തെ വിജയിക്കുന്നതിനെയാണ് ആത്മാവിനാൽ നയിക്കപ്പെടുകയെന്നതിന്റെ അർത്ഥം (ഗലാത്യർ 5:1-16). കുറുക്കുവഴികളില്ലാത്ത ഒരു പഠനപ്രക്രിയയാണിത് (സങ്കീർത്തനം 143:10, യെഹെസ്കേൽ 36:27). കൂടെകൂടെ പാപത്തിൽ വീഴുന്നയാളുകൾ ആത്മാവിന്റെ വഴിനടത്തലിനു വിധേയരാകേണ്ടതുണ്ട്. (അദ്ധ്യായം 9 നോക്കുക).

## 6. ബൈബിളിലെ അത്ഭുതങ്ങളുടെ പ്രഥമ ലക്ഷ്യം എന്താണ്?

ദൈവവചനം ജനത്തിലേക്കെത്തിക്കുന്നതാണ് അത്ഭുതങ്ങളുടെ പ്രഥമ ലക്ഷ്യം. പുറപ്പാട് 4:5, 1 രാജാക്കന്മാർ 17:24, മർക്കോസ് 16:20, അപ്പ 14:3, എബ്രായർ 2:4 എന്നീ വചനങ്ങൾ നോക്കുക. ബൈബിൾ ചരിത്രത്തിലെ മൂന്നു പ്രധാനനാഴികക്കല്ലുകളുടെ കാലഘട്ടങ്ങളിലാണ് അത്ഭുതങ്ങളുടെ കുത്തൊഴുക്കു നാം കാണുന്നത്: നിയമം നൽകപ്പെട്ട കാലഘട്ടത്തിൽ (മോശ), പ്രവാചകപ്രസ്ഥാനം രൂപമെടുത്ത കാലഘട്ടത്തിൽ (ഏലിയാ), സുവിശേഷപ്രഖ്യാപന കാലഘട്ടത്തിൽ (യേശു). എഴുതപ്പെട്ടവചനത്തെ സ്ഥിരീകരിക്കാനല്ല, പകരം പറയപ്പെട്ട വചനത്തെ (പുതിയ വെളിപാടുകളെ) സ്ഥിരീകരിക്കാനാണ് അത്ഭുതങ്ങൾ.

ബൈബിൾ എഴുതി പൂർത്തിയാക്കി കാനോനാക്കിയതിനാൽ[3] അത്ഭുതങ്ങൾ ഇന്നു നിലവിലില്ല. (പത്തൊൻപതാം അദ്ധ്യായം നോക്കുക).

## 7. ത്രിത്വത്തെക്കുറിച്ച് എന്താണു പറയാനുള്ളത്?


ത്രിത്വമെന്ന വാക്കു ബൈബിളിൽ കാണാത്ത ഒന്നാണ്, മൂന്നും നാലും നൂറ്റാണ്ടുകളിലെ ദൈവശാസ്ത്ര പഠനത്തിൽനിന്നും ഉരുത്തിരിഞ്ഞ ഒരു തത്വമാണിത്. (ആത്മാവിന്റെ സ്ഥാനത്തെക്കുറിച്ചു തലമുറകളോളം പഠനങ്ങൾ നടത്തിയാണ് ആദ്യകാലങ്ങളിലെ ക്രിസ്ത്യാനികൾ ഈ തത്വം രൂപപ്പെടുത്തിയെടുത്തത്). പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ള ബന്ധം വിശദീകരിക്കുന്നത് വെല്ലുവിളി ഉയർത്തുന്ന ഒരു കാര്യമാണ്. തങ്ങൾക്ക് അപ്രാപ്യനായ അവസാനമില്ലാത്തവനായ ദൈവത്തിന്റെ പ്രകൃതിയെക്കുറിച്ചു മനസ്സിലാക്കാൻ പറ്റാത്ത ചിലർ ത്രിത്വമെന്ന ആശയത്തെ ശക്തമായ വാക്കുകളാൽ തള്ളിക്കളയുന്നു. ദൈവത്തിന്റെ പ്രകൃതിയെക്കുറിച്ച് മനുഷ്യൻ ഇതുവരെ എത്തിച്ചേരാത്ത ഒരു വിശദീകരണം നൽകാൻ ഈ തത്വത്തിനു കഴിയുന്നു.

പുതിയനിയമത്തിൽ പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും ഒരുമിച്ചു പരാമർശിച്ചിരിക്കുന്നത് നാം പതിവായി കാണുന്നു (2 കൊരിന്ത്യർ 13:14, മത്തായി 28:19, യോഹന്നാൻ 14:17-23). ത്രിത്വത്തിലെ മൂന്നുപേരും ദൈവമാണെന്നുള്ളതിനു തെറ്റുപറ്റാത്തരീതിയിലുള്ള തെളിവുകൾ വചനത്തിലുണ്ട്. മൂന്നുപേരും ദൈവമാണ്, എന്നാൽ ഇതിൽ ഒരാൾ മറ്റൊരാളല്ല. പിതാവ് ദൈവമാണ്, യേശു ദൈവമാണ്, എന്നാൽ പിതാവ് യേശുവാണ് എന്നു പറയാനാവില്ല.

വെള്ളത്തിന്റെ മൂന്നു രൂപങ്ങൾ ഞാൻ സാധാരണയായി ഉപയോഗിക്കുന്ന ഒരു ഉദാഹരണമാണ്. മഞ്ഞും (ഐസ്) നീരാവിയും വെള്ളത്തിന്റെ വിവിധ രൂപങ്ങളാണ്, എന്നിരുന്നാലും മഞ്ഞ് വെള്ളമല്ല, എന്ന പോലെ. ഞാൻ കേട്ടിട്ടുള്ള മറ്റു താരതമ്യങ്ങളിലൊന്ന് കാലങ്ങളുടെതും (ഭൂതം, വർത്തമാനം, ഭാവി), മുട്ടയുടേതുമാണ് (തോട്, വെള്ളകരു, മഞ്ഞകരു).

ത്രിത്വത്തെ പ്രതിനിധാനം ചെയ്യുന്നതെന്നു പറയുന്ന ഒരു ചിത്രീകരണത്തിനും ത്രിത്വത്തിന്റെ ശരിയായ അന്തസത്തയെ വിശദീകരിക്കാൻ മതിയായതല്ല എന്നാണ് എന്റെ തോന്നൽ. ഓർക്കുക:

ഈ മൂന്നു വ്യക്തികളും മൂന്നു വ്യത്യസ്തവ്യക്തികളല്ല (ഒന്നാം അദ്ധ്യായം നോക്കുക). ഈ ആശയം




മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ളതായി തോന്നുന്നുവെങ്കിൽ ഒട്ടും പരിഭ്രമിക്കേണ്ട! ദൈവശാസ്ത്രപണ്ഢിതർക്കുപോലും ത്രിത്വത്തിനുതകുന്ന വിശദീകരണങ്ങൾ വാക്കുകളിലാക്കാൻ നൂറ്റാണ്ടുകളെടുക്കേണ്ടി വന്നെങ്കിൽ പിന്നെ അരമണിക്കൂറുകൊണ്ട് നമുക്കതു മനസ്സിലാക്കാൻ സാധിച്ചില്ലെങ്കിൽ അതിലൊട്ടും ആധികൊള്ളേണ്ടതില്ല.

## 8. നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെ നമുക്ക് അനുഭവിച്ചറിയുവാൻ കഴിയുമോ?

ആത്മീയമായി മികച്ച ദിനങ്ങളായി നമുക്കുതോന്നുന്ന ചിലദിവസങ്ങളില്ലേ, മറ്റു ദിവസങ്ങളെ താരതമ്യം ചെയ്തു നോക്കുമ്പോൾ? നമ്മിലുള്ള ആത്മാവിന്റെ പ്രവർത്തനമല്ലാ അതെന്ന് നമുക്ക് പറയാൻ കഴിയുമോ? (എഫേസ്യർ 3:16). ദൈവാത്മാവിനെയോ, ആത്മാവിന്റെ പ്രവർത്തനത്തേയോ നമുക്ക് അനുഭവഭേദ്യമാകാൻ കഴിയുകയില്ലെന്നു പറയുന്നത്, അന്ധവിശ്വാസജഢിലമായ ചിന്താഗതികൾക്കെതിരെയുള്ള ഒരു കടന്ന പ്രതികരണമായിപ്പോകും. ഊഷ്മളമായ വഴുതിപ്പോകുന്ന ഒരു വികാരാനുഭവത്തെ പിന്താങ്ങുന്ന ഒരു ആശയമല്ല ഇത്. പകരം, ആത്മീയമായ ശക്തിയോ ബലഹീനതയോ അനുദിനം നമ്മിൽ അനുഭവഭേദ്യമാകുന്നതിനെക്കുറിച്ചുള്ള ഒരു വിശദീകരണമാണിത് (സങ്കീർത്തനം 32, 38 എന്നീ അദ്ധ്യായങ്ങൾ സങ്കീർത്തനം 18:28-50 വചനവുമായി താരതമ്യം ചെയ്യുക). എന്നിരുന്നാലും, നമ്മുടെ വികാരങ്ങളിലൂടെ/തോന്നലുകളിലൂടെ ആത്മാവു നമുക്കു വ്യക്തിപരമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നു എന്നവാദത്തിന് യാതൊരു വചനാടിസ്ഥാനവുമില്ല.

## 9. ആത്മാവിനെ നമുക്കു നഷ്ടപ്പെടുത്താൻ കഴിയുമോ?

നമ്മിലെ വിശ്വാസം നഷ്ടമായാൽ നമ്മിലെ നിക്ഷേപത്തെ (2 കൊരിന്ത്യർ 1:22, 5:5) പിൻവലിക്കുമെന്നു സൂചനനൽകുന്ന ഒരു വചനവും തിരുവെഴുത്തുകളിലില്ല. ആത്മാവിനെ ദുഃഖിപ്പിക്കുന്ന ഒരു അവസ്ഥയിൽ നമുക്കാകാൻ സാധിക്കും (എഫേസ്യർ 4:30), ആത്മാവിന്റെ അഗ്നി നമ്മിൽ കെടുത്താനും കഴിയും (1 തെസ്സലോനിക്യർ 5:19), എന്നാലും ആത്മാവിനെ വീണ്ടും സ്വീകരിക്കേണ്ട അവസ്ഥ വരുന്നില്ല. തിന്മനിറഞ്ഞ ശിമയോന്റെ ഹൃദയത്തെ പ്രതി മാനസാന്തരപ്പെടുവാനാണ് കല്പിക്കപ്പെട്ടത്, രണ്ടാമതൊരു സ്നാനത്തെക്കുറിച്ചു ചിന്തിക്കാനല്ല - പാപപ്പൊറുതിക്കായി ദൈവത്തോടു യാചിക്കാനും (അപ്പ 8:22).

## 10. നമ്മുടെ ആത്മാവിനു പുഃനർജന്മമുണ്ടോ?

ഈ ചോദ്യത്തിനുമതിയായ ഉത്തരം ലഭിക്കാൻ ഏബ്രായർ 9:27 മാത്രം മതി. ഇയോബ് 7:9-10 വചനവും നോക്കുക.

എഡ്ഗാർ കേയ്സ് തുടങ്ങിയ ചില ആളുകൾ, ഏലിയാവുമായി സ്നാപകയോഹന്നാനു തുലനം കൽപ്പിക്കുന്നതിലൂടെ യേശു പുഃനർജന്മത്തെ അനുകൂലിക്കുന്നുവെന്നു വാദിക്കുന്നുണ്ട്. താൻ ഏലിയാവല്ല എന്നാണ് യോഹന്നാൻ പറയുന്നത് (യോഹന്നാൻ 1), ഏലിയാവിന്റെ ആത്മാവിൽ വന്ന ഒരുവനെന്നാണ് യോഹന്നാനെക്കുറിച്ചു സൂചിപ്പിക്കുന്നത് (ലൂക്കോസ് 1). മറ്റു വാക്കുകളിൽ പറഞ്ഞാൽ ആത്മീയതയിൽ യോഹന്നാൻ ഏലിയാവിനെപ്പോലെയാണ്. യോഹന്നാൻ ഏലിയാവായിരുന്നെങ്കിൽ രൂപാന്തരസമയത്ത് യേശു എപ്രകാരം ഏലിയാവിനെ കാണും? പുനർജന്മത്തെക്കുറിച്ചു യാതൊരു സൂചനയും വചനത്തിൽ ഇല്ല. ഈ ലോകത്തിൽ ജീവിച്ചിരുന്ന സകല ആത്മാക്കളെയും പുനർജനിപ്പിക്കുന്നതിന്റെ കുഴപ്പിക്കുന്ന കണക്കുകളിലേക്കു ഞാൻ കടക്കുന്നുമില്ല.

## 11. അകമേയുള്ള വാസം എന്താണ്?

ആത്മാവു നമ്മുടെ ഹൃദയത്തിൽ വസിക്കുന്നു എന്നു ചൂണ്ടിക്കാണിക്കുന്ന അനേകം വചനങ്ങൾ ബൈബിളിലുണ്ട് (റോമർ 8:9, 1 കൊരിന്ത്യർ 9:19, 2 തിമോത്തി 1:14). സ്നാനസമയത്തു നമുക്കു ദാനമായി ലഭിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവം നമ്മിൽ വസിക്കുന്നു (അപ്പ 2:38-39). നമ്മുടെ ഹൃയത്തിലുള്ള ആത്മാവിന്റെ ഈ വാസത്തെയാണ് അകമേയുള്ള വാസമെന്ന വാക്കുകൊണ്ടു സൂചിപ്പിക്കുന്നത്, കാരണം ആത്മാവു നമ്മിൽ വസിക്കുന്നു.

## 12. വചനങ്ങളിൽക്കൂടി മാത്രമാണോ ആത്മാവു നമ്മിൽ വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത്?

വചനത്തിൽകൂടിമാത്രമാണ് ആത്മാവു നമ്മിൽ പ്രവർത്തിക്കുന്നതെന്നു സമർത്ഥിക്കുന്ന ചില കൂട്ടരുണ്ട്, ആത്മാവു നമ്മിൽ വ്യക്തിപരമായി വസിക്കുന്നില്ല എന്നും അവർ പറയുന്നു.

ദൈവവചനവും ആത്മാവും തമ്മിൽ വാക്കുകൾക്ക് വിശദീകരിക്കാനാവാത്ത ഒരു ബന്ധം നിലനിൽക്കുന്നുണ്ട് എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ആത്മാവിനു കരേറ്റുന്ന പലകാര്യങ്ങളും വചനത്തിനും കരേറ്റപ്പെടുന്നുണ്ട്:

വചനം നമ്മെ ജീവിപ്പിക്കുന്നു (സംരക്ഷിക്കുന്നു) - സങ്കീർത്തനം 119:50
വചനം നമ്മെ ശക്തീകരിക്കുന്നു - സങ്കീർത്തനം 119:28)
വചനം നമ്മെ പവിത്രീകരിക്കുന്നു - യോഹന്നാൻ 17:17
വചനം നമുക്കു ജ്ഞാനം നൽകുന്നു - 2 തിമോത്തി 3:14-15
വചനം നമ്മെ ബോധവൽക്കരിക്കുന്നു - സങ്കീ 119:130
ദൈവത്തിന്റെ പ്രകൃതിയിൽ ഭാഗഭാക്കാകാൻ വചനം നമ്മെ അനുവദിക്കുന്നു - 2 പത്രോസ് 1:4

എന്നാൽ ആത്മാവു വചനത്തിലൂടെ (ആത്മാവിന്റെ വചനത്തിലൂടെയോ - എഫേസ്യർ 6:17) മാത്രമാണു പ്രവർത്തിക്കുന്നതെന്നു അനുമാനിക്കാനുള്ള സാഹചര്യങ്ങൾ നിലവിലില്ല. അങ്ങനെയായിരുന്നെങ്കിൽ അപ്പ 2:38ൽ പരിശുദ്ധാത്മാവിനെ നൽകുമെന്നു പറയുന്നിടത്ത് ദൈവവചനത്തെ തരുമെന്നു തിരുത്തിയെഴുതേണ്ടി വരുമായിരുന്നു. അപ്പ 2ൽ പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്ന അനേകം വചനങ്ങളുണ്ട് (വാ 17, 33, 38, 39). മാത്രമല്ല, അപ്പ 5:32, 1 യോഹന്നാൻ 3:24,യോഹന്നാൻ 14:16-23 മുതലായ വചനങ്ങൾ സൂചിപ്പിക്കുന്നത്, ദൈവത്തിന്റെ പ്രതിനിധിയെയല്ല, ദൈവത്തിന്റെ സാന്നിദ്ധ്യം തന്നെയാണ് നമുക്കു നൽകിയിരിക്കുന്നത് എന്നാണ്.

വചനത്തിലൂടെയാണ് ആത്മാവു നമ്മിൽ പ്രവർത്തിക്കുന്നതെന്നു പറയുന്നത് കൃത്യമായ ഒരു പ്രസ്ഥാവനയാണ്. ദൈവവചനത്തിനു നാം കീഴടങ്ങുന്ന അതേ അളവിൽ പരിശുദ്ധാത്മാവു നമ്മിൽ പ്രവർത്തിക്കുന്നു എന്നു പറയുന്നതും കൃത്യമാണ്. ദൈവവചനത്തിലൂടെ പരിശുദ്ധാത്മാവു വെളിപ്പെടുത്തുന്നവ മാത്രമേ നമുക്കു ആത്മാവിനെക്കുറിച്ചും മനസ്സിലാക്കാൻ കഴിയൂ എന്നതു സത്യമായതാണെങ്കിലും, ആത്മാവു നമ്മിൽ വസിക്കുന്നത് എപ്രകാരമാണ് എന്നതിന് ഇതുമായി ബന്ധമില്ല.

## 13. തുറന്ന ഒരു വാതിലിനുവേണ്ടി ദൈവത്തോടു യാചിക്കുന്നതിൽ തെറ്റുണ്ടോ?

ഒരു കുറിയിടുന്നതിനു തുല്യമായ ഒരു കാര്യമല്ല തീർച്ചയായുമിത്. തുറന്നവാതിൽ കണ്ടെത്താനായി കുറിയിടുന്നതിലാണ് (അടയാളങ്ങൾ തേടുന്നതിലാണ്) നമുക്കു തെറ്റുപറ്റുന്നത്. തുറന്ന ഒരു വാതിലിനായി ദൈവത്തോടു യാചിക്കുന്നതിൽ ഒരു തെറ്റുമില്ല (കൊലോസ്യർ 4:3).

## 14. പഴയനിയമപ്രവചനങ്ങളെക്കുറിച്ച് എന്തു പറയുന്നു?

സാധാരണയായി ദർശനങ്ങളെ അടിസ്ഥാനപ്പെടുത്തി ചെയ്യന്ന പ്രസംഗമാണ് പഴയനിയമപ്രവചനങ്ങൾ. ഈ അനുമാനത്തിനു വ്യത്യസ്തത മോശയുടെ കാര്യത്തിൽ മാത്രമാണ്. സംഖ്യ 12:6-8 നോക്കുക:

> ...നിങ്ങളുടെ ഇടയിൽ ഒരു പ്രവാചകൻ ഉണ്ടെങ്കിൽ യഹോവയായ ഞാൻ അവനു ദർശനത്തിൽ എന്നെ വെളിപ്പെടുത്തുകയും സ്വപ്നത്തിൽ അവനോട് അരുളിച്ചെയ്യുകയും ചെയ്യും. എന്റെ ദാസനായ മോശെയോ അങ്ങനെയല്ല; അവൻ എന്റെ ഗൃഹത്തിനൊക്കെയും വിശ്വസ്തനാകുന്നു. ഞാൻ അവനോട് അരുളിച്ചെയ്യുന്നതു മറപൊരുളായിട്ടല്ല, അഭിമുഖമായും സ്പഷ്ടമായുമത്രേ; അവൻ യഹോവയുടെ രൂപം കാണും. അങ്ങനെയിരിക്കെ നിങ്ങൾ എന്റെ ദാസനായ മോശെയ്ക്കെതിരായി സംസാരിക്കുവാൻ ഭയപ്പെടാതിരിക്കുന്നത് എന്ത്? (സംഖ്യ 12:6-8).

ഒരു പ്രവാചകന് ദൈവത്തിൽ നിന്നും ഒരു ദർശനമുണ്ടാകും (ഹോശേയ 12:10, യോവേൽ 2:28, മീഖാ 3:6), മിക്കവാറും അവർ ഉറങ്ങുന്ന സമയത്തായിരിക്കുമത് (ആവർത്തനം 13:1, 1 ശമുവേൽ 3:1, 16, 1 രാജാക്കന്മാർ 3:5–15, 1 ദിനവൃത്താന്തം 17:3, ദുർഗ്രഹമായ യിരമ്യ 31:26). ആ ദർശനത്തെ അടിസ്ഥാനപ്പെടുത്തി പ്രവാചകൻ ജനങ്ങൾ മാറ്റം വരുത്തേണ്ട സംഗതികളെക്കുറിച്ചും പ്രസംഗിക്കും. പ്രസംഗിക്കുന്നതിനു മുമ്പ് താൻ കണ്ട ദർശനത്തെക്കുറിച്ചു ധ്യാനിക്കാനുള്ള ഒരു സമയം പ്രവാചകനുണ്ട്. അതിനുശേഷം താൻ എന്തു പ്രവചിക്കാൻ പോകുന്നു എന്നുതീരുമാനിക്കുന്നതിനുള്ള പൂർണ്ണാധികാരവും പ്രവാചകനുണ്ട് (1 കൊരിന്ത്യർ 14:32).

എന്നാൽ ദൈവം മോശയോട് ദർശനങ്ങളിലൂടെയല്ലാതെ മുഖത്തോടുമുഖം[4] സംസാരിക്കയാൽ മോശ വ്യത്യസ്തനായിരുന്നു. ഇനി നമ്മുടെ ശ്രദ്ധ പുറപ്പാട് 7:1 ലേക്കു തിരിക്കാം:

> യഹോവ മോശെയോട് അരുളിച്ചെയ്തത്: ഇതാ, ഞാൻ നിന്നെ ഫറവോന് ദൈവമാക്കിയിരിക്കുന്നു; നിന്റെ സഹോദരനായ അഹരോൻ നിനക്കു പ്രവാചകനുമായിരിക്കും (പുറപ്പാട് 7:1).

മോശ ദൈവംപോലെയും അഹരോൻ മോശയുടെ പ്രവാചകൻ പോലെയുമായിരിക്കുമെന്നു ഇവിടെ പറയുന്നു. മറ്റുവാക്കുകളിൽ പറഞ്ഞാൽ, മോശയുടെ സന്ദേശം ഫറവോനിലേക്കെത്തിക്കാനുള്ള ഒരു ഉപാധിയാണ് അഹരോൻ. മനുഷ്യരിലൂടെ ദൈവം മനുഷ്യരോടു സംസാരിക്കുന്നതാണു പ്രവചനം എന്നു പറയുന്നതിൽ തെറ്റില്ല.

പ്രവചനത്തിന് മുൻകൂട്ടി കാര്യങ്ങൾ പറയുന്ന ഒരു ഘടകവുമുണ്ട്. പല മതനേതാക്കന്മാരേയും അവർ മുൻകൂട്ടി പറഞ്ഞ കാര്യങ്ങളാലാണ് അറിയപ്പെടുന്നതുതന്നെ, അവയിൽ പലതും മനസ്സിലാക്കിയെടുക്കാൻ പറ്റാത്തവിധത്തിൽ അവ്യക്തവും നിറവേറാത്തവിധത്തിൽ തെറ്റായതുമാണെന്നുള്ളതാണു വാസ്തവം. (മാങ്ങ എറിയുന്നതുപോലെ അവയിൽ ചിലത് കുറിക്കു കൊള്ളാൻ സാദ്ധ്യതയുണ്ട്). പ്രവചനം ശരിയാവാതെവരുന്ന പ്രവാചകരെ കല്ലെറിഞ്ഞുകൊല്ലുക എന്നതായിരുന്നു പഴയനിയമ രീതി (ആവർത്തനം 18:20–22). വ്യാജപ്രവചനങ്ങളെ അത്രമാത്രം കാര്യഗൗരവത്തോടെയാണ് ദൈവം പരിഗണിച്ചിരുന്നത്. എന്നിരുന്നാലും, ബൈബിളിനെ സംബന്ധിച്ച് പ്രവചനമെന്നത് കൂടുതലും വചനപ്രഘോഷണമെന്ന അർത്ഥത്തിലാണ് കണ്ടുവരുന്നത് - ഭാവിപ്രവചനമെന്നതിനേക്കാളുപരി. എസ്രാ 6:14 ഇക്കാര്യം വ്യക്തമാക്കുന്നു:

> ഹഗ്ഗായി പ്രവാചകന്റെയും ഇദ്ദോവിന്റെ മകനായ സെഖര്യാവിന്റെയും പ്രവചനങ്ങളാൽ യെഹൂദാമൂഷന്മാർ പണിയുകയും പണി പുരോഗമിക്കുകയും ചെയ്തു... (എസ്രാ 6:14).

ബിസി 520 കാലഘട്ടത്തിൽ സഹപ്രവർത്തകരായിരുന്ന പ്രവാചകരായിരുന്നു ഹഗ്ഗായിയും സഖരിയാവും. അതിന്റെ അർത്ഥം അവർ പ്രാസംഗികരുമായിരുന്നെന്നാണ്. ജനങ്ങൾ കേൾക്കേണ്ട കാര്യങ്ങൾ പരിഗണിച്ച് അവർ പ്രസംഗിച്ചു പോന്നു. അവരുടെ സമകാലീനരെ ഉദ്ദേശിച്ചാണ് അവർ കൂടുതലും പ്രസംഗിച്ചത്, ഭാവിതലമുറയ്ക്കായി എഴുതിവയ്ക്കുന്നതിനേക്കാൾ കൂടുതലായി. ആമോസ് 7:15–16 വാക്യങ്ങളും ഇത്തരുണത്തിൽ പരാമർശയോഗ്യമാണ്:

> ഞാൻ ആടുകളെ മോയിച്ചുകൊണ്ടിരിക്കുമ്പോൾ യഹോവ എന്നെ പിടിച്ചു: നീ ചെന്ന് എന്റെ ജനമായ യിസ്രായേലിനോടു പ്രവചിക്കുക എന്ന് യഹോവ എന്നോടു കല്പിച്ചു എന്ന് ഉത്തരം പറഞ്ഞു. ആകയാൽ നീ യോഹോവയുടെ വചനം കേൾക്കുക: യിസ്രായേലിനെക്കുറിച്ചു പ്രവചിക്കരുത്; യിസ്ഹാക്ക് ഗൃഹത്തിൻ നിന്റെ വചനം പൊഴിക്കരുത് എന്ന് നീ പറയുന്നുവല്ലോ (ആമോസ് 7:15-16).

പ്രവചനവും പ്രസംഗവും പരസ്പരം പര്യായപദമായി ഉപയോഗിക്കാവുന്നവയാണ്. പ്രവചനപരമായ സന്ദേശങ്ങൾ എല്ലായ്പോഴും വെല്ലുവിളിയുയർത്തുന്നവയാണ്. ഇന്നുചിലസഭകളിൽ കേട്ടുവരുന്ന എങ്ങും തൊടാത്ത ചില പ്രവചനങ്ങളെക്കുറിച്ച് എന്തു പറയാനാണ്?

പഴയനിയമതിരുവെഴുത്തുകളെ മുഴുവനായും പ്രവചനം എന്നവാക്കിനാലാണ് യേശു പരാമർശിക്കുന്നത് (മത്തായി 11:13). പഴയനിയമത്തിലെ വംശാവലികളും മറ്റു തിരുവെഴുത്തുകളും ഇക്കൂട്ടത്തിൽ പെടുന്നു എന്നുള്ളത് യാഥാർത്ഥ്യമാണ്. എന്നാൽ കാതലായ അംശമിതാണ്: പഴയനിയമ പ്രവചനമെന്നത് ദൈവം നൽകുന്ന ദർശനങ്ങൾക്കടിസ്ഥാനമാക്കി ചെയ്യുന്ന പ്രസംഗമാണ്.

## 15. കൈവയ്പ് എന്നാൽ എന്താണ്?

രോഗസൗഖ്യത്തിനോ പരിശുദ്ധാത്മാഭിഷേകത്തിനോ വേണ്ടിയൊക്കെ ചെയ്യുന്ന ഒരു കാര്യമായിട്ടാണ് നവപെന്തക്കോസ്തു വൃത്തങ്ങളിൽ കൈവയ്പിനെ കണ്ടുവരുന്നത്. പഴയനിയമ പശ്ചാത്തലം നമുക്കൊന്നു പരിശോധിക്കാം:

1. ഉൽപത്തി 48:14 (അനുഗ്രഹിക്കുന്നതിനായി)
2. ലേവ്യർ 1:4 (ബലിയർപ്പണസമയത്ത്)
3. ലേവ്യർ 14:18 (പ്രായശ്ചിത്തം ചെയ്യുന്ന സമയത്ത്)
4. സംഖ്യ 8:10 (അവരോധിക്കുന്ന സമയങ്ങളിൽ)
5. സംഖ്യ 27:18/ആവർത്തനം 34:9 (നിയമിക്കുന്ന സമയങ്ങളിൽ)
6. 2 രാജാക്കന്മാർ 4:34 (രോഗസൗഖ്യം നൽകുന്ന സമയങ്ങളിൽ)

രണ്ടും മൂന്നും സാഹചര്യങ്ങളൊഴികെ ബാക്കിയെല്ലാം പുതിയനിയമത്തിൽ നമുക്കു കാണാം (മത്തായി 19:15, അപ്പ 13:3, മർക്കോസ് 16:18). അപ്പസ്തോലന്മാരുടെ കൈവയ്പിനാൽ വിശേഷാൽ വരങ്ങൾ പകർന്നുകൊടുക്കുന്നതിനുള്ള കയ്വയ്പും ഏഴാമതായി ചേർക്കാം.

7. അപ്പ 8:18 (അപ്പസ്തോലന്മാരുടെ കൈവയ്പ്)

## 16. പരിശുദ്ധാത്മാവ് അകമേ വസിക്കുന്നതിനെക്കുറിച്ച്?

ദൈവം നമ്മിൽ വസിക്കുന്നതിനെക്കുറിച്ചാണ് ഇതു സൂചിപ്പിക്കുന്നത് (യോഹന്നാൻ 14:16-18). പുതിയനിയമത്തിനു കീഴടങ്ങുമ്പോഴാണ് ഇതു നിറവേറുന്നത് (യോഹന്നാൻ 7:39). ചിലയാളുകളിൽ ആത്മാവ് ബാഹ്യമായി വ്യാപരിക്കുന്നതു നാം പഴയനിയമത്തിൽ കാണുന്നു (ഉദാ ന്യായാധിപർ 3:10). എന്നാൽ വിശ്വാസികളുടെ ഉള്ളിൽ വസിക്കാനായി ആത്മാവിനെ അക്കാലത്തു നൽകപ്പെട്ടിട്ടുണ്ടായിരുന്നില്ല. നാം സ്നാനം സ്വീകരിക്കുമ്പോഴാണ് ആത്മാവിന്റെ അകമേയുള്ള വാസം നമ്മിൽ സാദ്ധ്യമാകുന്നത് (അപ്പ 2:38). ഈ ആത്മാവിനാൽ നാം ക്രിസ്തുവിനു സ്വന്തമായി തീരുന്നു (റോമർ 8:9). മറ്റുപലവചനങ്ങളും ആത്മാവു നമ്മിൽ വസിക്കുന്നതിനു സാക്ഷ്യം നൽകുന്നു (1 കൊരിന്ത്യർ 6:19, 2 തിമോത്തി 1:14).

## 17. അത്ഭുതങ്ങൾക്ക് ഇന്നു പ്രസക്തിയുണ്ടോ?

അത്ഭുതങ്ങൾക്ക് ഇന്നു പ്രസക്തിയില്ല. ഇക്കാര്യം വളരെ വ്യക്തമാക്കുന്ന വചനങ്ങളാണ് ലൂക്കോസ് 16:19-31, യോഹന്നാൻ 20:30-31. എന്നിരുന്നാലും ഇക്കാലത്ത് അത്ഭുതങ്ങൾ പ്രവർത്തിക്കാൻ ദൈവത്തിനു കഴിയുകയില്ല എന്ന് ഈ വചനങ്ങൾ സൂചിപ്പിക്കുന്നേയില്ല, തീർച്ചയായും ഇന്നും ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനാണ് (സങ്കീർത്തനം 115:3). അത്ഭുതകരമായി പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നവനുമാണ്. യേശു ചെയ്ത അത്ഭുതങ്ങളെക്കുറിച്ചു വായിക്കാനും (യോഹന്നാൻ 20:30-31), അതു വഴി വിശ്വാസത്തിൽ നിറയാനും നമുക്കു കഴിയും, പ്രത്യേകിച്ച് എറ്റവും ശ്രേഷ്ഠമായ അത്ഭുതമായ പുനരുത്ഥാനത്തെക്കുറിച്ച് (ലൂക്കോസ് 16:19-31).[5]

## 18. നാവുകൾ എന്നാൽ എന്താണ്?

അത്ഭുതകരമായി നേടിയെടുത്ത ഭാഷകളാണ് നാവുകൾ (അപ്പ 2:3-12, 1 കൊരിന്ത്യർ 14:10). പഴയകാലത്തെ ഇംഗ്ലീഷു ഭാഷയിൽ ഭാഷ എന്ന വാക്കിന് ഉപയോഗിച്ചിരുന്ന വാക്കാണ് നാവ് എന്നത്, കെജെവി[6] ബൈബിളിൽ നാമിതു കാണുന്നു. മനുഷ്യസ്ഥാപിതമായ പല മതങ്ങളിലും ആഗോളമായി കണ്ടുവരുന്ന ഭാഷാജൽപനങ്ങളാണ് അന്യഭാഷ അല്ലങ്കിൽ നാവ് എന്ന രീതിയിൽ ഇന്നു നാം കാണുന്നത്. പുതിയ നിയമ സഭകളിലെ ചട്ടമനുസരിച്ച്, സഭായോഗത്തിൽ അന്യഭാഷസംസാരിക്കുന്നത് അതിന്റെ തർജ്ജമയോടുകൂടെയായിരിക്കണം. വിലയിൽ ഏറ്റവും കുറവുള്ള ഭാഷാവരത്തെ ഉന്നതമൂല്യമുള്ളരീതിയിൽ ഉയർത്തിപ്പിടിക്കുന്ന രീതിയായിരുന്നു ആശയക്കുഴപ്പങ്ങൾ നിറഞ്ഞ കൊരിന്തു സഭ പ്രായോഗികമാക്കിയത് (1 കൊരിന്ത്യർ 12:30-31). മാലാഖമാരുടെ ഭാഷയിൽ നമുക്കു സംസാരിക്കാൻ കഴിയുമെന്നും, മലകളെ മാറ്റിസ്ഥാപിക്കാൻ കഴിയുമെന്നും, സകലജ്ഞാനവും നേടാൻ കഴിയുമെന്നും ബൈബിളിൽ എങ്ങും പറഞ്ഞിട്ടില്ല (1 കൊരിന്ത്യർ 13:1). ഈ വാക്യത്തിന്റെ ചുവടുപിടിച്ച് മാലാഖമാർക്ക് ഭാഷയുണ്ടെന്നു സ്ഥാപിക്കുന്നത്, ഓബദ്യാവ് നാലാം അദ്ധ്യായത്തിന്റെ ചുവടുപിടിച്ച് നക്ഷത്രങ്ങളിൽ ചിലർ കൂടുകൂട്ടും എന്നു സ്ഥാപിക്കുന്നതിനു തുല്യമാണ്. അഥവാ അങ്ങനെ ചെയ്താൽ പോലും സ്നേഹമില്ലെങ്കിൽ അതൊന്നും കൊണ്ടു യാതൊരു കാര്യവുമില്ല.

## 19. ആത്മാവിനെ കെടുത്തിക്കളയുക എന്നാൽ എന്താണ്?

പ്രവചനസന്ദേശങ്ങളെ അവഗണിക്കുന്നതിനെസംബന്ധിച്ചാണ് ഈ വചനം സംസാരിക്കുന്നത് (1 തെസ്സലോനിക്യർ 5:19 കെജെവി). ആ വചനത്തിന്റെ പശ്ചാത്തലത്തിൽ നിന്നും (വാ 19-23) നമുക്കു മനസ്സിലാക്കാൻ കഴിയുന്നത്, വചനത്തിനു മാന്യതകൽപ്പിക്കാനും സന്ദേശങ്ങളെ വിലയിരുത്തി അയിരിൽ നിന്നും തങ്കം വേർപെടുത്തിയെടുക്കാനും വേണ്ടിയാണ്.

## 20. അത്ഭുതകരമായ ആത്മവരങ്ങൾ ലഭ്യമായത് എങ്ങനെ?

പ്രധാനമായും അപ്പസ്തോലന്മാരുടെ കൈവയ്പ്പുവഴിയാണ് (അപ്പ 6:6, 6:8, 8:6, 8:14, റോമർ 1:11, 1 കൊരിന്ത്യർ 1:7, 2 തിമോത്തി 1:6). ആദ്യകാലത്തെ സഭയിൽ നടന്ന അത്ഭുതങ്ങൾ മുഴുവനും

അപ്പസ്തോലന്മാരാലോ അല്ലെങ്കിൽ അവരുടെ സാന്നിദ്ധ്യത്താലോ ആണു നടക്കുന്നതെന്നു നമുക്കു കാണാം (അപ്പ 2:43). അത്ഭുതങ്ങൾ എണ്ണത്തിൽ കുറയുന്നതും അതു നിലച്ചു പോകുന്നതും സഭാ ചരിത്രത്തിൽ നമുക്കു കാണാം. പുതിയനിയമം എഴുതപ്പെടുകയും പരക്കെ വ്യാപിപ്പിക്കപ്പെടുകയും ചെയ്ത ആ തലമുറയ്ക്കു ശേഷം അത്ഭുതവരങ്ങൾ നിലച്ചുപോയി.(7)

## 21. നിങ്ങൾ ഇന്നൊരു കരിസ്മാറ്റിക്കാണോ?

കരിസ്മാറ്റിക്കോ എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം സൂചിപ്പിക്കുന്നതനുസരിച്ച് നിങ്ങൾ വരങ്ങളുള്ളവരാണ്, അതിനാൽ കരിസ്മാറ്റിക് ആണ്. ഒന്നാമതായി, പരിശുദ്ധാത്മാവിന്റെ വരങ്ങളിൽ ഭൂരിഭാഗവും ഇന്നു നിലനിൽക്കുന്നു. രണ്ടാമതായി, ദൈവരാജ്യം ശക്തമായി മുന്നേറുന്നതിനാൽ ആത്മാവു ശക്തമായി പ്രവർത്തിക്കുന്നു. വചനം പ്രസംഗിക്കപ്പെടുകയും, ജീവിതങ്ങൾ മാറ്റപ്പെടുകയും, ആത്മാക്കൾ രക്ഷിക്കപ്പെടുകയും, സഭകൾ വളരുകയും, ദരിദ്രർ സംരക്ഷിക്കപ്പെടുകയും ദൈവം മഹത്വപ്പെടുകയും ചെയ്യുന്നത് ദൈവരാജ്യത്തിന്റെ മുന്നേറ്റത്തെയാണ് കാണിക്കുന്നത്.

കുറിപ്പുകൾ:

1. പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ നിലവിലുണ്ടായിരുന്ന ഇംഗ്ലീഷ് ഭാഷയെയാണ് ലിസ്ബെതൻ അല്ലെങ്കിൽ ഷേക്സ്പീരിയൻ ഇംഗ്ലീഷ് എന്നു പറയുന്നത്. ഇതിനെ പഴയ ഇംഗ്ലീഷ് എന്നു വിളിക്കുന്നത് തെറ്റാണ്. ബീവുൾഫ് എന്നു വിളിക്കുന്ന പഴയ ഇംഗ്ലീഷിനെ മാറ്റി പതിനൊന്നാം നൂറ്റാണ്ടിൽ മദ്ധ്യകാല ഇംഗ്ലീഷ് (ചോസർ) നിലവിൽ വന്നു. 1500 കാലഘട്ടമായപ്പോഴത്തേക്ക് ആധുനിക ഇംഗ്ലീഷിലേക്കു വഴിമാറി. കിങ്ങ് ജെയിംസ് പരിഭാഷയിൽ ഒരു പഴമ മണക്കുന്നുണ്ടെങ്കിലും, ആധുനിക ഇംഗ്ലീഷ് എന്ന നിലയ്ക്കുതന്നെയാണ് ഈ പരിഭാഷയെ കണക്കാക്കുന്നത്.
2. താത്പര്യജനകമായ മറ്റൊരുകാര്യം, സുറിയാനിഭാഷയലുള്ള കയ്യെഴുത്തു പ്രതികളിൽ അവൾ എന്നവാക്കാണ് ആത്മാവിനെ സൂചിപ്പിക്കാനായി ഉപയോഗിച്ചിരിക്കുന്നത് എന്നതാണ്.
3. ദൈവത്തിന്റെ ആത്മാവിനെക്കുറിച്ച് പഴയനിയമത്തിൽ വളരെക്കുറച്ചേ വെളിപ്പെടുത്തിയിട്ടുള്ളൂ. കാന്റർബറിയിലെ നൂറാമത്തെ ആർച്ച് ബിഷപ്പായ മൈക്കിൾ റാംസേയുടെ അഭിപ്രായത്തിൽ പഴയനിയമത്തിൽ ആത്മാവ് എന്നത് വ്യക്തമായി നിർവ്വചിക്കാവുന്ന ഒരു സംഗതിയല്ല. താൻ സൃഷ്ടിച്ച ലോകത്തിലും, താൻ പ്രത്യേക ദൗത്യത്തിനായി തിരഞ്ഞെടുക്കപ്പെട്ട ജനതയിലും തന്റെ സജീവമായ സാന്നിദ്ധ്യം കാണിക്കുന്നതിനുവേണ്ടി ഉപയോഗിച്ച ഒരു വിശദീകരണമാണ് ആത്മാവ് എന്നത്.
4. 1 കൊരിന്ത്യർ 13:10 വ്യക്തമാകാൻ ഈ വ്യത്യാസം നമ്മെ സഹായിക്കുന്നു.
5. യേശു ചെയ്തതിനേക്കാൾ വലിയ അത്ഭുതങ്ങൾ അവനെ പിന്തുടരുന്നവനാൽ സാധിക്കുമെന്നു വായിക്കാനുദ്ദേശിച്ചല്ല യോഹന്നാൻ 14:12 എഴുതിയിരിക്കുന്നത്. വെള്ളത്തിൻ മീതേ നടന്നവരേയോ, അന്ധനു കാഴ്ചനൽകിയവരേയോ നാം ഇന്നു കാണുന്നില്ല. വലിയ ദൗത്യത്തിന്റെ പരിധിയിൽ നിന്നുകൊണ്ടാണ് ഈ വാഗ്ദാനം ദൈവം നമുക്കു നൽകിയിരിക്കുന്നത്. യേശുവിനു തന്റെ ജീവിതകാലത്ത് കുറച്ചുപേരെ മാത്രം നേടാനാണു കഴിഞ്ഞത്, എന്നാൽ സഭയിലൂടെ നമുക്ക് ലോകം മുഴുവൻ നേടാൻ കഴിയുമെന്നാണ് ഇവിടത്തെ സൂചന (എഫേസ്യർ 3:20-21).
6. ഇംഗ്ലീഷ് ഭാഷയുടെ വികസനം പ്രധാനമായും മൂന്നു കാലഘട്ടങ്ങളിലായാണ് നടന്നത്: എഡി 1100 വരെ പഴയ ഇംഗ്ലീഷ്, 1100-1400 വരെ മദ്ധ്യകാല ഇംഗ്ലീഷ്, 1400-ഇതുവരെ ആധുനിക ഇംഗ്ലീഷ്. 385 വർഷം പഴക്കമുള്ള ലിസ്ബെതൻ ഇംഗ്ലീഷാണ് (ഷേക്സ്പീയർ ഉപയോഗിച്ചിരിക്കുന്ന ഭാഷ) കെജെവിയിൽ ഉപയോഗിച്ചിരിക്കുന്നത്.
7. അത്ഭുതവരങ്ങളെക്കാളും എണ്ണത്തിൽ വളരെക്കൂടുതലുള്ള അനത്ഭുതവരങ്ങൾ ഇന്നും തുടരുന്നു.

**അദ്ധ്യായം 27**

# നിങ്ങൾ അറിയാൻ ആഗ്രഹിച്ചിരുന്നവ - 2

## പ്രയാസകരമായ വേദഭാഗങ്ങൾ

ആത്മാവിനെ സംബന്ധിച്ച ഏകദേശം ഇരുപതോളം വേദഭാഗങ്ങളുടെ വിശദീകരണം താഴെ കൊടുത്തിരിക്കുന്നു. അദ്ധ്യായം 26ൽ നിന്നുമുള്ളവ്യത്യസ്തതയെന്തെന്നാൽ, ഈ ഭാഗങ്ങൾ കൂടുതൽ സാങ്കേതികമായതാണ് എന്നതാണ്.

### 1. ഉൽപത്തി 1:2 (ദൈവത്തിന്റെ ആത്മാവും പരിശുദ്ധാത്മാവും?)

ദൈവത്തിന്റെ ആത്മാവിനെ ശക്തമായ കാറ്റ് എന്ന വാക്കിനാൽ തർജ്ജമചെയ്തിട്ടുള്ളതായി കാണുന്നു. മറ്റു തർജ്ജമകളുമായി നോക്കുമ്പോൾ ഉൽപത്തി 1:2 വാക്യത്തിൽ ഉപയോഗിച്ചിരിക്കുന്ന ദൈവത്തിന്റെ ആത്മാവ് എന്ന വാക്ക് പരിശുദ്ധാത്മാവ് എന്നു വായിക്കുന്നത് താത്കാലികമായതാണെന്നു കാണുന്നു. റൂഹാ എലോഹിം എന്ന ഈ വാക്കിന് ദൈവത്തിന്റെ ആത്മാവ്, ശക്തനായ ആത്മാവ്, ദൈവശ്വാസം, ശക്തനായ ശ്വാസം, ദൈവത്തിന്റെ കാറ്റ്, ശക്തനായ കാറ്റ് എന്നീ രീതികളിലുള്ള തർജ്ജമകളുണ്ട്.

### 2. 1 ശമുവേൽ 16:23 (ദൈവത്തിൽ നിന്നുള്ള അശുദ്ധാത്മാവ്)

രണ്ടു നിരീക്ഷണങ്ങൾ പ്രധാനമായുമുണ്ട്. ഒന്നാമതായി, ദൈവത്തിൽ നിന്നുമുള്ളത് എന്നു പേരിട്ടിരിക്കുന്ന എല്ലാറ്റിന്റെയും ഉത്തരവാദി ദൈവമാകണമെന്നില്ല. പലകാര്യങ്ങളും സംഭവിക്കാൻ ദൈവം അനുവദിക്കുന്നുണ്ട്, അതു ദൈവത്തിന്റെ പരമാധികാരപരിധിയിൽ വരുന്നതായതുകൊണ്ട്. അതിനാൽ ദൈവത്തിൽ നിന്നുമെന്ന വാക്ക് ഇവിടെ പ്രസക്തമാണ്, കാരണം ശൗലിന്റെ അനുസരണക്കേടുകൊണ്ടാണ് ദൈവം അശുദ്ധാത്മാവിനെ പ്രവർത്തിക്കാൻ അനുവദിച്ചത്.

രണ്ടാമതായി, പഴയനിയമത്തിൽ സാത്താനെക്കുറിച്ചു പരാമർശിക്കുന്നത് വളരെക്കുറച്ചുമാത്രമാണ്. പേർഷ്യകാലഘട്ടത്തിനുമുമ്പ് ഇയോബിലും ഉൽപത്തി മൂന്നിലും മാത്രമാണ് സാത്താനെക്കുറിച്ചു സൂചിപ്പിക്കുന്നത്. ഉൽപത്തി മൂന്നിലെ സർപ്പത്തെ സാത്താനായി ചിത്രീകരിക്കുന്നത് വെളിപാട് പുസ്തകത്തിലാണ് (12:9). പേർഷ്യക്കാരുടെ അധിനിവേശകാലത്താണ് (ബിസി 539-333) 1 ദിനവൃത്താന്തം, സെഖരിയാവ്, മുതലായ പുസ്തകങ്ങൾ എഴുതപ്പെടുന്നത്. അതിനുമുമ്പ് സാത്താനെക്കുറിച്ചുള്ള വെളിപ്പെടുത്തലുകൾ നാം കാണുന്നില്ല. ദാവീദ് ജനത്തിന്റെ കണക്കെടുപ്പ് നടത്താനുള്ള കാരണം ദൈവ ക്രോധമായി ശമുവേൽ രേഖപ്പെടുത്തുമ്പോൾ (2 ശമുവേൽ 24:1), പിന്നീട് എഴുതിയ 1 ദിനവൃത്താന്തത്തിൽ അതിനു കാരണക്കാരനായി എഴുതിയിരിക്കുന്നത് സാത്താനെയാണ് (1 ദിനവൃത്താന്തം 21:1). ഇതു രണ്ടും ശരിയായതാണ്, കാരണം, ശമുവേൽ പുസ്തകത്തിൽ ദൈവം പരോക്ഷമായി കാരണക്കാരനും, ദിനവൃത്താന്തത്തിൽ സാത്താൻ പ്രത്യക്ഷമായി കാരണക്കാരനുമാണ്. ചുരുക്കി പറയുമ്പോൾ, ശൗലിലേക്കു വന്ന അശുദ്ധാത്മാവ് ദൈവം അനുവദിച്ചതുകൊണ്ടു വന്നതാണ്, എന്നാൽ ദൈവം അതിനെ അവന്റെ സന്നിധിയിൽ നിന്നും നേരിട്ട് അയച്ചതല്ല. തിന്മനിറഞ്ഞവനായി ദൈവം സാത്താനെ സൃഷ്ടിച്ചു എന്നു പറയുന്നതിനു തുല്യമായ ഒരു ചിന്തയാണിത്.

### 3. 2 ദിനവൃത്താന്തം 16:12 (വൈദ്യനിൽ ആശ്രയിക്കുന്നതിനെക്കുറിച്ച്)

യുദാദേശത്തെ രാജാവായ ആസാ, തന്റെ ജീവിതത്തിന്റെ അവസാനകാലഘട്ടത്തിൽ വിശ്വാസത്തിൽ നിന്നും ഇടറിപോയി. മൂർച്ഛിച്ച തന്റെ രോഗാവസ്ഥയിൽ അദ്ദേഹം മനുഷ്യരിൽ അഭയം തേടി - ദൈവത്തിലായിരുന്നു അവൻ അഭയം തേടേണ്ടിയിരുന്നത് (2 കൊരിന്ത്യർ 1:9). ദൈവചിന്തയില്ലാതെ മനുഷ്യവൈദ്യന്മാരിൽ മാത്രം ആശ്രയിക്കുന്നതിനെക്കുറിച്ചാണ് ഇവിടെ സംസാരിക്കുന്നത്. ചില വിശ്വാസ രോഗശാന്തിക്കാർ പറയുന്നതുപോലെ, മനുഷ്യവൈദ്യന്മാരുടെ സഹായം തേടുന്നത് പാപമാണെന്ന വിവക്ഷ ഇവിടെയില്ല.

ദൈവം രോഗശമനം തരുന്ന മൂന്നു വഴികളുണ്ട്; പ്രകൃത്യായുള്ളത് - ശരീരം സ്വയം രക്ഷാപ്രവർത്തനം നടത്തുന്നത്, വൈദ്യസഹായത്താൽ ലഭിക്കുന്ന രോഗശമനം, അത്ഭുതകരമായി നടത്തുന്ന രോഗശമനം. വചനത്തിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഇവ മൂന്നും ദൈവസ്ഥാപിതവും ആശ്ചര്യകരവുമാണ്, മൂന്നും ശരിയായ രോഗസൗഖ്യവുമാണ്.

4. ഏശയ്യ 30:21 (വഴിനടത്തുന്ന ശബ്ദം)

പ്രവചനത്തെക്കുറിച്ചുള്ള ഈ വേദഭാഗത്തെ ചിലയാളുകൾ ആത്മാവ് ഉള്ളിൽ സംസാരിച്ചു വഴിനടത്തുന്നതിനെക്കുറിച്ചാണെന്നു വ്യാഖ്യാനിക്കുന്നു. എന്നാൽ ഈ വേദഭാഗം പരിശോധിക്കുമ്പോൾ നമുക്കു മനസ്സിലാകുന്നത് അപ്രകാരമല്ല. ഏശയ്യ 30:20ലെ ഗുരുക്കന്മാർ ആത്മീയരായ യഥാർത്ഥ ഗുരുക്കന്മാരാണ്, യൂദാദേശത്തെ പതിനാലാമത്തെ രാജാവായ ദുഷ്ടനായ ആഹാസിന്റെ ഭരണകാലത്തുതൊട്ട് ഒളിവിലാക്കപ്പെട്ടവർ. അവർ വീണ്ടും മറഞ്ഞിരിക്കുകയില്ല എന്നു പ്രവചിക്കുന്നതിലൂടെ ഏശയ്യാ പറയുന്നത്, മനുഷ്യരായ ആ ഗുരുക്കന്മാർ തിരിച്ചു വരുന്നതിനെക്കുറിച്ചാണ് - ആത്മാവിന്റെ മൃദുശബ്ദത്തെക്കുറിച്ചല്ല ഇത്. ഇരുപത്തിഒന്നാം വാക്യത്തിലെ ശബ്ദം പ്രവാചകരുടെ ശബ്ദം തന്നെയാണ് (നെഹെമിയ 9:20, 30 കാണുക). ഇടത്തോട്ടോ വലത്തോട്ടോ തിരിയാതെ എന്നു പഴയനിയമത്തിൽ സംസാരിക്കുന്നതിന്റെ അർത്ഥം അവനവന്റെ ചിന്തകൾക്കനുസരിച്ചു പോകാതെ (ആവർത്തനം 28:14) ദൈവകൽപനകളെ അനുസരിക്കുന്നതാണ്. അവരുടെ പിന്നിലുള്ള ശബ്ദം യഥാർത്ഥ പ്രവാചകന്റെ ശബ്ദമാണ്, അവരെ മാനസാന്തരത്തിലേക്കു നയിക്കുന്ന ശബ്ദം (ഏശയ്യ 30:22, വിലാപങ്ങൾ 2:14), കള്ളപ്രവാചകരുടെ കെട്ടിച്ചമച്ച മതപരിവേഷ സന്ദേശങ്ങളല്ല (യിരമ്യ 23:26). നവപെന്തക്കോസ്തുകാരുടെ വ്യാഖ്യാനം കൂടുതലായി ചമച്ചെടുത്തതാണ്, ആത്മാവിന്റെ യുഗത്തിൽ സൂര്യചന്ദ്രന്മാരുടെ പ്രകാശത്തിനു പ്രത്യേകമാറ്റമൊന്നും സംഭവിച്ചിട്ടില്ല താനും (ഏശയ്യ 30:26)!

5. മർക്കോസ് 9:38-40(1) (യേശുവിന്റെ നാമത്തിൽ അശുദ്ധാത്മാക്കളെ പുറത്താക്കിയ വ്യക്തി)

അയാളുടെ പ്രവർത്തിയെ വിലക്കാൻ ശിഷ്യന്മാർ ആഗ്രഹിച്ചിരുന്നു. നമുക്കെതിരല്ലാത്തവൻ നമുക്ക് അനുകൂലനാണെന്ന യേശുവിന്റെ പ്രസ്ഥാവനയുടെ അർത്ഥം, ആ മനുഷ്യൻ രക്ഷിക്കപ്പെട്ട ഒരുവനാണെന്നതാകാം, യഹൂദരീതിയിലെങ്കിലും. എന്നാൽ ഇങ്ങനെ ഒരു അർത്ഥം വായിച്ചെടുക്കേണ്ടതില്ല, കാരണം, ക്രിസ്ത്യാനിയല്ലാത്ത ഒരുവനുപോലും ക്രിസ്തുവിന്റെ ജോലിയെ വർദ്ധിപ്പിക്കാൻ സാധിക്കും. സ്കേവായുടെ പുത്രന്മാരുടെ കാര്യം പരിഗണിക്കുക (അപ്പ 19:13-16). അശുദ്ധാത്മാക്കളെ പുറത്താക്കാനുള്ള ഈ യഹൂദരുടെ ശ്രമം വിജയം കണ്ടില്ല. യഹൂദനിയമം നിഷ്ഫലമാക്കിയതിനുശേഷമാണ് ഇവരുടെ ശ്രമമെന്നതും, ശുദ്ധമായ ഒരു മനസ്സാക്ഷിയിൽ നിന്നുമല്ല ഇവർ ഇക്കാര്യം ചെയ്തത് എന്നുമുള്ളതുമായ കാര്യങ്ങൾ നാം പരിഗണിക്കേണ്ടിയിരിക്കുന്നു. ഒരു നിഗമനമെന്ന നിലയ്ക്കു പറയുമ്പോൾ, മർക്കോസ് 9:38 വാക്യത്തിന് അടിസ്ഥാനമാക്കി ഒരു ദൈവശാസ്ത്ര നിഗമനത്തിലെത്തിച്ചേരാൻ പറ്റാത്തവിധം നേർത്തതായ ഒരു വചനഭാഗമാണ്.

6. മർക്കോസ് 16:19-20 (എല്ലാ വിശ്വാസികളും ഭാഷാവരത്തിൽ സംസാരിക്കേണ്ടതുണ്ടോ?

വിശ്വസിക്കുന്ന ഏവനും (മർക്കോസ് 16:16), വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾസംഭവിക്കും (വാ 17) എന്നീ വാക്യങ്ങൾ ആദ്യകാഴ്ചയിൽ കൂട്ടിയോജിപ്പിച്ചിരിക്കുന്നവയാണെന്നു തോന്നും. 15, 16 വാക്യങ്ങളിൽ നിന്നും 17 വാക്യം വ്യത്യസ്തമാകുന്നതെന്തിന്? എന്നിരുന്നാലും, അത്ഭുതവാഗ്ദാനങ്ങൾ ഇന്നും നിലനിൽക്കുന്നില്ല എന്നതിനു തെളിവായി അനേകം വചനങ്ങളുടെ പിൻബലമുണ്ട്:

1. ആദ്യനൂറ്റാണ്ടിൽ വിശ്വസിച്ചവരോടു കൂടെ ഈ അടയാളങ്ങൾ നിലനിന്നിരുന്നു. വിഷം പാനം ചെയ്യുന്നതൊഴികെയുള്ള അടയാളങ്ങളെല്ലാം അപ്പസ്തോലപ്രവർത്തി പുസ്തകത്തിൽ നിറവേറി. ഈ അടയാളവും നിറവേറിക്കാണണം, കാരണം, യേശുവാണ് അതു പ്രവചിച്ചത്.

2. ദൈവവചനത്തെ ഉറപ്പിക്കലാണ് ഈ അടയാളങ്ങളുടെ ലക്ഷ്യം, നാം നേരത്തേ സംസാരിച്ചതുപോലെ. വചനം ഉറപ്പിച്ചതിനാലും, ഇനിയൊരു പുനരുറപ്പു വേണ്ടാത്തതിനാലും, അത്ഭുതങ്ങളുടെ പ്രാഥമികോദ്ദേശ്യം നിറവേറിക്കഴിഞ്ഞു.

3. ഇതൊരു പൊതുനിയമമാണെന്നു വാദിക്കുന്ന വിശ്വാസരോഗശാന്തിക്കാർ എന്തുകൊണ്ട് ഇതിലെ മുഴുവൻ അടയാളങ്ങളും മുഖവിലക്കെടുക്കുന്നില്ല? സർപ്പങ്ങളെ കൈകാര്യം ചെയ്യാനുള്ള ആത്മധൈര്യമുള്ളവർ നന്നേ ചുരുക്കം, വിഷം പാനം ചെയ്യുന്നവരെക്കുറിച്ചു കേൾക്കാനുമില്ല (ഗയാനയിലെ ജോൺസ്ടൗൺ ദുരുപദേശസംഘത്തിലെ നിർഭാഗ്യവാന്മാരായ 900 പേരൊഴികെ). നവപെന്തക്കോസ്തുകാർ തങ്ങളുടെ സൗകര്യത്തിനനുസരിച്ച് കാര്യങ്ങൾ തിരഞ്ഞെടുക്കുകയാണു ചെയ്യുന്നത്.

4. ഇരുപതാം വാക്യത്തിലെ കാലം ഭൂതകാലമാണെന്നതു പരിഗണിക്കത്തക്കതായ ഒന്നാണ്, നവപെന്തക്കോസ്തുകാരുടെ വിശദീകരണത്തിനു മതിയായ ഒരുകാര്യമല്ല ഇതെങ്കിലും. ഉറപ്പിക്കുന്നതിനുവേണ്ടിയുള്ള അത്ഭുതങ്ങളെക്കുറിച്ച് എബ്രായർ 2:4 വാക്യത്തിലും നമുക്കു കാണാം.

5. മത്തായി 28ൽ യേശു യുഗാവസാനത്തോളം കൂടെയുണ്ടാകുമെന്ന് വാഗ്ദാനം ചെയ്യുന്നു. അത്തരമൊരു വ്യക്തമായ വാഗ്ദാനം അത്ഭുതങ്ങളുടെ കാര്യത്തിൽ മർക്കോസ് 16ൽ കാണുന്നില്ല. ആദ്യനൂറ്റാണ്ടിനപ്പുറത്തേക്ക് ഉറപ്പുവരുത്താനായി നൽകുന്ന ഈ അടയാളങ്ങൾ നിലനിൽക്കുന്നു എന്നു വിചാരിക്കാൻ മതിയായ തെളിവുകൾ ഒന്നുമില്ല.

## 7. ലൂക്കോസ് 11:13 (ചോദിക്കുന്നവർക്കെല്ലാം പിതാവ് ആത്മാവിനെ നൽകുന്നത്)

ഈ വചനത്തെ യേശുവിനെ ഹൃദയത്തിലേക്കു പ്രാർത്ഥിച്ചു സ്വീകരിച്ചു രക്ഷിക്കപ്പെടാമെന്ന വാദത്തിനായി ചിലരും, പരിശുദ്ധാത്മസ്നാനത്തിനായി പ്രാർത്ഥിക്കുന്നതിനുവേണ്ടി നവപെന്തക്കോസ്തുവൃത്തങ്ങളും ദുരുപയോഗം ചെയ്തു വരുന്നു.

എന്താണ് ഈ വേദഭാഗത്തിന്റെ അർത്ഥം? തുടക്കമെന്നരീതിയിൽ, രക്ഷിക്കപ്പെടുന്നതിനെക്കുറിച്ചാണ് ഈ വചനത്തിൽ പ്രതിപാദിക്കുന്നതെങ്കിൽ, ആത്മാവിനെ എപ്രകാരമാണു ലഭിക്കുന്നതെന്ന് ഇവിടെ വ്യക്തമാക്കുന്നില്ല. അതിനാൽ ഒരാൾ ക്രിസ്ത്യാനിയാകുന്നത് എപ്രകാരമാണ് എന്നു വ്യക്തതയോടെ നിർദ്ദേശിക്കുന്ന മറ്റുവേദഭാഗങ്ങളുമായി താരതമ്യം ചെയ്യാൻ സാധിക്കുന്ന ഒരു ഭാഗവുമല്ല.

രണ്ടാമതായി ചോദിക്കുന്ന രീതിയാണ്. അനുസരണയുയില്ലാതെ (അപ്പ 8:32) വെറുതെ ചോദിച്ചാൽ പരിശുദ്ധാത്മാവിനെ നൽകുമെന്ന വിവക്ഷ നൽകുന്ന കൂട്ടുവചനങ്ങളുമില്ല.

മൂന്നാമതായി, നമ്മുടെ പ്രാർത്ഥനകളെ കേൾക്കാൻ ദൈവത്തിനുള്ള അതിയായ താത്പര്യത്തെക്കുറിച്ചു പ്രതിപാദിക്കുന്ന ഒരു വേദഭാഗമെന്ന നിലയ്ക്ക്, ദൈവം നമുക്കു നല്കാൻ പോകുന്ന ഏറ്റവും മഹത്തായ ദാനമായ പരിശുദ്ധാത്മാവിനെ ഒരു ദൃഷ്ടാന്തമായി സൂചിപ്പിക്കുകയാകാം യേശു ഇവിടെ. (ദൈവം തന്റെ ആത്മാവിനെ നമുക്കായി നൽകുമെന്നിരിക്കെ, പിന്നെ മറ്റെന്താണ് അവൻ നമ്മിൽ നിന്നും പിടിച്ചുവയ്ക്കാൻ പോകുന്നത് - നാം ശരിയായ രീതിയിൽ ചോദിക്കുകയാണെങ്കിൽ എന്നതാണ് ഇവിടത്തെ പ്രതിപാദ്യം).

മത്തായി 7:11 ഈ വാക്യത്തിനു സമാനമായ മറ്റൊരു വചനമാണ്. അവിടെ ഉപയോഗിച്ചിരിക്കുന്ന നല്ല ദാനങ്ങൾ/നന്മകൾ എന്നവാക്കാണ് ശരിയായ ഒരു വിശദീകരണത്തിനു നമ്മെ സഹായിക്കുന്നത്. അപ്പ 4:31ലേതുപോലെ ആത്മാവിൽ ശക്തിപ്രാപിക്കുക എന്നതാണ് ഇവിടെ അർത്ഥമാക്കുന്നതെന്നും ചിലർ നിഗമനത്തിലെത്തുന്നു. അതു ശരിയാണെങ്കിൽ, നാം ദൈവത്തിനു മതിയായ രീതിയിൽ വഴങ്ങുമ്പോൾ ദൈവം നമ്മെ ആത്മീയമായി ശക്തരാക്കുന്നു (എഫേസ്യർ 3:16) എന്നു അർത്ഥം പറയാം.

## 8. ലൂക്കോസ് 21:15 (ന്യായാധിപരുടെ മുന്നിൽ വാക്കുകൾ നൽകപ്പെടുന്നത്)

നാം ന്യായപീഠത്തിനു മുമ്പിലാകുമ്പോൾ ദൈവം നമുക്ക് വാക്കുകൾ നൽകുമെന്നാണ് ഈ ഭാഗത്തു പറയുന്നത്. എന്നാൽ ഈ വാഗ്ദാനം അപ്പസ്തോലന്മാരോടായി ചെയ്തതാണെന്ന് അതിന്റെ പശ്ചാത്തലത്തിൽ നിന്നും നമുക്കു മനസ്സിലാക്കാൻ കഴിയും. പ്രചോദനത്തിന്റെ ഉറപ്പ് അവർക്കാണു നൽകപ്പെട്ടിരിക്കുന്നത്. എല്ലാതലമുറയിലേക്കുമുള്ള വിശ്വാസികളിലേക്ക് ഈ വാഗ്ദാനം വലിച്ചു നീട്ടുന്നതിനുതകുന്ന ശക്തമായ തെളിവുകളൊന്നും വചനത്തിലില്ല. എന്നിരുന്നാലും, ഏതൊരു വിശ്വാസിയും ഒരു ദുർഘടഘട്ടത്തെ നേരിടുമ്പോൾ ദൈവം തുണയായെത്തുമെന്ന ഒരു കാഴ്ചപ്പാടിലും ഈ വാഗ്ദാനത്തെ നമുക്കു കാണാൻ കഴിയും - ഉദാഹരണത്തിന് വിശ്വാസിയായതിനെ പ്രതി ഒരു വിചാരണഘട്ടം നേരിടുമ്പോൾ.

## 9. യോഹന്നാൻ 3:8 (കാറ്റ് അതിനിഷ്ടമുള്ളിടത്തേക്കു വീശുന്നു)

ആത്മാവു നമ്മെ അദൃശമായ വഴികളിലേക്കു നയിക്കുന്നുവെന്ന നവപെന്തക്കോസ്തു കാഴ്ചപ്പാടിലേക്ക് ഈ വചനത്തെ സാധുവാക്കിയെടുക്കുന്നതു കണ്ടുവരുന്നുണ്ട്. (ആത്മാവിനെക്കുറിച്ചു പറയുന്ന ന്യൂമാ എന്ന ഗ്രീക്കു വാക്കിന് കാറ്റ് എന്ന അർത്ഥവും കൂടിയുണ്ട് എന്നത് ഓർക്കുമല്ലോ). ഒറ്റ നോട്ടത്തിൽ ഈ വചനം ഒന്നു നോക്കിയാൽ പോലും നമുക്കു മനസ്സിലാക്കാം, യേശു വീണ്ടു ജനിക്കുന്നതിനെക്കുറിച്ചാണ് ആത്മാവിൽ ജനിച്ചവരും അതുപോലാണ് എന്ന പ്രയോഗത്തിലൂടെ സംസാരിക്കുന്നതെന്ന്. കാറ്റിനെ നാം നോക്കിനിന്നതുകൊണ്ട് അത് എവിടെനിന്നു വരുന്നു എവിടേക്കു പോകുന്നു എന്നു നമുക്കു പൂർണ്ണമായും പറയാൻ സാധിക്കില്ല, അതിന്റെ സാന്നിദ്ധ്യം മനസ്സിലാക്കാൻ കഴിയുമെങ്കിലും. അതുപോലെതന്നെ, പുതിയ പിറവിയുടെ സ്വഭാവമോ ഉറവിടമോ മനുഷ്യനേത്രങ്ങളാൽ നമുക്കു മനസ്സിലാക്കിയെടുക്കാൻ കഴിയില്ല എന്നാണ് യേശു പറയുന്നത്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുവാക്കിന് വീണ്ടും എന്നും മുകളിൽ എന്നും അർത്ഥമുണ്ട്.

## 10. യോഹന്നാൻ 6:63 (യേശുവിന്റെ വാക്കുകൾ ആത്മാവും ജീവനുമാണ്)

ദൈവവചനം ശക്തമാണ് (എബ്രായർ 4:12). ബൈബിൾ ഒരു സാഹിത്യഗ്രന്ഥമല്ല, ജീവൻ നല്കി തുളച്ചുകയറുന്ന ശക്തിയാണ്. വചനം ആത്മാവാണെന്നല്ല യേശു ഇവിടെ പറയുന്നത്, പകരം, വചനം ആത്മീകമാണെന്നാണ് - ആത്മീകതലത്തിൽ പ്രവർത്തിക്കുന്ന ഒന്നാണെന്ന്. തന്റെ വച

നത്തിലൂടെ ദൈവം നമ്മോടു ആശയവിനിമയം ചെയ്യുന്നു (എബ്രായർ 1:1–3), അല്ലാതെ പ്രകൃത്യാതീതമായ ചില സ്വാധീനങ്ങളിലൂടെയല്ല. അങ്ങനെയൊരു ആശയത്തെ ഈ വേദഭാഗം തുണയ്ക്കുന്നില്ല.

## 11. യോഹന്നാൻ 14:12 (ഇതിലും വലിയ കാര്യങ്ങൾ)

യേശു ചെയ്ത അത്ഭുതങ്ങളേക്കാൾ വലിയ അത്ഭുതങ്ങൾ യേശുവിനെ പിന്തുടരുന്നവർ ചെയ്യുമെന്നാണോ ഇതിന്റെ അർത്ഥം? തീർച്ചയായുമല്ല, പൗലോസും പത്രോസും ചെയ്ത അത്ഭുതങ്ങൾ പോലും യേശു പ്രവർത്തിച്ചവയുടെ അത്രയും ശ്രേഷ്ടമായവയല്ല. വേണമെങ്കിൽ തുല്യം പറയാമെന്നേയുള്ളു – ചില കാര്യങ്ങളിൽ. അപ്പോൾ പിന്നെ അതിലും വലിയതു[2] ചെയ്യാൻ നമുക്കാകുന്നതെങ്ങിനെയാണ്?

യോഹന്നാൻ 14:11ലെ അത്ഭുതപ്രവർത്തിയെക്കുറിച്ചല്ല, പകരം സഭയുടെ ആത്മരക്ഷാ സാദ്ധ്യതകൾ എത്രമാത്രം ഉയർന്നതാണ് എന്നതാണ് വലിയ കാര്യങ്ങൽ എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. യേശുവിന്റെ മിനിസ്ട്രിയിലൂടെ വളരെക്കുറച്ചു പേർ മാത്രമേ സമർപ്പിതരായി നിലകൊണ്ടുള്ളൂ. പിതാവിങ്കലേക്കു തിരിച്ചുപോകേണ്ടിയിരുന്നതുകൊണ്ട്, അവന്റെ സമയം വളരെ പരിമിതമായതായിരുന്നു (യോഹന്നാൻ 14:12). അപ്പസ്തോലപ്രവർത്തിപുസ്തകത്തിൽ പറയുന്ന കണക്കുകൾ പ്രകാരം യേശുവിന്റെ അനുയായികളുടെ എണ്ണം ചെറുതുമായിരുന്നു (2:41, 4:4). അനേകലക്ഷം ആത്മാക്കളെ രക്ഷയിലേക്കുകൂട്ടിക്കൊണ്ടുവരാനും അതുവഴി ലോകം തലകീഴായി മറിക്കാനുമുള്ള സഭയുടെ സാദ്ധ്യതകളെക്കുറിച്ചാണ് യേശു ഇവിടെ സംസാരിക്കുന്നത്.

## 12. യോഹന്നാൻ 20:22 (പരിശുദ്ധാത്മാവിനെ സ്വീകരിക്കുക)

ശിഷ്യന്മാരുടെ മേൽ ഊതിക്കൊണ്ട് യേശു പറഞ്ഞ ഈ വചനം പിന്നീട് പെന്തക്കോസ്തു നാളിൽ അവരിൽ വരുവാനിരിക്കുന്ന പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്ന ദൃഷ്ടാന്തത്തോടുകൂടിയ ഒരു പ്രവചനമാണ്. അപ്പസ്തോലന്മാർക്കു പരിശുദ്ധാത്മാവു ലഭിച്ചത് ഈ സമയത്താണെന്നാണ് ചിലരുടെ അഭിപ്രായം, എന്നാൽ ഈ വചനഭാഗം മാത്രമെടുത്തുകൊണ്ട് ഒരു നിഗമനത്തിലെത്താൻ കഴിയില്ല. സ്വീകരിക്കുക എന്ന അർത്ഥത്തിൽ ഇവിടെ ഉപയോഗിച്ചിരിക്കുന്ന ലാബെറ്റ് എന്ന വാക്കിന് പിന്നീട് സ്വീകരിക്കുക എന്ന പ്രയോഗാർത്ഥം കൂടി നിലവിലുണ്ട്. ഉൽപത്തി 2:7, യെഹെസ്കേൽ 37:9 എന്നീ വചനങ്ങളെ അനുസ്മരിപ്പിക്കുന്ന വാക്കുകളാണെന്ന് എനിക്കു തോന്നുന്നു, പതിനൊന്നു പേർക്ക് ആത്മാവിന്റെ ആന്തരികവാസം ലഭിച്ചത് ഈ സമയത്താണെന്നും എന്നിക്കു തോന്നുന്നു.

## 13. അപ്പ 18:24–19:6 (അപ്പല്ലോസും എഫേസൂസിലെ ശിഷ്യന്മാരും)

എന്താണ് ഇവിടെ സംഭവിക്കുന്നത്? സ്നാപകയോഹന്നാന്റെ സ്നാനം മാത്രം സ്വീകരിച്ച ഒരാൾ ഇത്ര ഫലപ്രദമായി സംസാരിക്കുന്നതെങ്ങനെയാണ്? കൂടുതൽ സ്പഷ്ടമായി അവനു വ്യക്തമാക്കി നല്കാനുണ്ടായിരുന്നത് എന്താണ്? സഭ തുടങ്ങി ഏകദേശം ഇരുപതുവർഷം പിന്നിടുന്ന ഒരു സമയത്ത് ഇത്തരമൊരു ആശയക്കുഴപ്പം എന്തുകൊണ്ടാണ്? എഫേസൂസിലെ ശിഷ്യന്മാരെക്കുറിച്ച് ലൂക്കോസ് ഇവിടെ സംസാരിക്കുന്നത് ഒരു സമാന്തരസംഭവമായാണോ അതോ വിപരീതസംഭവമായാണോ?

എൻഐവി പരിഭാഷയിൽ ചുവടുകുറിപ്പായി നൽകിയിരിക്കുന്നത് അവൻ ആത്മാവിലുള്ള തീക്ഷ്ണതയാൽ സംസാരിച്ചു എന്നാണ് (18:25). യേശുവിന്റെ നാമത്തിൽ സ്നാനം കഴിക്കുന്നതിനു മുന്നേ അപ്പല്ലോസിനു പരിശുദ്ധാത്മാവിനെ ലഭിച്ചിരുന്നോ? എഫേസൂസിലൂള്ളവർ സ്നാനം സ്വീകരിച്ചുവെന്നുപറയുന്ന ലൂക്കോസ് അപ്പല്ലോസ് സ്നാനപ്പെട്ടോ എന്ന കാര്യം പറയാത്തതെന്ത്? പല സാദ്ധ്യതളാണ് ഇവിടെയുള്ളത്.

1. യേശുവിനെക്കുറിച്ച് അപ്പല്ലോസ് പഠിപ്പിച്ചകാര്യങ്ങൾ ശരിയായവയായിരുന്നു, എന്നിരുന്നാലും ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനമായ അപ്പസ്തോലന്മാരുടെ ഉപദേശങ്ങളെക്കുറിച്ച് (അപ്പ 2:42, എഫേസ്യർ 2:20) അദ്ദേഹത്തിന് പരിജ്ഞാനമില്ലായിരുന്നു. യോഹന്നാന്റെ കൂട്ടത്തിലായിരുന്ന അപ്പല്ലോസ് പുതിയനിയമപ്രകാരമുള്ള ആത്മരക്ഷയിലേക്കു വന്നിട്ടില്ലായിരുന്നു. അപ്പ 19ലെ എഫേസ്യരുടെ കൂട്ടത്തെപ്പോലെ അപ്പല്ലോസും യേശുവിന്റെ നാമത്തിൽ സ്നാനപ്പെട്ടു (അപ്പ 19:5, 2:38).

2. അപ്പല്ലോസ് എഫേസ്യരിൽ നിന്നും വ്യത്യസ്ഥനായിരുന്നു എന്ന ചിന്തയാണ് രണ്ടാമത്തേത്. അവർക്ക് പരിശുദ്ധാത്മാവിനെക്കുറിച്ച് അറിയില്ലായിരുന്നു, എന്നാൽ അപ്പല്ലോസ് കുറച്ചു കൂടി അറിവിൽ മികച്ചവനായിരുന്നു. താൻ ശരിയായവിധത്തിലാണ് മാറിയതെന്ന ഒരു തോന്നലാണ് ഇതുവഴി നമുക്കു ലഭിക്കുന്നത്, ക്രിസ്തുവിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ തീക്ഷ്ണത സൂചിപ്പിക്കുന്നത് ഇതാണ്. പെന്തക്കോസ്തു നാളിലോ അതിനു ശേഷമോ സ്നാപകയോഹന്നാന്റെ സ്നാനം സ്വീക

രിച്ചവർ വീണ്ടും സ്നാനപ്പെട്ടു എന്ന് ബൈബിളിൽ എങ്ങും പരാമർശിച്ചു കാണുന്നില്ല. അപ്പസ്തോലന്മാർ രക്ഷിക്കപ്പെട്ടതുപോലെയായിരിക്കാം അപ്പല്ലോസും രക്ഷിക്കപ്പെട്ടത്. യോഹന്നാന്റെ സ്നാനമായിരുന്നു അവർ സ്വീകരിച്ചത് (യോഹന്നാൻ 1), യേശുനൽകിയവചനത്താൽ അവർ ശുദ്ധരാക്കപ്പെട്ടു (യോഹന്നാൻ 15:3), പരിശുദ്ധാത്മാവിന്റെ വാസം ഒന്നുകിൽ മാളികമുറിയിൽ വച്ചോ (യോഹന്നാൻ 20:22) അല്ലെങ്കിൽ പെന്തക്കോസ്തുനാളിലോ (അപ്പ 2:4) അവർക്കു ലഭിച്ചു. പെന്തക്കോസ്തു നാളിനുമുമ്പ് സ്നാനം സ്വീകരിച്ചവനാകയാൽ യോഹന്നാന്റെ സ്നാനം അപ്പല്ലോസിനെ സംബന്ധിച്ചു കുഴപ്പമുള്ളതല്ല, എങ്കിലും ഇപ്പോൾ അതു മതിയായതല്ല എന്ന ഉപദേശം പ്രിസകില്ലായും അകില്ലായും അവനു നൽകി. പെന്തക്കോസ്തു നാളിനുശേഷമുള്ള പുതിയനിയമവ്യവസ്ഥകൾ വളരെ വ്യക്തമായതാണ് (അപ്പ 2:38-39).

മുകളിൽ പറഞ്ഞ രണ്ടു സാദ്ധ്യതകളിൽ ഏതെങ്കിലുമാകണം ഈ ഭാഗത്തെസംബന്ധിച്ചു പ്രസക്തമായത്.

### 14. റോമർ 8:16 (ആത്മാവു നമ്മുടെ ആത്മാവിനോടു സാക്ഷ്യം പറയുന്നു)

രക്ഷിക്കപ്പെട്ടു എന്നതോന്നൽ ഒരാളിൽ ഉണ്ടാകുന്നാണ് അയാൾക്കു പരിശുദ്ധാത്മാവിനെ ലഭിച്ചതിന്റെ തെളിവ് എന്നാണ് നവപെന്തക്കോസ്തുവൃത്തങ്ങൾ അവകാശപ്പെടുന്നത്. പൗലോസ് പറയുന്നതിന്റെ വെളിച്ചത്തിലും (1 കൊരിന്ത്യർ 4:4), പുതിയനിയമത്തിലെ മറ്റു ഭാഗങ്ങളിൽ കാണുന്ന പ്രകാരവും (1 യോഹന്നാൻ 2:3-6) നോക്കിയാൽ ഈ വാദം ശരിയല്ല എന്നു നമുക്കു മനസ്സിലാക്കാം. നാം ജീവിക്കുന്ന ജീവിതത്തിലൂടെ നാം ഒരു ക്രിസ്ത്യാനിയാണ് എന്നു ആത്മാവു സാക്ഷിക്കുന്നു എന്നതാണ് കുറച്ചുകൂടി സാധ്യതയുള്ള വിശദീകരണം. സഭയെന്ന രീതിയിൽ നമുക്കുള്ള ആത്മാവിനെയാണ് നമ്മുടെ ആത്മാവ് എന്ന വാക്കിലൂടെ ഉദ്ദേശിക്കുന്നതെന്ന വേറെയൊരു സിദ്ധാന്തം കൂടി നിലവിലുണ്ട് - തെളിയിക്കാൻ പറ്റാത്ത ഒരു സിദ്ധാന്തമാണിത്. പൗലോസിന്റെ ലേഖനങ്ങളിലെ വ്യക്തതയില്ലാത്ത ഭാഗങ്ങളിൽ ഒന്നാണിത് എന്നകാര്യം തർക്കമറ്റതാണ്, എന്നാൽ, ഈ ഭാഗത്തെക്കുറിച്ചുള്ള നവപെന്തക്കോസ്തു വിശദീകരണങ്ങൾ യാതൊരു അടിസ്ഥാനവുമില്ലാത്തതാണ്.

### 15. 2 കൊരിന്ത്യർ 12:2 (മൂന്നാം സ്വർഗ്ഗം)

മൂന്നാമതൊരു വ്യക്തിയെന്ന നിലയിൽ മൂന്നാം സ്വർഗ്ഗത്തിലേക്കുയർത്തിയ ഒരു വ്യക്തിയെക്കുറിച്ചു സംസാരിക്കുന്നതിനാൽ അതു പൗലോസിനെക്കുറിച്ചുതന്നെയാണ് എന്ന കാര്യം കുറേ പേർക്കു വിശ്വസിക്കാൻ കഴിയുന്നില്ല. മൂന്നാമതൊരു വ്യക്തിയെന്ന നിലയിൽ അവനവനെക്കുറിച്ചു സംസാരിക്കുന്നത് ബൈബിളിൽ സാധാരണ കണ്ടു വരുന്ന ഒരു രീതിയാണ്. യേശു സ്നേഹിച്ച ശിഷ്യൻ എന്നു യോഹന്നാൻ തന്നെക്കുറിച്ചെഴുതിയിരിക്കുന്നത് ഒരു ഉദാഹരണമാണ്. മനുഷ്യപുത്രനെന്ന സംബോധനയോടെ യേശു സംസാരിക്കുന്നതും നമുക്കു കാണാം. ഈ വേദഭാഗത്തു പൗലോസ് അവനെക്കുറിച്ചു തന്നെയാണു സംസാരിക്കുന്നതെന്നു മനസ്സിലാക്കാൻ തനിക്കു ലഭിച്ച മാംസത്തിലെ മുള്ള് (2 കൊരിന്ത്യർ 12:7) എന്ന പരാമർശം സഹായകമാണ്. മനുഷ്യന് ഉച്ചരിക്കാൻ കഴിയാത്ത വിധം അവാച്യമായ വാക്കുകൾ (വാ 4) കേട്ടയാൾ പൗലോസു തന്നെയാണ്, അതേക്കുറിച്ചു സംസാരിക്കാൻ അവൻ ആഗ്രഹിച്ചിരുന്നില്ലെങ്കിലും.

ഈ മൂന്നാം സ്വർഗ്ഗം എവിടെയാണ്/ എന്താണ്? പലതട്ടുകളിലുള്ള സ്വർഗ്ഗത്തെക്കുറിച്ചും നരകത്തെക്കുറിച്ചും വിഭാവനം ചെയ്യുന്ന പല മതങ്ങളുമുണ്ട്. എന്നാൽ ഏറ്റവും ലളിതമായ ഒരു കാര്യമെന്തെന്നാൽ ഒന്നാം സ്വർഗ്ഗമെന്നത് ആകാശമാണ് (പക്ഷികൾ വിഹരിക്കുന്നയിടം), രണ്ടാമത്തേത്, ശൂന്യാകാശവും (നക്ഷത്രങ്ങൾ സ്ഥിതിചെയ്യുന്നയിടം), മൂന്നാമത്തേതോ, ദൈവം വസിക്കുന്ന സ്വർഗ്ഗവുമാണ്. ലോകാവസാനത്തെക്കുറിച്ചുള്ള ചില യഹൂദ രചനകളിൽ (ബിസി 200-100 കാലഘട്ടങ്ങളിലേത്) ഏഴു നിലകളിലൂള്ള സ്വർഗ്ഗത്തെക്കുറിച്ചുള്ളപരാമർശം നമുക്കു കാണാൻ കഴിയും. അതിൽ മൂന്നാം സ്വർഗ്ഗമെന്നത് (ദൈവം വസിക്കുന്ന) ഏഴാം സ്വർഗ്ഗത്തെ കാണാനും അവിടെനിന്നുള്ള വെളിപാടുകൾ കേൾക്കാനും കഴിയുന്ന ഒരിടമായാണ് ചിത്രീകരിച്ചിരിക്കുന്നത്.

പതിനെട്ടാം വാക്യത്തിന്റെ ചുവടുപിടിച്ച് സ്വർഗ്ഗമെന്ന ഒരു സങ്കൽപ ലോകത്തിൽ തങ്ങളെത്തന്നെ എത്തിച്ചേർത്ത അനേകരുണ്ട്. തന്റെ അതിഥിമുറിയിലെ ചാരുകസേരയിൽ ഇരുന്ന് കാലവും സമയവുമെല്ലാം പിന്നിട്ട ഒരു അവസ്ഥയിൽ എത്തിച്ചേർന്ന ഒരു വിശിഷ്ട അനുഭവത്തെക്കുറിച്ച് എന്നോടു പങ്കുവച്ച ഒരു സ്ത്രീയെ എനിക്കറിയാം, അതിനുശേഷം അവൾക്കു തോന്നിയ പുതുമയെക്കുറിച്ചും. അവൾ സ്വർഗ്ഗത്തിലായിരുന്നോ അതോ, ഗാഢമായ ഉറക്കത്തിലായിരുന്നോ എന്നകാര്യം ദൈവത്തിനുമാത്രമറിയാം. അനുഭവങ്ങൾ വളരെ വ്യക്തിപരമായ ഒന്നായതിനാൽ അവയെ വിശകലനം ചെയ്യുകയെന്നത് ബുദ്ധിമുട്ടേറിയ ഒരു കാര്യമാണ്. പലമതങ്ങളിലമുള്ള അനുഭവങ്ങൾ തേടുന്ന ദാർശനികരും കരിസ്മാറ്റിക്കുകാരും ദൈവവുമായി മുഖാമുഖസംസാരം അവകാശപ്പെടുന്നവരാണ്.

അത്തരം അനുഭവങ്ങളെ അടിസ്ഥാനമാക്കി ഒത്തിരിദൂരം പോകാനോ ആഴമായ നിഗമനങ്ങളിൽ എത്തിച്ചേരാനോ ഉദ്യമിക്കുന്നത് ഉചിതമല്ല എന്നത് ശ്രേഷ്ടമായ ഒരു ഉപദേശമാണ്.

### 16. 1 തിമോത്തി 2:8 (കരം ഉയർത്തൽ)

കരം ഉയർത്തി പ്രാർത്ഥിക്കുകയെന്നത് പല കൂട്ടങ്ങളിലും കണ്ടുവരുന്ന ഒന്നാണ്. ചിലർക്ക് ഇതൊരു അസൗകര്യമായി തോന്നുമെങ്കിലും ഇതിനെ പിന്തുണയ്ക്കുന്ന വചനങ്ങൾ ധാരാളമാണ്. പഴയനിമയകാലഘട്ടത്തിൽ ഇതു സാധാരണമായ ഒരു രീതിയായി നമുക്കുകാണാം. സങ്കീർത്തന ങ്ങളിൽ കാണുന്ന വചനങ്ങൾ മാത്രം നോക്കുക - 28:2, 63:4, 77:2, 88:9, 134:2, 141:2, 143:6. പുതിയനിയ മത്തിലും കരമുയർത്തിയുള്ള പ്രാർത്ഥന നാം കാണുന്നു (1 തിമോത്തി 2:9). പിന്നീടുവന്ന നൂറ്റാണ്ടു കളിൽ കുരിശിന്റെ രൂപത്തിൽ കരങ്ങൾ കുറുകെവച്ചുകൊണ്ട് പ്രാർത്ഥിക്കുന്നതും നമുക്കു വായിച്ചറി യുവാൻ കഴിയും.(3)

പുരുഷന്മാർ മാത്രമാണ് കരമുയർത്തി പ്രാർത്ഥിക്കേണ്ടത് എന്ന ഒരു തർക്കവും അങ്ങനെയ ല്ല, പൗലോസ് പറയുന്ന വസ്ത്രധാരണത്തിലുള്ള പെരുമാറ്റച്ചട്ടം (1 തിമോത്തി 2:9) പുരുഷന്മാർക്കും ബാധകമായമായതിനാൽ സത്രീപുരുഷന്മാർ കരമുയർത്തി പ്രാർത്ഥിക്കുന്നത് ഉചിതമായതാണെന്ന ഒരു വാദവും നിലനിൽക്കുന്നുണ്ട്.

കൈകളുയർത്താതെ നടത്തുന്ന പ്രാർത്ഥനകളും നാം വചനത്തിൽ കാണുന്നുണ്ട് (മത്തായി 19:13, 26:39, യോനാ 2:11 മുതലായവ). ആകയാൽ പ്രാർത്ഥിക്കുമ്പോഴെല്ലാം കരമുയർത്തണം എന്ന ഒരു ചട്ടത്തിലേക്കു വരുന്നതിൽ യാതൊരു അടിസ്ഥാനവുമില്ല. ഇതേക്കുറിച്ചു ശാഠ്യത്തോടെ സംസാ രിക്കാൻ യാതൊന്നുമില്ല.

### 17. (എബ്രായർ 6:2) കരം വയ്ക്കൽ

അടിസ്ഥാനകാര്യങ്ങളെക്കുറിച്ചു സംസാരിക്കുന്നതിനിടയിൽ ലേഖകൻ കൈയ്‌വയ്പ്പിനെ കുറിച്ചും എഴുതിയിരിക്കുന്നതെന്തുകൊണ്ടാണ്? പലവിധത്തിലുള്ള കൈവയ്പുകൾ ഉണ്ടെന്നകാര്യം നാം കണ്ടുകഴിഞ്ഞതാണ് (അദ്ധ്യായം 20). അപ്പസ്തോലന്മാരുടെ കൈവയ്പിലൂടെ പകർന്നു ലഭിക്കുന്ന അധികാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് എബ്രായരോടു വ്യക്തമാക്കാൻ, അവർക്കു പരിചിതമായ യഹൂദപശ്ചാത്തലത്തിലെ കൈവയ്പ്പിന്റെ അടിസ്ഥാനത്തിൽ, ലേഖകൻ കൈവയ്പിനെക്കുറിച്ചു സംസാരിക്കുന്നതാകാം ഇവിടെ. പരിശുദ്ധാത്മാവിലുള്ള സ്നാനത്തെക്കുറിച്ചാണ് ലേഖകൻ വ്യക്ത മാക്കുന്നത് എന്ന വിശദീകരണത്തിന് യാതൊരു അടിസ്ഥാനവുമില്ല. ഈ വേദഭാഗത്തെ വിശദപരി ശോധനയ്ക്കു വിധേയമാക്കിയപ്പോൾ, ഒരു തത്വമുണ്ടാക്കാൻതക്കവണ്ണമുള്ള വ്യക്തത ഈ വേദഭാഗ ത്തിലില്ല എന്നകാര്യം എനിക്കു മനസ്സിലായി. നായകപദത്തിലേക്കു ശിഷ്യന്മാർ ഉയർത്തപ്പെടുന്നതി നെക്കുറിച്ചുമാകാം ലേഖകന്റെ വിവക്ഷ. ധൃതിയിൽ കൈവയ്പ്പു നടത്തരുതെന്ന് പൗലോസ് തിമോ ത്തിയോടു മുന്നറിയിപ്പു നൽകുന്നതും നാം വായിക്കുന്നുണ്ട് (1 തിമോത്തി 5:22, 3:6), നായകപദത്തി ലേക്ക് ശിഷ്യന്മാരെ ഉയർത്തുന്നതിനെക്കുറിച്ചാണ് ഇത്.

### 18. യാക്കോബ് 5:14-15 (തൈലാഭിഷേകം)

ആത്മീയപുരുഷന്മാർ പ്രാർത്ഥനയിലൂടെ അനേകം വലിയ കാര്യങ്ങൾ നേടിയെടുക്കുന്നു. രോഗശാന്തിക്കായി പ്രാർത്ഥിക്കാനായി മൂപ്പന്മാരെ തിരഞ്ഞെടുത്തതിന്റെ പൊരുൾ നമുക്ക് മനസ്സി ലാക്കാൻ വിഷമകരമായി തോന്നാം, മൂപ്പന്മാരുടെ യോഗ്യതകളെക്കുറിച്ച് മതിയായ ഒരു ധാരണ നമുക്കു ലഭിക്കുന്നതുവരെ. സ്വഭാവമേന്മയിലും, കഠിനാധ്വാനത്തിലും, സ്നേഹത്തിലും, വിശ്വാസപ്ര ഘോഷണത്തിലും, ആതിത്യമര്യാദയിലും മറ്റു അനേകം മേഖലകളിലും സഭാമക്കളെ ശരിയായ വിധത്തിൽ നയിക്കേണ്ടവരാണ് മൂപ്പന്മാർ. സഭയിലെ ഡയറക്ടർ ബോർഡിലെ ഒരു അംഗം മാത്രമ ല്ല.

എന്നാൽ തൈലാഭിഷേകത്തക്കുറിച്ച് എന്താണിവിടെ പറയുന്നത്? അതൊരു മരുന്നാണോ? ഒലീവ് എണ്ണയെ മരുന്നായി ഉപയോഗിക്കുന്നതിനെക്കുറിച്ച് പഴയകാലത്തെ രേഖകളിൽ അനേകം തെളിവുനമുക്കു കാണാം. പ്രവാചകരെയും പുരോഹിതരെയും രാജാവിനെയും മറ്റും അഭിഷേകം ചെയ്യുന്ന അർത്ഥത്തിൽ ഉപയോഗിച്ചു വരുന്ന ക്രിയോ എന്ന വാക്കുമായി (ക്രിസ്തുവിനെ വിശേഷിപ്പി ക്കുന്ന ക്രിസ്തോസ് - അഭിഷേകം ചെയ്യപ്പെട്ടവൻ - എന്ന പ്രയോഗത്തിൽ കണ്ടുവരുന്നു) സാമ്യമി ല്ലാത്ത അലീഫോ (എണ്ണതേക്കുക) എന്ന വാക്കാണ് ലേഖകൻ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഈ വാക്കുതന്നെ ആവശ്യത്തിനു വിശദീകരണം നൽകുന്നില്ലേ? ദൈവത്തിൽ നിന്നും അത്ഭുതകര മായ രോഗശാന്തി ലഭിക്കുന്നതിനായി ചെയ്യുന്ന ഒരു ക്രിയയാണ് ഈ തൈലാഭിഷേകം എന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ?

വേറൊരു കാഴ്ചപ്പാടും നമുക്കു നോക്കാം.[4] തൈലത്തിന്റെ ഉപയോഗത്തെക്കുറിച്ചു പരാമർശിക്കുന്ന ഈ വേദഭാഗങ്ങൾ നോക്കുക: രൂത്ത് 3:3, 2 ശമുവേൽ 14:2, ദാനിയേൽ 10:3, 2 ശമുവേൽ 12:16, 20, മത്തായി 6:17, ഏശയ്യ 1:6, യെഹെസ്കേൽ 16:9, മർക്കോസ് 6:13. ബൈബിൾ കാലഘട്ടങ്ങളിൽ സാധാരണയായി നിലനിന്നിരുന്ന ഒരു സമ്പ്രദായമാണ് തൈലാഭിഷേകമെന്നുള്ള കാര്യം നമുക്കു പെട്ടെന്നു മനസ്സിലാകും. രോഗമില്ലാത്ത, ആരോഗ്യവാന്മാരുടെമേലും തൈലാഭിഷേകം നടത്തിയിരുന്നു. ഒരാൾ അസുഖത്തിലായിരിക്കുകയോ, ദുഃഖിച്ചിരിക്കുകയോ, ഉപവസിക്കുകയോ ചെയ്യാത്ത സമയത്താണ് തൈലാഭിഷേകം നടത്താതെയിരിക്കുന്നത്. ഉപവസിക്കുന്ന സമയത്ത് മറ്റുള്ളവർ തങ്ങൾ ഉപവസിക്കുന്നുവെന്നു മനസ്സിലാക്കാതിരിക്കാൻ തൈലം തേക്കാൻ യേശു തന്റെ ശിഷ്യന്മാരോട് ആവശ്യപ്പെടുന്നു. (അതുമൂലം അത്ഭുതകരമായ എന്തെങ്കിലും തങ്ങളുടെ മുഖത്തു നടമാടാൻ വേണ്ടിയല്ല യേശു ഇതു പറഞ്ഞത്). അങ്ങനെയാകുമ്പോൾ തൈലാഭിഷിക്തർ സൗഖ്യം നേടി ജീവിതത്തിലേക്കു തിരിച്ചുവരുവാനുള്ള ഒരു വിശ്വാസപ്രകടനമായിട്ടല്ലേ തൈലാഭിഷേകം നടത്തുന്നത്? അതിനാൽ തൈലാഭിഷേകം രോഗശാന്തിനേടുവാനായല്ല, പകരം രോഗശാന്തിയെ പ്രത്യാശിക്കാനായാണ് ചെയ്യുന്നത്. ഈ വിശദീകരണം ബൈബിൾ സാഹചര്യങ്ങളോടും സംസ്കാരത്തോടും നീതിപുലർത്തുന്ന ഒന്നാണെന്നു കാണാം.[5]

### 19. 1 പത്രോസ് 3:18–20 (തടവറയിലുള്ള ആത്മാക്കളോട് യേശു പ്രസംഗിച്ചത്)

തന്റെ മരണത്തിനും പുനഃരുത്ഥാനത്തിനുമിടയ്ക്കുള്ള ഒരു സമയത്ത്, യേശു പോയി പാതാളത്തിലുള്ള ആത്മാക്കളോടു പ്രസംഗിച്ചിരുന്നോ? ദൈവവുമായി അനുരഞ്ജനത്തിന് രണ്ടാമതൊരു അവസരം ഉണ്ടെന്ന യാതൊരു സൂചനയും വചനങ്ങളിലില്ല. എന്നാൽ പുതിയ ഉടമ്പടിക്കുമുമ്പും ആത്മരക്ഷയ്ക്കുള്ള മാർഗ്ഗനിർദ്ദേശമുണ്ട്. മോശ ന്യായീകരിക്കപ്പെട്ടവനാണെന്ന കാര്യം വ്യക്തമാണ്, എന്നാൽ ക്രിസ്തു അവനോടു സംസാരിച്ചതുകൊണ്ടല്ല ഇത്. പഴയനിയമപ്രവചനങ്ങളിലും ക്രിസ്തുവിന്റെ ആത്മാവുണ്ട് (1 പത്രോസ് 1:11), അപ്പോൾ മോശയും അതിൽനിന്നും വ്യത്യസ്തനാകുന്നില്ല (2 പത്രോസ് 2:5). ദൈവത്തെ അനുസരിക്കാതിരുന്ന ആത്മാക്കളോട് നോഹയിലൂടെ ക്രിസ്തു പ്രസംഗിച്ചു, അവർ മരിച്ചതിനുശേഷം ആയിരക്കണക്കിനു വർഷങ്ങൾക്കു ശേഷമല്ല, അവരുടെ തലമുറയിൽത്തന്നെ. ഈ വേദഭാഗത്തെക്കുറിച്ചുള്ള ഏകവിശദീകരണമല്ല ഇത് – എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു വിശദീകരണമാണിത്.[6]

### 20. 1 യോഹന്നാൻ 4:1 (ആത്മാക്കളെ പരിശോധിക്കുക)

ആത്മാക്കളെ പരീക്ഷിക്കാൻ യോഹന്നാൻ നമ്മോടു സംസാരിക്കുന്നതെന്തുകൊണ്ടാണ്? പല കള്ള പ്രവാചകന്മാരും ഈ ലോകത്തിലേക്കു വന്നിട്ടുള്ളതുകൊണ്ടാണ്. പ്രവാചകസന്ദേശങ്ങളെയാണ് ആത്മാക്കൾ എന്നവാക്ക് പ്രതിനിധാനം ചെയ്യുന്നത്. യോഹന്നാൻ തന്റെ ലേഖനമെഴുതുന്ന കാലഘട്ടത്തിൽ പ്രവചനവരം നിലവിലുണ്ടായിരുന്ന കാലഘട്ടമാണ്. പ്രവചനങ്ങളെ അളന്നുതൂക്കി സൂക്ഷമപരിശോധനയ്ക്കു വിധേയമാക്കിയിട്ടുവേണം സ്വീകാര്യമാണോ അല്ലയോ എന്നു തീരുമാനിക്കാൻ. ഇക്കാര്യം തന്നെ 1 കൊരിന്ത്യർ 14:29, 1 തെസ്സലോനിക്യർ 5:19–22 എന്നീവചനങ്ങളിൽ പൗലോസ് സംസാരിക്കുന്നു. 2 തെസ്സലോനിക്യർ 2:2ൽ പ്രവചനം എന്നർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് ആത്മാവ് എന്ന ഗ്രീക്കു വാക്കായ ന്യൂമാ എന്നതാണ്. പ്രവചനം, പ്രവചനസന്ദേശം എന്നവാക്കുകളുടെ പര്യായമായി ആത്മാവ് എന്ന വാക്കിനെ ഉപയോഗിക്കുന്നതായി കണ്ടുവരുന്നു. ആകയാൽ ആത്മാക്കളെ പരിശോധിക്കുക്കുക (1 യോഹന്നാൻ 4:1) എന്നത്, പ്രവചനസന്ദേശങ്ങളെ പരിശോധിക്കുക എന്നതുതന്നെയാണ്. ഇതേ ഉപദേശം തന്നെ കൊരിന്തുകാർക്കും തെസ്സലോനിക്യർക്കും നൽകപ്പെട്ടിരിക്കുന്നു.

കുറിപ്പുകൾ:

1. മർക്കോസ് 16:9–20 വചനങ്ങളുടെ ആധികാരികതയെക്കുറിച്ച് പണ്ഡിതരുടെ ഇടയിൽ പല ചോദ്യങ്ങളുമുണ്ട്. നിലവിലുള്ള കയ്യെഴുത്തു പ്രതികളിൽ പ്രധാനപ്പെട്ടവയായ കോഡെക്സ് സിനാറ്റികസ്, കോഡക്സ് വാറ്റികാനസ് (രണ്ടും നാലാം നൂറ്റാണ്ടിൽ നിന്നുമുള്ളതാണ്) എന്നിവയിൽ ഈ ഭാഗം കാണുന്നില്ല. അതുകൊണ്ടാണ് മിക്കവാറും ബൈബിൾ പണ്ഡിതർ ഇവയെ ഒന്നാകെ നിരാകരിക്കുകയോ, അല്ലെങ്കിൽ ഒരു ചുവടുകുറിപ്പായി ചേർക്കുകയോ ചെയ്യുന്നത്. ഈ വചനം പുതയനിയമത്തിന്റെ ഭാഗമാണോ അല്ലയോ എന്ന കാര്യം പരിഗണിക്കേണ്ടതാണ്. കാരണം നവ പെന്തക്കോസ്തുവൃത്തങ്ങളെ സംബന്ധിച്ച് ഇതിലെ 16–17 വാക്യങ്ങൾ അടിസ്ഥാന തത്വമായ ഒന്നാണ്.

ആദ്യകാലങ്ങളിൽ ഈ ഭാഗം മർക്കോസിന്റെ സുവിശേഷത്തിന്റെ ആധികാരികഭാഗമല്ല എന്ന

ഒരു നിലപാടാണ് എടുത്തിരുന്നത്. എന്നാൽ പലകാരണങ്ങളാൽ ഇതു ശരിയായ ഒരു നിലപാടല്ല എന്നു മനസ്സിലാക്കാൻ കഴിയും. (1) പുരാതന കയ്യെഴുത്തുപ്രതികളിൽ ചിലതിൽ ഈ ഭാഗം ഉൾപ്പെടുത്തിയിരിക്കുന്നു എന്നു നമുക്കു മനസ്സിലാക്കാൻ കഴിയും - എ, സി, ഡി, ഡബ്ല്യു, ക്യൂ എന്നിങ്ങനെ അറിയപ്പെടുന്ന കയ്യെഴുത്തുപ്രതികളിൽ. (2) പുരാതന കയ്യെഴുത്തുപ്രതികൾ പുഴുവരിക്കുകന്നതോ, ദ്രവിക്കുന്നതോ, മാഞ്ഞുപോയ ഭാഗങ്ങളോ, കീറിപ്പോയ ഭാഗങ്ങളോ ഒക്കെ അസാധാരണമല്ല. (3) ആദ്യകാലങ്ങളിലെ എഴുത്തുകാർ ഈ വേദഭാഗം ഉപയോഗിച്ചിരിക്കുന്നതായി കണ്ടുവരുന്നു (ഉദാ: രണ്ടാം നൂറ്റാണ്ടിന്റെ പകുതിയിൽ ജീവിച്ചിരുന്ന രക്തസാക്ഷിയായ ജസ്റ്റിൻ), അതിനാൽ പുരാതന കാലത്തുതന്നെ ഈ ഭാഗം നിലവിലുണ്ടായിരുന്നതാണ്. (4) മർക്കോസ് അല്ലാതെ വേറെയാരെങ്കിലും പിന്നീട് എഴുതിച്ചേർത്തതാണെങ്കിൽ പോലും ഇതു മർക്കോസ് പുസ്തകത്തിന്റെ ആധികാരികഭാഗമല്ലാതെ വരുന്നില്ല, ബൈബിളിലെ പല പുസ്തകങ്ങളും കൂട്ടെഴുത്തുകാരാൽ രചിക്കപ്പെട്ടതാണ് - സങ്കീർത്തനങ്ങളും സദൃശവാക്യങ്ങളുമെല്ലാം ഉദാഹരണങ്ങളാണ്. (5) വിഷം പാനം ചെയ്യുന്നതൊഴികെയുള്ള ഭാഗങ്ങളെല്ലാം അപ്പസ്തോല പ്രവർത്തിപുസ്തകത്തിൽ നിവർത്തീകരിച്ചിരിക്കുന്നതായി കാണാം, അതിനാൽ ഇതു വചനത്തോടുള്ള കൂട്ടിച്ചേർക്കലായി പരിഗണിക്കാൻ സാദ്ധ്യമല്ല. ആകയാൽ മർക്കോസ് 16:9–20 വാക്യങ്ങൾ ആധികാരികമാണെന്നോ അല്ലെന്നോ സ്ഥിരീകരിക്കാൻ സാദ്ധ്യമല്ല, എന്നാൽ തെളിവുകളുടെ അടിസ്ഥാനത്തിൽ അതു പുതിയനിയമത്തിന്റെ ഭാഗമല്ലെന്നു പറയാനും സാധിക്കുന്നതല്ല.

2. ഒരു നൂറ്റാണ്ടിനുമുമ്പ്, ഞായറാഴ്ച തോറും ആറായിരത്തോളം വരുന്ന ജനക്കൂട്ടത്തോടു ഹൃദയഹാരിയായി പ്രസംഗിച്ചിരുന്നവനായ, ലണ്ടനിലെ ചാൾസ് സ്പർജൻ ഇപ്രകാരം എഴുതിയിരിക്കുന്നു: അത്ഭുതങ്ങൾ ചെയ്യാൻ ഇന്നു നമുക്കു കഴിയില്ല, എന്നാൽ ആത്മീയമായ അത്ഭുതങ്ങൾ ചെയ്യാൻ നമുക്കു കഴിയും. മരിച്ചുപോയ ഒരു പാപിയുടെ കല്ലറയ്ക്കൽ ചെയ്യ് ലാസറേ പുറത്തുവരിക എന്നു പറഞ്ഞ് അവനെ നമ്മുടെ വാക്കിനാൽ ഉയർപ്പിക്കാൻ നമ്മുടെ വാക്കിനാൽ കഴിയില്ലേ - പരിശുദ്ധാത്മാവിന്റെ ശക്തിയാൽ?

3. റോബർട്ടോ ബോണ്ടിയെഴുതിയ ടു പ്രേ ആന്റ് ടു ലവ് എന്ന പുസ്തകത്തിൽ.

4. ജിം മക്ഗിഗ്ഗാന്റെ തൈലാഭിഷേകം എന്ന പുസ്തകത്തിൽ കാണുന്നത്.

5. എങ്കിലും ഈ വിശദീകരണം പൂർണ്ണമായും തൃപ്തികരമാണെന്നു കരുതാനാവില്ല. ലേവ്യ 14:18 നോക്കുക. ഇവിടത്തെ തൈലാഭിഷേകം രോഗശാന്തിക്കായോ, പ്രത്യേകദൗത്യത്തിനായി വേർതിരിക്കപ്പെടുന്നതിനായോ, വിശ്വാസം പ്രകടിപ്പിക്കുന്നതിനായോ അല്ല നടത്തുന്നത്. കുഷ്ഠരോഗി സൗഖ്യം പ്രാപിച്ചു ശുദ്ധിനേടിക്കഴിഞ്ഞതിനുശേഷമാണ് ഈ തൈലാഭിഷേകം. പാപം മോചിക്കപ്പെട്ടു എന്നതിന്റെ സൂചനയായി നടത്തിയ തൈലാഭിഷേകമാകാമിത് - യാക്കോബ് 5:15–16 നൽകുന്ന സൂചനപോലെ. വീണ്ടും, മതിയായ വിശദീകരണങ്ങൾ വേദപുസ്തകത്തിൽ നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ, ഇതേക്കുറിച്ചു ശാഠ്യം പിടിക്കുകയോ, അന്ധവിശ്വാസരീതിയിൽ ഇതിനെ ഉപയോഗിക്കുകയോ ചെയ്യാതിരിക്കാം നമുക്ക്.

6. മറ്റു കാഴ്ചപ്പാടുകളെക്കുറിച്ച് വായിക്കാൻ ലൈഫ് ടു ദ ഫുൾ എന്ന എന്റെ പുസ്തകം കാണുക.

**അദ്ധ്യായം 28**

# പ്രേതപ്പിടുത്തക്കാർ

## ആത്മാവും മന്ത്രതന്ത്രങ്ങളും

ഈ ലോകത്തിന്റെ ഇരുണ്ട ഭാഗത്തെക്കുറിച്ച് ആകാംക്ഷയില്ലാത്തവർ വളരെ ചുരുക്കമായിരിക്കും. ഭയപ്പെടുത്തുന്ന അനുഭവങ്ങളോ പേടിസ്വപ്നമോ കാഴ്ചകളോ ഒക്കെ നമ്മിൽ ചിലർക്കു നേരിട്ടിട്ടുണ്ടാകാം. ഏലിഫോസിനുണ്ടായ അനുഭവത്തിനു സാദൃശമായതു വല്ലതും ചിലർക്കു സംഭവിച്ചിരിക്കാം:

> ഒരു വാർത്ത രഹസ്യമായി എന്റെ അടുക്കൽ എത്തി; അതിന്റെ മൃദുസ്വരം എന്റെ കാതുകൾ ശ്രവിച്ചു. മനുഷ്യർ ഗാഢനിദ്രയിൽ ആകുമ്പോഴുണ്ടാകുന്ന രാത്രി ദർശനങ്ങളാലുള്ള മനോഭാവനകളിൽ ഭയവും നടുക്കവും എന്നെ പിടിച്ചു. എന്റെ അസ്ഥികളൊക്കെയും കുലുങ്ങിപ്പോയി. ഒരാത്മാവ് എന്റെ മുഖത്തിനെതിരേ കടന്നുവന്നു; എന്റെ ശരീരത്തിൽ രോമഹർഷം ഉണ്ടായി. അതു നിശ്ചലമായി നിന്നു; എങ്കിലും അതിന്റെ രൂപം എന്റെ കൺമുമ്പിൽ ഉണ്ടായിരുന്നു; നിശ്ശബ്ദതയായിരുന്നു; അപ്പോൾ ഞാൻ ഒരു ശബ്ദം കേട്ടു.. (ഇയ്യോബ് 4:12-16)

ഈ വകകാര്യങ്ങളും ആത്മാവും തമ്മിൽ എന്തുബന്ധമാണുള്ളത്? പ്രേതങ്ങൾ യഥാർത്ഥത്തിൽ ഉള്ളതാണോ? പൈശാചിക ശക്തികളിൽ നിന്നുമുള്ള ഒരു സംരക്ഷണ കവചം ക്രിസ്ത്യാനികൾക്കു സ്വന്തമായുണ്ടോ? ഈ ഗണത്തിൽപ്പെട്ട ഏഴു വ്യത്യസ്തകാര്യങ്ങളെ നമുക്കു പരിശോധിക്കാം.

### 1. പ്രേതങ്ങൾ

എന്റെ അമ്മൂമ്മ തന്റെ ചെറുപ്പത്തിൽ (1890കളിൽ) ഒരു ശവപ്പറമ്പിൽ പ്രേതം ഉലാത്തുന്നതു കണ്ടതായി പറയുമായിരുന്നു. നിലാവെളിച്ചത്തിൽ തിളങ്ങി ഒഴുകുന്ന വെള്ളവസ്ത്രവുമായി തലങ്ങും വിലങ്ങും ഉലാത്തുകയായിരുന്നു ആ സ്ത്രീ വേഷം. എന്റെ ഒരു സുഹൃത്തിന്റെ വീട്ടിലെ ഒരു മുറി എപ്പോഴും തണുപ്പുള്ളതായിരുന്നു, മറ്റു മുറികളിലെല്ലാം ചൂടുനിറഞ്ഞുനിൽക്കുമ്പോൾ ഭൂതം വസിക്കുന്നുവെന്നു പറയപ്പെട്ട ആ മുറിയിൽ എപ്പോഴും തണുപ്പായിരുന്നു, കൂട്ടത്തിൽ പാതിരാവിലെ കാലൊച്ചകളും. സെമിത്തേരിയിൽ വച്ചു ശബ്ദങ്ങൾ റെക്കോഡുചെയ്തുവയ്ക്കുന്ന മറ്റൊരാളെക്കുറിച്ചും എനിക്കറിയാം - മരിച്ചെങ്കിലും സംസാരപ്രിയരായവരുടെ കല്ലറയിൽ നിന്നും ഉയർന്നു കേൾക്കുന്ന തരംഗങ്ങൾ. വിശപ്പുനിറഞ്ഞ ആത്മാക്കൾക്കുവേണ്ടി നടത്തപ്പെടുന്ന ഭക്ഷണോത്സവം ചൈനയിലെ വാർഷികാചാരമാണ്. പ്രേതങ്ങളെക്കുറിച്ചുള്ള അവബോധം ലോകം മുഴുവനുമുള്ളതാണ്!!!

ബൈബിൾ വചനങ്ങളോടു ചേരുമെന്നു തോന്നുന്ന നിരവധി വിശദീകരണങ്ങളും അവയെക്കുറിച്ചു നിലനിൽക്കുന്നുണ്ടു താനും. ഒരു കാര്യം ഉറപ്പാണ്: അറിയപ്പെടാത്തവയെക്കുറിച്ചും മരണത്തെക്കുറിച്ചുമുള്ള നമ്മുടെ ഭയത്തെ സാത്താൻ ശക്തമായി ചൂഷണം ചെയ്യുന്നുണ്ട്. ക്രിസ്തുവിനെ കൂടാതെ നാം മരണഭയത്തിന്റെ അടിമകളാണെന്നസത്യം എബ്രായർ 2:15 വെളിപ്പെടുത്തുന്നു. യേശുക്രിസ്തു നമ്മെ മോചിപ്പിച്ചതിനാൽ ഇനി ഭയപ്പെടേണ്ടതായ ഒരു കാര്യവുമില്ല. പ്രേതങ്ങൾ എന്നത് സത്യമായതായാലും തോന്നലായാലും, അവയെ നമ്മൾ ഭയപ്പെടേണ്ടതില്ല, കാരണം മരണത്തെപ്പോലും നമുക്കു പേടിക്കേണ്ടതില്ലാത്തതിനാൽ.

മരിച്ചവർ പ്രേതങ്ങളായി തിരിച്ചുവരുന്നു എന്നു പ്രസ്താവിക്കുന്ന വചനങ്ങളൊന്നും ബൈബിളിൽ ഇല്ല. മുകളിൽ പറഞ്ഞ ഇയ്യോബിൽ നിന്നുള്ള വേദഭാഗവും ഈ ഭയത്തെ പിന്താങ്ങുന്ന ഒന്നല്ല. ബൈബിൾ വെളിപ്പെടുത്തുന്നതനുസരിച്ച്, മരിച്ചവർ വിധിയെക്കാത്തു കഴിയുന്നവരാണ്, അവർക്കു വീണ്ടുമൊരു തിരിച്ചുവരവില്ല.

### 2. അശുദ്ധാത്മബാധ

അശുദ്ധാത്മബാധിതരെക്കുറിച്ചു ലോകമെമ്പാടും നാം കേൾക്കുന്നുണ്ട്. ചില വിശദീകരണങ്ങൾ കാരണം കണ്ടെത്താൻ വിഷമകരമായതും ഭയമുളവാക്കുന്നതുമാണ്. എന്നാൽ ബാക്കിമിക്കവയും വിശ്വാസയോഗ്യമായവയല്ല. പിറ്റ്സ്ബർഗ്ഗിൽ നിന്നുമുള്ള ഈ റിപ്പോർട്ട് നോക്കുക:

> ജൂൺ 1997ൽ പെൻസിൽവാനിയ പിറ്റ്സ്ബർഗിലെ ഡോക്ടർമാർ റിപ്പോർട്ടു ചെയ്തതനുസരിച്ച്, ഷെറി ലിൻ റോസി എന്ന സ്ത്രീയുടെ തലയിൽ കട്ടിയായ എന്തോസാധനം കൊണ്ടു ഇരു

പതുതവണ അടിച്ചു പരുക്കേൽപിച്ചു, രക്തം വാർന്ന് അബോധാവസ്ഥയിൽ റോഡിനരികിൽ ഉപേക്ഷിച്ചനിലയിൽ കണ്ടെത്തി. ബോധം തിരിച്ചു വന്നപ്പോൾ അവൾ തന്നെ ആക്രമിച്ചയാളെ വെളിപ്പെടുത്തി. ആ പ്രദേശത്തു നിലവിലുണ്ടായിരുന്ന ആദ്യസ്നേഹകരിസ്മാറ്റിക് സഭയിലെ പാസ്റ്ററും തന്റെ ഭർത്താവുമായ റിച്ചാർഡ് എ റോസി ജൂനിയർ ആയിരുന്നു കക്ഷി. റെവ. റോസി തന്റെ കാറിൽ നിന്നുമിറങ്ങിവന്ന് വിചിത്രമായി പെരുമാറി, ഈ സ്ത്രീയുടെ കാറിന്റെ നിയന്ത്രണമേറ്റെടുത്ത്, വിദൂരസ്ഥലത്തുകൊണ്ടുപോയിട്ട് അവളെ അടിച്ചു താഴെയിട്ടു എന്നാണ് അവർ കൊടുത്തമൊഴി.

റെവ. റോസി ഇക്കാര്യം അപ്പോൾത്തന്നെ നിഷേധിച്ചു, തന്റെ രൂപസാദൃശവും തന്റേതുപോലത്തെ കാറുമുള്ള ഒരാളായിരിക്കാം ഇതുചെയ്തത് എന്നായിരുന്നു പാസ്റ്ററുടെ നിലപാട്. മനുഷ്യരൂപത്തിൽ വന്ന സാത്താനാണ് അത് എന്ന് അദ്ദേഹം വാദിച്ചു. ഒക്ടോബർ മാസമായപ്പോഴത്തേക്ക്, ലിൻ റോസി തന്റെ പരാതി പെട്ടെന്നു പിൻവലിച്ചു, മനുഷ്യരൂപത്തിൽ വന്ന സാത്താനാണ് ആ കൃത്യം ചെയ്തത് ആകയാൽ താൻ തന്റെ കുടുംബ ജീവിതത്തിലേക്കു തിരിച്ചു പോകുന്നു എന്നവർ പ്രസ്ഥാവിച്ചു.[1]

പ്രേതങ്ങളെക്കുറിച്ചും അശുദ്ധാത്മ ബാധയെക്കുറിച്ചും പരക്കുന്ന വിഭ്രവാത്മകമായ കഥകളിൽ ഭൂരിപക്ഷവും ഇതുപോലെ കെട്ടിപ്പടുത്തുണ്ടാക്കിയ കഥകളും വളച്ചൊടിച്ച വാസ്തവങ്ങളുമാണ്.

പഴയനിയമകാലത്ത് ഇത്തരം അശുദ്ധാത്മബാധയെക്കുറിച്ചു കേട്ടുകേൾവിപോലുമില്ലെന്ന കാര്യം നമുക്കു മനസ്സിലാക്കാൻ കഴിയും, ഇസ്രായേൽമക്കൾക്കു ചുറ്റുമുള്ളരാഷ്ട്രങ്ങളിലെല്ലാം ദുഷ്ടാത്മാക്കളെക്കുറിച്ചുള്ള വിശ്വാസം പരക്കെയുള്ളതായിരുന്നു എന്നിട്ടുപോലും. ദൈവം തന്റെ മക്കളെ സംരക്ഷിക്കുകയായിരുന്നോ? അതോ അശ്ശൂറുകാരുടെയും ബാബിലോണിയക്കാരുടെയും കാനാന്യരുടെയുമൊക്കെ വിശ്വാസങ്ങൾ വെറും അന്ധവിശ്വാസങ്ങൾ മാത്രമാണോ? പുതിയനിയമത്തിൽ പോലും സുവിശേഷകാലഘട്ടത്തിൽ മാത്രമാണ് ഈ വകകാര്യങ്ങൾ കണ്ടുവരുന്നത്. രണ്ടാം നൂറ്റാണ്ടിലെ ചില രചനകളിൽ അപൂർവ്വമായി ചില പരാമർശങ്ങൾ[2] കണ്ടുവരുന്നുണ്ട്, അത്തരം കഥകൾ വിശ്വാസയോഗ്യമാണെങ്കിൽ. എന്നാൽ ക്രിസ്തീയത ഭൂതാവേശത്തെയും പുറത്താക്കലിനെയും കുറിച്ചു പിന്നീട് സംസാരിക്കുന്നില്ല. നിരൂപണമെന്താണെന്നുവച്ചാൽ: സാത്താനും കിങ്കരന്മാരും സുവിശേഷകാലഘട്ടങ്ങളിൽ തികച്ചും സജീവമായിരുന്നു എന്നതു തന്നെയാണ്, അതിനു ശേഷം അവകൾ പുറന്തള്ളപ്പെട്ടു. ഇന്ന് അവർ അത്ര കണ്ടു വിജയിക്കുന്നില്ല! എന്തുകൊണ്ട് എന്നചോദ്യം പല സിദ്ധാന്തങ്ങളെയും നിരത്തുന്നു.[3]

പുതിയനിയമത്തിൽ കണ്ടുവരുന്ന അശുദ്ധാത്മബാധ ഒരു മാനസിക രോഗമാണോ/അവസ്ഥയാണോ? ഭൂതബാധ ശാരീരികാസ്വാസ്ഥ്യങ്ങളുടെ അടിസ്ഥാനകാരണമാണെന്ന നിഗമനത്തിലെത്താവുന്ന ചില അവസരങ്ങൾ നമുക്കു കാണാൻ കഴിയുമെങ്കിലും (മത്തായി 17:14-, മർക്കോസ് 9:14-), മാനസികമായും ശാരീരികമായുമുള്ള അപര്യാപ്തതകൾക്ക് കാരണം ഭൂതബാധയാണെന്ന നിഗമനത്തിൽ എത്തിച്ചേരാൻ മതിയായ കാരണങ്ങൾ ഇല്ല. മാനസിക അസ്വാസ്ഥ്യങ്ങൾക്ക് രണ്ടായിരം പന്നികളെ ആകർഷിക്കാൻ സാദ്ധ്യമല്ലല്ലോ! (മർക്കോസ് 5:13)

ക്രിസ്ത്യാനികളിൽ ഭൂതാവേശം ഉണ്ടാവുകയില്ല എന്നു വിശ്വസിക്കാൻ മതിയായ കാരണങ്ങൾ നമുക്കുണ്ട്. ഭൂതാവേശത്തിലൂടെ ഒരാൾക്കു നഷ്ടപ്പെടുന്നത് സ്വതന്ത്രമായി ചിന്തിക്കാനുള്ള അയാളുടെ ദൈവദാനമാണ്. ആകയാൽ ദൈവത്തിനുമുന്നിൽ തന്റെ പ്രവർത്തികളുടെ ധാർമ്മിക ഉത്തരവാദത്തവും അയാൾക്കില്ലാതാകുന്നു. അങ്ങനെ വരുമ്പോൾ 1 കൊരിന്ത്യർ 10:13ലെ വാഗ്ദാനം – നമ്മുടെ പരിധിക്കുമീതെയുള്ള പരീക്ഷകൾ ദൈവം നൽകുകയില്ല എന്ന വാഗ്ദാനം – വിലയില്ലാത്തതായി പോകുന്നു. ഭൂതാവേശത്തെക്കുറിച്ചും ഭൂതങ്ങളെ പുറത്താക്കുന്നതിനെക്കുറിച്ചുമുള്ള ഭ്രമിപ്പിക്കുന്ന കഥകൾ, ലോകത്തിന്റെ അങ്ങേത്തലയ്ക്കൽ നിന്നും നിങ്ങൾ കേൾക്കുകയാണെങ്കിൽ അതിൽ യാതൊരു വിധത്തിലും ഭ്രമിച്ചുപോകേണ്ടതില്ല. യഥാർത്ഥ ക്രിസ്ത്യാനികളിൽ ഭൂതാവേശം ഉണ്ടായെന്നു വരികയാണെങ്കിൽ അതുയർത്തുന്നത് കാര്യഗൗരവമായ ചില ദൈവശാസ്ത്ര പ്രശ്നങ്ങളാണ്. യേശുവിനോടൊപ്പം നിലനിൽക്കുക – നിങ്ങൾക്ക് ഒന്നിനേയും ഭയപ്പെടേണ്ടി വരികയില്ല.

നവപെന്തക്കോസ്തുവൃത്തങ്ങളിൽ നല്കിവരുന്ന അമിതപ്രധാന്യം – ഭൂതാവേശത്തെക്കുറിച്ചും ആത്മാവേശത്തെക്കുറിച്ചും – മന്ത്രതന്ത്രങ്ങളെ സംബന്ധിച്ചുള്ള ഒന്നാണ്. അതിനാൽ എന്തു വിശ്വസിക്കുന്നു എന്നത് ശ്രദ്ധിച്ചുമാത്രം ചെയ്യുക, എല്ലാറ്റിനെയും പരിശോധിക്കുക (1 തെസ്സലോനികൃർ 5:21-22)

### 3. ജ്യോതിഷം

പ്രേതങ്ങളെക്കുറിച്ചുള്ള അവകാശവാദങ്ങൾ ഭൂമിയിലെല്ലായിടത്തുമുള്ളതുപോലെതന്നെയാണ് രാശിചക്രത്തെ കേന്ദ്രീകരിച്ചുള്ള സിദ്ധാന്തങ്ങളും. ഒരുവന്റെ ജന്മനാളിനെ അടിസ്ഥാനപ്പെടുത്തി ആകാശഗോളങ്ങളുടെ സ്ഥാനക്രമം അയാളുടെ ജീവിതത്തിൽ ചെലുത്തുന്നുണ്ടെന്നു പറയപ്പെടുന്ന സ്വാധീനത്തെപ്രതിയാണ് അന്ധവിശ്വാസപൂരിതമായ ഈ സിദ്ധാന്തം രൂപപ്പെട്ടിരിക്കുന്നത്.

നാം ഒരു പിണ്ഢമായി രൂപമെടുക്കുമ്പോൾ ഭൂഗുരുത്വബലത്തിൽ നാം ഒരു സ്വാധീനം ചെലുത്തുന്നുണ്ടെന്നുള്ള അടിസ്ഥാന സിദ്ധാന്തം തന്നെ തെറ്റാണ്, കാരണം നാം അമ്മയുടെ ഉദരത്തിൽ ഉളവാകുമ്പോഴാണ് – ജനിക്കുമ്പോഴല്ല – നമുക്കു പിണ്ഡമുണ്ടാകുന്നത്. ഓരോ ഭ്രൂണത്തിന്റെയും വളർച്ചാദശയിൽ അവരവരുടെ രാശിചക്രത്തിന്റെ അടിസ്ഥാനത്തിൽ വ്യാത്യാസമുണ്ടാകുന്നു എന്നതിന് യാതൊരു തെളിവുമില്ല.

ശൂന്യാകാശത്തിലുള്ള രണ്ടു വസ്തുക്കൾ തമ്മിലുള്ള ആകർഷണശക്തി അവതമ്മിലൂള്ള ദൂരവും അവയുടെ ഭാരവും (പിണ്ഡവും) അടിസ്ഥാനപ്പെടുത്തിയാണ് എന്നുള്ളതാണ് തെറ്റായ മറ്റൊരു സിദ്ധാന്തം – ന്യൂട്ടൻ തന്റെ ഗുരുത്വാകർഷണസിദ്ധാന്തം രൂപപ്പെടുത്തുന്നതിനുമുമ്പ് രൂപപ്പെട്ട സിദ്ധാന്തമാണിത്. മറ്റു ആകാശഗോളങ്ങളുടെ ഗുരുത്വാകർഷണബലം ഭൂമിയുമായുള്ള ബലവുമായി താരതമ്യം ചെയ്യുമ്പോൾ എത്ര നിസ്സാരമാണ് എന്നുള്ളത് വസ്തുനിഷ്ഠമായ ഒരു കാര്യമാണ്. വ്യാഴത്തിനു നിങ്ങളുടെമേലുള്ള ഗുരുത്വബലം ഭൂമിയുടേതുമായി താരതമ്യം ചെയ്യുമ്പോൾ എത്രയോ നിസ്സാരമാണ്. നിങ്ങൾ കയ്യിൽ പിടിച്ചുവായിക്കുന്ന ഈ പുസ്തകത്തിനു നിങ്ങളുടെ മേലുള്ള ഗുരുത്വാകർഷണ ബലത്തിന്റെയത്രപോലും പരിഗണിക്കപ്പെടാൻ യോഗ്യമായതല്ല അത് എന്നതാണു വാസ്തവം.

ഏന്റെ അഭിപ്രായത്തിൽ ജ്യോതിഷം മനോബലം തീരെയില്ലാത്ത തൊട്ടാവാടികൾക്കുള്ളതാണ്. പത്രത്തിൽ നാം കാണുന്ന വാരഫലം ഒന്നു വായിച്ചുനോക്കുന്നതു പാപമാണോ? ഒരു വിനോദത്തിനാണെങ്കിൽ തീർച്ചയായുമില്ല. എന്നാൽ തിരുവചനങ്ങൾ ജ്യോതിഷത്തെ നിഷ്കരുണം തള്ളിക്കളയുന്നു (സഭാപ്രസംഗി 7:14, ഏശയ്യാവ് 47:13).[(4)]

### 4. പരേതാത്മാക്കളോടുള്ള ആലോചന

മരിച്ചുപോയ ശമുവേലിന്റെ ആത്മാവിനെ വിളിച്ചുകൊണ്ടുവന്ന എന്ഡോറിലെ മന്ത്രവാദിനിയെപ്പറ്റി 1 ശമുവേൽ 28ൽ നാം വായിക്കുന്നുണ്ട്. പരേതരോട് അഭിപ്രായം ആരായുന്ന (നെക്രോമാൻസി) പ്രവർത്തികളെ പഴയനിയമം വിലക്കിയിട്ടുള്ളതാണ് (ആവർത്തനം 18:11, ഏശയ്യ 8:19). രാജസ്ഥാനത്തുനിന്നു പുറന്തള്ളപ്പെട്ട ശൗൽ രാജാവ് തന്റെ രാജ്യത്തുണ്ടായിരുന്ന സകല വെളിച്ചപ്പാടുകളെയും പുറത്താക്കിയതിനുശേഷമാണ് ഇത്തരമൊരു ആളെ ശരണം പ്രാപിക്കുന്നത്. ഇത് ആഭിചാരകന്റെ ഒരു സൂത്രമാണോ അതോ ഒരു മായാദർശനമാണോ, എന്താണ്? ഉയർന്നുവന്ന ആത്മാവിനെ കണ്ടപ്പോൾ മന്ത്രവാദിനി പകച്ചുപോയി എന്നും പറയുന്നു. ഈ സ്ത്രീ ഒരു വ്യാജ മന്ത്രവാദിയാണ് എന്ന നിലപാടാണ് പലർക്കുമുള്ളത്. അങ്ങനെയാണെങ്കിൽ ദൈവം അവളെവച്ച് ഒന്നു കളിച്ചു എന്നോ, അല്ലങ്കിൽ സാത്താൻ ആ അവസരം മുതലെടുത്തുവെന്നോ ചിന്തിക്കേണ്ടിവരും. രണ്ടാമത്തെ അഭിപ്രായത്തിന് എതിരായ കാര്യമെന്തെന്നാൽ ശമുവേൽ (അത് ആരായാലും) പ്രവചിച്ചത് സത്യം തന്നെയായിരുന്നു എന്നതാണ്. ശൗലിനെ സംബന്ധിച്ച സത്യം അവനെ ധരിപ്പിക്കാനായി ദൈവം തന്നെ ശമുവേലിനെ മൃതാവസ്ഥയിൽ നിന്നും കൊണ്ടുവന്നു എന്ന ധ്വനിയാണ് ഇവിടത്തെ സാഹചര്യം നൽകുന്ന സൂചന. എന്തുതന്നെയായാലും, പരേതാത്മാക്കളോടു കാര്യങ്ങൾ ചോദിക്കുന്നത് ദൈവജനത്തിനു വിലക്കേർപ്പെടുത്തിയിരിക്കുന്ന ഒരു കാര്യമാണ്.

### 5. സകലവിശുദ്ധരുടെയും ദിവസം (ഹാലോവീൻ)

ഈ ആഘോഷത്തെക്കുറിച്ച് എന്താണു പറയാനുള്ളത്? ഇത് തീയുമായുള്ള ഒരു കളിയാണോ? വർഷം തോറും കുട്ടികൾ ആഘോഷിക്കുന്ന ഈ മുഖംമൂടി ഉത്സവത്തിന്റെ ഉത്ഭവം വിജാതീയ പശ്ചാത്തലത്തലുള്ളതാണെങ്കിലും, ഈ ആഘോഷം കുട്ടികളെ ഉപദ്രവിക്കുമെന്ന അഭിപ്രായം എനിക്കില്ല. വിജാതീയ പശ്ചാത്തലത്തിലുള്ള സകലതും നിരാകരിക്കപ്പെടേണ്ടതാണ് എന്ന ഒരു അഭിപ്രായം നിലനിൽക്കുന്നുണ്ടെങ്കിലും അതിനെക്കുറിച്ച് ഒരു പിടിവാശി ആവശ്യമില്ല എന്നാണ് എനിക്കു പറയാനുള്ളത്. സൺഡേ എന്നു നാം പറയുമ്പോൾ അതിന്റെ ഉടമസ്ഥനായ സൂര്യനെ നാം ആരാധിക്കുകയാണ് ചെയ്യുന്നത് എന്നു പറയുന്നത് അവാസ്തവമാണ്. ശനിയാഴ്ച ശനിദേവന്റെ നാമത്തിലുള്ള ഒരു ദിവസമാണ്. വ്യാഴാഴ്ചയാകട്ടെ തോർ ദേവന്റെ പേരിലുള്ള ഒരു ദിവസവുമാണ്. ക്രിസ്ത്യാനികളായ നാം ദിവസങ്ങൾക്കും മാസങ്ങൾക്കും പുതിയപേരുകൾ ഉപയോഗിച്ചുതുടങ്ങണമോ? ഇതിലൂടെയൊന്നും നാം ആ ദൈവങ്ങളെ ആരാധിക്കുന്നില്ല. ആകയാൽ പരമ്പരാഗതമായി നടത്തുന്ന ഒരു ആഘോഷത്തിലെ വിനോദത്തിന്റെ ഭാഗമാകുന്നത് അവർ ആരാധിക്കുന്നവയെ ആരാധിക്കുന്നതാണ് എന്നു വാദിക്കുന്നതിൽ കാര്യമില്ല.

നാം ഈ ലോകത്തിലാണെങ്കിലും ഈ ലോകത്തിനുള്ളവരല്ല എന്ന് യേശു പറഞ്ഞിരിക്കുന്നു. വിജാതീയ പശ്ചാത്തലത്തിൽ നിന്നും ഉദയം ചെയ്ത കാര്യങ്ങളെയെല്ലാം അരിച്ചെടുത്തു വേർതിരിക്കുക എന്നത് അസാദ്ധ്യമായ ഒരു കാര്യം തന്നെയാണ്. പാപകരമായ പ്രവർത്തികളെയാണ് നാം വർജ്ജിക്കേണ്ടത്. ഉപദ്രവകരമല്ലാത്ത ആഘോഷങ്ങളെ നാം പാപമായി കണക്കാക്കേണ്ടതില്ല. എന്നിരുന്നാലും, നിങ്ങളുടെ അഭിപ്രായത്തിനുവിരുദ്ധമായ അഭിപ്രായമുള്ള ഒരാളെ വിധിക്കേണ്ടതില്ല (റോമർ 14:1).

## 6. അധികാരങ്ങളും വാഴ്ചകളും?

ആത്മീയ ശക്തികളുടെ വ്യത്യസ്തനിലവാരങ്ങളിലുള്ള വാഴ്ചയിൽ നിയന്ത്രിക്കപ്പെടുന്ന ഒരു ലോകത്തിലാണോ നാം വസിക്കുന്നത്? ഫ്രാങ്ക് പെരേറ്റി[5] തുടങ്ങിയ വ്യക്തികളുടെ ആശയങ്ങൾ വിശ്വാസയോഗ്യമാണോ? തങ്ങളുടെ അധികാരസീമ നമ്മിലേക്കു നീട്ടാനായി ഓരോ നിഴലിന്റെ മറവിലും പതുങ്ങിയിരുന്നു നമ്മിൽ സ്വാധീനം ചെലുത്താനായി ഈ ആത്മാക്കൾ നോക്കിയിരിക്കുന്നുണ്ടോ? സാദ്ധ്യതയില്ല. അന്തരീക്ഷത്തിൽ നടമാടുന്ന ആത്മീയ സൈന്യങ്ങളുടെ പോരാട്ടത്തെക്കുറിച്ച് എഫേസ്യർ 6ൽ സൂചിപ്പിക്കുന്നുണ്ടെങ്കിലും, അതിന്റെ സൂക്ഷ്മ വിശദീകരണങ്ങൾ നമുക്കു നൽകിയിട്ടില്ല. ലഭ്യമായ സകലവിശദീകരണങ്ങളും പുസ്തകങ്ങളും പരതി മനസ്സിലാക്കിയാലും, സാത്താന്റെയും ശിങ്കിടികളുടെയും പ്രവർത്തനരീതികൾ നമുക്ക് ഊഹാപോഹങ്ങൾ മാത്രമാണ്. പലതലത്തിലുള്ള അശുദ്ധാത്മാക്കളെക്കുറിച്ച് ബൈബിളിൽ പറയുന്നുണ്ടെങ്കിലും അവയുടെ സ്ഥാനക്രമങ്ങൾ കൃത്യമായി ഗ്രഹിക്കുകയെന്നത് സാദ്ധ്യമായ ഒന്നല്ല. ഈ പുസ്തകത്തിന്റെ ഉള്ളടക്കത്തിനു വെളിയിലാണ് ഈ വിഷയം.[6] ഈ ശക്തികൾ രാഷ്ട്രീയ ശക്തികളായാലും (ഒരു കാഴ്ചപ്പാട്), ആത്മീയ ശക്തികളായാലും (മറ്റൊരു കാഴ്ചപ്പാട്), ഈവകയൊന്നുമല്ലെങ്കിലും നമ്മെ സംബന്ധിച്ച് അവരെല്ലാം നിരായുധമാക്കപ്പെട്ട വകകളാണ് (കൊലോസ്യർ 2:15). ഈ വകകളെക്കുറിച്ച് ഒരു വ്യക്തമായ കാഴ്ചപ്പാടോ മറുപടിയോ നമ്മുടെ കയ്യിൽ ഇല്ലാത്തതിനാൽ മൗനമാണു നല്ലത്. ബൈബിൾ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു കാഴ്ചപ്പാടിന്റെ വ്യക്തതനമ്മിൽ ഉണ്ടാവുകയെന്നതാണ് ജനപ്രീതിയുള്ള ഒരു അഭിപ്രായത്തിന്റെ പിറകെ പോകുന്നതിലും നല്ലത്.

## 7. ചെറിയ രീതിയിലുള്ള ഇടപെടലുകൾ കുഴപ്പമുള്ളതാണോ?

മന്ത്രവാദത്തിലും അത്തരം വിശ്വാസങ്ങളിലും ചെറിയ രീതിയിൽ ഇടപെടുന്നതിൽ എന്തെങ്കിലും കുഴപ്പമുണ്ടോ? ശ്രദ്ധാപൂർവ്വമായി ഈ ആകാശശക്തികളുമായി ചെറിയ ഇടപാടുകൾ നടത്തുന്നതിൽ വിരോധമെന്തെങ്കിലും? (ജീവിതത്തിന്റെ പൊതുവായ വീഥി നല്ലതായതിനാൽ ചെറിയ ഒരു നുണപറയുന്നതിൽ കുഴപ്പമുണ്ടോ?) ദശലക്ഷങ്ങൾ സാത്താനെ ഭജിക്കുന്നവരാണ്, ഈ ലോകത്തിൽ. ശത്രുവിനെ ശരിയായി മനസ്സിലാക്കണമെന്ന ഉദ്യേശ്യത്തോടെ ഇത്തരം യോഗങ്ങളിലൊന്നിൽ പങ്കെടുക്കുന്നതു കുഴപ്പമാണോ? (ഇപ്പോഴും മറുപടി വ്യക്തമല്ലെങ്കിൽ റോമർ 16:19 നോക്കുക).

മന്ത്രതന്ത്രകൂടോത്രങ്ങളെയെല്ലാം പഴയനിയമം നാശത്തിനായി വിധിപ്രഖ്യാപിച്ചിരിക്കുന്നവയാണ് (ലേവ്യ 19:31, 20:27, 1 ശമുവേൽ 28), പുതിയനിയമവും (അപ്പ 19:19, ഗലാത്യർ 5:20, വെളിപാട് 21:28). വെളിച്ചപ്പാടുകളോട് ഉപദേശം ചോദിക്കുന്നത് തെറ്റാണ് (ഏശയ്യാ 8:19). ഗലാത്യരിലെ പാപപ്പട്ടികയിൽ വ്യഭിചാരത്തിന്റെയും വിദ്വേഷത്തിന്റെയും ഇടയിൽ മന്ത്രവാദത്തെയും വിഗ്രഹാരാധനയെയും ഉൾപ്പെടുത്തിയിരിക്കുന്നു. അതിനാൽ ചെറിയരീതിയിലുള്ള ഇടപെടലുകൾ പോലും വിനാശകരമാണ്. യേശുവിനെ കുരിശിൽ തറയ്ക്കാൻ കാരണമായ എന്തെങ്കിലും ഒന്നിന്റെയടുത്തേക്ക് അല്പമെങ്കിലും അടുക്കുന്നതിന് എന്തു വിശദീകരണമാണുള്ളത്?

## അവസാനമായി..

സാത്താൻ ഒരു സങ്കൽപ കഥാപാത്രമല്ല, യഥാർത്ഥത്തിൽ ഉള്ളതാണ്. അവനെ മതിയായത്രയും അകലത്തിൽതന്നെ നമുക്കു നിറുത്താം. അതേ സമയം തന്നെ, മദ്ധ്യകാലഘട്ടങ്ങളിൽ ഉദയം ചെയ്ത പൊള്ളയായ അന്ധവിശ്വാസങ്ങളെയും ആചാരങ്ങളെയും അവ ഉയർത്തുന്ന ശാസ്ത്രത്തെയും അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയുകയും ചെയ്യാം. ആത്മാവിന്റ സർവ്വ ശക്തിയും ക്രിസ്ത്യാനികൾക്കു സ്വന്തമായുണ്ട്, ശത്രുവിനെ എതിരിടാനുള്ള സർവ്വായുധവർഗ്ഗം തന്നെ. ക്രിസ്ത്യാനികൾ തന്നെയാണ് ഏറ്റവും ശക്തരായ ഭൂതോച്ചാടകർ അല്ലങ്കിൽ പ്രേതപിടുത്തക്കാർ. പ്രേതങ്ങൾക്ക് എന്തെങ്കിലും ശക്തിയുണ്ടെന്നല്ല അതിന്റെ അർത്ഥം. ബൈബിൾ പഠനത്തിലൂടെ നമ്മുടെ വിശ്വാസത്തെ ശക്തിപ്പെടുത്തി വർദ്ധിപ്പിക്കാതെ, സാത്താന്റെ ശക്തിയെ അടിസ്ഥാനപ്പെടുത്തി നാം വിശ്വാസം പടുതുയർത്തുമ്പോൾ മാത്രമാണ് നാം അവയ്ക്ക് ശക്തി നൽകുന്നത്. പാപത്തിന്റെയും തെറ്റായ പഠിപ്പിക്കലിന്റെയും ഇരുട്ടിൽ വഴികാട്ടുന്ന വെളിച്ചം നമുക്ക് വചനമാകട്ടെ, എപ്പോഴും (സങ്കീർത്തനം 119:105).

കുറിപ്പുകൾ:

1. പിറ്റ്സ്ബർഗ് പോസ്റ്റ്-ഗസെറ്റ്, 1994 ഒക്ടോബർ 15.
2. ജസ്റ്റിൻ, അപ്പോളജി - ഭാഗം 2.
3. ഈ വിഷയത്തിൽ തൽപ്പരരായവർക്ക് ജോൺ ക്ലേയ്ടന്റെ ഡീമനോളജി ആന്റ് എക്സോർസിസം എന്ന കസെറ്റ് ഉപകാരപ്രദമായിരിക്കും.
4. സാൻഡീഗോയിൽ വച്ച് കാലിഫോർണിയ യൂണിവേഴ്സിറ്റിയിലെ ഡേവിഡ് പി ഫിലിപ്സും സംഘവും ചേർന്നു നടത്തിയ പഠനം ഇത്തരം വിശ്വാസങ്ങളും അവ ഒരാളുടെ ആരോഗ്യത്തിലുണ്ടാക്കുന്ന സ്വാധീനവും വെളിപ്പെടുത്തുന്നു. 1969-1990 കാലയളവിൽ മരിച്ച 412632 ചൈനീസ് അമേരിക്കക്കാരിൽ 28169 പേരെ അടിസ്ഥാനപ്പെടുത്തിയായിരുന്നു ആ പഠനം. തങ്ങളുടെ വിശ്വാസമനുസരിച്ചു ജീവിച്ച ഇവർ മറ്റുള്ളവരേക്കാൾ ശരാശരി ഒന്നരവർഷത്തോളം അല്പായുസ്സുള്ളവരായിരുന്നു എന്നാണ് പഠനം വെളിപ്പെടുത്തിയത്. നക്ഷത്രഫലങ്ങളെ അടിസ്ഥാനപ്പെടുത്തി, നേരത്തേ മരിക്കുമെന്നു ഭയന്നു ജീവിച്ച ഇവർക്കു സംഭവിച്ചതും അതുതന്നെയാണ്.
5. ദ പ്രസന്റ് ഡാർക്നസ്, ദ പിയേർസിങ്ങ് ഡാർക്നസ് എന്ന അദ്ദേഹത്തിന്റെ പുസ്തകങ്ങൾ അനാവശ്യമായി പെരുപ്പിച്ചു പറയുന്നവയും, എന്റെ അഭിപ്രായത്തിൽ ക്രിസ്ത്യാനികളെ അന്ധവിശ്വാസങ്ങളിലേക്കു കൂടുതൽ തള്ളിവിടുന്നവയുമാണ്.
6. കൂടുതൽ വായിക്കാനായി ബില്ലി ഗ്രഹാമിന്റെ മാലാഖമാർ: ദൈവത്തിന്റെ രഹസ്യദൂതന്മാർ എന്ന പുസ്തകം നോക്കുക.